ജില്ലാ ആസൂത്രണസമിതി അംഗങ്ങൾ

ശ്രീ. സഖറിയാസ് കുതിരവേലി
ചെയര്മാ ൻ,
ജില്ലാ ആസൂത്രണ
സമിതി&പ്രസിഡണ്ട്, ജില്ലാ പഞ്ചായത്ത്

ഡോ.ബി.എസ്.തിരുമേനി
മെമ്പർ സെക്രട്ടറി & ജില്ലാ കളക്ടർ
ജില്ലാ ആസൂത്രണ സമിതി

ശ്രീ. വി.പി.റെജി
സര്ക്കാ്ർ നോമിനി
ജില്ലാ ആസൂത്രണ സമിതി

ശ്രീമതി. അനിത രാജു
മെമ്പർ

ശ്രീ. ജയേഷ് മോഹൻ
മെമ്പർ

ശ്രീമതി. കല മങ്ങാട്
മെമ്പർ

ശ്രീമതി ബെറ്റി റോയി മണിയങ്ങാട്ട്
മെമ്പർ

ശ്രീമതി.മേരി സെബാസ്റ്റ്യൻ
മെമ്പർ

ശ്രീമതി ലിസമ്മ ബേബി
മെമ്പർ

ശ്രീമതി. ശോഭന കുമാരി
മെമ്പർ

അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
മെമ്പർ

അഡ്വ. സണ്ണി പാമ്പാടി
മെമ്പർ

ശ്രീ. കെ. രാജേഷ്
മെമ്പർ

ശ്രീ. എം.പി. സന്തോഷ് കുമാർ
മെമ്പർ

ശ്രീമതി. ടെസ്.പി.മാത്യു
ജോയിന്റ് സെക്രട്ടറി &
ജില്ലാ പ്ലാനിംഗ് ഓഫീസർ

അദ്ധ്യായം 1

ആമുഖം

കളകളാരവം പൊഴിക്കുന്ന കൊച്ചരുവികളും മഞ്ഞുമൂടിക്കിടക്കുന്ന മലനിരകളും കാലിൽ വെള്ളിക്കൊലുസ് കെട്ടിയ നീരരുവികളും തരുലതാതികൾ കളിച്ചുല്ലസിക്കുന്ന തൊടികളും നിറഞ്ഞ കോട്ടയം ജില്ല **അക്ഷരനഗരം** എന്ന പേരിൽ പ്രശസ്തമാണ്. ഹൈറേഞ്ചിന്റെ കവാടം എന്നറിയപ്പെടുന്ന മുണ്ടക്കയം മുതൽ പടിഞ്ഞാറ് വേമ്പനാട് കായൽ വരെ നീണ്ടുകിടക്കുന്ന കോട്ടയം ജില്ല, അറബിക്കടലോ പശ്ചിമഘട്ടമോ ആയി അതിർത്തി പങ്കിടാത്ത കേരളത്തിലെ ഏകജില്ലയാണ്. ഏഷ്യയിലെ സ്കോട്ട് ലാന്റ് എന്നറിയപ്പെടുന്ന വാഗമൺ, കായൽ പ്രദേശങ്ങൾ, നെൽപ്പാടങ്ങൾ, പച്ചപ്പാർന്ന മലനിരകൾ, റബർതോട്ടങ്ങൾ എന്നിവയെല്ലാം നിറഞ്ഞതാണ് ഈ ജില്ല. കോട്ടയം, ചങ്ങനാശേരി, മീനച്ചിൽ, വൈക്കം, കാഞ്ഞിരപ്പള്ളി എന്നീ അഞ്ച് താലൂക്കുകളിലായി വ്യാപിച്ച് കിടക്കുന്നു.

ഇന്നത്തെ കോട്ടയം ജില്ല ഉൾപ്പെടുന്ന പ്രദേശം തെക്കുംകൂർ, വടക്കുംകൂർ, പൂഞ്ഞാർ എന്നീ നാട്ടുരാജ്യങ്ങളുടെ ഭാഗമായിരുന്നു. തിരുവിതാംകൂർ രൂപീകരണാനന്തരം 1860 ൽ കോട്ടയം എന്ന പേരിലുള്ള റവന്യൂ ഡിവിഷൻ നിലവിൽ വന്നു. 1940 ജൂലൈയിൽ തിരു-കൊച്ചി ലയനം നടക്കുമ്പോൾ തിരുവനന്തപുരം, കൊല്ലം, കോട്ടയം എന്നീ മൂന്ന് ഡിവിഷനുകളാണ് ഉണ്ടായിരുന്നത്. 1949 ൽ തൃശ്ശൂ ജില്ല നിലവിൽ വന്നപ്പോൾ കോട്ടയത്തിലുൾപ്പെട്ട കുന്നത്തുനാട്, പറവൂർ താലൂക്കുകൾ തൃശ്ശൂരിനോട് ചേർക്കപ്പെട്ടു. 1954 ഏപ്രിൽ 1 ന് എറണാകുളം ജില്ല രൂപീകരിച്ചപ്പോൾ മൂവാറ്റുപുഴ, തൊടുപുഴ താലൂക്കുകളും 1957 ആഗസ്റ്റ് 1 ന് ആലപ്പുഴ ജില്ല രൂപീകരിച്ചപ്പോൾ കുട്ടനാട് താലൂക്കും, 1972 ജൂൺ 26 ന് ഇടുക്കി ജില്ല രൂപീകരിച്ചപ്പോൾ പീരുമേട്, ദേവികുളം, ഉടുമ്പൻചോല എന്നീ താലൂക്കുകളും കോട്ടയത്തിന്റെ ഭാഗമല്ലാതായി. ഭരണപരമായി ഒട്ടനവധി മാറ്റങ്ങൾക്ക് വിധേയമായി രൂപപ്പെട്ടതാണ് ഇന്നത്തെ കോട്ടയം ജില്ല.

തെക്ക് പത്തനംതിട്ട, വടക്ക് എറണാകുളം, പടിഞ്ഞാറ് ആലപ്പുഴ, കിഴക്ക് ഇടുക്കി എന്നിവയാണ് കോട്ടയത്തിന്റെ അതിർത്തി ജില്ലകൾ. 2206 ചതുരശ്ര കിലോ മീറ്റർ വിസ്തൃതിയുള്ള കോട്ടയം ജില്ല, കേരളത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ 5.7 % ആണ്. ജനസംഖ്യ 2011 ലെ സെൻസസ് പ്രകാരം 1974551 ആണ്.

സാക്ഷരതയിൽ മുൻപന്തിയിലുള്ള ഈ ജില്ലയിലെ കോട്ടയം നഗരമാണ് ഇന്ത്യയിലെ ആദ്യ സമ്പൂർണ്ണ സാക്ഷരതാ നഗരം. 1989 ജൂൺ 25 നാണ് ചരിത്രപരമായ ഈ പ്രഖ്യാപനം നടന്നത്. നിലവിൽ കോട്ടയം ജില്ലയുടെ ആകെ സാക്ഷരതാ നിരക്ക് 97.21 % ആണ്. മലയാളപത്രപ്രവർത്തനത്തിന്റെ ഈറ്റില്ലമാണ് കോട്ടയം. മലയാളത്തിലെ ആദ്യകാല ദിനപത്രങ്ങളായ ജ്ഞാനനിക്ഷേപം, സന്ദിഷ്ടവാദി, നസ്രാണി ദീപിക, മലയാള മനോരമ തുടങ്ങിയവ കോട്ടയത്ത് നിന്ന് പ്രസിദ്ധീകരണം ആരംഭിച്ചവയാണ്. ജില്ലയിലെ പ്രസിദ്ധങ്ങളായ പത്ര പ്രസിദ്ധീകരണങ്ങളും റബർ തോട്ടങ്ങളും തടാകങ്ങളും "**ലാൻറ് ഓഫ് ലെറ്റേഴ്സ്, ലാറ്റക്സ്, ലേക്സ്** " (Land of Letters, Latex and Lakes) എന്ന അപരനാമം കോട്ടയം ജില്ലയ്ക്ക് സമ്മാനിച്ചു. ദക്ഷിണേന്ത്യയിൽ ആദ്യമായി ഇംഗ്ലീഷ് വിദ്യാഭ്യാസം തുടങ്ങിയത് കോട്ടയത്താണ്. ആദ്യമായി അച്ചടിശാല സ്ഥാപിച്ചതും മലയാളം — ഇംഗ്ളീഷ് നിഘണ്ടുവും ഇംഗ്ലീഷ് — മലയാളം നിഘണ്ടുവും അച്ചടിച്ചത് കോട്ടയത്താണ്.

ജില്ലയിലെ കുമരകം, വാഗമൺ, വേമ്പനാട് കായൽ പോലുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങൾക്ക് പുറമേ കുട്ടനാട്, മധുര, പീരുമേട്, മൂന്നാർ, തേക്കടി എന്നിവയുടെ പ്രവേശന കവാടമെന്ന നിലയിലും വിനോദ സഞ്ചാര ഭൂപടത്തിൽ കോട്ടയം ഇടം നേടിയിട്ടുണ്ട്. കേരള ചരിത്രത്തിന്റെ ഭാഗമായ വൈക്കം സത്യാഗ്രഹം പോലുള്ള ഒട്ടേറെ സാമൂഹ്യ മുന്നേറ്റങ്ങൾക്ക് ജില്ല വേദിയായിട്ടുണ്ട്. കേരള ചരിത്രത്തിൽ കല, സാഹിത്യം, വിദ്യാഭ്യാസം, സംസ്കാരം, സാമൂഹ്യപരിഷ്കരണം, രാഷ്ട്രീയം തുടങ്ങി വിവിധ രംഗങ്ങളിൽ ചരിത്ര പ്രതിഷ്ഠ നേടിയിട്ടുള്ള ജില്ലയായ കോട്ടയം ചുമർചിത്ര നഗരമെന്ന പേരിലും അറിയപ്പെടുന്നു. വ്യത്യസ്ത മത വിഭാഗങ്ങൾ ഏകോദര സഹോദരങ്ങളെപോലെ സഹവർത്തിത്വത്തോടെയും സഹകരണ മനോഭാവത്തോടെയും അധിവസിക്കുന്ന കോട്ടയം ജില്ലയിൽ പ്രസിദ്ധങ്ങളും പുരാതനങ്ങളുമായ നിരവധി ഹിന്ദു, ക്രൈസ്തവ, മുസ്ലീം ആരാധനാലയങ്ങൾ സ്ഥിതിചെയ്യുന്നുണ്ട്.

പ്രാചീനകാലം മുതൽ മലയാളക്കരയുടെ വിദേശവാണിജ്യ ബന്ധങ്ങളിൽ കോട്ടയം ഒരു പ്രധാന കണ്ണിയായിരുന്നു. മലയാളത്തിലെ ആദ്യ യാത്രാവിവരണ ഗ്രന്ഥമായ *വർത്തമാന പുസ്തകത്തിന്റെ* കർത്താവ്

പാറേമാക്കൽ തോമാകത്തനാർ, വഞ്ചിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ രാമപുരത്ത് വാര്യർ, ഭാഷയ്ക്കും സാഹിത്യത്തിനും സംഭാവന നൽകിയ കൊട്ടാരത്തിൽ ശങ്കുണ്ണി, വൈക്കത്ത് പാച്ചുമൂത്തത്, വൈക്കം മുഹമ്മദ് ബഷീർ, ലളിതാംബിക അന്തർജ്ജനം, പാലാ നാരായണൻ നായർ, മന്നത്ത് പത്മനാഭൻ തുടങ്ങിയ സാഹിത്യ നവോത്ഥാന നായകന്മാർ കോട്ടയത്തിന്റെ സംഭാവനയാണ്.

കോട്ടയം ജില്ല ഒരുപടി മുന്നിൽ തന്നെ

കേരളത്തിൽ കോട്ടയം ജില്ല പല കാര്യങ്ങൾക്കും തുടക്കം കുറിച്ച ജില്ലയാണ്. പല കാര്യങ്ങളിലും ഒന്നാം സ്ഥാനത്ത് തുടരുകയും ചെയ്യുന്നു.കേരളത്തിൽ ആദ്യമായി ശിലാശാസനങ്ങൾ കണ്ടെത്തിയത് കോട്ടയം ജില്ലയിലെ വാഴപ്പള്ളിയിലാണ്. വാഴപ്പള്ളി ശാസനങ്ങൾ എന്ന് ഇവ അറിയപ്പെടുന്നു.

1813 ൽ സ്ഥാപിക്കപ്പെട്ട പഴയ സെമിനാരിയിലാണ് ദക്ഷിണേന്ത്യയിൽ തന്നെ ആദ്യമായി ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിക്കുന്നത്. കോട്ടയം സി.എം.എസ്. കോളജാണ് ദക്ഷിണേന്ത്യയിലെ ആദ്യത്തെ കോളജ്.

1821 ൽ കേരളത്തിലെ ആദ്യ അച്ചടിശാല സി.എം.എസ്. പ്രസ്സ് കോട്ടയത്താരംഭിച്ചു. 1846 ലും 49 ലും ഇറങ്ങിയ ബഞ്ചമിൻ ബയിലിയുടെ മലയാളം-ഇംഗ്ലീഷ് നിഘണ്ടുവും, ഇംഗ്ലീഷ്-മലയാളം നിഘണ്ടുവും ആദ്യ നിഘണ്ടുക്കളാണ്.

1856 ൽ റിച്ചാർഡ് കോളിൻസ് തയ്യാറാക്കിയ ആദ്യ മലയാളം-മലയാളം നിഘണ്ടുവും കോട്ടയത്തിന്റെതാണ്.

1887 ൽ കോട്ടയത്ത് രജിസ്റ്റർ ചെയ്യപ്പെട്ട മലയാള മനോരമ കേരളത്തിലെ ആദ്യ ജോയിൻറ് സ്റ്റോക്ക് കമ്പനിയാണ്.

മലയാളത്തിലെ എഴുത്തുകാരുടെ ആദ്യ സംഘടനയായ കേരള കവിസമാജം 1891 ൽ രൂപീകരിക്കുന്നതും കോട്ടയത്താണ്. കോട്ടയം ആസ്ഥാനമായ സാഹിത്യ പ്രവർത്തക സഹകരണ സംഘം എഴുത്തുകാരുടെ ഇന്ത്യയിലെ ആദ്യത്തെ ഇത്തരത്തിലുള്ള സംരഭമാണ്.

കേരളത്തിലെ പൗരാവകാശ പ്രക്ഷോഭങ്ങളിൽ പ്രഥമസ്ഥാനത്തുള്ള മലയാളി മെമ്മോറിയലിന്റെ ബീജാവാപം നടന്നത് 1890 ൽ കോട്ടയം പബ്ലിക് ലൈബ്രറിയിലാണ്. 1989 ൽ ഇന്ത്യയിലെ ആദ്യ സമ്പൂർണ്ണ സാക്ഷര നഗരമായി കോട്ടയത്തെ പ്രഖ്യാപിച്ചു. മലയാളിയായ ആദ്യ രാഷ്ട്രപതി കെ.ആർ. നാരായണനും, ആദ്യ മലയാളി സുപ്രീം കോടതി ചീഫ് ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണനും കോട്ടയം ജില്ലക്കാരാണ്. ഇരുവരും പട്ടികജാതി വിഭാഗത്തിൽ നിന്നും ആദ്യമായി ഈ സ്ഥാനത്തെത്തുന്ന ഇന്ത്യക്കാരുമാണ്.

ആദ്യ തിരുവിതാംകൂർ ചരിത്രകാരനും, ആത്മകഥാകാരനും, ഭാഷാവ്യാകരണ രചയിതാവും, ആദ്യ ബാലസാഹിത്യകാരനുമായ വൈക്കം പാച്ചു മൂത്തത് കോട്ടയത്തുകാരനാണ്. ആദ്യ ശബ്ദ സിനിമയായ ബാലനിലെ നായികയായ ശ്രീമതി. എം.കെ. കമലം കോട്ടയത്തിന്റെ അഭിമാനമാണ്.

മഹാത്മഗാന്ധി സർവ്വകലാശാലയുടെ ആസ്ഥാനവും, റബ്ബർ ബോർഡിന്റെ ആസ്ഥാനവും കോട്ടയം ജില്ലയിൽ സ്ഥിതി ചെയ്യുന്നു.

ഏഷ്യയിലെ ഏറ്റവും വലിയ പത്രക്കടലാസ്സ് ഫാക്ടറിയായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന്റെ ആസ്ഥാനവും കോട്ടയം ജില്ലയിലാണ്.

ഇന്ത്യയിൽ ഏറ്റവും പ്രചാരമുള്ള ഭാഷാദിനപത്രമായ മലയാള മനോരമയുടെ ആസ്ഥാനവും, ഏറ്റവും പഴക്കമുള്ള ദിനപത്രമായ ദീപികയുടെ (1887) ആസ്ഥാനവും കോട്ടയമാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആഗോള ആസ്ഥാനമായ കാത്തോലിക്കേറ്റ് ഓഫീസും അരമനയും, യാക്കോബായ, ക്നാനായ സഭയുടെ ആസ്ഥാനം, എൻ.എസ്.എസ്. ന്റെ ആസ്ഥാനം എന്നിവയും കോട്ടയം ജില്ലയിലാണ്.

ഇന്ത്യയിലെതന്നെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളായ കുമരകവും വാഗമണ്ണും കോട്ടയം ജില്ലയിലാണ്. കുറവിലങ്ങാട് കോഴായിലുള്ള സയൻസ് സിറ്റി സൗത്ത് ഇന്ത്യയിലെ തന്നെ ആദ്യത്തെ സംരംഭമാണ്.

ഇന്ത്യയിലാദ്യമായി ഉത്തരവാദിത്വ ടൂറിസം നടപ്പിലാക്കിയ സ്ഥലങ്ങളിലൊന്നായ കുമരകവും, പെപ്പർ ടൂറിസം നടപ്പിലാക്കിയ വൈക്കവും കോട്ടയം ജില്ലയിലാണ്.

2. ജില്ലയുടെ ഭരണ സംവിധാനം

പട്ടിക 1.1

ഭരണയൂണിറ്റ്	കോട്ടയം	കേരളം
റവന്യൂ ഡിവിഷനുകൾ	2	21
താലൂക്കുകളുടെ എണ്ണം	5	75
റവന്യൂ വില്ലേജുകളുടെ എണ്ണം	95	1664
മുനിസിപ്പാലിറ്റികളുടെ എണ്ണം	6	87
മുനിസിപ്പാലിറ്റി വാർഡുകളുടെ എണ്ണം	204	3122
ബ്ലോക്ക് പഞ്ചായത്തുകളുടെ എണ്ണം	11	152
ബ്ലോക്ക് പഞ്ചായത്ത് വാർഡുകളുടെ എണ്ണം	146	2079
ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം	71	941
ഗ്രാമ പഞ്ചായത്ത് വാർഡുകളുടെ എണ്ണം	1140	15962
ജില്ലാ പഞ്ചായത്ത് ഡിവിഷനുകളുടെ എണ്ണം	22	331
നിയമസഭാ മണ്ഡലങ്ങളുടെ എണ്ണം	9	140
പാർലമെന്റ് മണ്ഡലങ്ങളുടെ എണ്ണം	1	20

3. തദ്ദേശ സ്വയംഭരണ സംവിധാനം

ജില്ലയിലെ തദ്ദേശസ്വയംഭരണ സംവിധാനം അനുബന്ധം 1. 1 ൽ ചേർത്തിരിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂവിസ്തൃതി, ജനസംഖ്യ അനുബന്ധം 1.2 ൽ വിശദമായി ചേർത്തിട്ടുണ്ട്.

ഭൂപ്രകൃതി

വിസ്തൃതി - കോട്ടയം ജില്ല ഉത്തര അക്ഷാംശം 9° 15' - 10° 21 നും പൂർവ്വ രേഖാംശം 76° 22' - 77° 25' നും മദ്ധ്യത്തിലായി സ്ഥിതിചെയ്യുന്നു. ഭൂവിസ്തൃതിയിൽ സംസ്ഥാനത്തെ 14 ജില്ലകളിൽ പത്താം സ്ഥാനത്ത് നിൽക്കുന്നു. സംസ്ഥാന വിസ്തൃതിയുടെ 5.7 % വരുന്ന 2206 ച. കി. ആണ് ജില്ലയുടെ ആകെ വിസ്തീർണ്ണം.

അതിരുകൾ

വടക്ക് എറണാകുളം ജില്ലയും, കിഴക്ക് ഇടുക്കി ജില്ലയും, തെക്ക് പത്തനംതിട്ട, ആലപ്പുഴ ജില്ലകളും, പടിഞ്ഞാറ് വേമ്പനാട്ട് കായലുമാണ് ജില്ലയുടെ അതിരുകൾ.

കോട്ടയം ജില്ലയുടെ ഭൂപ്രകൃതിയും ഭൂരൂപവിഭാഗങ്ങളും മറ്റുസ്ഥലങ്ങളിൽ നിന്നും വ്യത്യസ്തമാണ്. ജില്ലയെ മലനാട്, ഇടനാട്, തീരപ്രദേശം എന്നീ മൂന്ന് ഭൂവിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു.

I **മലനാട്** :- ഈ ഭൂരൂപവിഭാഗം സമുദ്രനിരപ്പിൽ നിന്നും 300 മീറ്റർ മുതൽ ഉയരത്തിലാണ് സ്ഥിതി ചെയ്യുന്നത്. മീനച്ചിൽ, കാഞ്ഞിരപ്പള്ളി താലൂക്കുകളുടെ കിഴക്ക് ഭാഗത്തായി തെക്ക് വടക്ക് ദിശയിൽ ഈ പ്രദേശം വ്യാപിച്ചു കിടക്കുന്നു. ചെങ്കുത്തായ മലനിരകളും ഉയരംകൂടിയ കുന്നുകളും അവയ്ക്കിടയിൽ ഇടുങ്ങിയ താഴ്വാരങ്ങളുമുള്ള ഈ പ്രദേശങ്ങളിലെ മലഞ്ചെരിവുകളിലും താഴ്വരകളിലും പാറക്കൂട്ടങ്ങൾ ധാരാളമുണ്ട്. തേയില, കുരുമുളക്, കാപ്പി, ഏലം, റബർ മുതലായവ ഇവിടെ കൃഷി ചെയ്തു വരുന്നു.

II. **ഇടനാട്** :- ഈ ഭൂരൂപവിഭാഗം സമുദ്രനിരപ്പിൽ നിന്നും 20 മീറ്റർ മുതൽ 300 മീറ്റർ വരെ ഉയരത്തിലാണ് സ്ഥിതി ചെയ്യുന്നത് തീരപ്രദേശത്തിനും മലനാടിനും ഇടയിലായി ഇടനാട് വ്യാപിച്ചുകിടക്കുന്നു. സാമാന്യം ചെരിവുള്ള പ്രദേശങ്ങളും ഉയരം കുറഞ്ഞ ചെങ്കൽ കുന്നുകളും അവയ്ക്കിടയിൽ സ്ഥിതിചെയ്യുന്ന വിസ്താരമേറിയ വയലേലകളും ഉൾക്കൊള്ളുന്നതാണ് ഈ പ്രദേശം. പ്രധാനമായും റബർ, കൂടാതെ തെങ്ങ്, കുരുമുളക്, വാഴ, മരച്ചീനി, കമുക്, പച്ചക്കറികൾ മുതലായവയും കൃഷിചെയ്തുവരുന്നു.

III. **തീരപ്രദേശം** :- സമുദ്രനിരപ്പിൽ നിന്നും 20 മീറ്റർ വരെ ഉയരമുള്ള പ്രദേശങ്ങൾ ഈ വിഭാഗത്തിൽ പെടുന്നു. നിരപ്പായ പ്രദേശങ്ങളും, കുട്ടനാടൻ പ്രദേശങ്ങളും, ചതുപ്പ് നിലങ്ങളും ഉൾപ്പെടുന്ന ഈ ഭൂപ്രദേശത്തിൽ സമുദ്രനിരപ്പിൽ നിന്നും താഴ്ന്ന പ്രദേശങ്ങളുമുണ്ട്. ജില്ലയുടെ പടിഞ്ഞാറുഭാഗമുള്ള കോട്ടയം, ചങ്ങനാശേരി, വൈക്കം താലൂക്കുകളിൽ ഉൾപ്പെടുന്ന പാടശേഖരങ്ങളും, കായൽ നിലങ്ങളും, ചതുപ്പ് പ്രദേശങ്ങളും, ജലാശയങ്ങളും, ഉൾപ്പെടുന്ന ഈ തീരപ്രദേശങ്ങളിൽ നെല്ല്, തെങ്ങ് എന്നിവയാണ് പ്രധാനമായും കൃഷിചെയ്യുന്നത്.

ചിത്രം 1.1

ഭൂക്ഷമത

മണ്ണ്

കോട്ടയം ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ വിവിധ ചേരുവകൾ ഉൾക്കൊള്ളുന്ന മണ്ണാണ് കണ്ടുവരുന്നത്. പ്രധാനമായും ഉയരവ്യത്യാസം അനുസരിച്ച് മണ്ണിന്റെ ഘടന മാറിക്കൊണ്ടിരിക്കുന്നു എന്ന് സാമാന്യമായി പറയാം. എക്കൽ, ചെളി, കളിമണ്ണ്, വനമണ്ണ് എന്നിവയാണ് ജില്ലയിലെ മണ്ണിന്റെ പ്രധാന ചേരുവകൾ. ഇവ പല സ്ഥലങ്ങളിലും പല ചേരുവകളിലായാണ് കാണപ്പെടുന്നത്. ജില്ലയിലെ മണ്ണിനങ്ങളെ നാലായി തരംതിരിക്കാം.

തീരപ്രദേശങ്ങളിൽ തീരത്തോടടുത്ത് കാണപ്പെടുന്ന ചുവന്ന മണൽ, കുറെക്കൂടി ഉൾപ്രദേശങ്ങളിൽ കൂടുതൽ ചരൽ കലർന്ന മണൽ, കൃഷിയിടങ്ങളിലെ തവിട്ടുകലർന്ന ഫലഭൂയിഷ്ഠമായ പശിമരാശി മണ്ണ്, മലനിരകൾക്കടുത്തും കാടിനുള്ളിലും കാണുന്ന കറുത്തമണ്ണ്.

ധാതുസമ്പത്ത്

ഏറ്റുമാനൂരിനടുത്ത പ്രദേശങ്ങളിൽ ചാർണോക്കൈറ്റിന്റെ വൻ നിക്ഷേപം കണ്ടെത്തിയിട്ടുണ്ട്. കോട്ടയം മാർത്തോമ്മാ സെമിനാരിയുടെ കിഴക്കുഭാഗത്ത് ഒരു ഗാർണൈറ്റ് ശേഖരം രേഖപ്പെടുത്തിയിരിക്കുന്നു. വടവാതൂരിലെ ചാൽകോപൈറൈറ്റ്, ഏറ്റുമാനൂരിനും, കിടങ്ങൂരിനും ഇടയ്ക്കുള്ള പുന്നത്തുറയിലെ എക്കൽച്ചേറിന്റെ വൻശേഖരം എന്നിവയാണ് തിരിച്ചറിഞ്ഞിട്ടുള്ള ഇതര സമ്പത്ത് നിക്ഷേപങ്ങൾ.

ജലം

വേമ്പനാട്ടു കായലിന്റെ സാന്നിദ്ധ്യത്താലും നിരവധി ചതുപ്പുകളാലും നദികളാലും കുളങ്ങളാലും തോടുകളാലും ജലസമൃദ്ധമായ ഒരു ജില്ല എന്ന പ്രതീതി നൽകുന്നുണ്ടെങ്കിലും ഭൂപ്രകൃതിയുടെ പ്രത്യേകതകൾ മൂലം ഇതിന്റെ വിതരണം സന്തുലിതമല്ല. ജലസേചന പദ്ധതികളൊന്നും ജില്ലയിലെ ജലപ്രവാഹങ്ങളിൽ പ്രവർത്തിക്കുന്നതും ഇല്ല.

പ്രധാന നദികൾ

ജില്ലയിൽ പ്രധാനമായും 3 നദികളാണുള്ളത്.

മീനച്ചിലാർ :- ജില്ലയുടെ സ്വന്തമായ ഈ നദി മീനച്ചിൽ, വൈക്കം, കോട്ടയം താലൂക്കുകളിൽ കൂടി ഒഴുകി വേമ്പനാട് കായലിൽ പതിക്കുന്നു. നീളം ഏകദേശം 78 കി.മീ. വൃഷ്ടിപ്രദേശം ഏകദേശം 1272 ച.കി.മീ

മണിമലയാർ :- ജില്ലാന്തര നദിയായ മണിമലയാർ കാഞ്ഞിരപ്പള്ളി, ചങ്ങനാശേരി താലൂക്കുകളിൽ കൂടി ഒഴുകുന്നു. നീളം ഏകദേശം 90 കി.മീ., വൃഷ്ടിപ്രദേശം ഏകദേശം 847 ച.കി.മീ.

മൂവാറ്റുപുഴയാർ :- ജില്ലാന്തര നദിയായ മൂവാറ്റുപുഴയാർ വൈക്കം താലൂക്കിൽ കൂടി ഒഴുകി വേമ്പനാട്ട് കായലിൽ പതിക്കുന്നു. നീളം ഏകദേശം 121 കി.മീ., വൃഷ്ടിപ്രദേശം ഏകദേശം 1554 ച.കി.മീ

കായൽ

കോട്ടയം ജില്ലയുടെ പടിഞ്ഞാറൻ മേഖലയിൽ സ്ഥിതിചെയ്യുന്ന വേമ്പനാട്ട് കായൽ ജില്ലയുടെ സമസ്ത മേഖലയേയും സ്വാധീനിക്കുന്ന ഒന്നാണ്. കായൽ-കരിനിലങ്ങളിൽ നെൽകൃഷിയും മത്സ്യബന്ധനവും നടക്കുന്നു. കക്കായുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്കടിസ്ഥാനമായ കക്കാ വാരൽ ഈ പ്രദേശത്തെ പ്രധാന തൊഴിലുകളിൽ ഒന്നാണ്. വേനൽക്കാലത്തെ ഓരുവെള്ളവും മഴക്കാലത്തെ വെള്ളപൊക്കവും കൊണ്ട് ഈ കായൽ മേഖലയിലുണ്ടാകുന്ന സ്വാഭാവീക ശുചീകരണ പ്രവർത്തനം ഇന്ന് നടക്കുന്നില്ല. തൊഴിൽ മേഖലയിലും ആരോഗ്യരംഗത്തും മത്സ്യബന്ധനമേഖലയിലും ഇതിന്റെ പ്രത്യാഘാതങ്ങൾ അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ ജലഗതാഗതത്തിൽ ഈ പ്രദേശത്തെ ജനങ്ങൾ കൂടുതലായും ആശ്രയിക്കുന്നത് ഈ കായലിനെയാണ്. കൊല്ലം കോട്ടപ്പുറം ദേശീയ ജലപാതയും വേമ്പനാട്ട് കായലിലൂടെ കടന്നുപോകുന്നു.

തണ്ണീർമുക്കം ബണ്ട്

വൈക്കം താലൂക്കിലെ വെച്ചൂർ പഞ്ചായത്തിലെ അംബികാമാർക്കറ്റിനും ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കത്തിനുമിടയിലുള്ള വേമ്പനാട്ട് കായലിന് കുറുകെ നിർമ്മിച്ച ഉപ്പുവെള്ള പ്രതിരോധ ചിറയാണ് തണ്ണീർമുക്കം സാൾട്ട് വാട്ടർ ബാരിയർ എന്ന തണ്ണീർമുക്കം ബണ്ട്. ഇരുകരകളിൽ നിന്നും കായലിന്റെ വീതിയുടെ മൂന്നിലൊരു ഭാഗം പണിതീർത്തിരിക്കുന്ന ബണ്ട് റോഡും മധ്യഭാഗത്ത് മൺചിറയും റോഡും അടങ്ങുന്ന ഈ ചിറ ഇത്തരത്തിൽ ഇന്ത്യയിൽ ഏറ്റവും വലുതാണ്. മധ്യഭാഗത്തെ മൺചിറ നാട്ടുകാരും കുട്ടനാട്ടെ കർഷകരും ചേർന്ന് ശ്രമദാനമായി പൂർത്തിയാക്കിയതാണ്. ഇതോടെയാണ് കോട്ടയം ആലപ്പുഴ ജില്ലകൾക്കിടയിൽ ആദ്യമായി കരമാർഗ്ഗഗതാഗതം ആരംഭിക്കുന്നത്. മൺ ചിറ നീക്കം ചെയ്തുകൊണ്ട് പുതിയ കോൺക്രീറ്റ് ബണ്ട് പൂർത്തിയായി വരുന്നു.

കാലാവസ്ഥ

ജില്ലയിൽ സാധാരണയായി 2500 mm മുതൽ 3500 mm വരെ മഴ ലഭിക്കാറുണ്ട്. അന്തരീക്ഷ ഊഷ്മാവ്, പ്രാദേശിക ലയനം, സമുദ്ര സാമീപ്യം എന്നിവയാണ് കാലാവസ്ഥയെ വ്യതിചലിപ്പിക്കുന്ന ഘടകങ്ങൾ. എങ്കിലും തെക്കു പടിഞ്ഞാറൻ, വടക്കു കിഴക്കൻ, സാധാരണ മൺസൂൺ കാറ്റുകളാണ് കാലാവസ്ഥയെ നിയന്ത്രിക്കുന്നത്. കോട്ടയം ജില്ലയുടെ കിഴക്കൻ മേഖലയായ കാഞ്ഞിരപ്പള്ളി, മീനച്ചിൽ താലൂക്കിന്റെ കിഴക്കൻ മേഖല എന്നിവിടങ്ങളിൽ 3500 mm കൂടുതൽ മഴ ലഭിക്കുന്നു.

പടിഞ്ഞാറൻ പ്രദേശങ്ങളിൽ വർഷകാലത്ത് വെള്ളപ്പൊക്കം സാധാരണമാണ്. എന്നാൽ കിഴക്കൻ മേഖലകൾ വേനൽക്കാലത്ത് കടുത്ത വരൾച്ച നേരിടുന്ന സ്ഥലമാണ്.

ജില്ലയുടെ വികസന ചരിത്രം

ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട പ്ളിനിയുടെ സഞ്ചാരസാഹിത്യകൃതിയിൽ മുസരിസ് പട്ടണത്തിന് തെക്കായി സെമ്ന, കൊരൈയൂർ എന്നീ തുറമുഖങ്ങൾ സ്ഥിതിചെയ്യുന്നതായി പറയുന്നു. സെമ്ന ചെമ്മനത്തുകരയും കൊരൈയൂർ കൊട്ടൂർ നദിയുടെ അഴിമുഖപ്രദേശമായിരുന്ന കോട്ടയം നഗരവുമായിരിക്കാമെന്ന് ചരിത്രകാരന്മാർ കരുതുന്നു.

ചേരരാജ്യത്തിന്റെ ഭാഗമായിരുന്നെങ്കിലും കോട്ടയം ജില്ലയുടെ കിഴക്കുഭാഗങ്ങൾ പലപ്പോഴും പാണ്ഡ്യ ഭരണത്തിൻ കീഴിൽ അകപ്പെട്ടിട്ടുണ്ട്. വേമ്പൽ എന്ന പാണ്ഡ്യരാജാവിന്റെ പേരിൽ നിന്നാണ് വേമ്പൊലിനാട് എന്നും പിന്നീട് വേമ്പനാടെന്നും പേർ ലഭിച്ചിട്ടുള്ളത്. അതിൽ നിന്നാണ് കായലിനും ആ പേർ ലഭിച്ചിട്ടുള്ളത്. പിന്നീട് തെക്കുംകൂർ, വടക്കുംകൂർ എന്നിങ്ങനെ വേമ്പൊലിനാട് രണ്ടായി പിരിയുകയും യഥാക്രമം വെന്നിമലയും കടുത്തുരുത്തിയും രാജധാനികളായി തീരുകയും ചെയ്തു. തെക്കുംകൂർ വാഴ്ചക്കാർ തളിയന്താനപുരത്ത് ഏതാണ്ട് ഒന്നര കിലോമീറ്റർ ചുറ്റളവിൽ കുന്നിനുചുറ്റും മികച്ച നിലയിലുള്ള ഒരു കോട്ട പണിതുയർത്തി. തളിയിൽ ക്ഷേത്രമുൾപ്പെട്ട ഈ കോട്ടയുടെ ഉള്ളിൽ കോവിലകം പണിതു. ഈ പ്രദേശമാണ് ഇന്നത്തെ കോട്ടയം നഗരമായി രൂപാന്തരപ്പെട്ടത്. പിൽക്കാലത്ത് തെക്കുംകൂറിലെ വിവിധ പ്രദേശങ്ങളിൽ നിന്നും അന്യദേശങ്ങളിൽ നിന്നും എത്തിയിരുന്ന സന്ദർശകർ തളിയന്താനപുരത്തെ കോട്ടയകം എന്ന് വിളിച്ചുവന്നു. അതിൽ നിന്നാണ് കോട്ടയം എന്ന സ്ഥല നാമം ഉണ്ടായത്.

തിരുവിതാംകൂർ രൂപീകരണാനന്തരം കോട്ടയം തിരുവതാംകൂറിന്റെ ഭാഗമാകുകയും ഭരണസംവിധാനങ്ങൾ നവീകരിക്കപ്പെടുകയും ചെയ്തു. രാജ്യത്തെ 15 മണ്ഡപത്തും വാതിലുകൾ ആയി വിഭജിച്ചു. ചുമതല കാര്യക്കാർ എന്ന ഉദ്യോഗസ്ഥനെ നിയമിച്ചു. ഓരോ മണ്ഡപത്തും വാതിൽക്കലും അധികാരങ്ങൾ വിഭജിച്ചു ചുമതലപ്രവർത്തിക്കാർ എന്ന ഉദ്യോഗസ്ഥനെ നിയമിച്ചു. സർക്കാർ കടലാസുകൾ മണ്ഡപത്തും വാതിലുകളിലും തിരിച്ചും എത്തിക്കുന്നതിന് അഞ്ചൽ സമ്പ്രദായം ഏർപ്പെടുത്തി.

1835 ൽ തിരുവിതാംകൂർ 2 റവന്യൂ ഡിവിഷനുകളിലായി വിഭജിക്കപ്പെട്ടു. തെക്കും വടക്കും ഡിവിഷനുകൾ ഓരോ ദിവാൻ പേഷ്കാർമാരുടെ കീഴിലാക്കി. 1860 ൽ ഡിവിഷനുകൾ പുന:സംഘടിപ്പിക്കപ്പെടുകയും ശ്രീപത്മനാഭപുരം, തിരുവനന്തപുരം, കൊല്ലം, കോട്ടയം എന്നിങ്ങനെ 4 എണ്ണം ആവുകയും ചെയ്തു. കോട്ടയം ഡിവിഷന്റെ തലസ്ഥാനം ചേർത്തലയായിരുന്നു. 1880 ൽ കോട്ടയം പട്ടണം സ്ഥാപിക്കപ്പെടുകയും ആസ്ഥാനം കോട്ടയത്തേക്ക് മാറ്റുകയും ചെയ്തു.

1910 ൽ തിരുവിതാംകൂർ 31 താലൂക്കുകളും 4 ഡിവിഷനുകളും എന്നതായിരുന്നു സ്ഥിതി. ഡിവിഷനുകളിൽ ഏറ്റവും വലുത് 3289 ച.മൈലുകൾ വിസ്തീർണ്ണമുള്ള കോട്ടയം തന്നെയായിരുന്നു. 1909 ൽ കോട്ടയം ഡിവിഷന്റെ ഭാഗങ്ങൾ അടർത്തി 1254.55 ച. മൈൽ വിസ്തൃതിയിൽ ദേവികുളം ഡിവിഷൻ രൂപീകരിക്കപ്പെട്ടു.

1911 ലെ സെൻസസ് കാലത്ത് കൊല്ലം ഏറ്റവും വലുതും കോട്ടയം രണ്ടാമതും ആയിരുന്നു. 1911 നും 21 നും ഇടയിൽ 30 താലൂക്കുകളും 4 ഡിവിഷനുകളുമായി പുന:ക്രമീകരിക്കപ്പെട്ടതോടെ പത്മനാഭപുരവും തിരുവനന്തപുരവും ചേർന്ന സതേൺ ഡിവിഷൻ, കോട്ടയം ഡിവിഷനിൽ നിന്ന് 31 ച. മൈൽ വിസ്തൃതിയുള്ള 3 വില്ലേജുകൾ എടുത്തു കൊല്ലം ഡിവിഷനോട് ചേർത്ത് സെൻട്രൽ ഡിവിഷൻ, ദേവികുളം ഡിവിഷനിൽ നിന്ന് 210 ച. മൈലിൽ വരുന്ന 6 വില്ലേജുകൾ കോട്ടയം ഡിവിഷനോട് ചേർത്ത് നോർത്തേൺ ഡിവിഷൻ ദേവികുളത്തിന്റെ അവശിഷ്ടങ്ങൾ ചേർന്ന ഹൈറേഞ്ച് ഡിവിഷൻ എന്നിവയായിരുന്നു അവ. തുടർന്നുള്ള കാലയളവിലും നിരവധി അഴിച്ചുപണികൾ നടന്നിട്ടുണ്ട്.

തിരുകൊച്ചി ലയനത്തെ തുടർന്ന് 1949 ജൂലൈ 1 ന് തൃശ്ശൂ ജില്ല നിലവിൽ വന്നപ്പോൾ കോട്ടയത്തുനിന്ന് 664 ച. മൈൽ വരുന്ന കുന്നത്തുനാട്, പറവൂർ താലൂക്കുകൾ അതോട് ചേർക്കപ്പെട്ടു. കോട്ടയം ജില്ല എന്ന പേര് ലഭിക്കുന്നത് ഈ പരിഷ്കാരത്തിന്റെ ഭാഗമായാണ്. ദിവാൻ പേഷ്കാർ ഇതോടെ ജില്ലാ കളക്ടറായി. 1954 ഏപ്രിൽ 1 ന് എറണാകുളം ജില്ല രൂപീകരിച്ചപ്പോൾ മൂവാറ്റുപുഴ, തൊടുപുഴ താലൂക്കുകളെയും, 1957 ആഗസ്റ്റ് 17 ന് ആലപ്പുഴ ജില്ല രൂപീകരിച്ചപ്പോൾ കുട്ടനാടിനെയും കോട്ടയത്തിന് നഷ്ടമായി. 1972 ജൂൺ 26 ന് ഇടുക്കി ജില്ല നിലവിൽ വന്നതോടെ ദേവികുളം, പീരുമേട്, ഉടുമ്പൻചോല താലൂക്കുകളും നഷ്ടപ്പെട്ട് കോട്ടയം ഒരു ഭരണപ്രദേശം എന്ന നിലയിൽ ഇന്നത്തെ

അവസ്ഥയിലായി. രൂപപരമായി ഒട്ടനവധി പരിണാമങ്ങളിലൂടെയും ഭരണപരമായി ഒട്ടനവധി വ്യവസ്ഥകളിലൂടെയുമാണ് നാമിന്ന് അധിവസിക്കുന്ന കോട്ടയം ജില്ല ഉരുത്തിരിഞ്ഞ് വന്നത്.

കേരളത്തിലെ ആധുനിക വിദ്യാഭ്യാസത്തിന് തുടക്കംകുറിച്ചത് കോട്ടയത്തായതിനാൽ വിദ്യാഭ്യാസ രംഗത്ത് ജില്ല എക്കാലത്തും മുൻപന്തിയിലായിരുന്നു. വിദ്യാഭ്യാസം, അച്ചടി എന്നീ രംഗങ്ങളിൽ മിഷനറി പ്രവർത്തനങ്ങൾ അത്യപൂർവ്വമായ മുന്നേറ്റത്തിന് സംജാതമായി തീരുകയും അനന്തരഫലമായി 1989 ൽ രാജ്യത്തെ ആദ്യത്തെ പൂർണ്ണസാക്ഷരതാ നഗരമായി കോട്ടയം പ്രഖ്യാപിക്കുവാൻ ഇടയാവുകയും ചെയ്തു. കേരളത്തിലെ ആദ്യത്തെ അച്ചടിശാല ബെന്ചമിൻ ബെയ്ലി മുൻകൈയെടുത്ത് 1821 ൽ കോട്ടയത്ത് സ്ഥാപിച്ച സി.എം.എസ്സ് പ്രസ്സാണ്. തുടർന്ന് ഈ രംഗത്ത് നടന്ന പ്രവർത്തനങ്ങൾ ദീപിക, മലയാള മനോരമ, മംഗളം തുടങ്ങിയ മലയാള പത്രങ്ങളുടെയും നിരവധി മലയാള പുസ്തകപ്രസാധന സ്ഥാപനങ്ങളുടെയും തലസ്ഥാനമായി മാറിയ കോട്ടയത്തെ **അക്ഷരനഗരി** എന്ന അപദാനത്തിന് അർഹയാക്കി.

വിദ്യാഭ്യാസ മുന്നേറ്റത്തിന്റെ ഫലമായി അനേകം സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ ജില്ലയ്ക്ക് കഴിഞ്ഞു. മലയാളി മെമ്മോറിയൽ, നിവർത്തന പ്രക്ഷോഭം, വൈക്കം സത്യാഗ്രഹം, നായർ സമുദായത്തിന്റെ നവോത്ഥാന പ്രസ്ഥാനമായ എൻ.എസ്സ്.എസ്സ് രൂപീകരണം തുടങ്ങിയവ വഴി കേരളത്തിലെ സാമൂഹിക മാറ്റങ്ങൾക്ക് മുന്നേറ്റം കുറിക്കുന്നതിൽ കോട്ടയം ജില്ലയ്ക്ക് അദ്വിതീയ സ്ഥാനമുണ്ട്. മേൽപറഞ്ഞവയുടെ അനന്തരഫലമായി കേരളത്തിന്റെ കല, കായിക, സംസ്കാരിക, സാഹിത്യ രംഗങ്ങളിലും കോട്ടയം ജില്ല നിർലോഭമായ സംഭാവനകൾ നൽകിയിട്ടുണ്ട്.

കായികം

പരമ്പരാഗത കായിക വിനോദങ്ങളായ കളരിപ്പയറ്റ്, നാടൻ പന്തുകളി, നീന്തൽ തുടങ്ങിയവും, ട്രാക്ക് ആൻറ് ഫീൽഡ് ഇനങ്ങൾ ക്രിക്കറ്റ്, ബാസ്കറ്റ്ബോൾ, വോളീബോൾ, ബാഡ്മിൻറൺ എന്നിവയാണ് കോട്ടയത്തെ പ്രധാന കായിക വിനോദങ്ങൾ. നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളും, പരിശീലന കേന്ദ്രങ്ങളും കോട്ടയം ജില്ലയുടെ കായിക പുരോഗതിയ്ക്കായി പ്രവർത്തിക്കുന്നു.

കളരിപ്പയറ്റ് കോട്ടയം ജില്ലയിലെ പരമ്പരാഗതമായ ഒരു ആയോധനമുറയാണ്. ഇതിന്റെ പരിശീലനത്തിലൂടെ ശാരീരികവും മാനസികവുമായ വികാസമുണ്ടാവുകയും അതിലുപരിയായി ഇതൊരു എതിരാളികളിൽ നിന്നുമുള്ള പ്രതിരോധ പരിശീലനപരിപാടിയുംകൂടിയാണ്. പഞ്ചേന്ദ്രിയങ്ങളെ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ഇത് സാധ്യമാകുന്നത്. കോട്ടയം ജില്ലയിലെ ഏറ്റവും പ്രസിദ്ധമായ കളരി പരിശീലന കേന്ദ്രം ചമ്പക്കര സി.വി.എൻ. കളരിയാണ്.

കോട്ടയം ജില്ലയിലെ പരമ്പരാഗതമായ ഒരു കായിക വിനോദമാണ് നാടൻ പന്തുകളി. 100 വർഷങ്ങൾക്ക് മുമ്പ് മധ്യവേനലവധിസമയത്ത് സ്കൂൾ മൈതാനങ്ങളിലും, പള്ളികളോട് ചേർന്നുള്ള മൈതാനങ്ങളിലും, കൊയ്ത്ത് കഴിഞ്ഞ വയലുകളിലും കുട്ടികളും മുതിർന്നവരും ആവേശത്തോടെ നാടൻ പന്തുകളിച്ചിരുന്നു. കോട്ടയം ജില്ലയിലെ മണർകാട്, പുതുപ്പള്ളി, വാകത്താനം, തോട്ടയ്ക്കാട്, തിരുവഞ്ചൂർ, മീനടം, മാങ്ങാനം, കുറിച്ചി എന്നീ സ്ഥലങ്ങളിലാണ് ഇത് പ്രധാനമായും നടക്കുന്നത്. പുതിയ തലമുറയുടെ അമിതമായ ക്രിക്കറ്റ് അഭിനിവേശം മൂലം ഈ കായിക വിനോദം ഇന്ന് അന്യമായിക്കൊണ്ടിരിക്കുന്നു.

തിളക്കമാർന്ന ഒരു കായികചരിത്രം തന്നെ ബാസ്കറ്റ്ബോളിന് കോട്ടയം ജില്ലയിലുണ്ട്. 1957 ലാണ് കോട്ടയം ജില്ല ബാസ്കറ്റ്ബോൾ അസോസിയേഷൻ രൂപീകൃതമായത്. കേരളത്തിലെ തന്നെ ആദ്യകാലങ്ങളിൽ രൂപീകൃതമായ ഒരു അസോസിയേഷനാണിത്. 1930 ൽ കോട്ടയത്ത് എത്തിച്ചേർന്ന യൂറോപ്യൻ മിഷനറിമാരുടെ ഇടപെടലിലൂടെയാണ് ഈ കായിക ഇനത്തിന് കോട്ടയം ജില്ലയിൽ പ്രാമുഖ്യം ഉണ്ടായത്. 1948 മുതൽ അഖിലേന്ത്യാ തലത്തിൽ ബാസ്കറ്റ്ബോൾ ടൂർണമെന്റ് കോട്ടയം ജില്ലയിൽ നടത്തപ്പെട്ടുവരുന്നു. ബാസ്കറ്റ്ബോളിന് പ്രചാരം ലഭിക്കുന്നതിൽ വൈ.എം.സി.എ. മുഖ്യ പങ്ക് വഹിച്ചിട്ടുണ്ട്. ബാസ്കറ്റ്ബോളിൽ പ്രതിഭ തെളിയിച്ച ഒരുപാട് കായികതാരങ്ങൾ കോട്ടയത്തുനിന്നും ദേശീയ ടീമിൽ അംഗമായിട്ടുണ്ട്.

കോട്ടയം ജില്ലയിലെ പ്രധാനപ്പെട്ട സ്റ്റേഡിയമാണ് നാഗമ്പടത്തു സ്ഥിതി ചെയ്യുന്ന ജവഹർലാൽ നെഹ്റു സ്റ്റേഡിയം. ഇത് 1972 ലാണ് നിർമ്മിച്ചത്. ഈ സ്റ്റേഡിയം പ്രധാനമായും ഉപയോഗിക്കുന്നത് അത് ലറ്റിക്സിനും ഫുട്ബോളിനുമാണ്. സ്റ്റേഡിയത്തിൽ 18000 ആളുകളെ ഉൾക്കൊള്ളുവാനുള്ള സൗകര്യമുണ്ട്. ഈ സ്റ്റേഡിയത്തിൽ 1972 മുതൽ 1993 വരെ അഞ്ച് ഫസ്റ്റ് ക്ലാസ്സ് ക്രിക്കറ്റ് മത്സരങ്ങളും, രണ്ട് ലിസ്റ്റ് -എ ക്രിക്കറ്റ് മത്സരങ്ങളും നടത്തിയിട്ടുണ്ട്. ജവഹർലാൽ നെഹ്റു സ്റ്റേഡിയം കൂടാതെ എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും മികച്ച മിനി സ്റ്റേഡിയങ്ങളും ഉണ്ട്.

രാജീവ്ഗാന്ധി ഇൻറർനാഷണൽ ഇൻഡോർ സ്റ്റേഡിയം, നാഗമ്പടം, കോട്ടയം

25 കോടിയോളം ചെലവഴിച്ച് അത്യാധുനിക സൗകര്യങ്ങളോടെ 2016 ൽ നിർമ്മിച്ചതാണ് അക്ഷരനഗരിയിലെ സ്റ്റേഡിയം. 1100 പേർക്ക് ഇരിക്കാവുന്ന ഗാലറിയും, ബാഡ്മിൻറൺ, ബാസ്ക്കറ്റ്ബോൾ, ടേബിൾ ടെന്നീസ്, ജൂഡോ തുടങ്ങിയ കളികൾക്കുള്ള കോർട്ടുകളും മറ്റ് സൗകര്യങ്ങളുമുണ്ട്. ഈ സ്റ്റേഡിയത്തിൽ 2017 ഒക്ടോബറിൽ ആദ്യമായി രാജ്യാന്തര ബാസ്ക്കറ്റ്ബോൾ മത്സരം നടന്നു.

സിന്തറ്റിക് ട്രാക്ക്, പാലാ

2017 സ്കൂൾ കായിക മേളയ്ക്കായി അത്യാധുനിക സൗകര്യങ്ങളോടെ നവീകരിച്ചതാണ് പാലാ നഗരസഭ സിന്തറ്റിക് സ്റ്റേഡിയം. ജില്ലയിലെ ആദ്യ സിന്തറ്റിക് ട്രാക്കാണ് ഈ സ്റ്റേഡിയത്തിലുള്ളത്. സംസ്ഥാനത്തെ ഏറ്റവും മികച്ച ട്രാക്കും എല്ലാ കളികളും ഒരേ സ്റ്റേഡിയത്തിൽ നടത്താവുന്നതുമാണ് എന്നതാണിതിന്റെ പ്രത്യേകത.

കായിക പ്രതിഭകൾ

ദേശീയവും അന്തർദേശീവയുമായി പ്രതിഭ തെളിയിച്ച നിരവധി കായികതാരങ്ങൾ കോട്ടയം ജില്ലയിൽ ഉണ്ട്. 2003 ൽ പാരീസിൽ വച്ച് നടന്ന ലോക അതലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ വെങ്കലമെഡൽ നേടിയ ആദ്യ ഇന്ത്യൻ വനിതാ ലോംഗ് ജമ്പ് താരമായ അഞ്ജു ബോബി ജോർജ്, 2010 ലെ ഏഷ്യൻ ഗെയിംസിൽ സ്വർണ്ണ മെഡൽ നേടിയ ജോസഫ് ഏബ്രഹാം തുടങ്ങിയവർ ഇതിൽ പ്രധാനികളാണ്. അതലറ്റിക്സിലെ പ്രധാനപ്പെട്ട മറ്റൊരു കായിക പ്രതിഭയാണ് രഞ്ജിത്ത് മാഹേശ്വരി. ബാസ്ക്കറ്റ്ബോളിൽ പ്രതിഭ തെളിയിച്ച ജോസഫ് സാം തുടർച്ചയായി 7 വർഷം ദേശീയ ടീമിൽ അംഗമായിരുന്നു. മോനിഷ് വിൽസൺ ഇന്ത്യൻ ബാസ്ക്കറ്റ്ബോൾ ജൂനിയർ ടീമിനെ ധാരാളം അന്തർദേശീയ ടൂർണമെൻറുകളിൽ നയിച്ചിട്ടുണ്ട്. ബാസ്ക്കറ്റ്ബോളിൽ കഴിവ് തെളിയിച്ച ഗീതു അന്നാ ജോസ്, ദേശീയ ജൂനിയർ ബാസ്ക്കറ്റ്ബോൾ ക്യാപ്റ്റ , ഇന്ത്യൻ ദേശീയ ടീമംഗം എന്നീ നിലകളിൽ പ്രശസ്തയാണ്.

കോട്ടയത്തിന്റെ കായിക ചരിത്രത്തിന് നിർണ്ണായകമായ സംഭാവന നൽകിയ ഒരു സ്ഥാപനമാണ് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി. ദേശീയ-അന്തർദേശീയ തലത്തിൽ ധാരാളം കായികതാരങ്ങളെ വാർത്തെടുത്ത ഒരു വിദ്യാഭ്യാസ സ്ഥാപനമാണ്. 2008 ലെ ബീജിംഗ് ഒളിമ്പിക്സിൽ പങ്കെടുത്ത ചിത്ര കെ സോമൻ, പ്രീജ ശ്രീധരൻ, സിനി ജോസ് എന്നിവർ എം.ജി. യൂണിവേഴ്സിറ്റിയുടെ താരങ്ങളായിരുന്നു. കൂടാതെ സെബാസ്റ്റ്യൻ സേവ്യർ (നീന്തൽ), ഷൈനി വിൽസൺ, ഒ.പി. ജെയ്ഷ, കെ.ടി. ചാക്കോ തുടങ്ങിയവരും എം.ജി. യൂണിവേഴ്സിറ്റിയുടെ താരങ്ങളായിരുന്നു.

ഷൂട്ടിംഗ് പരിശീലകനായ സണ്ണി തോമസ്, കായിക പരിശീലകനായ കെ.പി. തോമസ് എന്നിവർ ദ്രോണാചാര്യ അവാർഡ് നേടിയ കോട്ടയം ജില്ലക്കാരാണ്.

IV. പ്രാഥമിക സ്ഥിതി വിവരകണക്കുകൾ

1. പ്രധാന സൂചികകൾ

പട്ടിക 1.2

സൂചികകൾ	കോട്ടയം	കേരളം
രൂപീകരിച്ച വർഷം	1949 ജനുവരി 1	1956 നവംബർ 1
2011 ലെ ജനസംഖ്യ (എണ്ണം)		
ആകെ	**1974551**	**33406061**

ആൺ	968289	16027412
പെൺ	1006262	17378649
ജനസാന്ദ്രത (1 ച.കി.മീ)	895	860
ഗ്രാമം		
ആകെ	1409158	17471135
ആൺ	692673	8408054
പെൺ	716485	9063081
നഗരം		
ആകെ	565393	15934926
ആൺ	275616	7619358
പെൺ	289777	8315568
പതിറ്റാണ്ടിലെ ജനസംഖ്യാ വളർച്ചാ നിരക്ക്		
ആകെ	1.07	4.91
കുട്ടികളുടെ ജനസംഖ്യ		
ആകെ	174486	3472955
ആൺ	88823	1768244
പെൺ	85663	1704711
സ്ത്രീപുരുഷാനുപാതം		
ആകെ	1039	1084
ഗ്രാമം	1034	1078
നഗരം	1051	1091
സാക്ഷരതാ നിരക്ക്		
ആകെ	97.21	94
ആൺ	97.97	96.11
പെൺ	96.48	92.07
ജനസംഖ്യ (പട്ടികജാതി)		
ആകെ	153909	3039573
ആൺ	75503	1477808
പെൺ	78406	1561765
ജനസംഖ്യ (പട്ടികവർഗ്ഗം)		
ആകെ	21972	484839
ആൺ	10974	238203
പെൺ	10998	246636
തൊഴിലാളികൾ		
ആകെ	735735	11619063
ആൺ	530322	8451569
പെൺ	205413	3167494
പ്രധാന തൊഴിലാളികൾ		
ആകെ	604553	9329747
ആൺ	463713	7179828
പെൺ	140840	2149919

നാമമാത്ര തൊഴിലാളികൾ		
ആകെ	131182	2289316
ആൺ	66609	1271741
പെൺ	64573	1017575
തൊഴിലാളികളല്ലാത്തവർ		
ആകെ	1238816	21786998
ആൺ	437967	7575843
പെൺ	800849	14211155
കൃഷിക്കാർ		
ആകെ	49991	670253
ആൺ	43752	546906
പെൺ	6239	123347
കർഷക തൊഴിലാളികൾ		
ആകെ	63052	1322850
ആൺ	45798	857995
പെൺ	17254	464855
കുടുംബ വ്യവസായ തൊഴിലാളികൾ		
ആകെ	18523	273022
ആൺ	11481	164615
പെൺ	7042	108407
മറ്റ് തൊഴിലാളികൾ		
ആകെ	604169	9352938
ആൺ	429291	6882053
പെൺ	174878	2470885

അവലംബം — കോട്ടയം ജില്ല സെൻസസ് ഹാൻഡ്ബുക്ക് - 2011

2. **പഞ്ചായത്തടിസ്ഥാനത്തിലുള്ള പട്ടികജാതി /പട്ടികവർഗ്ഗ ജനസംഖ്യ . അനുബന്ധം 1.3 ൽ സൂചിപ്പിച്ചിരിക്കുന്നു.**

3. സാക്ഷരത

പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള സാക്ഷരത/നിരക്ഷരരുടെ എണ്ണം, അനുബന്ധം 1.4 ൽ സൂചിപ്പിച്ചിരിക്കുന്നു.

4. കൃഷി

ഭക്ഷ്യ വിളകളും നാണ്യവിളകളും വ്യാപകമായി കോട്ടയത്ത് കൃഷി ചെയ്യുവരുന്നു. കോട്ടയത്തെ പ്രധാന നാണ്യവിളയാണ് റബ്ബർ. ജില്ലയുടെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ നെൽകൃഷി വ്യാപകമായിട്ടുണ്ട്. തെങ്ങ്, കുരുമുളക്, മരച്ചീനി, വാഴ തുടങ്ങിയവയും കൂടാതെ പച്ചക്കറി കൃഷിയും ജില്ലയുടെ പല ഭാഗങ്ങളിലും വ്യാപകമായിട്ടുണ്ട്. ഭൂവിനിയോഗത്തിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക 1.3

വിസ്തൃതി ഹെക്ടറിൽ										
ഭൂവിനിയോഗം	വർഷം									
	2006-07	2007-08	2008-09	2009-10	2010-11	2011-12	2012-13	2013-14	2014-15	2015-16
വനം	8141	8141	8141	8141	8141	8141	8141	8141	8141	8141
കാർഷികേതര ഉപയോഗം	22327	23003	23214	24591	25893	25712	26459	27611	27739	28449
പാറയും, കൃഷിക്കുപയുക്തമല്ലാത്ത സ്ഥലവും	1802	1805	1628	1512	1469	1411	1317	1231	1184	1166
പുൽത്തകിടിയും പുൽമേട്ടും	11	0	0	0	0	0	0	0	0	0
മറ്റിനം വൃക്ഷങ്ങൾ	141	160	127	128	133	133	143	145	155	131
കൃഷിക്ക് ഉപയുകതമായ തരിശ്	7231	6577	5384	4711	4890	8700	5686	6245	6569	7273
മറ്റിനം തരിശ്	3595	3372	2839	3173	3046	5186	3305	3108	2610	2518
തൽക്കാല തരിശ്	4061	3885	3054	5418	5808	6646	5835	6126	5722	4765
ചതുപ്പുനിലം	1	17	10	6	0	0	0	0	0	0
നിശ്ചല ജലം	6362	6362	6362	6362	6362	6360	6360	6360	6360	6360
വെള്ളക്കെട്ട് പ്രദേശം	182	182	161	159	159	159	159	159	159	159
സാമൂഹ്യ വനവൽക്കരണം	69	72	87	87	90	95	98	99	110	112
കൃഷി ചെയ്യുന്ന ആകെ സ്ഥലം	166519	166866	169435	166154	164451	157899	162939	161217	161693	161368

2006-07 മുതൽ 2015-16 വരെയുള്ള ജില്ലയുടെ ഭൂവിനിയോഗം പരിശോധിച്ചാൽ കാർഷികേതര ഉപയോഗം വർദ്ധിച്ച് വരുന്നതായി കാണുന്നു. 2006-07 ലെ 22327 ഹെക്ടറിൽ നിന്നും 2015-16 ലെ 28449 ഹെക്ടറായി വർദ്ധിച്ചിട്ടുണ്ട്. കൃഷി ചെയ്യുന്ന ആകെ സ്ഥലത്തിന്റെ വിസ്തീർണ്ണം കുറഞ്ഞ് വരുന്നതായി കാണുന്നു. 2006-07 ലെ 166519 ഹെക്ടറിൽ നിന്നും 2015-16 ൽ 161368 ഹെക്ടറായി കുറഞ്ഞിട്ടുണ്ട്. 9791 ഹെക്ടർ തരിശുനിലങ്ങൾ ജില്ലയിലുള്ളത് കൃഷിയ്ക്ക് ഉപയുക്തമാക്കാവുന്നതാണ്.

2.നെൽകൃഷിയുടെ വിസ്തൃതിയും, അരിയുടെ ഉല്പാദനവും

നെല്ല് കോട്ടയത്തിന്റെ പടിഞ്ഞാറൻ മേഖലകളിൽ വ്യാപകമായി കൃഷിചെയ്തുവരുന്നു. നെൽ കൃഷിയുടെ ഉല്പാദനവും വർദ്ധിച്ച് വരുന്നതായി കോണുന്നു. 2007-08 വർഷം നെൽകൃഷി ചെയ്ത 10969 ഹെക്ടറിൽ നിന്നും 2015-16 വർഷം 16272 ഹെക്ടറായി വർദ്ധിച്ചിട്ടുണ്ട്. ഉല്പാദനം 24428 ടണ്ണിൽ നിന്നും 49506 ടണ്ണായും വർദ്ധിച്ചിട്ടുണ്ട്. തരിശ്ശുകിടക്കുന്ന പാടശേഖരങ്ങൾ കൃഷിയ്ക്കുപയുക്തമാക്കികൊണ്ട് ഇനിയും നെൽകൃഷി അഭിവൃദ്ധിപ്പെടുത്താവുന്നതാണ്. ജില്ലയിലെ ജൈവ ആവാസ വ്യവസ്ഥയ്ക്ക് പാടശേഖരങ്ങൾ മണ്ണിട്ട് നികത്തുന്നതിൽ നിന്നും സംരക്ഷിച്ച് നിലനിർത്തേണ്ടത് അനിവാര്യവുമാണ്.

റബ്ബർ കൃഷി

കോട്ടയത്തിന്റെ പ്രധാന കൃഷിയായ റബ്ബർ പ്രതിസന്ധി നേരിടുകയാണ്. റബ്ബർ ബോർഡിന്റെ കണക്കനുസരിച്ച് 2015-16 ൽ ജില്ലയിൽ 114400 ഹെക്ടർ കൃഷിഭൂമിയിൽ നിന്നും 88700 ടൺ റബർ ഉല്പാദിപ്പിച്ചു. എന്നാൽ 2011-12 വർഷം 113830 ഹെക്ടറിൽ നിന്നും 175760 ടൺ റബ്ബർ ഉല്പാദിപ്പിച്ചിരുന്നു. റബ്ബർ വിലയിൽ വന്ന ഇടിവ് ഉല്പാദനത്തെ വൻതോതിൽ ബാധിച്ചു. 2011-12 വർഷം കിന്റലിന് ശരാശരി 20805 രൂപ ലഭിച്ചപ്പോൾ 2015-16 വർഷം 13433 രൂപ മാത്രമാണ് ലഭിച്ചത്. മീനച്ചിൽ, കാഞ്ഞിരപ്പള്ളി എന്നീ താലൂക്കുകളിലാണ് റബ്ബർ കൃഷി കൂടുതലായിട്ടുള്ളത്. റബ്ബർ ബോർഡിന്റെ ആസ്ഥാനം കോട്ടയമാണ്. സംസ്ഥാനത്ത് റബ്ബർ കൃഷി ചെയ്യുന്ന പ്രദേശങ്ങളിൽ 21% വും കോട്ടയം ജില്ലയിലാണ്. റബ്ബർ ഉല്പാദനത്തിൽ സംസ്ഥാനത്ത് കോട്ടയം ജില്ലയാണ് മുന്നിൽ.

കഴിഞ്ഞ 10 വർഷത്തെ റബ്ബറിന്റെഉല്പാദനവും കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതിയും താഴെ കൊടുക്കുന്നു.

ചിത്രം 1.2

മറ്റ് പ്രധാന വിളകളുടെ വിസ്തൃതിയും ഉല്പാദനവും

2015-16 കണക്കനുസരിച്ച് റബ്ബറും കഴിഞ്ഞാൽ കോട്ടയത്ത് കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യുന്നത് തെങ്ങാണ്. 26841 ഹെക്ടർ സ്ഥലത്ത് നിന്നും 133 മില്ല്യൺ തേങ്ങ ഉല്പാദിപ്പിക്കുന്നു. വർദ്ധിച്ച കൃഷിചെലവ്, രോഗങ്ങൾ, ഉല്പന്നത്തിന്റെ വിലയിടിവ് എന്നിവ മൂലം തെങ്ങിന്റെ വിസ്തൃതിയും ഉല്പാദനവും കുറഞ്ഞ് വരികയാണ്. ജാതി, ഏത്തവാഴ, പലവാഴ എന്നിവയുടെ വിസ്തൃതിയിൽ വർദ്ധനവ് രേഖപ്പെടുത്തുന്നു. എറണാകുളം ജില്ല കഴിഞ്ഞാൽ കൂടുതൽ പൈനാപ്പിൾ കൃഷിയുള്ളത് കോട്ടയം ജില്ലയിലാണ്. 2015-16 വർഷം മരച്ചീനിയുടെ ഉല്പാദനം 5631 ഹെക്ടർ സ്ഥലത്തുനിന്നും 220466 ടൺ ആണ്. കൃഷിയുടെ വൈവിധ്യവൽക്കരണവും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണവും ഒരുപരിധി വരെ കർഷകനെ ഈ രംഗത്ത് തുടരാൻ സഹായിക്കുന്നതാണ്.

പട്ടിക 1.4

വിളകൾ	2011-12		2012-13		2013-14		2014-15		2015-16	
	വിസ്തൃതി (ഹെക്ടർ)	ഉല്പാദനം (ടൺ)	വിസ്തൃതി (ഹെക്ടർ)	ഉല്പാദനം (ടൺ)	വിസ്തൃതി (ഹെക്ടർ)	ഉല്പാദനം (ടൺ)	വിസ്തൃതി (ഹെക്ടർ)	ഉല്പാദനം (ടൺ)	വിസ്തൃതി (ഹെക്ടർ)	ഉല്പാദനം (ടൺ)
തെങ്ങ്	28209	149	27500	131	27018	126	26529	140	26849	133
കമുക്	1747	1272	1650	1074	1580	1103	1579	1214	1614	1121
കുരുമുളക്	3336	1145	3192	1179	3120	1172	3135	1078	3215	1150
ജാതി	1669	914	1721	1081	1807	1153	1940	1373	2136	1516
ഏത്തവാഴ	2521	22138	2518	21084	2498	22609	2734	23152	2948	23625
പലവാഴ	2642	20533	2489	18841	2517	16570	2626	23823	2894	20987
പൈനാപ്പിൾ	1134	8439	1107	7626	1032	7255	971	8640	1085	7670
മരച്ചീനി	5957	211344	5284	187089	5341	210271	5588	217348	5631	220466

* തേങ്ങയുടെ ഉല്പാദനം മിലല്യൻ നട്സ്

* കുരുമുളകിന്റെ ഉല്പാദനം ഉണങ്ങിയതിന്റെ

ആരോഗ്യം

ജില്ലയിലെ ആരോഗ്യരംഗം മെച്ചപ്പെട്ടതാണ്. സർക്കാർ ഉടമസ്ഥതയിലും സ്വകാര്യ ഉടമസ്ഥതയിലും ആധുനികചികിത്സാ സൗകര്യങ്ങൾ ജില്ലയിൽ ലഭ്യമാണ്. സർക്കാർ ഉടമസ്ഥതയിൽ ഒരു മെഡിക്കൽ കോളേജ്, 4 ജനറൽ ആശുപത്രി, ഒരു റ്റി.ബി.സെന്റർ, കുട്ടികളുടെ ആശുപത്രി, 3 താലൂക്കാശുപത്രികൾ എന്നിവയ്ക്കു പുറമെ കമ്മ്യൂണിറ്റി സെന്ററുകളും, ബ്ലോക്ക് ഹെൽത്ത് സെന്ററുകളും, പ്രാഥമികാരോഗ്യകേന്ദ്രങ്ങളും ജില്ലയിൽ ഉണ്ട്. ആയുർവേദ, ഹോമിയോ സർക്കാർ ചികിത്സാ കേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നു.

പല സാംക്രമിക രോഗങ്ങളും ജില്ലയിൽ നിന്നും നിർമ്മാർജ്ജനം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ഡെങ്കിപനി, ചിക്കൻഗുനിയ, എലിപ്പനി, പക്ഷിപ്പനി, വൈറൽ പനി തുടങ്ങിയ പുതിയ രോഗങ്ങൾ ഇപ്പോൾ ആരോഗ്യരംഗത്ത് ഭീഷണിയാകുന്നുണ്ട്. കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്നും തൊഴിലന്വേഷകർ വരുന്നതിനാൽ ജില്ലയിൽ നിന്നും നിർമ്മാർജ്ജനം ചെയ്യപ്പെട്ട മലമ്പനി പോലുള്ള രോഗങ്ങളും തിരിച്ച് വരുന്ന സ്ഥിതി ഉണ്ടാകുന്നുണ്ട്. കൂടാതെ ജില്ലയിൽ അർബുദരോഗികൾ കൂടിവരുന്നതായി കാണുന്നു. ഹൃദ്രോഗികൾ, വൃക്ക സംബന്ധമായ രോഗികൾ, ഡയബറ്റിക്സ് രോഗികൾ എന്നിവരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്നത് ആശങ്കയുയർത്തുന്നുണ്ട്. ആരോഗ്യരംഗത്ത് കൂടുതൽ മുൻകരുതലുകൾ വേണ്ടതാണെന്ന് മേൽപ്പറഞ്ഞ കാര്യങ്ങൾ തെളിയിക്കുന്നുണ്ട്. ജീവിതശൈലീരോഗങ്ങളും ആശങ്കാജനകാമാംവണ്ണം വർദ്ധിച്ചുവരുന്നു.

സർക്കാർ മെഡിക്കൽ കോളേജിൽ മാത്രം 1940 കിടക്കകളും 336 ഡോക്ടർമാരുടെ സേവനവും ലഭ്യമാണ്. ഇതര 85 സർക്കാർ സ്ഥാപനങ്ങളിൽ മൊത്തം 2853 കിടക്കകളും 497 ഡോക്ടർമാരുടെ സേവനവും ലഭ്യമാണ്.

ജില്ലയിൽ സ്വകാര്യമേഖലയിൽ വിവിധ ചികിത്സാ രീതികളിലായി 115 സ്ഥാപനങ്ങളും 7568 കിടക്കകളും ഏകദേശം 915 ഡോക്ടർമാരുമുണ്ട്.

വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് വളരെ മുൻപന്തിയിലാണ് കോട്ടയം ജില്ല. ഒരു ഗവ.എഞ്ചിനീയറിംഗ് കോളേജും ഒരു മെഡിക്കൽ കോളേജും ഒരു യൂണിവേഴ്സിറ്റിയും, സംസ്കൃത സർവ്വകലാശാലയുടെ ഒരു റീജിയണൽ സെന്ററും കോട്ടയത്തിനുണ്ട്.

വിദ്യാഭ്യാസസബ് ജില്ലകൾ	വൈക്കം, കുറവിലങ്ങാട്, രാമപുരം, പാലാ, ഈരാറ്റുപേട്ട, കൊഴുവനാൽ, കാഞ്ഞിരപ്പള്ളി, കറുകച്ചാൽ, ചങ്ങനാശ്ശേരി, കോട്ടയം ഈസ്റ്റ്, കോട്ടയം വെസ്റ്റ്, ഏറ്റുമാനൂർ, പാമ്പാടി
സർവകലാശാല	മഹാത്മാഗാന്ധി സർവകലാശാല സംസ്കൃത സർവകലാശാല, റീജണൽ സെന്റർ, ഏറ്റുമാനൂർ
ഗവേഷണ സ്ഥാപനങ്ങൾ	റബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, വടവാതൂർ, കാർഷിക സർവകലാശാല, പ്രാദേശിക ഗവേഷണ കേന്ദ്രം, കുമരകം

2015-16 ൽ സ്കൂളുകളുടെ എണ്ണം അനുബന്ധം 1.5 ൽ സൂചിപ്പിച്ചിരിക്കുന്നു.

ആഭ്യന്തരോൽപാദനത്തിന്റെ മേഖലാ വിതരണം

2015-16ൽ (2011-12 സ്ഥിരവിലയിൽ) ജില്ലയുടെ ആഭ്യന്തര ഉത്പാദനത്തിൽ പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളുടെ വിഹിതം യഥാക്രമം 13%, 22%, 65% ആണ്. നടപ്പു വിലയിൽ 2015-16 കാലയളവിൽ മൊത്ത ആഭ്യന്തര ഉൽപാദനത്തിൽ ഈ മൂന്ന് മേഖലയുടേയും വിഹിതം യഥാക്രമം 11%, 20%, 69% ആണ്.

ചിത്രം 1.3

കഴിഞ്ഞ അഞ്ച് വർഷത്തെ മേഖലാ വിതരണം വിശകലനം ചെയ്താൽ പ്രാഥമിക, ദ്വിതീയ, മേഖലകളുടെ സംഭാവന കുറഞ്ഞു വരുന്നതായാണ് കാണുന്നത്.

കഴിഞ്ഞ 6 വർഷത്തെ ആഭ്യന്തര ഉല്പാദനം (ലക്ഷത്തിൽ)

പട്ടിക 1.5

KOTTAYAM						
At Constant Price (GDP)						
Year	Primary		Secondary		Tertiary	
	Kottayam	Kerala	Kottayam	Kerala	Kottayam	Kerala
2011-12	569367	5110077	477701	9197095	1314289	19322139
2012-13	563842	5135760	483188	9454798	1316070	21044915
2013-14	442367	4940905	511250	9784334	1464306	22439908
2014-15	401778	5150876	506658	9991146	1516623	23444940
2015-16	323238	4548687	544384	10562779	1636980	25123807
2016-17 (Quick)	371303	4784623	558746	10866742	1696960	26807523

8. വ്യവസായം

വ്യവസായികമായി ഒരു വികസിത ജില്ലയല്ല കോട്ടയം. ജില്ലയിലെ പ്രധാന കാർഷികോൽപ്പന്നം റബ്ബർ ആണെങ്കിലും മേഖലയിൽ വൻകിടവ്യവസായ സാധ്യതകളൊന്നും ജില്ലയിലില്ല. വൻകിട സംരംഭമായ മദ്രാസ് റബ്ബർ ഫാക്ടറി (MRF) യുടെ ആസ്ഥാന കാര്യലയം വടവാതൂരിലുണ്ടെന്നതൊഴിച്ചാൽ ചില ചെറുകിട റബ്ബർ വ്യവസായങ്ങളെ ഇവിടെയുള്ളൂ.

ഇന്ത്യയിലെ റബ്ബർ ഉൽപാദനത്തിന്റെ 90% വും കേരളത്തിൽ നിന്നാണ്. ഇതിന്റെ പ്രധാന ഭാഗവും കോട്ടയം ജില്ലയുടെ സംഭാവനയാണ്. എന്നിരുന്നാലും റബ്ബറിന്റെ വിലയിടിവ് റബ്ബറധിഷ്ഠിത വ്യവസായങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

ചിത്രം 1.4

റബ്ബർ, കോട്ടയം ജില്ലയിലെ പ്രധാന ഉൽപന്നമാണെങ്കിലും റബ്ബറധിഷ്ഠിതമായ വ്യവസായങ്ങൾ അഭിവൃദ്ധി പ്രാപിച്ചിട്ടില്ല. ഉല്പാദകരുടെ സഹകരണ സംഘങ്ങൾ വഴി വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ കഴിഞ്ഞാൽ ഉൽപാദകർക്ക് ന്യായവില ലഭിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയും.കോട്ടയം ജില്ലയ്ക്ക് സ്വന്തമായി വൈവിധ്യമാർന്ന വൃക്ഷ സമ്പത്ത് ഉള്ളതു കൊണ്ട് മരവ്യവസായം പുരോഗതി പ്രാപിച്ചു.

വൈക്കം താലൂക്കിലുള്ള വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറിയാണ് കേന്ദ്ര പൊതുമേഖലയിലുള്ളത്. നാട്ടകത്തെ ട്രാവൻകൂർ സിമെന്റ് ലിമിറ്റഡ് സംസ്ഥാന പൊതുമേഖലാ സ്ഥാപനമാണ്. ചങ്ങനാശ്ശേരിയിലും ഏറ്റുമാനൂരുമായി 2 പ്രധാന വ്യവസായ പ്ലോട്ടുകളും, നാട്ടകം, കുമാരനല്ലൂർ, പാമ്പാടി, കറുകച്ചാൽ, മാടപ്പള്ളി, പായിപ്പാട്, മണിമല, ഈരാറ്റുപേട്ട, മുത്തോലി, ടി.വി.പുരം, അയർക്കുന്നം, അയ്മനം, മണർകാട് എന്നീ സ്ഥലങ്ങളിലുള്ള 14 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുമാണുള്ളത്. കൂടാതെ, വൈക്കം, അതിരമ്പുഴ, പൂവൻതുരുത്ത് എന്നീ സ്ഥലങ്ങളിലുള്ള വ്യവസായ വികസന സ്ഥലങ്ങളുമുണ്ട്. റബ്ബർ- പ്ലാസ്റ്റിക് വ്യവസായങ്ങളുടെ ട്രെയിനിംഗ് സെന്റർ, ഫീൽഡ് ടെസ്റ്റിംഗ് ലബോറട്ടറി എന്നിവ ചങ്ങനാശ്ശേരിയിലും കേന്ദ്ര ഗവൺമെൻറിന്റെ ഉൽപാദന, പരിശീലന കേന്ദ്രം ഏറ്റുമാനൂരിലുമുണ്ട്. റബ്കോ പാമ്പാടിയിൽ 2001 ൽ പുതിയ ഫാക്ടറി തുടങ്ങി. ഏറ്റുമാനൂരെ ജി.ഐ.പി.സി., കോട്ടയത്തെ ഫിനീക്സ് പ്ലൈവുഡ്, സ്റ്റേൻസ് രാസവളശാല എന്നിങ്ങനെ പോകുന്നു കോട്ടയത്തിന്റെ എളിയ വ്യവസായിക സംഭാവനകൾ.

14 ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലായി 134 യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഈ യൂണിറ്റുകളിലായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ആകെ തൊഴിലവസരങ്ങൾ 460 ആണ്. വരുമാനം 19.72 ലക്ഷം. സാമ്പത്തിക അവലോകനം 2016 പ്രകാരം. 2015 സെപ്റ്റംബർ മാസം വരെ ജില്ലയിൽ ആകെ 24771 (എസ്.സി-500, എസ്.ടി-187, ജനറൽ 24084) സൂക്ഷ്മ, ചെറുകിട, ഇടത്തരം യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ യൂണിറ്റുകളിൽ ഉൽപാദിപ്പിച്ച സാധനങ്ങളുടെ മൂല്യം 299029.1 ലക്ഷമാണ്. സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങൾ എണ്ണം 86983 ആണ്.

കയർ വ്യവസായം വൈക്കം താലൂക്കിലെ പ്രധാന വ്യവസായമാണ്. 34 കയർ വ്യവസായ സഹകരണ സംഘങ്ങളിലായി 6794 തൊഴിലാളികൾ ജോലി ചെയ്യുന്നു. അതുപോലെ, കൈത്തറി മേഖലയിൽ എട്ട് സഹകരണ സംഘങ്ങളിലായി 2100 ആളുകൾക്ക് തൊഴിൽ നൽകുന്നു.

റബ്ബർ ബോർഡ്, ജില്ലാ വ്യവസായ കേന്ദ്രം, കിറ്റ്കോ, സിഡ്കോ മുതലായ ഏജൻസികൾ വ്യവസായ വികസനപദ്ധതികൾ നടപ്പിലാക്കുന്നു. വാണിജ്യ നികുതി ഇളവുകൾ, മൂലധന നിക്ഷേപങ്ങൾക്കുള്ള സബ്സിഡി, പട്ടികജാതിക്കാരായ വ്യവസായ സംരംഭകർക്കുള്ള വായ്പ മുതലായവ ഇത്തരം പദ്ധതികളാണ്.

9. സ്ത്രീശാക്തീകരണം

ജില്ലയിൽ സ്ത്രീകൾ വിദ്യാഭ്യാസ രംഗത്ത് പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസരംഗത്ത് പുരുഷൻമാരേക്കാൾ യോഗ്യത നേടിയവരാണെങ്കിലും അതിനനുസരിച്ച് തൊഴിൽ രംഗത്ത് അവരുടെ പ്രാതിനിധ്യം പ്രതിഫലിക്കുന്നില്ല. കുടുംബശ്രീ പ്രവർത്തനങ്ങൾ, തൊഴിലുറപ്പ് പദ്ധതി എന്നിവ സ്ത്രീകളുടെ സാമ്പത്തിക സുരക്ഷയിൽ വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. കൂടാതെ ജില്ലയിൽ നിന്നും പ്രവാസികളായി ജോലി ചെയ്യുന്ന 71299 പേരിൽ 22585 പേർ സ്ത്രീകളാണ്. അതിൽ തന്നെ സംസ്ഥാനത്ത് നിന്നും നേഴ്സിംഗ് സേവന മേഖലയിൽ തൊഴിലെടുക്കുന്നവരിൽ 23.75% കോട്ടയം ജില്ലക്കാരാണ്. ജില്ലയിൽ ഗ്രാമീണ മേഖലയിൽ സ്വയം തൊഴിൽ സംരഭകരിൽ സ്ത്രീകളുടെ എണ്ണമാണ് കൂടുതൽ. അതുപോലെ ജില്ലയിലെ 5314 ഹൗസ്ഹോൾഡ് ഇൻഡസ്ട്രി വർക്കേഴ്സിൽ 3186 പേർ സ്ത്രീകളാണ്.

ജില്ലയിൽ രജിസ്റ്റർ ചെയ്ത 24771SSI (MSME) യൂണിറ്റുകളിൽ 6788 യൂണിറ്റുകൾ സ്ത്രീകളുടേതാണ് (27%). ജില്ലയിൽ ആകെ സ്ത്രീകളുടെ ഉടമസ്ഥതയിൽ 60504 സംരംഭങ്ങൾ ഉണ്ട്.

കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ സ്ഥിതിവിവര കണക്ക് അനുബന്ധം 1.6 ൽ സൂചിപ്പിച്ചിരിക്കുന്നു.

പൊതുമേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകളുടെ കണക്ക് (2015-16)

പട്ടിക 1.6

	കോട്ടയം			കേരളം		
	സ്ത്രീ	പുരുഷൻ	ആകെ	സ്ത്രീ	പുരുഷൻ	ആകെ
കേന്ദ്രസർക്കാർ	460	454	914	3593	17639	21232
സംസ്ഥാന സർക്കാർ	4046	4277	8323	16785	29566	46351
അർദ്ധ കേന്ദ്രസർക്കാർ	1392	2296	3688	3866	8671	12537
അർദ്ധസംസ്ഥാന സർക്കാർ	1201	682	1883	4812	32242	37054
തദ്ദേശ സ്വയംഭരണം	331	398	729	1991	3426	5417
ആകെ	7430	11107	18537	31047	91594	122641

* സ്രോതസ്സ് : ഡി.ഇ.എസ്സ് ജെൻഡർ സ്റ്റാസ്റ്റിക്സ് 2015-16

സ്ഥിതി വിവരക്കണക്കുകൾ മേൽപ്പറഞ്ഞ പ്രകാരമായിരിക്കുമ്പോൾ തന്നെ ജില്ലയിലെ ആകെ 209062 തൊഴിലന്വേഷകരിൽ 127443 (60.95%) പേർ സ്ത്രീകളാണ്.

(സ്രോതസ്സ് : ജില്ലാ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് 2013 – ജെണ്ടർ സ്റ്റാറ്റിസ്റ്റിക്സ് 2015-16)

10. ടൂറിസം

കോട്ടയം ജില്ല നദികളും കായലുകളും മലനിരകളും കൊണ്ട് അനുഗ്രഹീതമായ ഭൂപ്രകൃതിയാലും പുരാതനമായ ക്ഷേത്രങ്ങൾ, ദേവാലയങ്ങൾ, പള്ളികൾ എന്നിവയാലും വിനോദ സഞ്ചാരികളെ ആകർഷിക്കുന്നു. കോട്ടയം ജില്ലയുടെ പടിഞ്ഞാറു ഭാഗം പൂർണ്ണമായും വേമ്പനാട്ടു കായലിനോടു ചേർന്നു കിടക്കുന്ന നയന മനോഹരമായ പ്രദേശമാണ്. കുട്ടനാടിന്റെ ഭാഗമായ ഈ പ്രദേശത്തിന്റെ മനോഹാരിത ലോകമെമ്പാടുമുള്ള ടൂറിസ്റ്റുകളെ ആകർഷിക്കുന്നു. ഈ പ്രദേശത്തിന്റെ വിനോദസഞ്ചാര സാദ്ധ്യതകളെ പൂർണ്ണമായും ഉപയോഗപ്പെടുത്തുവാൻ ജില്ലയ്ക്കായിട്ടില്ല. സമുദ്ര നിരപ്പിനു താഴെയുള്ള ഈ പ്രദേശം കണ്ടൽക്കാടുകളാലും,

ആമ്പൽ പൊയ്കകൾ, മരതകപ്പച്ചയാർന്ന നെൽപ്പാടങ്ങൾ, തെങ്ങിൻ തോപ്പുകൾ എന്നിവയാലും അതിമനോഹരങ്ങളാണ്.

ഈ പ്രദേശത്തെ പ്രധാന ടൂറിസ്റ്റ് സങ്കേതമാണ് കുമരകം. വഞ്ചിവീടുകൾ കുമരകം കായലിന്റെ ആകർഷണീയതയും അലങ്കാരവുമാണ്. കുമരകം കായലിൽ എല്ലാ വർഷവും നടക്കുന്ന വള്ളംകളി പ്രസിദ്ധമാണ്. ഇല്ലിക്കൽ കല്ല്, അരുവിക്കുഴി വെള്ളച്ചാട്ടം, ഇലവീഴാ പൂഞ്ചിറ, കുരിശുമല, പൂഞ്ഞാർ കൊട്ടാരം എന്നിവയും ടൂറിസ്റ്റ് ആകർഷണ കേന്ദ്രങ്ങളാണ്. തീർത്ഥാടകരുടെ സങ്കേതങ്ങളായ എരുമേലി ശ്രീധർമ്മ ശാസ്താ ക്ഷേത്രം വാവരുടെ പള്ളി, മണർകാട് പള്ളി, ഭരണങ്ങാനം അൽഫോൻസാമ്മയുടെ കബറിടം, ഏറ്റുമാനൂർ ക്ഷേത്രം, വൈക്കം ക്ഷേത്രം, തിരുനക്കര ക്ഷേത്രം, താഴത്തങ്ങാടി ജുമാമസ്ജിദ് എന്നിവ പ്രസിദ്ധങ്ങളാണ്.

മെഡിക്കൽ ടൂറിസം രംഗത്ത് കോട്ടയത്തിന് വലിയ സാദ്ധ്യതകൾ ഉണ്ട്. ഈ രംഗത്ത് ജില്ലയിലേക്ക് കൂടുതൽ ടൂറിസ്റ്റുകൾ വരുന്നതിനും കൂടുതൽ വരുമാനം ലഭ്യമാകുന്നതിനുമായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. ഭാരതീയ ചികിത്സാ സമ്പ്രദായങ്ങളും ആധുനിക ചികിത്സാ സമ്പ്രദായങ്ങളും സംയോജിപ്പിച്ചു കൊണ്ടുള്ള നവീന ചികിത്സാ രീതികൾ ലഭ്യമാക്കുന്നതിനുള്ള ശ്രമം ഉണ്ടാവേണ്ടതുണ്ട്. ജില്ലയിൽ വിദേശത്തുനിന്നും ചികിത്സ തേടുവാൻ തക്ക വിധം 'Super Speciality Hospital' കളുടെ അഭാവം ഇന്ന് നിലവിലുണ്ട്.

ജില്ലയിൽ ആകെ 143 ഹോട്ടലുകളുണ്ട് അവയിൽ ഫൈവ് സ്റ്റാർ-2, ഫോർ സ്റ്റാർ-6ത്രീ സ്റ്റാർ-18, ടൂ സ്റ്റാർ - 2, ഹെറിറ്റേജ് -1 എന്നീ നിലവാരത്തിലുള്ളവയുമാണ്. ഗ്രാമീണ മേഖലയിലെ ചെറുകിട ഹോട്ടലുകൾ ധാരാളമായുണ്ട്.

സംസ്ഥാനത്ത് നടപ്പിലാക്കിയ ഉത്തരവാദിത്വ ടൂറിസം പദ്ധതിയിൽപ്പെടുത്തിയ കുമരകത്തിനാണ് കേന്ദ്രവിനോദ സഞ്ചാര മന്ത്രാലയത്തിന്റെ ഏറ്റവും മികച്ച ഗ്രാമീണ വിനോദ സഞ്ചാര കേന്ദ്രത്തിനുള്ള അവാർഡ് ലഭിച്ചത്.

ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്ന ഉത്തരവാദിത്വ വിനോദ സഞ്ചാര പദ്ധതിയായ Pepper (People participation for participatory planning and empowerment through responsible) Tourism സംസ്ഥാനത്ത് ആദ്യമായി ജില്ലയിലെ വൈക്കത്താണ് നടപ്പാക്കുന്നത്.

ടൂറിസം സ്ഥിതിവിവരങ്ങൾ

പട്ടിക 1.7

വർഷം	കോട്ടയം			കേരളം		
	വിദേശി	സ്വദേശി	ആകെ	വിദേശി	സ്വദേശി	ആകെ
2007	27358	189411	216769	515808	6642941	7158749
2008	27230	230831	258061	598929	7591250	8190179
2009	24623	274828	299451	557258	7913537	8470795
2010	32561	301599	334160	659265	8595075	9254340
2011	37573	334747	372320	732985	9381455	10114440
2012	40926	354270	395196	793696	10076904	10870600
2013	40932	382197	423129	858143	10857811	11715954
2014	44366	413182	457548	923366	11695411	12618777
2015	49976	458101	508077	977479	12465571	13443050
2016	49513	477950	527463	1038419	13172535	14210954

ചിത്രം 1.5

പഞ്ചായത്ത് തിരിച്ചുള്ള അംഗൻവാടികളുടെ എണ്ണം അനുബന്ധം 1.7 ൽ സൂചിപ്പിച്ചിരിക്കുന്നു.

ജനസംഖ്യാ അവലോകനം

2011 സെൻസസ് പ്രകാരം കോട്ടയം ജില്ലയിലെ ആകെ ജനസംഖ്യ 1974551 ആണ്. ഇതിൽ 49% (968289) പുരുഷൻമാരും 51% (1006262) സ്ത്രീകളുമാണ്. ജില്ലയിലെ ജനസംഖ്യ കേരളത്തിലെ ജനസംഖയുടെ 5.9% ആണ്. 2001 സെൻസസ് പ്രകാരം ജില്ലയിൽ ആകെയുണ്ടായിരുന്ന 1953646 പേരിൽ 964926 പേർ പുരുഷൻമാരും (49%) 988720 പേർ (51%) സ്ത്രീകളുമാണ്. 1.07 ശതമാനമാണ് ആണ് ജനസംഖ്യയുടെ ദശാബ്ദ വളർച്ചാനിരക്ക്. അതേസമയം കേരളത്തിലേത് 4.9 ശതമാനമാണ്.

ജനസംഖ്യാ വിവരങ്ങൾ

പട്ടിക 1.8

	വിവരങ്ങൾ		2001	2011
1	ആകെ ജനസംഖ്യ		1953646	1974551
	1	സ്ത്രീകൾ	988720	1006262
	2	പുരുഷൻമാർ	964926	968289
2	ജനസാന്ദ്രത		885	895
3	പതിറ്റാണ്ടിലെ ജനസംഖ്യവർദ്ധനവ്		6.86	1.07
	1	സ്ത്രീകൾ	8.01	1.77
	2	പുരുഷൻമാർ	5.7	0.35
4	ഗ്രാമം		1653838	1409158
	1	സ്ത്രീകൾ	836019	716485
	2	പുരുഷൻമാർ	817819	692673
	3	ഗ്രാമജനസംഖ്യാനുപാതം	84.65	71.37
5	നഗരം		299808	565393
	1	സ്ത്രീകൾ	152701	289777
	2	പുരുഷൻമാർ	147107	275616
	3	നഗരജനസംഖ്യാനുപാതം	15.35	28.63
6	കുട്ടികളുടെ ജനസംഖ്യ (06 വയസ്സ്)		212622	174486
	1	ആൺകുട്ടികൾ	108358	88823
	2.	പെൺകുട്ടികൾ	104264	85663
	3	കുട്ടികളുടെകുട്ടിശതമാനം	10.88	8.84
7	ഗ്രാമം		180101	125143
	1	ആൺകുട്ടികൾ	91917	63745
	2	പെൺകുട്ടികൾ	88184	61398
	3	കുട്ടികളുടെ കുട്ടിശതമാനം	10.89	8.88
8	നഗരം		32521	49343
	1	ആൺകുട്ടികൾ	16441	25078
	2	പെൺകുട്ടികൾ	16080	24265
	3	കുട്ടികളുടെകുട്ടിശതമാനം	10.85	8.72
9	സ്ത്രീ പുരുഷ അനുപാതം		1025	1039
	1	ഗ്രാമം	1022	1034
	2	നഗരം	1038	1051
10	കുട്ടികളുടെ ആൺ പെൺ അനുപാതം		962	964
	1	ഗ്രാമം	959	963
	2	നഗരം	978	968
11	സാക്ഷരത നിരക്ക്		95.82	97.2
	1	ഗ്രാമം	95.82	97.48
	2	നഗരം	95.8	97.01
	3	സ്ത്രീകൾ	94.35	96.48
	4	പുരുഷൻമാർ	97.34	97.47

ജില്ലയിലെ പത്ത് ദശകത്തിലെ ജനസംഖ്യാ വളർച്ചാനിരക്ക് താഴെ കെടുക്കുന്നു.

ചിത്രം 1.6

ആകെ ജനസംഖ്യയുടെ 71% ഗ്രാമപ്രദേശങ്ങളിലാണ് വസിക്കുന്നത്. ജില്ലയിൽ നഗര ഗ്രാമ പ്രദേശങ്ങളിൽ വസിക്കുന്നവരുടെ എണ്ണം (2011 ലെ സെൻസസ് പ്രകാരം) ചുവടെ ചേർക്കുന്നു.

പട്ടിക 1.9

പ്രദേശം	പുരുഷൻമാർ	സ്ത്രീകൾ	ആകെ
ഗ്രാമം	692673	716485	1409158
നഗരം	275616	289777	565393

ചിത്രം 1.7

ആകെ ജനസംഖ്യയിൽ പട്ടികജാതി ജനസംഖ്യ 153909 ഉം പട്ടിക വർഗ്ഗ ജനസംഖ്യ 31972 ഉം ആണ്. സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് നടത്തിയ പ്രവാസി സർവ്വെ 2013 പ്രകാരം കോട്ടയം ജില്ലയിൽ 75,953 പേർ പ്രവാസികളായിട്ടുണ്ട്.

3 പ്രായവിഭാഗ ജനസംഖ്യാ വിശകലനം

2011 സെൻസസ് പ്രകാരം ജില്ലയിലെ കുട്ടികളുടെ (0-6 വയസ്സ്) എണ്ണം 174486 ആണ്. ഇത് ആകെ ജനസംഖ്യയുടെ 8.83% ആണ്. 2001 സെൻസസ് പ്രകാരം ജില്ലയിലെ കുട്ടികളുടെ എണ്ണം 212622 ആയിരുന്നു. കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നതായി കാണാം. 2001 സെൻസസ് പ്രകാരം ജില്ലയിലെ ആകെ

ജനസംഖ്യയുടെ 10.88% കുട്ടികളാണ്. കേരളത്തിൽ കുട്ടികളുടെ ജനസംഖ്യ കുറഞ്ഞു വരുന്ന പ്രവണതയാണ് സെൻസസ് കാണിക്കുന്നത്. ജില്ലയുടെ ജനസംഖ്യയിൽ 15.8% പേർ 60 വയസ്സിനു മുകളിലുള്ളവരാണ്. കേരളത്തിൽ ഇത് 12.55% ആണ്. വിവിധ പ്രായവിഭാഗങ്ങളിലായുള്ള ജനസംഖ്യ ഘടന താഴെ ചാർട്ടിൽ നിന്നും മനസ്സിലാക്കാം.

ചിത്രം 1.8

തൊഴിലെടുക്കാൻ ശേഷിയുള്ള 15 നും 60 നും ഇടയ്ക്കുള്ള ജനസംഖ്യ ജില്ലയിൽ 63.25% ആണ് എന്നത് സാമ്പത്തിക അഭിവൃദ്ധിക്ക് അനുകൂലമാണ്. അതിൽ തന്നെ 20.14% ആളുകൾ 15-29 പ്രായ വിഭാഗത്തിൽ പെടുന്നവരാണ്. മനുഷ്യ വിഭവശേഷി വേണ്ട വിധം ഉപയോഗിക്കുവാൻ കഴിയുന്ന പദ്ധതികൾ ആവിഷ്കരിക്കാൻ കഴിഞ്ഞാൽ അത് ജില്ലയുടെ വികസനത്തിന് മുതൽക്കൂട്ടാകും.

4. സ്ത്രീ പുരുഷ അനുപാതം

2001 സെൻസസുമായി താരതമ്യം ചെയ്യുമ്പോൾ കോട്ടയം ജില്ലയിലെ സ്ത്രീ പുരുഷ അനുപാതം (ആയിരം പുരുഷൻമാർക്ക് സ്ത്രീകളുടെ എണ്ണം) 14 പോയിൻറ് വർദ്ധിച്ച് 2011 ൽ 1039 എത്തി.

കേരളത്തിലെ ഏറ്റവും കൂടിയ സ്ത്രീ പുരുഷ അനുപാതമുള്ള കണ്ണൂർ (1136) ജില്ലയെക്കാളും 97 പോയിന്റ് കുറവാണ് കോട്ടയത്തിന്റെത്.

കേരളത്തിലേയും കോട്ടയം ജില്ലയുടേയും കഴിഞ്ഞ 10 സെൻസസിന്റെ സ്ത്രീ പുരുഷ അനുപാതത്തിന്റെ ഒരു താരതമ്യ പഠനം താഴെ കൊടുക്കുന്നു.

ചിത്രം 1.9

സ്ത്രീ പുരുഷാനുപാതം പത്തു ദശാബ്ദങ്ങളിൽ

പട്ടിക 1.10

വർഷം	1921	1931	1941	1951	1961	1971	1981	1991	2001	2011
കോട്ടയം	947	966	966	987	988	991	1001	1003	1025	1039
കേരളം	1011	1022	1027	1028	1022	1016	1032	1036	1058	1084

5. മറുനാടൻ കുടിയേറ്റം

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ കേരളത്തിൽ നിന്നും തൊഴിൽ നേടി മറ്റു സംസ്ഥാനങ്ങളിലേക്ക് കുടിയേറുന്ന പ്രവണത ഏറിവന്നു. ചെന്നൈ, മുംബൈ, ബാംഗ്ലൂർ, അഹമ്മദാബാദ്, ഡൽഹി തുടങ്ങിയ വഴി നഗരങ്ങളിലേക്ക് ധാരാളം മലയാളികൾ കുടിയേറിയ കൂട്ടത്തിൽ ജില്ലയിൽ നിന്നുള്ളവരും ഉൾപ്പെട്ടിരുന്നു. 2013 ലെ കണക്ക് പ്രകാരം 33276 പേർ ജില്ലയിൽ നിന്നും ഈ സംസ്ഥാനങ്ങളിലേക്ക് കുടിയേറിയിട്ടുണ്ട്. അതിൽ 16811 പേർ (60.43%) സ്ത്രീകളാണ്.

പട്ടിക 1.11

കുടിയേറിയ സംസ്ഥാനങ്ങളുടെ പേര്							
കർണാടകം	തമിഴ് നാട്	മഹാ രാഷ്ട്ര	ആന്ധ്രാ	ഗുജറാത്ത്	കേന്ദ്രഭരണപ്രദേശങ്ങൾ	മറ്റുള്ളവ	ആകെ
9232	4601	3986	3090	1385	5776	5206	33276

* Reports on Migrants and Return migrants 2013 – DES, TVM.

6. കുടിയേറ്റം വിദേശ രാജ്യങ്ങളിലേക്ക്

പ്രവാസി മലയാളികൾ നാടിന്റെ പുരോഗതിയിൽ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. ലോകം മുഴുവൻ കേരളത്തിൽ നിന്നുള്ള മലയാളികൾ വ്യാപിച്ചുകിടക്കുന്നു. ആകെയുള്ള പ്രവാസികളുടെ 5% കോട്ടയം ജില്ലക്കാരാണ്. കോട്ടയം ജില്ലയിൽ നിന്നും വിദേശ മലയാളികളിൽ 31.68% സ്ത്രീകളാണ്.

കോട്ടയം ജില്ലയിൽ നിന്നുള്ള പ്രവാസികളിൽ നഴ്സുമാർ ഒന്നാം സ്ഥാനത്തും (23.73%), ഡോക്ടർമാർ (14.38%) രണ്ടാം സ്ഥാനത്തുമാണ്.

ജില്ലയിൽ പഞ്ചായത്ത് തിരിച്ചുള്ള പ്രവാസി മലയാളികളുടെ എണ്ണം അനുബന്ധം 1.8ൽ സൂചിപ്പിച്ചിരിക്കുന്നു.

ലിംഗാടിസ്ഥാനത്തിൽ രാജ്യം തിരിച്ചുള്ള പ്രവാസികളുടെ എണ്ണം അനുബന്ധം 1.9 ൽ സൂചിപ്പിച്ചിരിക്കുന്നു.

തൊഴിൽ തിരിച്ചുള്ള പ്രവാസികളുടെ എണ്ണം അനുബന്ധം 1.10 ൽ സൂചിപ്പിച്ചിരിക്കുന്നു.

കോട്ടയം ജില്ലയിലെ കുടിയേറ്റ വിവരങ്ങൾ (1998-2014) അനുബന്ധം : 1.11 ൽ ചേർക്കുന്നു.

അദ്ധ്യായം 2

വിഭവലഭ്യത

2.1 പ്രകൃതി വിഭവം

പ്രകൃതി- മനുഷ്യ-വിഭവങ്ങളാൽ അനുഗ്രഹീതമാണ് കോട്ടയം ജില്ല. ഉയർന്ന സാക്ഷരതാ നിരക്കും, ആരോഗ്യ നിലവാരവും, പ്രകൃതി വിഭവങ്ങളും, വികസന സാധ്യതകളും വികസന ഭൂപടത്തിൽ കോട്ടയം ജില്ലയ്ക്ക് സവിശേഷമായ സ്ഥാനമാണ് നൽകിയിരിക്കുന്നത്. ലഭ്യമായ വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗത്തിലൂടെ മാത്രമേ സാമൂഹിക നീതി ഉറപ്പാക്കിക്കൊണ്ടുള്ള സുസ്ഥിര വികസനം എന്ന ലക്ഷ്യപ്രാപ്തിയിലേക്ക് എത്തിക്കുവാൻ സാധിക്കുകയുള്ളൂ.

പ്രകൃതിവിഭവങ്ങൾ കനിഞ്ഞനുഗ്രഹിച്ച നാടാണ് നമ്മുടെ കേരളം. ഭൂസവിശേഷതകളായ കുന്ന്, ചരിവ്, താഴ്വര, ഫലഭൂയിഷ്ടമായ മണ്ണ്, 44 നദികൾ, ജലാശയങ്ങൾ എന്നിവയാലെല്ലാം സമൃദ്ധമാണ് നമ്മുടെ നാട്.

മനോഹരമായ കായൽത്തീരവും നിബിഡമായ പാടശേഖരങ്ങളും മലനാടുകളും, കുന്നുകളും, താഴ്വാരങ്ങളും വിപുലമായ റബ്ബർതോട്ടങ്ങളും, ഐതിഹ്യം നിറഞ്ഞ സ്ഥലങ്ങളും, പൂർണ്ണമായും സാക്ഷരത നേടിയ ജനങ്ങളും കോട്ടയം ജില്ലയെ കേരളത്തിന്റെ തനി പകർപ്പാക്കി മാറ്റുന്നു.

ചിത്രം 2.1.1

ജില്ലയ്ക്ക്, ഉയർന്ന കുന്നിൻ പ്രദേശങ്ങളും സമുദ്രനിരപ്പിൽ നിന്നും താഴ്ന്ന പ്രദേശങ്ങളും ഉണ്ട്. പ്രാദേശിക വ്യത്യാസമനുസരിച്ച് പല തരത്തിലുള്ള ഭക്ഷ്യവിളകളും നാണ്യവിളകളും ജില്ലയിൽ കൃഷി ചെയ്യുന്നു. വൈക്കം, അപ്പർ കുട്ടനാട് എന്നിങ്ങനെയുള്ള താഴ്ന്ന പ്രദേശങ്ങളിൽ പ്രധാനമായും നെൽകൃഷി നടത്തുന്നു. പാലക്കാട്, ആലപ്പുഴ എന്നീ ജില്ലകൾക്ക് പിന്നിലായി, മൂന്നാം സ്ഥാനമാണ് നെല്ലുൽപ്പാദനത്തിൽ ജില്ലയ്ക്കുള്ളത്.

നിർഭാഗ്യവശാൽ നെൽകൃഷിക്ക് പകരമായി നാണ്യവിളയായ റബ്ബർ മേൽക്കോയ്മ നേടിയിട്ടുണ്ട്. റബർ കൃഷിക്ക് അനുകൂലമായ കാലാവസ്ഥയായതിനാലും സ്ഥിരമായ വരുമാനം ലഭ്യമാകുന്നതിനാലും ജനങ്ങൾ കൂടുതലായും റബർകൃഷിയിലേക്ക് തിരിയുകയാണുണ്ടായത്. 5 താലൂക്കുകളിൽ, കോട്ടയം, ചങ്ങനാശേരി, വൈക്കം താലൂക്കുകൾ താഴ്ന്ന പ്രദേശങ്ങളിൽ ഉൾപ്പെടുന്നു. മധ്യനിരയിൽപെട്ട പ്രദേശങ്ങളിൽ, മേൽ താലൂക്കുകളുടെ ഉയർന്ന പ്രദേശങ്ങളും മീനച്ചിൽ കാഞ്ഞിരപ്പള്ളി താലൂക്കുകളും ഉൾപ്പെടുന്നു. ഈ പ്രദേശങ്ങൾ വളരെ ഫലഭൂയിഷ്ടമായ പ്രദേശങ്ങളാണ്. ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളിലും മധ്യനിരയിലും റബ്ബർ ആണ് പ്രധാന വിള.എങ്കിലും തെങ്ങ്, കപ്പ, കുരുമുളക്, വാഴ, പൈനാപ്പിൾ എന്നിവയും കൃഷി ചെയ്യുന്നു. പടിഞ്ഞാറൻ ഭാഗങ്ങളിൽ നെല്ല്, തെങ്ങ് എന്നിവയാണ് പ്രധാനവിളകൾ. വാഴകൃഷിയും ചെയ്യുന്നു. വിദ്യാഭ്യാസപരമായി ഉന്നതിയുള്ള ജില്ലയാണെങ്കിലും പ്രധാന തൊഴിലധിഷ്ഠിത വ്യവസായങ്ങളൊന്നും ജില്ലയിൽ ഇല്ല.

കേരളത്തിലെ പ്രധാന തടാകമായ വേമ്പനാട് കായൽ ജില്ലയുടെ പടിഞ്ഞാറൻ അതിർത്തി പങ്കിടുകയും ജില്ലയിൽ ഉൾനാടൻ ഗതാഗത സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. കക്കയുടെ ഒരു പ്രധാന ഉറവിടമായ വേമ്പനാട് കായൽ വിവിധ ഇനം നാടൻ മത്സ്യങ്ങളുടെയും ആവാസ വ്യവസ്ഥ കൂടിയാണ്. പ്രധാന ടൂറിസം സെന്ററായ കുമരകം, വേമ്പനാട് കായലിന്റെ തീരത്ത് സ്ഥിതി ചെയ്യുന്നു. കായലിന്റെ 12 കി.മി തീരത്തായി സ്ഥിതി ചെയ്യുന്ന കുമരകത്തെ പക്ഷീസങ്കേതം പ്രസിദ്ധമാണ്.

കോട്ടയം ജില്ലാ ഭൂപടം

ചിത്രം 2.1.2

പൊതുഭൂമിശാസ്ത്രം

ഉത്തര അക്ഷാംശം $9^0$15 മിനിറ്റിനും 10^0 21 മിനിറ്റിനും പൂർവ്വരേഖാംശം 76^0 22 മിനിറ്റിനും 77^0 25 മിനിറ്റിനും ഉള്ളിലായി സ്ഥിതി ചെയ്യുന്ന കോട്ടയം ജില്ല, പശ്ചിമഘട്ടത്തിനും വേമ്പനാട് കായലിനും മധ്യത്തിലായി 2206 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്നു. വടക്ക് എറണാകുളം ജില്ലയും വടക്ക് കിഴക്കായി ഇടുക്കി ജില്ലയും പടിഞ്ഞാറ് ആലപ്പുഴയും തെക്ക് കിഴക്ക് പത്തനംതിട്ട ജില്ലയും അതിർത്തി പങ്കിടുന്നു. തീരപ്രദേശമില്ലാത്ത കേരളത്തിലെ ജില്ലകളിൽ ഒന്നാണ് കോട്ടയം. കോട്ടയം ജില്ലയ്ക്ക് ഉയർന്ന പർവ്വതനിരകളും സമുദ്രനിരപ്പിൽ നിന്നും താഴ്ന്ന പ്രദേശങ്ങളും വൈവിദ്ധ്യങ്ങൾ നൽകുന്നു. സമുദ്രനിരപ്പിനു താഴെ 398.30 ഹെക്ടർ വിസ്തൃതിയിൽ താഴ്ന്ന പ്രദേശങ്ങൾ വ്യാപിച്ചു കിടക്കുന്നു. 1287.78 ഹെക്ടർ വിസ്തൃതിയിൽ, പ്രാദേശീക വിസ്തീർണ്ണം കൂടുതലുള്ള മദ്ധ്യനിരയിൽപെട്ട പ്രദേശങ്ങൾ, സമുദ്രനിരപ്പിൽ നിന്നും 7.5 മീറ്റർ മുതൽ 75 മീറ്റർ വരെ ഉയരത്തിൽ വ്യാപിച്ചിട്ടുണ്ട്. സമുദ്രനിരപ്പിൽ നിന്നും 75മീറ്ററിലധികം ഉയരത്തിലായി 509.33 ഹെക്ടർ വിസ്തൃതിയിൽ കോട്ടയം ജില്ലയിലെ ഉയർന്ന പ്രദേശങ്ങളും സ്ഥിതി ചെയ്യുന്നു. ഫലഭൂയിഷ്ടമായ മണ്ണ്, ജലാശയങ്ങൾ എന്നിവയാലെല്ലാം സംപുഷ്ടമാണ് നമ്മുടെ ജില്ല. എന്നാൽ പ്രകൃതി കനിഞ്ഞ് നൽകിയിരിക്കുന്ന ഈ സമ്പത്ത് മാറിക്കൊണ്ടിരിക്കുന്ന ജീവിതശൈലികൊണ്ട് നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുകയാണ്.

ഉപരിതല സവിശേഷതകൾ

ഭൗതികപരമായി ജില്ലയെ കൃത്യമായ മൂന്ന് തലങ്ങളായി കിഴക്കുനിന്നും പടിഞ്ഞാറോട്ട് വിഭജിച്ചിരിക്കുന്നു.

1) പടിഞ്ഞാറുഭാഗത്തുള്ള നദീജന്യമായ താഴ്ന്ന പ്രദേശങ്ങൾ.
2) കിഴക്കോട്ട് ഉയർന്ന ചരിവുകളുള്ള ലാറ്ററൈറ്റ് നിറഞ്ഞ മദ്ധ്യ നിരപ്രദേശങ്ങൾ.
3) കിഴക്കുഭാഗത്തുള്ള മലനിരകളും ഉയർന്ന കുന്നിൻ ചരുവുകളും

മണ്ണിന്റെ ഘനമുള്ള ആവരണമുള്ളതിനാൽ നാണ്യവിളകളെല്ലാം നന്നായി വിളയുന്നു. മൂവാറ്റുപുഴ, പമ്പ നദികളുടെ വെള്ളക്കെട്ടു പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന താഴ്ന്ന പ്രദേശങ്ങളിൽ കട്ടിയേറിയ എക്കലിന്റെ അവശിഷ്ടങ്ങളുണ്ട്. ഫലഭൂയിഷ്ടമായ ഈ പ്രദേശം നെൽകൃഷിക്ക് വളരെ അനുയോജ്യമാണ്. കിഴക്കുഭാഗത്തുള്ള

ഉയർന്ന മലനിരകളിൽ നേരിയ തോതിൽ കാണപ്പെടുന്ന വനമണ്ണിൽ തോട്ടവിളകൾ കൃഷി ചെയ്യുന്നു. ജില്ലയിലെ ഏറ്റവുമുയർന്ന പ്രദേശം കുരിശുമുടി ആണ്.

ചിത്രം 2.1..3

Geomorphology of Kottayam. ***(Source: District Resource map, Kottayam district, Geological Survey of India)***

ചിത്രം 2.1..4

ഭൂഗർഭ സവിശേഷതകൾ

കിഴക്കൻ പ്രദേശങ്ങൾ ഭൗമാരംഭകാലത്തെ പ്രീകാംപ്രിയൻപാറക്കെട്ടുകൾ നിറഞ്ഞ കുന്നിൻ പ്രദേശങ്ങളാണ്. മധ്യഭാഗം ലിഗ്നൈറ്റ് ഉള്ള മൂന്നാംഘട്ട അവശിഷ്ടങ്ങൾ (Tertiary Sediments) അടിഞ്ഞു കൂടിയ താഴ്ന്ന സമതല പ്രദേശമാണ്. ഇതിന്റെ തുടർച്ചയായി പടിഞ്ഞാറൻപ്രദേശങ്ങൾ, നാലാംഘട്ടരൂപീകരണത്തിന്റെ (Quarter nary Formations) ഭാഗമായതോ നദീജന്യങ്ങളോ (Fluvial), സമുദ്രജന്യങ്ങളോ (marine) ആയ അവശിഷ്ടങ്ങൾ അടിഞ്ഞുകൂടിയ താഴ്ന്ന പരന്ന പ്രദേശങ്ങളാണ്.

ചാർണോക്കൈറ്റ് ഗ്രൂപ്പിൽപെട്ട ചാർനോക്കൈറ്റ്, ചാർനോക്കൈറ്റ് ഗ്നീസ് (Charnokitte Gneiss), ഡയോപ്സൈഡ് ഗ്നീസ് (Diopside Gneiss)എന്നിവയാണ് പ്രാദേശികമായി പ്രധാന ഭാഗങ്ങളിലും കാണപ്പെടുന്ന പാറക്കെട്ടുകൾ.

കിഴക്കൻ അതിർത്തികളിലും ഏറ്റുമാനൂരിന്റെ പടിഞ്ഞാറൻ ഭാഗത്തും വളരെ ചെറിയ പരിധിയിൽ മിഗ്മാറൈറ്റ് കോപ്ലക്സ് കളുള്ള ബയോടൈറ്റ് ഗ്നീസിസും കാണപ്പെടുന്നു. തെക്ക് പടിഞ്ഞാറൻ പ്രദേശങ്ങളിൽ രണ്ടും കിഴക്കൻ പ്രദേശത്ത് ഒന്നുമായി 3 പ്രധാന ഗ്രാനൈറ്റ് ശേഖരങ്ങൾ സ്ഥിതി ചെയ്യുന്നു.

മധ്യഭാഗത്തും കിഴക്കൻ ഭാഗങ്ങളിലും പഴക്കം ചെന്ന അടിസ്ഥാന ശിലകളിലേക്ക് കടന്നുകയറി ധാരാളം ഡോളറൈറ്റും ഗാബ്രോഡൈക്ക്സും വടക്ക് പടിഞ്ഞാറ് മുതൽ തെക്ക് കിഴക്ക് വരെ ട്രന്റ് കാണിക്കുന്നു. ഒരു പ്രധാന ഗാബ്രോഡൈക്ക്സ് വടക്ക് നിന്നും തെക്കോട്ട് NNW -SSE trends ൽ നീണ്ട് കിടക്കുന്നു. മണൽ, ലിഗ്നൈറ്റ് ചേർന്ന മണ്ണ് എന്നിവ ചേർന്ന മൂന്നാംഘട്ട അവശിഷ്ടങ്ങൾ, ചെറിയ ചെറിയ കൂട്ടങ്ങൾ ആയി പടിഞ്ഞാറുഭാഗത്ത് ശേഖരിക്കപ്പെട്ടിട്ടുണ്ട്.

ആർക്കിയനും ടെറിട്ടറിയനുമായ പാറകൾ ലാറ്ററൈസ് ചെയ്യപ്പെട്ടിരിക്കുന്നു. പടിഞ്ഞാറേക്ക് നാലാംഘട്ട എക്കൽ നിക്ഷേപം സ്ഥിതി ചെയ്യുന്നു. അവയെ ഉപരിതല ഭൂപ്രകൃതി അനുസരിച്ച് വിവിധങ്ങളായ മോർഫോ സ്ട്രാറ്റി ഗ്രാഫിക് (morpho strati graphic) യൂണിറ്റ് ആയി തിരിച്ചിരിക്കുന്നു. അവ ഗുരുവായൂർ ഫോർമേഷൻസ്, (Guruvayoor formation (palaeo marine)), പെരിയാർ ഫോർമേഷൻസ്, (periyar formatiions (fluvial)), വീയെം ഫോർമേഷൻസ്, (Viyyam formation- (Fluvio -marine))എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു.

ചിത്രം 2.1.5

മൺതരങ്ങൾ

ഭൂപ്രകൃതിയുടെ വ്യത്യാസങ്ങൾ മഴ, ഊഷ്മാവ്, മാറിമാറി വരുന്ന വരണ്ടതും ഈർപ്പമുള്ളതുമായ കാലാവസ്ഥ, ടോപോ ലിത്തോ ബ്ളാക്ക്, എന്നിവ ജൈവ വൈവിധ്യങ്ങൾക്കും ജില്ലയിലെ വൈവിധ്യമാർന്ന മണ്ണിനങ്ങളുടെ രൂപീകരണത്തിന് കാരണമായിട്ടുണ്ട്.

നദികളുടെ ഒഴുക്ക് മൂലം അടിഞ്ഞുകൂടുന്ന മണ്ണാണ് മിക്സഡ് അലൂവിയം. തീരത്തോട് ചേർന്ന പ്രദേശത്തും അപ്പർ കുട്ടനാട് ഏരിയായിലുമാണ് മിക്സഡ് അലൂവിയം സോയിൽ കണ്ടുവരുന്നത്. ഭൂഗർഭ ജലവാഹകശേഷി വളരെ കൂടുതലാണ്. മഴക്കാലത്ത് വെള്ളം മുകളിലേക്ക് എത്തുന്നു. നേരിയ ചാരനിറം മുതൽ ഡാർക്ക് ബ്രൗൺ വരെ നിറവ്യത്യാസത്തിലുള്ള മണ്ണിൽ നെല്ല്, വാഴ, കപ്പ തുടങ്ങിയ എല്ലാ വാർഷിക സീസണൽ വിളകളും കൃഷി ചെയ്യാവുന്നതാണ്.

തീരദേശത്തോടടുത്ത മണൽപ്രദേശങ്ങൾക്ക് സമീപമായാണ് മിക്സഡ് അലുവിയം മണ്ണുകൾ കാണപ്പെടുന്നത്. കോട്ടയം ജില്ലയിലെ വൈക്കം താലൂക്ക്, കോട്ടയം ചങ്ങനാശേരി താലൂക്കുകളുടെ പടിഞ്ഞാറൻ ഭാഗങ്ങൾ എന്നിവിടങ്ങളിൽ അലുവോയിൽ മണ്ണ് കാണപ്പെടുന്നു.

ചങ്ങനാശേരി, കോട്ടയം താലൂക്കുകളുടെ കിഴക്കൻ പ്രദേശങ്ങൾ, കാഞ്ഞിരപ്പള്ളി മീനച്ചിൽ താലൂക്കുകൾ എന്നിവിടങ്ങളിൽ ലാറ്ററൈറ്റ് സോയിലും കാണപ്പെടുന്നു.

ചിത്രം 2.1.6

ജില്ലയിലെ വിവിധ മണ്ണിനങ്ങൾ

ജില്ലയെ മലനാട്, ഇടനാട് തീരപ്രദേശം എന്നീ 3 ഭൂവിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു. പാറക്കൂട്ടങ്ങളോടു കൂടിയതും സസ്യപോഷണങ്ങളാൽ സമ്പന്നവുമായ വന മണ്ണ് മുതൽ അമ്ലപൂരിതമായ കുട്ടനാടൻ മണ്ണിനങ്ങൾ വരെയുള്ള ചുരുക്കം ചില ജില്ലകളിൽ ഒന്നാണ് കോട്ടയം. ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ വിവിധ ചേരുവകൾ ഉൾക്കൊള്ളുന്ന മണ്ണാണ് കണ്ടുവരുന്നത്. പ്രധാനമായും ഉയരവ്യത്യാസമനുസരിച്ച് മണ്ണിന്റെ ഘടന മാറിക്കൊണ്ടിരിക്കുന്നു.

ജില്ലയിലെ ഏറ്റവും താഴ്ന്ന സ്ഥലങ്ങളായ കുട്ടനാടൻ നെൽപ്പാടങ്ങളിൽ കാണുന്ന ഇനങ്ങളാണ് ചങ്ങനാശ്ശേരി, കുറിച്ചി, ചമ്പക്കുളം, മാഞ്ഞൂർ, വെച്ചൂർ, മുളളുർ, തകഴി എന്നിവിടങ്ങളിലും മുഖ്യമായും ചെളിനിറഞ്ഞ് വെള്ളക്കെട്ടോടുകൂടി കാണുന്ന ഈ മണ്ണിനങ്ങളിൽ നെല്ല് മാത്രമേ യോജിച്ച വിളയാവുകയുള്ളു. ഏറെക്കുറെ ജൈവസമൃദ്ധമായ ഈ മണ്ണിനങ്ങളിൽ നീർവാഴ്ച, അമ്ലത, എന്നിവയാണ് മുഖ്യമായ കുറവുകൾ.ചില തരങ്ങളിൽ

തടിയുടെ അംശം അടിഭാഗത്ത് കാണുമ്പോൾ, കക്കതോടുകളാൽ സമൃദ്ധമാണ് കായലരികത്ത് കാണുന്ന ഇനങ്ങൾ. വൈക്കം ഭാഗത്ത് പൊടിമണൽ അധികരിക്കുകയും വേനലിൽ ഉപ്പ് കയറുന്ന രീതിയും കാണുന്നുണ്ട്.

മലനാട്ടിലും, ഇടനാട്ടിലും ഉള്ള തോടുകൾക്കും നദികൾക്കും സമീപം നെൽകൃഷിക്ക് അനുയോജ്യമായ എക്കൽ മണ്ണുനിറഞ്ഞ പാടങ്ങൾ കാണപ്പെടുന്നു. ഇഷ്ടികനിർമ്മാണത്തിന് അനുയോജ്യമായ ഇത്തരം മണ്ണുകളാണ് ഇടനാടിന്റെ ധാന്യകലവറകളായി കാണപ്പെടുന്നത്. മുഖ്യമായും നെല്ലുകൃഷി ചെയ്യപ്പെടുന്ന, ഈ മണ്ണിനങ്ങൾ, ഇപ്പോൾ വാഴ, കവുങ്ങ് , പച്ചക്കറികൾ എന്നീ വിളകൾക്കു വഴി മാറികൊടുത്തിരിക്കുന്നു. നദീതീര ഏക്കൽ മണ്ണുകളെ അവയുടെ സൂക്ഷ്മ അവലോകനത്തിലൂടെ പറാമ്പുഴ, മാറാടി, വാഴക്കുളം സീരിസുകളായാണ് തരം തിരിച്ചിരിക്കുന്നത്.

ഇതിനു തൊട്ടുമുകളിലായി കേരളത്തിന്റെ തെക്കു നിന്നും വടക്കു ഭാഗത്തേക്കു പോകുന്ന വെട്ടുകല്ല് ശൃംഖല സ്ഥിതി ചെയ്യുന്നു. കോട്ടയം ജില്ലയിൽ വെട്ടിയെടുക്കാൻ പാകത്തിലുള്ളത്, വളരെ കടുപ്പമേറിയത്, ചീകൽപാറയോടു കൂടിയത് എന്നീ മൂന്നുതരം വെട്ടുകൽ മണ്ണുകളാണുള്ളത്. ഇവ പ്രധാനമായും ഗ്രാവലോടുകൂടിയ ശുഷ്കപോഷണ മണ്ണിനങ്ങളാണ്. ഉയർന്ന അമ്ലത, കുറഞ്ഞ ജൈവാംശം എന്നിവ ഇവയുടെ പ്രത്യേകതകളാണ്, തെങ്ങ്, റബ്ബർ, വാഴ മുതലായവയാണ് ഈ സ്ഥലങ്ങളിൽ കൂടുതലായി കൃഷി ചെയ്യുന്നത്.

വെട്ടുകൽ ബെൽറ്റിനു തൊട്ടുമുകളിലായി ഇടനാടിന്റെ കിഴക്കൻ ഭാഗങ്ങളിൽ വ്യാപകമായി കാണപ്പെടുന്ന ഇനങ്ങളാണ് പാമ്പാടി, കുരോപ്പട, ചിറക്കടവ് ഇനങ്ങൾ. പാറയിൽ നിന്നും രൂപാന്തരം പ്രാപിച്ച ഇത്തരം മണ്ണുകൾ നല്ല താഴ്ചയിൽ സ്ഥിതിചെയ്യുന്നു. കോട്ടയത്തെ റബ്ബർ കൃഷിയുടെ സിംഹഭാഹവും ഇത്തരം മണ്ണിലാണുള്ളത്. ജാതി, കൊക്കോ, അടക്ക, കുരുമുളക് എന്നിവയും സമൃദ്ധമായി വളരുന്നു.

കോട്ടയം ജില്ലയിലെ ഏറ്റവും ഉയർന്ന പ്രദേശത്ത് കാണപ്പെടുന്ന മണ്ണിനങ്ങളാണ് നെല്ലിപ്പാറ, മാവടി സീരിസുകൾ. ഉയർന്ന പാറക്കെട്ടിനു ചുറ്റുമായി മലനിരകളിൽ കാണപ്പെടുന്ന സമൃദ്ധമായ ഇത്തരം മണ്ണിനങ്ങളിൽ തോട്ടവിളകളാണ് മുഖ്യമായും കൃഷി ചെയ്യുന്നത്. കാപ്പി, തേയില, കുരുമുളക് എന്നീ വിളകൾ പ്രാമുഖ്യം നൽകുന്ന വിളപരിക്രമമാണ് മുഖ്യമായും അവലംബിക്കുന്നത്.

വനങ്ങൾ

കോട്ടയം ജില്ലയുടെ വനവിസ്തൃതി വിവിധ റേഞ്ചുകളിലായി താഴെ പറയുന്ന വിസ്തൃതിയിൽ വ്യാപിച്ച് കിടക്കുന്നു. എരുമേലി, അയ്യപ്പൻകോവിൽ, നാഗംപാറ, കുമളി, എന്നിവയാണ് ഫോറസ്റ്റ് റേഞ്ചുകൾ.

പട്ടിക 2.1.1

റേഞ്ച്	വിസ്തൃതി (ച.മീ)
എരുമേലി	162.183
അയ്യപ്പൻകോവിൽ	88.079
നാഗമ്പാറ	143.400
കുമിളി	265.592
ആകെ	659.254

അവലംബം – ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് വെബ്സൈറ്റ്.

കോട്ടയം സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ പരിധിയിൽ സ്വകാര്യവ്യക്തികളുടെ കൈവശം 196 സർപ്പക്കാവുകൾ ഉണ്ട്. കോട്ടയം വനം ഡിവിഷൻ, ജില്ലയിൽ പ്രൊപ്പോസ്ഡ് റിസർവ്വായി ആറ്റുവഞ്ചിക്കാട് 0.7741 ഹെക്ടർ സ്ഥലം നോട്ടിഫൈ ചെയ്തിട്ടുള്ളതാണ്.

മഴയും കാലാവസ്ഥയും

പ്രതിവർഷം ശരാശരി 3000 മി. മീ മഴ നമ്മുടെ ജില്ലയ്ക്ക് ലഭിക്കുന്നുണ്ടെങ്കിലും അതിന്റെ കുറച്ച് ഭാഗം മാത്രമാണ് യഥാർത്ഥത്തിൽ ഉപയോഗപ്പെടുത്തുന്നത്. ബാക്കിയുള്ളത് പാഴായിപോവുകയാണ്. വേനൽക്കാലത്ത് രൂക്ഷമായ വരൾച്ചയും മഴക്കാലത്ത് ക്രമാതീതമായ ഉപരിതല പ്രവാഹവും ഉരുൾപൊട്ടലും വെള്ളപ്പൊക്കവും

ജില്ലയുടെ പ്രത്യേകതകളാണ്. പശ്ചിമഘട്ടത്തിൽ പെയ്യുന്ന മഴവെള്ളത്തിൽ നല്ലൊരു പങ്ക് ഒന്നുരണ്ടു ദിവസങ്ങൾ കൊണ്ട് കടലിൽ എത്തിച്ചേരുന്നു. പ്രധാനമായും മഴ ലഭ്യമാകുന്നത് തെക്ക് പടിഞ്ഞാറൻ കാലവർഷത്തിൽ നിന്നാണ്. (ജൂൺ മുതൽ സെപ്തംബർ വരെ നീണ്ടു നിൽക്കുന്നു.) തുലാവർഷമെന്നറിയപ്പെടുന്ന വടക്ക് കിഴക്കൻ കാലവർഷവും കോട്ടയം ജില്ലയിൽ സമൃദ്ധമായി മഴ പെയ്യിക്കുന്നു. ജില്ലയുടെ പടിഞ്ഞാറ് ഭാഗത്ത് നിന്നും കിഴക്കോട്ടേക്ക് പോകും തോറും മഴയുടെ അളവ് കൂടി വരുന്നതായും കാണാം.

കാലാവസ്ഥ സൂചികകൾ

മാർച്ച് മുതൽ മെയ് വരെയുള്ള മാസങ്ങളിൽ ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്നു. നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ കുറവ് താപനിലയും അനുഭവപ്പെടുന്നു. പൊതുവെ പറഞ്ഞാൽ ജില്ലയിൽ ഈർപ്പമുള്ള കാലാവസ്ഥയാണ് കാണപ്പെടുന്നത്. വർഷത്തിൽ മാർച്ച് മുതൽ മെയ് മാസം വരെ ചൂട് കാലാവസ്ഥയും ജൂൺ മുതൽ സെപ്തംബർ വരെ തെക്ക് പടിഞ്ഞാറൻ കാലവർഷവും ഒക്ടോബർ മുതൽ നവംബർ വരെ വടക്ക് കിഴക്കൻ കാലവർഷവും ജനുവരി, ഫെബ്രുവരി മാസങ്ങളിൽ തണുപ്പ് കാലാവസ്ഥയും കാണപ്പെടുന്നു. അഗ്രോക്ലൈമറ്റിക് സോൺ പന്ത്രണ്ടിലാണ് കോട്ടയം ജില്ല ഉൾപ്പെട്ടിരിക്കുന്നത്.

ആപേക്ഷിക ആർദ്രത

ആപേക്ഷിക ആർദ്രത പ്രഭാതകാലങ്ങളിൽ 79 ശതമാനവും സായാഹ്നകാലങ്ങളിൽ 76 ശതമാനവുമാണ്.

കാറ്റ്

കാറ്റിന്റെ ദിശ പ്രഭാതകാലങ്ങളിൽ കിഴക്കുനിന്നും വടക്കോട്ടും, സായാഹ്നകാലങ്ങളിൽ പടിഞ്ഞാറുനിന്നും വടക്ക് പടിഞ്ഞാറ് ദിശയിലേക്കുമാണ്. കാറ്റിന്റെ വേഗത 6.7 മുതൽ 10.9 കിലോമീറ്റർ /മണിക്കൂർ ആണ്.

നദികൾ

ജില്ലയിലെ പ്രധാന നദികൾ മീനച്ചിലാർ, മൂവാറ്റുപുഴയാർ, മണിമലയാർ എന്നിവയാണ്. മീനച്ചിലാർ മീനച്ചിൽ വൈക്കം, കോട്ടയം താലൂക്കുകളിലൂടെ ഒഴുകുന്നു. മീനച്ചിലാറിന്റെ ആകെ ജലധാര പ്രദേശ വിസ്തൃതി 1272 ചതുരശ്ര കിലോമീറ്റർ ആണ്. ഇടുക്കി ജില്ലയിൽ നിന്നും പശ്ചിമഘട്ടത്തിൽ നിന്നും ഒഴുകിയെത്തുന്ന അരുവികളാണ് മീനച്ചിലാറിനെ രൂപപ്പെടുത്തിയിരിക്കുന്നത്. പൂഞ്ഞാർ നദി, ഈരാറ്റുപേട്ടയിൽ വച്ചും, ചിറ്റാർ നദി, കൊണ്ടൂർ വച്ചും പയപാറത്തോട് നദി, ഇളത്തുവച്ചും മീനച്ചിൽ നദിയുമായി യോജിക്കുന്നു. നദിക്കരയിലെ പ്രധാന നഗരങ്ങൾ പാല, പൂഞ്ഞാർ, കോട്ടയം, ഏറ്റുമാനൂർ എന്നിവയാണ്. മൂവാറ്റുപുഴ നദി, ഇടുക്കി ജില്ലയിൽ നിന്നും ആരംഭിച്ച് കൂടുതലായും വൈക്കം താലൂക്കിലൂടെ ഒഴുകി വേമ്പനാട്ട് കായലിൽ ലയിക്കുന്നു. നദിയുടെ കരയിലുള്ള പ്രധാനനഗരമായ വൈക്കം, ഒരു പ്രധാന തീർത്ഥാടന കേന്ദ്രവും കൂടിയാണ്. മണിമലയാർ കാഞ്ഞിരപ്പള്ളി, ചങ്ങനാശേരി താലൂക്കുകളിലൂടെ ഒഴുകുന്നു.

പ്രധാന ജലസേചന പദ്ധതികളൊന്നും ഈ ജില്ലയിൽ നടപ്പിലാക്കിയിട്ടില്ല. എന്നാൽ മീനച്ചിൽ മീഡിയം ഇറിഗേഷൻ പദ്ധതി, 155 ചതുരശ്ര മീറ്റർ ജലധാര പ്രദേശത്തുകൂടി 9960 ഹെക്ടർ ഏരിയായിൽ പ്രയോജനം ലഭിക്കത്തക്കവിധം നടപ്പിലാക്കിയിട്ടുണ്ട്. ചെറുകിട ജലസേചന പദ്ധതിയുടേതായി ടാങ്കുകൾ, കിണറുകൾ, കുഴൽകിണറുകൾ എന്നിവ നിർമ്മിക്കുന്നു.

ചിത്രം 2.1.7

പ്രധാന നീർത്തടങ്ങൾ

മീനച്ചിൽ നീർത്തടം

കോട്ടയം ജില്ലയിലെ വൈക്കം, മീനച്ചിൽ താലൂക്കുകളിലെ പ്രദേശങ്ങളാണ് മീനച്ചിൽ നീർത്തടത്തിൽ ഉൾപ്പെടുന്നത്. പശ്ചിമഘട്ടത്തിലെ അനവധി ചെറു നദികൾ ചേർന്ന് പടിഞ്ഞാറോട്ട് ഒഴുകുന്നതിൽ പ്രധാനമായ കടാപുഴ ആറ് ആണ് മീനച്ചിലാറിന്റെ ഉത്ഭവം. കോട്ടപ്പള്ളി തോട്, വെങ്ങാട്ട് തോട്,കോണിപ്പാട് തോട, കല്ലപ്പള്ളി തോട് എന്നിവ മേലുകാവ്, മങ്കൊമ്പ് പ്രദേശങ്ങളിൽ നിന്ന് ഉത്ഭവിച്ച് കളത്തുകടവ് ആറ് ആയി ഒഴുകുന്നു. തീക്കോയിലാറു തലനാട് വെച്ച് കളത്തുകടവ് ആറിൽ ചേരുന്നു. ചേന്നാട്, പൂഞ്ഞാർ എന്നിവിടങ്ങളിൽ നിന്ന് ഉത്ഭവിക്കുന്ന കുടമുരുടി തോട്, പൊന്നൊഴുകും തോട്എന്നിവ ചേർന്ന് ഒഴുകി വടക്കോട്ടുചെന്ന് ഈരാറ്റുപേട്ടയിൽ വെച്ച് മീനച്ചിലാർ രൂപം കൊള്ളുന്നു.പാലായിൽ എത്തുന്നതിനു മുമ്പായി മാന്നാനി തോട്, നേങ്ങതാൽ തോട് എന്നിവ തെക്കു നിന്നും പയപ്പാർ തോട് വടക്ക് നിന്നും മീനച്ചിലാറിൽ ചേരുന്നു.പന്നഗം തോട്, കുരോപ്പട തോട്, പച്ച തോട് ഇവ ഒന്നു ചേർന്ന് പുന്നത്തുറയിൽ വെച്ച് മീനച്ചിലാറിൽ ചേരുന്നു. പുതുപ്പള്ളി, തോട്ടയ്ക്കാട് പ്രദേശങ്ങളിലെ നെത്തല്ലൂർ തോട് എന്നിവ വലിയ തോട് ആയി രൂപം പ്രാപിച്ച് വാകത്താനം പഞ്ചായത്തിലെ കൂട്ടിക്കൽ ആറുമായി ചേർന്ന് കൊട്ടൂരാറിൽ എത്തുന്നു. കോട്ടയത്തിനടുത്ത് കൊട്ടൂരാർ മീനച്ചിലാറിൽ ചേരുന്നു. കോട്ടയത്തുനിന്നും പല കൈവഴികളായി പിരിഞ്ഞ് വേമ്പനാട്ട് കായലിൽ പതിക്കുന്നു. മീനച്ചിലാറിന്റെ ആകെനീളം 78 കി.മീ. ആണ്. ഈരാറ്റുപേട്ട ബ്ലോക്കിലെ മേലുകാവ്, പൂഞ്ഞാർ, മൂന്നിലവ്, തലനാട്, ഓലംബ്ലോക്കിലെ കരൂർ, കടനാട് തുടങ്ങിയ പർവ്വത പ്രദേശങ്ങളിൽ കൂടി നദി ശക്തമായ ഒഴുക്കാണ് പ്രകടിപ്പിക്കുന്നതെങ്കിലും വേനൽക്കാലത്ത് പാലായ്ക്ക് അടുത്ത് വരെയുള്ള ഉയർന്ന പ്രദേശങ്ങളിൽ നദി കയങ്ങളായി മാറുന്നു. ഓരുവെള്ളം കയറുന്നതിനാൽ രൂക്ഷമായ ശുദ്ധജല ക്ഷാമമാണ് താഴ്ന്ന പ്രദേശങ്ങളിൽ അനുഭവപ്പെടുന്നത്. കുന്നിൻ പ്രദേശങ്ങളിലും പർവ്വത പ്രദേശങ്ങളിലും ഇന്ന് റബ്ബർ കൃഷികൈയ്യടക്കിയിരിക്കുന്നു. സമതല പ്രദേശങ്ങളിൽ നെല്ല്, കരിമ്പ് കൃഷികൾ, റബ്ബർ, കൈത എന്നിവയ്ക്ക് വഴി മാറിയിരിക്കുന്നു.

മൂവാറ്റുപുഴ നീർത്തടം

മീനച്ചിൽ, വൈക്കം താലൂക്കുകളുടെ ഭാഗങ്ങളാണ് മൂവാറ്റുപുഴ നീർത്തടത്തിൽ ഉൾപ്പെടുന്നത്.തേങ്ങാക്കാനത്ത് നിന്നും ഉത്ഭവിക്കുന്ന തൊടുപുഴയാർ, വേളൂർ പുഴ, കണ്ണാടി പുഴ, എന്നിവ ചേർന്നൊഴുകുന്ന കാളിയാർ, മണ്ണൻ കാവുമലയിൽ നിന്നുത്ഭവിക്കുന്ന കോതമംഗലം ആറ് എന്നിവയാണ് മൂവാറ്റുപുഴയാറായി രൂപം കൊള്ളുന്നത്. വേളൂർ പുഴ വെള്ളിയാനി മുടിയിൽ നിന്നും കണ്ണാടിപുഴ പാൽക്കമേടിൽ നിന്നും ഉത്ഭവിക്കുന്നു. മാർമല, വെട്ടിക്കുറിയ മല എന്നിവയിൽ നിന്നും ഉത്ഭവിക്കുന്ന കൈവഴികളിലാണ് കോട്ടയം ജില്ലയിൽ മൂവാറ്റുപുഴയാറ് രൂപം കൊള്ളുന്നത്. നദിയുടെ ഉത്ഭവസ്ഥാനത്തിൽ ഒരു ഭാഗം മേലുകാവ് പഞ്ചായത്തിൽ പുള്ളിക്കാനം എസ്റ്റേറ്റിനടുത്താണ്. അതുപോലെ ഉഴവൂർ പഞ്ചായത്ത്, മീനച്ചിൽ പഞ്ചായത്തിലെ നീലൂർ തുടങ്ങിയ പ്രദേശവും ഈ നീർത്തടത്തിന്റെ ഭാഗമാണെങ്കിലും അവിടെ ഒന്നും പ്രധാനപ്പെട്ട ശാഖകൾ ഒഴുകുന്നില്ല. വേനൽക്കാലത്ത് നിർജ്ജീവമാകാറുള്ള ചെറുതോടുകൾ മാത്രമാണ് ഈ പ്രദേശങ്ങളിൽ ഉള്ളത്. നദി വൈക്കംബ്ലോക്കിൽ പ്രവേശിച്ചിട്ടാണ് തിരികെ എറണാകുളം ജില്ലയിൽ കൂടി വേമ്പനാട്ട് കായലിന്റെ വടക്ക് ഭാഗത്ത് അവസാനിക്കുന്നത്. വെട്ടിക്കാട്ട് മുക്കിൽ നിന്ന് ശാഖോപശാഖകളായി പിരിഞ്ഞ് വൈക്കം പ്രദേശത്ത് പ്രധാനപ്പെട്ട പല തോടുകളും ഉപ തോടുകളുമായി പിരിഞ്ഞാണ്, നദിയുടെ ഒരു ഭാഗം വേമ്പനാട്ട് കായലിൽ അവസാനിക്കുന്നത്. ഉല്ലല തോട്, കടുത്തുരുത്തി തോട് കുരുക്കും ചുവട് തോട്, വലിയതോട്,വടയാർതോട്, കരിയാർ എന്നിവയാണ് പ്രധാന തോടുകൾ. നീരൊഴുക്ക് കുറഞ്ഞ് ക്രമേണ വെള്ളം കെട്ടിക്കിടക്കുന്ന സ്ഥിതിവിശേഷമാണ് വൈക്കം ഭാഗത്ത് കാണുന്നത്. ഓരുവെള്ളം കയറുന്നതിനാൽ രൂക്ഷമായ ശുദ്ധജല ക്ഷാമമാണ് വൈക്കം ഭാഗത്ത് അനുഭവപ്പെടുന്നത്.

മണിമല നീർത്തടം

ഇടുക്കി ജില്ലയിലെ കോലാഹലമേട്ടിൽ നിന്ന് ഉത്ഭവിക്കുന്ന മണിമലയാറിന്റെ നീളം 90 കി.മീ.ആണ്. കാഞ്ഞിരപ്പള്ളി, മാടപ്പള്ളി, വാഴൂർ, ഈരാറ്റുപേട്ട, പാമ്പാടി എന്നീ ബ്ലോക്കുകൾ ഈ നീർത്തടപ്രദേശമാണ്. കാഞ്ഞിരപ്പള്ളി ബ്ലോക്ക് പ്രദേശത്ത് 130 മീ. അധികം ഉയരമുള്ള പ്രദേശങ്ങളിൽ കൂടിയാണ് ഒഴുകുന്നത്. ഇളംകാട് എസ്റ്റേറ്റിന് അടുത്ത് വച്ച് ശക്തിയാർജ്ജിക്കുന്ന പുല്ലരിയാർ, ഏന്തയാർ താളുങ്കൽ തോട്, പാപ്പാൻ തോട്, കവണി തോട് എന്നിവ ചേർന്ന് ശക്തിപ്രാപിച്ച് കൂട്ടിക്കൽഎത്തുമ്പോൾ കൊക്കയാർ ചേർന്ന് മണിമലയാർ രൂപം കൊള്ളുന്നു. കൂട്ടിക്കൽ പഞ്ചായത്തിൽനിന്നും തെക്കോട്ടൊഴുകി മുണ്ടക്കയത്ത് വന്ന് നെട്ടൂരാറുമായി ചേരുന്നു. തുടർന്ന് പടിഞ്ഞാറോട്ട് ഒഴുകി പാറത്തോട്, കാഞ്ഞിരപ്പള്ളി, എരുമേലി, മണിമല, വാഴൂർ, ചിറക്കടവ്, പായിപ്പാട്, എന്നീ പഞ്ചായത്തുകളിൽ കൂടി ഒഴുകി ചങ്ങനാശ്ശേരിയിലൂടെ വേമ്പനാട്ട് കായലിൽ പ്രവേശിക്കുന്നു.വർഷക്കാലത്ത് ഈ നദിയിൽ കൂടുതൽ ജലം ഉണ്ടെങ്കിലും കാഞ്ഞിരപ്പള്ളി ബ്ലോക്ക് പ്രദേശത്ത് വേനൽക്കാലത്ത് നീരൊഴുക്ക് കുറയുകയും ചില കയങ്ങളിൽ മാത്രമായി ജലം അവശേഷിക്കുകയും ചെയ്യുന്നു.

പമ്പാ നീർത്തടം

പമ്പാനദിയുടെ നീർത്തട പ്രദേശത്തിൽ വളരെ ചെറിയ ഒരു ഭാഗം മാത്രമേ കോട്ടയം ജില്ലയിൽ സ്ഥിതി ചെയ്യുന്നുള്ളൂ. കാഞ്ഞിരപ്പള്ളി, എരുമേലി, പഞ്ചായത്തുകളുടെ ഏതാനും ഭാഗങ്ങളും തലനാട് പഞ്ചായത്തിലെ വെള്ളാനി നീർമറി പ്രദേശവുമാണ് കോട്ടയം ജില്ലയിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ. പമ്പയുടെ പോഷക നദിയായ അഴുതയാറിലാണ് വെളളാനി നീർമറി പ്രദേശത്തെ മുഖ്യനീർച്ചാലായ തലനാട് തോട് ചെന്നു ചേരുന്നത്. കോട്ടയം - ഇടുക്കി ജില്ലകളുടെ അതിർത്തിയായ വഴിക്കടവിൽ നിന്നും ആരംഭിക്കുന്ന തീക്കോയിയാറ് ഒരുകാലത്ത് ഇടമുറിയാതെ ഒഴുകിയിരുന്നു. എന്നാൽ, പാഴ്മരങ്ങളും പുല്ലും നശിപ്പിച്ച് കൃഷി വ്യാപകമാക്കിയതോടെ നദികളിലെ നീരൊഴുക്ക് ഇടക്ക് മുറിയുകയും ക്രമേണ ഒഴുക്ക് നിലയ്ക്കുകയും ചെയ്തു. എങ്കിലും വെള്ളാനി, അടുക്കം പ്രദേശങ്ങളിൽ വേനൽക്കാലത്തും നീരുറവകൾ കാണുന്നു. കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ കോരുത്തോട് പ്രദേശങ്ങളിൽ കൂടി ഒഴുകുന്ന പമ്പയാറിന്റെ പോഷക നദിയായ അഴുതയാറിന്റെ ഉത്ഭവം 1075 മീ. ഉയരമുള്ള പീരുമേട് മലകളിൽ നിന്നാണ്. അഴുതയാർ കണമല വന്ന് പമ്പയാറിനോട് ചേരുന്നു.

മീനച്ചിൽ, മണിമല, മൂവാറ്റുപുഴ എന്നീ പ്രധാന നദികളും അവയുടെ പോഷക നദികളുമാണ് ജില്ലിയിലെ പ്രധാന ജല സ്രോതസ്സുകൾ. തെക്കുപടിഞ്ഞാറൻ കാലവർഷത്തിലും വടക്കു കിഴക്കൻ കാലവർഷത്തിലുമായി ഏകദേശം 2950 മി.മീ മഴയാണ് ജില്ലയിൽ ലഭിച്ചിരുന്നത്. കഴിഞ്ഞ പത്ത് വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ

മഴയുടെ അളവിൽ വന്ന സാരമായ വ്യതിയാനം മനസ്സിലാക്കാം. 2016- ൽ കോട്ടയം ജില്ലയിൽ ലഭിച്ച മഴയുടെ അളവ് 2950 മി.മീ ആണ്. ഇതുതന്നെ മഴ ലഭ്യമല്ലാത്ത ചില മാസങ്ങളിൽ മഴ ലഭിച്ചതു കൊണ്ടു മാത്രമാണ്.

ജില്ലയിലെ നദികളിൽ മഴക്കാലത്ത് വെള്ളപ്പൊക്കം അനുഭവപ്പെടുമ്പോൾ വേനൽക്കാലത്ത് നദീതടങ്ങളുടെ താഴ്ന്ന സമതലപ്രദേശങ്ങളൊഴികെ എല്ലായിടത്തും നദി വറ്റി വരണ്ടു പോകുന്നതിനാൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു. താഴ്ന്ന പ്രദേശങ്ങളിൽ ഒരു വെള്ളം കയറുന്നതും വേനൽക്കാലത്ത് ശുദ്ധജലക്ഷാമം ഉണ്ടാക്കുന്നു. കാല ക്രമേണ വന്ന കാലാവസ്ഥ വ്യതിയാനം, വന നശീകരണം, ഏകവിള തോട്ടങ്ങളുടെ വ്യാപനം ഇവ മൂലം പ്രദേശത്ത് ജലദൗർലഭ്യം അനുഭവപ്പെടുന്നു.

ജില്ലയിൽ നിലവിൽ ജലം സംരക്ഷിക്കുന്നതിന് വൻകിട ജലസേചന പദ്ധതികൾ ഇല്ല.

കഴിഞ്ഞ വർഷം അനുഭവപ്പെട്ട രൂക്ഷമായ വരൾച്ചയിൽ അൽപമെങ്കിലും ആശ്വാസമേകിയത് മീനച്ചിലാറിൽ പണികഴിപ്പിച്ച ചെക്കുഡാമുകളും എം.വി.ഐ.പി. കനാലുകളിലൂടെ എത്തിയ ജലവുമാണ്.

ജല ലഭ്യത

ജലം

വേമ്പനാട്ടു കായലിന്റെ സാന്നിദ്ധ്യത്താലും നിരവധി ചതുപ്പുകളാലും നദികളാലും കുളങ്ങളാലും തോടുകളാലും ജലസമൃദ്ധമായ ഒരു ജില്ല എന്ന പ്രതീതി നൽകുന്നുണ്ടെങ്കിലും ഭൂപ്രകൃതിയുടെ പ്രത്യേകതകൾ മൂലം ഇതിന്റെ വിതരണം സന്തുലിതമല്ല. കേരളത്തിലെ മറ്റ് ജില്ലകളെപോലെ കോട്ടയം ജില്ലയും മഴയെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. ജില്ലയിലെ പ്രധാന നദിയായ മീനച്ചിലാറാണ് വെള്ളത്തിന്റെ പ്രധാന സ്രോതസ്സ്. മീനച്ചിലാർ കുരിശുമലയിൽ നിന്നും ഉത്ഭവിച്ച് ഈരാറ്റുപേട്ട, പാലാ, കോട്ടയം എന്നീ സ്ഥലങ്ങളിലൂടെ 78കി.മീ. ഒഴുകി വേമ്പനാട്ട് കായലിൽ പതിക്കുന്നു. ഈ നദിയുടെ വൃഷ്ടിപ്രദേശം 1272 ചതുരശ്ര കി.മീആണ്. കൂടാതെ മൂവാറ്റുപുഴ നദി, ഇടുക്കിയിൽ നിന്നും ഉത്ഭവിച്ച് ജില്ലയിലെ വൈക്കം താലൂക്കിൽകൂടി ഒഴുകി വേമ്പനാട്ട് കായലിൽ പതിക്കുന്നു. മണിമല നദി ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി താലൂക്കുകളിൽ കൂടി ഒഴുകി വേമ്പനാട്ട് കായലിൽ പതിക്കുന്നു.കേന്ദ്രഭൂഗർഭ മന്ത്രാലയത്തിന്റെ കണക്ക് പ്രകാരം കോട്ടയം ജില്ലയിൽ ഭൂഗർഭ ജലത്തിന്റെഅളവ് 0.49182 ബി.സി.എം ആണ്. 1.4085 ബി.സി.എം വെള്ളം മാത്രമേ വിവിധ ജലസംഭരണ നിർമ്മിതിവഴി സംഭരിക്കുവാൻ സാധിക്കുന്നുള്ളു. ആകെ ജില്ലയിൽ ലഭ്യമാകുന്ന വെള്ളത്തിന്റെ അളവ് 1.90032 ബി.സി.എം.മാത്രമാണ്.

ധാതുസമ്പത്ത്

പ്രധാന ധാതുക്കൾ

ജില്ലയിൽ കോണ്ടലൈറ്റ് ഗ്രൂപ്പിൽ പെട്ട ഗ്രാഫൈറ്റിന്റെ നല്ല ശേഖരങ്ങൾ ഉണ്ട്. ആരാനിക്കുന്നു, പൈക, ചിറക്കടവ് എന്നിവിടങ്ങളിലാണ് ഇവയുടെ പ്രധാന ഉറവിടം ഉള്ളത്. ആരാനിക്കുന്നിന്റെ സമീപത്തും കുന്നത്തുമലയിലും മൈനർ, ഇറെഗുലർ, ലെന്റിക്കുലർ ബാന്റ് ആയിട്ടുള്ള മാഗ്നറ്റൈറ്റ് ശിലകൾ കാണപ്പെടുന്നു. ജില്ലയുടെ പടിഞ്ഞാറൻ ഭാഗത്ത് സ്ഥിതിചെയ്യുന്ന വേമ്പനാട്ട് കായൽ തീരങ്ങളിൽ ചുണ്ണാമ്പുകല്ലിന്റെ നിക്ഷേപങ്ങളുണ്ട്. തണ്ണീർമുക്കം മുതൽ വൈക്കം വരെ പ്രദേശങ്ങളുടെ വടക്കുഭാഗം, കുലശേഖരമംഗലം, പാതിരാമണൽ, കുമരകം എന്നിവിടങ്ങളിലെല്ലാം കക്കയുടെ ശേഖരങ്ങളുണ്ട്. കക്കശേഖരിക്കുന്നതിന് സഹകരണസംഘങ്ങൾക്ക് കരാറടിസ്ഥാനത്തിൽ അനുവാദം നൽകിയിട്ടുണ്ട്.

ഏറ്റുമാനൂരിനടുത്ത പ്രദേശങ്ങളിൽ ചാർണോക്കൈറ്റിന്റെ വൻ നിക്ഷേപം കണ്ടെത്തിയിട്ടുണ്ട് കോട്ടയം മാർത്തോമ്മാ സെമിനാരിയുടെ കിഴക്കുഭാഗത്ത് ഒരു ഗാർണൈറ്റ് ശേഖരം വടവാതൂരിലെ ചാൽകോപൈറൈറ്റ്, എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു. ഏറ്റുമാനൂരിനും, കിടങ്ങൂരിനും ഇടയ്ക്കുള്ള പുന്നത്തുറയിലെ എക്കൽച്ചേറിന്റെ വൻശേഖരം എന്നിവയാണ് തിരിച്ചറിഞ്ഞിട്ടുള്ള ഇതര സമ്പത്ത് നിക്ഷേപങ്ങൾ.

സാധാരണ ധാതുക്കൾ, സാധാരണ മണ്ണ്

ഭൗമാന്തർ ഭാഗത്തുള്ള പാറകളും ജന്തുമൃഗാദികളുടെ അവശിഷ്ടങ്ങളും ജീവജന്തുക്കളുടെ പ്രവർത്തനങ്ങളും സാധാരണ മണ്ണിന് രൂപം കൊടുക്കുന്നു. മേൽ സൂചിപ്പിച്ച ഘടകങ്ങളുടെ ഏറ്റക്കുറച്ചിലുകൾക്കനുസരിച്ച് മണ്ണിന്റെ

തരത്തിനും വ്യത്യാസമുണ്ടാകുന്നു. കാലാവസ്ഥ, ജൈവസമ്പത്ത്, കാലവ്യത്യാസം, ഭൂരൂപവ്യവസ്ഥ, മാനുഷികപ്രവർത്തനങ്ങൾ, എന്നിവയും മണ്ണിന്റെ സ്ഥിതിയെ ബാധിക്കുന്നു.

ഉഷ്ണമേഖല പ്രദേശമായതിനൊപ്പം മഴ, ഊഷ്മാവ് മാറിമാറി വരുന്ന വരണ്ടതും ഈർപ്പമുള്ളതുമായ കാലാവസ്ഥ എന്നിവ ജില്ലയുടെ പടിഞ്ഞാറുനിന്നും കിഴക്കോട്ട് ഹൈ റേഞ്ചിലേക്ക് പോകുംതോറും വൈവിധ്യമാർന്ന സാധാരണ ധാതുക്കൾക്ക് കാരണമാകുന്നു. ഫിസിക്കോ കെമിക്കൽ, മോർഫോളജിക്കൽ, ആയ പ്രത്യേകതകൾ അനുസരിച്ച് പ്രധാനമായും നാലുതരം സാധാരണ മണ്ണിനങ്ങളാണ് ജില്ലയിൽ കാണപ്പെടുന്നത്. അവ ലാറ്ററിറ്റിക്ക് സോയിൽ, റിവറൈൻ അലൂവിയം, ബ്രൗൺ ഹൈഡ്രോമോർഫിക്, ഫോറസ്റ്റ് ലോം എന്നിവയാണ്.

ലാറ്ററിറ്റിക്ക് സോയിൽ

കോട്ടയം ജില്ലയിലെ മിക്കവാറും മദ്ധ്യനിരയിൽപ്പെട്ട പ്രദേശങ്ങളിൽ കാണപ്പെടുന്ന പ്രധാന മണ്ണിനമാണ് ലാറ്ററിറ്റിക്കിക് സോയിൽ. ഉപരിതലമണ്ണ് പ്രധാനമായും ചുമന്ന ബ്രൗൺ നിറം മുതൽ മഞ്ഞ കലർന്ന ചുമപ്പ് കളർവരെ വ്യത്യാസത്തിൽ കാണപ്പെടുന്നു. മണ്ണിന്റെ പ്രകൃതം ഗ്രാവലി ലോം മുതൽ ഗ്രാവലി ക്ലേ ലോം വരെ വൈവിദ്ധ്യത്തിലാണ്. കനത്ത മഴയും ഉയർന്ന ഊഷ്മാവും ഇത്തരം മണ്ണിനങ്ങളുടെ രൂപീകരണത്തിന് കാരണമാകുന്നു. വെള്ളം ഉൾക്കൊള്ളാത്ത തരം ടൈപ്പ് മണ്ണിനങ്ങളാണിവ. ജൈവാംശം വളരെ കുറവാണ്. നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം എന്നീ മൂലകങ്ങളും വളരെ കുറവാണ്. അഞ്ച് മുതൽ 6.2 വരെ പി.എച്ച്. മൂല്യം കാണിക്കുന്ന ഇത്തരം മണ്ണിനങ്ങൾക്ക് അമ്ലതയാണ് കൂടുതലായും കാണുന്നത്.

റിവറൈൻ അലൂവിയം

നദികളുടെയും അവയുടെ കൈവഴികളുടെയും ഒഴുക്കു പ്രദേശങ്ങളിലാണ് ഇത്തരം മണ്ണ് കാണപ്പെടുന്നത്. അടിഞ്ഞു കൂടുന്ന എക്കലിന്റെയും നദിയുടെ നീരൊഴുക്ക് പ്രദേശത്തിന്റെ വ്യത്യാസവുമനുസരിച്ച് വ്യത്യസ്തമായ ഭൗതീക രാസപ്രത്യേകതകൾ ഇത്തരം മണ്ണിനങ്ങൾ കാണിക്കുന്നു. വളരെ ആഴത്തിലുള്ള ഇത്തരം മണ്ണിലൂടെ ഉപരിതല പ്രകൃതം സാന്റിലോം മുതൽ ക്ലേ ലോം വരെ വൈവിദ്ധ്യത്തിലാണ്. മിക്കവാറും ഫലഭൂയിഷ്ടമായ മണ്ണിനങ്ങളാണ് ഇവ. മൈക്ക ഫ്ലേക്ക്സിന്റെ സാന്നിദ്ധ്യം കാണിക്കുന്നു.

ബ്രൗൺ ഹൈഡ്രോ മോർഫിക് സോയിൽ

ഇടനാടിന്റെ താഴ്ന്ന പ്രദേശങ്ങളും വളരെ താഴ്ന്ന പ്രദേശങ്ങളിലും ശേഖരിക്കപ്പെട്ടിരിക്കുന്ന മണ്ണാണ് ഇത്. മലമുകളിൽ നിന്ന് ഒഴുകി വരുന്നതും മാറ്റപ്പെടുന്നതുമായ അവശിഷ്ടങ്ങൾ അടിഞ്ഞുകൂടി രൂപപെട്ടിരിക്കുന്ന മൺതരമാണ് ഇത്. വളരെ ആഴത്തിലുള്ളതും ബ്രൗൺ നിറത്തോടുകൂടിയതും ഭൗതിക രാസഗുണങ്ങളിൽ വളരെയധികം വൈവിദ്ധ്യം കാണിക്കുന്നതുമാണ് ഇത്തരം മണ്ണിനങ്ങൾ. അമ്ലത കൂടുതലാണ്.

ഫോറസ്റ്റ് ലോം

പാറക്കെട്ടുകൾ, പരൽ പാറകൾ ദുർബലമായി പൊടിഞ്ഞ് വനങ്ങളിൽ രൂപീകൃതമാകുന്ന മണ്ണാണിത്. ജൈവ സമൃദ്ധമാണ് അമ്ലത കൂടുതലാണ്.

ജില്ലയിലെ ഭൂഗർഭ ജലം സംബന്ധിയായ വിവരങ്ങൾ

എക്കൽ പ്രദേശങ്ങളും, ലാറ്ററൈറ്റ് മണ്ണും, ക്രിസ്റ്റലൈൻ പാറകളും ചേർന്ന ജലവാഹക അടുക്കുകളിലാണ് ഭൂഗർഭജലം കണ്ടുവരുന്നത്. ആഴത്തിലുള്ള പാറക്കെട്ടുകളിൽ സെമികൺഫൈന്റ് ടു കൺഫൈന്റ് അവസ്ഥകളിൽ ജലശേഖരം കാണുന്നു. ഭൂഗർഭ ജലസ്രോതസ്സിന്റെ പ്രത്യേകതയനുസരിച്ച് 4 മേഖലകളിലായി ജില്ലയെ തരംതിരിച്ചിരിക്കുന്നു.,

ആഴം കുറഞ്ഞ ജലശേഖരങ്ങൾ (shallow aquifers)

ഭൂമിയുടെ ഉപരിതലത്തിന് തൊട്ടുതാഴെയായി കാണപ്പെടുന്ന ദുർബലമായതും പൊടിഞ്ഞതുമായ പാറക്കെട്ടുകളിലാണ് ഷാലോ അക്വിഫേഴ്സ് കാണപ്പെടുന്നത്. 8 മുതൽ 15 മീറ്റർ വരെ ഗ്രൗണ്ട് ലെവൽ - ന് താഴെയാണ് ഈ ജലശേഖരങ്ങളുള്ളത്. നിലവിലുള്ള ജലവാഹക ജോയിന്റുകളിലൂടെ ജലം ഒഴുകുന്നു. ഇത്തരം സ്ഥലങ്ങളിൽ 5 മുതൽ 12 മീ വരെ ഗ്രൗണ്ട് ലെവലിൽ നിന്നും താണ് കിണറുകളിൽ 2 മുതൽ 9 M^3വരെ ജലം ലഭ്യമാകുന്നു.

ആഴം കൂടിയ ജലശേഖരങ്ങൾ

കൂടുതൽ അളവിൽ ജലം ലഭ്യമാകുന്നതിന് ആഴത്തിൽ കുഴിക്കുന്നത് നല്ലതായിരിക്കുമെന്ന് സെൻട്ര ഗ്രൗണ്ട് വാട്ടർ ബോർഡിന്റെ പഠനങ്ങൾ തെളിയിക്കുന്നു. ഗ്രൗണ്ട് ലെവലിൽ നിന്നും 112 മീറ്റർ താഴെ വരെ ജലലഭ്യതയുണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത്. ചില സ്ഥലങ്ങളിൽ ആഴത്തിലുള്ള കുഴൽ കിണറുകളിൽ നിന്ന് മണിക്കൂറിൽ 72000 ലിറ്റർ വരെ ജലം ലഭ്യമാകാവുന്നതാണ്. ജലത്തിന്റെ പ്രസരണം പ്രതിദിനം 0.48 മുതൽ 104.8 ക്യൂബിക് മീറ്റർ വരെയും Storativity പ്രതിദിനം 2.98 X 103ഉംആണ്. ജില്ലയിലെ വാട്ടർ ലെവലിന്റെ ശരാശരി ആഴം പ്രീമൺസൂ കാലയളവിൽ 1.22 മുതൽ 13.57 mbgl ആണ്. (Mbgl = mecte below ground level).

മൂന്നാംഘട്ട അവശിഷ്ടങ്ങൾTertiary sediments(vaikom beds)

ഭൂഗർഭ ജലം ഭൗമ ഉപരിതലത്തിന് തൊട്ട് താഴെയായി നേരിയതോതിലും ആഴത്തിലേക്ക് പോകുംതോറും ജലശേഖരങ്ങളായും കാണപ്പെടുന്നു. ജില്ലയുടെ പടിഞ്ഞാറൻ ഭാഗങ്ങളായ വൈക്കം പ്രദേശം പരൽ പ്രദേശമാണ്. ഗ്രൗണ്ട് ലെവലി ന് താഴെ 15.0 മി നിരക്കിൽ ജലം ലഭ്യമാകും. കോട്ടയം ജില്ലയിലെ കുറിച്ചി ഭാഗങ്ങളിൽ ആഴത്തിലുള്ള ജല ശേഖരങ്ങൾ കാണപ്പെടുന്നു. ഈ ഭാഗങ്ങളിൽ ലവണമയമായ ജലമാണ് കൂടുതലായും കാണപ്പെടുന്നത്. മൂന്നാംഘട്ട അവശിഷ്ടങ്ങൾ അടിഞ്ഞുകൂടിയ വൈക്കം മേഖലയിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ആറ് കുഴൽ കിണറുകൾ കുഴിച്ചതിൽ ഉദയനാപുരത്തൊഴികെ മറ്റുള്ള കിണറുകളിൽ ഇലക്ട്രിക് ലോഗിൻ മൂലം ബ്രാക്കിഷ് ആയ ജലമാണ് ലഭ്യമായത്.

ലാറ്റൈറ്റ്

ജില്ലയിലെ മധ്യഭാഗങ്ങളിൽ ലാറ്ററേറ്റ് ഫോമിലുള്ള ജലശേഖരങ്ങൾ കാണപ്പെടുന്നു.ലാറ്റൈറ്റിന്റെ ഘനം 16 മീറ്റർ വരെ കാണപ്പെടുന്നു. 3.5 മുതൽ 15.0 മീറ്റർ വരെ ആഴത്തിൽ കിണർ കുഴിക്കേണ്ടി വരുന്നുണ്ട്. പ്രതിദിനം 0.5 മുതൽ 6 ക്യൂബിക് മീറ്റർ വരെ ജല ലഭ്യതയുണ്ട്. എന്നാൽ, വേനൽക്കാലമാകുന്നതോടെ ഈ പ്രദേശത്തെ കിണറുകളെല്ലാം വറ്റി തുടങ്ങുകയും ജലക്ഷാമം നേരിടുകയം ചെയ്യുന്നു.

അലൂവിയം

ജില്ലയിലെ വെള്ളക്കെട്ട് പ്രദേശങ്ങളായ കുട്ടനാട് ഏരിയായിൽ കാണപ്പെടുന്ന കറുത്തമണ്ണ്, മണൽതിട്ടകൾ എന്നിവിടങ്ങളിൽ 2 മീറ്ററിനുള്ളിൽവരെ മൺസൂണിന് ശേഷം ജലശേഖരങ്ങൾ കാണപ്പെടുന്നു. ഈ ഭാഗങ്ങളിൽ വീട്ടാവശ്യങ്ങൾക്കും ജലസേചനത്തിനും കിണർ കുഴിച്ച് വെള്ളമെടുക്കുന്നു.സീസണൽ ജലനിരപ്പ് 0.75 മുതൽ 3.5 മീറ്റർ വരെ വ്യതിയാനം കാണിക്കുന്നു. 5 മുതൽ 20 മീറ്റർ ക്യൂബുവരെ ജലലഭ്യത ഉണ്ട്.

ജലനിരപ്പിന്റെ ആഴം

ശരാശരി ജലനിരപ്പിന്റെ ആഴം പ്രീ മൺസൂൺ പീരിയഡിൽ 1.22 മുതൽ 13.57 മീറ്റർ ഗ്രൗണ്ട് ലെവലിന് താഴെ കാണപ്പെടുന്നു. പോസ്റ്റ് മൺസൂൺ പീരയഡിൽ 0.91 മുതൽ 11.22 മീറ്റർ വരെ ഗ്രൗണ്ട് ലെവലിന് താഴെ ആണ്. താഴ് വാരങ്ങളിലും താഴ്ന്ന പ്രദേശങ്ങളിലും മഴക്കാലത്തിന് മുമ്പും ശേഷവും വാട്ടർ ലെവൽ ആഴത്തിൽ കുറവായി കാണപ്പെടുന്നു.

ചിത്രം 2.1.8

ചിത്രം 2.1.9

62% കിണറുകളിലും 0 മുതൽ 2 മീറ്റർ വരെ ജലനിരപ്പിൽ വാർഷിക വ്യതിയാനം കാണിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു.

ചിത്രം 2.1.10

പട്ടിക 2.1.2

Ground Water Resources of Kottayam District as on 31st March 2009

Sl. No.	Name of the Block	Total Amount GW recharge (mcm)	Natural discharge during non monsoon	Net annual availability mcm	Existing gross ground water draft for all uses mcm	Allocation for domestic and industrial water supply up to next years	Net GW availability for future Irrigation development mcm	Stage of Development in %	Category
1	Erattupetta	30.28	3.03	27.25	9.86	6.49	16.79	36.16	Safe
2	Ettumanoor	34.39	3.44	30.95	11.60	10.46	18.37	37.49	Safe
3	Kaduthuruthy	52.11	5.21	46.90	14.39	8.32	31.73	30.69	Safe
4	Kanjirappally	50.73	5.07	45.66	13.61	10.37	31.08	29.8	Safe
5	Lalam	44.28	4.43	39.85	7.92	6.43	31.34	19.86	Safe
6	Madappally	51.86	2.59	49.26	16.55	13.65	31.44	33.59	Safe
7	Pallom	69.71	6.97	62.74	16.99	16.03	44.25	27.08	Safe
8	Pampady	35.41	3.54	31.87	6.72	10.46	20.76	21.08	Safe
9	Uzhavoor	49.52	4.95	44.57	9.78	10.46	31.26	21.95	Safe
10	Vaikom	78.43	7.84	70.59	10.21	8.38	59.59	14.47	Safe
11	Vazhoor	26.13	2.61	23.52	8.35	6.00	14.60	35.51	Safe
	Total	**522.85**	**49.69**	**473.16**	**125.97**	**107.04**	**331.21**	**26.62**	

പട്ടിക 2.1.3

Average Depth to Water level - Pre and Post monsoon (April & Nov 2002-2011)

	DTW ranges in GWMW			
	0.0-2.0m bgl	2.0-5.0m bgl	5.0-10.0m bgl	10.0-20.0m bgl
Pre monsoon	4 (8 %)	18 (36%)	24 (48 %)	4 (8%)
Post monsoon	12 (24%)	24 (49 %)	12 (25 %)	1 (2 %)

പട്ടിക 2.1.4

Fluctuation data of April (2002-2011) - November (2002-2011)

Rise (m/yr)		Fall (m/yr)		Rise (m/yr)			Fall (m/yr)		
Max.	Mini.	Max.	Mini.	0-2	2-4	>4.0	0-2	2-4	>4.0
4.52	0.09	1.44	0.83	31 (62 %)	15 (30 %)	2 (4%)	2 (4 %)	-	-

മണ്ണൊലിപ്പ് മൂലം മേൽമണ്ണ് ഒലിച്ചുപോവുന്നു. ഭൂഗർഭ ജലനിരപ്പ് താഴുകയും, മണ്ണിലെ ജലാംശം നഷ്ടപ്പെടുന്നതുകൊണ്ട് വരൾച്ച ഉണ്ടാവുകയും ചെയ്യുന്നു. മേൽ മണ്ണിനൊപ്പം സസ്യപോഷകങ്ങൾ നഷ്ടപ്പെടുന്നു. ഇത് മൂലം കൃഷി ഭൂമിയുടെ ഉത്പാദന ക്ഷമത കുറയുന്നു. നദികളുടെയും, തോടുകളുടെയും, ജലാശയങ്ങളുടെയും അടിത്തട്ട് മണ്ണടിഞ്ഞ് ഉയരുന്നതു കൊണ്ട് വെള്ളപ്പൊക്കമുണ്ടാകുന്നു. ജലസംഭരണികളിലും ജലാശയങ്ങളിലും മണ്ണടിഞ്ഞ് അവയുടെ ശേഷി കുറയുന്നു. അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങൾ, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതി ക്ഷോഭങ്ങൾ ത്വരിതമാക്കുന്നു.

മഴ, ഊഷ്മാവ്, മാറിമാറി വരുന്ന വരണ്ടതും ഈർപ്പമുള്ളതുമായ കാലാവസ്ഥ, ടോപോ ലിത്തോ സീക്വൻസ്, ഒഴുകുന്ന നദികൾ എന്നിവ ജില്ലയിലെ വ്യത്യസ്ത മണ്ണിനത്തിനും ജൈവവൈവിദ്ധ്യത്തിനും കാരണമായിത്തീർന്നു.

നദികളുടെ ഒഴുക്ക് മൂലം അടിഞ്ഞുകൂടുന്ന മണ്ണാണ് മിക്സഡ് അല്ലുവിയം. തീരത്തോട് ചേർന്ന പ്രദേശത്തും അപ്പർ കുട്ടനാട് ഏരിയായിലുമാണ് മിക്സഡ് അല്ലുവിയം സോയിൽ കണ്ടുവരുന്നത്. ഭൂഗർഭ ജലവാഹകശേഷി വളരെ കൂടുതലാണ്. മഴക്കാലത്ത് വെള്ളം മുകളിലേക്ക് എത്തുന്നു. നേരിയ ചാരനിറം മുതൽ ഡാർക്ക് ബ്രൗൺ വരെ നിറവ്യത്യാസത്തിലുള്ള മണ്ണിൽ നെല്ല്, വാഴ , കപ്പ തുടങ്ങിയ എല്ലാ വാർഷിക സീസണൽ വിളകളും കൃഷി ചെയ്യാവുന്നതാണ്.

ശാസ്ത്രീയമായ മണ്ണുജല സംരക്ഷണവും, പ്രകൃതി വിഭവങ്ങളുടെ സന്തുലിതമായ ഉപയോഗവും സ്ഥായിയായ ഉത്പാദന സാഹചര്യങ്ങൾ ഒരുക്കുന്നതിന് അത്യന്താപേക്ഷിതമാണ്. ഇതിനായി വിവിധ മണ്ണുജല സംരക്ഷണ മാർഗ്ഗങ്ങൾ നീർത്തടാടിസ്ഥാനത്തിൽ നടപ്പിലാക്കണം. മണ്ണുസംരക്ഷണവും ജൈവവിഭവ വികസനവും ജലസംരക്ഷണവുമൊക്കെ പ്രാഥമിക മേഖലയുടെ ഉന്നമനത്തിന് അത്യന്താപേക്ഷിതമായതിനാൽ നീർത്തടാധിഷ്ഠിത വികസനം ജില്ലയ്ക്ക് അനിവാര്യമാണ്. നീർത്തട പ്രദേശത്തിനുള്ളിലെ ജലവ്യവസ്ഥയും, മണ്ണും, ജൈവസമ്പത്തും പരസ്പര ബന്ധിതമായി നിലകൊള്ളുന്നു. ഉയർന്ന ഭൂഭാഗങ്ങളിൽ രൂപപ്പെടുന്ന സ്വാഭാവിക അതിർത്തി രേഖയ്ക്കുള്ളിൽ വിവിധ ചാലുകളിൽ വെള്ളം ഒഴുകി ഒരു പൊതു ബഹിർഗമന സ്ഥാനത്തുകൂടി പുറംതള്ളപ്പെടുന്ന ഒരു പ്രകൃതിദത്ത വ്യവസ്ഥയാണ് നീർത്തടത്തിനുള്ളത്. ജലം, മണ്ണ്, ജീവസമ്പത്ത് എന്നീ പ്രകൃതി വിഭവങ്ങൽ പരസ്പര ബന്ധിതമായി നിലകൊള്ളുന്ന അടിസ്ഥാന പ്രകൃതിദത്ത യൂണിറ്റാണ് നീർത്തടം. 100 ഹെക്ടർ മുതൽ 1000 ഹെക്ടർ വരെ വിസ്തീർണ്ണം വരുന്ന ചെറുനീർത്തടങ്ങളാണ്, നമ്മുടെ ജില്ലയിലെ വികസനത്തിന് കൂടുതൽ അനുയോജ്യം. നീർത്തടാടിസ്ഥാനത്തിൽ ജില്ലയിൽ വിവിധ മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലൂടെ അടിസ്ഥാന പ്രകൃതി വിഭവങ്ങളായ മണ്ണും ജലവും സംരക്ഷിക്കുന്നതൊടൊപ്പം ജൈവ വിഭവങ്ങളുടെ വളർച്ചയും അതുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങളും സാധ്യമാകുന്നു.

കൃഷി

കോട്ടയം ജില്ലയിൽ, ഭൂപ്രകൃതി അനുസരിച്ച്, കിഴക്ക് ഉയരമുള്ള മലമടക്കുകളും ഇടയ്ക്ക് സമതലങ്ങളും പടിഞ്ഞാറ് വശം സമുദ്ര നിരപ്പിൽ താഴെയുള്ള അപ്പർ കുട്ടനാടൻ പ്രദേശങ്ങളും ഉൾപ്പെടുന്നു. ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിലാണ് വിവിധയിനം ഭക്ഷ്യവിളകളും, തോട്ടവിളകളും കൃഷി ചെയ്ത് വരുന്നതായി കാണുന്നത്. വൈക്കം പ്രദേശത്തും, അപ്പർ കുട്ടനാടൻ പ്രദേശങ്ങളിലും കൂടുതലായുള്ള നെൽകൃഷിയിലൂടെ അരിയുല്പാദനത്തിൽ സംസ്ഥാനത്ത് നാലാം സ്ഥാനം ജില്ല നിലനിർത്തുന്നു. 'ലാന്റ് ഓഫ് ലാറ്റക്സ്' എന്ന അപരനാമത്തിൽ ജില്ല അറിയപ്പെടുന്നതിന്റെ പ്രധാന കാരണം ജില്ലയിലെ പ്രധാന തോട്ടവിളയായ റബർ കൃഷിയാണ്. ഇത് കൂടാതെ തെങ്ങ്, കവുങ്ങ്, ഏത്തവാഴ, കുരുമുളക്, കൈതച്ചക്ക, കപ്പ, കാപ്പി എന്നിവയും ജില്ലയിൽ വ്യാപകമായ തോതിൽ കൃഷി ചെയ്ത് വരുന്ന കാർഷിക വിളകളാണ്.

ജൈവ/രാസവളങ്ങൾക്കും കീടനാശിനികൾക്കും പുറമെ മണ്ണിന് അനുയോജ്യമായ വിളകൾ ഓരോ പ്രദേശത്തെയും ഭൂപ്രകൃതിയ്ക്കനുസൃതമായി തിരഞ്ഞെടുക്കേണ്ടതുണ്ട്. ജില്ലയിൽ കാണപ്പെടുന്ന പ്രധാന മണ്ണിനങ്ങൾ - ലാറ്ററൈറ്റ് മണ്ണ്, ബ്രൌൺ ഹൈഡ്രോ മോർഫിക്, റിവർ അലൂവിയം, ഫോറസ്റ്റ് ലോം പീറ്റ് , കരിമണ്ണ് തുടങ്ങിയവയാണ്.

പ്രധാന വിളകൾ

പട്ടിക 2.1.5

ക്രമ നം	വിളകൾ		കൃഷി ചെയ്യുന്ന സ്ഥലം വിസ്തീർണ്ണം (ഹെക്ടർ)
1	നെല്ല്		
	•	വിരിപ്പ്	6454
	•	മുണ്ടകൻ	63
	•	പുഞ്ച	11793.4
2	തെങ്ങ്		26455
3	കവുങ്ങ്		813.5
4	ഏത്തവാഴ		5041
5	പച്ചക്കറി		1817
6	പ്ലാന്റേഷൻ വിളകൾ(റബ്ബർ)		116718.4
7	കുരുമുളക്		5245.1
8	കൈതച്ചക്ക		1521.11
9	വാഴ		2476
10	കപ്പ		3895
11	ഇഞ്ചി		424.11
12	മഞ്ഞൾ		263.41
13	ജാതി		1737.5
14	ഫല വൃക്ഷങ്ങൾ		1738
15	കൊക്കോ		829.81
16	കിഴങ്ങു വർഗ്ഗങ്ങൾ		1493
17	അലങ്കാര പുഷ്പ ചെടികൾ		39.52
18	തീറ്റ പുല്ല്		340.58
19	കാപ്പി		471.21
20	മറ്റു സുഗന്ധ വിളകൾ		1677.81
	ആകെ		**191307.46**

വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നിങ്ങനെ മൂന്ന് സീസണാണ് നെൽകൃഷി ചെയ്യുന്നത്. 2015-16 വർഷത്തിൽ കോട്ടയം ജില്ലയിലെ ശരാശരി നെല്ല് ഉല്പാദനം 49506 മെട്രിക് ടണ്ണാണ്. ഉൽപ്പാദന ക്ഷമതയുടെ കാര്യത്തിൽ ഇത് 3042 കിലോഗ്രാം/ഹെക്ടറാണ്. സംസ്ഥാന ശരാശരി 2790 കിലോഗ്രാം/ഹെക്ടർ മാത്രമാണ്. വിരിപ്പ്, മുണ്ടകൻ സീസണുകളെ അപേക്ഷിച്ച് പുഞ്ച സീസണിലാണ് ഏറ്റവുമധികം പ്രദേശത്ത് ജില്ലയിൽ കൃഷി ചെയ്യുന്നതും, ഏറ്റവുമധികം ഉല്പാദനം നടത്തുന്നതും. എന്നാൽ ഇക്കാലയളവിലെ ജില്ലയുടെ ഉദ്പാദനക്ഷമത സംസ്ഥാനശരാശരിയിലും താഴെയാണ്.

കുട്ടനാട് തണ്ണീർത്തടം

ജൈവ സമ്പത്തുകളും, മനോഹാരിതയുംകൊണ്ട് സമ്പൽസമൃദ്ധമായ കുട്ടനാടൻ പ്രദേശങ്ങൾ സമുദ്ര നിരപ്പിൽ നിന്നും താഴെ ലെവലിൽ നെൽകൃഷി ചെയ്യുന്ന പ്രദേശമെന്ന നിലയിൽ ലോകപ്രശസ്തമാണ്. നെൽകൃഷി, മത്സ്യകൃഷി, വിനോദസഞ്ചാരം എന്നിവ ഇവിടെ ഒരുമിച്ച് പ്രാവർത്തികമാക്കുന്നു. അച്ചൻകോവിലാർ, പമ്പയാർ, മീനച്ചിലാർ എന്നിവ വേമ്പനാട് കായലിലേക്ക് പതിക്കുന്ന, ജില്ലയുടെ പടിഞ്ഞാറൻ പ്രദേശങ്ങളും, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിലെ താഴ്ന്ന പ്രദേശങ്ങളും ഉൾപ്പെടുന്ന 549333 ഹെക്ടർ വരുന്ന ഭൂപ്രദേശമാണിത്.

മൃഗസമ്പത്ത്

വിവിധയിനം മൃഗങ്ങളാലും പക്ഷികളാലും സമ്പന്നമാണ് കോട്ടയം ജില്ല. ജില്ലയിലെ ഗ്രാമീണ കുടുംബങ്ങൾക്ക് തൊഴിലും അതിലൂടെ വരുമാനവും ലഭ്യമാക്കുന്ന ഒരു പ്രധാന മേഖലയാണ് മൃഗസംരക്ഷണം. ഭക്ഷണ ആവശ്യങ്ങൾക്കായും കൃഷിയിടങ്ങളിലേയ്ക്കാവശ്യമായ വളത്തിനായും ഇവയെ ആശ്രയിക്കുന്നതിനാൽ കന്നുകാലി പരിപാലനവും കോഴിവളർത്തലും ആളുകളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നു. പശു, പോത്ത്, എരുമ, ആട്, പന്നി, മുയൽ എന്നിവയുമാണ് മൃഗപരിപാലനത്തിലുൾപ്പെടുന്ന മൃഗങ്ങൾ.

മത്സ്യ സമ്പത്ത്

കായലും ആറുകളും മറ്റുംകൊണ്ട് സമ്പന്നമായ ജില്ലയിൽ കടൽ പ്രദേശം ഇല്ലാത്തതിനാൽ ഉൾനാടൻ മത്സ്യകൃഷി ദിനംപ്രതി വലിയതോതിൽ വ്യാപിക്കുകയാണ്. കുളങ്ങളിലേയും ടാങ്കുകളിലേയും ശുദ്ധജല മത്സ്യകൃഷി, പാടശേഖര മത്സ്യകൃഷി (ഒരു നെല്ലും ഒരു മീനും), റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം എന്നീ കൃഷി രീതികൾ പ്രധാനമായും അവലംബിച്ചുവരുന്ന ജില്ലയിലെ മലയോരമേഖലകളും പടിഞ്ഞാറൻ മേഖലകളും ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ കർഷകർ മത്സ്യകൃഷിയിലേക്ക് തിരിയുന്നതായി കാണുന്നു.

പ്രധാനപ്പെട്ട ശുദ്ധജല മത്സ്യങ്ങളായ കട്ല, രോഹു, മൃഗാൾ, ലേബിയോ കോമൺ കാർപ്പ്, ഗ്രാസ് കാർപ്പ്, ആറ്റുകൊഞ്ച് എന്നിവയും നാടൻ മത്സ്യ ഇനങ്ങളായ കാരി, വരാൽ, മഞ്ഞക്കൂരി, ചെമ്പല്ലി, ആറ്റുകൊഞ്ച്, പരൽ മത്സ്യങ്ങൾ, കരിമീൻ എന്നിവയും ഇവിടെ കാണുന്നു.

2.2 മനുഷ്യ വിഭവം

2206 ച.കി.മി. വിസ്തീർണ്ണമുള്ള കോട്ടയം ജില്ലയിലെ ആകെ ജനസംഖ്യ 2011 കാനേഷുമാരി കണക്കു പ്രകാരം 19,74,551 ആണ്. ഇതിൽ 9,68,289 പേർ പുരുഷൻമാരും 10,06,262 പേർ സ്ത്രീകളുമാണ്. ഇത് സംസ്ഥാന ജനസംഖ്യയുടെ 5.9% വരുന്നു. ആകെ ജനസംഖ്യയിൽ 14,09,158 പേർ ഗ്രാമപ്രദേശത്തും 5,65,393 പേർ നഗരപ്രദേശത്തും താമസിക്കുന്നു. 0-6 വയസ്സുള്ള ശിശുക്കളുടെ ജനസംഖ്യയായ 1,74,486 സംസ്ഥാനത്തെ ഈ ഇനത്തിലുള്ള ജനസംഖ്യയുടെ 5% ആണെന്നു കാണാം. ജില്ലയുടെ ജനസാന്ദ്രത 895 ഉം സംസ്ഥാനത്തിന്റേത് 860 ഉം ആണ്.

ജനസംഖ്യാ അവലോകനം

2011 സെൻസസ് പ്രകാരം കോട്ടയം ജില്ലയിലെ ആകെ ജനസംഖ്യ 1974551 ആണ് ഇതിൽ 49% (968289) പുരുഷൻമാരും 51% (1006262) സ്ത്രീകളുമാണ് .ജില്ലയിലെ ജനസംഖ്യ കേരളത്തില ജനസംഖ്യയുടെ 5.9% ആണ് . 2001 സെൻസസ് പ്രകാരം, ജില്ലയിൽ ആകെയുണ്ടായിരുന്ന 1953646 പേരിൽ 964926 പേർ പുരുഷൻമാരും (49%) 988720 പേർ (51%) സ്ത്രീകളുമാണ്. 1.07 ശതമാനമാണ് ആണ് ജനസംഖ്യയുടെ ദശാബ്ദ വളർച്ചാനിരക്ക് അതേസമയം കേരളത്തിലേത് 4.9 ശതമാനമാണ് .

ജില്ലയിലെ പത്ത് ദശകത്തിലെ ജനസംഖ്യാ വളർച്ചാനിരക്ക് താഴെ കൊടുക്കുന്നു.

ചിത്രം 2.2.1

ആകെ ജനസംഖ്യയുടെ 71% ഗ്രാമപ്രദേശങ്ങളിലാണ് വസിക്കുന്നത്. ജില്ലയിൽ നഗര ഗ്രാമ പ്രദേശങ്ങളിൽ വസിക്കുന്നവരുടെ എണ്ണം2011 ലെ സെൻസസ് പ്രകാരചുവടെ ചേർക്കുന്നു

പട്ടിക 2.2.1

2011 ലെ ജനസംഖ്യ (എണ്ണം)		
സൂചികകൾ	**കോട്ടയം**	**കേരളം**
ഗ്രാമം		
ആകെ	1409158	17471135
ആൺ	692673	8408054
പെൺ	716485	9063081
നഗരം		
ആകെ	565393	15934926
ആൺ	275616	7619358
പെൺ	289777	8315568

ചിത്രം 2.2.2

പട്ടിക 2.2.2

2011 ലെ ജനസംഖ്യ (എണ്ണം)		
സൂചികകൾ	**കോട്ടയം**	**കേരളം**
ആകെ	1974551	33406061
ആൺ	968289	16027412
പെൺ	1006262	17378649
ജനസാന്ദ്രത (ച.കി.മീറ്ററിന്)	895	860

ജനസംഖ്യ വളർച്ചയും, കുടിയേറ്റവും

1991 മുതൽ 2011 വരെയുള്ള 3 ദശകങ്ങളിലെ ജില്ലയിലെ ജനസംഖ്യാ വളർച്ചാനിരക്ക് 7.6%, 6.8% 1.07% എന്ന ക്രമത്തിലാണ്. ഏറ്റവും കുറവു വളർച്ചാനിരക്ക് 2001-2011 ദശകത്തിലാണെന്ന് കാണാം.

പട്ടിക 2.2.3

ക്രമ നം.	വിവരങ്ങൾ		2001	2011
1	ആകെ ജനസംഖ്യ		1953646	1974551
	എ	സ്ത്രീകൾ	988720	1006262
	ബി	പുരുഷൻമാർ	964926	968289
2	ജനസാന്ദ്രത		885	895
3	പതിറ്റാണ്ടിലെ ജനസംഖ്യവർദ്ധനവ്		6.86	1.07
	എ	സ്ത്രീകൾ	8.01	1.77
	ബി	പുരുഷൻമാർ	5.7	0.35
4	ഗ്രാമം		1653838	1409158
	എ	സ്ത്രീകൾ	836019	716485
	ബി	പുരുഷൻമാർ	817819	692673
	സി	ഗ്രാമജനസംഖ്യാനുപാതം	84.65	71.37
5	നഗരം		299808	565393
	എ	സ്ത്രീകൾ	152701	289777
	ബി	പുരുഷൻമാർ	147107	275616
	സി	നഗരജനസംഖ്യാനുപാതം	15.35	28.63

Source: District Cesus Hand Bokk 2001 & 2011

പട്ടിക 2.2.4

	വിവരങ്ങൾ		2001	2011
1	കുട്ടികളുടെ ജനസംഖ്യ (0-6 വയസ്സ്)		212622	174486
	എ	ആൺകുട്ടികൾ	108358	88823
	ബി	പെൺകുട്ടികൾ	104264	85663
	സി	കുട്ടികളുടെ ശതമാനം	10.88	8.84
2	ഗ്രാമം		180101	125143
	എ	ആൺകുട്ടികൾ	91917	63745
	ബി	പെൺകുട്ടികൾ	88184	61398
	സി	കുട്ടികളുടെ ശതമാനം	10.89	8.88
3	നഗരം		32521	49343
	എ	ആൺകുട്ടികൾ	16441	25078
	ബി	പെൺകുട്ടികൾ	16080	24265
	സി	കുട്ടികളുടെ ശതമാനം	10.85	8.72

Source: District Cesus Hand Bokk 2001 & 2011

പ്രായവിഭാഗ ജനസംഖ്യാ വിശകലനം

2011 സെൻസസ് പ്രകാരം ജില്ലയിലെ കുട്ടികളുടെ (0-6 വയസ്സ്) എണ്ണം 174486 ആണ്. ഇത് ആകെ ജനസംഖ്യയുടെ 8.84% ആണ്. 2001 സെൻസസ് പ്രകാരം ജില്ലയിലെ കുട്ടികളുടെ എണ്ണം 212622 ആയിരുന്നു. കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നതായി കാണാം. 2001 സെൻസസ് പ്രകാരം ജില്ലയിലെ ആകെ ജനസംഖ്യയുടെ 10.88% കുട്ടികളാണ് . കേരളത്തിൽ കുട്ടികളുടെ ജനസംഖ്യ കുറഞ്ഞു വരുന്ന പ്രവണതയാണ് ജില്ലയുടെ ജനസംഖ്യയിൽ സെൻസസ് കാണിക്കുന്നത് 15.8% പേർ 60 വയസ്സിനു മുകളിലുള്ളവരാണ് . കേരളത്തിൽ ഇത് 12.55% ആണ് . വിവിധ പ്രായവിഭാഗങ്ങളിലായുള്ള ജനസംഖ്യ ഘടന താഴെ ചാർട്ടിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

ചിത്രം 2.2.3

തൊഴിലെടുക്കാൻ ശേഷിയുള്ള 15 നും 60 നും ഇടയ്ക്കുള്ള ജനസംഖ്യ ജില്ലയിൽ 63.25% ആണ് എന്നത് സാമ്പത്തിക അഭിവൃദ്ധിക്ക് അനുകൂലമാണ് . അതിൽ തന്നെ 20.14% ആളുകൾ 15-29 പ്രായ വിഭാഗത്തിൽ പെടുന്നവരാണ് .മനുഷ്യ വിഭവശേഷി വേണ്ട വിധം ഉപയോഗിക്കുവാൻ കഴിയുന്ന പദ്ധതികൾ ആവിഷ്കരിക്കാൻ കഴിഞ്ഞാൽ അത് ജില്ലയുടെ വികസനത്തിന് മുതൽക്കൂട്ടാകും.

സ്ത്രീ പുരുഷ അനുപാതം

പട്ടിക 2.2.5

	2001	2011
സ്ത്രീ പുരുഷ അനുപാതം	1025	1039
ഗ്രാമം	1022	1034
നഗരം	1038	1051
കുട്ടികളുടെ പെൺ ആൺ അനുപാതം	962	964
ഗ്രാമം	959	963
നഗരം	978	968

2001 സെൻസസുമായി താരതമ്യം ചെയ്യുമ്പോൾ കോട്ടയം ജില്ലയിലെ സ്ത്രീ പുരുഷ അനുപാതം (ആയിരം പുരുഷന്മാർക്ക് സ്ത്രീകളുടെ എണ്ണം) 14 പോയിൻറ് വർദ്ധിച്ച് 2011 ൽ 1039 എത്തി.

കേരളത്തിലെ ഏറ്റവും കൂടിയ സ്ത്രീ പുരുഷ അനുപാതമുള്ള കണ്ണൂർ (1136) ജില്ലയെക്കാളും 97 പോയിൻറ് കുറവാണ് കോട്ടയത്തിന്റെത്.

കേരളത്തിലേയും കോട്ടയം ജില്ലയുടേയും കഴിഞ്ഞ 10 സെൻസസുകളിലെ സ്ത്രീ പുരുഷ അനുപാതത്തിന്റെ ഒരു താരതമ്യ പഠനം താഴെ കൊടുക്കുന്നു. സംസ്ഥാന ശരാശരിയേക്കാൾ വളരെ കുറവാണ് ജില്ലയുടേത്. കുട്ടികളിലെ സ്ത്രീ പുരുഷ അനുപാതം 964 ആണെന്നത് ഗൗരവമായി പരിഗണിക്കേണ്ടതാണ്.

പട്ടിക 2.2.6

സ്ത്രീ പുരുഷാനുപാതം പത്തു ദശാബ്ദങ്ങളിൽ										
വർഷം	1921	1931	1941	1951	1961	1971	1981	1991	2001	2011
കോട്ടയം	947	966	966	987	988	991	1001	1003	1025	1039
കേരളം	1011	1022	1027	1028	1022	1016	1032	1036	1058	1084

സ്ത്രീ പുരുഷാനുപാതത്തിൽ മുന്നിൽ ചങ്ങനാശേരി താലൂക്കും (1063) പിന്നിൽ മീനച്ചിൽ താലൂക്കും (1015) ആണ്.

തൊഴിൽ

31.03.2017 ലെ കണക്കുകൾ പ്രകാരം ജില്ലയിൽ ആകെ 60083 പേർ സ്വകാര്യ-ഗവൺമെന്റ് സ്ഥാപനങ്ങളിലായി ജോലി ചെയ്യുന്നു. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പട്ടിക 2.2.7

മേഖല	തൊഴിലാളികളുടെ എണ്ണം		
	പുരുഷന്മാർ	സ്ത്രീകൾ	ആകെ
പൊതുമേഖല	11646	8547	20193
സ്വകാര്യമേഖല	19363	20527	39890
ആകെ	**31009**	**29074**	**60083**

ജില്ലയിലെ പൊതുമേഖല സ്ഥാപനങ്ങളിൽ 20193 പേരും സ്വകാര്യമേഖലയിൽ 39890 പേരും ജോലി ചെയ്യുന്നു. 2015-16 സാമ്പത്തിക വർഷം ഇത് യഥാക്രമം 18533 ഉം 33165 ഉം ആണ്.

ജില്ലയിലെ തൊഴിൽസ്ഥാപനങ്ങൾ, സ്ത്രീ – പുരുഷ തൊഴിലാളികൾ എന്നിവയുടെ വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

പട്ടിക 2.2.8

ക്രമനമ്പർ	അസിസ്റ്റന്റ് ലേബർ ഓഫീസ് പരിധി	ചങ്ങനാശേരി	കോട്ടയം ഒന്നാം സർക്കിൾ	കോട്ടയം രണ്ടാം സർക്കിൾ	പുതുപ്പള്ളി	കാഞ്ഞിരപ്പള്ളി	പാല	വൈക്കം
1.	ആകെ സ്ഥാപനങ്ങളുടെ എണ്ണം	4587	3799	3124	2674	3411	6305	5009
2.	സ്ത്രീ തൊഴിലാളികളുടെ എണ്ണം	3178	4620	5442	2073	1892	4036	3014
3.	വനിതാ തൊഴിലാളികളുടെ എണ്ണം	6891	12403	6699	2363	3562	7195	4529
4.	ആകെ തൊഴിലാളികളുടെ എണ്ണം	10069	17023	12141	4436	5454	11231	7543

തൊഴിലാളികൾ		
സൂചികകൾ	**കോട്ടയം**	**കേരളം**
ആകെ	735735	11619063
ആൺ	530322	8451569
പെൺ	205413	3167494
പ്രധാന തൊഴിലാളികൾ		
ആകെ	604553	9329747
ആൺ	463713	7179828
പെൺ	140840	2149919
നാമമാത്ര തൊഴിലാളികൾ		
ആകെ	131182	2289316
ആൺ	66609	1271741
പെൺ	64573	1017575
തൊഴിലാളികളല്ലാത്തവർ		
ആകെ	1238816	21786998
ആൺ	437967	7575843
പെൺ	800849	14211155

കൃഷിക്കാർ		
ആകെ	49991	670253
ആൺ	43752	546906
പെൺ	6239	123347
കർഷക തൊഴിലാളികൾ		
ആകെ	63052	1322850
ആൺ	45798	857995
പെൺ	17254	464855
കുടുംബ വ്യവസായ തൊഴിലാളികൾ		
ആകെ	18523	273022
ആൺ	11481	164615
പെൺ	7042	108407
മറ്റ് തൊഴിലാളികൾ		
ആകെ	604169	9352938
ആൺ	429291	6882053
പെൺ	174878	2470885

Source: District Cesus Hand Book 2001 & 2011

ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം

പട്ടിക 2.2.9

	എംപ്ലോയ്മെന്റ് എക്സ് ചേഞ്ച്	പത്താം ക്ലാസ്	പ്രീഡിഗ്രി/ ഹയർസെക്കണ്ടറി	ബിരുദം	ബിരുദാന്തര ബിരുദം	രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം (31.03.2017 അടിസ്ഥാനമാക്കി)
1.	ജില്ലാ എംപ്ലോയ്മെന്റ് എക്സ് ചേഞ്ച്	54537	7261	2201	431	70818
2.	ടൗൺ എംപ്ലോയ്മെന്റ് എക്സ് ചേഞ്ച്, പാലാ	25003	7323	2492	170	37136
3.	ടൗൺ എംപ്ലോയ്മെന്റ് എക്സ് ചേഞ്ച്, ചങ്ങനാശ്ശേരി	30439	2023	1591	185	36619
4.	ടൗൺ എംപ്ലോയ്മെന്റ് എക്സ് ചേഞ്ച്, വൈക്കം	29573	9568	2137	435	45413
5.	ടൗൺ എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് , കാഞ്ഞിരപ്പള്ളി	16635	9458	2793	394	31539
6.	ഭിന്നശേഷിയുള്ളവർക്കുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ് ചേഞ്ച്	706	335	141	17	1636
	ആകെ	**156893**	**35968**	**11355**	**1632**	**223161**

മറുനാടൻ കുടിയേറ്റം

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ കേരളത്തിൽ നിന്നും തൊഴിൽ നേടി മറ്റു സംസ്ഥാനങ്ങളിലേക്ക് കുടിയേറുന്ന പ്രവണത ഏറിവന്നു. ചെന്നൈ, മുംബൈ, ബാംഗ്ലൂർ, അഹമ്മദാബാദ്, ഡൽഹി തുടങ്ങിയ വൻ നഗരങ്ങളിലേക്ക് ധാരാളം മലയാളികൾ കുടിയേറിയ കൂട്ടത്തിൽ ജില്ലയിൽ നിന്നുള്ളവരും ഉൾപ്പെട്ടിരുന്നു. 2013 ലെ കണക്ക് പ്രകാരം 33276 പേർ ജില്ലയിൽ നിന്നും ഇതര സംസ്ഥാനങ്ങളിലേക്ക് കുടിയേറിയിട്ടുണ്ട് .അതിൽ 16811 പേർ അതായത് 60.43% സ്ത്രീകളാണ്.

കുടിയേറ്റം ഇതര സംസ്ഥാനങ്ങളിലേയ്ക്ക്

പട്ടിക 2.2.10

കർണാടകം	തമിഴ് നാട്	മഹാരാഷ്ട്ര	ആന്ധ്രാ	ഗുജറാത്ത്	കേന്ദ്രഭരണ പ്രദേശം	മറ്റുള്ളവ
9232	4601	3986	3090	1385	5776	5206

* Reports on Migrants and Return migrants 2013 – DES, TVM.

കുടിയേറ്റം വിദേശ രാജ്യങ്ങളിലേക്ക്

പ്രവാസി മലയാളികൾ നാടിന്റെ പുരോഗതിയിൽ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. ലോകത്തിലെ മിക്കവാറും എല്ലാ രാജ്യങ്ങളിലേയ്ക്കും മലയാളികൾ കുടിയേറിയിട്ടുണ്ട് . ആകെയുള്ള പ്രവാസികളിൽ 5% കോട്ടയം ജില്ലക്കാരാണ് . ജില്ലയിൽ നിന്നും കുടിയേറിയ വിദേശ മലയാളികളിൽ 31.68% സ്ത്രീകളാണ് .സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് നടത്തിയ പ്രവാസി സർവ്വ 2013 പ്രകാരം കോട്ടയം ജില്ലയിൽ 100,625 പേർ പ്രവാസികളായിട്ടുണ്ട്.

സാക്ഷരത

പട്ടിക 2.2.11

സൂചികകൾ	കോട്ടയം	കേരളം
ആകെ	97.21	94
ആൺ	97.97	96.11
പെൺ	96.48	92.07

1989- ൽ കോട്ടയം മുനിസിപ്പാലിറ്റിയിൽ നടന്ന സാക്ഷരതാ പ്രവർത്തനമാണ് കോട്ടയം ജില്ലയിലെ സാക്ഷരതാ പ്രവർത്തനങ്ങളിൽ ആദ്യത്തെ ജനകീയ പരിപാടി. തുടർന്ന് 1990- ൽ നടന്ന സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തോടനുബന്ധിച്ച് ജില്ലയിൽ വ്യാപകമായി സർവ്വേ നടത്തി നിരക്ഷരരായ മുഴുവൻ ആളുകളേയും കണ്ടെത്തി അവരെ പഠിപ്പിക്കാൻ ഇൻസ്ട്രക്ടർമാരെ നിയോഗിച്ചു. ജില്ലയിലെ സർക്കാർ - അർദ്ധ സർക്കാർ, സ്ഥാപനങ്ങളോടൊപ്പം, ജാതി,മത,രാഷ്ട്രീയ സംഘടനകൾ, ക്ലബ്ബുകൾ, വായനശാലകൾ, ശാസ്ത്രസാഹിത്യപരിഷത്ത് തുടങ്ങിയ പ്രസ്ഥാനങ്ങളെല്ലാം ഈ യജ്ഞത്തിൽ പങ്കാളികളായി.

പട്ടിക 2.2.12

സാക്ഷരത നിരക്ക്	2001	2011
കോട്ടയം ജില്ല	95.82	97.2
ഗ്രാമം	95.82	97.48
നഗരം	95.8	97.01
സ്ത്രീകൾ	94.35	96.48
പുരുഷൻമാർ	97.34	97.97

2011 സെൻസസ് പ്രകാരം കേരളത്തിലെ ജില്ലകളിൽ ഏറ്റവും ഉയർന്ന സാക്ഷരത നിരക്ക് (97.21%) കോട്ടയത്തിനാണ്. സംസ്ഥാന ശരാശരി 94% ആണ്. ഇന്ത്യയിലെ സമ്പൂർണ്ണ സാക്ഷരത കൈവരിച്ച ആദ്യ നഗരമായി കോട്ടയം മാറിയത് 1989 ലാണ്. നിലവിലുള്ള കണക്ക് പ്രകാരം ജില്ലയിലെ പുരുഷന്മാരുടെ സാക്ഷരതാ നിരക്ക് 97.97% ഉം സ്ത്രീകളുടേത് 96.48% ഉം ആണ്.

സമ്പൂർണ്ണ സാക്ഷരത നേടിയ ആളുകളുടെ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി വിവിധ കേന്ദ്രങ്ങളിൽ തുടർവിദ്യാ കേന്ദ്രങ്ങൾ ആരംഭിക്കുകയും പത്താംതരം തുല്യതാ ക്ലാസുകൾ, വിവരാവകാശ ബോധവത്ക്കരണം, മീനച്ചിലാർ സംരക്ഷണം, പരിസ്ഥിതി സംരക്ഷണം തുടങ്ങി വൈവിധ്യമാർന്നതും ജനോപകാരപ്രദവുമായ നിരവധി പ്രവർത്തനങ്ങൾ നടത്തുവാനും കഴിഞ്ഞിട്ടുണ്ട്.

അവശേഷിക്കുന്ന നിരക്ഷരരെ കണ്ടെത്താനായി ജില്ലയിലെ മുഴുവൻ കുടുംബങ്ങളേയും ഉൾപ്പെടുത്തി ഒരു സമഗ്ര സർവ്വേ നടത്തി, നിരക്ഷരർ, നവസാക്ഷരർ, 4,7,10,12 ക്ലാസുകളിൽ വിജയിക്കാൻ സാധിക്കാത്തവർ എന്നിവരെ പൂർണ്ണമായും കണ്ടെത്തുകയും അവരുടെ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് കളമൊരുക്കുകയും ചെയ്യേണ്ടതാണ്. ഇതൊടൊപ്പം തന്നെ ഇതര സംസ്ഥാനതൊഴിലാളികൾ, ഭിന്നശേഷിക്കാർ, ഭിന്നലിംഗക്കാർ തുടങ്ങിയവരേയും വിദ്യയുടെ വിശാല ലോകത്തേക്ക് കൈപിടിച്ചുയർത്തേണ്ട ബാദ്ധ്യതകൂടിയുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഇത്തരം പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുത്താൽ മാത്രമേ എല്ലാ അർത്ഥത്തിലും സാക്ഷരതാ പരിപാടി വിജയിച്ചു എന്ന് പറയാൻ കഴിയുകയുള്ളൂ.

പട്ടികജാതി ജനവിഭാഗം

ഈ ജില്ലയുടെ കാർഷിക അഭിവൃദ്ധിക്ക് നിസ്തുലമായ സംഭാവന നൽകിയവരാണ് പട്ടികജാതി ജനവിഭാഗം. അവരുടെ ആത്മാർത്ഥപരമായ കാർഷിക പ്രയത്നത്തിന്റെ ഫലം ആസ്വദിക്കുവാൻ അന്നത്തെ സാമൂഹിക വ്യവസ്ഥിതി അനുവദിച്ചിരുന്നില്ല. ഏതൊരു ജന വിഭാഗത്തിന്റെയും സാമ്പത്തിക വളർച്ചയുടെ ചരിത്രം പരിശോധിച്ചാൽ അത് കാർഷിക വളർച്ചയുടെ അടിസ്ഥാന മൂലധനമായ ഭൂസ്വത്താണെന്ന് വിലയിരുത്താൻ കഴിയും. എന്നാൽ പട്ടികജാതി ജനവിഭാഗങ്ങൾക്ക് ഭൂമി കൈവശം വെക്കുവാനുള്ള അവകാശം നിഷേധിച്ചിരുന്നു. ഇത് പരമ പ്രധാനമായും ഈ ജനതയുടെ സാമ്പത്തിക വളർച്ചയുടെ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ഇന്നും ഒരു വെല്ലുവിളിയായി തുടരുന്നു.

1843 ലെ അടിമക്കച്ചവടം നിർത്തലാക്കി കൊണ്ടുള്ള വിളമ്പരവും ബുദ്ധമത വിശ്വാസത്തിന്റെ പ്രചാരവും, ശ്രീനാരായണ ഗുരുവിന്റെ നേതൃത്വത്തിൽ ഉണ്ടായ നവോത്ഥാന പ്രവർത്തനവും, വൈക്കം സത്യാഗ്രഹവും ഗുരുവായൂർ സത്യാഗ്രഹവും, ശ്രീ മഹാത്മാ അയ്യൻകാളിയുടെ മനുഷ്യാവകാശങ്ങൾക്ക് വേണ്ടി നയിച്ച സമരങ്ങളും ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ വളർച്ചയും എല്ലാം കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായങ്ങളുടെ സ്വാതന്ത്ര്യത്തിനും സാമൂഹികവും സാംസ്കാരികപരവുമായ മുന്നേറ്റങ്ങൾക്ക് നിദാനമായ പ്രവർത്തനങ്ങളാണ്. ഈ മുന്നേറ്റങ്ങളിലൊക്കെ കോട്ടയം ജില്ലയ്ക്കും കൃത്യമായ പങ്കുവഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. പട്ടിക വിഭാഗത്തിൽ നിന്നൊരാൾ ആദ്യമായി ഇന്ത്യയുടെ പ്രഥമ പൗരനായതും കോട്ടയംകാരനായ ഡോ. കെ.ആർ. നാരായണനിലൂടെയാണ്.

പട്ടികജാതി ജന വിഭാഗങ്ങൾക്ക് അവരുടെ തനതായ സാംസ്കാരിക പൈതൃകങ്ങൾ ഉണ്ട്. കൊയ്ത്തുപാട്ടുകൾ, നാടൻപാട്ടുകൾ, കോൽക്കളി, മുടിയാട്ടുകളി, പാണൻകളി, പറയൻകളി തുടങ്ങിയവയിൽ ഇത് പ്രതിഫലിക്കുന്നു.

പട്ടിക 2.2.13

ജനസംഖ്യ (പട്ടികജാതി)		
	കോട്ടയം	**കേരളം**
ആകെ	153909	3039573
ആൺ	75503	1477808
പെൺ	78406	1561765
ജനസംഖ്യ (പട്ടികവർഗ്ഗം)		
ആകെ	21972	484839
ആൺ	10974	238203
പെൺ	10998	246636

2011 കാനേഷുമാരി അനുസരിച്ച് കോട്ടയം ജില്ലയുടെ ആകെ ജനസംഖ്യ 1974551 ആണ്. ആതിൽ പട്ടികജാതി ജനവിഭാഗം 153909 (7.8%) ആകുന്നു. ആകെ പട്ടികജാതി ജനസംഖ്യയിൽ 75503 പുരുഷന്മാരും 78406 സ്ത്രീകളുമാണ്. സാക്ഷരതയിൽ ഏറ്റവും മുമ്പിൽ നിൽക്കുന്ന (97.2%) ഈ ജില്ലയിൽ പട്ടികജാതി വിഭാഗത്തിന്റെ സാക്ഷരത 85.55 ആണ്.

പട്ടികവർഗ്ഗ ജനവിഭാഗം

കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട, കാഞ്ഞിരപ്പള്ളി ബ്ലോക്കുകളിലാണ് ഏറ്റവുമധികം പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ആളുകൾ അധിവസിക്കുന്നത്. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ മേലുകാവിന്റെ പരിധിയിൽ 2472 കുടുംബങ്ങളും, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ പുഞ്ചവയലിന്റെ പരിധിയിൽ 1883 കുടുംബങ്ങളും, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ വൈക്കത്തിന്റെ പരിധിയിൽ 1033 കുടുംബങ്ങൾ ഉൾപ്പെടെ ആകെ 5388 കുടുംബങ്ങളിലായി 21972 പട്ടികവർഗ്ഗക്കാരാണ് ജില്ലയിൽ അധിവസിക്കുന്നത്. മലയരയ, ഊരാളൻ, ഈരാളി, മലവേടൻ, മലമ്പണ്ടാരം, മുതുവാൻ, പണിയൻ ഗോത്രവിഭാഗങ്ങളാണ് ജില്ലയിൽ കണ്ടുവരുന്നത്. ഇതിൽ തന്നെ പ്രബലമായ ഗോത്രവർഗ്ഗ വിഭാഗമായ മലയരയയാണ് ബഹുഭൂരിപക്ഷവും. ജില്ലയിലെ ഇതര വിഭാഗങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസം, ആരോഗ്യം, ഭൂമിയുടെ ലഭ്യത, തൊഴിൽ, കുടിവെള്ളം, വൈദ്യുതി, ഗതാഗതം, തുടങ്ങിയ അടിസ്ഥാന മേഖലകളിലെ വികസനതോതിൽ ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവർക്ക് വേണ്ടത്ര ഉയർച്ച ഉണ്ടായിട്ടില്ലായെന്നുള്ളത് വസ്തുതയാണ്. പരമ്പരാഗതമായ വനാശ്രയത്വം ഉപേക്ഷിച്ച് പുതുതലമുറ ഉന്നതവിദ്യാഭ്യാസം നേടിയിട്ടുണ്ടെന്നതും, ഇതര തൊഴിലുകൾ ചെയ്യുന്നതിൽ പ്രാവീണ്യം നേടുന്നതും, ഇത്തരം, സമുദായങ്ങളിൽ പെട്ടവരുടെ സാമ്പത്തികമായ ഉന്നതിക്കും, സാംസ്കാരികമായ വികസനത്തിനും സാധ്യമാക്കി തീർക്കുന്നതാണ്.

പട്ടികവർഗ്ഗക്കാരുടെ പ്രത്യേകമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി 5 ലധികം വിവിധ സ്ഥാപനങ്ങൾ ജില്ലയിൽ നിലവിലുണ്ട്. ഇതിൽ പ്രധാനപ്പെട്ടത് ഏറ്റുമാനൂരുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളാണ്. എഞ്ചിനീയറിംഗ്, മെഡിക്കൽ ബിരുദം നേടിയ 37 ആളുകൾ മാത്രമാണ് ജില്ലയിൽ ഈ വിഭാഗത്തിൽ നിന്നും ഉള്ളത്. എസ്.എസ്.എൽ.സി യോ അതിനുമുകളിലോ വിദ്യാഭ്യാസയോഗ്യതയുള്ള 1936 പേർ ഈ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ 1-ാം ക്ലാസിൽ ചേരുന്ന മുഴുവൻ പട്ടികവർഗ്ഗ വിദ്യാർത്ഥികളും 10-ാം ക്ലാസിൽ പോലും എത്താത്തത്, ഈ

വിഭാഗത്തിൽപെട്ടവരുടെ സ്കൂൾകൊഴിഞ്ഞുപോക്ക് വളരെയധികം കൂടുതലാണെന്നുള്ള വസ്തുതയാണ് ചൂണ്ടിക്കാണിക്കുന്നത്. ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ സ്ഥാപിച്ച്, സ്റ്റൈപന്റ് തുകയിൽ കാലോചിതമായ വർദ്ധനവ് വരുത്തിയാൽ ഒരു പരിധിവരെ ഈ കൊഴിഞ്ഞുപോക്ക് പരിഹരിക്കാവുന്നതാണ്.

പട്ടിക വർഗ്ഗ ജനസംഖ്യ പരിഗണിക്കുമ്പോൾ ബ്ലോക്ക് പഞ്ചായത്തുകളിൽ, ഏറ്റവും കൂടുതൽ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിലും (8086) കുറവ് കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിലും (359) ആണ്. ഗ്രാമപഞ്ചായത്തുകളിൽ കൂടുതൽ മേലുകാവ് ഗ്രാമപഞ്ചായത്തിലും (2472) കുറവ് തലയാഴം (18) ഉം ആണ്.

2.3 സ്ഥാപന വിഭവങ്ങൾ

മൃഗസംരക്ഷണം

സ്വകാര്യമേഖലയിൽ ഏതാണ്ട് 200 ആടു ഫാമുകളും 400 ഇറച്ചിക്കോഴി യൂണിറ്റുകളും 40 മുട്ടക്കോഴി ഫാമുകളും പ്രവർത്തിക്കുന്നു.ഒരു ആധുനിക അറവുശാലയും അംഗീകാരമുള്ള 3 അറവുശാലകളും അംഗീകാരമില്ലാത്ത 128 അറവുശാലകളും ജില്ലയിലുണ്ട്.

സർക്കാർ മേഖലയിൽ വെറ്ററിനറി ആശുപത്രി – 87, വെറ്ററിനറി സബ്സെന്റർ - 82, രാത്രികാലമൃഗചീകിത്സ യൂണിറ്റ് – 7, എ.ബി.സി. സെന്റർ - 5 , ക്ളിനിക്കൽ ലാബറട്ടറികൾ - 5, പിഗ് ബ്രീഡിംഗ് യൂണിറ്റ് – 1, കോഴി ഫാം – 1, മൃഗസംരക്ഷണ പരിശീലന കേന്ദ്രം – 1, ജില്ലാ വെറ്ററിനറി കേന്ദ്രം – 1, എന്നീ സ്ഥാപനങ്ങൾ ജില്ലയിലുണ്ട്.

ക്ഷീര വികസനം

ജില്ലയിൽ 12 ക്ഷീര വികസന യൂണിറ്റുകൾ ഉണ്ട്. രജിസ്റ്റർ ചെയ്യപ്പെട്ട 280 ക്ഷീര സംഘങ്ങളും 252 ആപ്കോസ് സംഘങ്ങളും, 28 പരമ്പരാഗത സംഘങ്ങളും ആണ് ജില്ലയിലുള്ളത്.

ഇതിൽ പ്രവർത്തിക്കുന്നവ 240 എണ്ണം ആണ്. 10314 കർഷകർ ഈ സംഘങ്ങളിലായി പാൽ അളക്കുന്നു. 25 ലക്ഷം ലിറ്റർ പാൽ പ്രതിമാസം സംഭരിക്കുന്നു. ജില്ലയിലെ ക്ഷീര സംഘങ്ങൾ വഴി പ്രതിവർഷം 307 ലക്ഷം ലിറ്റർ പാൽ സംഭരിച്ച് വിപണനം നടത്തിയിട്ടുണ്ട്.

മത്സ്യ വികസനം

ജില്ലയിലെ 77 തദ്ദേശഭരണസ്ഥാപനങ്ങളിൽ ഉൾനാടൻ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കി വരുന്നു. തദ്ദേശസ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് മത്സ്യകർഷകരുടെ കൂട്ടായ്മയ്ക്കായി ക്ലബുകൾ പ്രവർത്തിക്കുന്നു. ജില്ലയിൽ 2 മത്സ്യഗ്രാമങ്ങളിലായി 3 മത്സ്യഭവനങ്ങളും പള്ളത്ത് ഒരു ഗവ . മോഡൽ ഫിഷ് ഫാമും പ്രവർത്തിച്ചുവരുന്നു.

അലങ്കാര മത്സ്യ ഉൽപാദനത്തിന്റെയും കയറ്റുമതിയുടേയും വികസനത്തിനായി ആലുവയിൽ സ്ഥാപിതമായ സർക്കാർ കമ്പനിയായ കേരള അക്വവെഞ്ചേഴ്സ് ഇന്റർ നാഷണൽ ലിമിറ്റഡ് (KAVIL)ലൂടെയും പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇത്തരത്തിലുള്ള ഇന്ത്യയിലെ ആദ്യത്തെ സ്ഥാപനമായ ഇതിന്റെ ലക്ഷ്യം, ഗുണനിലവാരമുള്ള അലങ്കാര മത്സ്യം വളർത്തലിൽ ആവശ്യമായ സേവനം, വിപണനം ഇവയിൽ ഫലപ്രദമായ ഇടപെടലുകൾ നടത്തുകയാണ്.

സർക്കാർകമ്പനിയായ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് (KSCADC) പശ്ചാത്തല സൗകര്യ വികസനം, സാങ്കേതിക സഹായം, വാണിജ്യവൽക്കരണം തുടങ്ങിയ പ്രോജക്ടുകൾ കൈകാര്യം ചെയ്യുന്നു.

കെ.എസ്.സി.എ.ഡി.സി.യുടെ ഉടമസ്ഥതയിലുള്ള കോവിലകത്തും കടവ് മാർക്കറ്റ്, ഏറ്റുമാനൂർ മാർക്കറ്റ്, ചങ്ങനാശേരി മാർക്കറ്റ്, കോടിമത മാർക്കറ്റ് എന്നിവയും ചെമ്പ് പഞ്ചായത്തിലെ മുറിഞ്ഞപുഴ ലാൻറിംഗ് സെന്റർ, ഉദയനാപുരം പഞ്ചായത്തിലെ നാനാടം മാർക്കറ്റ് ഇവയുമാണ് വിപണന കേന്ദ്രങ്ങൾ.

വ്യവസായം

വ്യവസായവാണിജ്യ വകുപ്പും, അതൊടൊപ്പം മറ്റു വകുപ്പുകളായ ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ്, കയർ വികസന വകുപ്പ്, വിവിധ സഹകരണ സ്ഥാപനങ്ങൾ എന്നിവ വഴി, വ്യവസായ വികസനത്തിനും, സ്വയം തൊഴിൽ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുമായുള്ള വിവിധ കർമ്മ പരിപാടികൾ ജില്ലയിൽ നടപ്പിലാക്കി വരുന്നു.

പട്ടിക 2.3.1

രജിസ്റ്റർ ചെയ്ത വ്യവസായ സ്ഥാപനങ്ങൾ	7694
ആകെ നിക്ഷേപം (ലക്ഷം)	73028
തൊഴിലവസരങ്ങൾ	38902
വ്യവസായ മേഖലകൾ	4
മിനി വ്യവസായ എസ്റ്റേറ്റ്	13

കേരളത്തിന്റെ വ്യാവസായിക സമ്പദ് ഘടനയിൽ ജില്ല വഹിക്കുന്ന പങ്ക് പരമ പ്രധാനമാണ്. ജില്ലയിൽ പ്രധാനമായും നിലനിന്നു വരുന്നത്, റബർ അധിഷ്ഠിത വ്യവസായ സംരംഭങ്ങളും, കാർഷികോത്പന്നങ്ങളെ ആധാരമാക്കിയുള്ള വ്യവസായ സംരംഭങ്ങളുമാണ്. കൂടാതെ ജനറൽ എഞ്ചിനീയറിംഗ് മേഖലയിലും, സേവന മേഖലയിലും വ്യവസായ സംരംഭങ്ങൾ പ്രവർത്തിച്ചു വരുന്നു. ത്രിതല പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വ്യവസായിക സംരംഭങ്ങളുടെ സ്ഥാപനത്തിനും ഇവയുടെ വളർച്ചയ്ക്കും വേണ്ട പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. ഇപ്രകാരം വ്യവസായിക വികസനത്തിനായി, ജില്ലയിൽ മുഖ്യ പങ്ക് വഹിക്കുന്നത് വ്യവസായ വകുപ്പാണ്. ജില്ലയിലെ മേഖല തിരിച്ചുള്ള വ്യവസായങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 2.3.2

നമ്പർ	മേഖല	എണ്ണം	നിക്ഷേപം (ലക്ഷം)	തൊഴിലവ സരങ്ങൾ
1	കൃഷി അധിഷ്ഠിതം ഭക്ഷ്യ സംസ്കരണം	833	21255	5808
2	സോഡാ / കുടിവെള്ളം	126	1272.5	778
3	പരുത്തി തുണി	5	66	28
4	കമ്പിളി, പട്ട്, കൃത്രിമ ത്രെഡ് അടിസ്ഥാനമാക്കിയുള്ള വസ്തുങ്ങൾ	5	94	15
5	റെഡിമെയ്ഡ് വസ്തുങ്ങൾ & എംബ്രോയ്ഡറി	922	4323.92	4118
6	മരം/ തടി അടിസ്ഥാനമാക്കിയുള്ള ഫർണീച്ചറുകൾ	432	4890	1827
7	പേപ്പർ, പേപ്പർ ഉത്പന്നങ്ങൾ	162	1430	1348
8	തുകൽ അടിസ്ഥാനത്തിലുള്ളത്	63	664	997
9	കെമിക്കൽ/ കെമിക്കൽ അധിഷ്ഠിതം	80	2372	156
10	റബ്ബർ, പ്ലാസ്റ്റിക് & പെട്രോ അധിഷ്ഠിതം	524	10883	4266
11	ധാതു അധിഷ്ഠിതം	133	1827	887
12	മെറ്റൽ അധിഷ്ഠിതം (സ്റ്റീൽ ഫാബ്)	338	1918	904
13	എഞ്ചിനീയറിംഗ് യൂണിറ്റുകൾ	629	3297.68	2577
14	ഇലക്ട്രിക്കൽ മെഷിനറി, ഗതാഗത ഉപകരണങ്ങൾ	24	107	97
15	നന്നാക്കലും സർവീസ് ചെയ്യലും	955	4536.54	4100
16	രത്ന രൂപകൽപ്പന	5	5	11
17	ഫാഷൻ ഡിസൈനിങ്ങ്	141	324.5	922
18	മറ്റുള്ളവ	2197	14796.89	10393
19	ആർട്ടിസാൻ യൂണിറ്റുകൾ	246	237.51	448
	ആകെ	**7694**	**73027.8**	**38902**

ആരോഗ്യം

ആരോഗ്യ വകുപ്പിൽ കോട്ടയം ജില്ലയിൽ 4 ജനറൽ ആശുപത്രികളും ഒരു സ്പെഷ്യാലിറ്റി ആശുപത്രിയും 3 താലൂക്ക് ആശുപത്രികളും 20 സാമൂഹിക ആരോഗ്യകേന്ദ്രങ്ങളും 44 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും 11 കുടുംബാരോഗ്യ കേന്ദ്രങ്ങളും കൂടാതെ ഒരു മെഡിക്കൽ കോളേജും, കുട്ടികളുടെ ആശുപത്രിയും, ഉൾപ്പെടെ 85 സർക്കാർ ആശുപത്രികളും 360 സബ്ബ് സെന്ററുകളും നിലനിൽക്കുന്നുണ്ട്. 2017 നവംബർ മാസം 15 വരെ ഈ സ്ഥാപനങ്ങളിലെല്ലാമായി നാലര ലക്ഷത്തിലധികം രോഗികളെ ചികിത്സിച്ചു.

നിലവിലുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ

പട്ടിക 2.3.3

ക്രമനമ്പർ	സ്ഥാപനം	എണ്ണം	കിടക്കകളുടെ എണ്ണം
1	മെഡിക്കൽ കോളേജ് ആശുപത്രി	1	1770
2	കുട്ടികളുടെ ആശുപത്രി	1	170
3	ജനറൽ ആശുപത്രി	4	1064
4	സ്പെഷ്യാലിറ്റി ആശുപത്രി	1	150
5	താലൂക്ക് ആശുപത്രി	3	551
6	സാമൂഹിക ആരോഗ്യകേന്ദ്രം	20	734
7	പ്രാഥമിക ആരോഗ്യ കേന്ദ്രം	44	305
8	കുടുംബാരോഗ്യ കേന്ദ്രം	11	
9	സബ് സെന്ററുകൾ	360	
10	**ആകെ**	**445**	**4744**

ജില്ലയിലെ എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും പ്രാഥമിക റഫറൽ യൂണിറ്റുകളായും 7 ആശുപത്രികൾ ദ്വിതീയ റഫറൽ യൂണിറ്റുകളായും പ്രവർത്തിക്കുന്നു. ചങ്ങനാശേരി, പാലാ, കാഞ്ഞിരപ്പള്ളി, കോട്ടയം എന്നിവിടങ്ങളിലെ ജനറൽ ആശുപത്രികൾ, വൈക്കം, പാമ്പാടി, കുറവിലങ്ങാട് എന്നിവിടങ്ങളിലെ താലൂക്ക് ആശുപത്രികൾ ഇവയാണ് ദ്വിതീയ റഫറൽ യൂണിറ്റുകൾ. അതേ സമയം മെഡിക്കൽ കോളേജും, കുട്ടികളുടെ ആശുപത്രിയും തൃതീയ റഫറൽ യൂണിറ്റുകളായി പ്രവർത്തിക്കുന്നു. ജില്ലയിൽ ചിറക്കടവ് പഞ്ചായത്തിൽ ഒഴികെ എല്ലാ പഞ്ചായത്തുകളിലും പ്രാഥമിക ആരോഗ്യ സ്ഥാപനങ്ങളോ മറ്റ് ആരോഗ്യ സ്ഥാപനങ്ങളോ ഉണ്ട്.

ഹോമിയോപ്പതി

കോട്ടയം ജില്ലയിൽ ഹോമിയോപ്പതി വകുപ്പിനു കീഴിൽ 3 ആശുപത്രികളും 54 ഡിസ്പെൻസറികളും 25 എൻ.എച്ച്.എം ഡിസ്പെൻസറികളും പ്രവർത്തിച്ചു വരുന്നു. വിവിധ ഇനം പകർച്ച വ്യാധികൾ, ജീവിത ശൈലിരോഗങ്ങൾ, ഡി ജെനറേറ്റീവ് രോഗാവസ്ഥകൾ മുതലായവയ്ക്ക് ചികിത്സയും, ഫലപ്രദമായ പ്രതിരോധവും ക്യാൻസറിനുള്ള പാലിയേറ്റീവ് കെയറും ഹോമിയോപ്പതിയിൽ സാദ്ധ്യമാണ്. കുറിച്ചി ഗവ. ഹോമിയോ ആശുപത്രിയിൽ 125 കിടക്കകൾ, ജില്ലാ ഹോമിയോ ആശുപത്രിയിൽ 25 കിടക്കകൾ, ഗവ. ഹോമിയോ ആശുപത്രി പാലായിൽ 25 കിടക്കകൾ എന്നിങ്ങനെ ആകെ 175 പേർക്ക് കിടത്തി ചികിത്സ ലഭ്യമാണ്.

ആയുർവ്വേദം

കോട്ടയം ജില്ലയിൽ ചികിത്സാവകുപ്പിന് കീഴിൽ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 2.3.4

ക്രമ നമ്പർ	വിഭാഗം	എണ്ണം
1	ആയുർവ്വേദ ആശുപത്രികൾ	11
2	ഗവ. ആയുർവ്വേദ ഡിസ്പെൻസറികൾ	63
3	ആയുഷ് ഹെൽത്ത് സെന്ററുകൾ (എൻ.എച്ച്.എം. മുഖേന പ്രവർത്തിക്കുന്നത്)	17

11 ആശുപത്രികൾ അനുവദിച്ചിട്ടുണ്ടെങ്കിലും അടിസ്ഥാനസൗകര്യങ്ങളില്ലാത്തതിനാൽ മൂഴൂർ ഗവ. ആയുർവ്വേദ ആശുപത്രി ഡിസ്പെൻസറിയായിത്തന്നെ പ്രവർത്തിച്ചുവരുന്നു. താലൂക്ക് അടിസ്ഥാനത്തിൽ ലഭ്യമായിട്ടുള്ള കണക്കുകൾ താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 2.3.5

ക്രമനമ്പർ	താലൂക്ക്	ആശുപത്രി	കിടക്കകളുടെ എണ്ണം
1	കോട്ടയം	ജില്ലാ ആയുർവ്വേദ ആശുപത്രി	50
2	കോട്ടയം	നാട്ടകം ഗവ. ആയുർവ്വേദ ആശുപത്രി	10
3	കോട്ടയം	മീനടം. ഗവ. ആയുർവ്വേദ ആശുപത്രി	20
4	കോട്ടയം	കോത്തല ഗവ. ആയുർവ്വേദ ആശുപത്രി	30
5	മീനച്ചിൽ	ജി.എ.എച്ച്. കിടങ്ങൂർ	10
6	മീനച്ചിൽ	ജി.എ.എച്ച്. പാല	20
7	മീനച്ചിൽ	ജി.എ.എച്ച്. വെളിയന്നൂർ	30
8	മീനച്ചിൽ	ജി.എ.എച്ച്. തീക്കോയി	10
9	ചങ്ങനാശേരി	ഗവ. ആയുർവ്വേദ ആശുപത്രി, ചങ്ങനാശേരി	10
10	കാഞ്ഞിരപ്പള്ളി	ആശുപത്രികളില്ല	0
11	വൈക്കം	ജി.എ.എച്ച്. വൈക്കം	20
12		ആകെ	210

കാഷ് (KASH) പദ്ധതി മുഖേന മരങ്ങാട്ടുപള്ളി ആയുർവ്വേദ ഡിസ്പെൻസറിയും കുറവിലങ്ങാട് ഡിസ്പെൻസറിയും മോഡൽ ഡിസ്പെൻസറികളായി ഉയർത്തപ്പെട്ടിട്ടുണ്ട്.

വിദ്യാഭ്യാസം

ഒരുപ്രദേശത്തെ വികസനത്തിൽ ഏറ്റവും കൂടുതൽ പരിഗണിക്കേണ്ടത് ആ പ്രദേശത്തെ മനുഷ്യവിഭവശേഷിയാണ്. വിദ്യാഭ്യാസത്തിലൂടെ പരിഷ്കൃതമാക്കപ്പെട്ട ഒരു ജനതക്കു മാത്രമേ മനുഷ്യ വിഭവശേഷിയെ ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിയുകയുള്ളൂ.

ഔപചാരിക/ അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് കോട്ടയം ജില്ല, സംസ്ഥാനത്തിന് ഒട്ടാകെ മാതൃകയാണ്. ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ സാക്ഷരതാ നഗരം കോട്ടയം ആണ്. സ്ത്രീ സാക്ഷരത, അക്കാഡമിക് നിലവാരം എന്നിവ പരിശോധിക്കുമ്പോഴും കോട്ടയം ജില്ല സംസ്ഥാനത്ത് മാതൃകാപരമായ നേട്ടം കൈവരിച്ചതായി കാണുന്നു.

1821 ൽ സർ ബഞ്ചമിൻ ബെയ് ലി കോട്ടയത്ത് ആദ്യത്തെ പ്രിന്റിംഗ് പ്രസ് സ്ഥാപിച്ചതോടുകൂടി കോട്ടയത്തിന്റെ സാംസ്കാരിക ഔന്നത്യത്തിന്റെ നാന്ദി കുറിക്കപ്പെട്ടു. ക്രിസ്ത്യൻ മിഷനറിമാരുടെ വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങൾ, സമുദായ പരിഷ്കരണ പ്രവർത്തനങ്ങൾ, ജാതി വിരുദ്ധ പ്രസ്ഥാനങ്ങൾ, എന്നിവ നവോദ്ധാനത്തിന് തുടക്കം കുറിക്കുകയും വിദ്യാഭ്യാസം വഴി ശാക്തീകരിക്കപ്പെട്ട ഒരു ജനത ഉടലെടുക്കുകയും ചെയ്തു. 2011 ലെ സെൻസസ് പ്രകാരം ജില്ലയിലെ സാക്ഷരതാ നിരക്ക് 97.21% ആണ്. 19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ കോട്ടയത്താണ് കേരളത്തിലെ ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ തുടങ്ങിയത്. കോട്ടയം നഗരത്തിലെ സി.എം.എസ്. കോളേജാണ് കേരളത്തിലെ ആദ്യത്തെ കോളേജ്.

ജില്ലയിൽ ഗവൺമെന്റ്, പ്രൈവറ്റ് എയ്ഡഡ്, അൺ എയ്ഡഡ് മേഖലകളിലായി എൽ.പി. വിഭാഗത്തിൽ 454 സ്കൂളുകളും, യു.പി. ഹൈസ്കൂൾ വിഭാഗങ്ങളിൽ യഥാക്രമം 201, 250 സ്കൂളുകളും പ്രവർത്തിക്കുന്നു. കൂടാതെ 15 ടി.ടി.ഐ കൾ, 5 സ്പെഷ്യൽ സ്കൂളുകൾ 109 ഹയർ സെക്കണ്ടറി സ്കൂളുകൾ 22 യു.പി. സ്കൂളുകൾ എന്നിവയും ജില്ലയിൽ പ്രവർത്തിക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്ത് മഹാത്മാ ഗാന്ധി

യൂണിവേഴ്സിറ്റി, 22 ആർട്സ് &സയൻസ് കോളേജുകൾ, 11 എഞ്ചിനീയറിംഗ് കോളേജ്, സർക്കാർ ഉടമസ്ഥതയിലുള്ള മെഡിക്കൽ കോളേജ്, 3 ഗവ. പോളിടെക്നിക്കുകൾ, 3 ടെക്നിക്കൽ ഹൈസ്കൂൾ എന്നിവയും ജില്ലയിൽ പ്രവർത്തിക്കുന്നു.

ജില്ലയിലെ സ്കൂളുകളുടെ എണ്ണം ഇനം തിരിച്ച്

പട്ടിക 2.3.6

	എൽ.പി	യു.പി	എച്ച്.എസ്.	ടി.ടി.ഐ.	സ്പെഷ്യൽ സ്കൂൾ	എച്ച്.എസ്.എസ്	വി.എച്ച്.എസ്	എച്ച്.എസ്., വി.എച്ച്.എസ്.എ	സി.ബി.എസ്.ഇ	ഐ.സി.എസ്.ഇ	കേന്ദ്രീയ	നവോദയ
ഗവൺമെന്റ്	173	63	64	3	1	30	13	7				
പ്രൈവറ്റ് എയ്ഡഡ്	261	129	166	7	4	59	9	1				
അൺ എയ്ഡഡ്	20	9	20	5	0	20	0	0	105	16		
ആകെ	**454**	**201**	**250**	**15**	**5**	**109**	**22**	**8**	**105**	**16**	**2**	**1**

കോളേജുകളുടെ വിവരങ്ങൾ

പട്ടിക 2.3.7

	പൊതുമേഖല	**സ്വകാര്യമേഖല**	**ആകെ**
ആർട്സ് & സയൻസ്	1	21	22
എഞ്ചിനീയറിംഗ് കോളേജ്	1	10	11

വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് നിരവധി സ്ഥാപനങ്ങൾ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും, അന്തർദേശീയ നിലവാരവുമായി താരതമ്യപ്പെടുത്തുമ്പോൾ കാര്യമായ ന്യൂനതകൾ വിദ്യാഭ്യാസമേഖലയിൽ നിലനിൽക്കുന്നതായി കാണുന്നു. ഇതിനു പരിഹാരമായി സമീപനങ്ങളിലും സ്ഥാപനത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന കാതലായ മാറ്റങ്ങൾ ആവശ്യമാണ്.

കൃഷി

നെല്ല്, മരച്ചീനി, റബ്ബർ, തെങ്ങ്, കുരുമുളക്, വാഴ, പൈനാപ്പിൾ, ഇഞ്ചി, കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറികൾ, ഫലവർഗ്ഗങ്ങൾ എന്നിവയാണ് കോട്ടയം ജില്ലയിലെ പ്രധാന കൃഷി. ഇവിടെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും കൃഷിഭവനുകൾ പ്രവർത്തിക്കുന്നുണ്ട്. ജില്ല കൃഷി ഫാം, റീജിണിയൽ അഗ്രിക്കൾച്ചറൽ ട്രെയിനിംഗ് സെന്റർ, സ്റ്റേറ്റ് സീഡ് ഫാം (കോഴ) സോയിൽ ടെസ്റ്റിംഗ് ലബോറട്ടറി (ഏറ്റുമാനൂർ) തുടങ്ങിയവയും റബ്ബർ ബോർഡ് ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ് (കോടിമത) റബ്ബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യ എന്നിവയും കോട്ടയത്താണ്.

കുടിവെള്ളം

കേരള വാട്ടർ അതോറിറ്റി ഗ്രാമപ്രദേശങ്ങളിൽ 30 ശതമാനം ആളുകൾക്കും, നഗരപ്രദേശങ്ങളിൽ 60 ശതമാനം പേർക്കും ജലവിതരണം നടത്തുന്നു. കൂടാതെ ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾ, ജലനിധി, വിവിധ എൻ.ജി.ഒ കൾ മുഖേനയും ജല വതരണം നടത്തുന്നുണ്ട്. കൂടാതെ 45 ശതമാനം പേർക്ക് പൈപ്പുകൾ മുഖേനയും 55% പേർക്ക് അല്ലാതെയും ജലം ലഭിക്കുന്നുണ്ട്. മേൽപ്പറഞ്ഞ വിവിധ ഏജൻസികൾ വിതരണം ചെയ്യുന്ന ജലത്തിന്റെ അനുപാതത്തിൽ ജില്ലയിൽ ആളോഹരി 40ലിറ്റർ വെള്ളം പ്രതിദിനം ലഭ്യമാകുന്നുണ്ട്.

കായിക മേഖല

കോട്ടയം ജില്ലയിൽ നിന്നും അതലറ്റിക്സ് കായിക ഇനത്തിൽ 400- ഓളം കായിക താരങ്ങളും ഗെയിംസ് ഇനങ്ങളിൽ 1000- ൽ പരം കായിക താരങ്ങളും സംസ്ഥാന മത്സരങ്ങളിൽ പങ്കെടുക്കുന്നു.കോട്ടയം ജില്ലയിലെ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2017-18 ൽ കായിക യുവജനക്ഷേമ പദ്ധതികൾക്കായി 9,22,16,750/- രൂപ വകയിരുത്തിയിരിക്കുന്നു. കായികത്തിനും യുവജനക്ഷേമത്തിനുമായി ആകെ 154 പ്രോജക്ടുകളാണ് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു അനുവദിച്ചിരിക്കുന്നത്. ടി 154 പദ്ധതികളിൽ ആകെ 66 എണ്ണം മാത്രമാണ് കായിക മേഖലയിലെ പദ്ധതികളായുള്ളത്. ടി പദ്ധതികളുടെ എണ്ണം കൂടിയാൽ മാത്രമേ കോട്ടയത്തിന്റെ കായിക വികസനം സാദ്ധ്യമാവുകയുള്ളൂ.

കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിൽ ഒരു കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകളും 10 കോളേജ് സ്പോർട്സ് ഹോസ്റ്റലുകളും 8 സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകളും 9 ഡേ ബോർഡിംഗ് സെന്ററുകളും ഒരു സ്പോർട്സ് ടെയിനിംഗ് സെന്ററും പ്രവർത്തിക്കുന്നുണ്ട്.സ്പോർട്സ് ഹോസ്റ്റലുകളിൽ പ്രതിദിനം 200 രൂപയാണ് ഒരു കുട്ടിക്ക് ബോർഡിംഗ് / ലോഡ്ജിംഗ് നൽകുന്നത്. മിക്ക ഹോസ്റ്റലുകളിലും സ്പോർട്സ് കൌൺസിൽ പരിശീലകർ ജോലി ചെയ്യുന്നു. ഡേ ബോർഡിംഗ് സെൻററുകളിൽ 20 കുട്ടികൾക്ക് പ്രതിദിനം ഓരോ കുട്ടിക്കും 25 രൂപയുടെ പോഷകാഹാരം നൽകി പരിശീലനം നൽകുന്നു.

2.4 ധന വിഭവങ്ങൾ

ധനവിഭവങ്ങൾ എന്ന വിഭാഗത്തിൽ പ്രധാനമായും താഴെപറയുന്ന വിഭവങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

1. തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റ് വിഹിതം
2. തദ്ദേശഭരണ സ്ഥാപനങ്ങളും തനത് ഫണ്ടുകളും
3. സംസ്ഥാനാവിഷ്കൃത പദ്ധതികളും ഫണ്ടുകളും
4. കേന്ദ്രാവിഷ്കൃത പദ്ധതികളും ഫണ്ടുകളും
5. ബാങ്കുകൾ
6. എം.പി.മാരുടെ പ്രാദേശിക വികസനനിധി
7. എം.എൽ.എ.മാരുടെ പ്രാദേശിക വികസന നിധി

തദ്ദേശ ഭരണ സ്ഥാപനങ്ങളും വിഭവങ്ങളും

ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 2017-18 സാമ്പത്തിക വർഷത്തിൽ 46709.73 ലക്ഷം രൂപയാണ് ആകെ ബഡ്ജറ്റ് വിഹിതം. പ്രാദേശിക സർക്കാറുകൾക്കുള്ള വിഹിതമായി സംസ്ഥാന ബഡ്ജറ്റിൽ 2015-16, 2016-17, 2017-18 എന്നീ മൂന്ന് വർഷങ്ങളിലായി വകയിരുത്തിയ തുക സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

കോട്ടയം ജില്ല – 2015-16, 2016-17, 2017-18 വർഷങ്ങളിലെ വികസന ഫണ്ട് ബഡ്ജറ്റ് വിഹിതം

പട്ടിക 2.4.1

(തുക ലക്ഷത്തിൽ)

ഫണ്ടുകൾ	വർഷം		
	2015-16	2016-17	2017-18
പൊതു വിഭാഗം	13724.29	15553.53	19059.29
ഫിനാൻസ് കമ്മീഷൻ	4111.49	6891.32	8024.57
സ്പെഷ്യൽ കോമ്പോണന്റ് പ്ലാൻ	4498.14	5037.94	5683.63
ട്രൈബൽ സബ് പ്ലാൻ	767.07	859.55	969.78
സ്പെഷ്യൽ ഗ്രാന്റ്	60.00	0.00	0.00
ലോക ബാങ്ക്	0.00	4065.97	0.00

മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)	3500.66	3891.64	3946.56
മെയിന്റനൻസ് (ഗ്രാന്റ് (റോഡ്)	6960.47	7664.78	9025.9
ആകെ	**33622.12**	**43964.73**	**46709.73**

(അവലംബം – സുലേഖ പ്ലാൻ മോണിറ്ററിംഗ്)

കോട്ടയം ജില്ല – 2017-18 പ്രാദേശിക സർക്കാരുകൾക്കുള്ള ബജറ്റ് വിശദാംശങ്ങൾ (മെയിന്റനൻസ് ഗ്രാന്റ് ഒഴികെ)

പട്ടിക 2.4.2

തുക ലക്ഷത്തിൽ

എൽ.ബി.ടൈപ്പ്	പൊതു വിഭാഗം	സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ	ട്രൈബൽ സബ് പ്ലാൻ	ഫിനാൻസ് കമ്മീഷൻ	ലോകബാങ്ക് സംസ്ഥാനം	ലോകബാങ്ക് കേന്ദ്രം	ജനറൽ ആകെ
ജില്ലാ പഞ്ചായത്ത്	3481.77	1017.98	193.94	0	0	0	4693.69
ബ്ലോക്ക് പഞ്ചായത്ത്	3485.68	1018.00	193.93	0	0	0	4697.61
മുനിസിപ്പാലിറ്റി	2491.49	665.57	4.69	2746.32	0	0	5908.07
ഗ്രാമപഞ്ചായത്ത്	9600.35	2982.08	577.22	5278.25	0	0	18437.90
ആകെ	**19059.29**	**5683.63**	**969.78**	**8024.57**	**0**	**0**	**33737.27**

അവലംബം – സുലേഖ പ്ലാൻ മോണിറ്ററിംഗ്

പട്ടിക 2.4.3

പ്രാദേശിക സർക്കാരുകൾക്ക് 2017-18 സാമ്പത്തിക വർഷം അനുവദിച്ച തുകയോടുകൂടി 10% വർദ്ധിപ്പിച്ച് 13-ാം പഞ്ചവത്സര പദ്ധതി കാലയളവിലേക്ക് ലഭിക്കാവുന്ന തുകയുടെ വിശദാംശങ്ങൾ

തുക ലക്ഷത്തിൽ

തദ്ദേശ സ്വയം ഭരണ സ്ഥാപനം	ഫണ്ട്	വർഷം					
		2017-18	2018-19	2019-20	2020-21	2021-2022	ആകെ
ഗ്രാമ പഞ്ചായത്ത്	പൊതുവിഭാഗം	9600.35	10560.39	11616.42	12778.07	14055.87	58611.10
	പട്ടികജാതി ഉപ പദ്ധതി	2982.08	3280.29	3608.32	3969.15	4366.06	18205.90
	പട്ടികവർഗ്ഗ ഉപപദ്ധതി	577.22	634.94	698.44	768.28	845.11	3523.99
	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	5278.25	5806.08	6386.68	7025.35	7727.89	32224.24
	ആകെ	**18437.90**	**20281.69**	**22309.86**	**24540.84**	**26994.93**	**112565.22**
ബ്ലോക്ക് പഞ്ചായത്ത്	പൊതുവിഭാഗം	3485.68	3834.25	4217.67	4639.44	5103.38	21280.42
	പട്ടികജാതി ഉപ പദ്ധതി	1018.00	1119.80	1231.78	1354.96	1490.45	6214.99
	പട്ടികവർഗ്ഗ ഉപപദ്ധതി	193.93	213.32	234.66	258.12	283.93	1183.96
	ആകെ	**4697.61**	**5167.37**	**5684.11**	**6252.52**	**6877.77**	**28679.38**
മുനിസിപ്പാലിറ്റി	പൊതുവിഭാഗം	2491.49	2740.64	3014.70	3316.17	3647.79	15210.80
	പട്ടികജാതി ഉപ പദ്ധതി	665.55	732.11	805.32	885.85	974.43	4063.25
	പട്ടികവർഗ്ഗ ഉപപദ്ധതി	4.69	5.16	5.67	6.24	6.87	28.63
	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	2746.32	3020.95	3323.05	3655.35	4020.89	16766.56
	ആകെ	**5908.05**	**6498.86**	**7148.74**	**7863.61**	**8649.98**	**36069.24**
ജില്ലാ പഞ്ചായത്ത്	പൊതുവിഭാഗം	3481.77	3829.95	4212.94	4634.24	5097.66	21256.55
	പട്ടികജാതി ഉപ പദ്ധതി	1017.98	1119.78	1231.76	1354.93	1490.42	6214.87
	പട്ടികവർഗ്ഗ ഉപപദ്ധതി	193.94	213.33	234.67	258.13	283.95	1184.02
	ആകെ	4693.69	5163.06	5679.36	6247.30	6872.03	28655.45
	ആകെ	**33737.25**	**37110.98**	**40822.07**	**44904.28**	**49394.71**	**205969.28**

2016-17 സാമ്പത്തിക വർഷം വരെ അടിസ്ഥാന സൗകര്യവികസനപ്രവർത്തനങ്ങൾക്കായി ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ ഒഴികെയുള്ള തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ലോകബാങ്ക് വിഹിതം ലഭ്യമായിരുന്നു. കൂടാതെ സർക്കാരിൽ നിന്നും ലഭിക്കുന്ന തുകയ്ക്ക് പുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ തനത് ഫണ്ടും,

മാർഗരേഖ നിർദ്ദേശങ്ങൾക്ക് വിധേയമായി വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്. 2017-18 സാമ്പത്തിക വർഷം തനത് ഫണ്ടിനത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വകയിരിത്തിയിരുന്ന തുകയും 13-ാം പഞ്ചവത്സര പദ്ധതികാലയളവിലേക്ക് 10% തുക വർദ്ധിപ്പിച്ച് ലഭിക്കാവുന്ന തുകയും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

13-ാം പഞ്ചവത്സര പദ്ധതി കാലത്ത് പ്രതീക്ഷിത തനത് ഫണ്ട്

പട്ടിക 2.4.4

തുക ലക്ഷത്തിൽ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ	2017-18	2018-19	2019-20	2020-21	2021-22
ജില്ലാ പഞ്ചായത്ത്	875.72	963.29	1059.62	1165.58	1282.14
ബ്ലോക്ക് പഞ്ചായത്ത്	224.13	246.54	271.19	298.31	328.14
മുനിസിപ്പാലിറ്റി	1500.9	1650.99	1816.09	1997.7	2197.47
ഗ്രാമപഞ്ചായത്ത്	7302.43	8032.67	8835.94	9719.53	10691.48
ആകെ	**9903.18**	**10893.49**	**11982.84**	**13181.12**	**14499.23**

സംസ്ഥാനാവിഷ്കൃത പദ്ധതികൾ

13-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷമായ 2017-18 സാമ്പത്തിക വർഷത്തിൽ ജില്ലയ്ക്ക് ലഭ്യമായ തുക 27758.60 ലക്ഷം രൂപയാണ്. വാർഷിക ബജറ്റ് വിഹിതത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതത്തിനും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതത്തിനും, പുറമേ വിവിധ വികസന വകുപ്പുകൾ മുഖേന സമഗ്ര വികസനം ലക്ഷ്യമാക്കി സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികൾക്ക് പ്രത്യേകം തുക വകയിരുത്തുന്നു. ജില്ലയ്ക്ക് 2016-17, 2017-2018 എന്നീ വർഷങ്ങളിൽ ഈ ഇനത്തിൽ ലഭിച്ച തുകയുടേയും ചെലവ് തുകയുടേയും, ചെലവ് ശതമാനത്തിന്റേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2016-17 സാമ്പത്തിക വർഷത്തെ സംസ്ഥാന ആവിഷ്കൃത പദ്ധതികൾക്ക് കോട്ടയം ജില്ലയിൽ ലഭ്യമായ തുകയുടെയും ചെലവുകളുടെയും വിശദാംശങ്ങൾ

പട്ടിക 2.4.5				
സാമ്പത്തിക വർഷം 2016-17 (തുക ലക്ഷത്തിൽ)				
ക്രമ നമ്പർ	പേര്	ലഭിച്ച തുക	ചെലവ്	ചെലവ് ശതമാനം
1	അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, സോയിൽ ഫോറസ്ട്രി, കോട്ടയം	111.67	110.82	99.23
2	അസിസ്റ്റന്റ് ഡയറക്ടർ, സോയിൽ സർവ്വേ, കോട്ടയം	3.96	3.94	99.52
3	ഡപ്യൂട്ടി ഡയറക്ടർ, ഡയറി ഡെവലപ്പ്മെന്റ്, കോട്ടയം	439.08	439.08	99.99
4	ഡപ്യൂട്ടി ഡയറക്ടർ, ഫിഷറീസ്, കോട്ടയം	374.5	271.35	72.45
5	ഡെപ്യൂട്ടി ഡയറക്ടർ, എഡ്യുക്കേഷൻ, കോട്ടയം	65.34	65.34	100
6	ഡെപ്യൂട്ടി പ്രോജക്ട് എൻജിനീയർ, കെ.എൽ.ഡി.സി.-വൈക്കം, കോട്ടയം	232.09	186.93	80.54
7	ഡയറക്ടർ, ഹാന്റ് ലൂം & ടെക്സ്റ്റയിൽസ്	15.57	15.54	99.82
8	ജില്ലാ മൃഗസംരക്ഷണ ഓഫീസർ, കോട്ടയം	229.03	198.64	86.73
9	ഡിസ്ട്രിക്ട് ഡെവലപ്പ്മെന്റ് ഓഫീസർ. എസ്.സി. കോട്ടയം	2935.4	2935.4	100
10	ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ, കോട്ടയം	108.57	108.57	100
11	ജില്ലാ മെഡിക്കൽ ഓഫീസർ, ആരോഗ്യം, കോട്ടയം	133.35	127.65	95.72
12	ജില്ലാ മെഡിക്കൽ ഓഫീസർ, ഹോമിയോ, കോട്ടയം	104.83	104.66	99.83
13	ജില്ലാ മെഡിക്കൽ ഓഫീസർ, ഐ.എസ്.എം, കോട്ടയം	59.66	57.35	96.12
14	ഡിസ്ട്രിക്ട് മിഷൻ കോ-ഓർഡിനേറ്റർ, കോട്ടയം	861.23	564.2	65.51
15	ജില്ലാ ഓഫീസർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട് മെന്റ്, കോട്ടയം	230.45	230.45	100
16	ജില്ലാ പ്ലാനിംഗ് ഓഫീസർ, കോട്ടയം	1.45	1.16	79.93
17	ഡിസ്ട്രിക്ട് പോലീസ് ചീഫ്, കോട്ടയം	111.79	100.33	89.75
18	ഡിസ്ട്രിക്ട് സോഷ്യൽ ജസ്റ്റിസ് ഓഫീസർ, മിനി സിവിൽ സ്റ്റേഷൻ, കോട്ടയം	77.7	74.83	96.3
19	ഡിസ്ട്രിക്ട് സോയിൽ കൺസർവേഷൻ ഓഫീസർ, കോട്ടയം	70.05	70.05	100
20	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോട്ടയം	401.9	337.27	83.91
21	എക്സിക്യൂട്ടീവ് എൻജിനീയർ, കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ ഡിവിഷൻ, പൊൻകുന്നം, കോട്ടയം	34.38	34.38	100
22	എക്സിക്യൂട്ടീവ് എൻജിനീയർ, കെ.ഡബ്ല്യു.എ. പി.എച്ച്. ഡിവിഷൻ, കോട്ടയം	78.05	78.05	100
23	എക്സിക്യൂട്ടീവ് എൻജിനീയർ, കെ.ഡബ്ല്യു.എ. പ്രോജക്ട് ഡിവിഷൻ-പിറവം, കോട്ടയം	1539.49	1539.49	100

24	എക്സിക്യൂട്ടീവ് എൻജിനീയർ, മേജർ ഇറിഗേഷൻ, കോട്ടയം	111.7	111.7	100
25	എക്സിക്യൂട്ടീവ് എൻജിനീയർ, മൈനർ ഇറിഗേഷൻ, കോട്ടയം	699.15	699.15	100
26	എക്സിക്യൂട്ടീവ് എൻജിനീയർ, പി.ഡബ്ല്യു.ഡി. ബിൽഡിംഗ്, കോട്ടയം	1112.27	1112.27	100
27	എക്സിക്യൂട്ടീവ് എൻജിനീയർ, പി.ഡബ്ല്യു.ഡി. റോഡ്, കോട്ടയം	7448.95	7448.95	100
28	എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, പാല, കോട്ടയം	717.85	717.84	99.99
29	എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, ചങ്ങനാശേരി	1183.8	1183.8	100
30	എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, പള്ളം, കോട്ടയം	441.52	461.76	104.58
31	എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, വൈക്കം, കോട്ടയം	551.29	551.29	100
32	എക്സിക്യൂട്ടീവ് എൻജിനീയർ, എം.വി.ഐ.പി. ഡിവിഷൻ നം. 4, എറണാകുളം	156.73	156.73	100
33	എക്സിക്യൂട്ടീവ് എൻജിനീയർ, പാമ്പാർ ഡിവിഷൻ, കോട്ടയം	0	0	?
34	ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, കോട്ടയം	207.2	203.78	98.35
35	ജോയിന്റ് രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്, കോട്ടയം	332.56	332.56	100
36	പ്രിൻസിപ്പൽ, അഗ്രിക്കൾച്ചർ ഓഫീസർ, കോട്ടയം	1767.59	1764.24	99.81
37	പ്രോജക്ട് ഓഫീസർ, കയർ, കോട്ടയം	175.82	159.66	90.8
38	പ്രോജക്ട് ഓഫീസർ, ഇന്റഗ്രേറ്റഡ് ട്രൈബൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം, കോട്ടയം	792.79	792.58	99.97
39	പ്രോജക്ട് ഓഫീസർ, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ്, കോട്ടയം	44.47	39.24	88.24
40	ടൗൺ പ്ലാനർ, കോട്ടയം	6.94	6.94	100
	ആകെ	**23,970.17**	**23,397.98**	**97.61**

അവലംബം — പ്ലാൻ സ്പേസ്

പട്ടിക 2.4.6

2017 – 18 സാമ്പത്തിക വർഷത്തെ സംസ്ഥാന ആവിഷ്കൃത പദ്ധതികൾക്ക് കോട്ടയം ജില്ലയിൽ ലഭ്യമായ തുകയുടെയും ചിലവുകളുടെയും വിശദാംശങ്ങൾ

(തുക ലക്ഷത്തിൽ)

ക്രമ നം	പേര്	അനുവദിച്ച തുക	ചിലവ്	ചിലവ് %	ലഭിച്ച തുക	ലഭിച്ച %	ട്രഷറി ചിലവ്	ട്രഷറി ചിലവ് %
1	എക്സിക്യൂട്ടീവ് എൻജിനീയർ, മേജർ ഇറിഗേഷൻ, കോട്ടയം	603.7	503.7	83.44	503.7	100	900.133	149.1
2	എക്സിക്യൂട്ടീവ് എൻജിനീയർ, മൈനർ ഇറിഗേഷൻ, കോട്ടയം	654.75	560.91	85.67	557.88	100.5	1068.02	163.12
3	എക്സിക്യൂട്ടീവ് എൻജിനീയർ, കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ ഡിവിഷൻ, പൊൻകുന്നം, കോട്ടയം	1587.9	781.2611	49.2	0	0	0	0
4	ഡെപ്യൂട്ടി ഡയറക്ടർ, എഡ്യുക്കേഷൻ, കോട്ടയം	526.9744	443.8822	84.23	525.0944	84.53	450.39	85.47
5	എക്സിക്യൂട്ടീവ് എൻജിനീയർ കെ.ഡബ്ല്യു.എ. പി.എച്ച്. ഡിവിഷൻ, കോട്ടയം	3480	0	0	0	0	0	0
6	എക്സിക്യൂട്ടീവ് എൻജിനീയർ കെ.ഡബ്ല്യു.എ. പ്രോജക്ട് ഡിവിഷൻ, ഡിവിഷൻ, കോട്ടയം	2500	0	0	0	0	0	0
7	ജോയിന്റ് രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കോട്ടയം.	793.93	108.195	13.63	48.125	224.8	26.475	3.33
8	പ്രോജക്ട് ഓഫീസർ, കയർ, കോട്ടയം.	156.77	61.365	39.14	155.295	39.52	84.566	53.94
9	ടൗൺ പ്ലാനർ, കോട്ടയം	8.65	3.7762	43.66	8.4	44.95	3.6269	41.93
10	ഡിസ്ട്രിക്റ്റ് ഡെവലപ്പ്മെന്റ് ഓഫീസർ. എസ്.സി. കോട്ടയം	4983.4322	2037.9968	40.9	3980.3322	51.2	2462.4	49.41
11	ഡിസ്ട്രിക്ട് സോഷ്യൽ ജസ്റ്റിസ് ഓഫീസർ, മിനി സിവിൽ സ്റ്റേഷൻ, കോട്ടയം	162.3637	93.4708	57.57	151.9887	61.5	107.232	66.04
12	പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ, കോട്ടയം	2170.087	776.511	35.78	2134.872	36.37	1038.80	47.87
13	ഡിസ്ട്രിക്റ്റ് സോയിൽ കൺസർവേഷൻ ഓഫീസർ, കോട്ടയം	214	77.822	36.37	214	36.37	77.826	36.37

14	അസിസ്റ്റന്റ് ഡയറക്ടർ, സർവ്വേ, കോട്ടയം	2.365	1.7798	75.26	2.365	75.26	1.8621	78.73
15	ജില്ലാ മൃഗസംരക്ഷണ ഓഫീസർ, കോട്ടയം	532.4244	482.6817	90.66	505.6239	95.46	556.74	104.57
16	ഡെപ്യൂട്ടി ഡയറക്ടർ, ഡയറി ഡെവലപ്പ്മെന്റ് കോട്ടയം	461.9637	336.0691	72.75	461.9637	72.75	380.92	82.46
17	ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ്, കോട്ടയം	342.0417	282.1781	82.5	328.1417	85.99	286.98	83.9
18	അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, സോയിൽ ഫോറസ്ട്രി, കോട്ടയം	104.96	80.2054	76.42	104.96	76.42	118.097	112.52
19	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോട്ടയം	342	61.086	17.86	262	23.32	94.3081	27.58
20	ഡിസ്ട്രിക്ട് മിഷൺ കോ-ഓർഡിനേറ്റർ, കോട്ടയം	943.85	667.26	70.7	445.06	149.9	0	0
21	ജില്ലാ മെഡിക്കൽ ഓഫീസർ, ആരോഗ്യം, കോട്ടയം	130.1546	42.155	32.39	130.1546	32.39	49.849	38.3
22	ജില്ലാ മെഡിക്കൽ ഓഫീസർ, ഐ.എസ്.എം, കോട്ടയം	126.1962	93.036	73.72	126.1962	73.72	93.072	73.75
23	ജില്ലാ മെഡിക്കൽ ഓഫീസർ, ഹോമിയോ, കോട്ടയം	84.7507	47.8077	56.41	84.7507	56.41	61.0459	72.03
24	ജില്ലാ ഓഫീസർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട് മെന്റ്, കോട്ടയം	201.1	48.4774	24.11	149.305	32.47	105.624	52.52
25	ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, കോട്ടയം	267.9592	204.4219	76.29	267.7092	76.36	222.52	83.04
26	പ്രോജക്ട് ഓഫീസർ, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ്, കോട്ടയം	61.96	24.96	40.28	49.96	49.96	0	0
27	പ്രോജക്ട് ഓഫീസർ, ഇന്റഗ്രേറ്റഡ് ട്രൈബൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം, കോട്ടയം	1071.45	481.4819	44.94	778.1746	61.87	653.97	61.04
28	എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, പള്ളം, കോട്ടയം	971	618.6567	63.71	0	0	0	0
29	എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, വൈക്കം, കോട്ടയം	542.11	318.6301	58.78	0	0	0	0

30	എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, ചങ്ങനാശേരി	648.8	436.8823	67.34	0	0	0	0
31	എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, പാല, കോട്ടയം	1719.21	638.8744	37.16	0	0	0	0
32	എക്സിക്യൂട്ടീവ് എൻജിനീയർ, കെ.ഡബ്ല്യുഎ, പ്രോജക്ട് ഡിവിഷൻ, പിറവ്, കോട്ടയം.	675	0.009	0	0	0	0	0
33	എക്സിക്യൂട്ടീവ് എൻജിനീയർ, എം.വി.ഐ.പി. ഡിവിഷൻ നം. 4, എറണാകുളം	136.25	246.54	180.95	25	986.1	192.860	141.55
34	ഡിസ്ട്രിക്ട് പോലീസ് ചീഫ്, കോട്ടയം	124.369	79.2283	63.7	124.369	63.7	130.549	104.97
35	ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ, കോട്ടയം	115.57	114.93	99.45	115.535	99.48	116.955	101.2
36	ജില്ലാ പ്ലാനിംഗ് ഓഫീസർ,കോട്ടയം	5.23	0.6756	12.92	5.23	12.92	2.1524	41.16
37	ഡിസ്ട്രിക്ട് ലേബർ ഓഫീസർ, കോട്ടയം	22.3	10.305	46.21	13.115	78.57	11.0718	49.65
38	ഡപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, കോട്ടയം	1.225	0.5165	42.16	1.225	42.16	0.5179	42.27
39	സബ് റീജിണിയൽ എംപ്ലോയ്മെന്റ് ഓഫീസർ, കോട്ടയം	23.03	23.03	100	23.03	100	23.03	100
40	ഡപ്യൂട്ടി ചീഫ്, യൂണിവേഴ്സിറ്റി ചീഫ്, & എംപ്ലോയ്മെന്റ് ഇൻഫർമേഷൻ&ഗൈഡൻസ് ബ്യൂറോ, കോട്ടയം	2.025	1.95	96.3	2.025	96.3	4.185	206.67
41	പ്രിൻസിപ്പൽ, ഡയറി ട്രെയിനിംഗ് സെന്റർ, കോട്ടയം.	12.0444	9.858	81.85	12.0444	81.85	27.222	226.01
42	ഡപ്യൂട്ടി കമ്മീഷണർ, ജി.എസ്.റ്റി. ഡെവലപ്പ്മെന്റ്, കോട്ടയം	8	2.1314	26.64	4.6896	45.45	2.0776	25.97
43	ജില്ലാ കളക്ടർ, കോട്ടയം	236.7	16.1	6.8	140.08	11.49	17.6907	7.47
ആകെ		**27,758.60**	**10,820.81**	**38.98**	**12,442.40**	**86.97**	**9,372.8**	**33.77**

അവലംബം — പ്ലാൻ സ്പേസ്

2017-18 സാമ്പത്തികവർഷം ജില്ലയ്ക്ക് ലഭ്യമാകുന്ന സംസ്ഥാനാവിഷ്കൃത വിഹിതവും 13-ാം പഞ്ചവത്സര കാലയളവിലേയ്ക്ക് 10% തുക വർദ്ധിപ്പിച്ച് ലഭിക്കാവുന്ന തുകയും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 2.4.7

13-ാം പഞ്ചവത്സര പദ്ധതി കാലത്ത് ജില്ലയ്ക്ക് ലഭ്യമാകുന്ന സംസ്ഥാന ആവിഷ്കൃത പദ്ധതി വിഹിതം

(തുക ലക്ഷത്തിൽ)

ക്രമ നം.	പേര്	അനുവദിച്ച തുക	പ്രതീക്ഷിക്കുന്ന തുക			
		2017-18	2018-19	2019-20	2020-21	2021-22
1	എക്സിക്യൂട്ടീവ് എൻജിനീയർ, മേജർ ഇറിഗേഷൻ, കോട്ടയം	603.7	664.1	730.5	803.5	883.9
2	എക്സിക്യൂട്ടീവ് എൻജിനീയർ, മൈനർ ഇറിഗേഷൻ, കോട്ടയം	654.75	720.2	792.2	871.5	958.6
3	എക്സിക്യൂട്ടീവ് എൻജിനീയർ, കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ ഡിവിഷൻ, പൊൻകുന്നം, കോട്ടയം	1587.9	1746.7	1921.4	2113.5	2324.8
4	ഡെപ്യൂട്ടി ഡയറക്ടർ, എഡ്യുക്കേഷൻ, കോട്ടയം	526.9744	579.7	637.6	701.4	771.5
5	എക്സിക്യൂട്ടീവ് എൻജിനീയർ കെ.ഡബ്ല്യു.എ. പി.എച്ച്. ഡിവിഷൻ, കോട്ടയം	3480	3828.0	4210.8	4631.9	5095.1
6	എക്സിക്യൂട്ടീവ് എൻജിനീയർ കെ.ഡബ്ല്യു.എ. പ്രോജക്ട് ഡിവിഷൻ, ഡിവിഷൻ, കോട്ടയം	2500	2750.0	3025.0	3327.5	3660.3
7	ജോയിന്റ് രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കോട്ടയം.	793.93	873.3	960.7	1056.7	1162.4
8	പ്രോജക്ട് ഓഫീസർ, കയർ, കോട്ടയം.	156.77	172.4	189.7	208.7	229.5
9	ടൗൺ പ്ലാനർ, കോട്ടയം	8.65	9.5	10.5	11.5	12.7
10	ഡിസ്ട്രിക്റ്റ് ഡെവലപ്പ്മെന്റ് ഓഫീസർ. എസ്.സി. കോട്ടയം	4983.4322	5481.8	6030.0	6632.9	7296.2
11	ഡിസ്ട്രിക്ട് സോഷ്യൽ ജസ്റ്റിസ് ഓഫീസർ, മിനി സിവിൽ സ്റ്റേഷൻ, കോട്ടയം	162.3637	178.6	196.5	216.1	237.7
12	പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ, കോട്ടയം	2170.087	2387.1	2625.8	2888.4	3177.2
13	ഡിസ്ട്രിക്റ്റ് സോയിൽ കൺസർവേഷൻ ഓഫീസർ, കോട്ടയം	214	235.4	258.9	284.8	313.3
14	അസിസ്റ്റന്റ് ഡയറക്ടർ, സർവ്വേ, കോട്ടയം	2.365	2.6	2.9	3.1	3.5
15	ജില്ലാ മൃഗസംരക്ഷണ ഓഫീസർ, കോട്ടയം	532.4244	585.7	644.2	708.7	779.5
16	ഡെപ്യൂട്ടി ഡയറക്ടർ, ഡയറി ഡെവലപ്പ്മെന്റ് കോട്ടയം	461.9637	508.2	559.0	614.9	676.4
17	ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ്, കോട്ടയം	342.0417	376.2	413.9	455.3	500.8
18	അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, സോയിൽ ഫോറസ്ട്രി, കോട്ടയം	104.96	115.5	127.0	139.7	153.7
19	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോട്ടയം	342	376.2	413.8	455.2	500.7
20	ഡിസ്ട്രിക്ട് മിഷൺ കോ- ഓർഡിനേറ്റർ, കോട്ടയം	943.85	1038.2	1142.1	1256.3	1381.9
21	ജില്ലാ മെഡിക്കൽ ഓഫീസർ, ആരോഗ്യം, കോട്ടയം	130.1546	143.2	157.5	173.2	190.6

22	ജില്ലാ മെഡിക്കൽ ഓഫീസർ, ഐ.എസ്.എം, കോട്ടയം	126.1962	138.8	152.7	168.0	184.8
23	ജില്ലാ മെഡിക്കൽ ഓഫീസർ, ഹോമിയോ, കോട്ടയം	84.7507	93.2	102.5	112.8	124.1
24	ജില്ലാ ഓഫീസർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട് മെന്റ്, കോട്ടയം	201.1	221.2	243.3	267.7	294.4
25	ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, കോട്ടയം	267.9592	294.8	324.2	356.7	392.3
26	പ്രോജക്ട് ഓഫീസർ, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ്, കോട്ടയം	61.96	68.2	75.0	82.5	90.7
27	പ്രോജക്ട് ഓഫീസർ, ഇന്റഗ്രേറ്റഡ് ട്രൈബൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം, കോട്ടയം	1071.45	1178.6	1296.5	1426.1	1568.7
28	എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, പള്ളം, കോട്ടയം	971	1068.1	1174.9	1292.4	1421.6
29	എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, വൈക്കം, കോട്ടയം	542.11	596.3	656.0	721.5	793.7
30	എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, ചങ്ങനാശേരി	648.8	713.7	785.0	863.6	949.9
31	എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, പാല, കോട്ടയം	1719.21	1891.1	2080.2	2288.3	2517.1
32	എക്സിക്യൂട്ടീവ് എൻജിനീയർ, കെ.ഡബ്ല്യുഎ, പ്രോജക്ട് ഡിവിഷൻ, പിറവം, കോട്ടയം.	675	742.5	816.8	898.4	988.3
33	എക്സിക്യൂട്ടീവ് എൻജിനീയർ, എം.വി.ഐ.പി. ഡിവിഷൻ നം. 4, എറണാകുളം	136.25	149.9	164.9	181.3	199.5
34	ഡിസ്ട്രിക്ട് പോലീസ് ചീഫ്, കോട്ടയം	124.369	136.8	150.5	165.5	182.1
35	ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ, കോട്ടയം	115.57	127.1	139.8	153.8	169.2
36	ജില്ലാ പ്ലാനിംഗ് ഓഫീസർ,കോട്ടയം	5.23	5.8	6.3	7.0	7.7
37	ഡിസ്ട്രിക്റ്റ് ലേബർ ഓഫീസർ, കോട്ടയം	22.3	24.5	27.0	29.7	32.6
38	ഡപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, കോട്ടയം	1.225	1.3	1.5	1.6	1.8
39	സബ് റീജിണിയൽ എംപ്ലോയ്മെന്റ് ഓഫീസർ, കോട്ടയം	23.03	25.3	27.9	30.7	33.7
40	ഡപ്യൂട്ടി ചീഫ്, യൂണിവേഴ്സിറ്റി ചീഫ്, & എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോ, കോട്ടയം	2.025	2.2	2.5	2.7	3.0
41	പ്രിൻസിപ്പൽ, ഡയറി ട്രെയിനിംഗ് സെന്റർ, കോട്ടയം.	12.0444	13.2	14.6	16.0	17.6
42	ഡപ്യൂട്ടി കമ്മീഷണർ, ജി.എസ്.റ്റി. ഡെവലപ്പ്മെന്റ്, കോട്ടയം	8	8.8	9.7	10.6	11.7
43	ജില്ലാ കളക്ടർ, കോട്ടയം	236.7	260.4	286.4	315.0	346.6
ആകെ		**27,758.60**	**30,534.46**	**33,587.90**	**36,946.69**	**40,641.36**

കേന്ദ്രാവിഷ്കൃത പദ്ധതികൾ

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നിശ്ചിത അനുപാതത്തിലുള്ള സാമ്പത്തിക പങ്കാളിത്തത്തോടെ സംസ്ഥാന സർക്കാർ നടപ്പാക്കുന്ന കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികൾക്കായി ജില്ലയ്ക്ക് തുക ലഭിക്കുന്നു.

പട്ടിക 2.4.8

13-ാം പഞ്ചവത്സര കാലത്ത് ജില്ലയ്ക്കു ലഭ്യമാകുന്ന വിഹിതം

(തുക ലക്ഷത്തിൽ)

			പ്രതീക്ഷിക്കുന്ന തുക			
ക്രമ നം	**വകുപ്പുകൾ**	**2017-18**	**2018-19**	**2019-20**	**2020-21**	**2021-22**
1	പ്രോജക്ട് ഓഫീസർ, എസ്.എസ്.എ.കോട്ടയം	1407.884	1548.6724	1703.53964	1873.893604	2061.282964
2	എക്സിക്യൂട്ടീവ് എൻജിനീയർ, കെ.ഡബ്ല്യു.എ. പ്രോജക്ട് ഡിവിഷൻ, കോട്ടയം	1	1.1	1.21	1.331	1.4641
3	ജില്ലാ വികസന ഓഫീസർ, പട്ടിക ജാതി വികസനം	55	60.5	66.55	73.205	80.5255
4	സാമൂഹിക നീതി ഓഫീസർ, മിനിസിവിൽ സ്റ്റേഷൻ	423.7014	466.07154	512.678694	563.9465634	620.3412197
5	പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ, കോട്ടയം	47.5	52.25	57.475	63.2225	69.54475
6	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോട്ടയം	12.989	14.2879	15.71669	17.288359	19.0171949
7	പ്രോജക്ട് ഡയറക്ടർ, ദാരിദ്രലഘൂകരണം	23361.78	25697.958	28267.7538	31094.52918	34203.9821
8	പ്രോജക്ട് ഓഫീസർ, പട്ടിക വർഗ്ഗ വികസനം	2.5	2.75	3.025	3.3275	3.66025
9	എക്സിക്യൂട്ടീവ് എൻ.ജിനീയർ, കെ.ഡ്ബ്യൂ എ. പി.എച്ച്. കട്ടുതുരുത്തി.	551	606.1	666.71	733.381	806.7191
10	പ്രിൻസിപ്പൽ, ഡയറ്റ് , കോട്ടയം	41.695	45.8645	50.45095	55.496045	61.0456495
11	ജില്ലാ ഓഫീസ്, കെ.എസ്.ഡി.സി. (എസ്.സി. എസ്.റ്റി. ലിമിറ്റഡ്)	228.6	251.46	276.606	304.2666	334.69326
ആകെ		**26133.6494**	**28747.01434**	**31621.71577**	**34783.88735**	**38262.27609**

എം.പി.മാരുടെ പ്രാദേശിക വികസന പദ്ധതി

1993 ൽ കേന്ദ്രസർക്കാർ ആരംഭിച്ച എം.പി.മാരുടെ പ്രാദേശിക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ മേഖലകളിലെ വികസന ആവശ്യങ്ങൾ നിറവേറ്റുന്നത് ലക്ഷ്യമാക്കി എം.പി.മാർ നിർദ്ദേശിക്കുന്ന ആസ്തി നിർമ്മാണ പ്രവൃത്തികൾക്കായി ഓരോ സാമ്പത്തികവർഷം 5 കോടി രൂപ വീതം ഫണ്ട് ലഭ്യമാകുന്നുണ്ട്.

ലോകസഭാംഗമായ ജോസ് കെ.മാണി, രാജ്യസഭാംഗമായ ജോയി എബ്രഹാം എന്നിവർ കോട്ടയം ജില്ല, നോഡൽ ജില്ലയായി തെരഞ്ഞെടുത്ത് പദ്ധതികൾ നടപ്പിലാക്കുന്നതിന് ഫണ്ട് ലഭ്യമാകുന്നു. കോട്ടയം പാർലമെന്റ് നിയോജകമണ്ഡലത്തിൽ എറണാകുളം ജില്ലയുടെ ഏതാനും ഭാഗങ്ങൾ കൂടി ഉൾപ്പെടുന്നതിനാൽ പ്രസ്തുത പ്രദേശങ്ങളിൽ പദ്ധതികൾ നടപ്പാക്കുന്നതിന് വിനിയോഗിക്കപ്പെടുന്ന തുക കിഴിച്ച് ബാക്കി തുക ജില്ലയ്ക്ക് ലഭ്യമാകുന്നു. കൂടാതെ, കോട്ടയം

ജില്ലയിൽ ഉൾപ്പെട്ട മാവേലിക്കര, പത്തനംതിട്ട പാർലമെന്റ് നിയോജക മണ്ഡലങ്ങളിലെ ഏതാനും ഭാഗങ്ങളിലെ വികസനപ്രവർത്തനങ്ങൾക്കായും എം.പി.മാരുടെ പ്രാദേശിക വികസന പദ്ധതി ഫണ്ട് ലഭ്യമാകുന്നു.

ലോകസഭാംഗമായ ശ്രീ. ജോസ്.കെ. മാണി 16-ാം ലോകസഭ കാലയളവിൽ ജില്ലയ്ക്ക് ലഭ്യമാക്കുന്ന ഫണ്ട് സംബന്ധിച്ച വിശദാംശങ്ങൾ

പട്ടിക 2.4.9

തുക ലക്ഷത്തിൽ

വർഷം	2014-15	2015-16	2016-17	2017-18	2018-19
തുക	428.57	408.61	318.30	356.34	400.00

രാജ്യസഭാംഗമായ ശ്രീ. ജോയ് എബ്രഹാം 2012-13 മുതൽ 2017-18 വരെ ജില്ലയ്ക്ക് ലഭ്യമാക്കുന്ന തുക സംബന്ധിച്ച വിശദാംശങ്ങൾ

പട്ടിക 2.4.10

തുക ലക്ഷത്തിൽ

വർഷം	2012-13	2013-14	2014-15	2015-16	2016-17	2017-18
തുക	228.39	508.02	337.86	198.85	490.00	500.00

മറ്റു ജില്ലകൾ നോഡൽ ജില്ലയായി തെരഞ്ഞെടുത്തിട്ടുള്ള ലോകസഭ എം.പി.മാർ കഴിഞ്ഞ 5 വർഷക്കാലം ജില്ലയ്ക്ക് ലഭ്യമാക്കിയ ഫണ്ട് വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക 2.4.11

തുക ലക്ഷത്തിൽ

വർഷം	2014-15	2015-16	2016-17	2017-18	2018-19
തുക	223.59	99.86	176.85	120.87	200

2012-13 മുതൽ 2017-18 സാമ്പത്തികവർഷം വരെയുള്ള കാലയളവിൽ മറ്റു ജില്ലകൾ നോഡൽ ജില്ലയായി തെരഞ്ഞെടുത്തിട്ടുള്ള രാജ്യസഭ എം.പി.മാർ ജില്ലയ്ക്ക് അനുവദിച്ച പദ്ധതി തുകകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക 2.4.12

തുക ലക്ഷത്തിൽ

വർഷം	2012-13	2013-14	2014-15	2015-16	2016-17	2017-18
തുക	301.21	233.07	159.16	197.29	187.26	84.4

എം.എൽ.എ. മാരുടെ ആസ്തി വികസന പദ്ധതി

ഓരോ എം.എൽ.എ. യ്ക്കും അവരവരുടെ നിയോജക മണ്ഡലത്തിൽ 5 കോടി രൂപയുടെ വികസന പ്രവൃത്തികൾ ഓരോ വർഷവും നടപ്പാക്കാവുന്നതാണ്. മുമ്പ് ഈ പദ്ധതി ധനകാര്യ വകുപ്പ് മുഖേനയാണ് നടപ്പാക്കിയിരുന്നത്. 2017-18 വർഷം മുതൽ ഈ പദ്ധതി ജില്ലാതലത്തിൽ ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ നടപ്പാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ജില്ലയിൽ അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) മുഖേനയാണ് ഈ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഈ പദ്ധതി പ്രകാരം ഓരോ നിയോജക മണ്ഡലത്തിലും 10 ലക്ഷം രൂപക്ക് മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന 20 പ്രവർത്തികൾ നടപ്പാക്കാവുന്നതാണ്.

എം.എൽ.എ. മാരുടെ പ്രത്യേക വികസന പദ്ധതി

ജില്ലയിലെ പുതുപ്പള്ളി, കോട്ടയം , പാല , പൂഞ്ഞാർ, കാഞ്ഞിരപ്പള്ളി, ചങ്ങനാശേരി, ഏറ്റുമാനൂർ, കടുത്തുരുത്തി, വൈക്കം തുടങ്ങിയ 9 നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ. മാർക്ക് അവരവരുടെ നിയോജകമണ്ഡലങ്ങളിലെ വികസനപ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപ വീതം ഓരോ വർഷവും ലഭ്യമാകുന്നുണ്ട്.

ജില്ലയിലെ ധനകാര്യ സ്ഥാപനങ്ങൾ

ബാങ്കുകൾ ധനവിനിയോഗത്തിന്റെ ഏറ്റവും മുഖ്യമായ ഘടകമാണ്. കാർഷിക-വ്യവസായിക – സേവന മേഖലയിൽ നടക്കുന്ന വ്യക്തിഗതവും, അല്ലാത്തതുമായ സംരംഭങ്ങൾക്ക് വിവിധ ബാങ്കുകൾ വായ്പ നൽകുന്നുണ്ട്. റിസർവ്വ് ബാങ്കിന്റെ നിർദ്ദേശാനുസരണമുള്ള ഇളവുകൾ, ബാങ്കുകൾ കാലാനുസൃതമായി നൽകാറുണ്ട്. ഇതിലൂടെ സാധാരണ ജനങ്ങളുടെ സാമ്പത്തിക- സാമൂഹ്യ- ചുറ്റുപാടുകളിൽ മാറ്റം വരുത്തി സമ്പദ് ഘടനയെത്തന്നെ ചലനാത്മകമാക്കി മാറ്റുവാൻ കഴിയുന്നു. ബാങ്കിംഗ് മേഖലയുമായി ബന്ധപ്പെട്ട് സർക്കാർ പ്രഖ്യാപിക്കുന്ന വിവിധ പദ്ധതികൾ ലീഡ് ജില്ലാ ബാങ്കിന്റെ നിർദ്ദേശാനുസരണം, ബാങ്കുകൾ നടപ്പാക്കി വരുന്നു. കോട്ടയം ജില്ലയിൽ എസ്.ബി.ഐ. കഞ്ഞിക്കുഴി ലീഡ് ബാങ്കായി പ്രവർത്തിക്കുന്നു. ബാങ്കുകളേയും വ്യക്തികളേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായാണ് ലീഡ് ബാങ്ക് പ്രവർത്തിക്കുന്നത്.

പ്രധാന ബാങ്കുകളും ശാഖകളുടെ എണ്ണവും

ബാങ്ക്, ബ്രാഞ്ചുകളുടെ എണ്ണം (ബ്ലോക്ക് അടിസ്ഥാനത്തിൽ)

പട്ടിക 2.4.13

ക്രമ നമ്പർ	ബ്ലോക്ക്	സ്റ്റേറ്റ് ബാങ്ക്	ഇതരവാണിജ്യ ബാങ്കുകൾ	സഹകരണ ബാങ്കുകൾ	ആകെ
1	ഈരാറ്റുപേട്ട	6	14	12	32
2	ഏറ്റുമാനൂർ	19	32	23	74
3	കടുത്തുരുത്തി	8	24	19	51
4	കാഞ്ഞിരപ്പള്ളി	8	32	23	63
5	ഉാലം	14	37	23	74
6	മാടപ്പള്ളി	12	41	22	75
7	പള്ളം	30	85	25	140
8	പാമ്പാടി	14	19	17	50
9	ഉഴവൂർ	14	25	16	55
10	വൈക്കം	6	16	19	41
11	വാഴൂർ	12	28	15	55
	ആകെ	**143**	**353**	**214**	**710**

ഗ്രാമീണ സ്വയംതൊഴിൽ പരിശീലന സ്ഥാപനം

ഗ്രാമ വികസന മന്ത്രാലയത്തിന്റെ (MORD) മാർഗ്ഗ നിർദ്ദേശ പ്രകാരം SBI യും സംസ്ഥാന / കേന്ദ്ര സർക്കാരുകളും ചേർന്ന് 2010 ൽ ആരംഭിച്ച കോട്ടയം തിരുനക്കര ചിൽഡ്രൻസ് ലൈബ്രറി ബിൽഡിംഗിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം "*നൈപുണ്യ വികസന പരിശീലനം*" ആണ് പ്രധാനമായും ലക്ഷ്യമിടുന്നത്.

ധനകാര്യ സാക്ഷരതാ സെന്റർ

ജില്ലയിലെ 7 ബ്ലോക്കുകളിൽ ധനകാര്യ സാക്ഷരതാ സെന്ററുകൾ പ്രവർത്തിക്കുന്നു.

അദ്ധ്യായം 3

വികസനത്തിന്റെ സ്ഥലമാനങ്ങൾ

സ്ഥലപരാസൂത്രണം

ആമുഖം

2017-18 സാമ്പത്തിക വർഷത്തിൽ തയ്യാറാക്കുന്ന ജില്ലാ പദ്ധതിയുടെ ഭാഗമായി സ്ഥലസംബന്ധിയായ ഘടകങ്ങളുടെ സ്ഥലപരമായ വിശകലനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ജില്ലയുടെ സ്ഥലപര ഘടന രൂപീകരിക്കുകയും ആസൂത്രണ വികസനം സാദ്ധ്യമാക്കുന്നതിന് അടുത്ത 20-25 വർഷം കൊണ്ടു വരേണ്ട മാറ്റങ്ങൾ എന്തെന്ന് പഠിക്കുകയുമാണ്. ജില്ലാ നഗരാസൂത്രണ കാര്യാലയത്തിന്റെ ഉത്തരവാദിത്വം. ഇതിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഊന്നൽ നൽകേണ്ട വികസന മേഖലകളെ സംബന്ധിച്ച ഒരു കാഴ്ചപ്പാട് രൂപീകൃതമാകുന്നു.

ഒരു പ്രദേശത്തിന്റെ വികസനം അത് ഒരു പഞ്ചായത്തായാലും, ജില്ലയായാലും ഒറ്റപ്പെട്ടല്ല നിൽക്കുന്നത്. ഒരു പഞ്ചായത്തിന്റെ വികസനം, സമീപ പഞ്ചായത്തുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുപോലെ ജില്ലയുടെ വികസനവും പഞ്ചായത്തുകളുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഒരു പ്രദേശത്തിന്റെ വികസനം, വിവിധ വികസന മേഖലകളുടെ സംയോജനത്തിലൂടെയാണ് കൈവരുന്നത്. പ്രാദേശിക പ്രത്യേകതകൾക്ക് മുൻതൂക്കം നൽകി ആ പ്രദേശത്തെ മറ്റ് പ്രധാനമായ മേഖലകളെ ഏകോപിപ്പിച്ച് ഇവയ്ക്ക് അനുപൂരകമായി മറ്റ് മേഖലകളെ സ്ഥലപരമായി സംയോജിപ്പിക്കേണ്ടതാണ്. ഒരു പ്രദേശത്തിന്റെ പ്രത്യേകതയ്ക്കു മുൻതൂക്കം നൽകി വികസനം ആസൂത്രണം ചെയ്യുമ്പോൾ എല്ലാ മേഖലകളിലും മുതൽ മുടക്കേണ്ട ആവശ്യമില്ല. ഏറ്റവും അനുയോജ്യമായ മേഖലകൾ കണ്ടെത്തി അവിടെ മുതൽ മുടക്കിയാൽ മതി. ഇതുമൂലമുണ്ടാകുന്ന വികസന പ്രചോദനങ്ങൾ മറ്റ് വികസന മേഖലകളുടെ വളർച്ചയ്ക്ക് കാരണമാകുകയും, ആ പ്രദേശത്തിന്റെ സ്ഥലപരക്രമത്തിൽ മാറ്റമുണ്ടാകുകയും ചെയ്യുന്നു. അനുയോജ്യ വികസന മേഖലകളിൽ വേണ്ട വിധം മുതൽ മുടക്കുന്നതിനാവശ്യമായ നയങ്ങളും, തന്ത്രങ്ങളും രൂപീകരിക്കുകയും അതുമൂലമുണ്ടാകാവുന്ന ഭൗതിക മാറ്റങ്ങൾ മുൻകൂട്ടി മനസിലാക്കി സ്ഥലപര ക്രമത്തിന് അനുയോജ്യമായ തരത്തിൽ നിയന്ത്രിക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ഒരു സമഗ്ര ആസൂത്രണ രീതിയെ സ്ഥലപരാസൂത്രണ രീതി എന്നു പറയുന്നു. വികസനത്തിന് പ്രയോജനപ്പെടുത്താവുന്ന സ്ഥലം പരിമിതമായ ജില്ലയിൽ സ്ഥലപരാസൂത്രണത്തിന് വർദ്ധിച്ച പ്രാധാന്യമുണ്ട്.

സ്ഥലപര ഘടന

ജില്ലാ വികസന കാഴ്ചപ്പാടിന്റെ ഒരു പ്രധാന ഘടകമാണ് ഭാവിയിലെ ജില്ലയുടെ സ്ഥലപര ഘടന. ജില്ലയിലെ വിവിധ പ്രദേശങ്ങൾ തമ്മിലുള്ള പരസ്പര ബന്ധം, അവയുടെ വികസന ശ്രേണിയിലെ സ്ഥാനം, നിലവിലെ വികസന മേഖല എന്നിവയുടെ വിന്യാസമാണ് സ്ഥലപര ഘടന. സ്ഥലപര ഘടന രൂപീകരിക്കുന്നതിന് ജില്ലയിലെ പ്രധാന വിഭവങ്ങളുടെ വിതരണം, കേന്ദ്രീകരണം, മാനവ വിഭവശഷിയുടെ ലഭ്യത, വിതരണം, ഭൂവിനിയോഗ വ്യത്യാസം, ഭൂപ്രകൃതിയുടെ വ്യതിയാനങ്ങൾ, പരിസ്ഥിതിലോല പ്രദേശങ്ങളുടെ വ്യത്യാസം, വിവിധ പ്രദേശങ്ങൾ തമ്മിലുള്ള കണക്ടിവിറ്റി, ഗ്രാമീണ/നാഗരിക സ്വഭാവം, നഗരവത്ക്കരണം, വിവിധ പശ്ചാത്തല സൗകര്യങ്ങളുടെ വിതരണം എന്നിവ പഠന വിധേയമാക്കുന്നു.

സ്ഥലപര വിശകലനം

താഴെ കൊടുത്തിട്ടുള്ള ഘടകങ്ങളുടെ സ്ഥലപര വിശകലനം നടത്തിയാണ് സ്ഥലപര ഘടന രൂപീകരിക്കുന്നത്.

1) പ്രാദേശിക പശ്ചാത്തലം.
2) ഭൂവിനിയോഗം.
3) മാനവ വിഭവശേഷി.
4) നഗരവത്ക്കരണ രീതി.
5) വിഭവങ്ങൾ.
6) ഗതാഗത ശൃംഖല.
7) ഭൂപ്രകൃതി.
8) വികസന ശ്രേണിയിലെ ക്രമം.
9) വികസന നിയന്ത്രിത മേഖലകൾ.
10) ഉപാർശകൾ.

സംയോജിത വിശകലനം

മേൽപ്പറഞ്ഞ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലയിലെ സമാന സ്വഭാവമുള്ള പ്രദേശങ്ങൾ മേഖലകളായി തിരിച്ച് അവയുടെ പ്രത്യേകതകൾ നിർവ്വചിക്കുകയും, ഈ മേഖലകളുടെ പരസ്പര ബന്ധം മനസിലാക്കുകയുമാണ് സംയോജിതവിശകലനത്തിൽ ചെയ്യുന്നത്. ഈ വിശകലനം നടത്തുന്നത് GIS മാപ്പിന്റെ സഹായത്തോടെയാണ്

ഭാവി സ്ഥലപര ഘടന

സംയോജിത വിശകലനത്തിനു ശേഷം വ്യക്തമാകുന്ന വിവിധ ഘടകങ്ങൾ തമ്മിലുള്ള ബന്ധങ്ങളിൽ അടുത്ത 20 വർഷം കൊണ്ടു വരാവുന്ന മാറ്റങ്ങൾ എന്തൊക്കെയെന്ന് വിശകലനം ചെയ്തശേഷം വിവിധ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ സോണുകളിൽ വരുന്ന മാറ്റങ്ങൾ എന്തൊക്കെയെന്ന് കണ്ടെത്തുന്നു. വികസന കാഴ്ചപ്പാടിനനുസരിച്ച് ജില്ല വികസിച്ചു വരുമ്പോൾ ജനസംഖ്യയിൽ പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ, ഭൂവിനിയോഗത്തിൽ വരാവുന്ന മാറ്റങ്ങൾ, പശ്ചാത്തല സൗകര്യങ്ങളുടെ വിതരണത്തിൽ സംഭവിക്കുന്ന മാറ്റങ്ങൾ, ഗതാഗത ശൃംഖലയിൽ സംബന്ധിക്കുന്ന മാറ്റങ്ങൾ, വിവിധ പ്രദേശങ്ങളുടെ പ്രവർത്തന സ്വഭാവത്തിൽ വരാവുന്ന മാറ്റങ്ങൾ, വികസന ശ്രേണിയിൽ ഓരോ പ്രദേശത്തിനും സംഭവിക്കാവുന്ന മാറ്റങ്ങൾ (ഹൈറാർക്കി) എന്നിവ സംയോജിതമായി അപഗ്രഥിച്ചു കൊണ്ട്, GIS മാപ്പിംഗ് സാങ്കേതിക വിദ്യ ഉപയോഗിച്ചു കൊണ്ട് ഭാവി സ്ഥലപര ഘടന നിർണ്ണയിക്കുന്നു.

ഭാവി സ്ഥലപര ഘടനയിൽ ഓരോ പ്രദേശവും മുൻതൂ ം നൽകേണ്ട വികസന മേഖലകൾ വിവിധ പ്രദേശങ്ങളിലെ വികസന ശ്രേണിയിലെ സ്ഥാനം, ഭാവി ഗതാഗത ശൃംഖല, നഗര/ ഗ്രാമീണ സ്വഭാവം എന്നിവ വ്യക്തമായിരിക്കും. വിവിധ വികസന മേഖലകളുടെ പദ്ധതികൾ രൂപീകരിക്കുമ്പോൾ അത് മേൽ രൂപീകരിച്ച സ്ഥലപര ഘടനയ്ക്ക് അനുസൃതമാണെന്ന് ജില്ലാ ആസൂത്രണ സമിതി ഉറപ്പ് വരുത്തണം.

ഉപസംഗ്രഹം.

ജില്ലയുടെ ഭാവി സ്ഥലപര ഘടന, ഓരോ തദ്ദേശ സ്വയംഭരണ പ്രദേശവും ഊന്നൽ നൽകേണ്ട മേഖലയെ സംബന്ധിച്ച് ജില്ലാ ആസൂത്രണ സമിതിയ്ക്ക് അറിവു നൽകുന്നു. ജില്ലയുടെ വികസനത്തെ വികസന കാഴ്ചപ്പാടിന് അനുസൃതമായി മുൻനിശ്ചയിച്ച തലങ്ങളിലേയ്ക്ക് നയിക്കുന്നതിന് സ്ഥലപര ഘടന സഹായിക്കുന്നു. ജില്ലയുടെ പശ്ചാത്തല സൗകര്യങ്ങളുടെ വിന്യാസം, ജനസംഖ്യാ വിതരണത്തിന് അനുരൂപമാക്കാനും ഇത് സഹായിക്കുന്നു. മേൽ സൂചിപ്പിച്ച തരത്തിലുള്ള വിശകലനം സമയ ബന്ധിതമായി പൂർ ീകരിക്കുന്നതിന് കാലതാമസം കൂടാതെ ആവശ്യമായ വിവരങ്ങൾ നഗര-ഗ്രാമാസൂത്രണ വകുപ്പിന് ലഭ്യമാക്കേണ്ടതുണ്ട്.

ജില്ലയിലെ വികസനത്തിനുതകുന്ന മർമ്മപ്രധാന വികസന മേഖലകളെ (ദി ട്രസ്റ്റ് ഡെവലപ്മെന്റ് സെക്ടർസ്) കണ്ടെത്തുന്നതും ആ വികസന മേഖലയുടെ വളർച്ചയ്ക്ക് ഉതകുന്ന തരത്തിൽ മറ്റ് വികസന മേഖലകളുടെ സംയോജനവും, അതിലൂടെ ജില്ലയുടെ സ്ഥലപര ഘടനയിൽ വരാവുന്ന മാറ്റവും അപഗ്രഥിച്ചു കൊണ്ടുള്ള സമഗ്ര വിശകലനത്തിലൂടെയാണ് 74-ാം ഭരണഘടനാ ഭേദഗതി വിഭാവനം ചെയ്യുന്ന തരത്തിലെ കരട് ജില്ലാ വികസന രൂപരേഖ (DDP) തയ്യാറാക്കുന്നത്.

പ്രാദേശിക പശ്ചാത്തലം (റീജിയണൽ സെറ്റിംഗ്)

''ദൈവത്തിന്റെ സ്വന്തം നാടായ'' കേരളത്തിന്റെ ഏകദേശം മദ്ധ്യഭാഗത്തിനടുത്തായി സ്ഥിതി ചെയ്യുന്ന കോട്ടയം ജില്ല, സാക്ഷരതയിൽ മുൻപന്തിയിൽ നിൽക്കുന്നു. കിഴക്കുവശത്ത് മലനിരകളും, പടിഞ്ഞാറ് വേമ്പനാട്ട് കായലും അതിരിടുന്ന ജില്ലയുടെ ഏറിയ പ്രദേശങ്ങളും നിമ്നോന്നതവും, പടിഞ്ഞാറൻ പ്രദേശങ്ങൾ അപ്പർ കുട്ടനാടിന്റെ ഭാഗമായ താഴ്ന്ന പ്രദേശങ്ങളുമാണ്.

വടക്ക് രേഖാംശം $9^0$15'-നും, $10^0$21'-നും, കിഴക്ക് അക്ഷാംശം $76^0$22'-നും, $77^0$25'-നും ഇടയ്ക്കാണ് കോട്ടയം ജില്ല സ്ഥിതി ചെയ്യുന്നത്. 2206 ചതുരശ്ര കിലോമീറ്ററാണ് ജില്ലയുടെ ആകെ വിസ്തീർണ്ണം. വിസ്തീർണ്ണാടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ 5.6%-ഉം 10-ാമത്തെ സ്ഥാനവുമാണ് ജില്ലയ്ക്കുള്ളത്.

ജില്ലയുടെ ആസ്ഥാനകേന്ദ്രമായ കോട്ടയം നഗരത്തിലേയ്ക്ക് തിരുവനന്തപുരത്തു നിന്ന് റോഡു മാർഗ്ഗം 150 കിലോമീറ്ററും, റെയിൽ മാർഗ്ഗം 161 കിലോമീറ്ററും ദൂരമാണുള്ളത്. കൊച്ചിയിലേയ്ക്ക് റോഡു മാർഗ്ഗം 70 കിലോമീറ്ററും, റെയിൽ മാർഗ്ഗം 61 കിലോമീറ്ററുമാണ് ദൂരമുള്ളത്.

ജില്ലയുടെ ചുറ്റുവട്ടത്തുള്ള പ്രധാന കേന്ദ്രങ്ങളിലേയ്ക്കുള്ള ദൂരം (കിലോമീറ്ററിൽ) യഥാക്രമം ചേർത്തല (24), തിരുവല്ല (26), ആലപ്പുഴ (47), മൂവാറ്റുപുഴ (55), തൊടുപുഴ (57), പത്തനംതിട്ട (58), കട്ടപ്പന (102), കുമളി (108), പീരുമേട് (81), ഇടുക്കി (121) എന്നിങ്ങനെയാണ്. ജില്ലയ്ക്ക് പുറത്തുള്ള കേന്ദ്രങ്ങളുമായി ബന്ധപ്പെടുന്നതിലേയ്ക്കായി പ്രധാന സ്റ്റേറ്റ് ഹൈവേകളായ SH1 (എം.സി. റോഡ്), SH 8 (തൊടുപുഴ-പുനലൂർ റോഡ്), SH 9 (കോട്ടയം-കോഴഞ്ചേരി റോഡ്), SH 11 (ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ്), SH 14 (ഈരാറ്റുപേട്ട-പീരുമേട് റോഡ്), SH 15 (ഏറ്റുമാനൂർ-എറണാകുളം റോഡ്), SH 32 (ഏറ്റുമാനൂർ-പൂഞ്ഞാർ റോഡ്), SH 40 (ആലപ്പുഴ-മധുര റോഡ്), SH 42 (കുമരകം-കമ്പം റോഡ്), എസ്.എച്ച്. 44 (കാഞ്ഞിരപ്പള്ളി - മുട്ടം) എന്നിവ കോട്ടയം ജില്ലയിലൂടെ കടന്നു പോകുന്നു. കൂടാതെ NH 183 ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളേയും, ഇടുക്കി ജില്ലയേയും ബന്ധിപ്പിക്കുന്നു. ജില്ലയുടെ വിവിധ കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ധാരാളം ജില്ലാ റോഡുകളും, ഉപറോഡുകളും നിലവിലുണ്ട്.

ദേശീയ ജലപാത, ജില്ലയുടെ പടിഞ്ഞാറൻ അതിർത്തിയിലുള്ള വേമ്പനാട് കായലിലൂടെ കടന്നുപോകുന്ന പടിഞ്ഞാറൻ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നു. കൊല്ലം, ആലപ്പുഴ, കൊച്ചി, മുഹമ്മ, ചേർത്തല എന്നീ പ്രദേശങ്ങൾ കോട്ടയം ജില്ലയുടെ പടിഞ്ഞാറൻ പ്രദേശങ്ങളുമായി ജലമാർഗ്ഗം ബന്ധപ്പെട്ടു കിടക്കുന്നു.

തിരുവനന്തപുരം - എറണാകുളം റെയിൽപാത ജില്ലാ ആസ്ഥാനത്തു കൂടി കടന്നു പോകുകയും, ചങ്ങനാശ്ശേരി, ഏറ്റുമാനൂർ, കുറുപ്പന്തറ, വൈക്കം റോഡ്, പിറവം റോഡ് എന്നിവ പ്രധാന സ്റ്റേഷനുകളായി നിലനിൽക്കുകയും ചെയ്യുന്നു. നെടുമ്പാശ്ശേരി, തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളങ്ങൾ യഥാക്രമം 85, 150 കിലോമീറ്ററുകൾ ദൂരത്താണ് സ്ഥിതി ചെയ്യുന്നത്. ജില്ലയുടെ റീജിയണൽ സെറ്റിംഗ് മാപ്പ്, ഗതാഗത ശൃംഖലാ മാപ്പ് എന്നിവ ചുവടെ ചേർക്കുന്നു.

ചിത്രം 3.1

കോട്ടയം ജില്ല നമ്മുടെ രാജ്യത്തിന്റെ എല്ലാ പ്രദേശങ്ങളുമായും റോഡ്, റെയിൽ എന്നീ ഗതാഗത മാർഗ്ഗങ്ങളിലൂടെ ബന്ധപ്പെട്ടു കിടക്കുന്നു. ജലഗതാഗത മാർഗ്ഗവും ചുരുങ്ങിയ തോതിൽ ഉപയോഗിച്ചു വരുന്നു. ജില്ലകൾ തമ്മിൽ ബന്ധിപ്പിക്കുന്ന ജലഗതാഗത സംവിധാനം വേമ്പനാട്ട് കായലിലൂടെ കേരള സംസ്ഥാന ജലഗതാഗത വകുപ്പ് ഈ മേഖലയിൽ കൂടുതൽ സർവ്വീസ് നടത്തി വരുന്നു. കൊച്ചി വിമാനത്താവളമാണ് ജില്ലയോട് ഏറ്റവും അടുത്തായി സ്ഥിതി ചെയ്യുന്ന വിമാനത്താവളം.

ഭൂവിനിയോഗം

ഒരു പ്രദേശത്തിന്റെ ഭൂവിനിയോഗം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, ആ പ്രദേശം ഏതു രീതിയിൽ ഉപയോഗിച്ചിരിക്കുന്നു എന്നതാണ്. കാർഷിക, വാസ, വാണിജ്യ, വ്യവസായ ഉപയോഗങ്ങൾ തുടങ്ങിയവ. ഭാവിയിൽ സാമ്പത്തിക ഉന്നമനത്തിനായി ഉപയുക്തമായ ഒഴിവുള്ള സ്ഥലങ്ങളുടെ ലഭ്യതയും, നിലവിലുള്ള മുന്തിയ സാമ്പത്തിക നേട്ടങ്ങളുണ്ടാക്കുന്ന പ്രവർത്തനങ്ങൾ ഏകീകരിക്കുന്ന പ്രദേശങ്ങളും എളുപ്പത്തിൽ മനസ്സിലാക്കുന്നതിനും നിലവിലുള്ള

ഭൂവിനിയോഗ വിശകലനം അനിവാര്യമാണ്. കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിൽ നിന്നും ഭൂവിനിയോഗ വിവരങ്ങൾ ലഭ്യമാണ്. മേൽസൂചിപ്പിച്ച വിവരങ്ങൾ മുഖ്യമായും കാർഷിക മേഖലയെ അടിസ്ഥാനമാക്കിയുള്ള വിശകലനം മാത്രമായി പരിമിതപ്പെട്ടിരിക്കാനിടയുണ്ട്.

കേരള സംസ്ഥാനത്തിന്റെ ഭൂവിനിയോഗ ക്രമം

NREDB-യുടെ ഭൂവിനിയോഗ ഡേറ്റാ പ്രകാരം കേരളത്തിലെ ഭൂവിനിയോഗം '9' വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു. കേരളത്തിലെ മുന്തിയ ഭൂവിനിയോഗം കൃഷി ഭൂമിയും, വാസസ്ഥലത്തോടു കൂടി 41.38% വരും. രണ്ടാമത്തെ മുന്തിയ ഭൂവിനിയോഗ ഇനമായ വനഭൂമി 23.18%-ഉം, കൃഷി- 1.17%-ഉം, തോട്ടവിള-10.01%-ഉം ആണ്. വിശദാംശങ്ങൾ അനുബന്ധം 3.1 ആയി ചേർത്തിരിക്കുന്നു.

കോട്ടയം ജില്ലയുടെ ഭൂവിനിയോഗ ക്രമം

ജില്ലയുടെ ആകെ വിസ്തീർണ്ണം 2206 ചതുരശ്ര കിലോമീറ്ററാണ്.

ചിത്രം 3.2

കോട്ടയം ഭൂവിനിയോഗം

പട്ടിക 3.1

ക്രമ നം.	ഭൂമിയുടെ തരം	ശതമാനം %
1	വനം	3
2	ജലം	3
3	വാസ സ്ഥലം	10
4	വാസ-കൃഷി-സമ്മിശ്രം	3
5	തോട്ടവിള	47
6	കൃഷിഭൂമി	17
7	തരിശുഭൂമി	3
8	നെല്ല്	14
	ആകെ	**100**

കോട്ടയം ഭൂവിനിയോഗ ചാർട്ട്

ചിത്രം 3.3

Source: Kerala Land Use Board 2012

കോട്ടയം ജില്ലയിൽ സുപ്രധാന ഭൂവിനിയോഗം കൃഷി മേഖലയിലാണുള്ളത്. ഏറ്റവുമധികമായി 47% പ്ലാന്റേഷനും, 17% മറ്റു കൃഷിയിടങ്ങളും, 14 % നെൽകൃഷിയുമാണുള്ളത്. 3% വീതം വനഭൂമിയും, ജലാശയങ്ങളും, വേയ്സ്റ്റ് ലാന്റും കാണുന്നു.

ഭൂവിനിയോഗ കേന്ദ്രീകരണം

ഒരു പ്രത്യേക ഭൂവിനിയോഗ ക്രമം ജില്ലയിൽ എവിടെയാണ് കേന്ദ്രീകരിക്കുന്നതെന്ന് ഭൂവിനിയോഗ ഭൂപടത്തിൽ നിന്നും എളുപ്പം മനസിലാക്കാനാവും. ഒരു ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ ക്രമം പരിശോധിച്ചറിയുന്നതിന് കേന്ദ്രീകരണ സൂചിക താഴെപ്പറയും പ്രകാരം കണക്കുകൂട്ടിയാൽ മതിയാകും.

തദ്ദേശ സ്വയംഭരണ പ്രദേശത്തിലെ
ഒരു ഭൂവിനിയോഗ കേന്ദ്രീകരണം = തദ്ദേശ സ്വയംഭരണ പ്രദേശത്തിലെ പ്രത്യേക ഭൂവിനിയോഗ ഏരിയ/ തദ്ദേശ സ്വയംഭരണ പ്രദേശത്തിലെ ആകെ ഏരിയ / ജില്ലയിലെ പ്രത്യേക ഭൂവിനിയോഗ ഏരിയ / ജില്ലയുടെ ആകെ ഏരിയ

കേന്ദ്രീകരണ സൂചികാ മൂല്യം ഒന്നിൽ കൂടുതലോ, കുറവോ, ഒന്നു തന്നെയോ ആയിരിക്കാം. കേന്ദ്രീകരണ സൂചികാ മൂല്യം ഒന്നിൽ കൂടുതലുള്ള പഞ്ചായത്ത് / മുനിസിപ്പാലിറ്റി സൂചിപ്പിക്കുന്നത്, പരിഗണിച്ചിരിക്കുന്ന ഭൂവിനിയോഗം ജില്ലയിലെ മറ്റ് പഞ്ചായത്തുകളിലേക്കാൾ കൂടുതൽ ഇവിടെയുണ്ട് എന്നാണ്.

മുകളിൽ പരാമർശിച്ചിരിക്കുന്ന രീതിയിൽ വനഭൂമി, ജലാശയങ്ങൾ, ചതുപ്പ് നിലം, വാസഭൂമി, കൃഷിഭൂമി, തോട്ടവിള, വാസ/കൃഷി സങ്കരം, മറ്റ് വികസിത സ്ഥലങ്ങൾ, മറ്റുള്ളവ എന്നിവയടങ്ങുന്ന 9 ഇനങ്ങളുടെയും കേന്ദ്രീകരണ സൂചിക വിശകലനം ചെയ്യാനാവും. മേഖലാപര ഭൂവിനിയോഗ പഠനം കാണിക്കുന്നത്, അയൽ ജില്ലകളുമായുള്ള താരതമ്യത്തിൽ ഗ്രാമീണവും, നാഗരികവുമായ ഭൂവിനിയോഗ ഘടകങ്ങളിലും (ഉൾനാടൻകൃഷി, തോട്ടവിള തുടങ്ങിയവ) നഗരസംബന്ധിയായ ഭൂവിനിയോഗ ഘടകങ്ങളിലും (നാഗരിക വാസഭൂമി, സങ്കര വികസന ഭൂമി, വാസ-കൃഷി സങ്കരം, മറ്റ് വികസിത ഭൂപ്രദേശം തുടങ്ങിയവ) കോട്ടയം ഒന്നാമതോ / രണ്ടാമതോ ആയി കാണുന്നു.

മാനവ വിഭവശേഷി

ജനസംഖ്യാ പ്രവണതകൾ

ലോകരാജ്യങ്ങളിൽ ജനസംഖ്യയിൽ രണ്ടാം സ്ഥാനമുള്ള ഇന്ത്യയുടെ ജനസംഖ്യ 2011-ലെ സെൻസസ് പ്രകാരം 121 കോടിയാണ്. ഇത് ലോകജനസംഖ്യയുടെ 17.5% ആണ്. 1961-71 കാലഘട്ടത്തിൽ ഇന്ത്യയിലെ ജനസംഖ്യാ വളർച്ചാ നിരക്ക് 36.2% ആയിരുന്നു. ഇത് ഇന്ത്യയുടെ ചരിത്രത്തിൽ ഇതുവരെ രേഖപ്പെടുത്തിയതിൽ ഏറ്റവും വലിയ വളർച്ചാ നിരക്കാണ്. അതിനു ശേഷം ഇന്ത്യയിലെ ജനസംഖ്യാ വളർച്ചാ നിരക്ക് കുറഞ്ഞു തുടങ്ങി.

കേരളത്തിലെ ഇപ്പോഴത്തെ ജനസംഖ്യ 2011 സെൻസസ് പ്രകാരം 3.34 കോടിയാണ്. ഇത് ഇന്ത്യയിലെ ജനസംഖ്യയുടെ 2.7 % ആണ്. കേരളത്തിന്റെ വാർഷിക വളർച്ചാ നിരക്ക് 0.5% ആണ്. വിശദാംശങ്ങൾ അനുബന്ധം 3.2 ആയി ചേർത്തിരിക്കുന്നു.

ഇന്ത്യയിലെ ജനസംഖ്യാ വളർച്ചാ നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന് വളരെ കുറഞ്ഞ വളർച്ചാ നിരക്കാണുള്ളതെന്ന് വ്യക്തമാണ്. പുറംരാജ്യങ്ങളിലേയ്ക്കുള്ള കുടിയേറ്റവും, പ്രത്യുത്പാദന നിരക്കിലെ കുറവും കേരളത്തിൽ ജനസംഖ്യാ വളർച്ചാ നിരക്ക് കുറയുന്നതിന് കാരണമാകുന്നു. കേരളം അടുത്ത 25-30 വർഷത്തിനകം ശൂന്യ ജനസംഖ്യാ വളർച്ചാ നിരക്ക് (ZPG) കൈവരിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്. 1981 മുതൽ 2011 വരെ സെൻസസ് പ്രകാരമുള്ള വിശദാംശങ്ങൾ അനുബന്ധം 3.3 ആയി ചേർത്തിരിക്കുന്നു.

കഴിഞ്ഞ 4 ദശകങ്ങളിലെ ജനസംഖ്യാ വ്യതിയാനം ഗ്രാഫിൽ രേഖപ്പെടുത്തിയിരിക്കുന്നു

ചിത്രം 3.4

2011-ലെ സെൻസസ് പ്രകാരം ജില്ലയിലെ ആകെ ജനസംഖ്യ 1974551 ആണ്. ഇത് സംസ്ഥാന ജനസംഖ്യയുടെ 5.91% ആണ്. അതായത് ജനസംഖ്യയുടെ അടിസ്ഥാനത്തിൽ കോട്ടയം 10-ാം സ്ഥാനത്താണുള്ളത്. സമീപ ജില്ലകളിലെ ജനസംഖ്യയുമായി താരതമ്യം ചെയ്യുമ്പോൾ കോട്ടയത്തിന് 3-ാം സ്ഥാനം മാത്രമാണുള്ളത്. വിശദാംശങ്ങൾ അനുബന്ധം 3.4 ആയി ചേർത്തിരിക്കുന്നു.

ജനസംഖ്യാ വർദ്ധനവ്

ജില്ലയുടെയും, സംസ്ഥാനത്തിന്റെയും കഴിഞ്ഞ 4 ദശകങ്ങളിലെ ആകെ ജനസംഖ്യാ വളർച്ചയുടെയും, നഗരജനസംഖ്യാ വളർച്ചയുടെയും കണക്കുകൾ ചുവടെയുള്ള പട്ടികയിൽ (3.2) ചേർത്തിരിക്കുന്നു. കഴിഞ്ഞ നൂറു വർഷത്തിനിടയിൽ 1921-31 ദശകത്തിലാണ് കോട്ടയം ജില്ലയിലെ ഏറ്റവും കൂടിയ വളർച്ചാ നിരക്ക് (32.38%) രേഖപ്പെടുത്തിയിട്ടുള്ളത്. തുടർന്നുള്ള ദശകങ്ങളിൽ നിരക്ക് കുറയുകയും 1961-1971 കാലയളവിൽ വളർച്ചാ നിരക്ക് കൂടുകയും 1971-നു ശേഷം തുടർച്ചയായി വളർച്ചാ നിരക്ക് കുറയുകയുമാണ് ചെയ്തിട്ടുള്ളത്.

കേരളത്തിന്റെ വളർച്ചാ നിരക്ക് 1971-81 കാലഘട്ടത്തിൽ 19.24%-ഉം, 1981-91 കാലഘട്ടത്തിൽ 17.32%-ഉം ആയിരുന്നു. എന്നാൽ 1971-2001 കാലയളവിൽ കുത്തനെ കുറഞ്ഞ് 9.42%ഉം, 2001-11 കാലയളവിൽ 4.86%-ഉം ആണ് രേഖപ്പെടുത്തിയിരിക്കുന്നത്.

സാധാരണയായി നഗര ജനസംഖ്യാ വളർച്ചാ നിരക്ക് ആകെ ജനസംഖ്യാ വളർച്ചയേക്കാൾ വളരെ ഉയർന്ന നിരക്കിലാണുള്ളത്. 1951 കാലയളവിൽ നഗരജനസംഖ്യാ വളർച്ചാ നിരക്ക് 62.81% ആയി ഉയരുകയും തുടർന്ന് 1961-ൽ 7.9% ആയി കുറയുകയും ചെയ്തു. 1971-81 കാലയളവിൽ വളർച്ചാ നിരക്ക് വളരെയധികം കുറയുകയും (-23.78%) തുടർന്ന് 81-91 കാലയളവിൽ 101.7 % ആയി കുതിച്ചുയരുകയും തുടർന്ന് വീണ്ടും 1991-2001-ൽ 6.58% ആയി കുറയുകയും വീണ്ടും 2001-2011-ൽ 28.58% ആയി നഗര ജനസംഖ്യ വളർച്ചാ നിരക്ക് ഉയരുകയും ചെയ്തു.

ചിത്രം 3.5

ജനസംഖ്യാ വളർച്ചാ നിരക്ക്

പട്ടിക 3.2

ഭൂമിശാസ്ത്രപരമായ ഏകകം	ജനസംഖ്യ വളർച്ചാ നിരക്ക് (%)							
	വർഷം 1971-81		വർഷം 1981-91		വർഷം 1991-01		വർഷം 2001-11	
	മൊത്തം	നഗരം	മൊത്തം	നഗരം	മൊത്തം	നഗരം	മൊത്തം	നഗരം
കോട്ടയം ജില്ല	10.29	23.78	7.71	101.7	6.86	6.58	1.07	28.58
കേരളം	19.24	37.5	17.32	61	9.42	7.64	4.86	47.72
ഇന്ത്യ	24.66	46.15	23.86	36.5	21.34	31.1	17.64	31.8

ചിത്രം 3.6

ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 2001-2011 കാലഘട്ടത്തിലെ ജനസംഖ്യാ വളർച്ചാ നിരക്ക് കാണിക്കുന്ന പട്ടികയും, മാപ്പും ചുവടെ ചേർക്കുന്നു. ഏറ്റവും കൂടിയ വളർച്ചാനിരക്ക് ഈരാറ്റുപേട്ട നഗരസഭയും, കുറഞ്ഞ വളർച്ചാ നിരക്ക് കൂട്ടിക്കൽ ഗ്രാമപഞ്ചായത്തുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ജില്ലയുടെ കിഴക്കേ അതിർത്തിയിലുള്ള കൂട്ടിക്കൽ പഞ്ചായത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവാണ് വളർച്ചാ നിരക്ക് ക്രമാതീതമായി കുറഞ്ഞതിന് കാരണമായി കണക്കാക്കാവുന്നത്. ജില്ലാ കേന്ദ്രത്തിനു ചുറ്റുമുള്ള പഞ്ചായത്തുകളിൽ താരതമ്യേന ഉയർന്ന വളർച്ചാ നിരക്ക് കാണുന്നു. കൂടാതെ നഗരസഭകളോട് ചേർന്നു കിടക്കുന്ന ഗ്രാമപഞ്ചായത്തുകളിലും വളർച്ചാ നിരക്ക് കാണുന്നു. നഗര പ്രദേശങ്ങളിലേയ്ക്കുള്ള ജനങ്ങളുടെ പ്രയാണമാകാം ഇതിനു അടിസ്ഥാനമായ കാരണം. ജില്ലയിലെ 31 ഗ്രാമപഞ്ചായത്തുകളിൽ നെഗറ്റീവ് വളർച്ചാ നിരക്ക് അനുബന്ധം 3.5 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ചിത്രം 3.7

ജനസാന്ദ്രത

ജനസംഖ്യയുടെ വളർച്ചാ നിരക്കിനെ സ്ഥലഘടനയും, ഭൂപ്രകൃതിയും, വിഭവലഭ്യതയുമെല്ലാം തന്നെ ബാധിക്കുന്നു. ഉയർന്ന ചരിവുള്ള പ്രദേശമായതിനാലും, ജലലഭ്യതക്കുറവുള്ളതിനാലും, മറ്റും ഏറ്റവും കുറവ് ജനസംഖ്യാ വളർച്ചാ നിരക്കിനു കാരണമായി. കേരള സംസ്ഥാനത്തിന്റെ ജനസാന്ദ്രത 2001-ൽ 819-ഉം, 2011-ൽ 860-ഉം ആണ്. ജില്ലയുടെ ജനസാന്ദ്രത 2001-ൽ ചതുരശ്ര കിലോമീറ്ററിന് 885 ആളുകൾ എന്നതിൽ നിന്നും 895-ലേയ്ക്ക് ഉയർന്നു. ജനസാന്ദ്രതയിൽ ജില്ലയ്ക്ക് 8-ാം സ്ഥാനമാണുള്ളത്.

2011-ലെ ജനസാന്ദ്രതയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തരംതിരിക്കൽ അനുബന്ധം 3.6 ൽ ചേർത്തിരിക്കുന്നു.

ഏറ്റവുമധികം ജനസാന്ദ്രതയുള്ള പ്രദേശം ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയും (3960) ഏറ്റവും കുറഞ്ഞത് തലനാട് ഗ്രാമപഞ്ചായത്തുമാണ്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലമായിട്ടേ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയെ കാണുവാൻ സാധിക്കുകയുള്ളൂ. അത് അവിടുത്തെ ജനങ്ങളുടെ മതപരമായ വ്യവസ്ഥകളും, മാനസിക സന്തുലിതാവസ്ഥയെയും ആശ്രയിച്ചിരിക്കുന്നു.

ചിത്രം 3.8

ജനസാന്ദ്രതയുടെ അടിസ്ഥാനത്തിൽ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ 7 ഗ്രൂപ്പുകളായി തിരിച്ച് അനുബന്ധം 3.6 ൽ ചേർത്തിരിക്കുന്നു. 500-ൽ താഴെ ജനസാന്ദ്രതയുള്ള 10 ഗ്രാമപഞ്ചായത്തുകളാണ് ഉള്ളത്. ആയവയിൽ കുമരകം ഒഴികെയുള്ള പഞ്ചായത്തുകൾ ജില്ലയുടെ കിഴക്കൻ മേഖലയിലാണുള്ളത്. കോട്ടയം ജില്ലയിൽ ഈരാറ്റുപേട്ട ബ്ലോക്കിലെ പഞ്ചായത്തുകളിലാണ് ജനസാന്ദ്രത 500-ൽ താഴെയായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. മലനാടിനോട് ചേർന്നു കിടക്കുന്ന ജില്ലയുടെ കിഴക്കു ഭാഗത്തുള്ള പഞ്ചായത്തുകളുടെ ഭൂപ്രകൃതിയും, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവും ഈ പ്രദേശത്തെ ജനസാന്ദ്രതയെ സ്വാധീനിച്ചിട്ടുള്ള ഘടകങ്ങളാണ്. ഏറ്റവും കുറഞ്ഞ ജനസാന്ദ്രതയായ 218.02 തലനാട് ഗ്രാമപഞ്ചായത്തിനാണുള്ളത്. 2001-ലെ സെൻസസ് പ്രകാരവും, തലനാട് ഗ്രാമപഞ്ചായത്തിനാണ് (227.57) ഏറ്റവും കുറഞ്ഞ ജനസാന്ദ്രത റിപ്പോർട്ട് ചെയ്തിരുന്നത്.

ജില്ലയിലെ 36 ഗ്രാമപഞ്ചായത്തുകൾക്ക് സാന്ദ്രത 500-നും, 1000-നും ഇടയിലാണുള്ളത്. ഏറ്റവും കൂടിയ ജനസാന്ദ്രത (3960.67) ഈരാറ്റുപേട്ട നഗരസഭയിലാണുള്ളത്. തുടർന്ന് ചങ്ങനാശ്ശേരി നഗരസഭ (3532.22), തൃക്കൊടിത്താനം (3124.98) എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് ജനസാന്ദ്രത കൂടുതലുള്ളത്. 2001-ലെ സെൻസസ് പ്രകാരം കോട്ടയം നഗരസഭയ്ക്കാണ് ഏറ്റവും കൂടിയ ജനസാന്ദ്രത (3797.87) റിപ്പോർട്ട് ചെയ്തിരുന്നത്. നാട്ടകം, കുമാരനല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ കൂടി കോട്ടയം നഗരസഭയോടു കൂട്ടിച്ചേർത്തതിനാൽ 2011-ൽ പ്രസ്തുത സാന്ദ്രത 295.18 ആയി കുറഞ്ഞിരിക്കുന്നു.

കേരളത്തിലെ നഗരപ്രദേശങ്ങളുടെ ജനസാന്ദ്രത ഗ്രാമപ്രദേശങ്ങളെ അപേക്ഷിച്ച് ഉയർന്നതായിട്ടാണ് കാണാറുള്ളത്. എന്നാൽ കോട്ടയം ജില്ലയിൽ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന് നഗരങ്ങളുടെ അതേ നിരക്കിൽ സാന്ദ്രത എത്തിയതായി കാണുന്നു. ജില്ലയിൽ ഈരാറ്റുപേട്ട, ചങ്ങനാശ്ശേരി നഗരസഭകളും, തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തും 3000-നു മുകളിൽ സാന്ദ്രത കൈവരിച്ചിരിക്കുന്നു. കോട്ടയം നഗരസഭ, വൈക്കം നഗരസഭ, വിജയപുരം, കുറിച്ചി ഗ്രാമപഞ്ചായത്തുകൾ എന്നിവ 2000-നും, 3000-നും ഇടയിൽ ജനസാന്ദ്രതയുള്ള പ്രദേശങ്ങളാണ്.

ജില്ലയുടെ ശരാശരി ജനസാന്ദ്രത 2001-ൽ 885 ആയിരുന്നത് 2011-ൽ 895 ആയി ഉയർന്നിട്ടുണ്ട്. കഴിഞ്ഞ ദശകത്തിൽ ജില്ലയിലെ ജനസാന്ദ്രതയിൽ വലിയ വർദ്ധനവൊന്നും രേഖപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിലും നഗരജനസംഖ്യാ വളർച്ചാ നിരക്ക് വളരെ ഉയർന്ന് നിൽക്കുകയും ചെയ്യുന്നത് നഗരവ്യാപനത്തെയാണ് സൂചിപ്പിക്കുന്നത്. എന്നാൽ 2001-2011 കാലയളവിൽ സംസ്ഥാന ജനസാന്ദ്രത 819-ൽ നിന്ന് 860 ആയി വർദ്ധിച്ചിരുന്നു. പഴയ കോട്ടയം നഗരസഭയുടെ 2001-ലെ സെൻസസ് പ്രകാരം 60728 ജനസംഖ്യയുണ്ടായിരുന്നത് 2011-ലെ കണക്കുകൾ പ്രകാരം 55374 ആയി കുറഞ്ഞിരിക്കുന്നു. അതായത് നഗരകേന്ദ്രത്തിന്റെ ജനസംഖ്യാ വളർച്ച നിശ്ചലാവസ്ഥയിലാണെന്നും, നഗര പ്രാന്ത പ്രദേശങ്ങളിലാണ് ജനസംഖ്യാ വർദ്ധനവ് ഉണ്ടായിട്ടുള്ളതെന്നും വ്യക്തമാകുന്നു.

ജനങ്ങളുടെ കേന്ദ്രീകൃത രീതി

ജനസാന്ദ്രതയുടെയും, ആകെ ജനസംഖ്യയുടെയും അടിസ്ഥാനത്തിൽ ജില്ലയിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് ജനങ്ങൾ കേന്ദ്രീകരിച്ചിരിച്ചിട്ടുള്ളതെന്ന് ചുവടെ ചേർത്തിട്ടുള്ള മാപ്പിൽ നിന്നു വ്യക്തമാകുന്നു.

ചിത്രം 3.9

സാന്ദ്രതയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ വിന്യസിച്ചാണ് ജന അധിവാസം കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. ജില്ലയിലെ ആകെ ജനസംഖ്യയുടെ 1/3 ഭാഗം ജില്ലയിലെ ആറു നഗരസഭകളിലും, ജില്ലയിലെ പ്രധാന ഇടനാഴിയായ എം.സി. റോഡിന്റെ ഇരുവശങ്ങളിലുമുള്ള പഞ്ചായത്തുകളിലുമായി കേന്ദ്രീകരിച്ചിരിക്കുന്നു. അതായത് 15 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 1/3 ജനസംഖ്യ ഉൾപ്പെട്ടിരിക്കുന്നു. ആകെ ജനസംഖ്യയുടെ 1/2 ഭാഗം ഏറ്റുമാനൂരിന് തെക്കുഭാഗത്തും, എം. സി. റോഡിന് ഇരുവശങ്ങളിലായും കെ. കെ. റോഡിന് ഇരുവശത്തുമായി പാമ്പാടി വരെയും 29 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി കേന്ദ്രീകരിച്ചിരിക്കുന്നു. 2/3 ജനസംഖ്യ ജില്ലയുടെ പടിഞ്ഞാറേ അർദ്ധ പകുതിയിൽ കേന്ദ്രീകരിച്ചിരിക്കുന്നു.

അതായത് ജനസംഖ്യയുടെ ഏറിയ പങ്കും, ജില്ലാ കേന്ദ്രത്തിലും ചുറ്റുമുള്ള പ്രദേശങ്ങളിലും, പാലാ, ഈരാറ്റുപേട്ട തുടങ്ങിയ കിഴക്കൻ മേഖലകളിലും, വൈക്കവും, ചുറ്റുവട്ടമുള്ള പഞ്ചായത്തുകളിലുമായി വിന്യസിക്കപ്പെട്ടിരിക്കുന്നു. അർബൻ സൗകര്യങ്ങളുടെ ലഭ്യതയാണ് ഈ പ്രദേശങ്ങളെ ജന അധിവാസ കേന്ദ്രങ്ങളായി പരിണമിപ്പിച്ചിട്ടുള്ളത്. ജില്ലയുടെ കിഴക്കൻ മേഖലയിൽ മുത്തോലി, കൂരോപ്പട, നെടുംകുന്നം, കാഞ്ഞിരപ്പള്ളി, ചിറക്കടവ് പ്രദേശവും, വടക്കുഭാഗത്ത് മാഞ്ഞൂർ, കാണക്കാരി, കുറവിലങ്ങാട്, മുളക്കുളം ഭാഗത്തും,

പടിഞ്ഞാറ് തലയാഴം, ആർപ്പുക്കര, തിരുവാർപ്പ്, പായിപ്പാട് പ്രദേശങ്ങളിലും ജനഅധിവാസം കേന്ദ്രീകരിച്ചതായി കാണുന്നു.

സ്ത്രീ-പുരുഷ അനുപാതം

ജില്ലയിലെ സ്ത്രീ-പുരുഷ അനുപാതം 2011 സെൻസസ് പ്രകാരം 1039-ഉം, സംസ്ഥാനത്തിന്റെ അനുപാതം 1084-ഉം ആണ്. ഏറ്റവും കുറഞ്ഞ അനുപാതം മൂന്നിലവ് പഞ്ചായത്തിനും (967), ഏറ്റവും കൂടിയ അനുപാതം ചങ്ങനാശ്ശേരി നഗരസഭയ്ക്കും (1087) രേഖപ്പെടുത്തിയിരിക്കുന്നു. ജില്ലയിലെ മറ്റ് നഗരങ്ങളിലെ അനുപാതം യഥാക്രമം കോട്ടയം നഗരസഭ (1075), പാലാ നഗരസഭ (1048), വൈക്കം നഗരസഭ (1055), ഏറ്റുമാനൂർ (1039), ഈരാറ്റുപേട്ട (972) എന്നിങ്ങനെയാണ്.

സ്ത്രീ-പുരുഷ അനുപാതം (പട്ടിക 3.3.)

ജില്ല / സംസ്ഥാനം	2001	2011
എറണാകുളം	1017	1027
ഇടുക്കി	999	1006
പത്തനംതിട്ട	1094	1132
ആലപ്പുഴ	1079	1100
കോട്ടയം	1025	1039
കേരള	1058	1084

ചിത്രം 3.10

2001-2011 കാലയളവിൽ പത്തനംതിട്ട ജില്ലയിലാണ് സ്ത്രീ-പുരുഷ അനുപാതത്തിൽ കാര്യമായ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുള്ളത്. ബാക്കി ജില്ലകളിൽ നേരിയ വർദ്ധനവ് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

കുടിയേറ്റം (മൈഗ്രേഷൻ)

2013-ലെ തൊഴിൽ വകുപ്പിന്റെ കണക്കുകൾ പ്രകാരം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും തൊഴിൽ തേടി കേരളത്തിലേയ്ക്ക് 2.5 മില്യൻ തൊഴിലാളികൾ കുടിയേറിയിട്ടുള്ളതായി കാണുന്നു. 2017-ലെ കണക്കുകൾ പ്രകാരം 3.5-4 മില്യൻ അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിലുണ്ട്.

പശ്ചിമ ബംഗാൾ, ബീഹാർ, ഒഡീഷ, ചത്തീസ്ഗഢ്, ത്സാർഖണ്ഡ്, ആസ്സാം എന്നീ സംസ്ഥാനങ്ങളിൽ നിന്നും, കൂടാതെ, നേപ്പാൾ, ബംഗ്ലാദേശ് എന്നീ അയൽ രാജ്യങ്ങളിൽ നിന്നുമാണ് ആളുകൾ എത്തിയിട്ടുള്ളത്. വിദ്യാഭ്യാസ മേഖലയിലെ കേരള ജനതയുടെ കുതിപ്പ് മൂലം അസംഘടിത തൊഴിൽ മേഖലയിൽ നിന്ന് മലയാളികൾ പിന്തിരിയുകയും, ഈ മേഖല പൂർണ്ണമായും, അന്യസംസ്ഥാന തൊഴിലാളികളിലേയ്ക്ക് എത്തിച്ചേരുകയുമാണ് ഉണ്ടായിട്ടുള്ളത്.

ചെറുകിട വ്യവസായ യൂണിറ്റുകൾ, റബ്ബർ ടാപ്പിംഗ്, റബ്ബർ ഷീറ്റ് നിർമ്മാണം, പേവ്മെന്റ് ബ്ലോക്ക്, സിമന്റ് ബ്ലോക്ക്, ബ്യൂട്ടി പാർർലർ, കെട്ടിട നിർമ്മാണ മേഖല എന്നിവയാണ് ഇവരുടെ പ്രധാന പ്രവർത്തന മേഖലകൾ. കോട്ടയം ജില്ലയിൽ പായിപ്പാട് ഗ്രാമപഞ്ചായത്ത്, പൂവൻതുരുത്ത്, കുറിച്ചി, അതിരമ്പുഴ, ഈരാറ്റുപേട്ട, പാലാ എന്നീ സ്ഥലങ്ങളിലായാണ് കൂടുതലും ഈ തൊഴിലാളികൾ കേന്ദ്രീകരിച്ചിട്ടുള്ളത്.

ജില്ലാ സ്റ്റാറ്റസ് റിപ്പോർട്ട് - 2013 പ്രകാരം കേരളത്തിന് പുറത്ത് താമസമുള്ള പ്രവാസി മലയാളികളുടെ ആകെ എണ്ണം 16,25,658 ആണ്. കോട്ടയം ജില്ലയിലെ പ്രവാസി മലയാളികളുടെ എണ്ണം ജില്ലാ സ്റ്റാറ്റസ് റിപ്പോർട്ട് 2013-ലെ കണക്കുകൾ പ്രകാരം 1,00,625 ആണ്. ഏറ്റവും കൂടുതൽ കുടിയേറ്റമുണ്ടായിട്ടുള്ളത് യുഎ.ഇ.-യിലേയ്ക്കാണ് (21,092). തുടർന്ന് യുഎസ്.എ.(17,048), സൗദി അറേബ്യ (14,645), യു.കെ.(14,399) എന്നിങ്ങനെയാണ് കുടിയേറ്റമുള്ളത്.

തൊഴിൽ അടിസ്ഥാനത്തിൽ സംഘടിത മേഖലകളിലേയ്ക്കാണ് കൂടുതൽ ആളുകൾ വിന്യസിക്കപ്പെട്ടു കാണുന്നത്. രണ്ടാമത്തെ സ്ഥാനം നേഴ്സിംഗ് മേഖലയിലാണുള്ളത്. മൂന്നാമത് നിൽക്കുന്നത് എഞ്ചിനീയറിംഗ് മേഖലയിലാണ്. ഏറ്റവും കൂടുതൽ പ്രവാസി മലയാളികളുടെ കുടിയേറ്റം ഉണ്ടായിട്ടുള്ളത് യഥാക്രമം അതിരമ്പുഴ, നീണ്ടൂർ, മാഞ്ഞൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നുമാണ്. നഗരസഭകളിൽ കോട്ടയം നഗരസഭയാണ് മുൻപന്തിയിലുള്ളത്. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന്റെ കണക്കുകൾ പ്രകാരം ജില്ലയ്ക്ക് പുറത്തേയ്ക്കുള്ള കുടിയേറ്റക്കാരുടെ എണ്ണം തൊഴിൽ മേഖലയുടെ 11.4% ആയി കാണുന്നു.

ഉപസംഗ്രഹം

വളരെ കുറഞ്ഞ ജനസംഖ്യാ വളർച്ചാ നിരക്കും, ശരാശരി ജനസാന്ദ്രതയുമാണ് കോട്ടയം ജില്ലയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പ്രത്യുത്പാദന നിരക്കിലെ കുറവും, പുറംരാജ്യങ്ങളിലേയ്ക്കുള്ള കുടിയേറ്റവുമാണ് ജനസംഖ്യാ വളർച്ചാ നിരക്ക് കുറയുന്നതിന് പ്രധാന കാരണമായി കാണുന്നത്. നോർക്ക റിപ്പോർട്ട് പ്രകാരം പുറംരാജ്യങ്ങളിലേയ്ക്കുള്ള കുടിയേറ്റത്തിൽ സംസ്ഥാനതലത്തിൽ കോട്ടയം ജില്ലയ്ക്ക് 7-ാം സ്ഥാനമാണുള്ളത്.

ജില്ലയ്ക്ക് പുറത്തേയ്ക്കുള്ള കുടിയേറ്റക്കാരിൽ ഭൂരിഭാഗവും ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവരും, തൊഴിൽ സംബന്ധിച്ചും, ഉന്നത വിദ്യാഭ്യാസത്തിനായും കുടിയേറിയാതായി കാണുന്നു. എന്നാൽ അന്യസംസ്ഥാനങ്ങളിൽ നിന്നും ജില്ലയിലേയ്ക്ക് കുടിയേറിയിട്ടുള്ളവരിൽ ഭൂരിഭാഗവും അസംഘടിത തൊഴിൽ മേഖലയിലാണ് വിന്യസിക്കപ്പെട്ടിട്ടുള്ളത്.

തൊഴിൽ ഘടന

ആകെ ജനസംഖ്യയുടെ എത്ര ശതമാനമാണ് തൊഴിലാളികളുടെ എണ്ണം എന്നതിൻറെ അടിസ്ഥാനത്തിലാണ് ഒരു പ്രദേശത്തെ തൊഴിൽ ഘടന കണക്കാക്കുന്നത്. 2011-ലെ സെൻസസ് പ്രകാരം ജില്ലയുടെ തൊഴിൽ അനുപാതം 37.26% ആണ്. ഇത് സംസ്ഥാന ശരാശരിയായ 34.78%-ത്തേക്കാൾ അൽപം കൂടുതലാണ്. 2011-ലെ ജില്ലയുടെ തൊഴിൽ അനുപാതം ഗ്രാഫിൽ. ആകെ തൊഴിലാളികൾ എന്നത് മെയിൻ വർക്കേഴ്സും, മാർജിനൽ വർക്കേഴ്സും ആയി വിഭജിക്കപ്പെട്ടിരിക്കുന്നു.

ജില്ലയിലെ ജനസംഖ്യയുടെ 37.26% തൊഴിലാളികളും, 62.74% തൊഴിലില്ലാത്തവരും ആണ്. 1981 മുതൽ 2011 വരെയുള്ള തൊഴിൽ ഘടന പരിശോധിച്ചാൽ ജില്ലയിലെ ആകെ തൊഴിലാളികളുടെ എണ്ണവും, മെയിൽ വർക്കേഴ്സിന്റെ എണ്ണവും ക്രമമായി വർദ്ധിക്കുന്നത് കാണാവുന്നതാണ്. പട്ടിക 3.4. കാണുക .

ചിത്രം 3.11

ആകെ തൊഴിലാളികളുടെ എണ്ണം – കോട്ടയം (പട്ടിക 3.4)

വിവരണം	വർഷം			
	1981	1991	2001	2011
ആകെ തൊഴിലാളികൾ	506113	570798	642157	735735
മെയിൻ വർക്കേഴ്സ്	461974	537037	539609	604553
മാർജിനൽ വർക്കേഴ്സ്	44139	33761	102548	131182

വിവിധ തൊഴിലുകളുടെ അടിസ്ഥാനത്തിൽ 2011-ലെ തൊഴിലാളികളുടെ വിവരം താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക 3.5

വർഷം	കർഷകർ	കർഷക തൊഴിലാളികൾ	കുടിൽവ്യവസായ തൊഴിലാളികൾ	മറ്റു തൊഴിലാളികൾ
2011	49991	63052	18523	604169
	6.79%	8.57%	2.52%	82.12%

കർഷകർ, കർഷക തൊഴിലാളികൾ, കുടിൽ വ്യവസായ തൊഴിലാളികൾ, മറ്റു തൊഴിലാളികൾ എന്നിവർ ഉൾപ്പെട്ടതാണ് മെയിൻ വർക്കേഴ്സ് എന്ന വിഭാഗം.

2001 കാലയളവിൽ 21% തൊഴിലാളികൾ പ്രാഥമിക മേഖലയിൽ ലഭ്യമായിരുന്നു. തൊഴിൽ മേഖലയുടെ 15% കാർഷിക മേഖലയുമായി ബന്ധപ്പെട്ട വിഭാഗത്തിൽ ഉൾപ്പെട്ടിരിക്കുന്നതായി കാണുന്നു. മറ്റു തൊഴിലാളി

വിഭാഗത്തിൽ 82% തൊഴിലാളികളും, തൃതീയ മേഖലയിൽ (ടേർഷ്യറി സെക്ടർ) ഉൾപ്പെട്ടിരിക്കുന്നു. ഇത് ജില്ലയിലെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട തൊഴിലിടത്തെ ശോഷണമായി സൂചിപ്പിക്കുന്നു.

തൊഴിൽ ഘടന (പട്ടിക 3.6)

വർഷം	കർഷകർ	കർഷക തൊഴിലാളികൾ	കുടിൽ വ്യവസായ തൊഴിലാളികൾ	മറ്റു തൊഴിലാളികൾ	മെയിൻ വർക്കേഴ്സ്	മാർജിനൽ വർക്കേഴ്സ്	ആകെ തൊഴിലാളികൾ
1981	82003	115786	17356	246829	461974	44139	506113
1991	84327	125424	12029	315257	537037	33761	570798
2001	50201	84907	21383	485666	539609	102548	642157
2011	49991	63052	18523	604169	604553	131182	735735

1981-1991 കാലഘട്ടത്തിൽ കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിരുന്നു എങ്കിലും, തുടർന്ന് ഗണ്യമായ അളവിൽ ഈ മേഖലയിൽ കുറവ് വരുകയും അതേ കാലയളവിൽ കാർഷികേതര മേഖലയിൽ വർദ്ധനവ് ഉണ്ടാവുകയും ചെയ്തു .

ഉപസംഗ്രഹം

ജില്ലയുടെ തൊഴിൽ ഘടന വിശകലനം ചെയ്യുമ്പോൾ സാമ്പത്തിക അടിത്തറ അത്ര സുരക്ഷിതമല്ല എന്നാണ് കാണുന്നത്. ഉത്പാദന മേഖലകളായ കൃഷി, വ്യവസായം എന്നിവയുടെ ഗ്രാഫ് താഴേക്കു പോകുകയും, സേവന മേഖല ഉയർന്ന വളർച്ചാ നിരക്ക് കാണിക്കുകയും ചെയ്യുന്നു. ജില്ലയിലെ ഉൾനാടൻ പ്രദേശങ്ങൾ പോലും പ്രാഥമിക മേഖലയിൽ നിന്നും അകന്നു പോകുന്നതായും സേവന മേഖലകളിൽ കൂടുതൽ ആളുകളെ ആകർഷിക്കപ്പെടുന്നതായും കാണുന്നു. നഗര-ഗ്രാമ പ്രദേശങ്ങൾ തമ്മിലുള്ള വേർതിരിവ് നേർത്തു വരുന്നതായും, വരും കാലങ്ങളിൽ തൊഴിൽ ഘടനയ്ക്ക് ഒരു ഏകീകൃത രൂപം കൈക്കൊള്ളുന്നതായും അനുമാനിക്കാം.

ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർ പുറംരാജ്യങ്ങളിലേയ്ക്ക് കുടിയേറുന്നതു മൂലം ആ ഒരു വിഭാഗത്തിന്റെ സേവനം നാടിന് നഷ്ടമായിക്കൊണ്ടിരിക്കുന്നു. സ്റ്റാർട്ട് അപ്പ് വില്ലേജുകൾ പോലുള്ള സംരംഭങ്ങളും, ഉയർന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും ഒരു പരിധി വരെ ബ്രെയിൻ ഡ്രെയിൻ തടയുന്നതിന് സഹായകമാകുന്നതാണ്.

നഗരവത്ക്കരണ രീതി

ഐക്യരാഷ്ട്രസഭയുടെ നിർവ്വചന പ്രകാരം നഗരത്തിലേയ്ക്കുള്ള കുടിയേറ്റത്തിന്റെ ഭാഗമായി ഗ്രാമപ്രദേശങ്ങളിൽ നിന്ന് നഗരപ്രദേശങ്ങളിലേയ്ക്ക് ജനങ്ങൾ നീങ്ങുന്നതിനെയാണ് നഗരവത്ക്കരണം എന്നു പറയുന്നത്. നഗരം എന്നർത്ഥമുള്ള ''urbs'' എന്ന പദത്തിൽ നിന്നാണ് നഗരവത്ക്കരണം (urbanisation) എന്ന വാക്ക് ഉദ്ഭവിച്ചത്. വ്യത്യസ്ത കാലയളവുകളിൽ നഗരവത്ക്കരണം വിഭിന്ന രൂപങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഒരു പ്രദേശമോ, ഒരു പട്ടണമോ മറ്റേതെങ്കിലും ഒരു സ്ഥലമോ നഗരമാകുന്ന പ്രക്രിയയാണിത്. തന്നിമിത്തം ജനങ്ങളുടെ കേന്ദ്രീകരണം അവിടെ വർദ്ധിക്കുകയും അതിന്റെ വികസനത്തിലേയ്ക്ക് നയിക്കുകയും ചെയ്യുന്നു.

പരമ്പരാഗതമായ ഗ്രാമീണ സമ്പദ് വ്യവസ്ഥകളിൽ നിന്ന് ആധുനിക വ്യാവസായിക സമ്പദ് വ്യവസ്ഥകളിലേയ്ക്കുള്ള മാറ്റത്തിന്റെ ഒരു സൂചകമാണ് നഗരവത്ക്കരണം എന്നും നഗരവത്ക്കരണത്തെ നിർവ്വചിക്കാം. നഗരപ്രദേശങ്ങളിലേയ്ക്കുള്ള ജനങ്ങളുടെ കുടിയേറ്റമാണത്. തൽഫലമായി ഗ്രാമങ്ങളുടേയോ, പ്രകൃതിദത്ത ഭൂവിഭാഗങ്ങളുടേയോ ചെലവിൽ നഗരപ്രദേശം വിസ്തൃതമാക്കുകയും ചെയ്യുന്നു.

ജനസംഖ്യാ ശാസ്ത്രപരമായ ഒരു പ്രതിഭാസമായാണ് നഗരവത്ക്കണത്തെ മിക്കപ്പോഴും പരിഗണിക്കാറുള്ളത്. ജനസംഖ്യയുടെ വലിപ്പത്തിന്റേയോ, ജനസാന്ദ്രതയുടേയോ പ്രാരംഭഘട്ടത്തെ അധികരിക്കുന്ന സ്ഥലങ്ങളാണ് നഗരപ്രദേശങ്ങൾ. സമീപകാല നഗരവത്ക്കരണം വ്യാവസായികവത്ക്കരണവുമായും, സാമ്പത്തിക വികസനവുമായും ബന്ധപ്പെട്ടിരിക്കുന്നു.

ജില്ലയുടെ നഗരവത്ക്കരണത്തെപ്പറ്റിയുള്ള പഠനം നഗരത്തെപ്പറ്റിയുള്ള ഒരു ചിത്രം നൽകുന്നു. ജില്ലയുടെ ഭാവി നഗരവത്ക്കരണത്തെക്കുറിച്ചുള്ള പഠനത്തിനുവേണ്ടി ജില്ലയുടെ നഗരവത്ക്കരണത്തിന്റെ സാദ്ധ്യത,

നഗരപ്രദേശങ്ങളിലെ ജനസംഖ്യാ കേന്ദ്രീകരണവും, ജനസാന്ദ്രത, വളർച്ചാ നിരക്ക്, വികസന ശ്രേണി, ഭൗതിക വികസനം മുതലായവയുടെ വിശകലനത്തിലൂടെ നടത്താവുന്നതാണ്.

കേരളത്തിലെ നഗരവത്ക്കരണത്തിന്റെ സാദ്ധ്യത

നഗരവത്ക്കരണ പ്രക്രിയയെ വിലയിരുത്തുവാൻ നഗരജനസംഖ്യയെ ആസ്പദമാക്കിയുള്ള പഠനം അനിവാര്യമാണ്. കേരളത്തിന്റെ നഗരജനസംഖ്യാ ശതമാനം 1901-ൽ 7.1%-ത്തിൽ നിന്ന് 1991-ൽ 26.40%-ത്തിലേയ്ക്ക് ഉയർന്നിരുന്നു. എന്നാൽ 2001-ലെ കണക്കെടുപ്പ് പ്രകാരം, നഗരജനസംഖ്യയിൽ, 0.40% കുറവ് 1991-2001-ൽ വരുവാനുള്ള ഭാഗികമായ കാരണം, പന്തളം, പിറവം, കൂത്താട്ടുകുളം, മണർകാട് എന്നീ നഗരസഭകളുടെ declassificationആണ്.

2001-ൽ സെൻസസ് ടൗൺ ആയി തരംതിരിച്ചിട്ടുള്ളതിനാൽ ഈരാറ്റുപേട്ട നഗരത്തിന്റെ തരംതിരിവ് (declassification) നഗരവത്ക്കരണത്തെ കാര്യമായി ബാധിച്ചിട്ടില്ല. 2001 സെൻസസ് റിപ്പോർട്ടിൽ കുറച്ചു നഗരങ്ങൾ കൂടി ഗ്രാമങ്ങളായി മാറിയതിനാലാണ് നഗരജനസംഖ്യ കേരളത്തിൽ കുറയുവാൻ കാരണം. എന്നാൽ 2011-ൽ കേരള നഗരജനസംഖ്യയുടെ ശതമാനം 47.7% ആയി വർദ്ധിച്ചു വരുന്നതായാണ് കാണുവാൻ സാധിച്ചിട്ടുള്ളത്.

കേരളത്തിലെ നാലിലൊന്ന് ജനസംഖ്യയേക്കാളും കൂടുതൽ ജനസംഖ്യ നഗരപ്രദേശങ്ങളിലാണ് താമസിക്കുന്നത്. കേരളത്തിലെ വിവിധ ജില്ലകളിലെ നഗരജനസംഖ്യയെ സംബന്ധിച്ചും, പ്രതിശീർഷ വരുമാനത്തെക്കുറിച്ചും (per capita income) ഉള്ള വിശദാംശങ്ങൾ പട്ടിക 3.7 ൽ നൽകിയിരിക്കുന്നത് പഠന വിധേയമാക്കിയാൽ കേരളത്തിൽ 47.7% നഗരജനസംഖ്യ ആണെന്നു മനസ്സിലാക്കാം. കൂടാതെ ഏറ്റവും അധികം നഗരജനസംഖ്യാ ശതമാനവും, പ്രതിശീർഷ വരുമാനവുമുള്ളത് എറണാകുളം ജില്ലയിലാണ്. ഏറ്റവും കുറവ് നഗര ജനസംഖ്യാ ശതമാനമുള്ളത് പാലക്കാട് ജില്ലയിലും, ഏറ്റവും കുറഞ്ഞ പ്രതിശീർഷ വരുമാനം മലപ്പുറം ജില്ലയിലുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കോട്ടയം ജില്ലാ നഗരജന സംഖ്യ ശതമാനത്തിൽ 10-ാം സ്ഥാനത്തും, പ്രതിശീർഷ വരുമാനത്തിന്റെ റാങ്കിംഗിൽ 5-ാം സ്ഥാനത്തുമാണ് നിലകൊള്ളുന്നത്.

കേരളത്തിലെ വിവിധ ജില്ലകളിലെ നഗരജനസംഖ്യാ ശതമാനവും, പ്രതിശീർഷ വരുമാനവും സംബന്ധിച്ച വിശദാംശങ്ങൾ (പട്ടിക – 3.7)

ക്രമ നം.	ജില്ല	ജനസംഖ്യ - 2011				നഗരാംശ റാങ്ക്	പ്രതിശീർഷ വരുമാനം	പ്രതിശീർഷ വരുമാന റാങ്ക്
		നഗരം	ഗ്രാമം	ആകെ	നഗര അംശം			
1	എറണാകുളം	2234363	1048025	3282388	68.07	1	146518	1
2	തൃശ്ശൂർ	2096406	1024794	3121200	67.02	2	123341	4
3	കോഴിക്കോട്	2072572	1013721	3086293	67.1	3	105873	8
4	കണ്ണൂർ	1640986	882017	2523003	65	4	104246	9
5	ആലപ്പുഴ	1148146	976643	2127789	54	5	130172	3
6	തിരുവനന്തപുരം	1771596	1529831	3301427	53.7	6	118740	7
7	കൊല്ലം	187158	1448217	2635375	45.04	7	130341	2
8	മലപ്പുറം	1817211	2295709	4112920	44.2	8	85575	14
9	കാസർകോട്	509047	798328	1307375	38.9	9	93180	11
10	കോട്ടയം	565393	1409158	1974551	28.6	10	120122	5
11	പത്തനംതിട്ട	131613	1065799	1197412	11	11	92130	12
12	ഇടുക്കി	52045	1056929	1108974	4.7	12	119908	6
13	വയനാട്	31580	785840	817420	3.9	13	86202	13
14	പാലക്കാട്	676810	2133124	28098934	2.4	14	94623	10
	കേരളം	159234926	17471135	33406061	47.7			

കേരളത്തിൽ ത്രിതീയ മേഖലയുടെ വികസനമാണ് നഗരവത്ക്കരണത്തിന്റെ പ്രധാന കാരണം. എന്നാൽ തമിഴ്നാട്ടിലും, മഹാരാഷ്ട്രയിലും, ആന്ധ്രാപ്രദേശിലും, കർണാടകയിലും ദ്രുതഗതിയിലുള്ള വ്യവസായ വളർച്ചയാണ് നഗരവത്ക്കരണത്തിനുള്ള പ്രധാന കാരണങ്ങൾ എന്ന് അവിടുത്തെ കണക്കുകൾ സൂചിപ്പിക്കുന്നു.

നഗരാംശവും (urban content), അതിന്റെ മാറ്റവും സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ (പട്ടിക – 3.8)

ക്രമ നം.	ജില്ല	നഗര അംശം 2001 (%)	നഗര അംശം 2011 (%)	നഗരാംശത്തിന്റെ മാറ്റം
1	എറണാകുളം	47.6	68.07	20.47
2	തൃശ്ശൂർ	28.2	67.02	38.82
3	കോഴിക്കോട്	38.2	67.5	28.9
4	കണ്ണൂർ	50.3	65	14.7
5	ആലപ്പുഴ	29.5	54	24.5
6	തിരുവനന്തപുരം	38.8	53.7	14.9
7	കൊല്ലം	18	45.04	27.04
8	മലപ്പുറം	9.8	44.2	34.4
9	കാസർകോട്	19.4	38.9	19.5
10	കോട്ടയം	15.3	28.6	13.3
11	പത്തനംതിട്ട	10	11	1
12	ഇടുക്കി	5.1	4.7	-0.4
13	വയനാട്	3.8	3.9	-0.1
14	പാലക്കാട്	13.6	2.4	-11.2

നഗര അംശത്തിൽ 2001-ൽ നിന്നും 2011 ആകമ്പോഴേയ്ക്കും വലിയ മാറ്റമാണ് കാണുന്നത്. ഏറ്റവും അധികം നഗരാംശം കൂടിയത് തൃശ്ശൂർ ജില്ലയിലും, കുറഞ്ഞത് പാലക്കാട് ജില്ലയിലുമാണ്. കോട്ടയം ജില്ലയ്ക്ക് 2001-ൽ നിന്നും 2011 ആയപ്പോഴേയ്ക്കും 13.3 % നഗരജനസംഖ്യാ വർദ്ധനവാണ് കാണുന്നത്. ഇതിൽ നിന്നും ജില്ലയിൽ പ്രാഥമിക മേഖലയിൽ നിന്നും ത്രിതീയ മേഖലയിലേയ്ക്കുള്ള മാറ്റമാണ് മനസിലാക്കാനുള്ളത്. നഗരജനസംഖ്യാ ശതമാനത്തിൽ 10-ാം സ്ഥാനത്താണ് ജില്ല. പ്രതിശീർഷ വരുമാനത്തിൽ 5-ാം സ്ഥാനത്ത് നിലനിൽക്കുന്നത് ജില്ലയുടെ വികസന പ്രവണതയെ കാണിക്കുന്നു.

ജില്ലയിലെ നഗരപ്രദേശങ്ങൾ

കോട്ടയം, ചങ്ങനാശ്ശേരി, പാലാ, വൈക്കം, ഈരാറ്റുപേട്ട, ഏറ്റുമാനൂർ എന്നിവയാണ് കോട്ടയം ജില്ലയിലെ നിയമപരമായ (സ്റ്റാറ്റ്യൂട്ടറി) നഗരങ്ങൾ. ഇതു കൂടാതെ 2011-ലെ സെൻസസ് പ്രകാരം ഈരാറ്റുപേട്ട, അതിരമ്പുഴ, അയ്മനം, ഏറ്റുമാനൂർ, പെരുമ്പായിക്കാട്, വിജയപുരം, ചെങ്ങളം സൗത്ത്, നാട്ടകം, പനച്ചിക്കാട്, പുതുപ്പള്ളി, ചെത്തിപ്പുഴ, തൃക്കൊടിത്താനം, പായിപ്പാട് എന്നീ 13 സെൻസസ് ടൗണുകളും നിലവിൽ വന്നെങ്കിലും ബാഹ്യവളർച്ചാ (ഔട്ട്ഗ്രോത്ത്) നഗരങ്ങൾ ഒന്നുംതന്നെ ഈ പ്രാവശ്യത്തെ സെൻസസിൽ പ്രതിപാദിച്ചിട്ടില്ല. 2001 സെൻസസിലെ ഔട്ട്ഗ്രോത്ത് ആയ നാട്ടകം കോട്ടയം മുനിസിപ്പാലിറ്റിയോടു കൂടി ചേരുകയുണ്ടായി. കോട്ടയം മുനിസിപ്പാലിറ്റിയുടെ അടുത്ത പഞ്ചായത്തായ വിജയപുരം പഞ്ചായത്ത് 2011-ലെ സെൻസസിൽ ഔട്ട്ഗ്രോത്ത് ആയിരുന്നെങ്കിലും 2011-ൽ പഞ്ചായത്ത് ആയിട്ടു തന്നെയാണ് നിലനിർത്തിയിട്ടുള്ളത്.

നഗരജനസംഖ്യാ അംശം (നിലവിലുള്ളത്)

1971-ലെ സെൻസസ് പ്രകാരം കോട്ടയം ജില്ലയിലെ ജനസംഖ്യ 20,85,134 ആയിരുന്നു. എന്നാൽ ഇടുക്കി ജില്ലയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിലെ 3 താലൂക്കുകളായ ദേവികുളം, ഉടുമ്പൻചോല, പീരുമേട് എന്നിവ ഇടുക്കിയോടു ചേർന്നതിനാൽ ജനസംഖ്യ 15,39,030 ആയി കുറയുകയും സംസ്ഥാന ജനസംഖ്യയുടെ 7.2 % ആയിത്തീരുകയും ചെയ്തു. എന്നാൽ 2001 സെൻസസിൽ കോട്ടയം ജില്ലയുടെ ജനസംഖ്യ 19.53 ലക്ഷം ആവുകയും, അത് സംസ്ഥാന ജനസംഖ്യയുടെ 6.13 % ആവുകയും ചെയ്തു. അതുപോലെ ജില്ലയുടെ നഗരജനസംഖ്യാ ശതമാനം 1971-ൽ സംസ്ഥാനത്തിന്റെ 6.02%-ഉം, 2001 ആയപ്പോഴേയ്ക്കും സംസ്ഥാനത്തിന്റെ 3.6% ആയി കുറയുകയും ചെയ്തു. എന്നാൽ 2011-ൽ കോട്ടയം ജില്ലയിലെ ജനസംഖ്യ സംസ്ഥാനത്തിന്റെ 5.91 % ആയി ഉയർന്നിട്ടുണ്ട്.

ചിത്രം 3.12

കഴിഞ്ഞ നാലു ദശാംബ്ദങ്ങളിലെ നാഗരിക ജനസംഖ്യയുടെ ശതമാനത്തിന്റെ വ്യതിയാനം (പട്ടിക-3.9 ൽ) കൊടുത്തിരിക്കുന്നു. ജില്ലയിലെ നാഗരിക ജനസംഖ്യയുടെ ശതമാനം എല്ലായ്പ്പോഴും സംസ്ഥാനത്തിന്റെയും, ദേശീയ തലത്തിന്റെയും പിന്നാലെയാണ്. കോട്ടയം ജില്ലയിലെ നാഗരിക ജനസംഖ്യ 2011-ലെ സെൻസസ് പ്രകാരം 28.63 % ആണ്. എന്നാൽ സംസ്ഥാനത്തിന്റെ 67.7 % -ഉം, ദേശീയതലത്തിൽ 31.15 %-ഉം ആണ് നിലവിലുള്ളത്. താരതമ്യ പഠനം നടത്തിയാൽ കോട്ടയം ജില്ലയിലെ നഗരവത്ക്കരണം കുറഞ്ഞ തോതിലാണെന്ന് കാണുവാൻ സാധിക്കും.

പട്ടിക 3.9

ജില്ല, സംസ്ഥാന, ദേശീയ, അടിസ്ഥാനത്തിൽ ജനസംഖ്യ										
ജിയോഗ്രഫിക് യൂണിറ്റ്	ജനസംഖ്യ									
	വർഷം 1971		വർഷം 1981		വർഷം 1991		വർഷം 2001		വർ,ഷം 2011	
	ആകെ	നഗരം	ആകെ	നഗരം	ആകെ	നഗരം	ആകെ	നഗരം	ആകെ	നഗരം
കോട്ടയം ജില്ല	1539030	208762	1697442	159107	1828271	320918	1953646	299808	1974551	565393
കേരള സംസ്ഥാനം	21347375	3466449	25453680	4771275	29098518	7680294	31841374	8266925	33406061	15934926
ഇന്ത്യ	548159652	109113977	683329097	159462547	846302688	217611012	1027015247	285354954	1210569573	377106125

നാഗരിക ജനസംഖ്യയുടെ വളർച്ചാ നിരക്ക്

ആകെ ജനസംഖ്യയുടെ ദശാബ്ദ വളർച്ചാ നിരക്കും, നാഗരിക ജനസംഖ്യയുടെ ശതമാനത്തിലെ വ്യതിയാനവും പൊതുവായി ആകെ സംസ്ഥാനത്തെയും, ദേശീയ തലത്തിലെയും ജനസംഖ്യാ വളർച്ചാ നിരക്കിനെക്കാൾ കുറവാണ്. എന്നാൽ കോട്ടയം ജില്ലയിലെ നഗരങ്ങളുടെ എണ്ണത്തിന്റെ വ്യതിയാനവും ചില അധിവാസകേന്ദ്രങ്ങളുടെ (സെറ്റിൽമെന്റ്) തരം തിരിക്കലിന്റെയും കാരണത്താൽ ഈ ജില്ലയെ മറ്റ് ജില്ലകളുമായി താരതമ്യം ചെയ്യാൻ സാധിക്കുകയില്ല.

ആകെയുള്ള നഗരജനസംഖ്യയിലെ വ്യതിയാനം കഴിഞ്ഞ മൂന്ന് ദശാബ്ദക്കാലത്ത് വളരെ ചെറിയ തോതിലാണെന്നു മാത്രമല്ല 1971-81 കാലയളവിൽ നഗര ജനസംഖ്യ കുറഞ്ഞുവരുന്ന പ്രവണതയാണുള്ളത്. 1981-91 കാലയളവിൽ നഗര ജനസംഖ്യ ഇരട്ടിച്ചിരിക്കുകയാണ്. 1971 മുതൽ 2001 വരെ ദേശീയതലത്തിലും, സംസ്ഥാനതലത്തിലും നഗരജനസംഖ്യാ വളർച്ചാ നിരക്ക് കുറയുന്ന പ്രവണതയാണുള്ളത്. എന്നാൽ 1981-91 കാലയളവിൽ ജില്ലാ നഗര വളർച്ചാ നിരക്ക് കുതിച്ചു. സംസ്ഥാന-ദേശീയ തലത്തിലെ ജനസംഖ്യാ നിരക്ക് ക്രമാനുഗതമായി വർദ്ധിക്കുന്ന പ്രവണതയാണ് ഉള്ളതെങ്കിലും ജില്ലാ ജനസംഖ്യാ നിരക്കിന്റെ പ്രവണത വ്യതിചലിക്കുന്നതായി കാണുന്നു.

കോട്ടയം ജില്ലയുടെ നഗര ജനസംഖ്യാ വളർച്ചാ നിരക്ക് 1971 മുതൽ കുറഞ്ഞ് വരുന്നത് സൂചിപ്പിക്കുന്നത് നഗരപ്രദേശങ്ങളിൽ നിന്നും ജനങ്ങൾ പ്രാന്തപ്രദേശങ്ങളിലേയ്ക്ക് കുടിയേറുന്നു എന്നുള്ളതാണ്.

പട്ടിക 3.10

ജിയോഗ്രഫിക്കൽ യൂണിറ്റ്	ജനസംഖ്യാ വളർച്ചാ നിരക്ക്							
	വർഷം 1971-81		വർഷം 1981-91		വർഷം 1991-2001		വർഷം 2001- 2011	
	ആകെ	നഗരം	ആകെ	നഗരം	ആകെ	നഗരം	ആകെ	നഗരം
കോട്ടയം ജില്ല	10.29	-23.78	7.71	101.7	6.86	-6.58	1.32	28.58
കേരളം	19.24	37.5	17.32	61	9.42	7.64	4.86	47.72
ഇന്ത്യ	24.66	46.15	23.86	36.5	21.34	31.1	17.64	31.8

പട്ടിക 3.11

താലൂക്ക് തലത്തിലുള്ള നഗര ജനസംഖ്യാ വളർച്ചാ നിരക്ക്				
താലൂക്കിന്റെ പേര്	നഗര ജനസംഖ്യാ വളർച്ചാ നിരക്ക്			
	1971-1981	1981-1991	1991-2001	2001-2011
മീനച്ചിൽ	6.66	99.39	21.35	8.69
വൈക്കം	5.41	3.28	3.89	2.63
കോട്ടയം	14.06	126.9	3.79	106.67
ചങ്ങനാശ്ശേരി	7.02	0.94	0.09	146.28
കാഞ്ഞിരപ്പള്ളി	No Urban population in 1981 to 2011			

മേൽ പട്ടികകൾ പരിശോധിച്ചാൽ നഗരാംശത്തിന്റെ വളർച്ചാ നിരക്ക് കൂടുതൽ കോട്ടയം നഗരസഭയിലാണ് കാണുന്നത്.

ജില്ലയിലെ നഗര അധിവാസ കേന്ദ്രങ്ങൾ

ജില്ലയിലെ സെൻസസ് നഗരങ്ങളുടെ എണ്ണം ഓരോ സെൻസസിലും വ്യത്യാസപ്പെട്ടു കൊണ്ടിരിക്കുന്നു. സെൻസസ് കണക്കെടുപ്പിൽ കാലാകാലങ്ങളിലായി സ്വീകരിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും, നഗരങ്ങളുടെ തരംതിരിക്കലിന്റെ അടിസ്ഥാനത്തിലുമാണ് നഗരങ്ങളുടെ എണ്ണത്തിൽ വ്യതിയാനം വരുന്നത്. അല്ലാതെ ജനസംഖ്യ സ്വഭാവത്തിന്റെയോ, സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിലോ ആകണമെന്നില്ല. 1957 വരെയുള്ള സെൻസസിൽ നഗരത്തിന്റെ നിർവ്വചനം അവ്യക്തവും, സംസ്ഥാനങ്ങൾക്കനുസരിച്ച് മാറി വരുന്നതുമാണ്. അത് മുഖ്യമായും സംസ്ഥാന സർക്കാരിന്റെയും, സെൻസസ് സൂപ്രണ്ടിന്റെയും വിവേചനാധികാരത്തിനനുസരിച്ചാണ് മാറുന്നത്. 1961 സെൻസസിൽ മുമ്പുണ്ടായിരുന്ന പല നഗരങ്ങളും അനുഭവ സമ്പത്തിന്റെ പരീക്ഷണത്തിന്മേൽ ഒഴിവാക്കേണ്ടി വന്നിട്ടുണ്ട്.

1881 മുതൽ കോട്ടയത്തെ ഒരു നഗരമായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. രണ്ടാമത് നഗര അധിവാസ കേന്ദ്രമായി 1891 സെൻസസ് പ്രകാരം വൈക്കം നഗരത്തെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്. എന്നാൽ 1901 സെൻസസ് പ്രകാരം വൈക്കത്തെ ഗ്രാമപ്രദേശമായും, ചങ്ങനാശ്ശേരിയെ നഗരപ്രദേശമായും ഉൾപ്പെടുത്തി. 1921 സെൻസസ് മുതൽ വൈക്കം വീണ്ടും നഗരമായി മാറ്റുകയും, അതോടൊപ്പം ഏറ്റുമാനൂരും, പാലായും നഗരത്തിലുൾപ്പെടുത്തി. 1931 സെൻസസ് പ്രകാരം മുണ്ടക്കയവും നഗരത്തിന്റെ പട്ടികയിലുൾപ്പെടുത്തി.

1951 സെൻസസിലാണ് കോട്ടയം ജില്ലയിൽ ഏറ്റവും അധികം നഗരങ്ങൾ ആദ്യമായി വന്നത്. പൊൻകുന്നം, കാഞ്ഞിരപ്പള്ളി, ഈരാറ്റുപേട്ട, തലയോലപ്പറമ്പ് എന്നീ ഗ്രാമപ്രദേശങ്ങളെ നഗരപ്രദേശങ്ങളായി (ക്ലാസിഫൈ) ഈ സെൻസസിൽ തരംതിരിച്ചിരിക്കുന്നു. എന്നാൽ 1961 സെൻസസിൽ തലയോലപ്പറമ്പ്, ഈരാറ്റുപേട്ട, പൊൻകുന്നം എന്നീ നഗരങ്ങളെ ഗ്രാമപ്രദേശങ്ങളായി തരംതാഴ്ത്തുകയുണ്ടായി. 1971 സെൻസസിൽ പൊൻകുന്നത്തെ വീണ്ടും നഗരപ്രദേശമാക്കുകയുണ്ടായി. 1981 സെൻസസിൽ നഗരങ്ങളുടെ എണ്ണത്തിൽ ഒരു കുത്തനെയുള്ള ഇടിവ് കോട്ടയം ജില്ലയിൽ കാണുവാൻ കഴിയും. കോട്ടയം, ഏറ്റുമാനൂർ, പൊൻകുന്നം, കാഞ്ഞിരപ്പള്ളി, മുണ്ടക്കയം എന്നീ നഗരങ്ങളെ ഗ്രാമപ്രദേശങ്ങളായി തരംതിരിക്കുകയാണുണ്ടായത്. നഗര സഞ്ചയം (അർബൻ അഗ്ലോമറേഷൻ) എന്ന ഒരു കാഴ്ചപ്പാട് 1981 സെൻസസിലാണ് ആദ്യമായി ഉൾപ്പെടുത്തിയതെങ്കിലും കോട്ടയം ജില്ലയിൽ ഒരു നഗര സഞ്ചയം പോലും 1981 സെൻസസിൽ ഉണ്ടായിരുന്നില്ല. എന്നാൽ 1991-ൽ സെൻസസിൽ കോട്ടയം നഗരസഭ, വിജയപുരം ബാഹ്യവളർച്ച (ഔട്ട്ഗ്രോത്ത്), പെരുമ്പായിക്കാട് (സി.റ്റി.), നാട്ടകം എന്നീ അധിവാസകേന്ദ്രങ്ങളെ ഉൾപ്പെടുത്തി കോട്ടയം ഒരു നഗര സഞ്ചയമായി മാറുകയുണ്ടായി. 1991 സെൻസസിൽ ആറ് നഗരങ്ങളാണ് കോട്ടയം ജില്ലയിലുണ്ടായിരുന്നത്. ഇതിൽ നഗരസഭകളായ കോട്ടയം, ചങ്ങനാശ്ശേരി, പാലാ, വൈക്കം എന്നിവയോടൊപ്പം സെൻസസ് നഗരങ്ങളായ പെരുമ്പായിക്കാടിനേയും, നാട്ടകത്തേയും ഉൾപ്പെടുത്തി. 1991-നും, 2001-നും ഇടയ്ക്കുള്ള കാലത്ത് ഈരാറ്റുപേട്ടയേയും, കാഞ്ഞിരപ്പള്ളിയേയും നഗരസഭകളാക്കി ഉയർത്തിയിരുന്നുവെങ്കിലും വീണ്ടും പഞ്ചായത്തായി മാറ്റുകയുണ്ടായി.

ജില്ലയിലെ ഭാവി നഗരവത്ക്കരണ ചിത്രം

ജില്ലയിലെ 50%-ൽ കൂടുതൽ ആളുകൾ ദൈനംദിന ജീവിതത്തിന് സേവന മേഖലയെയാണ് ആശ്രയിക്കുന്നത്. ഗ്രാമപ്രദേശങ്ങളിൽ പോലും പ്രഥമ മേഖലയിൽ നിന്നും സേവന മേഖലയിലേയ്ക്ക് വ്യതിയാനം വരുന്ന ചിത്രമാണ് കണ്ടുവരുന്നത്. തൊഴിൽ ഘടനയിൽ വരുന്ന മാറ്റത്തിനനുസരിച്ച് ചില ഗ്രാമപ്രദേശങ്ങൾ സെൻസസ് നഗരങ്ങളിലേയ്ക്ക് മാറുന്നതായാണ് കണ്ടുവരുന്നത്. ആയതിനാൽ ജില്ലയിലെ ജനസംഖ്യയിൽ കാര്യമായ വർദ്ധനവ് കണ്ടുവരുന്നുണ്ടെങ്കിലും നിലവിലുള്ള നഗരപ്രദേശങ്ങളിലെ ജനസംഖ്യ കുറഞ്ഞുവരുന്നതായി കാണുന്നു. നഗരവത്ക്കരണം കൂടുതലായും കൃഷിയെയും, അനുബന്ധ മേഖലകളെയും ബാധിക്കുന്നതായി കാണുന്നു. പ്രാഥമിക മേഖലയുടെ ശോഷണം കൂടാതെയുള്ള നഗരവത്ക്കരണത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. കേരളത്തെ സംബന്ധിച്ച് ഗ്രാമപ്രദേശങ്ങൾ ഒരുമിച്ച് കിടക്കുന്നതിനാൽ കൃഷി സ്ഥലങ്ങൾ ചെറിയ പോക്കറ്റുകളായി ചുരുങ്ങുന്നു. എന്നാൽ ഗ്രാമപ്രദേശങ്ങളെ നിലനിർത്തി കൃഷിയോഗ്യമാക്കുന്നത് വികസനത്തിന് അനുയോജ്യമായിരിക്കും.

ക്രൈറ്റീരിയ (പ്രമാണം)-അതത് പ്രദേശത്തിന്റെ സെൻസസ്

ഒരു സെറ്റിൽമെന്റിനെ നഗരപ്രദേശം എന്ന് നാമകരണം ചെയ്യുവാനുള്ള മൂന്ന് തരത്തിലുള്ള പ്രമാണം ഇതെല്ലാമാണ്. 1) കുറഞ്ഞ ജനസംഖ്യാ തോതായ 5000 വ്യക്തികൾ, 2) ഒരു ഹെക്ടറിൽ 400 വ്യക്തികൾ എന്ന ജനസാന്ദ്രത, 3) കാർഷികേതര സെക്ടറിലെ പുരുഷ തൊഴിലാളികളുടെ ശതമാനം 75-ൽ കൂടുതലായിരിക്കും.

ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും പുരുഷ തൊളിലാളികളുടെ ശതമാനം (കാർഷികേതര സെക്ടർ, മണിമല, വെച്ചൂർ, തിരുവാർപ്പ് ഒഴികെ) വർദ്ധിച്ചു വരുന്നതായി കാണിക്കുന്നു.

കാർഷികേതരങ്ങളിൽ ഉള്ള പുരുഷ തൊഴിലാളികളുടെ ശതമാനം 60-ൽ കൂടുതലായതിനാൽ സെൻസസ് പട്ടണം എന്ന നാമകരണം സമീപഭാവിയിൽ കിട്ടാനും സാദ്ധ്യതയുണ്ട്. ജില്ലയിലെ പ്രധാന നഗരകേന്ദ്രങ്ങളിലെ സെറ്റിൽമെന്റിനു ചുറ്റുപാടും പൊതുവായി കാർഷികേതര സെക്ടറിലെ പുരുഷ തൊഴിലാളികളുടെ ശതമാനം

കൂടുതലാണ്. ജില്ലയിലെ പ്രധാന നഗരകേന്ദ്രങ്ങളിലെ ജനസംഖ്യാ വളർച്ചാ കുറവും, ഗ്രാമപഞ്ചായത്തിന്റെ ചുറ്റുപാടും ജനസംഖ്യാ വളർച്ചാ നിരക്ക് കൂടുതലുമാണ്.

നിലവിലുള്ള നഗരകേന്ദ്രങ്ങളിലേയ്ക്ക് കുടിയേറ്റം ചെയ്യപ്പെട്ട ജനങ്ങൾ നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ താമസമാക്കുന്നു. അതുകൊണ്ട് പുതിയ നഗരങ്ങൾ രൂപമാകുന്നതിലുപരി നിലവിലുള്ള നഗരപ്രദേശങ്ങൾ വലുതാവുകയാണ് ചെയ്തു കാണുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഗ്രേഡിന്റെ ക്രൈറ്റീരിയ

ഭൗതികവും, സാമ്പത്തികവുമായ വികസനത്തെ താരതമ്യം ചെയ്തും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഗ്രേഡ് ചെയ്തും ഇതോടൊപ്പം നൽകിയിരിക്കുന്നു. ഭൗതികവും, സാമ്പത്തികവുമായ വികസനം വിലയിരുത്തുന്നതിൽ നേരിട്ടുള്ള വിവരങ്ങളുടെ അപര്യാപ്തതയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭൗതികവും, സാമ്പത്തികവുമായ വികസനം അളക്കുന്ന സൂചകമാക്കാൻ സാധിക്കും.

ജില്ലയിലെ 77 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കോട്ടയം, ചങ്ങനാശ്ശേരി (ഒന്നാം തരം), പാലാ (രണ്ടാംതരം), വൈക്കം, ഏറ്റുമാനൂർ, ഈരാറ്റുപേട്ട എന്നിവയാണ് നഗരസഭകൾ. ആർപ്പുക്കര, അതിരമ്പുഴ, അയർക്കുന്നം, അയ്മനം, ചിറക്കടവ്, ഈരാറ്റുപേട്ട, ഏറ്റുമാനൂർ, എരുമേലി, കടുത്തുരുത്തി, കങ്ങഴ, കാഞ്ഞിരപ്പള്ളി, കറുകച്ചാൽ, മണർകാട്, മണിമല, മാഞ്ഞൂർ, മീനച്ചിൽ, മുണ്ടക്കയം, നെടുംകുന്നം, പാമ്പാടി, പനച്ചിക്കാട്, പാറത്തോട്, പുതുപ്പള്ളി, രാമപുരം, തലയാഴം, തലയോലപ്പറമ്പ്, തിരുവാർപ്പ്, വാകത്താനം, വാഴപ്പള്ളി, വെള്ളാവൂർ, വെള്ളൂർ, വിജയപുരം എന്നിവയാണ് ജില്ലയിലെ സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകൾ. നാട്ടകവും, കുമാരനല്ലൂർ പഞ്ചായത്തുകളും കോട്ടയം നഗരസഭയോട് ചേർക്കുകയുണ്ടായി. ശേഷിച്ച 40 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ താഴ്ന്ന നിലവാരമുള്ള പഞ്ചായത്തുകളാണ്. നഗരത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാവി തീർപ്പാക്കുന്നതിന് മുമ്പ്, നഗര വികസന പ്രോജക്ടിന്റെ കാഴ്ചപ്പാടും, അതിന്റെ അനന്തര ഫലവും പഠിക്കേണ്ടതുണ്ട്.

ക്രൈറ്റീരിയ-3 (നഗരവത്ക്കരണത്തിന് പ്രചോദകമായ പ്രോജക്ടുകൾ)

ജില്ലയിലെ നഗരവികസത്തിന്റെ കാഴ്ചപ്പാട് കാണിക്കുന്നത് ഇപ്പോഴുള്ള പ്രധാന നഗര വികസന പ്രോജക്ട് നാട്ടകം തുറമുഖം സംബന്ധിച്ചുള്ളതാണെന്നാണ്. ഗതാഗതം സംബന്ധിച്ചും ചില പ്രോജക്ടുകൾ (പദ്ധതികൾ) നടന്നു കൊണ്ടിരിക്കുകയാണ്. നടന്നു കൊണ്ടിരിക്കുന്ന ഒന്ന് എറണാകുളം - തിരുവനന്തപുരം ബ്രോഡ്ഗേജിന്റെ ഇരട്ടിപ്പിക്കലാണ്. (വെള്ളൂർ, കടുത്തുരുത്തി, മാഞ്ഞൂർ, കാണക്കാരി, അതിരമ്പുഴ, പനച്ചിക്കാട്, കുറിച്ചി, വാഴപ്പള്ളി, ചങ്ങനാശ്ശേരി, തൃക്കൊടിത്താനം എന്നീ ഗ്രാമപഞ്ചായത്തുകളിൽ കൂടി കടന്നു പോകുന്നു.) റെയിൽവേയുടെ ഉന്നമനം അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന മെട്രോ നഗരമായ കൊച്ചിയുമായുള്ള ബന്ധത്തെ മെച്ചപ്പെടുത്തുകയും, ജില്ലയുടെ അനുബന്ധമായ വികസനത്തിന് ഉതകുന്നതുമാണ്.

നിർദ്ദിഷ്ട ശബരി റെയിൽവേ പാത കിഴക്കൻ ഭാഗങ്ങൾ പ്രത്യേകിച്ച്, രാമപുരം, കടനാട്, ഭരണങ്ങാനം, തലപ്പലം, ഈരാറ്റുപേട്ട, എരുമേലി പഞ്ചായത്തുകളിൽ കൂടി കടന്നുപോകുന്നത് ഈ പ്രദേശങ്ങളിലെ connectivity-യെ വർദ്ധിപ്പിക്കുകയും, സാമ്പത്തിക വികസനത്തിന് ആക്കം കൂട്ടുകയും ചെയ്യുന്നു. നിർദ്ദിഷ്ട കോടിമത - കുമരകം ഹൈവേ, ചേർത്തല ഹൈവേ എന്നിവ ജില്ലയിലെ വിനോദ സഞ്ചാര പ്രവർത്തനത്തിന് ആക്കം കൂട്ടുന്നു. ജില്ലയിലെ വിനോദ സഞ്ചാര പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് കുമരകത്ത് വർദ്ധിച്ച തോതിൽ വികസിച്ചു കൊണ്ടിരിക്കുകയാണ്. വളരെയധികം ചട്ടക്കൂടുകളുള്ള വികസന പ്രോജക്ടുകൾ ഇപ്പോൾ നടപ്പിലാക്കി ക്കൊണ്ടിരിക്കുകയാണ്. പ്രധാന തീ® ത്ഥാടന കേന്ദ്രമായ ഏറ്റുമാനൂർ, എരുമേലി എന്നിവിടങ്ങളിൽ തീർത്ഥാടന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ കൂടി ആരംഭിച്ചിട്ടുണ്ട്. കോട്ടയം - വൈക്കം, കോട്ടയം - ആലപ്പുഴ, ചങ്ങനാശ്ശേരി - ആലപ്പുഴ ജലപാതകൾ, ദേശീയ ജലപാതാ നമ്പർ 3-ഉം, അതിന്റെ അനുബന്ധ ടെർമിനലുകളും വിനോദ സഞ്ചാരമേഖലയിലും വികസന നീക്കത്തിലും ഉണർവ്വ് വരുത്തിയിരിക്കുന്നു.

- പഴനി - ശബരിമല ദേശീയ പാത നിർദ്ദേശവും, എരുമേലി വിമാനത്താവള നിർദ്ദേശവും ജില്ലയെ മൊത്തം വികസന പാതയിലേയ്ക്ക് നയിക്കുന്നു.

- പ്രധാന തീർത്ഥാടന കേന്ദ്രങ്ങളായ എരുമേലി, ഏറ്റുമാനൂർ, ഭരണങ്ങാനം, അതിരമ്പുഴ, മണർകാട് തുടങ്ങിയ പ്രദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പിൽഗ്രിം (തീർത്ഥാടക) ടൂറിസം സർക്യൂട്ട് വികസിപ്പിക്കാവുന്നതാണ്. ജില്ലയുടെ കിഴക്കൻ മേഖലയിലേയും, പടിഞ്ഞാറൻ മേഖലയിലേയും, പ്രത്യേകിച്ച് വൈക്കം, കുമരകം പ്രദേശങ്ങളുടെ ടൂറിസം സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്. നിർദ്ദിഷ്ട കോടിമത - കുമരകം ഹൈവേ, ചേർത്തല ഹൈവേ എന്നിവ ജില്ലയിലെ വിനോദ സഞ്ചാര പ്രവർത്തനത്തിന് ആക്കം കൂട്ടുന്നു. (പ്രത്യേകിച്ച് കുമരകം). ജില്ലയിലെ വിനോദ സഞ്ചാര പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് കുമരകത്ത് വർദ്ധിച്ച തോതിൽ വികസിച്ചു കൊണ്ടിരിക്കുകയാണ്.
- വിദ്യാഭ്യാസ മേഖലയിലെ പുതിയ സംരംഭങ്ങളായ സയൻസ് സിറ്റി, ഐ.ഐ.ഐ.ടി., ഫിലിം സിറ്റി, കാർഷിക വികസന കേന്ദ്രം എന്നിവയുടെ സാദ്ധ്യതകളും ജില്ലയുടെ സമഗ്ര വികസനത്തിന് മുതൽക്കൂട്ടാവുന്നതാണ്.
- നിർദ്ദിഷ്ട ശബരി റെയിൽവേ പാത കിഴക്കൻ ഭാഗങ്ങൾ പ്രത്യേകിച്ച്, രാമപുരം, കടനാട്, ഭരണങ്ങാനം, തലപ്പലം, ഈരാറ്റുപേട്ട, എരുമേലി പഞ്ചായത്തുകളിൽ കൂടി കടന്നുപോകുന്നത് ഈ പ്രദേശങ്ങളിലെ connectivity-യെ വർദ്ധിപ്പിക്കുന്നതും, സാമ്പത്തിക വികസനത്തിന് ആക്കം കൂട്ടുകയും ചെയ്യുന്നു

അധിവാസ കേന്ദ്രങ്ങളുടെ ശ്രേണി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ശ്രേണി കണക്കിലെടുത്താണ് നഗര സ്വഭാവം കണ്ടുപിടിക്കുന്നത്. അതിന് പഠനം നടത്തിയത് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ലഭ്യമായ സൗകര്യങ്ങളുടെ എണ്ണത്തിന്റെയും, വിധത്തിനെയും അടിസ്ഥാനപ്പെടുത്തിയാണ്.

ജില്ലയിലെ ഓരോ തദ്ദേശ സ്വയംഭരണ പ്രദേശത്തും ലഭ്യമായ സൗകര്യങ്ങളായ ഭരണപരമായ സ്ഥിതി, മെഡിക്കൽ, ബാങ്കിംഗ്, കമ്മ്യൂണിക്കേഷൻ, മാർക്കറ്റ്, കാർഷികം, വിദ്യാഭ്യാസപരം, ഗതാഗതം, റിക്രിയേഷൻ, വ്യവസായ യൂണിറ്റുകൾ, സാമൂഹിക സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് ശ്രേണി നിർണ്ണയിച്ചിട്ടുള്ളത്. വികസന ശ്രേണിയുടെ പഠനം സൂചിപ്പിക്കുന്നത് കോട്ടയം നഗരസഭ ഒന്നാം ശ്രേണിയിൽ നിൽക്കുന്നതെന്നാണ്. ജില്ലയിലെ വികസന ശ്രേണി ഓർഡറിലെ രണ്ടാം നിരയിൽപ്പെട്ടത് ചങ്ങനാശ്ശേരി, പാലാ, വൈക്കം, ഏറ്റുമാനൂർ, ഈരാറ്റുപേട്ട, കാഞ്ഞിരപ്പള്ളി, കടുത്തുരുത്തി, പാമ്പാടി, എരുമേലി എന്നിവയാണ്. അതിരമ്പുഴ, വാകത്താനം, ഉഴവൂർ, മുണ്ടക്കയം, കുമരകം, അയർക്കുന്നം, തലയോലപ്പറമ്പ്, കുറവിലങ്ങാട്, പൂഞ്ഞാർ, ചിറക്കടവ്, കറുകച്ചാൽ, മണർകാട് എന്നിവ മൂന്നാം ക്രമത്തിലുള്ള പ്രദേശങ്ങളായും, ജില്ലയിലെ ശേഷിക്കുന്ന എല്ലാ തദ്ദേശസ്വയംഭരണ പ്രദേശങ്ങളും നാലാം ക്രമത്തിലായും ഉൾപ്പെട്ടിരിക്കുന്നു.

നിഗമനം

ഈ പഠനത്തിൽ നിന്നും മനസിലാക്കുവാൻ സാധിക്കുന്നത് സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും നഗരവത്ക്കരണത്തിന്റെ തോത് കൂടി വരുന്നതായി കാണുന്നു. സംസ്ഥാന ശരാശരിയേക്കാളും കുറഞ്ഞ നിരക്കിലാണ് ജില്ലയുടെ നഗരവത്ക്കരണ വളർച്ചാ നിരക്ക് കണ്ടുവരുന്നത്. ജില്ലയിലെ നഗരങ്ങളുടെ ജനസംഖ്യാ വളർച്ചാ നിരക്ക് കുറഞ്ഞു വരുന്നതുമായാണ് കാണുന്നത്. എന്നാൽ നഗരപ്രദേശങ്ങളുടെ ചുറ്റുമുള്ള ഗ്രാമപ്രദേശങ്ങൾക്ക് ജനസംഖ്യാ വളർച്ച കൂടി വരുന്നതായും കാണുന്നു. ആയത് നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിലേയ്ക്കുള്ള കുടിയേറ്റം കാരണമാണെന്ന് വ്യക്തമാകുന്നു. ആയതിനു കാരണമാകുന്നത് ശാന്തസ്വഭാവമുള്ള ഗ്രാമങ്ങളുടെ സ്ഥലവിലയുടെ അമിത വർദ്ധനവും, കൂടാതെ (ലിങ്കേജ്) റോഡു സംവിധാനം നഗരങ്ങളെയും, ഗ്രാമങ്ങളെയും ബന്ധിപ്പിക്കുന്നതിന് ഉണ്ടെന്നുള്ളതുമാകാം.

ഭാവിയിൽ കോട്ടയം, ഏറ്റുമാനൂർ നഗരസഭകളും വിജയപുരം, പനച്ചിക്കാട്, മണർകാട് എന്നീ പഞ്ചായത്തുകളും ഉൾപ്പെടുത്തി ഒരു മുനിസിപ്പൽ കോർപ്പറേഷൻ ആകുന്നതിനുള്ള സാദ്ധ്യത ഇപ്പോൾ നിലനിൽക്കുന്നുണ്ട്. കാഞ്ഞിരപ്പള്ളി, കടുത്തുരുത്തി, പാമ്പാടി എന്നിവ മുനിസിപ്പാലിറ്റികളും, മുണ്ടക്കയം, അതിരമ്പുഴ എന്നിവ നഗര പഞ്ചായത്തുകളും ആകുന്നതിനുള്ള സാദ്ധ്യത തെളിഞ്ഞു കാണുന്നു.

നഗരവത്ക്കരണത്തിന്റെ പ്രശ്നങ്ങൾ

ജില്ലയിലെ പ്രധാന നഗരപ്രദേശങ്ങളായ കോട്ടയം, ചങ്ങനാശ്ശേരി, പാലാ, വൈക്കം, ഈരാറ്റുപേട്ട, ഏറ്റുമാനൂർ എന്നിവ നേരിടുന്ന പ്രശ്നങ്ങളിൽ പ്രധാനമായും ഗതാഗത പ്രശ്നങ്ങൾ, കുടിവെള്ളം, മാലിന്യ സംസ്കരണം എന്നിവയാണ്. വീതി കുറഞ്ഞ റോഡുകളും, വഴിയോരങ്ങളിലെ പാർക്കിംഗും, കച്ചവടങ്ങളും നഗരവികസനത്തെ ബാധിക്കുന്നു. കുറഞ്ഞ ജനസാന്ദ്രതയുള്ള നഗരവ്യാപനം, നഗര ക്ലസ്റ്ററുകൾ കൂട്ടിച്ചേർക്കുന്നത് സൃഷ്ടിക്കുന്ന

ഭരണപരമായ പ്രശ്നങ്ങൾ, പ്രധാന നഗരങ്ങളും ടൗണുകളുമായുള്ള പ്രവർത്തനപരമായ പരസ്പര ബന്ധത്തിന്റെ അഭാവം, പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങളിലെ നിർമ്മാണം, നദികളുടെ മലിനീകരണം എന്നിവയെല്ലാം പ്രധാന പ്രശ്നങ്ങളായി നിലനിൽക്കുന്നു.

ഗതാഗത പ്രശ്നങ്ങൾ

- വാഹനപെരുപ്പം.
- റോഡുകളുടെ വീതി കൂട്ടുന്നത് പ്രായോഗികമല്ല.
- പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്.
- ട്രാൻസ്പോർട്ട് ടെർമിനലുകളുടെ വികേന്ദ്രീകരണം.
- റെയിൽ, ജലഗതാഗത സംവിധാനങ്ങൾ മെച്ചപ്പെടുത്തുക.

പാർപ്പിടം

- പ്രാപ്യമായ രീതിയിലുള്ള പാർപ്പിടങ്ങളുടെ അഭാവം (അഫോഡബിൾ ഹൗസിംഗ്)

കുടിയേറ്റം

- സൗകര്യങ്ങൾ

പശ്ചാത്തല സൗകര്യങ്ങളിലെ സമ്മർദ്ദം

- ജലവിതരണം
  ജലസ്രോതസ്സുകളുടെ ലഭ്യതക്കുറവ്
- ഊർജ്ജം
  ഇതര ഊർജ്ജ സ്രോതസ്സുകൾ
- മാലിന്യ സംസ്കരണം
  ഖര മാലിന്യ സംസ്കരണ സംവിധാനം

വിഭവങ്ങൾ

ഇതിൽ ജില്ലയിലെ ജൈവ വിഭവങ്ങൾ, ജലവിഭവങ്ങൾ, വനവിഭവങ്ങൾ എന്നിവയുടെ വിന്യാസം വിശകലനം ചെയ്യുന്നു. മേൽപ്പറഞ്ഞ വിഭവങ്ങളുടെ ലഭ്യത, അളവ് ഇവ എത്ര പ്രദേശത്ത് വ്യാപിച്ചിരിക്കുന്നു എന്നീ ഘടകങ്ങൾ പ്രധാനമായും വിശകലനം ചെയ്യുന്നു. ഇതിൽ നിന്നും വിവിധ വിഭവങ്ങളുടെ പ്രാദേശിക കേന്ദ്രീകരണം, വിഭവങ്ങളുടെ ലഭ്യത എന്നിവ വ്യക്തമാകുന്നു.

ജൈവ വിഭവങ്ങൾ

പ്ലാന്റേഷൻ

ചിത്രം 3.13

കോട്ടയം ജില്ലയുടെ ഭൂവിനിയോഗം 47 ശതമാനവും പ്ലാൻറേഷൻ ആണ്. ഇതിൽ കശുവണ്ടി, കാപ്പി, തേയില, തേക്ക്, റബ്ബർ, പൈനാപ്പിൾ എന്നിവ ഉൾപ്പെടുന്നു. ഇതിൽ പ്രധാനമായ കൃഷി റബ്ബർ ആണ്. തീരദേശ മേഖലകളൊഴികെയുള്ള എല്ലാ പ്രദേശത്തും റബ്ബർ കൃഷി വ്യാപിച്ചിരിക്കുന്നു.

കോട്ടയം ജില്ലയിലെ പ്രധാന നാണ്യവിളയായ റബ്ബർ 1,13,730 ഹെക്ടർ സ്ഥലത്ത് നിലവിലുണ്ട് .1,973 ഹെക്ടർ ഏരിയയിൽ തേയില കൃഷിയുള്ളതായും കാണുന്നു. (സോഴ്സ് — ദേശീയ വിഭവ വിവര ശേഖരം 2013- കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്)

ചിത്രം 3.14

ലഭ്യമായ വിഭവങ്ങൾ ജില്ലയുടെ ഉന്നമനത്തിനു വേണ്ടി വിവിധ തരങ്ങളിലുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളായി വ്യവസായ മേഖലയിലും, കാർഷിക മേഖലയിലും ഉൾപ്പെടുത്താവുന്നതാണ് .

കൃഷിഭൂമി-ഇടകലർന്നത്

(ക്രോപ്പ് ലാന്റ് - മിക്സഡ്)

ജില്ലയുടെ 17 % വിനിയോഗം ഇടകലർന്ന കൃഷിഭൂമി ആണ്. ഇത് ജില്ലയുടെ എല്ലാ ഭാഗത്തും വ്യാപിച്ചു കിടക്കുന്നു.

നെൽകൃഷി

ജില്ലയുടെ 14% നെൽകൃഷിയും പടിഞ്ഞാറൻ മേഖലയിൽ നടക്കുന്നു. വേമ്പനാട്ട് കായലിനോട് ചേർന്നു കിടക്കുന്ന ഭാഗമാണ് പടിഞ്ഞാറൻ മേഖല. കായലും, കനാലുകളും, തോടുകളും ഇടകലർന്ന് പടിഞ്ഞാറൻ മേഖലയിൽ ഉൾനാടൻ മത്സ്യകൃഷി വ്യാപകമായി നടക്കുന്നുണ്ട് . ഫിഷറീസ് വകുപ്പിന്റെ കീഴിൽ പാടശേഖരങ്ങളിലും വൻതോതിൽ മത്സ്യകൃഷി നടത്തിവരുന്നു.

ചിത്രം 3.15

വനം, ജലസ്രോതസ്സ്

ജില്ലയിൽ 100.045 ചതുരശ്ര കിലോമീറ്റർ സ്ഥലം വനമേഖലയായി രേഖപ്പെടുത്തിയതിൽ (ഇത് ആകെ വിസ്തീർണ്ണത്തിന്റെ 4.60%) 54 ചതുരശ്ര കിലോമീറ്റർ പ്ലാന്റേഷൻ ഏരിയയിൽ കാണുന്നു. കൂട്ടിക്കൽ, എരുമേലി നോർത്ത്, എരുമേലി സൗത്ത്, മണിമല എന്നീ വില്ലേജുകളിലായി വനമേഖല വ്യാപിച്ചിരിക്കുന്നു. 78 കിലോമീറ്റർ നീളമുള്ള മീനച്ചിലാർ മീനച്ചിൽ, വൈക്കം, കോട്ടയം എന്നീ താലൂക്കുകളിലൂടെ ഒഴുകുന്നു.

ചിത്രം 3.16

മീനച്ചിൽ, മണിമല, മൂവാറ്റുപുഴ എന്നീ നദികളും, അതിന്റെ കൈവഴികളും ജില്ലയെ ഫലഭൂയിഷ്ഠമാക്കുന്നു. ഇവ വേമ്പനാട്ട് കായലിലേയ്ക്ക് ഒഴുകിച്ചേരുന്നു. പാലാ, പൂഞ്ഞാർ, ഏറ്റുമാനൂർ, മുണ്ടക്കയം, വൈക്കം എന്നീ പട്ടണങ്ങൾ മീനച്ചിലാറുമായി ബന്ധപ്പെട്ട് കിടക്കുന്നു. മുണ്ടക്കയം, മണിമല എന്നീ പഞ്ചായത്തുകൾ മണിമലയാറിന്റെ തീരത്ത് സ്ഥിതി ചെയ്യുന്നു. വൈക്കം പട്ടണത്തെ മൂവാറ്റുപുഴയാറും ഫലസമൃദ്ധമാക്കുന്നു.

തേക്കടി തടാകത്തിന്റെ സമീപമുള്ള മലമ്പ്രദേശങ്ങൾ എരുമേലി, പമ്പ, കക്കി, കാഞ്ഞിരപ്പള്ളി എന്നിവയാണ്. ഇലവീഴാപ്പൂഞ്ചിറ, വഴിക്കടവ്, ഇല്ലിക്കൽ കല്ല് എന്നീ ഹിൽസ്റ്റേഷനുകൾ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നു.

ധാതുവിഭവം

വേമ്പനാട്ട് കായലിൽ നീറ്റുകക്കയുടെ വൻശേഖരം നിലവിലുണ്ട്. ചിറക്കടവ് പ്രദേശത്ത് നിലവിലുള്ള ഗ്രാഫൈറ്റ് പടലം വ്യവസായ മേഖലയ്ക്ക് മുതൽക്കൂട്ടാണ്. . ഗ്രാഫൈറ്റ് ശേഖരം ജില്ലയിൽ ആറാണിക്കുന്ന്, വെള്ളാവൂർ, ഇടനാട്, വാഴൂർ, പൂവരണി, ഇടമല തുടങ്ങിയ പ്രദേശങ്ങളിൽ കാണപ്പെടുന്നു. വേമ്പനാട്ട് കായലിനോട് ചേർന്ന് തീരപ്രദേശങ്ങളിൽ കളിമണ്ണ് നിലവിലുണ്ട്. പുന്നത്തുറ ഏരിയയിൽ അലൂമിനിയം ക്ലേ കാണപ്പെടുന്നു. (സോഴ്സ്- ദേശീയ വിഭവ വിവര ശേഖരം — കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് — 2013)

ഗതാഗത ശൃംഖല

ഏതൊരു പ്രദേശത്തിന്റെയും വികസനം ആ പ്രദേശത്തെ ഗതാഗത ശൃംഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു. ജില്ലയുടെ നിലവിലുള്ള ഗതാഗത ശൃംഖലയിൽ ദേശീയ പാത, സംസ്ഥാന പാത, ജില്ലാ റോഡുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകൾ എന്നിവ ഉൾപ്പെട്ടിരിക്കുന്നു. കോട്ടയം ജില്ലയ്ക്ക് എല്ലാ കേന്ദ്രങ്ങളെയും ബന്ധിപ്പിക്കുന്ന ഒരു റോഡ് നെറ്റ് വർക്ക് നിലവിലുണ്ട്. ജില്ലയിലെ ട്രാഫിക് പ്രധാനമായും റോഡു ഗതാഗതത്തെ ആശയിച്ചിരിക്കുന്നു. ദൂരയാത്രയ്ക്കായി റെയിൽ ഗതാഗതവും, പടിഞ്ഞാറൻ മേഖലയ്ക്കായി ജലഗതാഗതവും ബന്ധപ്പെട്ടിരിക്കുന്നു.

റോഡു ഗതാഗതം

നിലവിലുള്ള റോഡു ഗതാഗതം ചുവടെയുള്ള മാപ്പിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ചിത്രം 3.17

ജില്ലാ കേന്ദ്രത്തേയും, താലൂക്ക് ആസ്ഥാനത്തേയും, മറ്റു പ്രധാന കേന്ദ്രങ്ങളേയും തമ്മിൽ ബന്ധിപ്പിക്കുന്ന 2903.45 കിലോമീറ്റർ റോഡ് പൊതുമരാമത്ത് വകുപ്പിൻറെ ഉടമസ്ഥതയിൽ നിലവിലുള്ളതായി കാണുന്നു. സമീപ ജില്ലകളും, തമിഴ്നാടുമായി ബന്ധിപ്പിക്കുന്ന ഡിണ്ടിഗൽ - കൊട്ടാരക്കര (എൻ.എച്ച്. 183) ദേശീയപാത 77 കിലോമീറ്റർ ജില്ലാ കേന്ദ്രത്തിലൂടെ കടന്നു പോകുന്നു. ജില്ലയിൽ ഇത് ചങ്ങനാശ്ശേരി, ചിങ്ങവനം, പാമ്പാടി, പൊൻകുന്നം, കാഞ്ഞിരപ്പള്ളി, മുണ്ടക്കയം എന്നിവടങ്ങളിലൂടെ കടന്നു പോകുന്നു. ജില്ലയിലെ സംസ്ഥാന പാതകൾ എസ്.എച്ച്. 1 (എം.സി. റോഡ്), SH 8 (തൊടുപുഴ-പുനലൂർ റോഡ്), എസ്.എച്ച്. 9 (കോട്ടയം - കോഴഞ്ചേരി റോഡ്), എസ്.എച്ച്. 11 (ആലപ്പുഴ - ചങ്ങനാശ്ശേരി റോഡ്), എസ്.എച്ച്. 14 (ഈരാറ്റുപേട്ട - പീരുമേട് റോഡ്), എസ്.എച്ച്. 15 (ഏറ്റുമാനൂർ - എറണാകുളം റോഡ്), എസ്.എച്ച്. 32 (ഏറ്റുമാനൂർ - പൂഞ്ഞാർ റോഡ്), എസ്.എച്ച്. 40 (ആലപ്പുഴ - മധുര റോഡ്), എസ്.എച്ച്. 42 (കുമരകം - കമ്പം റോഡ്), എസ്.എച്ച്. 44 (കാഞ്ഞിരപ്പള്ളി - മൂട്ടം) എന്നിവയാണ്.

ആകെ 401.33 കിലോമീറ്റർ നീളത്തിൽ സംസ്ഥാന പാത നിലവിലുണ്ട്. പ്രധാന ജില്ലാ റോഡുകളുടെ നീളം 2477.482 കിലോമീറ്ററാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ 9139.89 കിലോമീറ്റർ റോഡുള്ളതായി കാണുന്നു. റോഡ് ലിസ്റ്റ് ചുവടെ ചേർക്കുന്നു.

വിവിധ വിഭാഗങ്ങളുടെ മേൽനോട്ടത്തിലുള്ള റോഡുകളുടെ നീളം (പട്ടിക 3.12)

ക്രമ നം.	വിഭാഗം	മേൽനോട്ട അതോറിറ്റി	നീളം കി.മീറ്ററിൽ	ആകെ നീളം കി.മീറ്ററിൽ
1	നാഷണൽ ഹൈവേ-183	പൊതുമരാമത്ത് വകുപ്പ് (എൻ.എച്ച്)	52.36	77
2	നാഷണൽ ഹൈവേ - 183	സംസ്ഥാന പൊതുമരാമത്ത് വകുപ്പ്	24.664	
3	സംസ്ഥാന ഹൈവേ	സംസ്ഥാന പൊതുമരാമത്ത് വകുപ്പ്	401.331	401.331
4	മേജർ ഡിസ്ട്രിക്ട് റോഡ്	സംസ്ഥാന പൊതുമരാമത്ത് വകുപ്പ്	2477.482	2477.482
5	പ്രാദേശിക റോഡുകൾ	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ	9139.89	9139.89

ഉറവിടം — പൊതുമരാമത്ത് വകുപ്പ്

തിരുവനന്തപുരം മുതൽ അങ്കമാലി വരെയുള്ള എം.സി. റോഡാണ് ജില്ലയെ തലസ്ഥാനവുമായി ബന്ധിപ്പിക്കുന്ന പ്രധാന ഇടനാഴി. ഇതിൽ ചങ്ങനാശ്ശേരി മുതൽ കോട്ടയം വരെയുള്ള ഭാഗങ്ങൾ ദേശീയപാതയായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. എം.സി. റോഡിലെ ഉയർന്ന ഗതാഗതം പരിഗണിച്ച് ദേശീയപാതയായി വികസിപ്പിക്കേണ്ടതായി കാണുന്നു.

മറ്റൊരു പ്രധാന റോഡായ ഏറ്റുമാനൂർ - എറണാകുളം റോഡും ദേശീയപാതയുടെ നിലവാരത്തിലേയ്ക്ക് നിർദ്ദേശിക്കപ്പെടേണ്ടതാണ്.

നിർദ്ദിഷ്ട എം.സി. റോഡ് ബൈപ്പാസ് പട്ടിത്താനം, തിരുവഞ്ചൂർ, മണർകാട്, പുതുപ്പള്ളി, ഞാലിയാകുഴി, തെങ്ങണ, കുന്നുംപുറം, നാലുകോടി, പെരുംതുരുത്തി എന്നീ സെന്ററുകളിലൂടെ കടന്നുപോകുന്നു. ഈ റോഡിന്റെ പൂർത്തീകരണത്തോടെ എം.സി. റോഡിലെ ട്രാഫിക് ഒരു പരിധി വരെ തിരിച്ചു വിടാവുന്നതാണ്.

തെക്കേ ഇന്ത്യയിലെ തന്നെ പ്രധാന തീർത്ഥാടന കേന്ദ്രമായ ശബരിമലയുടെ വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള നിർദ്ദിഷ്ട അന്തർ സംസ്ഥാന പാതയായ പഴനി ശബരിമല ദേശീയ പാതയും -, എരുമേലി വിമാനത്താവളവും, ശബരി റെയിൽ പാതയും ജില്ലയുടെ സമഗ്ര വികസനത്തിന് ആക്കം കൂട്ടുന്നതാണ്.

നിർദ്ദിഷ്ട കുമളി - ചേർത്തല ഹൈവേ പടിഞ്ഞാറൻ പ്രദേശങ്ങളുടെ വികസന സാദ്ധ്യത ഉറപ്പാക്കുന്നു. മണിയാപറമ്പ് – മെഡിക്കൽ കോളേജ് – ചീപ്പുങ്കൽ റോഡ് പൂർത്തിയാകുന്നതോടെ പടിഞ്ഞാറൻ മേഖലയ്ക്ക് കോട്ടയം മെഡിക്കൽ കോളേജുമായുള്ള കണക്റ്റിവിറ്റി സാദ്ധ്യമാകുന്നു.

നിർദ്ദിഷ്ട കൊടുങ്ങല്ലൂർ മുതൽ ചേർത്തല വരെയുള്ള ബൈപ്പാസ് അലൈൻമെന്റ് (ടി.ഒ.ഡി. കോറിഡോർ) ജില്ലയുടെ വടക്കു പടിഞ്ഞാറൻ മേഖലയുടെ വികസനത്തിന് സാധ്യത കൂട്ടുന്നു.

കോട്ടയം ഏരിയയിൽ നിർദ്ദേശിച്ചിട്ടുള്ള നിർദ്ദിഷ്ട മൊബിലിറ്റി ഹബ്ബ് കോട്ടയം നഗരത്തിലെ ജലഗതാഗത ശൃംഖലകളുടെ ആസ്ഥാന കേന്ദ്രമായി വർത്തിക്കുകയും, ജില്ലയുടെ മൊത്തം ഗതാഗത ശൃംഖലയെ സമന്വയിപ്പിക്കുകയും ചെയ്യുന്നു. ഇത് കോട്ടയം നഗരവികസന ചരിത്രത്തിൽ ഒരു നാഴികക്കല്ലാകുന്നതാണ്. നിലവിൽ പ്രവർത്തിച്ചു വരുന്ന നാട്ടകം പോർട്ടിന്റെ വികസനവും ജില്ലയുടെ വ്യവസായ വാണിജ്യ മേഖലകളുടെ സമഗ്ര വികസനത്തിന് ആക്കം കൂട്ടുന്നതാണ്.

ജില്ലാ കേന്ദ്രമായ കോട്ടയം നഗരത്തിലെ ഇടുങ്ങിയ റോഡുകളും, പാർക്കിംഗ് ഏരിയയുടെ അഭാവവും, ബൈപ്പാസുകളുടെ അഭാവവും നഗര ഗതാഗതത്തെ ഒട്ടും സുഗമമല്ലാതാക്കിയിരിക്കുന്നു . നഗര കേന്ദ്രത്തിലുള്ള തിരുനക്കര മൈതാനവും നാഗമ്പടം മൈതാനവും മാത്രമാണ് നിലവിൽ തുറസ്സായ സ്ഥലമായി നിലവിലുള്ളത് . മാസ്റ്റർ പ്ലാനിൽ കോട്ടയം നഗരത്തിനു പടിഞ്ഞാറു ഭാഗത്തുള്ള പുളിനാക്കൽ ഏരിയയും കിഴക്കു ഭാഗത്തുള്ള കളത്തിൽകടവ് ഏരിയയും ഉൾപ്പെടുത്തി രണ്ട് പാർക്ക് & ഓപ്പൺ സ്പേയ്സ് ഏരിയ നിർദ്ദേശിച്ചിട്ടുണ്ട് .

നിലവിൽ കൃഷിയില്ലാതെ കിടക്കുന്ന ചതുപ്പു പ്രദേശമാണ് മൈതാനമായി വികസിപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത പ്രദേശം വികസിപ്പിക്കുന്നതിലൂടെ നഗരഹൃദയത്തിലെ പൊതു സമ്മേളനങ്ങൾ ഒഴിവാക്കുകയും, അതുവഴി ഗതാഗതക്കുരുക്ക് ഒരു പരിധി വരെ തടയുന്നതിനും സാധിക്കുന്നു. കോടിമത എം.സി. റോഡിനിരുവശവുമുള്ള തുറസ്സായ സ്ഥലം, കുര്യൻ ഉതുപ്പ് റോഡിനോട് ചേർന്നുള്ള ഇൻഡോർ സ്റ്റേഡിയത്തിനു തെക്കുവശമുള്ള സ്ഥലം എന്നിവ പാർക്കിംഗ് ഏരിയയായി വികസിപ്പിക്കാവുന്നതാണ്.

മാസ്റ്റർ പ്ലാനിൽ പടിഞ്ഞാറൻ മേഖലയുടെ വികസനത്തിനായി നിർദ്ദേശിച്ചിട്ടുള്ള നാട്ടകം പാറേച്ചാൽ റോഡ്, കോടിമത -കുമരകം റോഡ്, കോടിമത - പതിനഞ്ചിൽകടവ് റോഡ് എന്നിവ യഥാർത്ഥ്യമാകുന്നതോടെ ഈ മേഖലയിലെ ഗതാഗത പ്രശ്നത്തിനു പരിഹാരമാകുന്നതാണ്. ചുങ്കം റോഡ് നിർദ്ദേശം, ചാലുകുന്ന് — അറുത്തൂട്ടി ജംഗ്ഷനിലെ ഗതാഗതക്കുരുക്കിന് പരിഹാരമാകുന്നതാണ്.

കോടിമത ഏരിയയിൽ നിർദ്ദേശിച്ചിട്ടുള്ള നിർദ്ദിഷ്ട മൊബിലിറ്റി ഹബ്ബ് റോഡ്, റെയിൽ, ജലഗതാഗത മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി നിർദ്ദേശിച്ചിട്ടുള്ളതാണ്.

മണർകാട്- പട്ടിത്താനം ബൈപ്പാസ് യാഥാർത്ഥ്യമാകുന്നതോടെ ഏറ്റുമാനൂർ നഗരസഭയിലെ എം .സി. റോഡ്, പാലാ റോഡ് എന്നിവയിലെ ഗതാഗതക്കുരുക്ക് നിയന്ത്രണ വിധേയമാകുന്നതാണ് . കൂടാതെ, എം. സി. -റോഡിനു പടിഞ്ഞാറു ഭാഗത്തു കൂടിയുള്ള പട്ടിത്താനം ജംഗ്ഷനിൽ നിന്നും നീണ്ടൂർ അതിരമ്പുഴ റോഡുകൾ ബന്ധിപ്പിച്ച് പാറോലിക്കൽ ജംഗ്ഷനിൽ എത്തുന്ന ഒരു ബൈപ്പാസ് കൂടി നിർദ്ദേശിക്കുന്നു.

ഏറ്റുമാനൂർ നഗരത്തിലെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ , നഗരസഭ ബസ് സ്റ്റാൻറ് പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ഏരിയ മൊബിലിറ്റി ഹബ്ബായി വികസിപ്പിക്കാവുന്നതാണ്.

ചങ്ങനാശ്ശേരി മാസ്റ്റർ പ്ലാനിൽ നിർദ്ദേശിച്ചിട്ടുള്ള വാഴപ്പള്ളിച്ചിറ മുതൽ മനയ്ക്കച്ചിറ വരെ എത്തുന്ന വെസ്റ്റേൺ ബൈപ്പാസിൽ നിർദ്ദേശിച്ചിട്ടുള്ള ബസ് ടെർമിനൽ നഗര ഹൃദയത്തിലെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ്.

ജില്ലയിലെ റോഡ് വികസന നിർദ്ദേശങ്ങൾ

- എസ്.എച്ച്. 40-ന്റെ ഭാഗമായ ഇടയാഴം - വൈക്കം - തലയോലപ്പറമ്പ് - പെരുവ - തൊടുപുഴ.
- എസ്.എച്ച്. 42- ന്റെ ഭാഗമായി ഇടയാഴം - കല്ലറ - കടുത്തുരുത്തി – ഞീഴൂർ - പിറവം.
- ഈരാറ്റുപേട്ട – പൂഞ്ഞാർ റോഡ്.
- ഏറ്റുമാനൂർ - അതിരമ്പുഴ - കല്ലറ റോഡ്.
- ഞീഴൂർ - ഉഴവൂർ റോഡ്.
- കടുത്തുരുത്തി - കുറവിലങ്ങാട് റോഡ്.
- ഉഴവൂർ - മരങ്ങാട്ടുപള്ളി - പാലാ റോഡ്
- പാമ്പാടി - പള്ളിക്കത്തോട് – കൊഴുവനാൽ - പാലാ
- പാമ്പാടി - മീനടം – വാകത്താനം.

നിർദ്ദിഷ്ട ഗതാഗത ശൃംഖലയുടെ മാപ്പ് ചുവടെ ചേർക്കുന്നു.

ചിത്രം 3.18

റെയിൽവേ ഗതാഗതം

എറണാകുളം - തിരുവനന്തപുരം റെയിൽവേ ലൈൻ ജില്ലയുടെ പടിഞ്ഞാറൻ ഭാഗങ്ങളിലൂടെ കടന്നു പോകുന്നു. ഈ ലൈനിൽ പാതയിരട്ടിപ്പിക്കൽ ജോലികൾ നടന്നു വരുന്നു. ജില്ലയിലെ കിഴക്കൻ മേഖലയിലൂടെ നിർദ്ദേശിച്ചിട്ടുള്ള നിർദ്ദിഷ്ട ശബരി റെയിൽപാത (എരുമേലി - അങ്കമാലി) ഈ മേഖലയിലെ വികസനം സാദ്ധ്യമാക്കുന്നു. ചങ്ങനാശ്ശേരി, ചിങ്ങവനം, കോട്ടയം, ഏറ്റുമാനൂർ, കുറുപ്പന്തറ, കടുത്തുരുത്തി, വൈക്കം റോഡ്, പിറവം റോഡ് എന്നിവയാണ് ജില്ലയിലെ പ്രധാന സ്റ്റേഷനുകൾ.

ജലഗതാഗതം

ജില്ലയിലെ ജലഗതാഗതത്തിന്റെ പ്രാധാന്യം കുറഞ്ഞു വരുന്നതായാണ് കാണുന്നത്. ഉൾനാടൻ ജലഗതാഗതത്തിനും, ടൂറിസം വികസനത്തിനും ഉതകുന്ന തരത്തിലുള്ള കായൽ - കനാൽ നെറ്റ് വർക്ക് പടിഞ്ഞാറൻ മേഖലയിൽ നിലവിലുള്ളത് പ്രയോജനപ്പെടുത്താവുന്നതാണ്. കൊല്ലം - കോട്ടപ്പുറം ദേശീയ ജലപാത വേമ്പനാട്ട് കായലിലൂടെ കടന്നുപോകുന്നു. ആലപ്പുഴ - കോട്ടയം, കുമരകം - മുഹമ്മ, മാന്നാനം - കണ്ണൻകര, വൈക്കം - തവണക്കടവ് എന്നീ റൂട്ടുകളിൽ സംസ്ഥാന ജലഗതാഗത വകുപ്പിൻറെ കീഴിൽ ബോട്ട് സർവ്വീസ് നിലവിലുണ്ട്. കൂടാതെ സ്വകാര്യ മേഖലയിൽ വേമ്പനാട്ട് കായൽ കേന്ദ്രീകരിച്ച് ധാരാളം ഹൗസ് ബോട്ടുകളും, സ്പീഡ് ബോട്ടുകളും സർവ്വീസ് നടത്തുന്നുണ്ട്. ഈ മേഖലയുടെ ടൂറിസം സാദ്ധ്യതകൾ പരിഗണിച്ച് ധാരാളം നെറ്റ് വർക്കുകൾ നിർദ്ദേശിക്കാവുന്നതാണ്.

വ്യോമഗതാഗതം

നെടുമ്പാശ്ശേരി (87 കിലോ മീറ്റർ), തിരുവനന്തപുരം (150 കിലോമീറ്റർ) എന്നീ വിമാനത്താവളങ്ങളാണ് ജില്ലയ്ക്ക് സമീപമുള്ളത്. നിർദ്ദിഷ്ട എരുമേലി വിമാനത്താവളം ജില്ലയുടെ കിഴക്കൻ മേഖലയുടെയും, ശബരിമല തീർത്ഥാടന കേന്ദ്രത്തിന്റെയും വികസനത്തിന് വഴിയൊരുക്കുന്നതാണ്.

ഉപസംഗ്രഹം

ജില്ലയിലെ റോഡുകൾ എല്ലാം തന്നെ തമ്മിൽ ബന്ധപ്പെട്ടു കിടക്കുന്നവയാണ് ഇവയെ ബന്ധിപ്പിച്ചുകൊണ്ട് . പുതിയ റോഡ് നിർദ്ദേശങ്ങൾ വന്നിട്ടുണ്ടെങ്കിലും റോഡിൻറെ വീതിക്കുറവ് ഒരു പ്രശ്നമായി നിലനിൽക്കു . റോഡ് വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് നഗര പ്രദേശങ്ങളിൽ ബുദ്ധിമുട്ട് നേരിടുന്നു. കൂടാതെ, പാർക്കിംഗ് ഒരു പ്രധാന പ്രശ്നമായി നഗരങ്ങളിൽ നിലനിൽക്കുന്നു .പൊതുഗതാഗത സംവിധാനം കാര്യക്ഷമമല്ലാത്തതിനാൽ ജനങ്ങൾ സ്വകാര്യ വാഹനങ്ങളിലേയ്ക്ക് മാറുന്ന പ്രവണത കൂടി വരുന്നു. ഇരുചക്ര വാഹനങ്ങളുടെയും, കാറുകളുടെയും ആധിക്യം ഇത് ശരിവയ്ക്കുന്നതാണ് . കൂടാതെ, ഗതാഗത ടെർമിനലുകളുടെ വികേന്ദ്രീകരണം, റയിൽ, ജലഗതാഗത സംവിധാനങ്ങൾ ജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ ലഭ്യമാകുന്ന വിധത്തിൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

ഭൂപ്രകൃതി

ഒരു പ്രദേശത്ത് വരാവുന്ന പ്രവർത്തനങ്ങളെ നിർണ്ണയിക്കുന്ന പ്രധാന ഘടകമാണ് അവിടുത്തെ ഭൂപ്രകൃതി. ഭൂപ്രകൃതിയുടെ വിശകലനത്തിലൂടെ ജില്ലയുടെ വിവിധ പ്രദേശത്തെ സാധ്യമായ പ്രവർത്തനങ്ങളെ വിശകലനം ചെയ്യാൻ സാധിക്കുന്നു. ഭൂപ്രകൃതിയനുസരിച്ച് കോട്ടയം ജില്ല മദ്ധ്യമേഖലയിൽ പെടുന്നു. കോട്ടയം, പാലാ എന്നീ രണ്ട് റവന്യൂ ഡിവിഷനുകളാണ് ജില്ലയ്ക്കുള്ളത്. വൈക്കം, മീനച്ചിൽ, കാഞ്ഞിരപ്പള്ളി, കോട്ടയം, ചങ്ങനാശ്ശേരി എന്നീ അഞ്ചു താലൂക്കുകളും, വില്ലേജുകളുമാണ് ജില്ലയ്ക്കുള്ളത്. 2206 ചതുരശ്ര കിലോമീറ്ററാണ് ജില്ലയുടെ ആകെ വിസ്തീർണ്ണം. വടക്ക് രേഖാംശം $9^0 15'$-നും, $10^0 21'$-നും കിഴക്ക് അക്ഷാംശം $76^0 22'$-നും, $77^0 25'$-നും ഇടയ്ക്കാണ് കോട്ടയം ജില്ല സ്ഥിതി ചെയ്യുന്നത്. വിസ്തീർണ്ണാടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ 5.6%-ഉം, 10-ാമത്തെ സ്ഥാനവുമാണ് ജില്ലയ്ക്കുള്ളത്.

കോണ്ടൂർ മാപ്പ്

ചിത്രം 3.19

കോണ്ടൂർ മാപ്പിൽ നിന്നും ജില്ലയുടെ വിവിധ പ്രദേശങ്ങളുടെ ഉയരവും ചരിവും വ്യക്തമാകും. 0—1150 m ആണ് കോട്ടയത്തിന്റെ കോണ്ടൂർ. ജില്ലയുടെ വടക്ക് കിഴക്ക് ഭാഗം കുന്നിൻ പ്രദേശവും (hilly area - 301 m - 1150 m), പടിഞ്ഞാറൻ പ്രദേശം താഴ്ന്ന പ്രദേശവും (low laying land - 10 m -50 m), മദ്ധ്യഭാഗം നിരപ്പായ പ്രദേശവും (mid land - 51 m - 300 m) ആണ്.

ചിത്രം 3.20

മേലുകാവ്, മൂന്നിലവ്, തലനാട്, തീക്കോയി, കൂട്ടിക്കൽ, പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തുകളും, കോരുത്തോട്, എരുമേലി പഞ്ചായത്തുകളുടെ തെക്കു കിഴക്കൻ പ്രദേശങ്ങളും hilly area-യിൽഉൾപ്പെടുന്നു. ചെമ്പ്, മറവൻതുരുത്ത്, ഉദയനാപുരം, വൈക്കം, ടി.വി.പുരം., വെച്ചൂർ, കുമരകംഎന്നീ പഞ്ചായത്തുകൾ പൂർണ്ണമായും,

തലയാഴം, കല്ലറ, നീണ്ടൂർ, ആർപ്പൂക്കര, അയ്മനം, തിരുവാർപ്പ്എന്നീ പഞ്ചായത്തുകൾ ഭാഗികമായും low lying land-ൽ ഉൾപ്പെടുന്നു.

ചരിവ് (slope)

ചിത്രം 3.21

ഒരു ജില്ലയുടെ ചരിവ് (slope) അവിടുത്തെ ഭൂപ്രകൃതി പ്രകടിപ്പിക്കുന്ന ഒരു സൂചകമാണ്. കോട്ടയം ജില്ലയുടെ ചരിവ് 0^0 - 62^0 ആണ്. ഇത് വടക്ക് കിഴക്കൻ മലയോര പ്രദേശങ്ങൾ മുതൽ പടിഞ്ഞാറൻ പ്രദേശങ്ങൾ വരെ വ്യാപിച്ചു കിടക്കുന്നു.

0^0 - 15^0 വരെയുള്ള പ്രദേശങ്ങൾ മനുഷ്യ ആവാസ വ്യവസ്ഥയ്ക്ക് അനുയോജ്യമാണ്.

15^0 - 30^0 വരെയുള്ള പ്രദേശങ്ങൾ കൃഷിയ്ക്ക് അനുയോജ്യമാണ്.

30^0 - 50^0 വരെയുള്ള പ്രദേശങ്ങൾ ഹോർട്ടികൾച്ചറിന് അനുയോജ്യമാണ്.

50^0 - 62^0 വരെയുള്ള പ്രദേശം വനമേഖലയാണ്.

തീരദേശ നിയന്ത്രിത മേഖലയും (CRZ) പരിസ്ഥിതിലോല പ്രദേശങ്ങളും (പശ്ചിമഘട്ടം – ഗാഡ്ഗിൽ റിപ്പോർട്ട്) സൂചിപ്പിക്കുന്ന മാപ്പ്

ചിത്രം 3.22

കോട്ടയം ജില്ലയിലെ പരിസ്ഥിതിലോല പ്രദേശങ്ങളിൽ (ഗാഡ്ഗിൽ റിപ്പോർട്ട്) ഉൾപ്പെട്ട തദ്ദേശ സ്വയംഭരണ പ്രദേശങ്ങൾ.

1) കൂട്ടിക്കൽ
2) മേലുകാവ്
3) തീക്കോയി
4) പൂഞ്ഞാർ തെക്കേക്കര

കോട്ടയം ജില്ലയിലെ തീരദേശ നിയന്ത്രിത മേഖലയിൽ ഉൾപ്പെട്ട തദ്ദേശ സ്വയംഭരണ പ്രദേശങ്ങൾ.

1) വൈക്കം
2) ചെമ്പ്
3) മറവൻതുരുത്ത്
4) ഉദയനാപുരം
5) ടി.വി. പുരം
6) വെച്ചൂർ
7) തലയാഴം

ചിത്രം 3.23

ഭൂവിനിയോഗം ആസ്പദമാക്കിയുള്ള കോട്ടയം ജില്ലയുടെ പ്രവർത്തന സ്വഭാവം

കോട്ടയം ജില്ലയുടെ പ്രവർത്തന സ്വഭാവത്തെ തൃതീയ മേഖല, പ്രാഥമിക മേഖല (പ്ലാന്റേഷൻ), പ്രാഥമിക മേഖല (കൃഷി), പ്രാഥമിക മേഖല (മൃഗസംരക്ഷണം + കൃഷി), പ്രാഥമിക മേഖല (വ്യവസായം + മൃഗസംരക്ഷണം + കൃഷി) എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. അർബൻ മേഖല പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് നഗര കേന്ദ്രങ്ങളായ വൈക്കം, കോട്ടയം, ചങ്ങനാശ്ശേരി, പാലാ, ഈരാറ്റുപേട്ട, ഏറ്റുമാനൂർ മുനിസിപ്പാലിറ്റികളിലും, കൂടാതെ മണർകാട് ഗ്രാമപഞ്ചായത്തിലുമാണ്. കുമരകം, തൃക്കൊടിത്താനം കൃഷി, വ്യവസായം, മൃഗസംരക്ഷണം എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നു. പനച്ചിക്കാട്, ടി.വി.പുരം, ചെമ്പ് ഗ്രാമപഞ്ചായത്തുകൾ പ്രാഥമിക (കൃഷി, മൃഗസംരക്ഷണം) മേഖലയിൽ ഉൾപ്പെടുന്നു. മറ്റു പ്രദേശങ്ങൾ കാർഷിക മേഖലയിൽ ഉൾപ്പെട്ടിരിക്കുന്നു. ഭൂവനിയോഗത്തിന്റെ സ്ഥലപര ഘടന പരിശോധിച്ചാൽ ജില്ലയുടെ വികസന ക്രമം മനസിലാക്കാവുന്നതാണ്. ജില്ലയുടെ കിഴക്കൻ മേഖല പ്ലാന്റേഷനിലും, വടക്കു പടിഞ്ഞാറൻ പ്രദേശങ്ങൾ കാർഷിക മേഖലയിലും, കേന്ദ്രഭാഗം അർബൻ ആക്ടിവിറ്റി പ്രദേശമായും വിന്യസിക്കപ്പെട്ടിരിക്കുന്നു.

വികസന ശ്രേണിയിലെ ക്രമം

നമ്മുടെ ഗ്രാമ-നഗര പ്രദേശങ്ങളെല്ലാം തന്നെ അവിടുത്തെ ആളുകളുടെ അവശ്യസാധനങ്ങളും, സേവനങ്ങളും കൈയ്യെത്തും ദൂരത്ത് തന്നെ ലഭ്യമാകുന്ന പ്രദേശങ്ങളായി ഉയർന്നു വന്നുകൊണ്ടിരിക്കുകയാണ്. വികസന ശ്രേണിയിലെ ക്രമം നിർണ്ണയിക്കുന്നത് സാധനങ്ങളുടെയും, സേവനങ്ങളുടെയും ലഭ്യതയും, അവിടുത്തെ ജനങ്ങളും, അവരുടെ കൈവശമുള്ള സാധന സമ്പത്തുമാണ്. അവികസിത മേഖലയിൽപ്പെട്ട സർവ്വീസ് സെന്ററുകൾ വളരെ ചെറിയ തോതിലുള്ള അടിസ്ഥാന സേവനങ്ങളും, സാധനങ്ങളും മാത്രമാണ് ആ പ്രദേശത്തുള്ള ജനങ്ങൾക്ക് ദൈനംദിന ജീവിതത്തിൽ ലഭ്യമാക്കുന്നത്. വികസിത മേഖലയിൽപ്പെട്ട സർവ്വീസ് സെന്ററുകൾ താഴ്ന്ന തരത്തിൽപ്പെട്ട സർവ്വീസ് സെന്ററുകൾ നൽകുന്നതിലും ഉയർന്ന രീതിയിലുള്ള സാധനങ്ങളും, സേവനങ്ങളും കൂടുതൽ പ്രദേശങ്ങളിലുള്ള ആളുകൾക്ക് ലഭ്യമാക്കുന്നു. ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളുടെ വികസന ശ്രേണിയിലെ ക്രമം കണ്ടുപിടിക്കുന്നതിനുള്ള അപഗ്രഥനമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജില്ലയിലെ ഗ്രാമപഞ്ചായത്തുകളും/മുനിസിപ്പാലിറ്റികളുമാണ് ഇതിനുള്ള യൂണിറ്റുകളായി തിരഞ്ഞെടുത്തിട്ടുള്ളത്.

നിലവിലുള്ള വികസന ശ്രേണിയിലെ ക്രമം

നിലവിലെ വികസന ശ്രേണിയിലെ ക്രമം തിട്ടപ്പെടുത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങളായ ആശുപത്രി, ബാങ്കിംഗ്, ആശയവിനിമയം, മാർക്കറ്റ്, കാർഷികം, വിദ്യാഭ്യാസം, ഗതാഗതം, വിനോദം, സാമൂഹിക സൗകര്യങ്ങൾ തുടങ്ങിയ ലഭ്യമായ എല്ലാ മേഖലകളും പരിഗണിച്ചിട്ടുണ്ട്.

ഓരോ സൗകര്യങ്ങൾക്കും ഉചിതമായ പ്രാധാന്യം നൽകിയിട്ടുണ്ട്. കൂടാതെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും Composite Functional Index (CFI) കണക്കാക്കിയിട്ടുണ്ട്. അങ്ങനെ കണക്കാക്കിയിട്ടുള്ള CFI മൂല്യത്തിന്റെ അടിസ്ഥാനത്തിലാണ് നിലവിലുള്ള വികസന ശ്രേണിയിലെ ക്രമം തിരിച്ചറിയുന്നത്. താഴെപ്പറയുന്ന സ്റ്റാറ്റിസ്റ്റിക്കൽ സൂത്രവാക്യം ഉപയോഗിച്ചാണ് ഓരോ സൗകര്യങ്ങളുടെയും മുൻഗണന കണക്കാക്കുന്നത്.

$$Wi = N/fi$$

(Wi - സൗകര്യങ്ങളുടെ Weightage, N - ആകെയുള്ള തദ്ദേശ സ്വയംഭരണ പ്രദേശങ്ങൾ, fi -പ്രസ്തുത സൗകര്യങ്ങളുള്ള തദ്ദേശ സ്വയംഭരണ പ്രദേശങ്ങളുടെ എണ്ണം.)

ഓരോ തദ്ദേശ സ്വയംഭരണ പ്രദേശത്തും ലഭ്യമായ സൗകര്യങ്ങളും, അവയുടെ മുൻഗണനാ ക്രമവും, അവയുടെ Composite Functional Index Score-ഉം പട്ടിക 3.8.1.1-ൽ കാണിച്ചിട്ടുണ്ട്. ജില്ലയിൽ ആകെ 77 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണുള്ളത് (6 നഗരസഭകൾ, 71 ഗ്രാമപഞ്ചായത്തുകൾ). മേൽപ്പറഞ്ഞിട്ടുള്ള methodology അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 10 മുതൽ 333 വരെയുള്ള Composite Functional Index Score ആണ് ലഭിച്ചിട്ടുള്ളത്. തലനാട് ഗ്രാമപഞ്ചായത്തിന്റെ Composite Functional Index Score-10-ഉം, കോട്ടയത്തിന്റെ 333-ഉം ആകുന്നു.

പട്ടിക 3.13– C.F. Index സ്കോറിന്റെ അടിസ്ഥാനത്തിലുള്ള സെറ്റിൽമെന്റുകൾ

CFI Score	No. Of Settlements
0-25	30
26-50	25
51-75	7
76-100	6
101-125	5
126-150	1
151-175	1
176-200	1
201-225	0
226-250	0
251-275	0
276-300	1
301-325	0
326-350	1

ചിത്രം 3.24

CFI Score പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പട്ടിക 3.13-ൽ കാണിച്ചിട്ടുള്ളതു പോലെ തരംതിരിച്ചിരിക്കുന്നു. ചിത്രം 3.24-ൽ CFI Score പ്രകാരമുള്ള ബാർ ചാർട്ട് രേഖപ്പെടുത്തിയിരിക്കുന്നു. ചിത്രം 3.25-ൽ നിലവിലെ വികസന ശ്രേണിയിലെ ഇവയുടെ ക്രമവും കാണിച്ചിരിക്കുന്നു.

നിർദ്ദേശിക്കപ്പെട്ട വികസന ശ്രേണിയിലെ ക്രമം

ചിത്രം 3.25

നിർദ്ദേശിക്കപ്പെട്ട വികസന ശ്രേണിയിലെ ക്രമം

താഴെപ്പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ജില്ലയിലെ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളുടെ നിർദ്ദേശിക്കപ്പെട്ട വികസന ശ്രേണിയിലെ ക്രമം തിരിച്ചറിയുന്നത്. (a) CFI പ്രകാരം തദ്ദേശ സ്വയംഭരണ പ്രദേശങ്ങളുടെ നിലവിലുള്ള വികസന ശ്രേണിയിലെ ക്രമം. (b) അടുത്ത 20 വർഷകാലത്തേയ്ക്കുള്ള നഗരവത്ക്കരണത്തിന്റെ പ്രവണത. (c) തദ്ദേശ സ്വയം ഭരണ പ്രദേശങ്ങളുടെ ഭരണപരമായ സ്ഥിതി (ജില്ലാ ഹെഡ് ക്വാർട്ടറുകൾ / താലൂക്ക് ഹെഡ് ക്വാർട്ടറുകൾ / ബ്ലോക്ക് ഹെഡ് ക്വാർട്ടറുകൾ), (d) പ്രദേശത്തിന്റെ പ്രാധാന്യം, (e) റോഡുകളുടെ ബന്ധിപ്പിക്കൽ (NH, SH, MDR & Railway), (f) തദ്ദേശ സ്വയംഭരണ പ്രദേശത്തിന്റെ വികസന സാധ്യത, (g) വികസനങ്ങളുടെ പ്രവണത, (h) നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നഗര-ഗ്രാമ വികസന കേന്ദ്രങ്ങൾ, (i) ഉയർന്ന ക്രമത്തിലുള്ള കേന്ദ്രങ്ങളുടെ ഭൂമിശാസ്ത്രപരമായ വിഭജനം. ജില്ലയിലെ നിലവിലുള്ള നഗര പ്രദേശങ്ങൾ പ്രത്യേകമായ പ്രാദേശിക വികസന മാനദണ്ഡങ്ങൾ ഒന്നുംതന്നെ ഇല്ലാതെ സ്വാഭാവികമായി വികസിച്ചതാണ്. മേൽ പറഞ്ഞിട്ടുള്ള മാനദണ്ഡത്തിനനുസൃതമായി താഴെപ്പറയുന്ന രീതിയിൽ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളുടെ വികസന ശ്രേണിയിലെ ക്രമത്തിലേയ്ക്ക് എത്തിച്ചേർന്നു.

തദ്ദേശ സ്വയംഭരണ പ്രദേശങ്ങളുടെ നിർദ്ദേശിക്കപ്പെട്ട വികസന ശ്രേണിയിലെ ക്രമം - തെരഞ്ഞെടുത്ത പഠന രീതി (Methodology)

തദ്ദേശ സ്വയംഭരണ പ്രദേശങ്ങളുടെ വികസന ശ്രേണിയിലെ ക്രമം കണ്ടുപിടിക്കുന്നതിനായി തെരഞ്ഞെടുത്ത പഠന രീതിയാണ് ചുവടെ വിശദീകരിക്കുന്നത്. ക്രിസ്റ്റലേഴ്സ് സെൻട്രൽ പ്ലേസ് തിയറിയുടെ ആശയം ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ പ്രദേശങ്ങളുടെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വികസന ശ്രേണിയിലെ ക്രമം തിരിച്ചറിയുന്നത് വികസന ശ്രേണിയിലെ പല തട്ടുകളിൽ വരുന്ന തദ്ദേശ സ്വയംഭരണ പ്രദേശങ്ങളുടെ സ്ഥലപരമായ വിഭജന സേവന മേഖലയോ, സേവനം ലഭ്യമാകുന്ന ജനങ്ങളുടെ മേഖലയോ കേന്ദ്രീകരിച്ചിരിക്കുന്നു. തിയററ്റിക്കൽ ആയി പറയുകയാണെങ്കിൽ ജില്ലയെ മുഴുവനായി സേവിക്കുന്നതിനായി ഒന്നാം ക്രമത്തിൽ വരുന്ന ആകെ ഒരു തദ്ദേശ സ്വയംഭരണ പ്രദേശം മാത്രമാണുള്ളത്. ക്രിസ്റ്റലേഴ്സ് തിയറി അനുസരിച്ച് ഈ സേവന മേഖല ഹെക്സഗണൽ ആകൃതിയിലാണുള്ളത്. എന്നാൽ കോട്ടയത്തിന്റെ കാര്യത്തിൽ ഇത് പ്രാവർത്തികമാക്കുമ്പോൾ ഒന്നാം ക്രമത്തിൽ വരുന്ന പ്രദേശങ്ങളുടെ സേവന മേഖല ഒരു ഹെക്സഗണൽ ആയി പരിഗണിക്കുവാൻ സാധിക്കുകയില്ല. എന്തെന്നാൽ ഒന്നാം ക്രമത്തിൽ വരുന്ന പ്രദേശത്തിന്റെ സേവന മേഖല ജില്ല മുഴുവനായും, ജില്ലയ്ക്ക് പുറത്തേയ്ക്കും വ്യാപിച്ചു കിടക്കുന്നു. ആയതിനാൽ ക്രിസ്റ്റലേഴ്സ് സെൻട്രൽ തിയറി അനുസരിച്ച് രണ്ടാം ക്രമത്തിലുള്ള പ്രദേശങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള സാദ്ധ്യത കുറഞ്ഞിരിക്കുന്നു.

ക്രിസ്റ്റലേഴ്സ് സെൻട്രൽ തിയറി അനുസരിച്ച് അവികസിത മേഖലയിലുള്ള പ്രദേശങ്ങളെല്ലാം സ്ഥിതി ചെയ്യുന്നത് വികസിത മേഖലയിലുള്ള പ്രദേശങ്ങളുടെ ഹെക്സഗണൽ ആകൃതിയിലുള്ള സേവന മേഖലയുടെ അതിർത്തികളിലാണ്. എന്നാൽ കോട്ടയം ജില്ലയുടെ കാര്യത്തിൽ ഒന്നാം ക്രമത്തിലുള്ള സെറ്റിൽമെന്റിന്റെ സേവന മേഖല എന്ന് പറയുന്നത് ജില്ല മുഴുവൻ ഉൾപ്പെടുന്നു. ആയതിനാൽ രണ്ടാം ക്രമത്തിലുള്ള സെറ്റിൽമെന്റുകൾ എല്ലാ മേഖലകളിൽ നിന്നുമായി പരിഗണിച്ചിരിക്കുന്നു. രണ്ടാം ക്രമത്തിലുള്ള പ്രദേശങ്ങളുടെ സേവന മേഖല രേഖപ്പെടുത്തുന്നതിന് രണ്ടാം ക്രമത്തിലുള്ള പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന നേർരേഖയിലേയ്ക്ക് ഒരു ലംബമായ ബൈസെക്ടർ വരച്ച് ചേർത്താണ്. ഈ ഏരിയ ഒരു ഹെക്സഗൺ ആയി രൂപപ്പെടുകയോ, അല്ലെങ്കിൽ ഹെക്സഗണിന്റെ ഭാഗമാകുകയോ ചെയ്യുകയും, അടുത്ത താഴ്ന്ന ക്രമത്തിലുള്ള സെറ്റിൽമെന്റിന്റെ സ്ഥാനം നിർണ്ണയിക്കുകയും ചെയ്യുന്നു, ആതായത് മൂന്നാം ക്രമത്തിലുള്ള പ്രദേശങ്ങൾ. മൂന്നാം ക്രമത്തിലുള്ള പ്രദേശങ്ങളുടെ സേവന മേഖല ഒരു ഹെക്സഗണൽ ആകൃതിയിൽ രേഖപ്പെടുത്താവുന്നതാണ്. ജില്ലയിലെ ശേഷിക്കുന്ന മറ്റ് പ്രദേശങ്ങളെല്ലാം താഴ്ന്ന ക്രമത്തിൽ (നാലാം ക്രമത്തിൽ) ഉള്ള പ്രദേശങ്ങളായി കണക്കാക്കുന്നു.

നിർദ്ദേശിക്കപ്പെട്ട വികസന ശ്രേണിയിലെ ക്രമം (procedure adopted)

ഒന്നാംക്രമത്തിലുള്ള പ്രദേശത്തിന്റെ കണ്ടെത്തൽ

കോട്ടയം ജില്ലയുടെ പ്രധാന നഗരവും, മദ്ധ്യതിരുവിതാകൂർ മേഖലയിലെ മേഖലാ കേന്ദ്രമായ കോട്ടയം നഗരമാണ് ജില്ലയിലെ ഒന്നാം ക്രമത്തിലുള്ള പ്രദേശം. ഒന്നാം ക്രമത്തിലുള്ള പ്രദേശത്തിന്റെ സേവന മേഖല

ജില്ലയുടെ മുഴുവൻ പ്രദേശങ്ങളും ഉൾപ്പെടുന്നു. ചിത്രം 3.26-ൽ ഒന്നാം ക്രമത്തിൽ വരുന്ന പ്രദേശങ്ങളും, അതിന്റെ സേവന മേഖലയും കാണിച്ചിരിക്കുന്നു.

ചിത്രം 3.26

രണ്ടാംക്രമത്തിലുള്ള പ്രദേശത്തിന്റെ കണ്ടെത്തൽ

ക്രിസ്റ്റലേഴ്സ് തിയറി എന്ന ആശയമാണ് രണ്ടാം ക്രമത്തിലും, മൂന്നാം ക്രമത്തിലും, നാലാം ക്രമത്തിലുമുള്ള പ്രദേശങ്ങൾ കണ്ടുപിടിക്കുന്നതിനായി ഉപയോഗിച്ചത്. ഈ ആശയമനുസരിച്ച് ഓരോ ക്രമത്തിലുള്ള സ്ഥലങ്ങളും ഒരു ഹെക്സഗണൽ രീതിയിലുള്ള പ്രദേശത്താണ് സേവനങ്ങൾ നൽകുന്നത്. ഇത് തിരിച്ചറിയുന്നതിനായി ജില്ലയെ മുഴുവനായും നാല് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. വടക്ക്-കിഴക്ക്, വടക്ക്-പടിഞ്ഞാറ്, തെക്ക്-കിഴക്ക്, തെക്ക്-പടിഞ്ഞാറ്. ആയത് ചിത്രം 3.27-ൽ കാണിച്ചിരിക്കുന്നു.

ചിത്രം 3.27

ഉയർന്ന സി.എഫ്.ഐ. സ്കോറുള്ള കുറഞ്ഞത് രണ്ട് പ്രദേശങ്ങളാണ് ഒരോ ക്വാഡ്രന്റിന്റെയും മദ്ധ്യഭാഗത്തുനിന്നും രണ്ടാം ക്രമത്തിലുള്ള പ്രദേശം തെരഞ്ഞെടുക്കുന്നതിനായി പരിഗണിച്ചത്. സി.എഫ്.ഐ. സ്കോർ പ്രദേശത്തിന്റെ കേന്ദ്രമേഖലയിലുള്ള, ഭരണ സംബന്ധമായ സ്ഥിതി, ഓരോ തെരഞ്ഞെടുത്ത പ്രദേശങ്ങളിലേയ്ക്കും എത്തിപ്പെടുന്നതിനുള്ള മാർഗ്ഗങ്ങൾ (കണക്ടിവിറ്റി) എന്നിവയ്ക്ക് പ്രാധാന്യം നൽകിയാണ് രണ്ടാം ക്രമത്തിലുള്ള പ്രദേശങ്ങൾ കണ്ടുപിടിച്ചത്.

രണ്ടാം ക്രമത്തിലുള്ള പ്രദേശങ്ങൾ - ചിത്രം 3.28

മൂന്നാംക്രമത്തിലുള്ള പ്രദേശത്തിന്റെ കണ്ടെത്ത

ക്രിസ്റ്റലേഴ്സ് തിയറി അനുസരിച്ച് അവികസിത മേഖലയിൽ വരുന്ന പ്രദേശങ്ങൾ, വികസിത മേഖലയിൽ വരുന്ന പ്രദേശങ്ങളുടെ ഹെക്സഗണൽ സർവ്വീസ് ഏരിയയുടെ മൂലകളിൽ ആണ് വരുന്നത്. മൂന്നാം ക്രമത്തിൽ വരുന്ന പ്രദേശങ്ങൾ കണ്ടെത്തിയത് (നിലവിലുള്ള വികസന ശ്രേണിയിലെ ക്രമത്തിനനുസൃതമായി) സി.എഫ്.ഐ. സ്കോർ, പ്രദേശത്തിന്റെ കേന്ദ്രമേഖലയിൽ വരുന്നതും, ഭരണസംബന്ധമായ സ്ഥിതി, കൂടാതെ മറ്റ് പ്രദേശങ്ങളുമായുള്ള കണക്ടിവിറ്റി എന്നിവ പരിഗണിച്ചാണ്. കണ്ടെത്തിയിട്ടുള്ള മൂന്നാം ക്രമത്തിൽ വരുന്ന പ്രദേശങ്ങൾ - അതിരമ്പുഴ, കുമരകം, വാകത്താനം, മുണ്ടക്കയം, അയർക്കുന്നം, ഉഴവൂർ, തലയോലപ്പറമ്പ്, കുറവിലങ്ങാട്, പൂഞ്ഞാർ, ചിറക്കടവ്, കറുകച്ചാൽ, മണർകാട് എന്നിവയാണ്.

ക്രിസ്റ്റലേഴ്സ് തിയറി അനുസരിച്ച് വികസിത മേഖലയിൽ വരുന്ന പ്രദേശങ്ങൾ ചുറ്റുപാടുമുള്ള പ്രദേശങ്ങളുടെ ചെറിയ തോതിലുള്ള ആവശ്യങ്ങളും കൂടി നിർവ്വഹിക്കുന്നു. അതിനാൽ ഒന്നാം ക്രമത്തിൽ വരുന്ന കോട്ടയവും, രണ്ടാം ക്രമത്തിൽ വരുന്ന ചങ്ങനാശ്ശേരി, പാലാ, ഈരാറ്റുപേട്ട, ഏറ്റുമാനൂർ, വൈക്കം, കാഞ്ഞിരപ്പള്ളി, കടുത്തുരുത്തി, പാമ്പാടി, എരുമേലി എന്നീ പ്രദേശങ്ങൾ മൂന്നാം ക്രമത്തിൽ വരുന്ന പ്രദേശങ്ങളുടെ ആവശ്യങ്ങളും നിറവേറ്റുന്നു. ഭാവിയിൽ മൂന്നാം ക്രമത്തിൽ വരുന്ന പ്രദേശങ്ങൾ ചിത്രം 3.29 ൽ കാണിച്ചിരിക്കുന്നു.

ചിത്രം 3.29

നാലാം ക്രമത്തിലുള്ള പ്രദേശങ്ങളുടെ കണ്ടെത്തൽ

ഒന്നാം ക്രമത്തിലും, രണ്ടാം ക്രമത്തിലും, മൂന്നാം ക്രമത്തിലും ഉൾപ്പെടാത്ത ജില്ലയിലെ ശേഷിക്കുന്ന എല്ലാ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളും നാലാം ക്രമത്തിൽ ഉൾപ്പെടുന്നു.

ജില്ലയുടെ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളുടെ പുതുതായി നിർദ്ദേശിച്ചിരിക്കുന്ന വികസന ശ്രേണിയിലെ ക്രമം

മേൽ വിവരിച്ചിട്ടുള്ള രീതിയിലൂടെ പുതുതായി നിർദ്ദേശിച്ചിട്ടുള്ള പദ്ധതി പ്രദേശങ്ങളുടെ വികസന ശ്രേണിയിലെ ക്രമം ചുവടെ ചേർക്കുന്നു.

ഒന്നാം ക്രമത്തിലുള്ള പ്രദേശം	:	കോട്ടയം.
രണ്ടാം ക്രമത്തിലുള്ള പ്രദേശം	:	ചങ്ങനാശ്ശേരി, പാലാ, വൈക്കം, ഏറ്റുമാനൂർ, ഈരാറ്റുപേട്ട, കാഞ്ഞിരപ്പള്ളി, കടുത്തുരുത്തി, പാമ്പാടി, എരുമേലി.
മൂന്നാം ക്രമത്തിലുള്ള പ്രദേശം	:	അതിരമ്പുഴ, വാകത്താനം, ഉഴവൂർ, മുണ്ടക്കയം, കുമരകം, അയർക്കുന്നം, തലയോലപ്പറമ്പ്, കുറവിലങ്ങാട്, പൂഞ്ഞാർ, ചിറക്കടവ്, കറുകച്ചാൽ, മണർകാട്.
നാലാം ക്രമത്തിലുള്ള പ്രദേശം	:	ജില്ലയിലെ ശേഷിക്കുന്ന എല്ലാ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളും ചിത്രം 3.30-ൽ കാണിച്ചിരിക്കുന്നു.

ചിത്രം 3.30

സേവന മേഖലയും, സേവന ജനസംഖ്യയും

കോട്ടയം നഗരത്തേയാണ് ഒന്നാം ക്രമത്തിൽ വരുന്ന പ്രദേശമായി തിരിച്ചറിഞ്ഞിട്ടുള്ളത്. ചങ്ങനാശ്ശേരി, പാലാ, വൈക്കം, ഏറ്റുമാനൂർ, ഈരാറ്റുപേട്ട, കാഞ്ഞിരപ്പള്ളി, കടുത്തുരുത്തി, പാമ്പാടി, എരുമേലി തുടങ്ങിയവയാണ് രണ്ടാം ക്രമത്തിലുള്ള പ്രദേശങ്ങൾ. കോട്ടയം നഗരം ജില്ലയുടെ ഒന്നാം ക്രമത്തിൽ വരുന്ന പ്രദേശമാവുന്നതോടൊപ്പം തന്നെ ചുറ്റുപാടുമുള്ള പ്രദേശങ്ങളുടെ രണ്ടാം ക്രമത്തിലും, മൂന്നാം ക്രമത്തിലുമുള്ള ആവശ്യങ്ങ നിറവേറ്റുന്ന പ്രദേശമായും പ്രവർത്തിക്കുന്നു. ജില്ലയുടെ പല ഭാഗങ്ങളിലായി പടർന്നു കിടക്കുന്ന മറ്റു ക്രമത്തിൽ വരുന്ന പ്രദേശങ്ങൾ ആ പ്രദേശങ്ങളുടെ ആവശ്യങ്ങൾ ഏകീഭവിക്കുന്നു.

അനുമാനം

പഠനങ്ങളുടെ അടിസ്ഥാനത്തിൽ നിർദ്ദേശിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ പ്രദേശങ്ങളുടെ വികസന ശ്രേണിയിലെ ക്രമം കാണിക്കുന്നത് കോട്ടയം മുനിസിപ്പാലിറ്റിയാണ്. ജില്ലയിലെ ഒന്നാം ക്രമത്തിൽ വരുന്ന പ്രദേശം. ചങ്ങനാശ്ശേരി, പാലാ, വൈക്കം, ഏറ്റുമാനൂർ, ഈരാറ്റുപേട്ട, കാഞ്ഞിരപ്പള്ളി, കടുത്തുരുത്തി, പാമ്പാടി, എരുമേലി തുടങ്ങിയവയാണ് രണ്ടാം ക്രമത്തിലുള്ള പ്രദേശങ്ങൾ. അതിരമ്പുഴ, വാകത്താനം, ഉഴവൂർ, മുണ്ടക്കയം, കുമരകം, അയർക്കുന്നം, തലയോലപ്പറമ്പ്, കുറവിലങ്ങാട്, പൂഞ്ഞാർ, ചിറക്കടവ്, കറുകച്ചാൽ, മണർകാട് എന്നിവയാണ് മൂന്നാം ക്രമത്തിലുള്ള പ്രദേശങ്ങൾ. ജില്ലയിലെ ശേഷിക്കുന്ന എല്ലാ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളും നാലാം ക്രമത്തിലുൾപ്പെടുന്നു.

നയങ്ങൾ

വികസനത്തിന് ഉതകുന്ന ഭൂവിസ്തൃതിയുള്ള കോട്ടയം ജില്ലയിൽ സ്ഥലപര ആസൂത്രണത്തിന്റെ ആവശ്യകത വളരെയധികമാണ്. നഗരവത്ക്കരണത്തിന്റെ ഉയർന്ന തോതിലുള്ള വളർച്ചാ നിരക്ക് വളരെയധികം പ്രബലമാകുന്നതും സ്ഥലപരാസൂത്രണത്തിന്റെ ആവശ്യകതയ്ക്ക് ഊന്നൽ നൽകു . ഏതാണ്ട് 28.6% നഗരാംശതോത് കഴിഞ്ഞ ദശകത്തിൽ രേഖപ്പെടുത്തി കോട്ടയം വളരെ ഉയർന്ന തോതിലുള്ള നഗരവത്ക്കരണത്തിന് വിധേയമാവുകയുണ്ടായി. എന്നാൽ ഇത് ജില്ലയിൽ ഭൗതികമായോ, സാമ്പത്തികമായോ ദൃശ്യമായിട്ടില്ല. ചുരുക്കത്തിൽ ജില്ലയിലെ നഗരവത്ക്കരണം പ്രധാനമായും നഗര വ്യാപനം (അർബൻ സ്പ്രെഡ്) മൂലമാണെന്നും ഇത് നഗരങ്ങളുടേയും, ഗ്രാമങ്ങളുടേയും സാമ്പത്തിക അടിത്തറയെ ദുർബലമാക്കുമെന്നും കണക്കാക്കാം. നമ്മുടെ നഗരങ്ങളുടെ കേന്ദ്ര ഭാഗങ്ങളിൽ പോലും സാന്ദ്രീകരണത്തിന് - ജനസംഖ്യയുടെയും

നിർമ്മിതികളുടെയും - ഇപ്പോഴും സാദ്ധ്യതയുണ്ട് എന്നതാണ് വാസ്തവം. ഈ സാദ്ധ്യത ഉപയോഗപ്പെടുത്താതെ നഗരങ്ങൾ നമ്മുടെ കൃഷിയിടങ്ങളിലേയ്ക്ക് വ്യാപിച്ചു കൊണ്ടിരിക്കുന്നു.

ആസൂത്രിത ഇടപെടലുകളിലൂടെ നഗര/ഗ്രാമ പ്രവർത്തനങ്ങളുടെ കേന്ദ്രീകരണം ഉറപ്പാക്കേണ്ടതാണ്. അതോടൊപ്പം നഗര വ്യാപനം തടയുന്നതിന് സഹായകമാകും വിധം എല്ലാ പശ്ചാത്തല സൗകര്യങ്ങളോടും കൂടി സാന്ദ്രീകൃത നഗര രൂപം പ്രോത്സാഹിപ്പിക്കേണ്ടതും ആവശ്യമാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ എല്ലാ നഗരങ്ങൾക്കും, ഗ്രാമങ്ങൾക്കും വ്യക്തമായ സ്ഥലപരാസൂത്രണം അത്യന്താപേക്ഷിതം ആയിരിക്കുകയാണ്.

കോട്ടയം ജില്ലയുടെ കുറഞ്ഞു വരുന്ന ജനസംഖ്യാ വളർച്ചയുടെ പശ്ചാത്തലത്തിൽ ഇവിടെ കൂടുതൽ നഗരപ്രദേശങ്ങളല്ല, മറിച്ച് ഉള്ള നഗര പ്രദേശങ്ങൾ നൽകുന്ന സേവനങ്ങളുടെ ഗുണപരമായ മാറ്റമാണ് ആവശ്യമായി വരുന്നത് എന്ന് കാണാം. ഉന്നത നിലവാരത്തിലുള്ള പാർപ്പിടങ്ങൾ, വ്യാപാര സമുച്ചയങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, സേവനങ്ങൾ തുടങ്ങിയവയാണ് ജില്ലയുടെ ഭാവി ആവശ്യങ്ങൾ. കുറഞ്ഞ വളർച്ചാ നിരക്കിന്റെ പശ്ചാത്തലത്തിൽ കൃഷിയിടങ്ങൾ കൈയ്യേറിക്കൊണ്ടുള്ള നഗര വ്യാപനം ഒട്ടുംതന്നെ ന്യായീകരിക്കാവുന്നതല്ല. കൃഷിയിടങ്ങളെയും, കൃഷിയിതര വികസനങ്ങളെയും വ്യക്തമാക്കിക്കൊണ്ടുള്ള ഒരു സ്ഥലപരാസൂത്രണത്തിന്റെ ആവശ്യകതയിലേയ്ക്കാണ് ഈ പഠനം വിരൽ ചൂണ്ടുന്നത്.

നഗര പ്രദേശങ്ങളുടെ സാന്ദ്രീകൃത രൂപത്തിലെ അഥവാ (കോംപാക്റ്റ് അർബൻ ഫോം) ഊന്നൽ നൽകി, അവയെ ക്രമത്തിലും, സന്തുലിതമായും വിന്യസിച്ചു കൊണ്ട് നഗരപ്രദേശങ്ങളുടെ തനതായ വളർച്ചയും പൂരകമായി ഗ്രാമപ്രദേശങ്ങളുടെ വളർച്ചയും ഉറപ്പാക്കിക്കൊണ്ട് നഗര പ്രദേശങ്ങളെ വികസനത്തിന്റെ ചാലക ശക്തികേന്ദ്രങ്ങളാക്കി മാറ്റുക എന്ന കാഴ്ചപ്പാടാണ് മുന്നോട്ടു വയ്ക്കുന്നത്. ജില്ലയിലുടനീളമുള്ള ഉയർന്ന ജനസാന്ദ്രതയും, വർദ്ധിച്ച തോതിലുള്ള പ്ലോട്ടു വിഭജനവും (നാമമാത്ര വലുപ്പമുള്ള പുരയിടങ്ങളുടെ എണ്ണത്തിലെ വർദ്ധനവ് ഇത് സൂചിപ്പിക്കുന്നു) മൂലം ജില്ലയിൽ വലുപ്പമുള്ള തുണ്ട് ഭൂമികൾ ദുർലഭമായിക്കൊണ്ടിരിക്കുകയാണ്. അതിനാൽ നിലവിലുള്ള അത്തരം ഭൂമി സംരക്ഷിക്കുവാനും ഭാവി വികസനത്തിനായി മാറ്റി വയ്ക്കാനും നയപരമായ പിന്തുണയും, ആസൂത്രണ ഉപാധികളും ആവശ്യമാണ്.

ശുപാർശകൾ

- നഗരനയം, ഗ്രാമനയം, ഭൂവിനിയോഗ നയം എന്നിവ ഓരോ അധിവാസ കേന്ദ്ര നയത്തിന്റെയും അവിഭാജ്യ ഭാഗമാണ്.
- ജില്ലയിൽ ഉപയോഗ ശൂന്യമായ സർക്കാർ ഭൂമികളുടെ ഒരു സർവ്വേ നടത്തി ആയതിന്റെ മാപ്പ് തയ്യാറാക്കി വയ്ക്കുന്നത് കയ്യേറ്റവും, അനധികൃത നിർമ്മാണവും തടയുന്നതിന് വളരെയധികം സഹായിക്കും.

  നഗരപ്രദേശത്തിന്റെ ഹൃദയഭാഗത്ത് പോലുമുള്ള ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 4,000 പേർ എന്നതാണ് അധികമായുള്ളത്. രാജ്യത്തെ മറ്റ് നഗരങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇത് വളരെ കുറവാണ്. ജില്ലയിലെ ദുർലഭവും എന്നാൽ അമൂല്യവുമായ ഭൂമി പൂർ മായും ഉപയുക്തമാക്കുന്നില്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഇതിന്റെ കാരണങ്ങൾ കണ്ടെത്തുന്നതിനും, നമ്മുടെ നഗരപ്രദേശങ്ങളിൽ സാധ്യമാക്കാവുന്ന പരമാവധി സാന്ദ്രതയും, ഗ്രാമപ്രദേശങ്ങളിൾ അഭിലഷണീയമായ സാന്ദ്രതയും നിശ്ചയിക്കുന്നതിനും വിശദമായ ഒരു പഠനം നടത്തുന്നതിന് ശുപാർശ ചെയ്യുന്നു.
- അതത് പ്രദേശങ്ങളിലെ ഭൗതിക വികസനത്തിന്റെ യഥാർത്ഥ തീവ്രത കൂടി പരിഗണിച്ച് ആവശ്യമായ സൗകര്യങ്ങൾ നൽകുന്നതിന് പരിഷ്കരണങ്ങൾ ആവശ്യമാണ്.
- ജില്ലയിലെ പ്രധാനമായ കൃഷി മേഖല കേന്ദ്രീകരിച്ചിരിക്കുന്നത് ഇടനിലത്തിലും, ഹൈലാന്റ് ഏരിയയിലുമാണ്. കൂടാതെ പൊതുവായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വഭാവം ഗ്രാമാന്തരീക്ഷമാണ്. ആയതിനാൽ കൃഷി മേഖലയെ ഒരു സാമ്പത്തിക അടിത്തറയായി വികസിപ്പിക്കുന്നതിനുള്ള സാഹചര്യം നിലനിൽക്കുന്നു.
- അധിവാസ കേന്ദ്രങ്ങളുടെ വികസനശ്രേണിയിലെ ക്രമപ്രകാരം കോട്ടയം നഗരസഭയാണ് ഏറ്റവും ഉന്നത സ്ഥാനത്തുള്ളത്. ബാക്കിയുള്ള 2, 3, 4 ക്രമങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓരോ ശ്രേണിയിലും ആവശ്യമായ സൗകര്യങ്ങൾ തുല്യമായി നൽകേണ്ടതുണ്ട്.
- നിലവിലുള്ള ഗതാഗത ശൃംഖലകളുടെ വികസനവും, പുതിയ ശൃംഖലകൾ കണ്ടെത്തി അവയുടെ കണക്ടിവിറ്റി പഠിച്ച് ജില്ലയിലെ എല്ലായിടവും എത്തിക്കുന്നതിന് തയ്യാറാക്കേണ്ടതാണ്.

- വികസന സാദ്ധ്യതയുള്ള കൃഷിഭൂമിയെ കാർഷികേതര ആവശ്യങ്ങൾക്കായി പരിവർത്തനം ചെയ്യുന്നതു വഴി നഗരവ്യാപനം അനിയന്ത്രിതമായി കൂടുതലായി തീരുകയും ഭക്ഷ്യസുരക്ഷ എന്ന ലക്ഷ്യം വിദൂര സ്വപ്നമാവുകയും ചെയ്യുന്നു. ജില്ലയിലെ ജലസ്രോതസുകൾ, പരിസ്ഥിതിലോല പ്രദേശങ്ങൾ, വനഭൂമി എന്നിവയുടെ സംരക്ഷണത്തിനും, ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെ നിലനില്പിനും, വിഘാതമായ രീതിയിലുള്ള നഗരവ്യാപനം തടയുന്നതിനുള്ള നയങ്ങൾ രൂപീകരിക്കേണ്ടതുണ്ട്. പ്രധാന ജലസ്രോതസ്സുകളുടെ അതിർത്തിയിൽ ഒരു ഹരിത മേഖല നിശ്ചയിക്കാവുന്നതും, ജലസംരക്ഷണ നയം രൂപീകരിക്കാവുന്നതുമാണ്.
- പഴനി - ശബരിമല ദേശീയ പാത നിർദ്ദേശവും, എരുമേലി വിമാനത്താവള നിർദ്ദേശവും ജില്ലയെ മൊത്തം വികസന പാതയിലേയ്ക്ക് നയിക്കുന്നു.
- പ്രധാന തീർത്ഥാടന കേന്ദ്രങ്ങളായ എരുമേലി, ഏറ്റുമാനൂർ, ഭരണങ്ങാനം, അതിരമ്പുഴ, മണർകാട് തുടങ്ങിയ പ്രദേശങ്ങൾ ഉൾകൊള്ളിച്ചുകൊണ്ടുള്ള പിൽഗ്രിം (തീർത്ഥാടക) ടൂറിസം സർക്യൂട്ട് വികസിപ്പിക്കാവുന്നതാണ്. ജില്ലയുടെ കിഴക്കൻ മേഖലയിലേയും, പടിഞ്ഞാറൻ മേഖലയിലേയും, പ്രത്യേകിച്ച് വൈക്കം, കുമരകം പ്രദേശങ്ങളുടെ ടൂറിസം സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്. നിർദ്ദിഷ്ട കോടിമത - കുമരകം ഹൈവേ, ചേർത്തല ഹൈവേ എന്നിവ ജില്ലയിലെ വിനോദ സഞ്ചാര പ്രവർത്തനത്തിന് ആക്കം കൂട്ടുന്നു. (പ്രത്യേകിച്ച് കുമരകം). ജില്ലയിലെ വിനോദ സഞ്ചാര പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് കുമരകത്ത് വർദ്ധിച്ച തോതിൽ വികസിച്ചു കൊണ്ടിരിക്കുകയാണ്.
- വിദ്യാഭ്യാസ മേഖലയിലെ പുതിയ സംരംഭങ്ങളായ സയൻസ് സിറ്റി, ഐ.ഐ.ഐ.ടി., ഫിലിം സിറ്റി, കാർഷിക വികസന കേന്ദ്രം എന്നിവയുടെ സാദ്ധ്യതകളും ജില്ലയുടെ സമഗ്ര വികസനത്തിന് മുതൽക്കൂട്ടാവുന്നതാണ്.
- നിർദ്ദിഷ്ട ശബരി റെയിൽവേ പാത കിഴക്കൻ ഭാഗങ്ങൾ പ്രത്യേകിച്ച്, രാമപുരം, കടനാട്, ഭരണങ്ങാനം, തലപ്പലം, ഈരാറ്റുപേട്ട, എരുമേലി പഞ്ചായത്തുകളിൽ കൂടി കടന്നുപോകുന്നത് ഈ പ്രദേശങ്ങളിലെ connectivity-യെ വർദ്ധിപ്പിക്കുകയും, സാമ്പത്തിക വികസനത്തിന് ആക്കം കൂട്ടുകയും ചെയ്യുന്നു.
- പുതുപ്പള്ളി — മണർകാട് പ്രദേശത്തിന്റെ വികസനത്തിനുവേണ്ടി തയ്യാറാക്കി വരുന്ന റർബൻ പദ്ധതി ഈ മേഖലയുടെ പശ്ചാത്തല വികസനത്തിന് ഊന്നൽ നൽകുന്നു.
- ജില്ലയിലെ പരിസ്ഥിതിലോല പ്രദേശങ്ങളുടെ മാപ്പ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുക.
- തോടുകളുടെയും, കനാലുകളുടെയും, നദികളുടെയും മലിനീകരണം തടയുന്നതിനും, സംരക്ഷിക്കുന്നതിനുമായി പ്രദേശവാസികളെ ഉൾപ്പെടുത്തി നാട്ടുകൂട്ടങ്ങൾ രൂപീകരിച്ച് പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.
- ജില്ലയിലെ നദീതീരങ്ങളിലും, കനാൽ തീരത്തും അനുയോജ്യമായ ഇടങ്ങളിൽ സഞ്ചാരയോഗ്യമായ നടപ്പാതകളും, വിശ്രമിക്കാനുള്ള ഇരിപ്പിടങ്ങളും നിർമ്മിക്കുക - കോട്ടയം നഗരസഭയിൽ അറുത്തൂട്ടി . താഴത്തങ്ങാടി ഭാഗം, കോടിമത, എലിപ്പുലിക്കാട്ട് കടവ് ഭാഗം, കളത്തിൽ കടവ് എന്നിവ പരിഗണിക്കാവുന്നതാണ്.
- ജില്ലയിലെ 6 നഗരസഭകൾക്ക് ആധുനിക ഖര മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുക.
- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുക.
- പ്ലാസ്റ്റിക്, ഇ-വേയ്സ്റ്റ് ശേഖരണത്തിന് പൊതു സംവിധാനം ഏർപ്പെടുത്തുകയും, സംസ്കരണ യൂണിറ്റ് ഏർപ്പെടുത്തുകയും ചെയ്യുക.
- എല്ലാ പ്രധാന ജലസ്രോതസുകളുടെയും തീരങ്ങളിൽ ഗ്രീൻ സ്ട്രിപ്പ് നിർദ്ദേശിക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഹൈസ്കൂൾ തലം മുതൽ നടപ്പിലാക്കുക.
- ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ലേബർ ബാങ്ക് രൂപീകരിക്കുക.
- വിദേശ തൊഴിൽ മേഖലയുമായി സഹകരിച്ച് ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- കോട്ടയം മെഡിക്കൽ കോളേജ് ദന്തൽ കോളേജ്, ഹോമിയോ റിസർച്ച് സെന്റർ, കുറിച്ചി, വെക്ടർ കൺട്രോൾ ആന്റ് റിസർച്ച് സെന്റർ, സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ എന്നിവ സംയോജിപ്പിച്ച് മെഡിസിറ്റി ആവിഷ്കരിക്കുക.

- കെ. ആർ. നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷൻ, മീഡിയ സെന്റർ ഓഫ് എം.ജി. യൂണിവേഴ്സിറ്റി, മനോരമ സ്കൂൾ ഓഫ് എഡ്യൂക്കേഷൻ, സെന്റ് ജോസഫ് മീഡിയ സിറ്റി ഓഫ് ചങ്ങനാശ്ശേരി എന്നിവ സംയോജിപ്പിച്ച് മീഡിയ കോറിഡോർ വികസിപ്പിക്കുക.
- കോട്ടയം പച്ചക്കറി മാർക്കറ്റ് ഏരിയ, വഴിയോര കച്ചവട മേഖലയായി പ്രഖ്യാപിക്കുക. ഈ മേഖലയിൽ ആവശ്യമായ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തുക.
- താഴത്തങ്ങാടി ഹെറിറ്റേജ് മേഖലയുടെ സംരക്ഷണം.
- കോട്ടയം നഗരസഭയിലെ കളത്തിൽ കടവിൽ പുതിയ പാർക്ക്.
- കോട്ടയം നഗരസഭയിലെ പുളിനാക്കൽ ഏരിയയിൽ സ്റ്റേഡിയം.
- കോട്ടയം നഗരസഭയിൽ കെ. കെ. റോഡ്, ടി. ബി. റോഡ്, നാഗമ്പടം, കോടിമത, ചിങ്ങവനം, സംക്രാന്തി എന്നിവിടങ്ങളിൽ പാർക്കിംഗ് സംവിധാനം ഏർപ്പെടുത്തുക.
- കോട്ടയം മെഡിക്കൽ കോളേജ് ബസ് സ്റ്റാന്റും, പരിസര പ്രദേശങ്ങളുടെയും വികസനം, നിലവിലുള്ള വഴിയോര കച്ചവടം പൂർണ്ണമായും പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി.
- കഞ്ഞിക്കുഴി, നാഗമ്പടം, ചിങ്ങവനം, സംക്രാന്തി എന്നിവടങ്ങളിൽ ഫ്ളൈ ഓവറുകളും, ശീമാട്ടി റൗണ്ടാനയിൽ സബ് വേയും നിർമ്മിക്കുക.
- കോട്ടയം നഗരസഭയ്ക്ക് കോടിമതയിൽ പുതിയ ഓഫീസ് കോംപ്ലക്സ്
- ചങ്ങനാശ്ശേരി പൂവക്കാട്ട് ചിറയിൽ ഓപ്പൺ എയർ ഓഡിറ്റോറിയം, പാർക്കിംഗ് ഏരിയ ഫെയർ ഗ്രൗണ്ട് എന്നിവ വികസിപ്പിക്കുക.
- ചങ്ങനാശ്ശേരി റെയിൽവേ സ്റ്റേഷനു സമീപം എം.സി. റോഡ് ബൈപ്പാസിനോട് ചേർന്ന് പുതിയ ബസ് ടെർമിനൽ.
- ചങ്ങനാശ്ശേരി ബോട്ട് ജെട്ടിക്കു സമീപം ടൂറിസ്റ്റ് ട്രാൻസിറ്റ് സെന്റർ.
- വൈക്കം ബോട്ട് ജെട്ടിക്കു സമീപം ദേശീയ ജലപാതയ്ക്കായി ഒരു ടെർമിനൽ വികസിപ്പിക്കുക.
- വൈക്കം നഗരസഭയിൽ വേമ്പനാട് കായലിനു സമീപം അക്വാട്ടിക് സ്പോർട്ട്സ് കോംപ്ലക്സ്.
- വൈക്കം നഗരസഭയിൽ കരിയാറിനു സമീപം കുട്ടികളുടെ പാർക്ക്.
- വൈക്കം നഗരസഭയിൽ മഹാദേവ ക്ഷേത്രത്തിനു വടക്കുകിഴക്ക് ഭാഗത്ത് പുതിയ ബസ് ടെർമിനൽ.
- വൈക്കം നഗരസഭയിലെ പെരുംചില തോട്, അന്ധകാര തോട്, കണിയാം തോട് എന്നിവയുടെ സംരക്ഷണം.
- ഏറ്റുമാനൂർ-മണർകാട് ബൈപ്പാസ്, ഈരയിൽ കടവ്, കെ. കെ. റോഡ് എന്നിവയുടെ പൂർത്തീകരണം.
- ജില്ലയിലെ ബസ് ടെർമിനലുകളോടനുബന്ധിച്ച് ഈ-ടോയ്ലെറ്റ് ബ്ലോക്ക്.

അദ്ധ്യായം 4

വികസനമേഖലകൾ
അവസ്ഥയും പരിപ്രേക്ഷ്യവും

4.1 ഉല്പാദന മേഖല

4.1.1 നീർത്തടാധിഷ്ഠിത വികസനം, കൃഷി, മണ്ണ് സംരക്ഷണം

നീർത്തടാധിഷ്ഠിത വികസനം, കൃഷി

ആമുഖം

കാർഷിക പ്രധാനമാണ് ജില്ലയുടെ സമ്പത്ത് വ്യവസ്ഥ.കേരള സംസ്ഥാനത്തിന്റെ കാർഷിക മേഖലയുടെ ഒരു തനിപരിച്ഛേദമാണ് കോട്ടയം ജില്ലയുടേത്. കേരള ഭൂപ്രകൃതിയുടെ പ്രധാന വിഭജനങ്ങളായ മലനാട്, ഇടനാട്, താഴ്ന്നപ്രദേശം എന്നീ മൂന്നു മേഖലകളും കോട്ടയത്തിന്റെ ഭൂപ്രകൃതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഓരോ പ്രദേശത്തിനും അതിൻറേതായ കാർഷിക പ്രത്യേകതകളുണ്ട്. വേമ്പനാട് കായലിനോട് ചേർന്നുകിടക്കുന്ന താഴ്ന്ന പ്രദേശവും ഇടുക്കി, പത്തനംതിട്ട ജില്ലകളോട് ചേർന്നുള്ള മലയോര പ്രദേശവും ഇവയുടെ മദ്ധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന ഇടനാടും കോട്ടയത്തിന്റെ കാർഷിക മേഖലയുടെ സവിശേഷതയാണ്.

ഭക്ഷ്യസുരക്ഷയ്ക്കും സുസ്ഥിര വികസനത്തിനും കാർഷികാദായം വർദ്ധിപ്പിക്കുന്നതിനും കാർഷിക മേഖലയിൽ സമഗ്രമായ ഇടപെടൽ ആവശ്യമായിരിക്കുന്നു. തരിശായ നിലങ്ങളിലും പുരയിടങ്ങളിലും കൃഷിചെയ്ത് കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്ന കാര്യം എടുത്താൽ, സാധ്യമാകുന്ന പരമാവധി ഉല്പാദന ക്ഷമതയ്ക്കും യഥാർത്ഥ ഉൽപാദനത്തിനും ഇടയിൽ ഇന്നുള്ള വിടവ് കൈവശമുള്ള ശാസ്ത്ര-സാങ്കേതികവിദ്യ ഉപയോഗിച്ച് നികത്തുവാൻ സാധിക്കും. ഗുണനിലവാരത്തിന് ഇന്ന് വളരെ പ്രസക്തിയുണ്ട്. ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ ഉല്പാദകർക്കും ഉപഭോക്താക്കൾക്കും ഗുണനിലവാരസാക്ഷരത നൽകുകയും ആഭ്യന്തര- കയറ്റുമതി വിപണികളിൽ എത്തുന്ന ഉല്പന്നങ്ങളുടെ സാനിട്ടറി ഫൈറ്റോസാനിട്ടറി നിയമങ്ങൾ അനുശാസിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കുവാനുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും വഴി കാർഷികാദായം വർദ്ധിപ്പിക്കുവാൻ സാധിക്കും. മൂല്യവർദ്ധനവിനും കാർഷിക വിഭവ സംസ്കരണത്തിനും ഊന്നൽ കൊടുക്കേണ്ടതുണ്ട്. കാർഷികോത്പാദന ക്ഷമതയിൽ സുസ്ഥിരമായ പുരോഗതിക്കാവശ്യമുള്ള പരിസ്ഥിതിയിലെ അടിസ്ഥാന സൗകര്യങ്ങളിൽ സജീവ ശ്രദ്ധ പതിപ്പിച്ചും മണ്ണിന്റെ ആരോഗ്യ രക്ഷ, ജലസംഭരണം, ജൈവ വൈവിധ്യ സംരക്ഷണം എന്നിവയ്ക്ക് ഊന്നൽ നൽകിയും കോട്ടയം ജില്ലയ്ക്ക് സുസ്ഥിരമായ ഒരു കാർഷിക വ്യാപാര സുരക്ഷാ വ്യവസ്ഥ കെട്ടിപ്പടുക്കുവാൻ പതിമൂന്നാം പഞ്ചവത്സരപദ്ധതി വഴി സാധിയ്ക്കും.

ജില്ലയിലെ പ്രധാന വിളകൾ നെല്ല്, റബ്ബർ, തെങ്ങ്, കുരുമുളക്, സുഗന്ധവിളകൾ, പച്ചക്കറി, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയാണ്. ജില്ലയുടെ ആകെ ഭൂവിസ്തൃതി 2206 ഹെക്ടറാണ്. ഇതിൽ വനപ്രദേശം **8141** ഹെക്ടറും, കൃഷിയോജ്യമായ വിസ്തൃതി **1,87,712** ഹെക്ടറും കൃഷി ചെയ്തുവരുന്നത് **1,84,666** ഹെക്ടറിലുമാണ്. സ്ഥിരം തരിശ് ഭൂമിയായി കിടക്കുന്നത് **3046** ഹെക്ടറുമാണ്.

റബ്ബറാണ് ജില്ലയിലെ പ്രധാന വിള. ഇന്ത്യയിൽ റബറുത്പാദനത്തിൽ ഒന്നാം സ്ഥാനം കോട്ടയം ജില്ലയ്ക്കാണ്. മരങ്ങൾക്ക് വളരാനുള്ള അനുയോജ്യമായ മണ്ണും, കാലാവസ്ഥയുമാണ് കോട്ടയം റബ്ബർ കൃഷിയിൽ മുൻപന്തിയിൽ എത്താനുള്ള കാരണം. ഇതുമൂലം ഇവിടുത്തെ കർഷകർക്ക് ഒരു സ്ഥിരവരുമാനം ലഭിക്കുന്നു. 4 വർഷത്തിലധികം പ്രായമായ, ആകെ വിസ്തൃതി 66,105.67 ഹെക്ടർ ഉള്ള തോട്ടങ്ങൾ ഇവിടെയുണ്ട്. ഇവ മീനച്ചിൽ (44.7%), കാഞ്ഞിരപ്പള്ളി (23.66%), കോട്ടയം (17.4%) ചങ്ങനാശേരി (10.4%) വൈക്കം (3.9%) എന്നീ താലൂക്കുകളിലായി വ്യാപിച്ചു കിടക്കുന്നു. കേരളത്തിന്റെ റബറുൽപാദനത്തിൽ 20%വും സംഭാവന ചെയ്യുന്നത് കോട്ടയം ജില്ലയാണ്. (ഇന്ത്യൻ റബ്ബർ സ്റ്റാറ്റിസ്റ്റിക്സ്, വാല്യം 38 — 2017, റബ്ബർ ബോർഡ്)

1. കാർഷിക മേഖലയുടെ പങ്ക്

യോജിത മൂല്യത്തിലും പ്രതിശീർഷവരുമാനത്തിലും കൃഷിയുടെ വിഹിതം കാർഷിക മേഖലയുടെ പങ്ക് വ്യക്തമാക്കുന്നു.

അടിസ്ഥാന വർഷം (2011-12)

എ) മൊത്തം സംയോജിതമൂല്യം നടപ്പിൽ അടിസ്ഥാനമാക്കിയുള്ളത്.

പട്ടിക 4.1.1 (1)

ക്രമ നം.	ഇനം	കേരളം	കോട്ടയം	കോട്ടയത്തിന്റെ റാങ്ക്
1	വിളകൾ(ലക്ഷം രൂപ)	28,37,347	279229	3
2	പ്രതിശീർഷ വരുമാനം (രൂപ)	1,26,887	137524	3

ബി) മൊത്തം സംയോജിത മൂല്യം (സ്ഥിര വില ആധാരമായി)

ക്രമ നം.	ഇനം	കേരളം	കോട്ടയം	കോട്ടയത്തിന്റെ റാങ്ക്
1	വിളകൾ ലക്ഷം രൂപ	2599876	306254	1
2	പ്രതിശീർഷവരുമാനം രൂപ	109900	122129	5

അടിസ്ഥാന വർഷം 2015-16

എ) മൊത്തം സംയോജിത മൂല്യം (നടപ്പിൽ ആധാരമാക്കി)

ക്രമ നം.	ഇനം	കേരളം	കോട്ടയം	കോട്ടയത്തിന്റെ റാങ്ക്
1	വിളകൾ (ലക്ഷം രൂപ)	2685772	168343	6
2	പ്രതിശീർഷവരുമാനം (രൂപ)	1568686	1628711	7

ബി) മൊത്തം സംയോജിത മൂല്യം (സ്ഥിര വില ആധാരമാക്കി)

ക്രമ നം.	ഇനം	കേരളം	കോട്ടയം	കോട്ടയത്തിന്റെ റാങ്ക്
1	വിളകൾ ലക്ഷം രൂപ	2329600	224836	3
2	പ്രതിശീർഷവരുമാനം രൂപ	124381	132649	5

(അവലംബം - സാമ്പത്തിക അവലോകനം വാല്യം - 2 2016 വർഷം)

മേൽപട്ടികയിൽ നിന്നും മനസ്സിലാക്കേണ്ടത് ജില്ലയുടെ സമ്പദ് വ്യവസ്ഥ കാർഷികാധിഷ്ഠിതമാണ് എന്നതാണ്. കേരള സമ്പത്ത് വ്യവസ്ഥയിൽ റബ്ബറിന്റെ വിലയിടിവ് എന്ന പ്രശ്നമുണ്ടായപ്പോൾ പോലും ഗണ്യമായ സംഭാവന കോട്ടയം ജില്ല നൽകുന്നുണ്ട്.

2015-16 സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ നെൽ കൃഷി ചെയ്യുന്ന സ്ഥല വിസ്തീർണ്ണത്തിലും (17295 ഹെക്ടർ) മൊത്ത ഉൽപാദനത്തിലും (49506 ടൺ) ജില്ലയ്ക്ക് 4-ാം സ്ഥാനമാണ്. ഉല്പാദന ക്ഷമതയിൽ കോട്ടയം ജില്ല മൂന്നാമതാണ്. 3.42 ടൺ / ഹെക്ടർ. കേരളത്തിന്റെ നെല്ലറകളായ ആലപ്പുഴ, പാലക്കാട് ജില്ലകളെ ഇക്കാര്യത്തിൽ കോട്ടയം ജില്ല പിന്നിലാക്കിയിരിക്കുകയാണ്. തന്നെയുമല്ല കഴിഞ്ഞ 3 വർഷങ്ങളിലെ കണക്ക് പരിശോധിക്കുമ്പോൾ ഉല്പാദനക്ഷമതയിൽ വർദ്ധനവ് കൈവരിച്ച രണ്ട് ജില്ലകളിൽ ഒന്ന് കോട്ടയമാണ്.

2. നിലവിലെ സ്ഥിതി

എ) പൊതുഭൂപ്രകൃതി

പട്ടിക 4.1.1 (2)

ക്രമ നം.	പ്രദേശം	ഉൾപ്പെടുന്ന സ്ഥലം	പ്രധാന വിളകൾ	മണ്ണിന്റെ സ്വഭാവം	തൊഴിൽ
1	തീരപ്രദേശം സമുദ്രനിരപ്പിൽ നിന്നും 1.5 മീറ്റർ താഴെ മുതൽ 7.5 മീറ്റർ ഉയരം വരെ	വേമ്പനാട് കായലിനോട് ചേർന്നുകിടക്കുന്ന ചങ്ങനാശ്ശേരി, കോട്ടയം വൈക്കം താലൂക്കിലെ പ്രദേശങ്ങൾ ആകെ വിസ്തീർണ്ണത്തിന്റെ 18% (398 ച.കി)	നെല്ല് തെങ്ങ് പച്ചക്കറി മത്സ്യകൃഷി	മണൽ മണ്ണ് മുതൽ കളിമണ്ണ് വരെ	കൃഷി മത്സ്യ ബന്ധനം
2	ഇടനാട്- സമുദ്ര നിരപ്പിൽ നിന്നും 7.5 മീറ്റർ മുതൽ 76 മീറ്റർ വരെ ഉയരമുള്ള പ്രദേശം	ജില്ലയുടെ ഏറിയ ഭാഗവും ആകെ വിസ്തീർണ്ണത്തിന്റെ 58.45% (1287 .78 ച.കി)	റബ്ബർ, തെങ്ങ്, പച്ചക്കറി, സുഗന്ധ വിളകൾ, വാഴ	ഇളക്കുകല്ലുകൾ, വെട്ടുകല്ല്, എക്കൽ അടങ്ങിയ ഫലഭൂയിഷ്ഠമായ മണ്ണ്	കൃഷി
3	മലനാട്- സമുദ്രനിരപ്പിൽ നിന്നും 76 മീറ്റർ - 750 മീറ്റർ വരെ ഉയരം	പത്തനംതിട്ട, ഇടുക്കി ജില്ലയോട് ചേർന്നു കിടക്കുന്ന ജില്ലയുടെ പ്രദേശങ്ങൾ ആകെ വിസ്തീർണ്ണത്തിന്റെ 23.12% (509.32 ച.കി)	കുരുമുളക്, മറ്റ് സുഗന്ധവിളകൾ, കിഴങ്ങു വർഗ്ഗം	ചെമ്മണ്ണും മണലും കലർന്ന പശിമരാശി മണ്ണ്, പാറക്കൂട്ടങ്ങൾ	

ബി) മണ്ണ്

കൃഷി ചെയ്യേണ്ട വിളകളും കൃഷിയുടെ സ്വഭാവവും മണ്ണിന്റെ രാസഭൗതിക ഗുണങ്ങളെ ആശ്രയിച്ചാണ് തീരുമാനിക്കുന്നത്. ജലസംഭരണ ശേഷി, ജലനിർഗ്ഗമനം, വായു സഞ്ചാരം, മണ്ണിന്റെ അയവ്, പോഷക മൂലകങ്ങൾ വിട്ടുതരുന്നതിനുള്ള കഴിവ് ഇവയെല്ലാം മണ്ണിന്റെ ഗുണങ്ങളിൽപ്പെടും. മണ്ണിലെ തരികളുടെ വലിപ്പം, അനുപാതം, ക്രമീകരണം, ധാതുഘടന ഇവയാണ് മണ്ണിന്റെ ഭൗതിക ഗുണങ്ങൾക്ക് നിദാനം. മണ്ണിലെ ധാതുക്കൾ, ജൈവവസ്തുക്കൾ, ജലം, വായു ഇവയുടെ അനുപാതം ജില്ലയിലെ പല തലങ്ങളിലും സ്ഥലങ്ങളിലും വ്യത്യസ്തമായി കാണുന്നു.

കൃഷി രീതി തീരുമാനിക്കുന്നതിന് മണ്ണിന്റെ ആഴം വളരെയധികം പ്രാധാന്യം നൽകേണ്ട ഒരു സംഗതിയാണ്. ജില്ലയുടെ പല പ്രദേശങ്ങളിലും 1.5 മീറ്ററിൽ അധികം ആഴമുള്ള മൺ സമുച്ചയങ്ങൾ കാണപ്പെടുന്നുണ്ട്. മൺ ശ്രേണികളുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് മൺ സമുച്ചയത്തിൽ അവയ്ക്കുള്ള സ്ഥാനക്രമം നിശ്ചയിച്ചിരിക്കുന്നത്.

മണ്ണിന്റെ ഘടന

മണ്ണിന്റെ ഘടന അനുസരിച്ച് മണ്ണിനെ മണൽ മണ്ണ്, പശിമരാശി മണ്ണ്, കളിമണ്ണ് എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. മണൽപ്രദേശങ്ങളിൽ വെള്ളം നന്നായി വാർന്നു പോകുമെന്നതിനാൽ കൂടുതൽ ജലസേചനം ആവശ്യമാണ്. കളിമണ്ണിന് ജലസംഭരണശേഷി കൂടുതലാണെങ്കിലും അതുകൊണ്ടുതന്നെ വെള്ളക്കെട്ടുണ്ടാകുകയും വായു സഞ്ചാരം കുറയുകയും ചെയ്യും. ഉണങ്ങിയൽ വിണ്ടുകീറുന്നതിനുമിടയാകും. താരതമ്യേന നല്ല ഘടനയോടുകൂടിയ പശിമരാശി മണ്ണാണ് വിളക്കേറ്റവും അനുയോജ്യം. ജില്ലയുടെ ഭൂരിഭാഗം പ്രദേശങ്ങളിലും ചെമ്മണ്ണും കലർന്ന കളിമണ്ണും കാണപ്പെടുന്നു.

നീർവാഴ്ച

മണ്ണു പരിപാലനത്തിൽ നീർവാഴ്ചക്കുള്ള പ്രാധാന്യം ഏറെയാണ്. ജില്ലയിൽ ഏറിയ കൂറും നല്ല നീർവാഴ്ചയുള്ള മണ്ണാണ്.

മണ്ണിന്റെ ജല ലഭ്യത

മണ്ണിന്റെ ആഴവും ഘടനയുമനുസരിച്ച് ജലസംഭരണം വ്യത്യാസപ്പെട്ടിരിക്കും. ജില്ലയിലെ ഏകദേശം **35%** സ്ഥലവും ഉയർന്ന ജലസംഭരണശേഷിയുള്ള മണ്ണോടുകൂടിയതാണ്.

സി) ഭൂവിനിയോഗ രീതി

പട്ടിക 4.1.1 (3)

ക്രമ നം	ഇനം	വിസ്തീർണ്ണം (ഹെക്ടർ)
1	ആകെ വിസ്തീർണം (ഹെക്ടർ)	219550
2	വനം	8141
3	കൃഷി ചെയ്യുന്ന സ്ഥലം	184666
4	കൃഷിയോജ്യമായ സ്ഥലം	187712
5	കാർഷികേതര ഭൂമി	25893
6	കൃഷിക്ക് അനുയോജ്യമല്ലാത്തത്	1469
7	പുൽമേടുകൾ	0
8	മറ്റു വൃക്ഷങ്ങൾ ഉള്ള ഭൂമി	133
9	ഉപയോഗ ശൂന്യമായ കൃഷിഭൂമി	4890
10	തരിശു ഭൂമി നിലവിലെ തരിശ്ശാല്ലാതെയുള്ള തരിശു ഭൂമി	3046
11	നിലവിലെ തരിശു ഭൂമി	5808
12	(നെറ്റ് ഏരിയ)	164451
13	ഒന്നിലധികം പ്രാവശ്യം കൃഷി ചെയ്യുന്ന ഭൂ വിസ്തൃതി	26856.46
14	ആകെ കൃഷി ചെയ്യുന്ന വിസ്തൃതി	191307.464

അവലംബം : ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാൻ, കോട്ടയം 2017

ഡി) പ്രധാന വിളകളും ഉത്പ്പാദനവും അനുബന്ധം 4.1.1 (**1**) ൽ സൂചിപ്പിച്ചിരിക്കുന്നു.

ഇ) പരിസ്ഥിതി കാലാവസ്ഥ.

മഴ ലഭ്യത - മഴ വിന്യാസം

പട്ടിക 4.1.1 (4)

വർഷപാതം					
	അഗ്രോ എക്കോളജി, സോൾ ടൈപ്	ശരാശരി വാർഷിക വർഷപാതം (മി.മീ)			
ക്രമ നമ്പർ		ജനുവരി - മാർച്	ഏപ്രിൽ- മെയ്	ജൂൺ- ജൂലൈ	ഒക്ടോബർ- ഡിസംബർ
1	AEU 4(കുട്ടനാട്)	156	556	1895	1113
2	AEU-19ദക്ഷിണ മധ്യമേഖലകൾ	156	556	1895	1113
3	AEU-12ദക്ഷിണ മധ്യ താഴ്വാരങ്ങളും	156	556	1895	1113

ചിത്രം. 4.1.1 (1)

താപ നില

പട്ടിക 4.1.1 (5)

താപ നില										
ക്രമ നമ്പർ	അഗ്രോ എക്കോളജി, സോൺ ടൈപ്	ശരാശരി പ്രതിവാര ഊഷ്മാവ്								
		വേനൽകാലം ഏപ്രിൽ- മെയ്			മഞ്ഞുകാലം ഒക്ടോബർ- മാർച്			മഴക്കാലം ജൂൺ- സെപ്റ്റംബർ		
1	AEU 4(കുട്ടനാട്)	23.8	34.2	29	22.4	32.7	27.5	23.2	32	27.6
2	AEU-19ദക്ഷിണ മധ്യമേഖലകൾ	23.8	34.2	29	22.4	32.7	27.5	23.2	32	27.6
3	AEU-12ദക്ഷിണ മധ്യ താഴ്വാരങ്ങളും	23.8	34.2	29	22.4	32.7	27.5	23.2	32	27.6

ചിത്രം 4.1.1 (2)

അവലംബം: ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാൻ ,കോട്ടയം 2017

ജല സ്രോതസ്സ്

എ. നദികൾ

മൂവാറ്റുപുഴ, മണിമല, മീനച്ചിൽ എന്നീ മൂന്നു നദികളും അതിന്റെ മൂന്നു കൈവഴികളുമാണ് ജില്ലയിലെ മുഖ്യ ജല സ്രോതസ്സുകൾ. മൂവാറ്റുപുഴ ജലസേചന പദ്ധതി നടപ്പിലാക്കി കഴിയുമ്പോൾ ആറ് പഞ്ചായത്തുകളിലായി 2705 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ലഭ്യമാകും. കോട്ടയം ജില്ലയുടെ ഉയരപ്രദേശങ്ങളിൽ ജലസേചനത്തിനുതകുന്ന മീനച്ചിൽ നദീതട സംരക്ഷണ പദ്ധതി പൂർത്തീകരിക്കുമ്പോൾ 9489 ഹെക്ടർ സ്ഥലത്ത് പ്രയോജനപ്പെട്ടും.

ബി. പ്രാദേശിക ജലസ്രോതസ്സുകൾ

ചെറുകിട ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും തോടുകൾ, കുളങ്ങൾ, കിണറുകൾ മുതലായ പരമ്പരാഗത ജലസ്രോതസ്സുകളും ഇതിൽ ഉൾപ്പെട്ടും.

ജലസേചന സൗകര്യങ്ങളും വിസ്തീർണ്ണവും

പട്ടിക 4.1.1 (6)

	ഉറവിടം	വിസ്തൃതി (ഹെക്ടർ)	
		കോട്ടയം	കേരളം
1	സർക്കാർ കനാൽ	2762	103136
2	സ്വകാര്യ കനാൽ	305	3681
3	സർക്കാർ കുളങ്ങൾ	430	2881
4	സ്വകാര്യ കിണർ	493	75727
5	സർക്കാർ കിണർ	28	1410
6	ചെറുകിട ലിഫ്റ്റ് ഇറിഗേഷൻ	975	22119
7	മറ്റു മാർഗ്ഗങ്ങൾ	11548	90357

അവലംബം : ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാൻ ,കോട്ടയം 2017

ഹരിത കേരളം പദ്ധതി ഇടപെടലും നേട്ടങ്ങളും

കേരള സംസ്ഥാന സർക്കാർ ഹരിത കേരള മിഷൻ രൂപീകരിച്ചതുവഴി പാരിസ്ഥിതിക വെല്ലുവിളികളെ നേരിടുവാനും പരിസ്ഥിതി സന്തുലനം വീണ്ടെടുക്കുവാൻ ഉള്ള ശ്രമകരമായ നീക്കങ്ങൾക്കു തുടക്കം കുറിച്ചിരിക്കുന്നു. ഇതിന്റെ ഭാഗമായി മീനച്ചിലാർ - മീനന്തറയാർ , കൊടൂരാർ നദീ സംയോജനം നടന്നുവരുന്നു. ഇതു മൂലം അയർക്കുന്നം - വിജയപുരം, മണർകാട് പഞ്ചായത്തുകളിൽ ഉൾപ്പെട്ട 480 ഹെക്ടർ പാടശേഖരം കൃഷിയോഗ്യമാക്കുവാൻ സാധിയ്ക്കും. ആദ്യപടിയായി മണർകാട് - വിജയപുരം പഞ്ചായത്തുകളിൽ ഉൾപ്പെട്ട വി എം കെ എന്നറിയപ്പെടുന്ന വടവാതൂർ - മാലം, കരിക്കോട്ടുമൂല പാടശേഖരം 200 ഹെക്ടർ സ്ഥലം കൃഷി ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ക്രമനം.	പദ്ധതി ഇടപെടലുകൾ	നേട്ടങ്ങൾ
1	നെൽകൃഷി വികസനം	
2	സുസ്ഥിരനെൽകൃഷി വികസനം	നെൽകൃഷി 17333 ഹെക്ടറിലേയ്ക്ക് വ്യാപിപ്പിച്ചു.
3	തരിശ് കൃഷി പ്രോത്സാഹനം	2017-ൽ 500 ഹെക്ടർ കൂടുതൽ തരിശ് പ്രദേശത്ത് നെൽകൃഷി സാദ്ധ്യമാക്കി
4	കരനെല്ല് കൃഷി പ്രോത്സാഹനം (ഓണത്തിന് ഒരു പറ നെല്ല് പദ്ധതി)	213 ഹെക്ടറിൽ കരനെല്ല് വിജയകരമായി കൃഷി ചെയ്തു.
5	ഒരുപ്പ- ഇരുപ്പ കൃഷി	100 ഹെക്ടർ ഒരുപ്പകൃഷിയിടങ്ങൾ ഇരുപ്പകൃഷി സാദ്ധ്യമാക്കി
6	ബ്ലോക്ക് തല സംയോജന പദ്ധതി	480 ഹെക്ടർ തരിശ് പാടത്തിൽ ഇതിലൂടെ കൃഷി ചെയ്യുന്നതാണ്.

തരിശ് കൃഷി

ഗവൺമെന്റിന്റെ ശക്തമായ പിന്തുണയോടെ കൃഷിവകുപ്പ് കുമരകം മെത്രാൻ കായൽ പ്രദേശത്ത് കഴിഞ്ഞ 10 വർഷത്തിലധികമായി തരിശ് ഇട്ടിരുന്ന കായൽ നിലത്തിൽ 320 ഏക്കർ പ്രദേശത്ത് കാർഷികേതര പ്രവർത്തനത്തിന് ഉപയോഗിക്കുന്നതിനെതിരെ ശരിയായ നിലപാടെടുത്ത് വമ്പിച്ച ജനപങ്കാളിത്തത്തോടെ കൃഷി സാദ്ധ്യമാക്കി. വിളവെടുത്ത നെല്ല്, കർഷകർക്ക് ന്യായവില നൽകി ഓയിൽ പാം ഇൻഡ്യ മുഖേന സംഭരിച്ച് 'മെത്രാൻ കായൽ' അരി എന്ന ബ്രാൻറിൽ വിപണനം നടത്തുകയും അരിക്ക് വിപണിയിൽ വമ്പിച്ച ജനപ്രീതി ലഭിയ്ക്കുകയും ചെയ്തു. ഇത് കാർഷിക മേഖലയിൽ, പ്രത്യേകിച്ച് നെൽകൃഷിയിൽ പുത്തൻ ഉണർവ്വ് സമ്മാനിച്ചു. ഇതിന്റെ ഭാഗമായി, ഈ വർഷം മെത്രാൻ കായലിലെ മുഴുവൻ പ്രദേശത്തും (400 ഏക്കർ) കൃഷി ചെയ്തിരിക്കുന്നു. കല്ലറ, കടുത്തുരുത്തി, പനച്ചിക്കാട് തുടങ്ങി മറ്റു പ്രദേശങ്ങളും തരിശ് കൃഷിക്കായി മുമ്പോട്ട് വന്നിട്ടുണ്ട്. ഈ വർഷം 500 ഹെക്ടർ തരിശ് പാടത്ത് കൃഷി സാദ്ധ്യമാക്കുന്നതിന് ലക്ഷ്യമിടുന്നു.

ബ്ലോക്ക്തല സംയോജന പദ്ധതി (convergence)

ഈ പദ്ധതിയുടെ ഭാഗമായി ജില്ലയിൽ ഒരു ബഹുജനകാർഷിക മുന്നേറ്റം ദൃശ്യമായിട്ടുണ്ട്. മീനച്ചിലാർ-മീന്തറയാർ - കൊട്ടൂരാർ എന്നിവയും ഇവയുടെ കൈവഴികളും തെളിച്ച് ആഴം കൂട്ടി ബൃഹത്തായ നദീസംയോജന പദ്ധതി ലക്ഷ്യമിട്ടു മുന്നേറുകയാണ്. പദ്ധതിയുടെ ഭാഗമായി ഇതിനോടകം വിജയപുരം, മണർകാട്, അയർക്കുന്നം പഞ്ചായത്തുകളിൽപ്പെട്ട 480 ഹെക്ടർ (1200 ഏക്കർ) തരിശ് നെൽപാടങ്ങൾ കൃഷിയ്ക്കുപയുക്തമാക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിലൂടെ *പ്രകൃതിയുടെ സന്തുലനം നിലനിർത്തുക* എന്ന ഒരു വലിയ സന്ദേശവും ജനങ്ങൾക്ക് ഇതിനോടകം എത്തിച്ചു നൽകാൻ കഴിഞ്ഞിട്ടുണ്ട്.

പച്ചക്കറി കൃഷി വികസനം

i)	വിസ്തീർണ്ണ വ്യാപന പദ്ധതികൾ (സ്കൂളുകൾ, എൻജിഒ, കൃഷിഭവൻ മുഖേനയുള്ള അടുക്കളത്തോട്ട കൃഷി - ഓണത്തിന് 'ഒരുമുറം പച്ചക്കറി പദ്ധതി'	3.5 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും , പച്ചക്കറി തൈകളും വിതരണം ചെയ്തു. (700 ഹെക്ടർ ലക്ഷ്യമിടുന്നു).
ii)	ഗ്രൂപ്പ്/ ക്ലസ്റ്ററുകൾ വഴിയുള്ള പ്രോത്സാഹനം	100 ക്ലസ്റ്ററുകൾ വഴി - 500 ഹെക്ടർ
iii)	ഗ്രോബാഗിലുള്ള കൃഷി പ്രോത്സാഹനം	1,50,000 ഗ്രോബാഗുകൾ വിതരണം ചെയ്തു.
iv)	തരിശ് കൃഷി പ്രോത്സാഹനം	65 ഹെക്ടറിൽ നടപ്പാക്കി
v)	മാദ്ധ്യമങ്ങൾ വഴി പച്ചക്കറി പ്രോത്സാഹനം	2 ലക്ഷം പായ്ക്കറ്റുകൾ വിതരണം ചെയ്തു.
vi)	പരമ്പരാഗത പച്ചക്കറി പ്രോത്സാഹനം	തെരഞ്ഞെടുക്കപ്പെട്ട 5 ഹെക്ടറിൽ ലക്ഷ്യമിടുന്നു.
vii)	പോളിഹൗസിൽ പച്ചക്കറി പ്രോത്സാഹനം	7 ലക്ഷം രൂപ ധനസഹായം നൽകുന്നു.
viii)	പച്ചക്കറി സംഭരണം പ്രോത്സാഹനം	100 എണ്ണം ഗ്രാമീണ ശീതീകരണ ചേമ്പറുകൾ ലക്ഷ്യമിടുന്നു.
ix)	മൂല്യവർദ്ധനവ് പ്രോത്സാഹനം	ക്ലസ്റ്ററുകളിലൂടെ ഇതിനായി 3 ലക്ഷം രൂപ ധനസഹായം നൽകുന്നുണ്ട്.

പഴവർഗ്ഗങ്ങൾ -പൂക്കൾ

i)	വിസ്തീർണ്ണ വികസനം	വാഴ- 70 ഹെക്ടർ, കൈതച്ചക്ക -100 ഹെക്ടർ, നടപ്പാക്കുന്നതിന് ലക്ഷ്യമിടുന്നു.
ii)	ലൂസ് കട്ട് ഫ്ലവർ	6 ഹെക്ടർ സ്ഥലത്ത് ഇതിന്റെ പ്രയോജനം ലഭിയ്ക്കുന്നതാണ്.

തെങ്ങുകൃഷി

i)	കേരഗ്രാമ പദ്ധതി	തെങ്ങുകൃഷി വികസനത്തിനായി കേരഗ്രാമം പദ്ധതി നടപ്പാക്കിവരുന്നു. സമഗ്ര നാളികേര വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്ന ഈ പദ്ധതിയിലൂടെ നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം വിജയകരമായി പൂർത്തിയാക്കാൻ സാധിക്കുന്നുണ്ട്. തടം തുറക്കൽ, കളനിയന്ത്രണം, പുതയിടീൽ, തൊണ്ടടുക്കൽ, കുമ്മായ വസ്തുക്കൾ, മഗ്നീഷ്യം സൾഫേറ്റ്, സന്തുലിത രാസജൈവവള പ്രയോഗരീതികൾ, ജീവാണുവളം, സസ്യസംരക്ഷണ വസ്തുക്കൾ പ്രയോഗിക്കൽ തുടങ്ങിയ ശാസ്ത്രീയ സംയോജിത തെങ്ങ് കൃഷി പരിപാലന മുറകൾ നടപ്പാക്കുന്നു. ജില്ലയിൽ വൈക്കം, കോട്ടയം, ഏറ്റുമാനൂർ താലൂക്കുകളിൽ നടപ്പാക്കുന്നു. 490 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്

ജൈവകൃഷി പ്രോത്സാഹനം

i)	ജൈവകൃഷി ക്ലസ്റ്ററുകളുടെ പ്രോത്സാഹനം	ജില്ലയിൽ ഇതിനോടകം 8 എണ്ണം ഇത്തരത്തിൽ പൂർണ്ണ ജൈവകൃഷി ക്ലസ്റ്ററുകൾ ലക്ഷ്യമിടുന്നു.
ii)	ഇക്കോ ഷോപ്പുകൾ	ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി ഉൽപ്പന്നങ്ങൾ പായ്ക്കിംഗും, ലേബലിംഗും ഉൾപ്പെടെ നടത്തി ഇക്കോ ഷോപ്പുകളിലൂടെ വിപ ണനം നടത്തുന്നു. ഇതിലൂടെ കർകർക്ക് വരുമാനം വർദ്ധിക്കുന്നു. ഉപഭോക്താവിന് ഗുണമേന്മയുള്ള പച്ചക്കറി ലഭ്യമാക്കുന്നു. ജില്ലയിൽ ഇതിനോടകം 20 ഇക്കോ ഷോപ്പുകൾ ആരംഭിച്ചുകഴിഞ്ഞു.

തൊഴിലാളി ദൗർലഭ്യവും യന്ത്രവത്ക്കരണവും

i)	കാർഷിക കർമ്മസേനകൾ	ജില്ലയിൽ ഇതിനോടകം 14 കാർഷിക കർമ്മസേനകൾ ആരംഭിച്ചു. തൊഴിലാളികളെയും യന്ത്രസാമഗ്രികളും കാർഷിക കർമ്മസേനകൾ വഴി കർഷകർക്ക് ലഭ്യമാക്കുന്നു
ii)	അഗ്രോ സർവ്വീസ് സെൻററുകൾ	ജില്ലയിൽ 4 പ്രവർത്തനക്ഷമായ അഗ്രോ സർവ്വീസ് സെൻററുകൾ ഉണ്ട്. കർഷകരുടെ ആവശ്യകതയ്ക്ക് അനുസരിച്ച് യന്ത്രസാമഗ്രികൾ വാടകയ്ക്ക് ലഭ്യമാക്കുന്നു. ഒപ്പം യന്ത്രസാമഗ്രികളുടെ റിപ്പയറിംഗ് ചെയ്തു നൽകുന്നു.
iii)	അഗ്രോ മെഷീനറി സെൻറർ	ജില്ലയിൽ വിപുലമായ ഒരു അഗ്രോ മെഷീനറി സെൻറർ ഇതിനോടകം കോഴായിൽ പ്രവർത്തനമാരംഭിച്ചു.

വിജ്ഞാപന വ്യാപനം ശക്തിപ്പെടുത്തൽ

i)	പഞ്ചായത്ത് ഫാം പ്ലാൻ തയ്യാറക്കൽ	ജില്ലയിൽ ഇതിനോടകം 50 പഞ്ചായത്തുകൾ പ്ലാൻ തയ്യാറാക്കിക്കഴിഞ്ഞു .
ii)	പഞ്ചായത്ത് റിസോഴ്സ് ഗ്രൂപ്പ്	ഇതിനുള്ള നടപടിക്രമങ്ങൾ പഞ്ചായത്ത് തലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും പുരോഗമിക്കുന്നു.

വിപണന സൗകര്യം മെച്ചപ്പെടുത്തൽ

1. ഗ്രാമീണചന്തകൾ — നിലവിലുള്ള VFPCK, ഹോർട്ടികോർപ്പ് കുടുംബശ്രീ പച്ചക്കറി മാർക്കറ്റുകൾക്കൊപ്പം കൃഷിവകുപ്പ് സാധ്യമായ എല്ലാ പഞ്ചായത്തുകളിലും ആഴ്ച ചന്തകൾ ആരംഭിക്കുന്നതിന് നടപടിയെടുത്തു കഴിഞ്ഞു.

2. മൂല്യവർദ്ധനവും വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും — ഇതിനായി പ്രത്യേക യൂണിറ്റുകൾ, ശേഷമുള്ള പരിപാലനവും ക്ലസ്റ്ററുകൾ മുഖേന ആരംഭിക്കുന്നതിന് യൂണിറ്റിന് 1.5 ലക്ഷം വീതം ധനസഹായമനുവദിച്ച് 3 എണ്ണം ജില്ലയിൽ ലക്ഷ്യമിടുന്നു.

3. പ്രകൃതിയുടെസന്തുലനവുംകാർഷിക മേഖലയുടെ സംരക്ഷണവും — സർക്കാർ ഇതിന് അതീവ പ്രാധാന്യം നൽകുന്നുണ്ട്. നദി സംരക്ഷണത്തിനും പദ്ധതികളുടെ ഏകോപനത്തിനും, നെൽവയൽ-തണ്ണീർത്തട സംരക്ഷണത്തിനും എല്ലാ പഞ്ചായത്തുകൾക്കും കൃഷിഭവനുകൾക്കും നിർദ്ദേശം നൽകി പദ്ധതി പുരോഗിക്കുന്നു. കുറ്റരഹിതമായ ഒരു ഡേറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി ത്വരിതഗതിയിലാണ്.

പദ്ധതികൾ ഇതോടെ പൂർണ്ണമായി / കുറ്റരഹിതമായി എന്ന് അവകാശപ്പെടുന്നില്ല. എങ്കിലും ഹരിതകേരളം പദ്ധതിയിലൂടെ കാർഷിക മേഖലയിൽ ശക്തമായ ഒരു മുന്നേറ്റം സാധ്യമാക്കിയിട്ടുണ്ട് എന്ന് നിസ്സംശയം പറയുവാൻ കഴിയും. കൂടുതൽ ക്രിയാത്മകമായ നടപടികളിലൂടെ ജനക്ഷേമകരവും വിപ്ലവകരവുമായ ഒട്ടേറെ മുന്നേറ്റങ്ങൾ ഇനിയും നേടുവാൻ കഴിയുമെന്നു പ്രത്യാശയുണ്ട്.

നിലവിലെ പ്രശ്നങ്ങൾ

ജില്ലയിൽ കാർഷിക മേഖലയിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങളുടെ പട്ടിക നൽകിയിരിക്കുന്നു.

പട്ടിക 4.1.1 (7)

ക്രമ നമ്പർ	ഗുരുതര പ്രശ്നങ്ങൾ
1	കർഷക തൊഴിലാളികളുടെ ദൗർലഭ്യം
2	ഏറി വരുന്ന കൃഷി ചെലവ്/ കുറയുന്ന വരുമാനം
3	ഉത്പന്നങ്ങളുടെ വിലയിടിവ്
4	വിപണന സൗകര്യക്കുറവ്,
5	കാർഷിക വൃത്തിയോടുള്ള താല്പര്യക്കുറവ് / അവഗണന
6	അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്
7	ജല സേചന സൗകര്യക്കുറവ്
8	രോഗങ്ങളും,കീടങ്ങളും
9	വിള ഇൻഷുറൻസ് പരിരക്ഷയുടെ അപര്യാപ്തത
10	അനുബന്ധ വ്യവസായങ്ങളുടെ കുറവ്
11	ഗുണനിലവാരമുള്ള ഉല്പാദനോപാധികളുടെ ലഭ്യതക്കുറവ്
12	കൂട്ടായ്മക്കുറവ് - കർഷകരുടെ മനോഭാവം
13	കൃഷി ഭൂമിയുടെ തുണ്ടവത്കരണം
14	അശാസ്ത്രീയ കൃഷി രീതി
15	വിജ്ഞാന വ്യാപനം അപര്യാപ്തം
16	മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ അഭാവം
17	കാലാവസ്ഥ വ്യതിയാനം

പരിഹാര നിർദ്ദേശങ്ങൾ

1) വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനം

കാർഷിക അനുബന്ധ പ്രവർത്തനങ്ങളുടെ വിജയത്തിന് കൃഷി , ജലസേചനം ,മണ്ണ് പര്യവേഷണം, മണ്ണ് സംരക്ഷണം, മൃഗ സംരക്ഷണം, ക്ഷീര വികസനം, ശുചിത്വ- മാലിന്യ സംസ്കരണം, സഹകരണം, പൊതുവിതരണം, മത്സ്യബന്ധനം, ജല വിഭവം എന്നീ വകുപ്പുകളുടെയും ബന്ധപ്പെട്ട ഏജൻസി കളുടെയും പ്രവർത്തനങ്ങളെ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനതലത്തിൽ ഏകോപിപ്പിക്കലാണ് പ്രധാന ലക്ഷ്യം.

2) **കർഷക തൊഴിലാളികളുടെ ദൗർലഭ്യം**

എ) തൊഴിൽ ബാങ്ക്

കർഷകതൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ഒരു തൊഴിൽ ബാങ്ക് സൃഷ്ടിക്കണം. കർഷകതൊഴിലാളികൾ ഇതിൽ പേര് രജിസ്റ്റർ ചെയ്ത് അംഗങ്ങളാകണം. അങ്ങനെ തയ്യാറാക്കുന്ന കർഷകർക്ക് കർഷകതൊഴിലാളി പെൻഷൻ പോലെയുള്ള ആനുകൂല്യങ്ങൾക്ക് മുൻഗണന നൽകണം. പ്രസ്തുത രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കർഷകതൊഴിലാളികൾ പഞ്ചായത്തിന്റെയോ പഞ്ചായത്ത് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ നിർദ്ദേശമനുസരിച്ച് കാർഷിക മേഖലയിൽലെ തൊഴിൽ ചെയ്യാൻ സന്നദ്ധരായിരിക്കണം.

ബി) യന്ത്രവൽക്കരണം.

പ്രദേശത്തിനനുയോജ്യമായ വിളകൾക്ക് പ്രയോജനപ്പെടുന്ന തരത്തിലുള്ള യന്ത്രങ്ങൾ കർഷകർക്ക് നേരിട്ടും കർഷകഗ്രൂപ്പുകൾ വഴിയും ഹയറിംഗ് സെൻററുകൾ വഴിയും ലഭ്യമാക്കണം.

3) **കൃഷിച്ചെലവുകൾ കുറയ്ക്കണം**

- അനിയന്ത്രിതമായ വള പ്രയോഗവും മറ്റ് സസ്യ സംരക്ഷണ പ്രവർത്തനങ്ങളും കർഷകരുടെ പാഴ്ചെലവ് കൂട്ടുന്നു. ശാസ്ത്രീയാടിസ്ഥാനത്തിൽ മണ്ണു പരിശോധന നടത്താനാവശ്യമായ വളപ്രയോഗം മാത്രം അവലംബിക്കണം. ഇതിനായി ജില്ലയിലെ ജില്ലാ മണ്ണു പരിശോധന ശാലയുടെ പ്രവർത്തനം മികവുറ്റതാക്കണം. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.
- സഞ്ചരിക്കുന്ന മണ്ണു പരിശോധന ശാല സഞ്ചാരമില്ലാതെയാകുന്നു. മതിയായ അടിസ്ഥാന സൗകര്യങ്ങളുംവാഹനസൗകര്യവും ലഭ്യമാക്കണം.
- ഏതാനും പഞ്ചായത്തുകളിൽ ആരംഭിച്ചിട്ടുള്ള പ്ലാൻറ്-ഹെൽത്ത് ക്ലിനിക്കുകൾ എല്ലാ ഗ്രാമങ്ങളിലും വ്യാപിപ്പിക്കണം.

4) **ഉത്പന്നങ്ങളുടെ വിലയിടിവും മൂല്യവർദ്ധനവും**

- കൃഷി വകുപ്പിൽ ഫലപ്രദമായ ഒരു മാർക്കറ്റിംഗ് സംവിധാനം രൂപീകരിക്കണം.
- കാർഷിക ഉല്പന്നങ്ങളുടെ വില സ്ഥിരതയ്ക്കായി ഒരു സ്ഥിരം സംവിധാനമുണ്ടാകണം.
- അഗ്രോപാർക്ക് പോലെയുള്ള കേന്ദ്രങ്ങൾ സ്ഥാപിച്ച് കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിനായി കർഷകരെ പ്രാപ്തരാക്കണം.
- ഗ്രാമീണ വിപണന സംവിധാനങ്ങൾ ശക്തമാക്കണം. പച്ചക്കറിവിപണനത്തിന് ശീതികരിച്ച വിതരണ ചെയിൻ പോലെയുള്ള ശൃംഖലയ്ക്കു രൂപം നൽകണം. മൊബൈൽ മാർക്കറ്റുകൾ രൂപീകരിക്കുക

5) **കാർഷിക വൃത്തിയിൽ ഏർപ്പെടുന്നവരെ പ്രോത്സാഹിപ്പിക്കണം.**

- കർഷകകുടുംബങ്ങളിലെ കുട്ടികൾക്ക് പ്രൊഫഷണൽ ബിരുദങ്ങളായ കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് എന്നിവയ്ക്ക് കൂടുതൽ സംവരണം, സീറ്റ് ഏർപ്പെടുത്തുക.

- കർഷകർക്ക് പരിശ രഹിത വായ്പാ സംവിധാനം ഏർപ്പെടുത്തുക.
- കർഷക പെൻഷൻ പദ്ധതി കൂടുതൽ ആകർഷകമാക്കുക.
- കൃഷി മെച്ചപ്പെടുത്തുന്നതിന് അടിസ്ഥാന സൗകര്യവികസനം അനിവാര്യമാണ്. കൃഷിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കൂടുകൽ തുക തദ്ദേശസ്ഥാപനങ്ങളും, ഗവൺമെൻറും വകയിരുത്തണം.
- കൃഷി അനുബന്ധ കോഴ്സ് ഓരോ പ്രദേശത്തെയും സാദ്ധ്യതയനുസരിച്ച് കോളേജുകളിൽ ആരംഭിക്കണം.

6) **ജലസേചന സൗകര്യം മെച്ചപ്പെടുത്തുക**

കൃഷിയിൽ ജലസേചനത്തിന്റെ വ്യാപ്തി ഇന്നും ആശാ വഹമല്ല . നെല്ല്, ഏത്തവാഴ എന്നീ വിളകളിലാണ് അല്പമെങ്കിലും പുരോഗതി ഉള്ളത് നെല്ലിൽ ത്തന്നെ ജലസേചനത്തെക്കാൾ ഇത് ഡീവാട്ടറിങ് കണക്കുകളെയാണ് സൂചിപ്പിക്കുന്നത് എല്ലാ വിളകളിലുമായി ആകെ കൃഷിയുടെ 30 ശതമാനത്തോളം മാത്രമാണ് കണക്കുകൾ പ്രകാരം ജലസേചനം നൽകുന്നത് .നെല്ലും ഏത്തവാഴയും ഒഴിവാക്കിയാൽ ജലസേചന ലഭ്യത വിളകളിൽ തുലോം 5 ശതമാനത്തിലും താഴെയാണ്.ജലസേചന സൗകര്യം ഇനിയും ഏറെ മെച്ചപ്പെടുത്തേണ്ടതുണ്ട്

- പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കുക.
- പരമ്പരാഗത ജലസംഭരണ കേന്ദ്രങ്ങൾ കാത്തുസൂക്ഷിക്കുക.
- ജലം പാഴാക്കാതിരിക്കുക. ഇതിനായി ആധുനിക രീതിയിലുള്ള കണിക ജലസേചനം,തിരിജലസേചനം തുടങ്ങിയ രീതികൾക്ക് കൂടുതൽ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
- നെല്ലിന്റെ ജലസേചനം പരമ്പരാഗത ലിഫ്റ്റ് സമ്പ്രദായത്തിനുള്ള പമ്പ് യൂണിറ്റുകൾ മാറ്റി പകരം വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ് സ്ഥാപിക്കുന്നതിന്റെ സാധ്യത വിശദമായി പഠിക്കുക.
- കറൻറ് ഉപയോഗിക്കുന്നതിനുപകരം പമ്പിങ്ങ് സോളാർ പാനലുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കാൻ സാധിക്കുമോയെന്നു വിശദമായ പഠനം നടത്തുക.

7) **രോഗങ്ങളും കീടങ്ങളും**

- കർഷകർക്ക് തക്ക സമയത്ത് കീട രോഗബാധയുടെ സാധ്യത മുൻ അറിയിപ്പ്, സോഷ്യൽമീഡിയ മുഖേനയും കുട്ടനാട് റേഡിയോ പ്രോഗ്രാം പോലെയുള്ള പരിപാടികളിലൂടെയും, ഹെലികാം പഠനത്തിലൂടെയും നൽകുക.
- ഫലപ്രദമായ നിവാരണ മാർഗ്ഗങ്ങൾ ഇനിയും കണ്ടുപിടിച്ചിട്ടില്ലാത്ത വൈറസ് കീടബാധയും, സമാനരീതിയിലുള്ള രോഗങ്ങളും കാർഷിക വിള ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുക.
- വിള ഇൻഷുറൻസ് പദ്ധതിയിൽ ഓരോ വിളയ്ക്കും നിലവിലെ കൃഷിച്ചെലവിനനുസരിച്ച് ആനുകൂല്യം പരിഷ്കരിക്കുക.

8) **അനുബന്ധ വ്യവസായങ്ങൾ**

കാർഷിക മേഖലയിൽ മൂല്യവർദ്ധനവിനുതകുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക.

9) **ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കൽ**

- ജില്ലാ പഞ്ചായത്തിന് കൈമാറി നൽകിയ ജില്ലാ കൃഷിത്തോട്ടങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക. ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് വിതരണം നടത്തുക.
- സാധ്യമായ ഇടങ്ങളിൽ കർഷകരുടെ നഴ്സറി സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുക. നടീൽ വസ്തുക്കളുടെ ഗുണനിലവാരം ഒരു ടെക്നിക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ പരിശോധിച്ച് ഉറപ്പുവരുത്തണം. നടീൽ വസ്തുക്കൾക്കായുള്ള വിത്ത് ശേഖരണം മുതൽ ഇതിനു വ്യക്തമായ നിരീക്ഷണമുണ്ടാകണം.

10) **കർഷകരുടെ മനോഭാവം/കൂട്ടായ്മകളുടെ അഭാവം**

- കർഷകരുടെ മനോഭാവം ബോധവത്ക്കരണത്തിലൂടെ മാത്രമേ മാറ്റിയെടുക്കാൻ കഴിയൂ.
- കൂട്ടായ്മ ലഭിയ്ക്കുന്നതിന് കർഷകഗ്രൂപ്പുകൾ, ഗ്രൂപ്പ് ഫാമിംഗ്, നാട്ടുകൂട്ടങ്ങൾ, ചങ്ങാതിക്കൂട്ടങ്ങൾ, കുടുംബശ്രീ, എസ്.എച്ച്.ജി ഗ്രൂപ്പുകൾ, റസിഡൻസ് അസോസിയേഷൻ, നാട്ടറിവ് കൂട്ടങ്ങൾ മുതലായവയെ പ്രോത്സാഹിപ്പിക്കണം.

11) **അശാസ്ത്രീയ കൃഷി രീതികൾ**

- കർഷകർക്കും, ഉദ്യോഗസ്ഥർക്കും ബോധവത്ക്കരണം സംഘടിപ്പിക്കുക.
- ശാസ്ത്രീയ മണ്ണു പരിശോധനയുടെ ആവശ്യകതയെക്കുറിച്ച് ബോധവത്ക്കരണം
- ആവശ്യമെങ്കിൽ ജലപരിശോധന, ടിഷ്യു (കോശ കലകൾ) പരിശോധനയെപ്പറ്റിയും ബോധവത്ക്കരണം നൽകുക.
- വളങ്ങളും, സസ്യസംരക്ഷണ മരുന്നുകളും, ജൈവീക കീടനിയന്ത്രണ മാർഗ്ഗങ്ങളും കൃഷി ഉദ്യോഗസ്ഥന്റെ ശുപാർശയടിസ്ഥാനത്തിൽ മാത്രം ചെയ്യുന്നതിനുതകുന്ന നിയമ നടപടികൾ സ്വീകരിക്കുക.
- ജൈവ വളപ്രയോഗം പ്രോത്സാഹിപ്പിക്കുക.

12) വിജ്ഞാനവ്യാപനം ഫലപ്രദമാക്കുക.

സർക്കാർ തലത്തിൽ തീരുമാനമുണ്ടാകണം. കാർഷികമേഖലയിലെ വിദഗ്ധരെ അവരുടെ സാങ്കേതികത ഉപയോഗിക്കുമാറ് മറ്റ് ജോലികളിൽ നിന്നും വിടുതൽ ചെയ്യണം. ഇതിനായി ഗവൺമെൻറും അതാത് തലങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മതിയായ ശ്രദ്ധ ചെലുത്തണം. ആവശ്യമെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാർഷിക പ്രോജക്റ്റുകളുടെ നടത്തിപ്പിനും മേൽ നോട്ടത്തിനും പ്രത്യേകം കാർഷിക വിദഗ്ദ്ധരെ നിയമിക്കുന്നതുകൂടി ആലോചിക്കാവുന്നതാണ്.

13) പഞ്ചായത്ത് തല ഫാം പ്ലാൻ തയ്യാറാക്കൽ

എല്ലാ പഞ്ചായത്തിലും വ്യക്തമായ ഒരു ഫാം പ്ലാൻ തയ്യാറാക്കണം .ഇത് നീർത്തടാധിഷ്ഠിതമായിരിക്കണം പഞ്ചായത്തുകളിൽ ഇതിനോടകം തയ്യാറാക്കിയിട്ടുള്ള നീർത്തടമാസ്റ്റർപ്ലാൻ ഇതിനായി ഉപയോഗപ്പെടുത്തതാവുന്നതാണ് .വ്യക്തമായ ക്രോപ് കലണ്ടറും പദ്ധതി നടത്തിപ്പിനുള്ള മുൻ ഗണന ക്രമവും നിർവ്വചിച്ചിരിക്കണം. ടെക്നിക്കൽ കമ്മറ്റിയുടെ നേതൃത്വത്തിൽ ഈ പ്ലാൻ തയ്യാറാക്കേണ്ടതും അതാത് ഘടകങ്ങളുടെ നിർവഹണ ചുമതല ബന്ധപ്പെട്ട ടെക്നിക്കൽ കമ്മറ്റി അംഗത്തിന്റെ ചുമതലയിൽ ആയിരിക്കുകയും വേണം. ഇതിനായി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ തുക വകയിരുത്തണം.

14) **കാലാവസ്ഥാ വ്യതിയാനങ്ങൾ**

ഇതേക്കുറിച്ച് ഇനിയും സമഗ്രമായ ഒരു പഠനം നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്. കാലാവസ്ഥയ്ക്കനുസരിച്ച് മാത്രമേ ഒരു വ്യക്തവും ഫലപ്രദവുമായ ക്രോപ് കലണ്ടർ വിഭാവനം ചെയ്യുവാൻ സാധിക്കുകയുള്ളൂ. നിലവിലുള്ള ക്രോപ് കലണ്ടർ പലപ്പോഴും കാലാവസ്ഥാ വ്യതിയാനങ്ങൾമൂലം തകിടം മറിയുകയാണ്.

15) **നയങ്ങളുടെ അപര്യാപ്തത**

- കൃഷി ഭൂമി ചുരുങ്ങിവരുന്ന സാഹചര്യത്തിൽ ഭൂവിനിയോഗം സംബന്ധിച്ച് കൃത്യമായ നിയമനിർമ്മാണത്തിലൂടെ കൃഷി ഭൂമി പരിവർത്തനപ്പെടുത്തലിനെതിരെ നടപടികളെടുക്കേണ്ടതുണ്ട്. നിയമനിർമ്മാണമാവശ്യമാണ്.

- കൃഷിയോജ്യമായ ഭൂമി തരിശിടുന്ന പ്രവണതയെ ശക്തമായി നേരിടേണ്ടതുണ്ട്. തരിശുഭൂമികൾ ഏറ്റെടുത്തു കൃഷിഗ്രൂപ്പിനു നൽകാൻ സംവിധാനമുണ്ടാകണം.
- വനം, തണ്ണീർത്തടങ്ങൾ, സംരക്ഷിത പ്രദേശങ്ങൾ, നിലം, പൊതുസ്ഥലങ്ങൾ തുടങ്ങിയവയുടെ അനധികൃത കൈയ്യേറ്റം ശക്തമായി തടയേണ്ടതുണ്ട്. നിലവിലുള്ള നയങ്ങളിൽ പഴുതുകളുണ്ട്. അവ പരിഹരിക്കപ്പെടണം.

16) **ഗുണനിലവാരമുള്ള കാർഷിക ഉൽപ്പന്നങ്ങൾ ഗുണഭോക്താവിൽ എത്തിക്കണം**

ആധുനിക ലാബ് കോട്ടയത്ത് കോഴായിൽ സ്ഥാപിക്കുക. ഇവിടെ, എല്ലാവിധ കാർഷിക ഉൽപ്പന്നങ്ങളും (തേൻ, എണ്ണകൾ, കറിപൗഡറുകൾ, ധാന്യപ്പൊടികൾ, കാർഷിക ഉൽപ്പന്നങ്ങളിലെ കീടനാശിനി, കുമിൾനാശിനി സാന്നിദ്ധ്യം, മറ്റ് രാസവസ്തുക്കളുടെ സാന്നിധ്യം മുതലായവ പരിശോധിക്കുന്നതിന് സംവിധാനമുണ്ടാകണം. വെള്ളം, പാൽ, ഇറച്ചി, മത്സ്യം തുടങ്ങിയവയും പരിശോധിക്കാൻ ഇവിടെത്തന്നെ സൗകര്യം ഏർപ്പെടുത്താവുന്നതാണ്.

17) **അത്യാധുനിക കൃഷി തന്ത്രങ്ങൾക്ക് ഊന്നൽ നൽകുക**

പാശ്ചാത്യ രാജ്യങ്ങളിലെന്നപോലെ പോളിഹൗസിലുള്ള കൃഷി രീതികൾ, സൂക്ഷ്മകൃഷി, സംരക്ഷിത കൃഷി, തുറസ്സായ സ്ഥലങ്ങളിലെ സൂക്ഷ്മകൃഷി എന്നിവയും പ്രോത്സാഹിപ്പിക്കുക.

18) **മാതൃക പ്രദർശന തോട്ടങ്ങൾ**

തദ്ദേശ സ്ഥാപനത്തിന്റെ പ്രവർത്തന പരിധിയിൽ, രൂപം നൽകുന്ന ഒരു ടെക്നിക്കൽ കമ്മറ്റിയുടെ നേതൃത്വത്തിൽ മാതൃക പ്രദർശന കൃഷിയിടങ്ങൾ സജീകരിക്കുന്നതാണ്. ഇതിലൂടെ കർഷകർക്ക് ആധുനിക സാങ്കേതിക വിദ്യകൾ കൈവരിക്കൽ ,മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള കൃത്യമായ വളപ്രയോഗം, കീടരോഗ നിയന്ത്രണ മാർഗങ്ങൾ, ഗുണ മേന്മയുള്ള ഉത്പന്നങ്ങളുടെ ഉത്പാദനം, വിളവെടുപ്പാനന്തര സംഭരണ-മൂല്യവർദ്ധന --വിപണന തന്ത്രങ്ങൾ ലഭ്യമാക്കൽ എന്നിവ പദ്ധതിയിലൂടെ വിഭാവനം ചെയുന്നു.

പ്രോജക്ട് ആശയങ്ങൾ

ഹ്രസ്വകാല പരിപ്രേക്ഷ്യം

(2022 - ൽ നടപ്പാക്കാൻ കഴിയുന്നത്)

ലക്ഷ്യങ്ങൾ

- ഉൽപ്പാദന വർദ്ധനവ്
- കർഷകന്റെ വരുമാന വർദ്ധനവ്
- കാർഷിക ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ
- ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനവ്
- ജില്ലയെ പൂർണ്ണമായും തരിശ് രഹിതമാക്കൽ
- തൊഴിൽദിന വർദ്ധനവ്

ഉൽപ്പാദന വർദ്ധനവ് (2022 **വർഷം) അനുബന്ധം 4.1.1(2) ൽ ചേർത്തിരിക്കുന്നു.**

ദീർഘകാല പരിപ്രേക്ഷ്യം (2030 - ൽ കൈവരിക്കാവുന്നത്)

ലക്ഷ്യങ്ങൾ

- ഉൽപ്പാദന വർദ്ധനവ്
- കർഷകന്റെ വരുമാന വർദ്ധനവ്

- കർഷകന്റെ സാമൂഹിക സുരക്ഷ
- ഗുണനിലവാരമുള്ള കാർഷിക ഉൽപ്പന്നങ്ങളുടെ ലഭ്യത
- തരിശ് രഹിത ജില്ല
- സാദ്ധ്യമായ മേഖലകളിൽ പൂർണ്ണയന്ത്രവൽക്കരണം
- ശക്തവും ഫലപ്രദവുമായ സംഭരണ - വിതരണ ശൃംഖലകൾ
- മൂല്യ വർദ്ധിത ഉല്പന്നങ്ങൾ
- കാർഷിക പ്രദേശത്തിന്റെ പൂർണ്ണ സംരക്ഷണം
- പ്രകൃതിയുടെ സന്തുലനവും സംരക്ഷണവും
- തൊഴിൽദിന വർദ്ധനവ്

ലക്ഷ്യമിടുന്ന ഉൽപ്പാദന വർദ്ധനവ് (2030 **വർഷം**) **അനുബന്ധം 4.1.1 (3) ൽ ചേർത്തിരിക്കുന്നു.**

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- ഒരു നീർത്തടാധിഷ്ഠിത വികസന പ്ലാൻ തയ്യാറാക്കുക
- ഗ്രാമ ബ്ലോക്കു ജില്ലാ പഞ്ചായത്തുകൾ, തരിശ് ഇട്ടിരിക്കുന്ന കൃഷിയിടങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കുക.
- അതാത് തലങ്ങളിൽ പ്രവർത്തിക്കുന്ന വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുക
- അടിസ്ഥാനകാര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ മുൻഗണനാ ക്രമത്തിൽ തയ്യാറാക്കുക
- മെച്ചപ്പെട്ട വിപണന സംവിധാനങ്ങൾ സൃഷ്ടിക്കുക
- തൊഴിൽ ബാങ്ക് രൂപീകരണം- യന്ത്രവത്കരണ നടപടികൾ ത്വരിതപ്പെടുത്തുക
- ജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് ശ്രദ്ധ നൽകുക
- വിജ്ഞാന വ്യാപനം ശാക്തീകരിക്കുവാൻ സഹായം നൽകുക, മേൽ നോട്ടം വഹിക്കുക
- ഗ്രീൻ ആർമിക്ക് കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിനും മെയിന്റയിൻ ചെയ്യുന്നതിനും സാമ്പത്തിക സഹായം ചെയ്യുക.
- ബ്ലോക്ക് അടിസ്ഥാനത്തിൽ കാർഷിക വിപണന കേന്ദ്രങ്ങൾ നിർമ്മിക്കുകയും ഓരോ ഉൽപ്പന്നങ്ങൾക്കും തറവില നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക.
- ഓരോ പ്രദേശത്തെയും കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട കോഴ്സുകൾ ആ പ്രദേശത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആരംഭിക്കുക.
- കർഷകർക്കാവശ്യമുള്ള ഗുണ നിലവാരമുള്ള നടീൽ വസ്തുക്കൾ മിതമായ നിരക്കിൽ ലഭ്യമാക്കാനുള്ള സംവിധാനങ്ങൾ കോഴ് ഫാം കേന്ദ്രീകരിച്ച് ഉണ്ടാകണം. ഇതിന്റെ അനുബന്ധപ്രവർത്തനങ്ങൾ പ്രാദേശിക ഭരണസംവിധാനത്തിന്റെ സഹായത്തോടെ തൊഴിലുറപ്പ് കുടുംബശ്രീ സംവിധാനങ്ങളെ കൂടി ഉപയോഗിച്ച് നടപ്പാക്കുക.
- കൃത്യമായി പിൻതുടരുന്ന എന്നുറപ്പുള്ള ഒരു കാർഷിക കലണ്ടർ തയ്യാറാക്കുക.
- കൃഷിയിടങ്ങളെ ടൂറിസവുമായി ബന്ധിപ്പിച്ച് ഫാം ടൂറിസം നടപ്പാക്കുക.
- ടേക്ക് എവേ സംവിധാനമുള്ള മാതൃകാ കൃഷിത്തോട്ടങ്ങൾ പ്രോത്സാഹിപ്പിക്കുക (വരുന്ന ടൂറിസ്റ്റുകളുടെ താൽപ്പര്യമനുസരിച്ചുള്ള പച്ചക്കറിയും പഴവും അവർ സ്വയം തെരഞ്ഞെടുത്തു വാങ്ങുന്നതിനുള്ള സംവിധാനം)

- വി.എഫ്.പി.സി.കെ. യിൽ എത്തുന്ന ഉൽപ്പന്നങ്ങളുടെ വില നിശ്ചയിക്കുന്നതും സംഭരിക്കുന്നതും മാർക്കറ്റ് നിയന്ത്രിക്കുന്നതും സ്വകാര്യ ഏജൻസികളാണ്. വില നിർണ്ണയവും സംഭരണവും സപ്ലൈക്കോ പോലുള്ള സർക്കാർ സംരംഭങ്ങളിലൂടെ കേന്ദ്രീകൃതമായി നടക്കണം.
- റബ്ബർ കൃഷി ടാപ്പിങ്ങ് ഏരിയാ ഇരട്ടിയിലേക്ക് എത്തിക്കണം.

മേൽ തട്ട് നിർദ്ദേശങ്ങൾ

- മണ്ണിന്റെ ഹെൽത്ത് കാർഡ്
- കാർഷിക തൊഴിൽമേഖല ആകർഷകമാക്കണം
- ഗ്രീൻ ആർമി വ്യാപിപ്പിക്കണം
- കൃഷിയിടങ്ങളിൽ സ്ത്രീ തൊഴിലാളികൾക്ക് പ്രാഥമിക സൗകര്യങ്ങളും ചെയ്ഞ്ച് റൂമുകളും അടക്കമുള്ള വിശ്രമകേന്ദ്രം നിർമ്മിക്കുക.
- വകുപ്പുകളുടെ ഏകോപനത്തിനുള്ള നയ രൂപീകരണം
- കൃഷി വകുപ്പിന്റെ മാർക്കറ്റിംഗ് സംവിധാനം ശക്തമാക്കുക
- കാർഷിക ഉത്പന്നങ്ങളുടെ വില സ്ഥിരത ഉറപ്പാക്കുക
- കർഷക കുടുംബങ്ങളിലെ കുട്ടികൾക്ക് കാർഷിക മേഖലയിലെ ഡിഗ്രി കോഴ്സുകൾക്ക് ആകർഷകമായ സംവരണം ഏർപ്പെടുത്തുക
- കർഷകർക്ക് പലിശ രഹിത വായ്പാ സംവിധാനമുണ്ടാക്കുക
- കർഷക പെൻഷൻ മെച്ചപ്പെട്ടതും കൂടുതൽ ആകർഷകവുമാക്കുക
- അടിസ്ഥാന സൗകര്യ വികസനത്തിന് പ്രാധാന്യം നൽകുക
- ഒരു സമഗ്ര ജല നയം പ്രഖ്യാപിക്കുക. ജല സുരക്ഷ ഉറപ്പാക്കുക
- ജലസേചനത്തിന് ആധുനിക സംവിധാനങ്ങൾക്ക് മുൻഗണന നൽകിയ നയ രൂപീകരണം നടത്തുക
- കൃഷി ചെലവിനനുസരിച്ച് സഹായം അനുവദിച്ചും രോഗങ്ങളും കീടാക്രമവും കൂടി ഉൾപ്പെടുത്തിയും വിള ഇൻഷുറൻസ് നിബന്ധനകൾ പുതുക്കുക.
- കാർഷിക മേഖലയിൽ ചെറുകിട സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന നയ രൂപീകരണം
- മൂല്യ വർദ്ധനവിനുതകുന്ന പദ്ധതികളും നയരൂപീകരണവും
- വിജ്ഞാന വ്യാപനം ശാക്തീകരിക്കുക. കൃഷി ശാസ്ത്രജ്ഞരെ ഇതിനായി മാത്രം ഉപയോഗിക്കുന്ന നയങ്ങൾക്ക് രൂപം നൽകുക.
- അശാസ്ത്രീയ കൃഷി രീതികൾക്ക് നിയന്ത്രണമേർപ്പെടുത്തുക. രാസ പദാർത്ഥങ്ങളുടെ അനിയന്ത്രിത ഉപയോഗം കാർഷിക മേഖലയിൽ അനുവദിക്കാതിരിക്കുന്നതിനുള്ള നയ രൂപീകരണം
- പരിസ്ഥിതി ദുർബല പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തി നയ രൂപീകരണം
- കാർഷിക ഭൂപ്രദേശം കൃത്യമായും വ്യക്തമായും നിർവ്വചിച്ച് പ്രഖ്യാപിക്കുക
- ഒരു ആധുനിക പരിശോധന ഗുണ നിയന്ത്രണ ലാബ് കോട്ടയത്ത് സ്ഥാപിക്കുന്നതിന് നടപടി എടുക്കുക.
- സാധ്യമായ ഇടങ്ങളിൽ കർഷകരെ സഹായിക്കുന്നതിന് അഗ്രോ പാർക്കുകൾ സ്ഥാപിക്കുക
- സാധ്യമായ ഇടങ്ങളിലെല്ലാം യന്ത്ര വത്കരണത്തിനുതകുന്ന നയ രൂപീകരണം നടത്തുക.

സംഗ്രഹം

ഏറെ ശ്രദ്ധയോടെ മുന്നേറേണ്ട ഒരു മേഖലയാണ് ഉൽപ്പാദന മേഖല. വർദ്ധിച്ചുവരുന്ന ജനസംഖ്യാനുപാതികമായി ഉൽപ്പാദനം കൂട്ടേണ്ടതുണ്ട്. ഒപ്പം നാം കഴിക്കുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം

മെച്ചപ്പെടുത്തേണ്ടതുമുണ്ട്. സ്ഥലം പരിമിതമായ നമ്മുടെ നാട്ടിൽ ഇത് ഉയർത്തുന്ന വെല്ലുവിളി അതീവ പ്രാധാന്യമുള്ളതാണ്. സൂക്ഷമമായ വിശകലനത്തിലൂടെ ഉരുത്തിരിയുന്ന വികസനോന്മുഖമായ പദ്ധതി ആവിഷ്കരണത്തിലൂടെ ഈ വെല്ലുവിളി നമ്മുക്ക് നേരിടാമെന്നു വിശ്വാസമുണ്ട്. ഭക്ഷ്യസുരക്ഷ അപ്രാപ്യമായ ഒന്നല്ല. പദ്ധതികളുടെയും വകുപ്പുകളുടെയും സംയോജനത്തിലൂടെ ഈ മേഖലയിൽ ഏറെ മുന്നേറാൻ കഴിയും.

ചിത്രം 4.1.1 (3)

അവലംബം : ഭൂവിനിയോഗ ബോർഡ് , തിരുവനന്തപുരം

ചിത്രം 4.1.1 (4)

അവലംബം : ഭൂവിനിയോഗ ബോർഡ് ,തിരുവനന്തപുരം

ചിത്രം 4.1.1 (5)

ജലസേചനം ചെയ്ത കൃഷി ചെയ്യുന്ന വിവിധ വിളകളുടെ വിസ്തൃതി അനുബന്ധം 4.1.1 (4) ൽ ചേർത്തിരിക്കുന്നു

ചിത്രം 4.1.1 (5)

ചിത്രം 4.1.1 (6)

ജലസേചനത്തോടെ കൃഷി ചെയ്യുന്ന പ്രദേശം

a. ജില്ലയിലെ ജലസേചിത പ്രദേശം അനുബന്ധം 4.1.1 (5) ൽ ചേർത്തിരിക്കുന്നു.

B. **ജില്ലയിലെ ജലസേചിത പ്രദേശം**

ചിത്രം 4.1.1 (7)

റബ്ബറാണ് ജില്ലയിലെ പ്രധാന വിള. ഇന്ത്യയിൽ റബറുത്പാദനത്തിൽ ഒന്നാം സ്ഥാനം കോട്ടയം ജില്ലയ്ക്കാണ്. മരങ്ങൾക്ക് വളരാനുള്ള അനുയോജ്യമായ മണ്ണും, കാലാവസ്ഥയുമാണ് കോട്ടയം റബ്ബർ കൃഷിയിൽ മുൻപന്തിയിൽ എത്താനുള്ള കാരണം. ഇതുമൂലം ഇവിടുത്തെ കർഷകർക്ക് ഒരു സ്ഥിരവരുമാനം ലഭിക്കുന്നു. 4 വർഷത്തിലധികം പ്രായമായ, ആകെ വിസ്തൃതി 66,105.67 ഹെക്ടർ ഉള്ള തോട്ടങ്ങൾ ഇവിടെയുണ്ട്. ഇവ മീനച്ചിൽ (44.7%), കാഞ്ഞിരപ്പള്ളി (23.66%), കോട്ടയം (17.4%) ചങ്ങനാശേരി (10.4%) വൈക്കം (3.9%) എന്നീ താലൂക്കുകളിലായി വ്യാപിച്ചു കിടക്കുന്നു. കേരളത്തിന്റെ റബറുൽപാദനത്തിൽ 20%വും സംഭാവന ചെയ്യുന്നത് കോട്ടയം ജില്ലയാണ് ഇന്ത്യൻ റബ്ബർ സ്റ്റാറ്റിസ്റ്റിക്സ്, വാല്യം 38-2017, റബ്ബർ ബോർഡ്.

പ്രായമായതും ഉത്പാദനം കുറഞ്ഞതുമായ തോട്ടങ്ങൾ

ജില്ലയിൽ ടാപ്പ് ചെയ്യാവുന്ന തോട്ടങ്ങളിൽ 38% അതായത് 25,428.67 ഹെക്ടർ പ്രായമായതും ഉത്പാദനം കുറഞ്ഞവയുമാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഉത്പാദനം കുറഞ്ഞ തോട്ടങ്ങൾ ടാപ്പുചെയ്യുന്നത് ലാഭകരമല്ല. പല കർഷകരും അത്തരം തോട്ടങ്ങൾ ഇപ്പോഴും നിലനിർത്തിയിട്ടുണ്ട്. വിളവു കുറഞ്ഞ തോട്ടങ്ങൾ മുറിച്ചുമാറ്റി ഉത്പാദന ക്ഷമത കൂടിയ ഇനങ്ങൾ ഉപയോഗിച്ച് ആവർത്തന കൃഷി നടത്താൻ കർഷകർ ശ്രദ്ധിക്കണം. റബ്ബർ ബോർഡിന്റെ നഴ്സറികളിൽ നിന്നോ മറ്റ് അംഗീകൃത നഴ്സറികളിൽ നിന്നോ ഗുണമേന്മയുള്ള റബ്ബർതൈകൾ വാങ്ങി ആവർത്തന കൃഷി ചെയ്യണം.

ആവർത്തന കൃഷിയും, വരും കാല ആഭ്യന്തരാവശ്യത്തിനുള്ള റബ്ബറുത്പാദനത്തിന്റെ കരുതലും.

പരമ്പരാഗത മേഖല പ്രധാനമായും ഇന്ത്യയുടെ തെക്കു പടിഞ്ഞാറൻ തീരദേശമേഖല റബ്ബർകൃഷിയുടെ കാര്യത്തിൽ ഏറെക്കുറെ വികസിച്ചു കഴിഞ്ഞിരിക്കുന്നു.

നിലവിലുള്ള 8.2 ലക്ഷം ഹെക്ടറിൽ 5.8 ലക്ഷം ഹെക്ടർ ടാപ്പ് ചെയ്യാവുന്ന തോട്ടങ്ങളാണ്. 2030 മുതൽ റബ്ബറിന്റെ ലഭ്യതയിലും ഉപഭോഗത്തിലുമുള്ള വിടവ് പരിഹരിക്കണമെങ്കിൽ ഇപ്പോഴുള്ള 5.8 ലക്ഷം ഹെക്ടറിൽ നിന്നും

ടാപ്പ് ചെയ്യാവുന്ന വിസ്തൃതി 8.5 ലക്ഷം ഹെക്ടർ ആയി ഉയർന്നാലേ സാധിക്കുകയുള്ളുവെന്ന് ഒരു പ്രാഥമിക വിലയിരുത്തൽ സൂചിപ്പിക്കുന്നു. കുറഞ്ഞത് 8.5 ലക്ഷം ഹെക്ടർ ടാപ്പുചെയ്യുന്ന തോട്ടങ്ങളിൽ നിന്നുള്ള ആദായം ഉണ്ടെങ്കിലേ ഇത് സാധ്യമാവുകയുള്ളു. കഴിഞ്ഞ ഏഴ് വർഷങ്ങളിലായി നടന്ന പുതുകൃഷി അനുസരിച്ച് അടുത്ത 5 വർഷത്തിനുള്ളിൽ ടാപ്പ് ചെയ്യാവുന്ന തോട്ടങ്ങളുടെ വിസ്തൃതി കുറഞ്ഞത് 1 ലക്ഷം ഹെക്ടർ വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഏകദേശം 1.18 ലക്ഷം ഹെക്ടർ വിസ്തൃതിയിലുള്ള 30 വർഷത്തിനുമേൽ പ്രായമായ റബ്ബർ മരങ്ങൾ ഘട്ടംഘട്ടമായി ആവർത്തനകൃഷി ചെയ്യേണ്ടത് അനിവാര്യമായിരിക്കുന്നു. കൂടാതെ 2023 ൽ പൂർത്തിയാകുന്ന രീതിയിൽ അതായത് അടുത്ത 7 വർഷത്തിനുള്ളിൽ 2.27 ലക്ഷം ഹെക്ടർ പുതുകൃഷി നടത്തിയാലേ ഉദ്ദേശിച്ച ഉത്പാദനത്തിന് പ്രാപ്തമായ 8.5 ലക്ഷം ഹെക്ടർ ടാപ്പ് ചെയ്യാവുന്ന തോട്ടങ്ങൾ ഉണ്ടാവുകയുള്ളു.

റബ്ബർ മേഖല നേരിടുന്ന വെല്ലുവിളികളും അനുയോജ്യമായ ഇടപെടലുകളും

ഈ മേഖല നേരിടുന്ന പ്രതിസന്ധി മറികടക്കാൻ സർക്കാരിന്റെ യുക്തവും, അടിയന്തിരവുമായ ഇടപെടൽ അനിവാര്യമായിരിക്കുന്നു. ദേശീയ തലത്തിൽ സുസ്ഥിര ഉത്പാദനവും, അന്തർദേശീയ തലത്തിൽ അനന്തമായ വാണിജ്യ സാധ്യതയുമുള്ള റബ്ബർ മേഖലയെ സർക്കാർ പ്രത്യേക പരിഗണന നൽകി സുസ്ഥിരവും ലാഭകരവുമാക്കേണ്ടതാണ്.

വിലത്തകർച്ച, ഉയർന്ന ഉത്പാദന ചെലവ്, തൊഴിലാളി ക്ഷാമം അതുമൂലം ഉണ്ടായ കുറഞ്ഞ ഉത്പാദന ക്ഷമത, അശാസ്ത്രീയമായ കൃഷിരീതികൾ, കാലാവസ്ഥാ വ്യതിയാനം എന്നിവ കേരളത്തിലെ റബ്ബർ മേഖലയെ പ്രതിസന്ധിയിലാക്കി.

ഇന്ത്യയിലെ മൊത്തം റബ്ബർ കൃഷിയുടെ 68% വും കേരളത്തിലായതുകൊണ്ട് പ്രായമായതും ഉത്പാദന യോഗ്യമല്ലാത്തതുമായ തോട്ടങ്ങളിൽ ഭൂരിഭാഗവും കേരളത്തിലാണ്. അടുത്ത 10 വർഷത്തിനുള്ളിൽ 117980 ഹെക്ടർ വിസ്തൃതിയിലുള്ള റബ്ബർ ഉത്പാദനയോഗ്യമല്ലാതാവുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. രണ്ട്, മൂന്ന്, തലമുറകളായി റബ്ബർ തോട്ടങ്ങൾ നിലനിർത്തുന്നതുവഴി അത്യാവശ്യമുള്ള മണ്ണിലെ പല പോഷക മൂലകങ്ങളും നഷ്ടമാവുന്നതിനാൽ ഇപ്പോഴുള്ള മരങ്ങളുടെ വളർച്ചയെ ഇത് സാരമായി ബാധിക്കുന്നു.

റബ്ബർ ബോർഡിന്റെ സാങ്കേതിക പിന്തുണയോടെ ഇങ്ങനെയുള്ള തോട്ടങ്ങളെ ഉയർന്ന ഉത്പാദന ശേഷിയുള്ള മുന്തിയ ഇനം ക്ലോണുകൾ ഉപയോഗിച്ച് ആവർത്തന കൃഷി ചെയ്യുകയും, കൃഷിയിടങ്ങളിൽ ശാസ്ത്രീയ രീതികൾ അവലംബിക്കുകയും മണ്ണ് — ജല സംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും വഴി ഉത്പാദനയോഗ്യമാക്കി മാറ്റും.

ലഭ്യമായവയിൽ വച്ച് അതതു സ്ഥലങ്ങൾക്കിണങ്ങുന്ന ഏറ്റവും നല്ല നടീൽ വസ്തുക്കൾ ഉപയോഗിച്ച് തികച്ചും ശാസ്ത്രീയമായി കൃഷി ചെയ്യുകയും, പരിപാലിയ്ക്കുകയും ചെയ്യുകയെന്നതാണ് ദീർഘകാലാടിസ്ഥാനത്തിൽ ഉത്പാദനക്ഷമതാ വർദ്ധനയ്ക്കായി ചെയ്യേണ്ടത്. ഇതിനായി മേഖല തിരിച്ചുള്ള കൃഷിയിനങ്ങളും, ചെലവുകൾ കുറച്ചുകൊണ്ടുള്ള ശാസ്ത്രീയ കൃഷി രീതികളും റബ്ബർ ബോർഡ് ശുപാർശ ചെയ്യുന്നുണ്ട്. ആഴ്ചയിലൊരിക്കൽ ടാപ്പിങ്ങ്, മരങ്ങളുടെ ആരോഗ്യസംരക്ഷണത്തിനോടൊപ്പം ഫലപ്രദമായി ചെലവുകുറയ്ക്കുന്നതിനുള്ള പ്രായോഗിക മാർഗ്ഗം കൂടിയാണ്. റബ്ബർ കൃഷി മെച്ചപ്പെടുത്തുന്നതിന് ഇവയിലെല്ലാം കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി സ്വീകരിക്കേണ്ടതാണ്.

റബ്ബർ ബോർഡും റബ്ബർ കൃഷി വികസന സംരംഭങ്ങളും

രാജ്യത്തെ റബർ മേഖലയുടെ എല്ലാവിധ ഉന്നമനത്തിനും വികസനത്തിനുമായി 1947 ലെ റബ്ബർ ആക്ട് പ്രകാരം രൂപീകരിച്ച ഒരു സ്വയം ഭരണ സംവിധാനമാണ് റബ്ബർബോർഡ്. വാർഷിക പദ്ധതികൾ, പഞ്ചവത്സരപദ്ധതികൾ എന്നിവയെ ആസ്പദമാക്കി വിവിധ വികസന സ്കീമുകൾ റബ്ബർ മേഖലയുടെ ഉന്നമനത്തിനായി റബ്ബർ ബോർഡ് നടത്തി വരുന്നു. കൃഷിചെലവും, സംസ്കരണ ചെലവും കുറയ്ക്കുന്നതിനും മിതമായ വിലയ്ക്ക് ഗുണമേന്മയുള്ള തൈകളും കാർഷിക വസ്തുക്കളും ലഭ്യമാക്കുന്നതിനും ഗുണമേന്മാ വർദ്ധനയിലൂടെയും, കൂട്ടായ

വിലപേശലിലൂടെയും അധികാദായം നേടുന്നതിനും കൃഷി നടത്തിപ്പിനും വേണ്ട സാങ്കേതിക സഹായങ്ങൾ റബ്ബർ ബോർഡ് നൽകുന്നു.

വിവിധ സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ എസ്.സി., എസ്സ്.റ്റി വിഭാഗങ്ങളുടെ ഉന്നമനത്തിനായി റബ്ബർ തോട്ടങ്ങളും, ബ്ലോക്കുകളും വികസിപ്പിക്കൽ, കർഷകർ ഉത്പാദിപ്പിക്കുന്ന റബ്ബർപാൽ, ഷീറ്റ റബ്ബർ, ഒട്ടുപാൽ എന്നിവ സംഭരിച്ച് വിപണനം നടത്തുന്ന ഗ്രൂപ്പ് പ്രോസസ്സിംഗ് സെന്ററുകൾ സ്ഥാപിക്കുക എന്നീ വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നു.

വികസന പ്രവർത്തനങ്ങൾക്ക് റബ്ബർ ബോർഡിന്റെ ഓഫീസുകൾ

റബ്ബർ ബോർഡിന്റെ വിവിധ റീജിണൽ ഓഫീസുകളും, അവയുടെ കീഴിൽ വിവിധ ഫീൽഡ് ഓഫീസുകളും പ്രവർത്തിക്കുന്നു. കേരളത്തിൽ എല്ലാ ജില്ലകളിലും റീജണൽ ഓഫീസുകളുണ്ട്. കർഷകർക്ക് ആവശ്യമായ സഹായങ്ങൾ, തൊഴിലാളികൾ, ചെറുകിട കർഷകരുടെ ശാക്തീകരണം എന്നീ പ്രവർത്തനങ്ങൾ റബ്ബറുത്പാദക സംഘങ്ങളുടെ മേൽനോട്ടത്തിൽ ഗ്രാമതലത്തിൽ സാധ്യമാക്കുന്നതിനുള്ള എല്ലാ വിധ പ്രവർത്തനങ്ങളും, തുടർപ്രവർത്തനങ്ങളും വികസന അധികാരികൾ നടത്തി വരുന്നു. പരമ്പരാഗത മേഖലയായ കേരളത്തിൽ മികച്ച വിളവെടുപ്പ്, ആദായകരമായ കൃഷിരീതികൾ, മികച്ച സേവനം, മറ്റു സഹായ സഹകരണങ്ങൾ എന്നിവയിലൂടെയും കർഷകരുടേയും ആർ.പി.എസ്.കളുടെയും പ്രവർത്തനത്തിൽ മികവ് കൈവരിയ്ക്കാൻ റബ്ബർ ബോർഡിന്റെ നിരന്തരമായ ഇടപെടൽ, ഉദ്യോഗസ്ഥരുടെ സഹകരണം, വികസന പ്രവർത്തനങ്ങൾ എന്നിവ സഹായകരമാണെന്നത് എടുത്തുപറയേണ്ട കാര്യമാണ്. സമയോചിതമായി കർഷകർക്ക് ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും ഏറ്റവും അടുത്ത് ലഭ്യമാക്കുന്നു.

കോട്ടയം ജില്ലയിലെ റബ്ബർ ബോർഡ് സ്ഥാപനങ്ങൾ

റബ്ബർ ബോർഡിന്റെ കേന്ദ്ര ഓഫീസ് കോട്ടയത്താണ് സ്ഥിതി ചെയ്യുന്നത്. 1955 ൽ സ്ഥാപിതമായ റബ്ബർ ഗവേഷണ കേന്ദ്രം (RRII) കോട്ടയം ടൗണിൽ നിന്നും 8കി.മി മാറി പുതുപ്പള്ളിയിൽ സ്ഥിതി ചെയ്യുന്നു. 4 റീജണൽ ഓഫീസുകളും, 20 ഫീൽഡ് ഓഫീസുകളും, ഒരു ടാപ്പിങ്ങ് നൈപുണ്യ വികസന സ്കൂളും (റ്റി.എസ്.എസ്) കോട്ടയം ജില്ലയിൽ ഉണ്ട്.

MGNREGS ഉം റബ്ബർ ബോർഡിന്റെ സ്കീമുകളും സമന്വയിപ്പിച്ച് റബ്ബർ തോട്ടങ്ങൾക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ള പദ്ധതിയും, അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും

റബ്ബർകൃഷിയുമായി ബന്ധപ്പെട്ട് നൈപുണ്യം വേണ്ടാത്തതും, ഭാഗീകമായി നൈപുണ്യം വേണ്ടതുമായ തൊഴിലാളികളുടെ എല്ലാ പ്രവർത്തനങ്ങളും, ഗ്രാമവികസന മന്ത്രാലയവും, വാണിജ്യ വ്യവസായ മന്ത്രാലയവും സംയുക്തമായി ഇറക്കിയ **DO-J-11017/17/2013-** MGNREGA (UN) PT (III) dated 02-08-2013 – പ്രകാരം MGNREGS ആയി സംയോജിച്ച് നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിരിക്കുന്നു. ഈ മാർഗ്ഗ നിർദ്ദേശപ്രകാരം MGNREGA യും കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെ സ്കീമുകളും സംയോജിപ്പിച്ച് റബ്ബർ തോട്ടങ്ങൾക്കായുള്ള പദ്ധതി ആവിഷ്കരിക്കുകയും, അതിനു വേണ്ടി MGNREGA യ്ക്ക് അനുവദിച്ചിട്ടുള്ള ഫണ്ട് ഉപയോഗപ്പെടുത്തുകയും ചെയ്യണം. ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പങ്കാളികൾ റബ്ബർ കൃഷിയുടെ ആദ്യഘട്ടത്തിലും അതിന്റെ വികസനങ്ങളിലും, കർഷകർക്കാവശ്യാനുസരണം സഹായ സഹകരണങ്ങൾ നൽകേണ്ടതാണ്. വിളവെടുപ്പിനും, തുടർന്നുള്ള പ്രവർത്തനങ്ങളിലും അവരെ പ്രാപ്തരാക്കുകയും മറ്റ് മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനും വളരെ ശക്തമായ ഒരു വിപണന ശൃംഖല ഉണ്ടാക്കിയെടുക്കുവാനും സഹായിക്കണം.

ഇതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് റബ്ബർ കൃഷിയുടെ ആദ്യഘട്ടമായ 6 മുതൽ 7 വർഷം വരെയുള്ള പരിപാലനത്തിനാവശ്യമായ തുകയും ഇതിനുവേണ്ട തൊഴിലാളികളുടെ വേതനവും, കൃഷിയുടെ അനുബന്ധ സാധനങ്ങളുടെ ചെലവും കണക്കിലെടുത്തായിരിക്കണം. ഇതിൽ കൃഷിക്കാവശ്യമായ നടീൽ വസ്തുക്കൾ (**Planting Material)** കുഴിയെടുക്കാനും, നടീലിനും ആവശ്യമായ തൊഴിലാളികൾ, വളം, നനയ്ക്കാനുള്ള സാമഗ്രികളും തൊഴിലാളികളും, മരങ്ങളുടെ സംരക്ഷണത്തിനും, പരിപാലനത്തിനാവശ്യമായവയും ഇതിൽ ഉൾപ്പെടണം. ഈ ഒറ്റ തുകയിൽ (എസ്റ്റിമേറ്റ്) എല്ലാ വിധ ചെലവുകളും ഉൾപ്പെട്ടിരിക്കണം. മറ്റേതെങ്കിലും സ്കീമുകളുമായി സംയോജിപ്പിച്ച് നടത്തുകയാണെങ്കിൽ പദ്ധതി പ്രകാരമുള്ള എല്ലാ സ്കീമുകളിൽ നിന്നുള്ള ഫണ്ടും, **MGNREGS** ൽ നിന്നും നിയുക്ത പദ്ധതിയ്ക്കായി നീക്കി വെച്ചിട്ടുള്ള ഫണ്ടും വ്യക്തമായി കാണിച്ചിരിക്കണം.

ഇപ്പോൾ നിലനിൽക്കുന്ന സാഹചര്യത്തിൽ സംയുക്തമായി പദ്ധതി ആവിഷ്കരിക്കുന്നതിന് പിന്നിലുള്ള യുക്തി.

ആഗോള ട്രെന്റുകളും, സാമ്പത്തിക വളർച്ചയും അനുസരിച്ച് 15 വർഷത്തേക്കുള്ള ഭാവി പരിപാടികൾ ആവിഷക്കരിക്കാൻ നീതി ആയോഗ് തീരുമാനിച്ചിരിക്കുന്നു. 2030 ൽ സാക്ഷാത്കരിക്കപ്പെടേണ്ട UNDP യുടെ സുസ്ഥിരമായ ലക്ഷ്യങ്ങൾ ആധാരമാക്കി ദീർഘകാലാടിസ്ഥാനത്തിൽ ഇന്ത്യ നേടിയെടുക്കേണ്ട ലക്ഷ്യങ്ങളും, വിവിധ മാർഗ്ഗങ്ങളും ഇതിലുണ്ട്. ഇവ 14-ാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശങ്ങളനുസരിച്ച് നമ്മുടെ ആസൂത്രണ വ്യവസ്ഥിതിയിൽ വരുത്തേണ്ട മാറ്റങ്ങൾ ചൂണ്ടിക്കാട്ടുന്നു. വിവിധ സംസ്ഥാനങ്ങളുടെ ഉത്തരവാദിത്തത്തിലും, പങ്കാളിത്തത്തോടും കൂടി കേന്ദ്ര സർക്കാർ സ്പോൺസർ ചെയ്ത സ്കീമുകൾ നടപ്പാക്കാൻ സംസ്ഥാനങ്ങൾക്ക് കൂടുതൽ സ്വതന്ത്രമായ ഫണ്ടുകൾ നൽകുന്നതിനെ 14-ാം ധനകാര്യ കമ്മീഷൻ അനുകൂലിച്ചിരുന്നു.

സംയുക്ത പദ്ധതിയുടെ ലക്ഷ്യങ്ങൾ

MGNREGS പ്രയോജനപ്പെടുത്തി സംസ്ഥാന സർക്കാരും, അവശ്യം വേണ്ട സാങ്കേതിക സഹായസഹകരണങ്ങൾ ഉറപ്പാക്കി റബ്ബർ ബോർഡും സംയുക്തമായി നടപ്പാക്കുന്ന ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെ കൊടുത്തിരിക്കുന്നവയാണ്.

- വിലക്കുറവു സാഹചര്യത്തിലും, സുസ്ഥിരമായ ഉത്പാദനം ലഭിക്കുന്ന വിധത്തിൽ പ്രായമായതും, ഉത്പാദനം കുറഞ്ഞതുമായ ചെറുകിട കർഷകരുടെ തോട്ടങ്ങൾ മുറിച്ചു മാറ്റി ലഭ്യമായവയിൽ വച്ച് അതതു സ്ഥലങ്ങൾക്കിണങ്ങുന്നതും ഉത്പാദനക്ഷമത കൂടിയതുമായ ഇനം റബ്ബർ ഉപയോഗിച്ച് ആവർത്തനകൃഷി ശാസ്ത്രീയമായി നടത്തുക.
- ചെറുകിട കർഷകരുടെ തോട്ടങ്ങൾ പ്രായമായതും ഉത്പാദനം കുറഞ്ഞതുമായ മുന്തിയ ഇനം തൈകളുപയോഗിച്ച് കൃത്യസമയത്ത് ശാസ്ത്രീയമായി ആവർത്തനകൃഷി ചെയ്യുന്നതിനും, തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനും ആവശ്യമായ എല്ലാ തൊഴിലാളികളേയും, വേണ്ട ഫണ്ടും MGNREGS ഉപയോഗിച്ച് നടപ്പാക്കുക.
- ഉയർന്ന ഉത്പാദന ക്ഷമതയുള്ളതും, അതത് സ്ഥലങ്ങൾക്ക് ഇണങ്ങുന്നതുമായ ഇനം റബർ ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുക.
- ചെറുകിട കർഷകർക്ക് ശാസ്ത്രീയമായ കൃഷിരീതികൾ, പരിപാലനം, വിളവെടുപ്പ് നൂതന സാങ്കേതിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ റബ്ബർ ബോർഡിന്റെ സഹായ സഹകരണങ്ങൾ ഉറപ്പാക്കുക.
- സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്നവർക്ക് തൊഴിൽ സാധ്യതയും, തൊഴിൽ സ്ഥിരതയും ഉറപ്പു വരുത്തുന്നു. റബ്ബറിന്റെ ടാപ്പിങ്ങടക്കമുള്ള തൊഴിൽ രംഗങ്ങളിൽ വൈദഗ്ധ്യമുള്ള തൊഴിലാളികളെ ലഭ്യമാക്കുന്നു. സാമൂഹിക ദാരിദ്ര നിർമ്മാർജ്ജനം നടപ്പാക്കുന്നു. പാവങ്ങൾക്കും MGNREGS കാർഡ് ഉടമകൾക്കും ഇതിന്റെ പ്രവർത്തന വൈവിധ്യത്തിലൂടെ സാമ്പത്തിക സ്വാശ്രയത്വവും, ഉറപ്പ് വരുത്തുന്നു. ഉയർന്ന ജീവിത മാർഗ്ഗങ്ങളും, സുരക്ഷയും ഇതിലൂടെ ലഭിക്കുന്നു.
- ചെറുകിട കർഷകരുടെ സാമൂഹിക സാമ്പത്തിക പുരോഗതി ഉറപ്പ് വരുത്തുന്നു.

റബർ കൃഷിക്കനുയോജ്യമായ കാലാവസ്ഥയും സാഹചര്യങ്ങളും ഉള്ള കേരളത്തിന്റെ ഉത്പാദനം ഇപ്പോഴുള്ള 78% ത്തിൽ നിന്ന് ഗണ്യമായി വർദ്ധിപ്പിക്കണം.

ഈ പദ്ധതിയിൽ സ്ഥാപനങ്ങളുടെ പങ്കും അതിന്റെ ഗുണഭോക്താക്കളും

1 സംസ്ഥാന സർക്കാർ / ജില്ലാ പഞ്ചായത്ത് — പദ്ധതി നടപ്പാക്കുന്ന ഏജൻസി (PIA)
ചെറുകിട റബ്ബർ തോട്ടങ്ങളുടെ വികസനത്തിനായി സംയുക്തമായി ആവിഷ്കരിച്ച ഈ പദ്ധതിയുടെ നടത്തിപ്പിന് MGNREGS ൽ നിന്നുള്ള ഫണ്ട് PIA ഉപയോഗപ്പെടുത്തണം. ഇതിൽ തൊഴിലാളികളുടെ വേതനവും ഉൾപ്പെടണം.

2 MGNREGS തൊഴിലാളി കൂട്ടായ്മ

പദ്ധതിയുടെ കാര്യ നിർവഹണത്തിനായി തൊഴിൽ കാർഡ് ഉടമകൾക്ക് റബർ നടീൽ, വിളവെടുപ്പ്, ടാപ്പിങ്, തോട്ടങ്ങളിലെ ജോലികൾ, റെയിൻ ഗാര്ഡിങ്ങ്, വളമിടീൽ, മറ്റു കൃഷിപ്പണികൾ, മുതലായവയിൽ കൃത്യമായ പരിശീലനം നൽകണം.

3. പദ്ധതിയ്ക്ക് വേണ്ട അവശ്യ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിൽ റബ്ബർ ബോർഡിന്റെ പങ്ക്

റബർ ബോർഡ് താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ ഈ പദ്ധതിയുടെ നടത്തിപ്പിനായി നിഷ്കർഷിച്ചിരിക്കുന്നു.

- പദ്ധതി നിർവഹണവും, സാങ്കേതിക സഹായം ലഭ്യമാക്കലും
- അർഹരായ ഗുണഭോക്താക്കൾക്ക് റബർ വികസന സ്കീം പ്രകാരമുള്ളത് അവർക്ക് ചെലവായ തുക തിരികെ വിതരണം ചെയ്യണം.
- അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ
- നിലമൊരുക്കൽ, റബർ ചെടികളുടെ നടീൽ, ശാസ്ത്രീയമായ പരിചരണം, സാങ്കേതിക സഹായം എന്നിവ 6 മുതൽ 7 വർഷം വരെ ഉത്പാദനത്തിന് പാകമാകാത്ത തോട്ടങ്ങൾക്ക് നൽകുകയും അതിന്റെ മേൽനോട്ടം റബ്ബർ ബോർഡ് വഹിക്കുകയും ചെയ്യണം.
- റബ്ബർ കൃഷിയുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും തൊഴിലാളികൾക്ക് നൈപുണ്യ വികസനത്തിനായുള്ള പരിശീലനം നൽകണം.
- മരങ്ങളുടെ രോഗ നിയന്ത്രണത്തിനുള്ള സാങ്കേതിക സഹായം നൽകണം.
- വിളവെടുപ്പിനും, സംസ്കരണത്തിനുമുള്ള നൈപുണ്യ പരിശീലനം നൽകണം.
- പദ്ധതി കാലയളവിൽ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി റബ്ബർ ബോർഡിലെ സാങ്കേതിക വിദഗ്ദ്ധരുടെ അവശ്യ സഹായം കൃഷിയുടെ മേൽനോട്ടത്തിനായി ലഭ്യമാക്കണം.

MGNREGS മായി സംയോജിച്ച് പ്രവർത്തിക്കാൻ വേണ്ട കാര്യങ്ങൾ

- ഗുണഭോക്താക്കളും, അവരെ തെരഞ്ഞെടുക്കാനുള്ള മാനദണ്ഡവും
- ചെറുകിട കർഷകരാണ് ഇതിന്റെ ഗുണഭോക്താക്കൾ. **Agricultural Debt waiver and Debt Relief Scheme 2008** പ്രകാരം പുതുകൃഷി ചെയ്യാൻ ഒരു ഹെക്ടർ വരെ റബ്ബർ കൃഷിക്കനുയോജ്യമായ സ്ഥലമുള്ളവരെ ഈ പദ്ധതിക്കായി തെരഞ്ഞെടുക്കാം. ഇവരെ ചെറുകിട കർഷകർ എന്നു വിളിക്കുന്നു.
- **നടീൽ വസ്തുക്കളുടെ ലഭ്യത**

MGNREGS ന്റെ മാർഗ്ഗ നിർദ്ദേശ പ്രകാരം താഴെ പറയുന്നിടങ്ങളിൽ നിന്ന് നടീൽ വസ്തുക്കൾ വാങ്ങാം.

1 MGNREGS ന്റെ കീഴിൽ പ്രവർത്തിക്കുന്ന നഴ്സറികൾ

2 വനം / സർക്കാർ നഴ്സറികൾ

3 ഗവൺമെന്റ് അംഗീകൃത സ്വകാര്യ നഴ്സറികളിലൂടെ നിശ്ചിത നിരക്കിൽ വിതരണം ചെയ്യുന്നത്. (കമ്മിറ്റി നിശ്ചയിക്കുന്ന നിരക്ക്)

റബ്ബർ നടീൽ വസ്തുക്കളുടെ ലഭ്യത

1 റബ്ബർ ബോർഡ് നഴ്സറികൾ

റബ്ബർ ബോർഡിനു കീഴിൽ ഒരു സെൻട്ര നേഴ്സറിയും, 5 റീജണൽ നേഴ്സറികളും പരമ്പരാഗത റബ്ബർ മേഖലയായ കേരളത്തിലുണ്ട്. ഗ്രീൻ ബഡ്സ് (GBS) ബ്രൗൺ ബഡ്സ് (BBS), പോളീബാഗ് പ്ലാന്റ് (PBP), റൂട്ട് ട്രെയിനർ പ്ലാൻറ് (RTP), മികച്ച ഉത്പാദന ശേഷിയുള്ള ക്ലോണുകളുടെ ബഡുകൾ എന്നിവ 2014 മുതൽ ബോർഡിന്റെ നഴ്സറികൾ വിതരണം ചെയ്തു വരുന്നു.

2 റബ്ബർ തൈകളുടെ വിൽപ്പനയിൽ 90% നടത്തുന്ന സ്വകാര്യ നഴ്സറികളുടെ സർട്ടിഫിക്കേൻ 2014 മുതൽ റബർ ബോർഡ് തുടങ്ങുകയും ഇതുവഴി നഴ്സറികളുടെ മികച്ച പ്രവർത്തനം, നടീൽ വസ്തുക്കൾ സർട്ടിഫൈ ചെയ്യൽ,

നല്ല നഴ്സറി പ്രവർത്തനങ്ങൾ (GNP) എന്നിവ അംഗീകരിച്ചു. ഇത് മികച്ച തൈകളുടെ ഉപയോഗം ഉറപ്പുവരുത്തുന്നു. പാർലമെന്റിന്റെ പരിഗണനയിലുള്ള SEED BILL 2004 ൽ ഇത് നിഷ്കർഷിച്ചിട്ടുണ്ട്. 2016 ൽ നഴ്സറികളുടെ രജിസ്ട്രേഷനും, നടീൽ വസ്തുക്കളുടെ സർട്ടിഫിക്കേഷനും സ്വകാര്യ നഴ്സറികളിൽ ബോർഡ് നിർബന്ധമാക്കി.

3 RPS / SHG UNDER RPS

ചാരറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രൂപീകരിച്ച അംഗീകൃത കർഷക കൂട്ടായ്മയാണ് റബ്ബർ ഉത്പാദക സംഘങ്ങളും, റബ്ബർ കർഷകരുടെ സ്വാശ്രയ സംഘങ്ങളും. ചെറുകിട കർഷകരെ എല്ലാ മേഖലകളിലും സഹായിക്കാൻ കഴിയുന്ന കർഷക കൂട്ടായ്മയാണ് ആർ.പി.എസ്.

ശരിയായ നൈപുണ്യ വികസന പരിശീലനം ലഭിച്ച വ്യക്തികൾക്കോ, എസ്.എച്ച്.ജി ക്കോ റബ്ബർ നഴ്സറികൾ നടത്താനുള്ള അനുമതി MGNREGS പ്രകാരം ലഭിക്കുന്നു. ഒരു സ്വാശ്രയ സംഘമായതിനാൽ ആർ.പി.എസ്. കൾക്കും നടീൽ വസ്തുക്കൾ ലഭ്യമാക്കാം.

4 ആർ.പി.എസ്. സെക്ടറിലുള്ള കമ്പനികളുടെ പ്രവർത്തനം

കേരളത്തിൽ ആർ.പി.എസ്. കളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ 6 പ്രോസ്സസ്സിംഗ് കമ്പനികളും 11 ട്രേഡിംഗ് കമ്പനികളും റബ്ബർ ബോർഡിന്റെ മേൽ നോട്ടത്തിൽ പ്രവർത്തിക്കുന്നു. ഇവ സ്വകാര്യ കമ്പനികളാണ് . 51% റബ്ബർബോർഡും ബാക്കി ആർ.പി.എസ് കളും വഹിക്കുന്നു. ഈ കമ്പനികളുടെ മുഖ്യമായ പ്രവർത്തനം നടീൽ വസ്തുക്കളുടെ ഉത്പാദനവും വിപണനവുമാണ്.

പ്രായമായതും ഉത്പാദനം കുറഞ്ഞതുമായ ചെറുകിട തോട്ടങ്ങളിലെ മരങ്ങൾ വെട്ടിമാറ്റി ആവർത്തന കൃഷി നടത്തുന്ന പദ്ധതി

കേരള സർക്കാർ, കോട്ടയം ജില്ലാ പഞ്ചായത്ത്, MGNREGS, റബ്ബർ ബോർഡ് ഇതിന്റെ ഗുണഭോക്താക്കൾ എന്നിവർ സംയോജിച്ച് ഈ പദ്ധതി നടപ്പിലാക്കുന്നു.

പദ്ധതിയുടെ ആസൂത്രണം

ഓരോ വർഷവും ശാസ്ത്രീയമായി ആവർത്തന കൃഷി നടത്താൻ യോഗ്യമായ ചെറുകിട തോട്ടങ്ങളേയും അതു വഴി ഇതിന്റെ ഗുണഭോക്താക്കളേയും ഇതിനായി തെരഞ്ഞെടുക്കുന്നു. MGNREGS ന്റെ കീഴിൽ പ്രവർത്തിക്കുന്നവയായിരിക്കും ഇങ്ങനെയുള്ള തോട്ടങ്ങൾ. ഇങ്ങനെയുള്ള തോട്ടങ്ങളുടെ / ഗുണഭോക്താക്കളുടെ ലിസ്റ്റ് വില്ലേജ് / വാർഡ് / ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കുന്നു. ഗ്രാമസഭയുടെ അംഗീകാരത്തിനായി വയ്ക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതി ഉൾപ്പെടെ മറ്റ് പദ്ധതികളുടെ ഒപ്പം ഇത് ഉൾപ്പെടുത്തുന്നു. ഇതിൽ അംഗീകാരം ലഭിച്ച ലിസ്റ്റിൽ നിന്നും ഓരോ വാർഡ് / വില്ലേജ് / പഞ്ചായത്തിലെ കർഷകരുടെ ഗ്രൂപ്പുകൾ അഥവാ ക്ലസ്റ്ററുകൾ രൂപീകരിക്കുന്നു. ഇവ റബ്ബർ ബോർഡിന്റെ മേൽ നോട്ടത്തിലായിരിക്കും നടത്തുന്നത്. നടീൽ വസ്തുക്കളുടെ വിതരണവും റബർബോർഡ് നിർവഹിക്കും. സംസ്ഥാനത്തിലെ റബർബോർഡ് നഴ്സറികളിലൂടെയും, അംഗീകൃത സ്വകാര്യ നഴ്സറികളിലൂടെയും ഇവ വിതരണം ചെയ്യപ്പെടുന്നു.

പദ്ധതി നിർവഹണം

തുടക്കത്തിൽ കോട്ടയം ജില്ലയിൽ ആവർത്തന കൃഷി പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ആരംഭിക്കും. 2017-18 മുതൽ 2021-22 വരെയുള്ള അടുത്ത 5 വർഷ കാലയളവിൽ ഈ പദ്ധതി പ്രകാരം മൊത്തം ആവർത്തന കൃഷി ചെയ്യേണ്ട വിസ്തൃതി 2000 ഹെ. ആയി നിജപ്പെടുത്തിയിരിക്കുന്നു.

പദ്ധതിയുടെ വിവരണം

YEAR	PROJECT PHASE	TARGETED ACTIVITIES
2017-18	Phase I പ്രദേശം, ഗുണഭോക്താക്കൾ, തൊഴിലാളി പരിശീലനം, മുതലായ റീപ്ലാന്റിംഗ്	Preparatory period Identification of area, beneficiaries, skill development of labour pool etc.
2018-19	Phase II	Replanting in 500 ha
2019-20	Phase III	Replanting in 500 ha

2020-21	Phase IV	Replanting in 500 ha
2021-22	Phase V	Replanting in 500 ha
Total Planting target		2000 ha

പദ്ധതിയുടെ ഫലങ്ങൾ - റബ്ബർ മേഖലയുടെ സുസ്ഥിര വികസനം

ഇന്ത്യാ ഗവൺമെന്റിന്റെ 12-ാം പഞ്ചവത്സര പദ്ധതിയിൽ ത്വരിതവും, സുസ്ഥിരവുമായ വളർച്ച കൈവരിക്കാൻ നിർദ്ദേശിക്കുന്നു. വികസനത്തിന്റെ പ്രധാന ഉദ്ദേശ്യം സുസ്ഥിരത കൈവരിക്കുകയെന്നതാണ്. ഇപ്പോൾ ലഭ്യമായ പ്രകൃതി വിഭവങ്ങൾ വരും തലമുറയ്ക്കും പ്രയോജനപ്പെടുന്ന രീതിയിൽ വിനിയോഗിക്കുന്നതിനെയാണ് സുസ്ഥിരതയിലൂടെ അർത്ഥമാക്കുന്നത്. 2005 -ലെ ആഗോള ഉച്ചകോടി സാമ്പത്തിക, സാമൂഹിക വികസനവും പരിസ്ഥിതി സംരക്ഷണവും സുസ്ഥിര വികസനവും ലക്ഷ്യമിടുന്നു.

റബ്ബർ മേഖല മേൽപ്പറഞ്ഞ സുസ്ഥിര വികസന ലക്ഷ്യങ്ങൾ എങ്ങനെ കൈവരിക്കുന്നുവെന്ന് താഴെ വിശദീകരിക്കുന്നു.

സാമ്പത്തിക പുരോഗതി

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും കയറ്റുമതിയിലൂടെ അധിക വരുമാനം ഉണ്ടാക്കുന്നതിലും ഇന്ത്യയുടെ റബ്ബർ മേഖല പ്രധാന പങ്ക് വഹിക്കുന്നു. 2016-17 ലെ ഉത്പാദന ക്ഷമത (1553 കി.ഗ്രാം , ഹെ) കണക്കിലെടുത്താൽ 2000 ഹെക്ടർ റബർ വിസ്തൃതിയിൽ നിന്നും 3106 എം.റ്റി. ഉത്പാദനവും അതുവഴി 41.93 കോടി വാർഷിക വരുമാനവും ഉണ്ടാകും. @ Rs. 135/kg, 2016-17 ലെ ആഭ്യന്തര വില

സാമൂഹിക പുരോഗതി

സുസ്ഥിരമായ ജീവിത മാർഗ്ഗങ്ങൾ നൽകുന്നതുവഴി റബ്ബർ കൃഷി ഗ്രാമീണ ജനതയുടെ സാമൂഹിക സാമ്പത്തിക പുരോഗതിക്ക് കാരണമാകുന്നു. വിവിധ സംസ്ഥാനങ്ങളുടെ പങ്കാളിത്തത്തോടുകൂടി റബ്ബർ ബോർഡ് നടപ്പിലാക്കുന്ന ടൈബൽ ബ്ലോക്ക് പ്ലാന്റേഷൻ സ്കീം പിന്നോക്ക ജനതയുടെ ഉന്നമനം സാധ്യമാക്കുന്നു. 0.5 ദശലക്ഷം പേർക്ക് റബ്ബർ കൃഷിയിലൂടെ നിത്യവും തൊഴിൽ ഉറപ്പുവരുത്തുന്നു. നടീൽ മുതൽ വിളവെടുപ്പുവരെയും മറ്റ് അനുബന്ധ പ്രവർത്തനങ്ങളിലൂടെയും അധിക പ്രവൃത്തി ദിനങ്ങൾ ലഭിക്കുന്നു. അധിക തൊഴിൽ സാധ്യതകളും ഇതിന്റെ ഫലമായി ഉണ്ടാകുന്നു.

നിയുക്ത പ്രോജക്ട് — കോട്ടയം ജില്ല

ടാപ്പിങ്ങ് രീതിയിലുള്ള മാറ്റത്തിലൂടെ ഉത്പാദന ക്ഷമതാ വർദ്ധനവ്

2015-16 ലെ നാച്ചുറൽ റബ്ബർ ഉത്പാദനം 12.9 ശതമാനം കുറഞ്ഞ് 2014-15 ലെ ഉത്പാദനമായ 6.45 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 5.62 ലക്ഷം മെട്രിക് ടണ്ണായി കുറഞ്ഞിരിക്കുന്നു. 5.59 ലക്ഷം ഹെക്ടർ ടാപ്പ ചെയ്യാമായിരുന്ന തോട്ടങ്ങളിൽ 3.91 ലക്ഷം ഹെക്ടർ മാത്രമേ 2015-16 ൽ ടാപ്പ് ചെയ്തിരുന്നുള്ളു. തത്ഫലമായി 2015-16 ലെ ഉത്പാദനക്ഷമത മുൻവർഷത്തെ 1443 kg/ha ൽ നിന്നും 1437 kg/ha ആയി കുറഞ്ഞു. 2016-17 കാലയളവിലെ ഉത്പാദനം 6.54 ലക്ഷം ടൺ എന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഉയർന്ന കൂലി, വിലക്കുറവ്, എന്നിവ മൂലം കർഷകർ പലരും ടാപ്പിങ്ങ് നിർത്തി വച്ചതും, കാലാവസ്ഥ പ്രതികൂലമായതും, തൊഴിലാളിക്ഷാമവുമൊക്കെയായിരുന്നു ഉത്പാദനക്കുറവിനുള്ള പ്രധാന കാരണങ്ങൾ.

2014-15 കാലയളവിലുണ്ടായിരുന്ന 10.2 ലക്ഷം മെട്രിക് ടൺ ഉപഭോഗം 2.6 ശതമാനം കുറഞ്ഞ് 2015-16 ൽ 9.94 ലക്ഷം മെട്രിക് ടൺ ആയി. ടയർ നിർമ്മാണ മേഖലയുടെ ഉപഭോഗത്തിൽ വന്ന 2.5 ശതമാനം കുറവ്, ജനറൽ റബ്ബർ ഗ്രഡ്സ് നിർമ്മാണ മേഖലയിൽ വന്ന 2.7 ശതമാനം കുറവ് എന്നിവ ഇതിന് വഴിതെളിച്ചു. 2014-15 ൽ 1002 ടൺ കയറ്റുമതി ചെയ്തിരുന്നപ്പോൾ 2015-16 ൽ ഇത് 865 ടണ്ണായി കുറഞ്ഞു. മാർക്കറ്റ് ലിങ്ക്ഡ് ഫോക്കസ് പ്രോജക്ട് സ്കീം പ്രകാരം കേന്ദ്ര സർക്കാർ അംഗീകൃത ഇന്ത്യൻ സ്വാഭാവിക റബ്ബർ കയറ്റുമതിക്ക് നൽകിയിരുന്ന ഇൻസെന്റീവ് തുടർന്നു. ഉത്പാദനത്തിൽ കേരളത്തിന്റെ അവസ്ഥയും വ്യത്യസ്തമല്ല. 2014-15 ൽ ലക്ഷം ടൺ ഉത്പാദനം ഉണ്ടായിരുന്നത് 2015-16 ൽ 4.38 ലക്ഷം ടണ്ണായി കുറഞ്ഞു.

ആഗോള റബ്ബറുത്പാദനത്തിൽ രാജ്യാന്തര റാങ്കിംഗിൽ ഇന്ത്യയുടെ സ്ഥാനം 5-ാമതായി. തായ് ലന്റ്, ഇന്തോനേഷ്യ, വിയ്റ്റ്നാം, ചൈന എന്നീ രാജ്യങ്ങൾ ആദ്യ നാലു സ്ഥാനങ്ങൾ യഥാക്രമം കരസ്ഥമാക്കി.

പ്രധാനമായും താഴെ പറയുന്ന കാരണങ്ങളാൽ കേരളത്തിന്റെ റബ്ബറുത്പാദനക്ഷമത കഴിഞ്ഞ അഞ്ച് വർഷങ്ങളായി തുടർച്ചയായി കുറയുന്ന പ്രവണത കണ്ടുവരുന്നു.

വിലക്കുറവ്

- ശരിയായ കൃഷി , പരിചരണരീതികൾ അവലംബിക്കാതിരുന്നത്.
- ഉയർന്ന കൂലിയും ഉത്പാദന ചെലവും
- വിലക്കുറവു മൂലം കർഷകർ ടാപ്പിംഗ് നിർത്തിവച്ചത്
- പരിശീലന മികവ് നേടിയ തൊഴിലാളികളുടെ ക്ഷാമം
- തോട്ടങ്ങളുടെ വിസ്തൃതിയിൽ വന്ന വ്യതിയാനം
- തെറ്റായ ടാപ്പിങ് രീതികൾ
- കാലാവസ്ഥ വ്യതിയാനം

ഇന്ത്യയുടെ വികസന പ്രക്രിയയിൽ റബ്ബർ മേഖലയുടെ പങ്ക് വളരെ വലുതാണ്. 1.3 മിലല്യ്ൺ ചെറുകിട കർഷകരും ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മറ്റുള്ളവരും ചേർന്ന് ഒരു വലിയ സംഭാവന ഈ മേഖലയ്ക്ക് നൽകുന്നു. ഇപ്പോൾ നിലനിൽക്കുന്ന പ്രതിസന്ധി മുഖ്യമായും ഉത്പാദനത്തിലും ഉത്പാദനക്ഷമതയിലും വന്ന ഗണ്യമായ കുറവുമൂലമാണ്. ഇത് കർഷകർ, മറ്റു തൊഴിലാളികൾ, എന്നിവരുടെ ജീവിത മാർഗ്ഗത്തെ സാരമായി ബാധിച്ചിരിക്കുന്നു.

ഇതേ തുടർന്ന് റബ്ബർ വില തകർച്ച കൂടാതെ ടാപ്പിങ്ങിലുള്ള പ്രതിസന്ധിമൂലവും, കർഷകർ റബ്ബർ മരങ്ങൾ വെട്ടിമാറ്റുകയും, മറ്റ് വിളകളിലേക്ക് മാറുകയും ചെയ്തു. ഇത് സമീപ ഭാവിലേയും, ക്രമേണ വരും കാലങ്ങളിലേയും സ്വാഭാവിക റബ്ബറിന്റെ ലഭ്യതയെ ദോഷകരമായി ബാധിക്കും.

ആഗോളതലത്തിൽ കൂടുതൽ മത്സരക്ഷമത റബ്ബർ മേഖലയ്ക്ക് കൈവരിക്കേണ്ടി യിരിക്കുന്നു. ഇത് സാക്ഷാത്ക്കരിക്കുന്നതിനൊപ്പം കർഷകർ ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധിയെ തരണം ചെയ്യാനുള്ള ഹ്രസ്വകാല സംരംഭങ്ങൾ ആംരംഭിച്ചേ മതിയാകൂ.

കേരളത്തിലെ മഴ വിതരണം.

ഏകദേശം 120-140 മഴ ദിനങ്ങൾ ഒരു വർഷം കേരളത്തിൽ കിട്ടുന്നു. തെക്കുപടിഞ്ഞാറൻ മൺസൂണും വടക്കുകിഴക്കൻ മൺസൂണും കേരളത്തിനാവശ്യമായ മഴ ലഭ്യമാക്കുന്നു.

ഉത്പാദനക്ഷമതാ വർദ്ധനവ് ഹ്രസ്വകാലയളവിൽ താഴെസൂചിപ്പിച്ചിരിക്കുന്ന രണ്ട് രീതികളിലൂടെ സാധ്യമാക്കുന്നു.

എ. റയിൻ ഗാർഡിങ്ങ് (പാനൽ പ്രൊട്ടക്ഷനോടു കൂടി)

ഇതിലൂടെ 20 മുതൽ 30% വരെ അധിക ടാപ്പിംഗ് ദിനങ്ങൾ ലഭിക്കുന്നു. ഒപ്പം 15% വരെ ഉത്പാദനത്തിൽ വർദ്ധനവുണ്ടാകുന്നു. സുസ്ഥിരമായ ഉത്പാദനക്ഷമത ലഭിക്കാൻ വർഷത്തിലുടനീളം കൃത്യമായ കാലയളവിൽ ടാപ്പിംഗ് നടത്തേണ്ടതാണ്. 50% ത്തോളം കർഷകർ റയിൻ ഗാർഡ് ചെയ്തിട്ടുണ്ട്. ടാപ്പ് ചെയ്യാവുന്ന മൊത്തം തോട്ടങ്ങളേയും, റെയിൻഗാർജ് ചെയ്യിക്കാൻ ഒരു പ്രത്യേക പദ്ധതി ആവശ്യമാണ്. ഇത് ശരിയായി പ്രചരിപ്പിച്ചാൽ മികച്ചതും സുസ്ഥിരവുമായ ഉത്പാദനക്ഷമത കൈവരിക്കാനാകും.

ബി. ടാപ്പിംഗ് രീതിയിലുള്ള അപാകത പരിഹരിക്കൽ

തെറ്റായ ടാപ്പിഗ് രീതി വിളനഷ്ടം മരത്തിന്റെ ദീർഘായുസ്സ് എന്നിവ പ്രതികൂലമായി ബാധിക്കും. ശരാശരി 6% വിളനഷ്ടം പ്രതിവർഷം ഉണ്ടാകുന്നുണ്ട്. ഇതിനാൽ ടാപ്പിംഗ് രീതിയിലുള്ള അപാകത പരിഹരിക്കൽ അത്യാവശ്യമാണ്.

ടാപ്പിംഗ് രീതിയിലുള്ള മാറ്റം

പരമ്പരാഗത മേഖലയിൽ കർഷകർ ഒന്നിടവിട്ടാണ് ടാപ്പിംഗ് ചെയ്യുന്നത്. ഇത് ആഴ്ചയിലൊരു ടാപ്പിഗ് എന്നി രീതിയിലേക്ക് മാറണം. ഇതിലൂടെ 45% വരെ ടാപ്പിഗ് കൂലിയിൽ കുറവുണ്ടാകുന്നു. റയിൻ ഗാർഡിങ്ങിനൊപ്പം ആഴ്ചയിലൊരു ടാപ്പിംഗ് രീതിയും ശരിയായി പ്രചരിപ്പിക്കണം.

ലക്ഷ്യങ്ങൾ

സുസ്ഥിരതയ്ക്കു വേണ്ടി തോട്ടങ്ങൾ ആഴ്ചയിലൊരു ടാപ്പുചെയ്യുന്നതിന്റെ പ്രാധാന്യം ജനങ്ങളിലെത്തിക്കാൻ

ഘടകങ്ങൾ

ഇതിനുവേണ്ടി പ്രത്യേക തെരഞ്ഞെടുത്ത കർഷക ഗ്രൂപ്പുകളെ കണ്ടെത്തുക. അവരെ ബോധവത്ക്കരിക്കുക.
റബ്ബർ ഉത്പാദന സംഘങ്ങളുടെ ആർ.പി.എസ്. ന്റെ കീഴിൽ തൊഴിലാളികളുടെ ഗ്രൂപ്പ് രൂപീകരിക്കൽ
ഇൻപുട്ട് വിതരണം സബ്സിഡി നിരക്കിൽ
റെയിൻഗാർഡിങ്ങിന്ഇൻസെന്റീവ്
വിലയിരുത്തൽ, രേഖപ്പെടുത്തൽ

കർഷക തെരഞ്ഞെടുക്കലും പ്രചരിപ്പിക്കലും

Ready to use Rubber production incentive scheme (RPIS) Date base.

റബ്ബർ ബോർഡ് എക്സ്റ്റൻഷൻ ഓഫീസർമാർ സാക്ഷ്യപ്പെടുത്തിയ ബില്ലുകൾ സമർപ്പിക്കുന്നതിലൂടെ 150 രൂപ കർഷകർക്ക് RSS IV Grade ന് ഉറപ്പുവരുത്തുന്ന സ്കീമാണിത്.

1868 രജിസ്ട്രേഷൻ ആർ.പി.എസ്. കളും, ഇതിലൂടെ 443661 കർഷകരും (265458 la) RPIS പ്രകാരം നിലവിലുണ്ട്. ഇത്രയും കർഷകർക്കിടയിൽ റയിൻഗാർഡിങ്ങ് പ്രചരിപ്പിക്കാം. ഇതിലൂടെ 60% ടാപ്പുചെയ്യുന്ന തോട്ടങ്ങളുടെ ഉത്പാദനം ഉറപ്പുവരുത്താം.

ബി. മീറ്റിംഗുകളും, വർക്ക്ഷോപ്പുകളും സംഘടിപ്പിച്ചുകൊണ്ട് ബോധവൽക്കരണം.

റെയിൻഗാർഡു ചെയ്യുന്നതിലൂടെ പട്ടമരപ്പ് ഉണ്ടാകുന്നു എന്ന അബദ്ധ ധാരണ കർഷകർക്കിടയിലുണ്ട്. ഇത് മാറ്റാനും സ്ഥിരമായി ടാപ്പ് ചെയ്യാൻ കഴിയുന്നതിലൂടെ അറ്റാദായം വർദ്ധിപ്പിക്കാം എന്നതും ഈ മീറ്റിംഗുകളിലൂടെ ഉറപ്പുവരുത്താം.

ആർ.പി.എസ്. കളുടേയും, തൊഴിലാളി സംഘങ്ങളുടെയും കൂട്ടായ പ്രവർത്തനം.

റബ്ബർ മേഖലയിലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ SHG യെ ഭാഗമാക്കി ലേബർ ബാങ്ക് പ്രദ്ധതി നടപ്പാക്കാനുള്ള ചുമതല റബ്ബർബോർഡിനാണ്. ഉത്പാദക സംഘങ്ങളുടെ പങ്കാളിത്തവും ഇതിലുണ്ടാകും. ടാപ്പിങ്ങ് റബ്ബർ കൃഷിയുമായി ബന്ധപ്പെട്ട മറ്റ് കൃഷിപ്പണികൾ എന്നിവയിൽ താത്പര്യമുള്ള സ്ത്രീകളെ കുടുംബശ്രീ വഴി കണ്ടെത്തി ടാപ്പർ ബാങ്ക് രൂപവത്ക്കരിക്കണം. ടാപ്പർ ബാങ്കിനെ റബ്ബറുത്പാദക സംഘങ്ങളുമായി ബന്ധിപ്പിക്കുക. അംഗങ്ങളായ കർഷകരുടെ തോട്ടങ്ങളിലെ ജോലികൾ ഏറ്റെടുത്തു ചെയ്യുക. പദ്ധതിയുടെ മേൽനോട്ടവും വിലയിരുത്തലും നടത്തുക.

ഇൻപുട്ട് വിതരണം

2358 ആർ.പി.എസ്. കൾ ഇന്ന് കേരളത്തിൽ നിലവിലുണ്ട്. ഇതിൽ 463 എണ്ണം കോട്ടയം ജില്ലയിലാണ്. ഇതു കൂടാതെ 6 പ്രോസ്സസിംഗ് കമ്പനികളും 11 ട്രയിനിംഗ് കമ്പനികളും ഇവിടെ പ്രവർത്തിക്കുന്നു.
M/s മണിമലയാർ റബ്ബർ കമ്പനി (റബ്ബർ ബോർഡ് പ്രൊമോട്ട് ചെയ്യുന്നത്) ഇൻപുട്ടുകൾ വിതരണം ചെയ്യുന്നു.

റയിൻ ഗാർഡിങ്ങിനുള്ള സഹായം

റയിൻ ഗാർഡിങ്ങിനുള്ള ധനസഹായത്തിന്റെ ഒരു ഭാഗം കേരള സർക്കാർ വഹിക്കേണ്ടതാണ്.

വിലയിരുത്തൽ, രേഖപ്പെടുത്തൽ

റബ്ബർ ബോർഡിന്റെ എക്സ്റ്റൻഷൻ ഓഫീസർമാരുടെ മേൽ നോട്ടത്തിൽ എല്ലാവിധ സഹായങ്ങളും, മേൽനോട്ടവും സാധ്യമാക്കുന്നു.

പദ്ധതി നിർവഹണം

2018-19 ൽ ഈ പദ്ധതി നടപ്പിലാക്കണം. ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി, ഈരാറ്റുപേട്ട, പാല എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന (ഗ്രൂപ്പ് പ്രോസസ്സിംഗ് ഫെസിലിറ്റിയുള്ള) 20 തെരഞ്ഞെടുത്ത ആർ.പി.എസ്.കളിൽ

ഇത് നടപ്പിലാക്കണം. 0.40 ഹെക്ടർമുതൽ 1.00 ഹെ. വരെ ടാപ്പ ചെയ്യുന്ന തോട്ടമുള്ളവരായിരിക്കും ഇതിൽ ഉൾപ്പെടുക. മണിമലയാർ റബ്ബേഴ്സിൽ നിന്നും ആർ.പി.എസ്. കൾക്ക് ഇൻപുട്ട് ശേഖരിക്കാം. പരിശീലനം നേടിയ തൊഴിലാളികൾ, റെയിൻഗാർഡിങ് നടത്തും. മികച്ച ഷീറ്റുകൾ (RSS 1 X) RPS കൾ ശേഖരിച്ച് ലാറ്റക്സ് ഉപയോഗിച്ച് നിർമ്മിക്കാം. മണിമലയാർ റബ്ബേഴ്സ് വഴി ഇവയെ വിൽക്കുകയും ചെയ്യാം.

പരിപ്രേക്ഷ്യം തുടർച്ച

റബ്ബർ ടാപ്പിംഗ് ഏരിയ വിസ്തൃതി 8.5 ലക്ഷം ഹെക്ടർ എന്ന ലക്ഷ്യത്തിലേക്ക് എത്തുന്നതിനായി കോട്ടയം ജില്ലയിലെ ഏരിയ ഇരട്ടിയായി വർദ്ധിപ്പിക്കുക. റബ്ബർ തോട്ടങ്ങൾ MGNREGS ന്റെ പ്രധാന തൊഴിൽ മേഖലയായി ചിട്ടപ്പെടുത്തുക.

ഭൂമിയുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുക. മെച്ചപ്പെട്ട തൈകൾ കർഷകർക്കു ലഭ്യമാകുന്നു എന്നുറപ്പു വരുത്തുക. സംഭരണം മുതൽ റബ്ബർ ഉത്പന്നങ്ങളുടെ പ്രൊഡക്ഷൻ വരെ ബന്ധിപ്പിക്കുന്ന ആനന്ദ് മോഡൽ സൊസൈറ്റി രൂപപ്പെടുത്തുക. റബ്ബർ തോട്ടങ്ങളിൽ അനുയോജ്യമായ ഇടവിളകൾ പ്രോത്സാഹിപ്പിക്കുക.

2013-14 — 113830 ഹെക്ടർ കൃഷിയും ഉത്പാദനം 174280 ടണ്ണുമാണ്.

2015-16- 114400 ഹെക്ടർ കൃഷിയും ഉത്പാദനം 88700 ടണ്ണുമാണ്.

കാർഷിക ഏരിയ കൂടിയിട്ടും റബ്ബർ ഉത്പാദനം പകുതിയായി കുറഞ്ഞത് നമ്മുടെ സമ്പദ്ഘടനയെ ഏറെ ബാധിക്കും.

മണ്ണ് ജലസംരക്ഷണം

പ്രകൃതിവിഭവങ്ങൾ കനിഞ്ഞനുഗ്രഹിച്ച നാടാണ് നമ്മുടെ കേരളം. ഭൂസവിശേഷതകളായ കുന്ന്, ചരിവ്, താഴ്വര, ഫലഭൂയിഷ്ടമായ മണ്ണ്, 44 നദികൾ, ജലാശയങ്ങൾ എന്നിവയാലെല്ലാം സമൃഷ്ടമാണ് നമ്മുടെ നാട്. എന്നാൽ പ്രകൃതി കനിഞ്ഞ് നൽകിയിരിക്കുന്ന ഈ സമ്പത്ത് മാറികൊണ്ടിരിക്കുന്ന ജീവിതശൈലി കൊണ്ട് നമുക്ക് നഷ്ടമായികൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെന്നപ്പോലെ കുന്നുകളും, മലകളും, താഴ്വരകളും, കായലുകളാലും സമൃഷ്ടമാണ് കോട്ടയും ജില്ലയും. പ്രതിവർഷം ശരാശരി 3000 മി. മീ മഴ നമ്മുടെ ജില്ലയ്ക്ക് ലഭിക്കുന്നുണ്ടെങ്കിലും അതിൻറെ കുറച്ച് ഭാഗം മാത്രമാണ് യഥാർത്ഥത്തിൽ ഉപയോഗപ്പെടുത്തുന്നത്. ബാക്കിയുള്ളത് പാഴായിപോവുകയാണ്. വേനൽകാലത്ത് രൂക്ഷമായ വരൾച്ചയും മഴക്കാലത്ത് ക്രമാതീതമായ ഉപരിതലപ്രവാഹവും ഉരുൾപൊട്ടലും വെള്ളപ്പൊക്കവും ജില്ലയുടെ പ്രത്യേകതകളാണ്. പശ്ചിമഘട്ടത്തിൽ പെയ്യുന്ന മഴവെള്ളത്തിൽ നല്ലൊരു പങ്ക് ഒന്നുരണ്ടു ദിവസങ്ങൾ കൊണ്ട് കടലിൽ എത്തിചേരുന്നു.

ജലത്തിന്റെ കാര്യത്തിലെന്നപ്പോലെ നമ്മുടെ ജില്ലയിലെ മണ്ണും തകർച്ചയ്ക്ക് വിധേയമായികൊണ്ടിരിക്കുകയാണ്. ജില്ലയിലെ ഭൂപ്രദേശത്തിൽ നല്ലൊരു ശതമാനവും ഇന്ന് മണ്ണൊലിപ്പിന് വിധേയമായികൊണ്ടിരിക്കുയാണ്. മനുഷ്യനും മൃഗങ്ങളും കൂടി പ്രകൃതിയുടെ മേൽ നടത്തുന്ന അനിയന്ത്രിതമായ കടന്നാക്രമണം മൂലം മണ്ണിന്റെ സസ്യമേലാവരണം നഷ്ടപ്പെടുകയും മണ്ണൊലിപ്പ് വർദ്ധിക്കുകയും ചെയ്യുന്നു. നമുക്ക് ലഭിക്കുന്ന മഴയുടെ അളവും , അതിന്റെ തീവ്രത, കാലദൈർഘ്യം , ഉപരിതല പ്രവാഹത്തിൻറെ വേഗത എന്നീ ഘടകങ്ങളും മണ്ണൊലിപ്പിനെ വളരെയെറെ സ്വാധീനിക്കുന്നു. ചരിവ് പ്രദേശങ്ങളുടെ ചരിവ് കൂടുന്തോറും ഉപരിതലത്തിലൂടെ ഒഴുകുന്ന വെള്ളത്തിൻറെ വേഗത വർദ്ധിക്കുകയും കൂടുതൽ മണ്ണൊലിപ്പ് ഉണ്ടാവുകയും ചെയ്യുന്നു. ചരിവ് കൂടുതലുള്ള പ്രദേശത്ത് മേൽമണ്ണ് ഇളക്കി കൃഷിചെയ്യുന്നതും ചരിവിന് സമാന്തരമായി കൃഷിപണികൾ ചെയ്യുന്നതും മണ്ണൊലിപ്പ് കൂട്ടുന്നു. നീർച്ചാലുകളുടെ ഓരങ്ങളിൽ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാതെയുള്ള കൃഷി ചാലുകളുടെ വശങ്ങൾ ഇടിഞ്ഞ് മണ്ണ് നഷ്ടപ്പെടുന്നതിന് കാരണമാവുന്നു. അതുപോലെ പല പ്രദേശങ്ങളിലും മണ്ണിന് മുകളിൽ സസ്യാവരണം ഇല്ലാത്തതിനാൽ മഴ തുള്ളികൾ മണ്ണിൽ നേരിട്ട് പതിച്ച് മണ്ണ് ഇളകുകയും അത് വെള്ളത്തിൽ ഒഴുകി നഷ്ടപ്പെടുകയും ചെയ്യുന്നു. മണ്ണിൻറെ ഭൗതികരാസഗുണങ്ങൾ, മണ്ണിൻറെ ഘടന, മൺതരികളുടെ വലിപ്പം, മണ്ണിൻറെ ആഴം, കാലാവസ്ഥ, ഭൂമിയുടെ ചെരിവ്, സസ്യസമ്പത്ത് തുടങ്ങിയവയും മണ്ണൊലിപ്പിനെ സ്വാധീനിക്കും.

അനിയന്ത്രിതമായ വനനശീകരണവും മണ്ണൊലിപ്പ് ഉണ്ടാക്കുന്നു. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവ രൂക്ഷമായ മണ്ണൊലിപ്പിൻറെ ഉദാഹരണങ്ങളാണ്. യാതൊരുവിധ മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങളും നടപ്പിലാക്കാതെയുള്ള കൃഷി മണ്ണൊലിപ്പ് ഉണ്ടാക്കുകയും, മേൽ മണ്ണ് നഷ്ടപ്പെടുന്നതിന് കാരണമാവുകയും ചെയ്യുന്നു.

മണ്ണൊലിപ്പ് മൂലം മേൽ മണ്ണ് ഒലിച്ചുപോവുന്നു. ഭൂഗർഭ ജലനിരപ്പ് താഴുകയും മണ്ണിലെ ജലാംശം നഷ്ടപ്പെടുന്നതുകൊണ്ട് വരൾച്ച ഉണ്ടാവുകയും ചെയ്യുന്നു. മേൽ മണ്ണിനൊപ്പം സസ്യപോഷകങ്ങൾ നഷ്ടപ്പെടുന്നു. ഇത് മൂലം കൃഷി ഭൂമിയുടെ ഉത്പാദന ക്ഷമത കുറയുന്നു. നദികളുടെയും തോടുകളുടെയും, ജലാശയങ്ങളുടെയും അടിത്തട്ട് മണ്ണടിഞ്ഞ് ഉയരുന്നതുകൊണ്ട് വെള്ളപ്പൊക്കമുണ്ടാവുന്നു. ജലസംഭരണികളിലും ജലാശയങ്ങളിലും മണ്ണടിഞ്ഞ് അവയുടെ ശേഷി കുറയുന്നു. അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങൾ മൂലം മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതി ക്ഷോഭങ്ങൾ ത്വരിതമാക്കുന്നു.

ശാസ്ത്രീയമായ മണ്ണുജല സംരക്ഷണവും, പ്രകൃതി വിഭവങ്ങളുടെ സംയുലിതമായ ഉപയോഗവും സ്ഥായിയായ ഉത്പാദന സാഹചര്യങ്ങൾ ഒരുക്കുന്നതിന് അത്യന്താപേക്ഷിതമാണ്. ഇതിനായി വിവിധ മണ്ണുജല സംരക്ഷണ മാർഗ്ഗങ്ങൾ നീർത്തടാടിസ്ഥാനത്തിൽ നടപ്പിലാക്കിയേ തീരൂ. മണ്ണുസംരക്ഷണവും ജൈവവിഭവവികസനവും ജലസംരക്ഷണവുമൊക്കെ പ്രാഥമിക മേഖലയുടെ ഉന്നമനത്തിന് അത്യന്താപേക്ഷതമായതിനാൽ

നീർത്തടാധിഷ്ഠിത വികസനം ജില്ലയ്ക്ക് അനിവാര്യമാണ്. നീർത്തട പ്രദേശത്തിനുള്ളിലെ ജലവ്യവസ്ഥയും, മണ്ണും, ജൈവസമ്പത്തും പരസ്പര ബന്ധിതമായി നിലകൊള്ളുന്നു. ഉയർന്ന ഭൂഭാഗങ്ങളിൽ രൂപപ്പെടുന്ന സ്വഭാവിക അതിർത്തി രേഖയ്ക്കുള്ളിൽ വിവിധ ചാലുകളിൽ വെള്ളം ഒഴുകി ഒരു പൊതു ബഹിർഗമനസ്ഥാനത്തുകൂടി പുറംതള്ളപ്പെടുന്ന ഒരു പ്രകൃതിദത്ത വ്യവസ്ഥയാണ് നീർത്തടത്തിനുള്ളത്. ജലം, മണ്ണ്, ജീവസമ്പത്ത് എന്നീ പ്രകൃതി വിഭവങ്ങൾ പരസ്പര ബന്ധിതമായി നിലകൊള്ളുന്ന അടിസ്ഥാന പ്രകൃതിദത്ത യൂണിറ്റാണ് നീർത്തടം. 100 ഹെക്ടർ മുതൽ 1000 ഹെക്ടർ വരെ വിസ്തീർണ്ണം വരുന്ന ചെറുനീർത്തടങ്ങളാണ് നമ്മുടെ ജില്ലയുടെ വികസനത്തിന് കൂടുതൽ അനുയോജ്യം. നീർത്തടാടിസ്ഥാനത്തിൽ ജില്ലയിൽ വിവിധ മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലൂടെ അടിസ്ഥാന പ്രകൃതി വിഭവങ്ങളായ മണ്ണും ജലവും സംരക്ഷിക്കുന്നതോടൊപ്പം ജൈവ വിഭവങ്ങളുടെ വളർച്ചയും അതുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങളു സാധ്യമാവുന്നു.

SLTL (t.ha^{-1} yr^{-1})	Area (ha)	Per cent
7.5	79259.3	2.1
10.0	562537.7	14.7
12.5	3173170.2	83.2
Total	3814967.2	100.0

ചിത്രം 4.1.1 (8)

2. ലക്ഷ്യങ്ങൾ

1) ജീവരാശിയുടെ നിലനിൽപിനാധാരമായ മേൽ മണ്ണിൻറെ നഷ്ടം പരമാവധി കുറയ്ക്കുക

2) മണ്ണിൻറെ ജലാഗിരണിശേഷി വർദ്ധിപ്പിക്കുക

3) മേൽ മണ്ണ് നഷ്ടമാകുന്നതുവഴി മണ്ണിൻറെ ഫലഭൂയിഷ്ടതയും ജൈവമൂലകങ്ങളും നഷ്ടപ്പെടുന്നത് ഒരു പരിധി വരെ തടയുക.

4) ജില്ലയിലെ ശുദ്ധജല ലഭ്യത വർദ്ധിപ്പിക്കുക

5) വരൾച്ച കാലാവധി കുറക്കുക

6) ഭൂഗർഭ ജലനിരപ്പ് ഉയർത്തുക

7) സസ്യജാലങ്ങളുടെ ആവരണം/ ഇലചാർത്ത് വർദ്ധിപ്പിക്കുന്നതു വഴി വിറക്, കാലിതീറ്റ, മറ്റു ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം എന്നിവ വർദ്ധിക്കുകയും അതു വഴി ഗ്രാമപ്രദേശങ്ങളുടെ സ്വയം പര്യപ്തത വീണ്ടെടുക്കാനും അന്തരീക്ഷ ഊഷ്മാവ് സന്തുലിതപ്പെടുത്തന്നതുമൂലം കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കലും സാധ്യമാക്കുക.

8) മണ്ണിടിച്ചിൽ മൂലം തോടുകൾ, ജലാശയങ്ങൾ ജലസംഭരണികൾ എന്നിവയുടെ ജലസംഭരണശേഷി കുറയുന്നത് തടയുക

9) പ്രദേശത്തെ ജൈവവൈവിധ്യം തിരികെ കൊണ്ടുവരികയും നിലനിർത്തുകയും തത്വാര പ്രകൃതി വിഭവങ്ങൾക്ക് ഹാനികരമല്ലാത്ത വിധത്തിലുള്ള സ്ഥായിയായ വികസനം ഉറപ്പുവരുത്തുകയും ചെയ്യുക.

10) വിശദ മണ്ണുപര്യവേഷണം

11) സമാന സ്വഭാവമുള്ള മണ്ണിനങ്ങളെ കണ്ടെത്തലും വർഗ്ഗീകരണവും

12) വിവിധ മണ്ണിനങ്ങളുടെ മാനചിത്രണം

13) മണ്ണു പര്യവേഷണ അപഗ്രഥനം - പര്യവേഷണം മുഖേന ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിച്ച് ഭൂക്ഷമത, ജലസേചന ക്ഷമത, ഉല്പാദനക്ഷമത തുടങ്ങിയവ നിർണ്ണയിക്കുകയും ഉചിതമായ പരിപാലനങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുക.

3. അവസ്ഥാ വിശകലനം

മണ്ണിന്റെ വിവിധ സ്ഥലങ്ങളിലെ അവസ്ഥാ വിശകലനം താഴെ സൂചിപ്പിക്കുന്നു.

മണ്ണ് ശ്രേണി	രചന	അമ്ളത	ഫലഭൂയിഷ്ഠത	ആഴം	ജല ആഗിരണ ശേഷി	വിളകൾ	കാണപ്പെടുന്ന സ്ഥലം
ഉദയംപേരൂർ	75% മണൽ	5-6 ജഒ	കുറവ്	വളരെ ആഴമുള്ളത്	കുറവ്	തെങ്ങ് പച്ചക്കറി	വേമ്പനാട് കായലിനോട്ചേർന്ന സമതല പ്രദേശം
അയിരൂർ	മണൽ കലർന്ന പശിമരാശി മണ്ണ്		മധ്യം	വളരെ ആഴമുള്ളത്	കൂടുതൽ	നെല്ല്	വേമ്പനാട് കായലിനോട്ചേർന്ന്കിടക്കുന്ന നിലം
മാഞ്ഞൂർ ചമ്പക്കുളം തകഴി, പുറക്കാട്	പശിമരാശി കുറഞ്ഞ എക്കൽമണ്ണ് അഴുകിയ ജൈവപദാർത്ഥങ്ങൾ കാണപ്പെടുന്നു	കൂടിയ അമ്ളത 34	മധ്യം	ആഴമുള്ളത്	കൂടുതൽ	നെല്ല്	സമുദ്രനിരപ്പിൽനിന്ന് താഴെ
വെച്ചൂർ	പശിമരാശി കുറഞ്ഞ എക്കൽമണ്ണ് കക്ക കാണപ്പെടുന്നു	കുറവ് 6.4	മധ്യം	ആഴമുള്ളത്	കൂടുതൽ	നെല്ല്	സമുദ്രനിരപ്പിൽനിന്ന് താഴെ

ചങ്ങനാശ്ശേരി മുത്തൂർ കുറിച്ചി	പശിമരാശി മണ്ണ്	കൂടിയ അമ്ളത 3.8-4.8	മധ്യമം	ആഴമുള്ളത്	കൂടുതൽ	റെപ്പ്	പുഴയോരങ്ങളോട് ചേർന്ന താഴ്ന്ന നിലങ്ങൾ (ചങ്ങനാശ്ശേരി താലൂക്ക്)
പാറമ്പുഴ-മാറാടി-വാഴക്കുളം	മണൽ കലർന്ന പശിമരാശി മണ്ണ്	5 -5.8	മധ്യമം	ആഴമുള്ളത്	മധ്യമം	തെങ്ങ്, വാഴ റബ്ബർ	ഇടനാട് 20-100 എം പുഴകളോട് ചേർന്ന് കിടക്കുന്നു
ആർപ്പൂക്കര-കോട്ടപ്പുറം	ചരൽകലർന്ന പശിമരാശി മണ്ണ് (വെട്ടുകൽ മണ്ണ്)	കൂടിയ അമ്ളത ജഒ 5	കുറവ്	കുറവ്	മധ്യമം	തെങ്ങ്, വാഴ റബ്ബർ കുരുമുളക്	ചെരിവ്കൂടിയ ഇടനാട്
പാമ്പാടി	പശിമരാശി മണ്ണ്	മധ്യമം 5.5	മധ്യമം	ആഴമുള്ളത്	മധ്യമം	തെങ്ങ്, വാഴ റബ്ബർ,കുരുമുളക് കിഴങ്ങു വിളകൾ	ചെരിവ്കൂടിയ സ്ഥലം
കുരോപ്പട	ചരൽ കൂടിയപശിമരാശി മണ്ണ്(മാതൃ ശില പാറ)	മധ്യമം	മധ്യമം	കുറവ്	മധ്യമം	തെങ്ങ്, വാഴ റബ്ബർ കുരുമുളക്,കിഴങ്ങു വിളകൾ	ചെരിവ്കൂടിയ സ്ഥലം
ഉാക്കാട്ടൂർ	ചരൽകലർന്ന പശിമരാശി മണ്ണ്	കൂടുതൽ		മധ്യമം	ആഴമുള്ളത് മധ്യമം	തെങ്ങ്, വാഴ റബ്ബർകുരുമുളക്,കിഴങ്ങു വിളകൾ	ഇടനാട്ടിലെ ഉയർന്നപ്രദേശങ്ങളിൽ കാണപ്പെടുന്നു
വള്ളിച്ചിറ-ആനിക്കാട്	ചരൽകലർന്ന പശിമരാശി മണ്ണ് (മാതൃ ശില പാറ)	മധ്യമം	മധ്യമം	ആഴമുള്ളത്	മധ്യമം	തെങ്ങ്, വാഴ റബ്ബർ കുരുമുളക്,കിഴങ്ങു വിളകൾ	ഇടനാട്ടിലെ ഉയർന്നപ്രദേശങ്ങളിലെ ചെരിവുകളിൽ കാണപ്പെടുന്നു
കൊടുമ ൺ	മണൽ കലർന്ന പശിമരാശി മണ്ണ്	കൂടുതൽ	മധ്യമം	ആഴമുള്ളത്	മധ്യമം	റബ്ബർ	ജില്ലയിലെ ഉയർന്നപ്രദേശങ്ങളിൽ കാണപ്പെടുന്നു(30 0 -600)
പായിപ്പാറ	മണൽ കലർന്ന പശിമരാശി മണ്ണ്	കൂടുതൽ	മധ്യമം	കുറവ്	മധ്യമം	തോട്ടവിളകൾ	ജില്ലയിലെ ഉയർന്നപ്രദേശങ്ങളിൽ കാണപ്പെടുന്നു(30 0 -600)

ഉഴവൂർ	ചരൽകലർന്ന പശിമരാശി മണ്ണ് ് ഉരുളൻ കല്ലുകൾ കാണപ്പെടുന്നു	മധ്യമം	മധ്യമം	കൂടുതൽ	മധ്യമം	റബ്ബർ, തെങ്ങ്, ഫലവർഗ്ഗങ്ങൾ	മീനച്ചൽ - മണിമലയോട് ചേർന്ന് കിടക്കുന്നപ്രദേശങ്ങൾ
മാവടി ,കല്ലുപ്പാറ	മണൽ കലർന്ന പശിമരാശി മണ്ണ്	മധ്യമം	ഫലഭൂയിഷ്ഠത ഉള്ളത്	കൂടുതൽ	മധ്യമം	റബ്ബർ തോട്ടവിളകൾ	മലയോര പ്രദേശങ്ങൾ (300 -600 ാ
നെല്ലാ പ്പാറ	പശിമരാശി മണ്ണ് പാറ കൂടുതൽ കാണപ്പെടുന്നു	കുറവ്	കുറവ്	കുറവ്	കുറവ്	പുല്ല്	വനപ്രദേശത്ത് കാണപ്പെടുന്നു
കാളകെട്ടി	പശിമരാശി മണ്ണ് പാറ കൂടുതൽ കാണപ്പെടുന്നു	കുറവ്	കുറവ്	കൂടുതൽ	കുറവ്	പുല്ല്	വനപ്രദേശത്ത് കാണപ്പെടുന്നു

കോട്ടയം ജില്ലയിൽ ഉപയോഗിക്കുന്ന രാസവളത്തിന്റെ അളവ് 60834 മെട്രിക് ടണ്ണാണ്. പലപ്പോഴും ആവശ്യമായ വളത്തിൻറെ മൂന്നിരട്ടിയാണ് കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്നത് അമിതമായി ഉപയോഗിക്കപ്പെടുന്ന യൂറിയ ഫാക്ടംഫോസ് പോലുള്ള രാസവളങ്ങൾ മണ്ണിൻറെ അമ്ളത വർദ്ധിപ്പിക്കുന്നു

അമിത വള പ്രയോഗം കർഷകൻറെ കൃഷി ചിലവിലും ഗണ്യമായ വർദ്ധന ഉണ്ടാക്കുന്നു. മണ്ണിൽ അശാസ്ത്രീയമായി കൂടിയ അളവിൽ രാസ വള പ്രയോഗം നടത്തുമ്പോൾ പരിസ്ഥിതിക്ക് ദൂരവ്യാപകമായ ദോഷങ്ങൾ കൂടി വരുത്തുകയാണ് ചെയ്യുന്നത്. പാടങ്ങളിൽ നിന്ന് തൊട്ടടുത്ത ജലാശയങ്ങളിലേക്ക് ഒഴുകി എത്തുന്ന കൂടിയ അളവിലുള്ള നൈട്രജൻ കളകളുടെ വളർച്ചയെ ത്വരിതപ്പെടുത്തുകയും യൂട്രോഫിക്കേഷൻ (അമിതപോഷണം) എന്ന പ്രക്രിയക്ക് കാരണമാവുകം ചെയ്യും, ജലത്തിലെ മറ്റു സസ്യ ജന്തുജാലങ്ങളുടെ ആവാസ വ്യവസ്ഥയിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടാവുകയും അവയക്ക് നാശം സംഭവിക്കുകയും ചെയ്യും.

സോയിൽ ഹെൽത്ത് കാർഡ് ഉപയോഗിക്കുന്നതിനു മുമ്പുള്ള വള പ്രയോഗം (ഏക്കറിന്)	നൈട്രജൻ 44.6 കി. ഗ്രാം. ഫോസ്ഫറസ് 21.6 കി..ഗ്രാം. പൊട്ടാസ്യം 30.0 കി..ഗ്രാം.
സോയിൽ ഹെൽത്ത് കാർഡ് ്ഉപയോഗിച്ചതിനു ശേഷമുള്ള വള പ്രയോഗം (ഏക്കറിന്)	നൈട്രജൻ 13.80 കി..ഗ്രാം ഫോസ്ഫറസ് 18.0 കി..ഗ്രാം. പൊട്ടാസ്യം. 12.0 കി..ഗ്രാം.
ലാഭിച്ച വളം	നൈട്രജൻ 30.8 കി..ഗ്രാം ഫോസ്ഫറസ് 3.6 കി..ഗ്രാം. പൊട്ടാസ്യം. 18.0 കി..ഗ്രാം.
അധികം ലഭിച്ച വിളവ് (ഏക്കറിന്)	92 കി..ഗ്രാം.
കർഷകന് അധികം ലഭിച്ച തുക (ഏക്കറിന്)	3250/

ഭൂഗർഭ ജലത്തെപ്പോലും മലിനമാക്കുന്ന അനിയന്ത്രിതമായ രാസ വള കീടനാശിനി പ്രയോഗം ജീവജാലങ്ങളുടെ ആകെ ആവാസവ്യവസ്ഥക്ക് ഭീഷണിയാണ്.

ജില്ലയിലെ വിവിധ മണ്ണിനങ്ങൾ

മലനാട്, ഇടനാട് തീരപ്രദേശം ഇവയാൽ സമ്പന്നമായ കോട്ടയം ജില്ലയിൽ മണ്ണിൻറെ വൈവിധ്യം ഏറെയാണ്. പാറക്കൂട്ടങ്ങളോടു കൂടിയതും സസ്യപോഷണങ്ങളാൽ സമ്പന്നമായ വന മണ്ണ് മുതൽ

അമ്ലപൂരിതമായ കുട്ടനാടൻ മണ്ണിനങ്ങൾ വരെ വൈവിദ്ധ്യമാർന്ന ചുരുക്കം ചില ജില്ലകൾ മാത്രമേ കേരളത്തിലുള്ളു.

ജില്ലയിലെ ഏറ്റവും താഴ്ന്ന സ്ഥലങ്ങളായ കുട്ടനാടൻ നെൽപ്പാടങ്ങളിൽ കാണുന്ന ഇനങ്ങളാണ് ചങ്ങനാശ്ശേരി, കുറിച്ചി, ചമ്പക്കുളം, മാഞ്ഞൂർ, വെച്ചൂർ, മുളക്കുളം, തകഴി എന്നിവ മുഖ്യമായും ചെളിനിറഞ്ഞ് വെള്ളക്കെട്ടോടുകൂടി കാണുന്ന ഈ മണ്ണിനങ്ങളിൽ നെല്ല് മാത്രമേ യോജിച്ച വിളയാവുകയുള്ളു. ഏറെക്കുറെ ജൈവസമൃദ്ധമായ ഈ മണ്ണിനങ്ങളിൽ നീർവാഴ്ച, അമ്ലത, എന്നിവയാണ് മുഖ്യമായ കുറവുകൾ. ചില തരങ്ങളിൽ തടിയുടെ അംശം അടിഭാഗത്ത് കാണുമ്പോൾ കക്കതോടുകളാൽ സമൃദ്ധമാണ് കായലരികത്ത് കാണുന്ന ഇനങ്ങൾ. വൈക്കം ഭാഗത്ത് പൊടിമണൽ അധികരിക്കുകയും വേനലിൽ ഉപ്പ് കയറുന്ന രീതിയും കാണുന്നുണ്ട്.

മലനാട്ടിലും, ഇടനാട്ടിലും ഉള്ള തോടുകൾക്കും നദികൾക്കും സമീപം നെൽകൃഷിക്ക് അനുയോജ്യമായ എക്കൽ മണ്ണുനിറഞ്ഞ പാടങ്ങൾ കാണപ്പെടുന്നു. ഇഷ്ടികനിർമ്മാണത്തിന് അനുയോജ്യമായ ഇത്തരം മണ്ണുകളാണ് ഇടനാടിൻറെ ധാന്യകലവറകളായി കാണപ്പെടുന്നത്. മുഖ്യമായും നെല്ലുകൃഷി ചെയ്യപ്പെടുന്ന ഈ മണ്ണിനങ്ങൾ ഇപ്പോൾ വാഴ, കവുങ്ങ്, പച്ചക്കറികൾ എന്നീ വിളകൾക്കു വഴി മാറികൊടുത്തിരിക്കുന്നു. നദീതീര എക്കൽ മണ്ണുകളെ അവയുടെ സൂക്ഷ്മ അവലോകനത്തിലൂടെ പറാമ്പുഴ, മാറാടി, വാഴക്കുളം സീരിസുകളായാണ് തരം തിരിച്ചിരിക്കുന്നത്. ഇവയുടെ കോട്ടയം ജില്ലയിൽ എവിടെ കാണുന്നു എന്നത് ഭൂപടം നീരിക്ഷിച്ചു കണ്ടുപിടിക്കാവുന്നതാണ്.

ചിത്രം 4.1.1 (9)

ചിത്രം 4.1.1 (10)

സമുദ്രനിരപ്പിൽ നിന്നുള്ള ഉയരത്തെ അടിസ്ഥാനമാക്കി കോട്ടയം ജില്ലയെ 7 തരങ്ങളായി തിരിച്ചിരിക്കുന്നു.

0-20	താഴ്ന്ന പാടങ്ങൾ
20-100	ഇടനാടൻ സമതലങ്ങൾ
100-300	ഇടനാടൻ ചെരിവുതോട്ടങ്ങൾ
300- 600	ചെറുകുന്നിൽ ചരിവുതോട്ടങ്ങൾ
600-1000	മലനാട് ബി
1000-1200	മലനാട് എ
1200 ന് മുകളിൽ	പർവ്വത പ്രദേശങ്ങൾ

ചിത്രം 4.1.1 (11)

ചിത്രം 4.1.1 (12)

ഇതിനു തൊട്ടുമുകളിലായി കേരളത്തിൻറെ തെക്കു നിന്നും വടക്കു ഭാഗത്തേക്കു പോകുന്ന വെട്ടുകല്ല് ശൃംഖല സ്ഥിതി ചെയ്യുന്നു. കോട്ടയം ജില്ലയിൽ വെട്ടിയെടുക്കാൻ പാകത്തിലുള്ളത്, വളരെ കടുപ്പമേറിയത്, ചീകൽപാറയോടു കൂടിയത് എന്നീ മൂന്നുതരം വെട്ടുകൽ മണ്ണുകളാണുള്ളത്. ഇവ പ്രധാനമായും ഗ്രാവലോടുകൂടിയ ശുഷ്കപോഷണ മണ്ണിനങ്ങളാണ്. ഉയർന്ന അമ്ലത കുറഞ്ഞ ജൈവാംശം എന്നിവ

ഇവയുടെ പ്രത്യേകതകളാണ്, തെങ്ങ്, റബ്ബർ, വാഴ മുതലായവയാണ് ഈ സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നത് ഏറെയും.

വെട്ടുകൽ ബെൽറ്റിനു തൊട്ടുമുകളിലായി ഇടനാടിൻറെ കിഴക്കൻ ഭാഗങ്ങളിൽ വ്യാപകമായി കാണപ്പെടുന്ന ഇനങ്ങളാണ് പാമ്പാടി, കൂരോപ്പട, ചിറക്കടവ് ഇനങ്ങൾ. പാറയിൽ നിന്നും രൂപാന്തരം പ്രാപിച്ച ഇത്തരം മണ്ണുകൾ നല്ല താഴ്ചയിൽ സ്ഥിതിചെയ്യുന്നു. കോട്ടയത്തെ റബ്ബർ കൃഷിയുടെ സിംഹഭാഹവും ഇത്തരം മണ്ണിലാണുള്ളത്. ജാതി, കൊക്കോ, അടക്ക, കുരുമുളക് എന്നിവയും സമൃദ്ധമായി വളരുന്നു.

കൂരോപ്പട, പായിപ്പാറ , ഉഴവൂർ മണ്ണിനങ്ങൾ തൊട്ടുകിഴക്കുഭാഗത് ചെറുകുന്നുകളിലും അവയുടെ താഴ്വരകളിലുമായി കാണപ്പെടുന്നു. പാറകളിൽ നിന്നും നേരിട്ടുൽഭവിക്കുന്ന ഇത്തരം മണ്ണുകൾക്ക് ഉൽപ്പാദനക്ഷമത വളരെ കൂടുതലാണ്. റബ്ബർ, തെങ്ങ്, ഉഷ്ണമേഖല ഫലവർഗ്ഗങ്ങൾ , സുഗന്ധവിളകൾ, എന്നിവയുടെ കൃഷിയിടങ്ങൾ ഇത്തരം മണ്ണുകളിലാണ് കാണപ്പെടുന്നത്.

മാവടി, കല്ലപ്പാറ, കാളകെട്ടി മണ്ണിനങ്ങൾ കിഴക്കൻ പ്രദേശങ്ങളിലെ മലകളിലും താഴ് വാരകളിലുമായി കാണപ്പെടുന്നു. റബ്ബർ, കുരുമുളക്, കാപ്പി എന്നിവയാണ് ഇത്തരം സ്ഥലങ്ങളിൽ ധാരാളമായുള്ളത്. ഉയർന്ന രാസ ഭൗതിക ഗുണങ്ങൾ ഇത്തരം മണ്ണുകളെ കാർഷിക സമൃദ്ധിയുടെ പ്രതീകങ്ങളാക്കുന്നു. ഒട്ടുമിക്ക റബ്ബർ എസ്റ്റേറ്റുകളും കാണപ്പെടുന്നത് ഈ മേഖലയിലാണ്.

കോട്ടയം ജില്ലയിലെ ഏറ്റവും ഉയർന്ന പ്രദേശത്ത് കാണപ്പെടുന്ന മണ്ണിനങ്ങളാണ് നെല്ലിപ്പാറ, മാവടി സീരിസുകൾ. ഉയർന്ന പാറക്കെട്ടിനും ചുറ്റുമായി മലനിരകളിൽ കാണപ്പെടുന്ന സമൃദ്ധമായ ഇത്തരം മണ്ണിനങ്ങളിൽ തോട്ടവിളകളാണ് മുഖ്യമായും കൃഷി ചെയ്യുന്നത്. കാപ്പി , തേയില, കുരുമുളക്, എന്നീ വിളകൾ പ്രാമുഖ്യം നൽകുന്ന വിളപരിക്രമമാണ് മുഖ്യമായും അവലംബിക്കുന്നത്.

ചിത്രം 4.1.1 (13)

4. സാധ്യതകൾ , പരിഹാര നിർദ്ദേശങ്ങൾ

സാധ്യതകൾ

മണ്ണിനേയും ജലാശയങ്ങളേയും മലിനമാക്കുന്ന അമിത വളപ്രയോഗം കുറച്ച് കർഷകർക്ക് കുറഞ്ഞ ചിലവിൽ മെച്ചപ്പെട്ട വിളവ് ലഭിക്കുക എന്ന ഉദ്ദേശത്തോട് കൂടി കോട്ടയം മണ്ണ് പര്യവേഷണ ഓഫീസിൻറെ നേതൃത്വത്തിൽ തിരുവാർപ്പ് പഞ്ചായത്തിലെ വടക്കേ നടുവിലേ പാടത്ത് മണ്ണ പരിശോധനാകാർഡ് അടിസ്ഥാനമാക്കിയുള്ള പ്രദർശനകൃഷി നടത്തുകയുണ്ടായി . ശരിയായ വളപ്രയോഗം വഴി ആ ഇനത്തിലുള്ള കൃഷി ചിലവ് പകുതിയായി കുറയ്ക്കുകയും എന്നാൽ വിളവിൽ 10% വർദ്ധനയും കാണപ്പെട്ടു.

പരിഹാര നിർദ്ദേശങ്ങൾ

മണ്ണിനെ അറിഞ്ഞുള്ള വള പ്രയോഗ രീതി അവലംബിച്ച് ശരിയായ കാർഷിക മുറകളിലൂടെ മണ്ണിൻറെ ആരോഗ്യം സംരക്ഷിക്കുന്നതിനൊപ്പം പരമാവധി ലാഭം വിളകളിൽ നിന്നും ഉത്പാദിപ്പിക്കുന്നതിനായി കർഷകരെ പ്രേരിപ്പിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ സുസ്ഥിര കാർഷിക ദൗത്യം (നാഷണൽ മിഷൻ ഫോർ സസ്റ്റെയിനബിൾ അഗ്രികൾച്ചർ) രാജ്യമെമ്പാടും നടന്നു വരുന്നു. ഈ പദ്ധതിയിലൂടെ രാജ്യത്തെ എല്ലാ കർഷകർക്കും മണ്ണപരിശോധന നടത്തി അവരുടെ കൃഷിഭൂമിയുടെ സമഗ്ര വിവരങ്ങളടങ്ങിയ ആരോഗ്യ കാർഡുകൾ നല്കി വരുന്നുണ്ട്. കോട്ടയം ജില്ലയിൽ മണ്ണ പര്യവേഷണ മണ്ണുസംരക്ഷണ വകുപ്പും കാർഷിക വികസന കർഷക ക്ഷേമ വകുപ്പും സംയുക്തമായി ഈ പ്രവർത്തനങ്ങൾ നടത്തി വരുന്നു. മണ്ണിൻറെ ആരോഗ്യ കാർഡിൻറെ ഉപയോഗം കർഷകർക്ക് മനസ്സിലാക്കി കൊടുക്കുന്നതിനും നല്ല കൃഷിരീതികളിലൂടെ ലാഭകരമായി കൃഷിചെയ്യുന്ന രീതികൾ അവലംബിക്കുന്നതിന് കർഷകരെ പ്രേരിപ്പിക്കുന്നതിനുമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും കൃഷിവകുപ്പും സംയുക്തമായി എല്ലാപഞ്ചായത്തുകളിലും എത്തിക്കേണ്ടത് അത്യാവശ്യമാണ്

1. പ്രശ്നങ്ങൾ പരിഹാരനിർദ്ദേശങ്ങൾ

പ്രശ്നങ്ങൾ

ജില്ലയിലെ ഉയർന്ന പ്രദേശത്ത് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം ചരിവുകൂടിയ പ്രദേശമായതിനാൽ മഴക്കാലത്ത് അനുഭവപ്പെടുന്ന കൃഷിഭൂമിയിൽ നിന്നുള്ള വളരെ വലിയ അളവിലുള്ള മണ്ണൊലിപ്പാണ്. കൃഷിയെ പ്രധാന വരുമാനമാർഗ്ഗമായി കാണുന്ന ജില്ലയിൽ മണ്ണൊലിപ്പ് മൂലം കാർഷിക ഉൽപ്പാദനത്തിലും മണ്ണിന്റെ ഉൽപ്പാദനക്ഷതമയിലും ഉണ്ടാകുന്ന നഷ്ടം വളരെ വലുതാണ്. ശരിയായ രീതിയിലുള്ള ശാസ്ത്രീയമായ മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടന്നില്ലായെങ്കിൽ വളരെ ഫലഭൂയിഷ്ടമായ മേൽമണ്ണ് വളരെ വേഗതയിൽ ഒഴുകി നഷ്ടപ്പെടുകയും ആയത് കാർഷികമേഖലയെ നേരിട്ട് ബാധിക്കുകയും ചെയ്യുന്നു.

ജില്ലയുടെ ഇടനാട് പ്രദേശങ്ങളിലും വലിയ അളവിൽ മണ്ണൊലിപ്പ് അനുഭവപ്പെടുന്നു. മഴയെ ആശ്രയിച്ചു മാത്രം കാർഷികപ്രവർത്തനങ്ങൾ ഏർപ്പെടുന്ന ഭൂരിഭാഗം കർഷകർക്കും കാർഷികപ്രവർത്തനങ്ങൾക്ക് തിരിച്ചടിയാകുന്നു. കൂടാതെ മഴവെള്ളം ഭൂമിയിലേയ്ക്ക് ആഴ്ന്നിറങ്ങാതെ ഒഴുകി നഷ്ടപ്പെടുന്നതുമൂലം ജില്ലയിലെ ഭൂരിഭാഗം പ്രദേശങ്ങളിലും വരൾച്ച അനുഭവപ്പെടുന്നു.

ജില്ലയിലെ താഴ്ന്ന പ്രദേശങ്ങളിൽ മുകളിൽ നിന്നും ഒലിച്ചു വരുന്ന മണ്ണ് നദികളിലും, തോടുകളിലും അടിഞ്ഞുകൂടുകയും തന്മൂലം ഈ ജലാശയങ്ങളുടെ ജലസംഭരണശേഷി കുറയുകയും തന്മൂലം താഴ്ന്ന പ്രദേശങ്ങളിൽ വെള്ളപ്പൊക്കവും കൃഷിനാശവും പ്രധാന പ്രശ്നമാണ്. വർഷകാലത്തുണ്ടാകുന്ന വലിയ തോതിലുള്ള വെള്ളമൊഴുക്ക് നദീകളുടെയും, തോടുകളുടെയും തീരങ്ങൾ ഇടിയുന്നതും കാരണമാവുന്നു.

പരിഹാരനിർദ്ദേശങ്ങൾ

ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമായി ശാസ്ത്രീയമായി മണ്ണുജലസേരക്ഷണ പ്രവർത്തനങ്ങൾ നീർത്തടാടിസ്ഥാനത്തിൽ നടത്തേണ്ടതുണ്ട്. മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുവാൻ, അത്തരം

പ്രവർത്തനങ്ങളിലൂടെ അവയുടെ സംരക്ഷണവും കൂടാതെ ഭാവിയിൽ മണ്ണിന്റെ ഉത്പാദന ക്ഷമതയേയും വർദ്ധിപ്പിക്കുന്നതിന് സാധിക്കുന്നു.

ശാസ്ത്രീയമായ മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ മണ്ണിനെയും ജലത്തെയും സംരക്ഷിക്കുകയും മറ്റ് തരത്തിൽ ജലം സുരക്ഷിതമായി ഒഴുക്കി കളയേണ്ട പ്രദേശങ്ങളിൽ അത്തരത്തിലുള്ള പ്രവർത്തനങ്ങളും നടത്തേണ്ടതുണ്ട്. മണ്ണിടിച്ചിൽ കൂടുതലായ സ്ഥലങ്ങളിൽ ജലസംരക്ഷണത്തേക്കാൾ ജലത്തിന്റെ സുരക്ഷിതമായ ഒഴുക്കി കളയലിനാണ് പ്രാമുഖ്യം നൽകേണ്ടത്. ശാസ്ത്രീയമായ ജലസംരക്ഷണ മാർഗ്ഗങ്ങളിലൂടെ വേനൽകാലത്തെ ജലക്ഷാമം പരിഹരിക്കുന്നതിനും വെള്ളപ്പൊക്കമുണ്ടാകുന്ന സമയത്ത് ആയതിനെ നിയന്ത്രിക്കുവാനും സാധിക്കും. അതോടൊപ്പം വളരെ ഫലഭൂയിഷ്ടമായ മേൽ മണ്ണ് സംരക്ഷിക്കുവാനും സാധിക്കുന്നതാണ്.

5. ഏറ്റെടുക്കാവുന്ന കർമ്മ പരിപാടികൾ

കൃഷിഭൂമിയിലെ മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾ

ജൈവസംരക്ഷണ മാർഗ്ഗങ്ങൾ, എൻജീനിയറിംഗ് മാർഗ്ഗങ്ങൾ എന്നിങ്ങനെ മണ്ണുസംരക്ഷണ മാർഗ്ഗങ്ങളെ തരം തിരിക്കാം. കൃഷിഭൂമിയുടെ സംരക്ഷണത്തിനും, നീർച്ചാലുകളുടെ സംരക്ഷണത്തിനും വ്യത്യസ്ത മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നത്

ജൈവമാർഗ്ഗങ്ങൾ

(1) കോണ്ടൂർ കൃഷി രീതി

സമോച്ച രേഖയെ അടിസ്ഥാനപ്പെടുത്തിയുള്ള കൃഷി രീതിയാണിത്. ഭൂമിയുടെ ചരിവിന് കുറുകെ കോണ്ടൂർ വരമ്പുകൾക്ക് സമാന്തരമായി വിളകൾ നട്ടുവളർത്തണം. ഈ രീതി വഴി മണ്ണും ജലവും സംരക്ഷിക്കപ്പെടും.

(2) ഇടവരികൃഷി രീതി

വ്യത്യസ്ത സ്വഭാവമുള്ള വിളകൾ ഒന്നിടവിട്ടുള്ള വരികളിൽ ചരിവിനെതിരെ കൃഷി ചെയ്യുന്നത് മണ്ണൊലിപ്പിനെ തടയും. മണ്ണൊലിപ്പിനെ തടയുവാൻ കഴിവുള്ള പുല്ലുവർഗ്ഗത്തിലും, പയർവർഗ്ഗത്തിലും ഉൾപ്പെട്ട വിളകളും മണ്ണൊലിപ്പിന് ഇടവരുത്തുന്ന വിളകളും , ഒന്നിടവിട്ടുള്ള വരികളിൽ കൃഷി ചെയ്യണം.

(3) മിശ്രിത കൃഷി

ഉയരം കൂടിയ വിളകളും, ഉയരം കുറഞ്ഞ വിളകളും മിശ്രിതമായി കൃഷി ചെയ്യുന്നത് വഴി മണ്ണുസംരക്ഷണത്തിന് ഉപകരിക്കുകയും കൃഷി ഭൂമിയിൽ നിന്ന് കൂടുതൽ ആദായം ലഭിക്കുകയും ചെയ്യും ആഴത്തിൽ പോകുന്ന വേരുകൾ ഉള്ള വിളകളെടൊപ്പം ഉപരിതലത്തിൽ മാത്രം വ്യാപിക്കുന്ന വേരുകൾ ഉള്ള വിളകൾ ഒരുമിച്ച് കൃഷി ചെയ്യാം.

(4) ഇടവിള കൃഷി

പ്രധാനവിളകൾക്കിടയിൽ മറ്റ് വിളകൾ കൃഷി ചെയ്യുന്നത് മൂലം മണ്ണിന് കൂടുതൽ ആവരണം കിട്ടുകയും മണ്ണും ജലവും സംരക്ഷിക്കപ്പെടുകയും ചെയ്യും

(5) ബഹുതല കൃഷി

പറമ്പുകളിൽ ഏകവിളയ്ക്ക് പകരം സൂര്യ പ്രകാശം കൂടുതൽ വേണ്ട വിളകൾ ഉയരത്തിലും കുറച്ച് മതിയാകുന്ന വിളകൾ താഴെയും കൃഷിചെയ്യുന്നതുവഴി മഴവെള്ളം വിവിധ തലങ്ങളുള്ള ഇലപ്പടർപ്പുകളിൽ പതിച്ച് ശക്തി കുറഞ്ഞ് മണ്ണിൽ ഊർന്ന് ഇറങ്ങുന്നതിനുള്ള സാധ്യത വർദ്ധിക്കുന്നു.

(6) പുൽ കൃഷി

മണ്ണൊലിപ്പിന് സാധ്യതയുള്ള പ്രദേശങ്ങളിൽ പ്രദേശത്തിന് അനുയോജ്യമായ പുല്ല് നട്ട് വളർത്തിയാൽ മണ്ണൊലിപ്പ് നിയന്ത്രിക്കുവാൻ സാധിക്കും. ഇവ കാലി വളർത്തലിനെ പ്രോൽസാഹിപ്പിക്കുകയും ചെയ്യും. മൺവരമ്പുകളുടെയും, കൽബണ്ടുകളുടെയും മുകളിൽ പുല്ല് വച്ച് പിടിപ്പിക്കുന്നത് ബണ്ടുകളെ ബലപ്പെടുത്താൻ ഉപകരിക്കും

(7) ആവരണവിളകൾ

കൃഷി ഭൂമികളിൽ വിവിധതരം പയറുവർഗ്ഗങ്ങളിൽപ്പെട്ട ആവരണ വിളകൾ നട്ടുവളർത്തുന്നത് മഴതുള്ളികൾ നേരിട്ട് മണ്ണിൽ പതിച്ച് മണ്ണൊലിപ്പ് ഉണ്ടാകുന്നത് തടയുന്നതിനും, മണ്ണിൻറെ ഫലപുഷ്ടി വർദ്ധിപ്പിക്കുന്നതിനും സഹായിക്കും.

(8) പുതയിടൽ

മണ്ണിൽ പുതയിടുന്നത് വഴി മണ്ണൊലിപ്പും, ബാഷ്പീകരണവും വഴിയുള്ള ജലനഷ്ടവും നിയന്ത്രിക്കുന്നതിന് സാധിക്കും. മഴവെള്ളം വീഴുന്നിടത്തുതന്നെ അതിനെ സംരക്ഷിക്കുന്നതിനും മണ്ണിൻറെ ഘടന പരുവപ്പെടുത്തുന്നതിനും പുതയിടൽ സഹായിക്കും.

(9) അഗ്രോഫോറസ്റ്റി

കൃഷി ഭൂമിയിൽ കാർഷിക വിളകൾക്കൊപ്പം വനവൃക്ഷങ്ങൾ വച്ച് പിടിപ്പിച്ചാൽ മണ്ണൊലിപ്പ് തടയുകയും പരിസ്ഥിതി സന്തുലനത്തിനും സഹായിക്കുകയും ചെയ്യും.

(10) ജൈവവേലികൾ

ചരിവുകൾക്ക് കുറുകെ ശീമകൊന്ന, സുബാബുൾ, മുരിങ്ങ, മുരിക്ക് തുടങ്ങിയ സസ്യങ്ങൾ വേലിപോലെ നിരയായി വച്ച് പിടിപ്പിക്കുന്നത് മണ്ണുജലസംരക്ഷണത്തിന് ഉപകരിക്കും.

(11) നീർക്കുഴികൾ

ചരിവിന് കുറുകെ ഇടവിട്ട് കുഴികൾ എടുക്കുന്നത് മഴക്കാലത്ത് മഴവെള്ളം കുഴികളിൽ തങ്ങി നിൽക്കുന്നതിനും, മണ്ണിലേയ്ക്ക് ആഗിരണം ചെയ്യുന്നതിനും സഹായിക്കും.

(12) വൃക്ഷതടമെടുക്കൽ

വൃക്ഷങ്ങളുടെ ചുവട്ടിൽ ജലം സംഭരിക്കുന്നതിന് വൃത്തത്തിൽ തടമെടുക്കുന്നത് നല്ലൊരു മാർഗ്ഗമാണ്.

<u>എൻജിനിയറിംഗ് മാർഗ്ഗങ്ങൾ</u>

(1) കല്ലുകയ്യാലകൾ

താരതമ്യേന ചരിവ് കൂടിയ പ്രദേശങ്ങളിൽ നിശ്ചിത അകലങ്ങളിലുള്ള കോണ്ടൂർ രേഖകളിൽ കല്ലടുക്കി ഉൾവശത്ത് മണ്ണിട്ട് ബലപ്പെടുത്തി ബണ്ടുകൾ നിർമ്മിക്കാം.

(2) തട്ടുതിരിക്കൽ

ഭൂമിയുടെ ചരിവിൽ മേൽഭാഗം വെട്ടി മണ്ണ് താഴ്ന്ന വശത്തിട്ട് നിരപ്പാക്കി ഭൂമിയെ നിരവധി തട്ടുകളാക്കി മാറ്റാം. ഓരോ തട്ടിലും പതിക്കുന്ന മഴവെള്ളം അതിൽതന്നെ ശേഖരിക്കപ്പെട്ട ശേഷം മറ്റു തട്ടുകളിലൂടെ ഒഴുകി നീർച്ചാലുകളിൽ എത്തുന്നു. സ്ഥലത്തിൻറെ ചരിവ്, മഴയുടെ തീവ്രത, കൃഷിയിനം എന്നിവയെ അടിസ്ഥാനപ്പെടുത്തി തട്ടുകളുടെ വീതി ,അകലം എന്നിവ തീരുമാനിക്കാം.

(3) ടെഞ്ചുകൾ

50 സെ.മി താഴ്ചയിൽ മുകളിൽ ഒരു മീറ്റർ വീതി കിട്ടത്തക്കവണ്ണം ചരിവിന് കുറുകെ സമോച്ചരേഖയിൽ ചാലുകൾ കീറി ആ മണ്ണുകൊണ്ട് ചാലിനു താഴെ ബണ്ടു പിടിപ്പിച്ചുവേണം ഇവ നിർമ്മിക്കുവാൻ. ബണ്ടിനുമുകളിൽ പുല്ലു വച്ചു പിടിപ്പിച്ച് ബലപ്പെടുത്താവുന്നതാണ്.

(4) മൺബണ്ടുകൾ

ചരിവ് കുറഞ്ഞപ്രദേശങ്ങളിൽ സമോച്ചരേഖയിലൂടെ മണ്ണുകൊണ്ട് ബണ്ട് നിർമ്മിക്കാവുന്നതാണ്. ഈ ബണ്ടുകളെ തീറ്റപുല്ല് നട്ട് ബലപ്പെടുത്താവുന്നതാണ്.

(5) താങ്ങുചുവരുകൾ

കൃഷിഭൂമിയുടെ ഇടിഞ്ഞു വീഴുന്ന തരത്തിൽ നിലകൊള്ളുന്ന അരികുകൾ സംരക്ഷിക്കുന്നതിനായി കല്ലുകൊണ്ട് നിർമ്മിക്കുന്ന ചുമരാണിത്. മണ്ണിടിച്ചിൽ , ഉരുൾപൊട്ടൽ തുടങ്ങിയവ ഉണ്ടായിട്ടുള്ള സ്ഥലങ്ങളിലും കൽഭിത്തി പ്രയോജനപ്പെടും.

<u>നീർചാലുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ</u>

(1) തടയണകൾ

നീരൊഴുക്കിനെതിരെ തടസ്സങ്ങൾ സൃഷ്ടിച്ച് ജലപ്രവാഹത്തിൻറെ ശക്തി കുറക്കുന്നതിന് തടയണ നിർമ്മാണം വഴി സ്വാധീനിക്കും. നീരൊഴുക്കിൽപെട്ട് ഒഴുകി വരുന്ന മണ്ണ് തടയണകളിൽ അടിയുന്നു. ഭൂമിയുടെ ചരിവ്, ഉപയോഗം, മഴയുടെ തോത്, തോടിൻറെ വീതി എന്നിവയ്ക്കനുസരിച്ച് അനുയോജ്യമായ തടയണകൾ നിർമ്മിക്കാവുന്നതാണ്. ബ്രഷ്വുഡ് ചെക്ക്ഡാം , ലൂസ്ബോൾഡർ ചെക്ക്ഡാം, ഗാബിയൻ ചെക്ക്ഡാം തുടങ്ങിയ വിവിധതരത്തിലുള്ള തടയണകൾ നിർമ്മിക്കാം.

(2) പാർശ്വഭിത്തികൾ

നീർച്ചാലുകളിലെയും അരുവികളുടെയും അരിക് ഇടിഞ്ഞ് വീണ് നശിക്കുന്നത് തടയുന്നതിനായി നീർച്ചാലുകളുടെ വശങ്ങളിൽ പാർശ്വഭിത്തികൾ നിർമ്മിക്കാവുന്നതാണ്.

(3) സസ്യങ്ങൾകൊണ്ടുള്ള പാർശ്വസംരക്ഷണം

നീർച്ചാലുകളുടെ പാർശ്വങ്ങളിൽ കൈത, രാമച്ചം, ഐപ്പോമിയ, ഈറ്റ, മുള തുടങ്ങിയ സസ്യങ്ങ വച്ചു പിടിപ്പിച്ച് പാർശ്വങ്ങൾ ഇടിയുന്നത് നിയന്ത്രിക്കാം

(4) കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള പാർശ്വസംരക്ഷണം

നീർച്ചാലുകളുടെയും, കുളങ്ങളുടെയും പാർശ്വങ്ങളിൽ കയർഭൂവസ്ത്രം ഉഫയോഗിച്ച് പരിസ്ഥിതി സൗഹാർദ്ദപരമായി പാർശ്വങ്ങൾ ഇടിയുന്നത് നിയന്ത്രിക്കാം

<u>ജലസംഭരണികൾ</u>

നീർമറി പ്രദേശത്തെ മഴയും, ഉപരിതല പ്രവാഹം ശേഖരിക്കുന്നതിനും, ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനും പഴയ കുളങ്ങളുടെ പുനരുദ്ധാരണവും പുതിയ കുളങ്ങളുടെ നിർമ്മാണവും നടപ്പിലാക്കാവുന്നതാണ്.

സമതലങ്ങൾ, തീരപ്രദേശങ്ങൾ, വിശാലമായ വെള്ളക്കെട്ടുകൾ തുടങ്ങിയ പ്രത്യേക പ്രശ്ന മേഖലകളിൽ വാട്ടർഷെഡ് അടിസ്ഥാനത്തിലുള്ള പ്രകൃതി വിഭവപരിപാലന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ടാണ്. ഇത്തരം പ്രദേശങ്ങളെ വിവിധ യൂണിറ്റുകളായി തിരിച്ച് നീർവാർച്ചയ്ക്ക് സഹായകരമായ

പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലൂടെ ഇത്തരം പ്രദേശങ്ങളുടെ പ്രകൃതി വിഭവസംരക്ഷണം സാദ്ധ്യമാക്കാം.ഈ പ്രദേശങ്ങളിൽ ചാലുകളുടെ വശങ്ങൾ ഇടിഞ്ഞുപോകാത്ത വിധത്തിൽ പാർശ്വപ്രബലന പ്രവർത്തനങ്ങൾ നടപ്പിലാക്കാവുന്നതാണ്.

ഇപ്രകാരമുള്ള മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നവഴി മണ്ണൊലിപ്പ് തടയുന്നതിനും ശോഷിച്ചുവരുന്ന ഭൂഗർഭ ജലസമ്പത്തിനെ പുഷ്ടിപ്പെടുത്തുവാനും , ഉരുൾപൊട്ടലുകൾ പോലുള്ള പ്രകൃതിദത്ത നിവാരണങ്ങൾക്കും ഇതോടൊപ്പം താഴ്ന്ന പ്രദേശങ്ങളിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുവാനും സാധിക്കും

2. ഹ്രസ്യകാല പരിപ്രേക്ഷ്യം

ജില്ലയിൽ നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങൾ ചെറിയ വാട്ടർഷെഡ് അടിസ്ഥാനത്തിൽ നടപ്പിലാക്കി എല്ലാ പ്രദേശങ്ങളുടെയും സംരക്ഷണം ഉറപ്പുവരുത്താവുന്നതാണ്. യാതൊരുവിധ പദ്ധതി പ്രവർത്തനങ്ങളും നടപ്പിലാക്കാത്ത സ്ഥലങ്ങൾ തിരഞ്ഞെടുത്ത് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുക വഴി പൂർണ്ണമായ മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾ ഉറപ്പുവരുത്താവുന്നതാണ്. പങ്കാളിത്ത ഗ്രാമവികസനാടിസ്ഥാനത്തിൽ ഒരു പ്രദേശത്തിൻറെ പ്രശ്നങ്ങൾ അവസ്ഥ, സാധ്യതകൾ, എന്നിവ വിശകലനം ചെയ്ത് നീർത്തടങ്ങൾ തെരഞ്ഞെടുത്ത് പദ്ധതിപ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്. ഈ നീർത്തടങ്ങളിലെ മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾ മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പിലാക്കാവുന്നതാണ്.

അടുത്ത മൂന്ന് വർഷത്തിനുള്ളിൽ ജില്ലയിൽ 9000 ഹെക്ടർ പ്രദേശം സംരക്ഷിക്കുവാൻ ലക്ഷ്യമിടുന്നു.

വർഷം	2018-19	2019-2020	2020-2021
സംരക്ഷിക്കപ്പെടാനുദ്ദേശിക്കുന്ന സ്ഥലം	1500 ഹെക്ടർ	2500 ഹെക്ടർ	5000 ഹെക്ടർ

1. കോട്ടയം ജില്ലയിലെ പഞ്ചായത്തുകളുടെ വിശദമണ്ണുപര്യവേഷണത്തിന്റെ നവീകരണം
2. റിപ്പോർട്ട് , ഭൂപടം തയ്യാറാക്കൽ
3. നീർത്തട അടിസ്ഥാനത്തിലുള്ള വിശദ മണ്ണു പര്യവേഷണം
4. സോയിൽ ഹെൽത്ത്കാർഡ് പദ്ധതി സോയിൽ സർവ്വേയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ 14 ജില്ലകളിലേയും തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ സോയിൽ ഹേൽത്ത് കാർഡ് പദ്ധതി നടപ്പിലാക്കി വരുന്നു. ഓരോ പുരയിടങ്ങളിൽ നിന്നുള്ള മണ്ണു സാമ്പിളുകൾ ശേഖരിച്ച് മണ്ണിന്റെ രാസ ഭൗതിക സ്വഭാവവും ആവശ്യ മൂലകങ്ങൾ സൂക്ഷ്മ മൂലകങ്ങൾ എന്നിവ ഉൾപ്പടെ മണ്ണിന്റെ ഫലപുഷ്ടിയും നിർണ്ണയിച്ച് പരിഹാര മാർഗ്ഗങ്ങളും ശുപാർശകളും രേഖപ്പെടുത്തിയ കാർഡുകൾ ഓരോ ഭൂഉടമക്കും നൽകുക എന്നതാണ് ഹ്രസ്വകാല പരിപാടികൾകൊണ്ട് ലക്ഷ്യമിട്ടിരിക്കുന്നത്.

7. ദീർഘകാല പരിപ്രേക്ഷ്യം

2030 ആകുമ്പോൾ കോട്ടയം ജില്ലയിലെ എല്ലാ നീർത്തടങ്ങളും പൂർണ്ണമായും സംരക്ഷിക്കപ്പെടുന്ന വിധത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ് ഏകദേശം 40000 ഹെക്ടർ പ്രദേശം അടിയന്തിരമായി സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്. ഉയർന്ന പ്രദേശങ്ങളിൽ ഗ്രേഡഡ് ബണ്ടുകൾ ഏകദേശം 1 ഹെക്ടർ പ്രദേശത്ത് 800-850 ച.മീ. എന്ന തോതിൽ ചെയ്യാവുന്നതാണ്.ഉയർന്ന പ്രദേശങ്ങളിലും ഇടനാടുകളിലും ഉള്ള നീർച്ചാലുകളിൽ കാട്ടുകല്ലുകൾ ഉപയോഗിച്ച് തടയണകൾ ആവശ്യമായ സ്ഥലങ്ങളിൽ നിർമ്മിക്കാവുന്നതാണ്. കിടങ്ങുകളുടെ പാർശ്വഭിത്തികൾ ജൈവികമായ രീതിയിൽ സംരക്ഷിക്കാൻ പറ്റുന്നിടത്ത് അങ്ങിനെയും അല്ലാത്തിടത്ത്

പാർശ്വഭിത്തിയും നിർമ്മിച്ച് സംരക്ഷിക്കേണ്ടതാണ്. ഇപ്രകാരം സംരക്ഷിക്കുന്നതുമൂലം കൂടുതൽ കിടങ്ങുകളുണ്ടാകുന്നതും തന്മൂലം ഉണ്ടാകുന്ന കനത്ത മണ്ണൊലിപ്പും, അവ മൂലം താഴ്ന്ന പ്രദേശങ്ങളിൽ ഉണ്ടാകാവുന്ന പാരിസ്ഥിതിക ആഘാതവും ഒഴിവാക്കാവുന്നതാണ്. ഗ്രേഡഡ് ബണ്ട് നിർമ്മിച്ച് തട്ട് തിരിക്കുന്നതുമൂലം ഹൈറേഞ്ചിലെ പ്രതിഭാസമായ മിന്നൽ പ്രളയം ഒഴിവാക്കാൻ സാധിക്കുന്നതാണ്.

ഇടനാട് പ്രദേശങ്ങളിൽ ഗ്രേഡഡ് ബണ്ടിനു പകരം സമോച്ചരേഖയിൽ കൂടി നിർമ്മിക്കുന്ന ബണ്ടുകൾ ആണ് വിഭാവനം ചെയ്യുന്നത്. കൂടാതെ ഈ സ്ഥലങ്ങളിൽ ഭൂഗർഭ ജല സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനോടൊപ്പം തന്നെ ഉപരിതല ജല പ്രവാഹം കുറക്കുന്നതിനും അതുമൂലമുണ്ടാകുന്ന മണ്ണൊലിപ്പ് കുറയ്ക്കുന്നതിനുമായി നീർക്കുഴികൾ നിർമ്മിക്കേണ്ടത് വളരെ ആവശ്യമാണ്. ഇവിടെയും ഉയർന്ന ഭാഗങ്ങളിൽ കാട്ടുകല്ലുപയോഗിച്ചുകൊണ്ടുള്ള തടയണകളും തോടുകളിൽ ആവശ്യമായ സ്ഥലങ്ങളിൽ നിയന്ത്രിതമായ രീതിയിൽ (ഒരു മീറ്ററിൽ അധികരിക്കാത്ത ഉയരത്തിൽ) പാർശ്വഭിത്തികളും നിർമ്മിക്കാവുന്നതാണ്.

താഴ്ന്ന പ്രദേശങ്ങളിൽ ജലനിർഗമനത്തിനുള്ള നടപടികളാണ് കൂടുതൽ അനിവാര്യമായിട്ടുള്ളത്. ഇവിടെ കായലുകളിലേയ്ക്ക് തുറക്കുന്ന വിധത്തിൽ നീർച്ചാലുകളുടെ ആഴം കൂട്ടി ജലനിർഗമനം സുഗമമാക്കുന്നതിനുള്ള നടപടികളാണ് ശുപാർശ ചെയ്യുന്നത്. കൂടാതെ തോടുകൾക്ക് പല സ്ഥലങ്ങളിലും റവന്യൂ രേഖകളിലുള്ളതിനേക്കാൾ വീതി കുറയുന്ന രീതിയിലുള്ള കൈയേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ തോടിൻറെ വീതിയെക്കാൾ കുറവു വീതിയിൽ കലുങ്കുകൾ ചെറിയ പാലങ്ങൾ മുതലായവ നിർമ്മിച്ചും സുഗമമായ ജലപ്രവാഹത്തിന് തടസ്സം വരുത്തിയിരിക്കുന്നതായും കാണുന്നു. ഇത്തരത്തിലും നിർമ്മാണപ്രവർത്തനങ്ങൾ പൂർണ്ണമായും ഒഴിപ്പിക്കേണ്ടതാണ്. കൂടാതെ ഈ തോടുകളുടെ ഇരുവശങ്ങളും പാർശ്വഭിത്തി നിർമ്മിക്കുകയോ കയർഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുകയോ ചെയ്യേണ്ടതുണ്ട്. ഇത്തരത്തിലുള്ള സംരക്ഷണപ്രവർത്തനങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കി 2030 ആകുമ്പോഴെയ്ക്കും ജില്ലയിലെ എല്ലാ പ്രശ്ന ബാധിത പ്രദേശങ്ങളും സംരക്ഷിച്ച് പ്രകൃതിയെ പൂർവ്വസ്ഥിതിയിലാക്കിയാൽ മാത്രമെ ജീവജാലങ്ങളുടെ സ്ഥായിയായ നിലനിൽപ്പ് സാധ്യമാവുകയുള്ളൂ. അതിനായുള്ള പദ്ധതികൾ വിഭാവനം ചെയ്യേണ്ടതാണ്.

ദീർഘകാല പരിപാടികൾ

1. സോയിൽ ഹെൽത്ത്കാർഡ് പദ്ധതിയുടെ പ്രയോജനം എല്ലാകർഷകർക്കും ലഭ്യമാക്കുക
2. കോട്ടയം ജില്ലയിലെ പഞ്ചായത്തുകളുടെ വിശദമണ്ണുപര്യവേഷണത്തിന്റെ നവീകരണം പൂർത്തിയാക്കി ജില്ലയുടെ പൂർണ്ണമായ ഭൂവിഭവ ഭൂപടം തയ്യാറാക്കൽ

8. മേൽത്തട്ട് നിർദ്ദേശങ്ങൾ

1) ജില്ലയിലെ നീർച്ചാലുകളുടെ റവന്യൂരേഖകൾക്കനുസരിച്ച് വീതി ഇല്ലാതാക്കികൊണ്ടുള്ള കൈയേറ്റങ്ങൾ ഒഴിപ്പിച്ച് തോടുകൾ പൂർവ്വസ്ഥിതിയിലാക്കി സുഗമമായ ജലപ്രവാഹം ഉറപ്പുവരുത്തുക.

2) മണ്ണുജലസംരക്ഷണ പ്രവൃത്തികൾ എല്ലാംതന്നെ നീർത്തടാടിസ്ഥാനത്തിൽ മാത്രം നടപ്പിലാക്കുക

3) നീർത്തടങ്ങളും ജലാശയങ്ങളും മലിനപ്പെടുത്തുന്നതും ദുർവിനിയോഗം ചെയ്യുന്നതും രൂപമാറ്റം വരുത്തുന്നതും ഒഴിവാക്കാൻ ശക്തമായ നിയമനിർമ്മാണവും കടുത്ത ശിക്ഷയും ഉറപ്പുവരുത്തുക. ഇവ നീരീക്ഷിക്കുന്നതിനായി തദ്ദേശസ്ഥാപനങ്ങളുടെ ചുമതലയിൽ സമിതികളെ ക്രമീകരിക്കുകയും ചെയ്യുക.

4) താഴ്ന്ന പ്രദേശങ്ങളിൽ തോടുകൾ കായലുപോലുള്ള വലിയ ജലാശയങ്ങളിൽ ചേരുന്ന സ്ഥലങ്ങളിൽ / അഴിമുഖങ്ങളിൽ മണ്ണ് വന്ന് മൂടിയും ഇടുങ്ങിയും ജലനിർഗ്ഗമനമാർഗ്ഗത്തെ തടസ്സപ്പെടുത്തുന്നു. ഇവിടെ ആഴവും വീതിയും കൂട്ടി സുഗമമായ ജലനിർഗമനം ഉറപ്പുവരുത്തുക

5) വൻചെരിവുള്ള പ്രദേശങ്ങളിലെ നിർമ്മാണപ്രവർത്തനങ്ങൾ നിയന്ത്രിക്കുകയും മണ്ണിളക്കിയുള്ള കൃഷിരീതികൾ അനുവദിക്കാതിരിക്കുകയും ചെയ്യുന്നു എന്ന് നിയമം മൂലം ഉറപ്പുവരുത്തുക.

9. കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

മേൽ പറഞ്ഞിരിക്കുന്ന മേൽത്തട്ട് നിർദ്ദേശങ്ങൾ പലതും ജനപങ്കാളിത്തതോടു കൂടി ത്രിതല പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിലോ ചുതലയിലോ ബന്ധപ്പെട്ട വകുപ്പുകളെയും ഉൾപ്പെടുത്തി സമയബന്ധിതമായി നടപ്പിലാക്കാവുന്നതാണ്.

10. ജില്ലയിലെ മണ്ണുപര്യവേക്ഷണ സംരക്ഷണ ആഫീസുകൾ

കോട്ടയം ജില്ലയിൽ ജില്ലാ പഞ്ചായത്ത് കെട്ടിടത്തിൽ ജില്ലാ മണ്ണുസംരക്ഷണ ആഫീസും, മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ അസിസ്റ്റൻറ് ഡയറക്ടർ ആഫ് സോയിൽ സർവ്വെ ആഫീസും പ്രവർത്തിക്കുന്നു. ജില്ലാ മണ്ണുസംരക്ഷണ ആഫീസിൻ കീഴിൽ ചങ്ങനാശ്ശേരി, പാല എന്നിവിടങ്ങളിൽ രണ്ടു മണ്ണുസംരക്ഷണ ആഫീസുകളും പ്രവർത്തിക്കുന്നു. കാഞ്ഞിരപ്പള്ളി, കോട്ടയം, ചങ്ങനാശ്ശേരി താലൂക്കുകൾ , ചങ്ങനാശ്ശേരി മണ്ണുസംരക്ഷണ ആഫീസിനു കീഴിലും മീനച്ചിൽ, വൈക്കം താലൂക്കുകൾ, വൈക്കം മണ്ണുസംരക്ഷണ ആഫീസിൻ കീഴിലുമാണ് വരുന്നത്. കൂടാതെ കാഞ്ഞിരപ്പള്ളി , പള്ളിക്കത്തോട് , വൈക്കം എന്നീ മൂന്ന് ഓവർസീയർ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. വിവിധ താലൂക്കുകളിൻ കീഴിലുള്ള എല്ലാ പദ്ധതിപ്രവർത്തനങ്ങളും അതാത് താലൂക്കുകളുടെ ചുമതലയുള്ള മണ്ണുസംരക്ഷണ ആഫീസർമാർ ആണ് നടപ്പിലാക്കുന്നത്.

ജില്ലയിലെ മണ്ണു പര്യവേക്ഷണ സംബന്ധമായ എല്ലാ പ്രവർത്തനങ്ങളും അസിസ്റ്റൻറ് ഡയറക്ടർ ആന്റ് സോയിൽ സർവ്വെ കോട്ടയത്തിന്റെ ചുതലയിൽ നടപ്പിലാക്കിവരുന്നു. പഞ്ചായത്തടിസ്ഥാനത്തിൽ വിശദ മണ്ണു പര്യവേഷണം 1-4000 അല്ലെങ്കിൽ 1-5000 സ്കെയിലുള്ള കഡസ്ട്രൽ ഭൂപടങ്ങളെയോ ചെറിയ സ്കെയിലുള്ള സാറ്റലൈറ്റ് ഇമേജറിൽ - ഏരിയൽ ഫോട്ടോകൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് നടത്തുന്നത്. സൂക്ഷ്മതല വർഗ്ഗീകരണ ഏകകമായ മണ്ണു ശ്രേണികൾ കണ്ടെത്തി അവയുടെ അതിർത്തി നിർണയിച്ച് ഓരോ പ്രദേശത്തേയും വികസന പ്രവർത്തനങ്ങൾക്കുവേണ്ട വിശദവിവരങ്ങൾ ഇതിലൂടെ ലഭിക്കുന്നതിനാൽ പഞ്ചായത്തുതലവികസനം, നീർമറി വികസനം, നഗരവികസനം കാർഷിക ഗവേഷണ പരിപാടികൾ എന്നിവ ആസൂത്രണം ചെയ്യുന്നതിന് ഇത് വളരെ പ്രയോജനപ്രദമാണ്. ഓരോ പഞ്ചായത്തിലെയും വിവിധതരം മണ്ണിനങ്ങളെക്കുറിച്ച് വിശദമായ അപഗ്രഥനം നടത്തി റിപ്പോർട്ടുകളും മാപ്പുകളും പ്രസിദ്ധീകരിച്ചുവരുന്നു.ഓരോ പഞ്ചായത്തിലെയും മണ്ണിനങ്ങളെ ഭൂപടത്തിൽ രേഖപ്പെടുത്തി അവിടത്തെ വിള പരിപാലനം, വിള അനുയോജ്യത ഭൂവിനിയോഗ ക്ഷമത, കാർഷിക വിളകളുടെ ഉൽപ്പാദനം, ഉൽപ്പാദന ക്ഷമത, കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും അവ ലഘൂകരിക്കുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും, പാരമ്പര്യ കൃഷിരീതികളും പോരായ്മകളും നൂതന കാർഷിക വിദ്യകൾ തുടങ്ങിയവയെപ്പറ്റി പ്രതിപാദിക്കുന്ന പ്രസിദ്ധീകരണങ്ങളാണ് മണ്ണു പര്യവേഷണ വിഭാഗം തയ്യാറാക്കി വരുന്നത്. ഓരോ പഞ്ചായത്തിൻറെയും വിസ്തൃതി, ജനസംഖ്യ, കാർഷിക വൃത്തിയിലും ഇതര ജോലികളിലും ഏർപ്പെട്ടിരിക്കുന്ന ജനങ്ങളുടെ സ്ഥിതി വിവരക്കണക്കുകൾ, സാമൂഹ്യ സാമ്പത്തിക ഘടകങ്ങൾ, വ്യവസായങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ ഈ റിപ്പോർട്ടുകളിൽനിന്നും ലഭ്യമാണ്.

ചിത്രം 4.1.1 (4)

11. ഉപസംഹാരം

മണ്ണുപര്യവേക്ഷണ സംരക്ഷണ വകുപ്പ് മുഖാന്തിരം നബാർഡിൻറെ സാമ്പത്തികസഹായത്തോടെ നടപ്പിലാക്കിയ പദ്ധതികളും, ജനകീയാസൂത്രണ പദ്ധതികളും ദേശീയ നീർമറി വികസന പദ്ധതികളും നടപ്പിലാക്കിയതുമൂലം അതാത് പ്രദേശങ്ങളിൽ മണ്ണൊലിപ്പിൻറെ തീവ്രത ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ വേനൽ വറുതിയെ നല്ലൊരളവുവരെ ഈ പ്രദേശത്തുള്ളവർക്ക് നേരിടുവാൻ സാധിച്ചിട്ടുണ്ട്. അടുത്ത ഏതാനും വർഷങ്ങൾകൊണ്ട് ജില്ലയുടെ വരൾച്ച ബാധിത പ്രദേശങ്ങൾ കൂടി മണ്ണുജല സംരക്ഷണ പദ്ധതികൾ കൂടി നടപ്പിലാക്കുവാൻ സാധിച്ചാൽ അതാത് പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കുന്നതാണ്. കൂടാതെ മണ്ണിൻറെയും ജലത്തിൻറെയും സംതുലിനമായ ഉഫയോഗം മൂലം കാർഷികോത്പാദനത്തിനും നല്ല നേട്ടം കൈവരിക്കുവാൻ സാധിക്കും. പദ്ധതി പ്രദേശങ്ങളിലെ കാലി, മൃഗ സമ്പത്തിനെയും പരോക്ഷമായി ഉന്നതിയിലേയ്ക്ക് നയിക്കും. കൂടാതെ ഇവയെല്ലാം പ്രദേശവാസികളുടെ സാമ്പത്തിക സാമൂഹിക ഉന്നമനത്തിനും ജീവിത രീതിയിലെ ഉയർച്ച ലഭ്യമാക്കുന്നതിനും ഉതകുന്നതാണ്. ഈ സാഹചര്യത്തിൽ കർഷർക്കും ജനപ്രതിനിധികൾക്കും ബന്ധപ്പെട്ട വികസന വകുപ്പിലെ സാങ്കേതിക വിദഗർക്കും വാട്ടർഷെഡ് വികസന സങ്കൽപത്തോടും, വാട്ടർഷെഡ് വികസന പദ്ധതികളെല്ലാം കൂടുതൽ ആഭിമുഖ്യം ഉണ്ടാകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ് എന്ന് കാണാം.

4.1.2 ജലസേചനം

ജലവിഭവം

A. ആമുഖം

ആധുനിക കാലഘട്ടത്തിൽ ജനപ്പെരുപ്പം വർദ്ധിച്ചതോടെ നഗരവത്ക്കരണം ത്വരിതപ്പെട്ടതും ജലത്തിൻറെ ഉപഭോഗം കൂടിയതും ആവശ്യങ്ങളുടെ സ്വഭാവം വ്യത്യസ്തമായതും ജലവിഭവത്തിൻറെ ഉപയോഗത്തിൽ മാറ്റം വരുത്തി. ധാന്യവിളകൾ കുറഞ്ഞതും കാർഷികമേഖലയിൽ ശോഷണം നേരിട്ടതും നമ്മുടെ നാട്ടിൽ ജലസേചനരീതികളിൽ പുതിയ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതിന് ഇടയാക്കി. പ്രകൃതിയിൽ ഉണ്ടായിവരുന്ന ആശങ്കാജനകമായ മാറ്റങ്ങളും നദികളിലൂടെ ഒഴുകിയെത്തുന്ന ജലത്തിന്റെ കുറവും ജലമലിനീകരണവും വർത്തമാനകാലത്തെ പ്രശ്നങ്ങളാണ്. പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് കോട്ടം തട്ടാത്തതും പാരമ്പര്യവിജ്ഞാനത്തിൻറെ മേൻമകൾ ഉൾക്കൊണ്ടതുമായ തികച്ചും പരിഷ്കരിക്കപ്പെട്ട സാങ്കേതികവിദ്യകൾ ശ്രദ്ധാപൂർവ്വം പ്രായോഗികമാക്കേണ്ടത് ഭാവിയിലെ സുഗമമായ ജലവിനിയോഗത്തിന് അത്യന്താപേക്ഷിതമാണ്.

കേരളത്തിലെ ആദ്യത്തെ സമ്പൂർണ്ണസാക്ഷരത നേടിയ ജില്ലയായ കോട്ടയം, കിഴക്ക് പശ്ചിമ ഘട്ടത്തിനും പടിഞ്ഞാറ് വേമ്പനാട്ടുകായലിനും കുട്ടനാടൻ വയലുകൾക്കും ഇടയിലാണ് സ്ഥിതി ചെയ്യുന്നത്. മീനച്ചിലാർ, മണിമലയാർ, മൂവാറ്റുപുഴയാർ എന്നീ പ്രധാന നദികളും അവയുടെ പോഷക നദികളുമാണ് ജില്ലയിലെ പ്രധാന ജലസ്രോതസ്സുകൾ. തെക്കുപടിഞ്ഞാറൻ കാലവർഷത്തിലും വടക്കു കിഴക്കൻ കാലവർഷത്തിലുമായി ഏകദേശം 2950 മി.മീ മഴയാണ് ജില്ലയിൽ ലഭിച്ചിരുന്നത്. കഴിഞ്ഞ പത്തുവർഷത്തെ കണക്കുകൾ പരിശോധിച്ചാൽ മഴയുടെ അളവിൽ വന്ന സാരമായ വ്യതിയാനം മനസിലാക്കാം.2016-ൽ ജില്ലയിൽ ലഭിച്ച മഴയുടെ അളവ് 2950 മി.മീ ആണ്. ഇതുതന്നെ മഴ സ്വഭാവികമായി ലഭ്യമല്ലാത്ത ചില മാസങ്ങളിൽ മഴ ലഭിച്ചതുകൊണ്ടു മാത്രമാണ്.

ജില്ലയിലെ നദികളിൽ മഴക്കാലത്ത് വെള്ളപ്പൊക്കം അനുഭവപ്പെടുമ്പോൾ വേനൽക്കാലത്ത് നദീതടങ്ങളുടെ താഴ്ന്ന സമതലപ്രദേശങ്ങളൊഴികെ എല്ലായിടത്തും നദിവറ്റിവരണ്ടുപോകുന്നതിനാൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടാറുണ്ട്. താഴ്ന്ന പ്രദേശങ്ങളിൽ ഓരുവെള്ളം കയറുന്നതിനാലും വേനൽക്കാലത്ത് ശുദ്ധജലക്ഷാമം ഉണ്ടാകുന്നു. കാലാവസ്ഥാവ്യതിയാനം, വനനശീകരണം, ഏക വിളത്തോട്ടങ്ങളുടെ വ്യാപനം എന്നിവ മൂലം പ്രദേശത്ത് ജലദൗർലഭ്യം അനുഭവപ്പെടുന്നു.

ജലസംരക്ഷണത്തിന് ജില്ലയിൽ വൻകിട ജലസേചനപദ്ധതികൾ നിലവിലില്ല. കഴിഞ്ഞ വർഷം അനുഭവപ്പെട്ട രൂക്ഷമായ വരൾച്ചയ്ക്ക് അൽപമെങ്കിലും ആശ്വാസമേകിയത് തടയണകളും എം.വി.ഐ.പി. (മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രൊജക്ട്) കനാലുകളിലൂടെ എത്തിയ ജലവുമാണ്.

B. ഭൂപ്രകൃതി

ഭൂപ്രകൃതിയനുസരിച്ച് കോട്ടയം ജില്ലയെ മലനാട്, ഇടനാട്, താഴ്ന്നപ്രദേശം എന്നിങ്ങനെ മൂന്നായി തിരിക്കാം.

1. മലനാട്

- സമുദ്രനിരപ്പിൽനിന്നും 300 മുതൽ 1200 മീ. വരെ ഉയരത്തിൽ സ്ഥിതിചെയ്യുന്നു.
- മീനച്ചിൽ, കാഞ്ഞിരപ്പള്ളി താലൂക്കുകളുടെ കിഴക്കുഭാഗങ്ങൾ.
- പശ്ചിമഘട്ടത്തിൻറെ രണ്ടാംനിരയിലെ ചെങ്കുത്തായ നീണ്ട മലനിരകളും ഉയരം കൂടിയ കുന്നുകളും അവയ്ക്കിടയിലായുള്ള മലഞ്ചെരുവുകളും താഴ്വരകളും പാറക്കൂട്ടങ്ങളും ഉൾപ്പെടുന്നു.
- വിസ്തീർണ്ണം ഏകദേശം - 509.32 ച.കി.മീ.
- പ്രധാന കൃഷി - റബർ

- മറ്റു കൃഷികൾ - തെങ്ങ്, കുരുമുളക്, വാഴ

2. ഇടനാട്

- സമുദ്രനിരപ്പിൽനിന്നും 20 മീ. മുതൽ 300 മീ. വരെ ഉയരത്തിൽ സ്ഥിതിചെയ്യുന്നു.
- മലനാടിനും താഴ്ന്ന പ്രദേശത്തിനും ഇടയിൽ സ്ഥിതിചെയ്യുന്നു.
- കാഞ്ഞിരപ്പള്ളി, മീനച്ചിൽ താലൂക്കുകളുടെ പടിഞ്ഞാറൻപ്രദേശങ്ങളും കോട്ടയം , ചങ്ങനാശ്ശേരി താലൂക്കുകളുടെ കിഴക്കൻപ്രദേശങ്ങളും ഉൾപ്പെടുന്നു.
- ഇടവിട്ടു കാണപ്പെടുന്ന ഉയരം കുറഞ്ഞ കുന്നുകളും അവയ്ക്കിടയിൽ സ്ഥിതിചെയ്യുന്ന വിസ്താരമേറിയ വയലേലകളും.
- വിസ്തീർണ്ണം (ഏകദേശം) - 1287.78 ച.കി.മീ.
- പ്രധാന കൃഷി - റബർ.
- മറ്റു കൃഷികൾ - തെങ്ങ്, കുരുമുളക്, വാഴ, പച്ചക്കറികൾ, മരച്ചീനി.

3. താഴ്ന്നപ്രദേശം

- സമുദ്രനിരപ്പിൽനിന്നും -1.00 മീ. മുതൽ 20 മീ. വരെ ഉയരത്തിൽ സ്ഥിതിചെയ്യുന്നു.
- വൈക്കം, കോട്ടയം, ചങ്ങനാശ്ശേരി താലൂക്കുകളുടെ പടിഞ്ഞാറൻപ്രദേശങ്ങൾ.
- സമുദ്രനിരപ്പിൽനിന്നും താഴ്ന്ന പ്രദേശങ്ങളായ അപ്പർ കുട്ടനാടും വേമ്പനാട്ടുകായലും ഉൾപ്പെടുന്നു.
- വിസ്തീർണ്ണം (ഏകദേശം) - 398 ച.കി.മീ.
- പ്രധാന കൃഷി - നെല്ല്, തെങ്ങ്
- മറ്റു കൃഷികൾ - വാഴ, പച്ചക്കറികൾ

C. നീർത്തടം

കോട്ടയം ജില്ലയിൽ പ്രധാനമായും നാല് നദീനീർത്തടങ്ങളാണുള്ളത് .

മീനച്ചിൽ നീർത്തടം

കോട്ടയം ജില്ലയുടെ കിഴക്കുഭാഗത്ത് സഹ്യപർവതത്തിൻറെ രണ്ടാം നിരയായ വാഗമൺകുന്നുകളുടെ പടിഞ്ഞാറേ ചെരിവുകളിൽനിന്നാണ് പുരാതനകാലത്ത് ഗൌണാനദിയെന്നും വാമൊഴിയായി കവണയാർ എന്നും പിൽക്കാലത്ത് മീനച്ചിലാറെന്നും പ്രസിദ്ധമായ നദി ഉത്ഭവിക്കുന്നത്. 78 കി.മീ ദൂരം സഞ്ചരിച്ച് പലതായിപ്പിരിഞ്ഞ് വേമ്പനാട്ടുകായലിൽ ചേരുന്നു.

കോട്ടയം ജില്ലയിലെ വൈക്കം, മീനച്ചിൽ താലൂക്കുകളിലെ പ്രദേശങ്ങളാണ് മീനച്ചിൽ നദീതട ത്തിൽ ഉൾപ്പെടുന്നത്. പശ്ചിമഘട്ടത്തിലെ നിരവധി ചെറുനദികൾ ചേർന്ന് പടിഞ്ഞാറോട്ട് ഒഴുകുന്നതിൽ പ്രധാനമായ കടപുഴയാറ് ആണ് മീനച്ചിലാറിൻറെ ഉത്ഭവം. പ്രധാന കൈവഴിയായ കോട്ടപ്പള്ളിത്തോട്, വെങ്ങാട്ടുതോട്, കോണിപ്പാട്ട്തോട് , കൊല്ലപ്പള്ളിത്തോട് എന്നിവ മേലുകാവ്, മങ്കൊമ്പ് പ്രദേശങ്ങളിൽ നിന്ന് ഉത്ഭവിച്ച് കളത്തുകടവാർ ആയി ഒഴുകുന്നു. തീക്കോയിയാർ തലനാട് വെച്ച് കളത്തുകടവാറിൽ ചേരുന്നു. ചേന്നാട്, പൂഞ്ഞാർ എന്നിവിടങ്ങളിൽനിന്ന് ഉത്ഭവിക്കുന്ന കടമുരുട്ടിത്തോട്, പൊന്നൊഴുകംതോട് എന്നിവ ചേർന്ന് വടക്കോട്ട് ഒഴുകി ഈരാറ്റുപേട്ടയിൽ വെച്ച് മീനച്ചിലാർ രൂപം കൊള്ളു ന്നു. പാലായിൽ എത്തുന്നതിനു മുമ്പായി മാന്നാനിത്തോട്, നേങ്ങതാൽതോട് എന്നിവ തെക്കുനിന്നും പയപ്പാർതോട് വടക്കുനിന്നും മീനച്ചിലാറ്റിൽ ചേരുന്നു. പന്നഗംതോട്, കുരോപ്പടത്തോട്, പച്ചത്തോട് ഇവ ഒന്നുചേർന്ന് പുന്നത്തുറ വെച്ച് മീനച്ചിലാറ്റിൽ ചേരുന്നു. മീനച്ചിലാർ കോട്ടയത്തെത്തുമ്പോൾ നട്ടാശ്ശേരി, തിരുവാറ്റാ, കുമ്മനം, കീളിരൂർ, കാഞ്ഞിരം എന്നിവിടങ്ങളിലൂടെ കൈവഴികളായി പിരിഞ്ഞ് വേനമ്പനാട്ടുകായലിൽ ചേരുന്നു. നിരവധി ചെറുതോടുകൾ നദിയിൽനിന്നും രൂപമെടുത്ത്

സമീപപ്രദേശങ്ങളിലൂടെ ഒഴുകുന്നു. പാറപ്പാടത്തുനിന്നും ആരംഭിക്കുന്ന തോട് ചെങ്ങളം കടന്ന് കുമരകത്തെത്തുമ്പോൾ കോട്ടത്തോടാകുന്നു. കുമരകം ജെട്ടി കഴിഞ്ഞു ഇത് വേമ്പനാട്ടുകായലിൽ ചേരുന്നു. പ്രധാന നദി കാഞ്ഞിരത്തിലെത്തുമ്പോൾ വെട്ടിയുണ്ടാക്കിയ പുത്തൻതോട് നദിയെ ഖണ്ഡിക്കുന്നു. പുത്തൻതോടുമായി ചേർന്ന് പടിഞ്ഞാറോട്ടൊഴുകി തിരുവാർപ്പിനു സമീപം വെട്ടിക്കാട്ടു വെച്ച് കായലിൽ ചേരുന്നു. ശേഷിച്ച പ്രധാന ഭാഗം നാട്ടകത്തുവച്ച് കൊട്ടരാറുമായി ചേർന്ന് പഴുക്കാനിലയിൽ എത്തി വേമ്പനാട്ടുകായലിൽ ചേരുന്നു.

പുതുപ്പള്ളി, തോട്ടയ്ക്കാട് പ്രദേശങ്ങളിലെ മീനടംതോട്, നെത്തല്ലൂർതോട് എന്നിവ വലിയ തോട് ആയി രൂപം പ്രാപിച്ച് വാകത്താനം പഞ്ചായത്തിലെ കൂട്ടിക്കൽ ആറുമായി ചേർന്ന് കൊട്ടരാർ രൂപം കൊള്ളുന്നു. കോട്ടയത്തിനടുത്ത് നാട്ടകത്ത് വെച്ച് കൊട്ടരാർ മീനച്ചിലാറ്റിൽ ചേർന്ന് തെക്കോട്ടൊ ഴുകി വേമ്പനാട്ടുകായലിൽ ചേരുന്നു. വേമ്പനാട്ടുകായലിൻറെ തെക്കുകിഴക്കേഭാഗത്തെ അതിരാണ് പഴുക്കാനില എന്നറിയപ്പെടുന്നത്. കോട്ടയത്തിന് തെക്ക് പളളം പ്രദേശത്തിന് പടിഞ്ഞാറായി വടക്ക് തിരു വാർപ്പ് പഞ്ചായത്തിലെ തിരുവായ്ക്കരി പാടശേഖരവും തെക്ക് വാലടി, കൈനടി പ്രദേശങ്ങൾ അതിരായും പടിഞ്ഞാറ് കായലിലെ എച്ച്, ആർ ബ്ളോക്കുകൾ അതിരായും കിടക്കുന്നു. ഈ ഭാഗത്തിന് സമീപത്തുളള ഇപ്പോഴത്തെ കോട്ടയം തുറമുഖം ചരക്കുഗതാഗതത്തിന് വളരെയധികം വികസനസാധ്യതയുളളതാണ്.

ഈരാറ്റുപേട്ട ബ്ലോക്കിലെ മേലുകാവ്, പൂഞ്ഞാർ, മൂന്നിലവ്, തലനാട്, ളാലം ബ്ലോക്കിലെ കരൂർ, കടനാട് തുടങ്ങിയ പർവ്വതപ്രദേശങ്ങളിൽ കൂടി മീനച്ചിലാർ ശക്തമായ ഒഴുക്കാണ് പ്രകടിപ്പിക്കുന്നതെങ്കിലും വേനൽക്കാലത്ത് പാലായ്ക്ക് അടുത്ത് വരെയുള്ള ഉയർന്ന പ്രദേശങ്ങളിൽ നദി കയങ്ങളായി മാറുന്നു. ഓരുവെള്ളം കയറുന്നതിനാൽ രൂക്ഷമായ ശുദ്ധജലക്ഷാമമാണ് താഴ്ന്ന പ്രദേശങ്ങളിൽ അനുഭവപ്പെടുന്നത്. കുന്നിൻപ്രദേശങ്ങളിലും പർവ്വതപ്രദേശങ്ങളിലും ഇന്ന് റബ്ബർകൃഷി വ്യാപകമായിരിക്കു ന്നു. സമതലപ്രദേശങ്ങളിൽ നെല്ല്, കരിമ്പ് എന്നീ വിളകളുടെ സ്ഥാനം റബ്ബർ, കൈത എന്നിവ കൈയടക്കിയിരിക്കുന്നു.

മൂവാറ്റുപുഴ നീർത്തടം

മീനച്ചിൽ, വൈക്കം താലൂക്കുകളുടെ ഭാഗങ്ങളാണ് മൂവാറ്റുപുഴ നീർത്തടത്തിൽ ഉൾപ്പെടുന്നത്. തേങ്ങാക്കാനത്തുനിന്നും ഉത്ഭവിക്കുന്ന തൊടുപുഴയാർ, വേളൂർപുഴ, കണ്ണാടിപ്പുഴ, എന്നിവ ചേർന്നൊഴുകുന്ന കാളിയാർ, മണ്ണൻകാവുമലയിൽ നിന്നുത്ഭവിക്കുന്ന കോതമംഗലം ആറ് എന്നിവയാണ് മൂവാറ്റുപുഴയാറായി രൂപം കൊള്ളുന്നത്. വേളൂർപുഴ വെള്ളിയാനി മുടിയിൽനിന്നും കണ്ണാടിപ്പുഴ പാൽക്കമേടിൽ നിന്നും ഉത്ഭവിക്കുന്നു. മാർമല, വെട്ടിക്കുറിയ മല എന്നിവയിൽ നിന്നും ഉത്ഭവിക്കുന്ന കൈവഴികളിലാണ് കോട്ടയം ജില്ലയിൽ മൂവാറ്റുപുഴയാറ് രൂപം കൊള്ളുന്നത്. നദിയുടെ ഉത്ഭവസ്ഥാനത്തിൽ ഒരു ഭാഗം മേലുകാവ് പഞ്ചായത്തിൽ പുള്ളിക്കാനം എസ്റ്റേറ്റിനടുത്താണ്. അതുപോലെ ഉഴവൂർ പഞ്ചായത്ത്, മീനച്ചിൽ പഞ്ചായത്തിലെ നീലൂർ തുടങ്ങിയ പ്രദേശവും ഈ നീർത്തടത്തിൻറെ ഭാഗമാണെങ്കിലും അവിടെയൊന്നും പ്രധാന ശാഖകൾ ഒഴുകുന്നില്ല. വേനൽക്കാലത്ത് നിർജ്ജീവമാകാറുള്ള ചെറുതോടുകൾ മാത്രമാണ് ഈ പ്രദേശങ്ങളിൽ ഉള്ളത്. നദി വൈക്കം ബ്ലോക്കിൽ പ്രവേശിച്ചിട്ടാണ് തിരികെ എറണാകുളം ജില്ലയിൽ കൂടി വേമ്പനാട്ടുകായലിൻറെ വടക്കുഭാഗത്ത് അവസാനിക്കുന്നത്. വെട്ടിക്കാട്ടു മുക്കിൽനിന്ന് ശാഖോപശാഖകളായി പിരിഞ്ഞ് വൈക്കം പ്രദേശത്ത് പ്രധാനപ്പെട്ട പല തോടുകളും ഉപതോടുകളുമായി പിരിഞ്ഞാണ് നദിയുടെ ഒരുഭാഗം വേമ്പനാട്ട് കായലിൽ പതിക്കുന്നത് . ഉല്ലല ത്തോട്, കടുത്തുരുത്തിത്തോട് കുരുക്കുംചുവട് തോട്, വലിയ തോട്, വടയാർ തോട്, കരിയാർ എന്നിവയാണ് പ്രധാന തോടുകൾ. നീരൊഴുക്ക് കുറഞ്ഞ് ക്രമേണ വെള്ളം കെട്ടിക്കിടക്കുന്ന സ്ഥിതിവിശേഷമാണ് വൈക്കം ഭാഗത്ത് കാണുന്നത്. ഓരുവെള്ളം കയറുന്നതിനാൽ രൂക്ഷമായ ശുദ്ധജലക്ഷാമമാണ് വൈക്കം ഭാഗത്ത് അനുഭവപ്പെടുന്നത്.

മണിമല നീർത്തടം

ഇടുക്കി ജില്ലയിലെ കോലാഹലമേട്ടിൽനിന്ന് ഉത്ഭവിക്കുന്ന മണിമലയാറിൻറെ നീളം 90 കി.മീ. ആണ്. കാഞ്ഞിരപ്പള്ളി, മാടപ്പള്ളി, വാഴൂർ, ഈരാറ്റുപേട്ട, പാമ്പാടി എന്നീ ബ്ലോക്കുകൾ മണിമലയാറിൻറെ നീർത്തടപ്രദേശമാണ്. കാഞ്ഞിരപ്പള്ളി ബ്ലോക്ക് പ്രദേശത്ത് 130 മീ. അധികം ഉയരമുള്ള പ്രദേശങ്ങളിൽ കൂടിയാണ് മണിമലയാർ ഒഴുകുന്നത്. ഇളംകാട് എസ്റ്റേറ്റിന് അടുത്തുവച്ച് ശക്തിയാർജ്ജിക്കുന്ന പുല്ലരിയാറിൻറെ ഏന്തയാർ,

താളുങ്കൽത്തോട്, പാപ്പാൻതോട്, കവണിത്തോട് എന്നിവ ചേർന്ന് ശക്തി പ്രാപിച്ച് കൂട്ടിക്കൽ എത്തുമ്പോൾ കൊക്കയാറുമായി ചേർന്ന് മണിമലയാർ രൂപംകൊള്ളുന്നു. കൂട്ടിക്കൽ പഞ്ചായത്തിൽനിന്നും തെക്കോട്ടൊഴുകി മുണ്ടക്കയത്തുവച്ച് നെട്ടൂരാറുമായി ചേരുന്നു. തുട ർന്ന് പടിഞ്ഞാറോട്ടൊഴുകി പാറത്തോട്, കാഞ്ഞിരപ്പള്ളി, എരുമേലി, മണിമല, വാഴൂർ, ചിറക്കടവ്, പായിപ്പാട്, എന്നീ പഞ്ചായത്തുകളിലൂടെ കടന്ന് ചങ്ങനാശ്ശേരിയിലൂടെ വേമ്പനാട്ടുകായലിൽ പ്രവേശിക്കുന്നു. വർഷക്കാലത്ത് ഈ നദിയിൽ കൂടുതൽ ജലം ഉണ്ടെങ്കിലും കാഞ്ഞിരപ്പള്ളി ബ്ലോക്ക് പ്രദേശത്ത് വേനൽക്കാലത്ത് നീരൊഴുക്ക് കുറയുകയും ചില കയങ്ങളിൽ മാത്രമായി ജലം അവശേഷിക്കുകയും ചെയ്യുന്നു.

പമ്പാ നീർത്തടം

പമ്പാനദിയുടെ നീർത്തടപ്രദേശത്തിൽ വളരെ ചെറിയ ഒരു ഭാഗം മാത്രമേ കോട്ടയം ജില്ലയിൽ സ്ഥിതിചെയ്യുന്നുള്ളൂ. കാഞ്ഞിരപ്പള്ളി, എരുമേലി, പഞ്ചായത്തുകളുടെ ഏതാനും ഭാഗങ്ങൾ ഇതിൽ ഉൾപ്പെടുന്നു. പമ്പയുടെ പോഷകനദിയായ അഴുതയാറിൻറെ അരുവികളും നീർച്ചാലുകളുമാണ് ഈ വൃഷ്ടിപ്രദേശം.

കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ കോരുത്തോട് പ്രദേശങ്ങളിൽ കൂടി ഒഴുകുന്ന പമ്പയാറിൻറെ പോഷനദിയായ അഴുതയാറിൻറെ ഉത്ഭവം 1075 മീ. ഉയരമുള്ള പീരുമേട് മലകളിൽനിന്നാണ്. അഴുതയാർ കണമലയിൽവച്ച് പമ്പയാറിനോട് ചേരുന്നു.

D. ജില്ലയിലെ പ്രധാന ജലസേചനപദ്ധതികൾ

1) മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രൊജക്ട് (എം.വി.ഐ.പി)

കേരളത്തിലുള്ള മേജർ ജലസേചനപദ്ധതികളിൽ ഒന്നാണിത്. ഇടുക്കി ജലവൈദ്യുതപദ്ധതിയിൽനിന്നും വൈദ്യുതി ഉത്പാദനത്തിനു ശേഷം പുറത്തുവിടുന്ന ജലവും മൂവാറ്റുപുഴ നദിയുടെ കൈ വഴിയായ തൊടുപുഴയാറിൻറെ വൃഷ്ടിപ്രദേശവും ഉൾപ്പെടുത്തി മുട്ടം-മലങ്കരയിൽ നിർമ്മിച്ചിരിക്കുന്ന അണക്കെട്ടാണ് ഈ പദ്ധതിയുടെ ജലസ്രോതസ്സായി പ്രവർത്തിക്കുന്നത്. ഇടുക്കി, എറണാകുളം, കോട്ടയം എന്നീ ജില്ലകളിലായി 18173 ഹെക്ടർ കൃഷിയിടത്ത് ജലസേചനസൗകര്യം എത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. 10.5 മെഗാവാട്ട് വൈദ്യുതി ഉത്പാദനം, നിരവധി കുടിവെള്ളപദ്ധതികളുടെ ജലസ്രോതസ്സ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ് ഫാക്ടറി ഉൾപ്പെടെയുള്ള വ്യാവസാ യികസ്ഥാപനങ്ങൾക്ക് ജലം എത്തിക്കുക, അപ്പർ കുട്ടനാട്ടിലെ ഓരുവെള്ളഭീഷണിയെ ഒരു പരിധി വരെ നിയന്ത്രിക്കുക എന്നതും ഈ പദ്ധതിയുടെ അനുബന്ധ പ്രയോജനങ്ങളാണ്.

1983-ൽ കേന്ദ്ര പ്ലാനിംഗ് കമ്മീഷൻറെ അനുമതി ലഭിച്ച് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചു. 1994-ൽ ഭാഗികമായി കമ്മീഷനിങ് നടത്തിയ ഈ പദ്ധതി 2018 മാർച്ചിൽ പൂർണ്ണമായും കമ്മീഷൻ ചെയ്യാവുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. 96% കനാലുകളും പണികൾ പൂർത്തിയായിട്ടുള്ളതും 2011 മുതൽ ജലവിതരണം നടന്നുവരികയും ചെയ്യുന്നു.

ഉഴവൂർ പഞ്ചായത്തിലെ മോനിപ്പള്ളിക്കടുത്ത് ഇടതുകരയിൽ കനാലിൻറെ 34-ാം കി.മീ. ആയിട്ടാണ് ഇതു കോട്ടയം ജില്ലയിൽ പ്രവേശിക്കുന്നത്. തുടർന്ന് വിവിധ പഞ്ചായത്തുകളിലൂടെ ഒഴുകി അതിരമ്പുഴ ചന്തക്കുളത്തിൽ അവസാനിക്കുന്നു.

ഏറ്റുമാനൂർ ബ്രാഞ്ചും അതിൻറെ ഉപകനാലുകളുമായി ആകെ 98.156 കി.മീ. നീളമാണ് കോട്ടയം ജില്ലയിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഈ കനാലുകൾ വഴി 10 പഞ്ചായത്തുകളിലായി 4638 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുവാൻ സാധിക്കും. 10.445 കി.മീ കനാലിൻറെ നിർമ്മാണം പൂർത്തീകരിക്കാനുണ്ട്.

താഴെപ്പറയുന്ന ബ്ലോക്കുകളിലാണ് എം.വി.ഐ.പി കനാലുകൊണ്ട് പ്രയോജനം കിട്ടുന്ന കമാൻറ് ഏരിയ

1. കടുത്തുരുത്തി - 2636 ഹെക്ടർ
2. ഏറ്റുമാനൂർ - 265 ഹെക്ടർ

3. ഉഴവൂർ - 2084 ഹെക്ടർ

എം.വി.ഐ.പി കനാൽ നിർമ്മാണത്തിൽ പൂർത്തീകരിക്കാനുള്ള ഭാഗങ്ങൾ

നം	ഭാഗം	കി.മീ. ചെയിനേജ്	തടസ്സം
1	കാരിക്കോട് ഉപകനാൽ	0 മീ. മുതൽ 10390 മീ.	ഭാഗികമായി പൂർത്തിയാക്കി. നിരവധി സർക്കാർ അനുമതികൾക്കായി കാത്തിരിക്കുന്നു
2	ഏറ്റുമാനൂർ ബ്രാഞ്ച് കനാൽ	18220 മീ. മുതൽ 18275 മീ.	കോതനല്ലൂരിനടുത്ത് റെയിൽവേ ക്രോസ്സ് കെ.എം./44/9-10. റെയിൽവേയ്ക്ക് ഡിപ്പോസിറ്റ് ഇനത്തിൽ 118 ലക്ഷം നൽകിയെങ്കിലും തുടർ നടപടികൾക്ക് വേഗത പോരാ. കേന്ദ്ര -സംസ്ഥാന സർക്കാർ ഇടപെടൽ അനിവാര്യമായിരിക്കുന്ന പശ്ചാത്തലം.

ജലവിതരണം നടന്നുവരുന്ന പ്രദേശങ്ങളിൽ കൃഷിസ്ഥലങ്ങളുടെ വികസനത്തിന് വേണ്ടിയുള്ള CADWM (കമാൻഡ് ഏരിയ ഡവലപ്മെൻറ് ആൻഡ് വാട്ടർ മാനേജ്മെൻറ് പ്രോഗ്രാം) പ്രവർത്തനങ്ങ ളുടെ ഭാഗമായി ഫീൽഡ് ചാനലുകൾ, ഫീൽഡ് ഡ്രെയിനേജുകൾ, മൈക്രോ ഇറിഗേഷൻ എന്നിവയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കാർഷികമേഖലയിൽ പ്രവർത്തിക്കുന്ന ഗുണഭോക്താക്കളുടെയും കൃഷി വകുപ്പിൻറെയും കൂടുതൽ സഹകരണം ഇതിൻറെ വിജയത്തിന് അത്യാവശ്യമാണ്.

2. മീനച്ചിൽ നദീതടപദ്ധതി

മീനച്ചിൽ ബേസിൻ തെക്ക് മുവാറ്റുപുഴ ബേസിൻറെയും വടക്ക് മണിമല ബേസിൻറെയും ഇടയിൽ സ്ഥിതിചെയ്യുന്നു. നിലവിൽ മീനച്ചിൽ ബേസിനിൽ മേജർ പദ്ധതികൾ ഒന്നും തന്നെയില്ല.

വേനൽക്കാലത്ത് മീനച്ചിൽ ബേസിനിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു. ഓരോ വർഷവും കുടിവെള്ളവിതരണത്തിനും ഓരുവെള്ളം കയറുന്നതു തടയുന്നതിനും ഭീമമായ തുക ചെലവഴിക്കേണ്ടിവരുന്നു.

ഒന്നാം ഘട്ടമായി മീനച്ചിലാറ്റിലും, കൈവഴികളിലും മിനി റെഗുലേറ്ററോടു കൂടിയ ഡാമുകളും രണ്ടൺ്ാ്ം ഘട്ടമായി പഴുക്കാക്കാനം ഡാമും കനാലും മൂന്നാം ഘട്ടമായി ടണലും ചെയ്യുവാനാണ് വിഭാ വനം ചെയ്തിട്ടുള്ളത്. ഇതുപ്രകാരം തയ്യാറാക്കി നൽകിയ പദ്ധതിരേഖ അംഗീകരിച്ചുകൊണ്ട് 6 മിനി ഡാമുകൾക്കും ഒരു ചെക്ക് ഡാമിനും ഭരണാനുമതി ലഭിച്ചു. ഇതുപ്രകാരം വിശദമായ എസ്റ്റിമേറ്റ് നൽകിയതിൻറെ അടിസ്ഥാനത്തിൽ 4 മിനി ഡാം കം റഗുലേറ്ററിന് സാങ്കേതികാനുമതി ലഭിച്ചു. ബാക്കിയുള്ളവയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്.

മീനച്ചിൽ പദ്ധതിയുടെ ഭാഗമായി പാലായിൽ അരുണാപുരത്ത് പാലത്തോടു കൂടിയ റെഗുലേറ്ററിൻറെ പണി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയായാൽ മീനച്ചിലാറിൽ 4 കി.മീ. നീളത്തിൽ വെള്ളം സംഭരിക്കാൻ സാധിക്കും. കൂടാതെ കിടങ്ങൂർ പഞ്ചായത്തിലെ ചെമ്പിളാവിലും ഭരണങ്ങാനം പഞ്ചായത്തിലെ കൂറ്റനാൽകടവിലും റെഗുലേറ്ററുകളുടെ നിർമ്മാണത്തിന് കിഫ്ബി ധനസഹായത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദവിവരങ്ങൾ പട്ടികയിൽ നല്കിയിരിക്കുന്നു.

ഭരണാനുമതി ലഭിച്ച പ്രവർത്തനങ്ങൾ

ക്രമ നം.	പ്രവർത്തിയുടെ പേര്	അടങ്കൽ തുക (കോടി)	റിമാർക്ക്സ്
1	എം.ആർ.വി.പി- അയർക്കുന്നം- ഏറ്റുമാനൂർ പഞ്ചായത്തുകളിൽ മീനച്ചിലാറിനു കുറുകെ പള്ളിക്കുന്നിൽ തടയണയും, റെഗുലേറ്ററും നിർമ്മാണം	10.00	സാങ്കേതികാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിരിക്കുന്നു
2	എം.ആർ.വി.പി - മീനച്ചിലാറിനു കുറുകെ ചെമ്പ്ളാവിൽ കിടങ്ങൂർ പഞ്ചായത്തിൽ നടപ്പാലത്തോടുകൂടിയ തടയണയും, മിനിഡാമും റെഗുലേറ്ററിൻറെ നിർമ്മാണവും	10.10	പദ്ധതി രേഖ KIFB ൽ സമർപ്പിച്ചിട്ടുണ്ട്
3	എം.ആർ.വി.പി - മീനച്ചിലാറിനു കുറുകെ പാലാ മുനിസിപ്പാലിറ്റിയിൽ അരുണാപുരത്ത് മിനിഡാമും റെഗുലേറ്ററും പാലവും നിർമ്മാണം	16.45	സാങ്കേതികാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് ഗവൺമെൻറിന് സമർപ്പിച്ചിരിക്കുന്നു
4	എം.ആർ.വി.പി - മീനച്ചിലാറിനു കുറുകെ ഭരണങ്ങാനം പഞ്ചായത്തിൽ -കുറ്റനാൽ കടവിൽ പാലത്തോടുകൂടിയ തടയണയുടെയും, റെഗുലേറ്ററിൻറെയും നിർമ്മാണം	10.75	പദ്ധതി രേഖ KIFB ൽ സമർപ്പിച്ചിട്ടുണ്ട്
5	എം.ആർ.വി.പി - തീക്കോയി പഞ്ചായത്തിൽ മീനച്ചിലാറിനു കുറുകെ ചേരിപ്പാടിൽ തടയണയുടേയും റെഗുലേറ്ററിൻറെയും നിർമ്മാണം	7.86	ഭരണാനുമതി പുതുക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്.
6	എം.ആർ.വി.പി- പഴുക്കാനം ഡാമിൻറെ നിർമ്മാണം	131	തദ്ദേശവാസികളുടെ എതിർപ്പുമൂലം സർവ്വേ ജോലികൾ നിർത്തിവച്ചിരിക്കുകയാണ്.
7	മൂന്നിലവ് -തലപ്പലം പഞ്ചായത്തുകളിൽ ചില്ലച്ചി ഭാഗത്ത് മീനച്ചിലാറിനു കുറുകെ (കളത്തുകടവ് ആറ്) പാലത്തോടുകൂടിയ തടയണയുടെ നിർ മ്മാണം.	3.10	ഭരണാനുമതി പുതുക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്.

3. കുട്ടനാട് വികസനപദ്ധതി (ഫ്ളഡ് മാനേജ്മെൻറ്)

കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ മഴക്കാലത്ത് വെള്ളം കയറി കൃഷി നശിക്കുന്നത് തടയുന്നതിനായി പാടശേഖരങ്ങളിൽ ആവശ്യമായ സംരക്ഷണപ്രവർത്തനങ്ങൾ നടത്തി വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും വിളവെടുത്ത് പൂർണ്ണമായ തോതിൽ വിളലഭ്യത ഉറപ്പുവരുത്തുന്നതിന് കേന്ദ്ര-സംസ്ഥാന സഹായത്തോടെ നടപ്പിലാക്കിയ പദ്ധതിയായിരുന്നു കുട്ടനാട് വികസനപദ്ധതി. ജില്ലയിലെ കുട്ടനാടൻ പാടശേഖരങ്ങളിൽ 453 ൽ 29 പൂർണ്ണമായും 6 പാടശേഖരങ്ങളിൽ ഭാഗികമായും പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി പാടശേഖരങ്ങളുടെ നിലവിലുള്ള പുറംബണ്ട് ഉയർത്തുകയും, ബലപ്പെടുത്തുകയും, ആവശ്യമായ കരിങ്കൽ സംരക്ഷണഭിത്തി നിർമ്മിക്കുകയും, മോട്ടോർത്തറ, മോട്ടോർ ഷെഡ് എന്നിവ നിർമ്മിച്ച് പമ്പിംഗ് മോട്ടോറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പൊതുമട, കലുങ്ക്, പൈപ്പ് കൾവർട്ട്, ബണ്ട് റോഡ് മുതലായ പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ 1079.23 ഹെക്ടർ പാടശേഖരം സംരക്ഷിച്ച് കൃഷിയോഗ്യമാക്കി വിവിധ പാടശേഖരങ്ങളിലായി 75935.90 മീ. നീളത്തിൽ പുറംബണ്ട്, 42 മോട്ടോർത്തറയും മോട്ടോർ ഷെഡും, 28 പൊതുമട,

11 ബോക്സ് കൾവർട്ട്, 20 പൈപ്പ് കൾവർട്ട്, 124 മീ. ട്രമ്പ് എന്നിവ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെയുള്ള പദ്ധതിപ്രവർത്തനങ്ങൾക്കായി 44.35 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്.

ഈ പദ്ധതിയിൻ കീഴിൽ ജില്ലയിൽ അനുമതി കിട്ടിയതും ഇനിയും പണികൾ ആരംഭിക്കാത്ത 78 പാടശേഖരങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിനായി അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരണത്തിനായി ഏകദേശം 260.75 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

E. ജനകീയ ആവശ്യങ്ങൾ

ജനങ്ങൾക്ക് ശുദ്ധമായ വെള്ളം ലഭ്യമാക്കുക എന്നതാണ് പ്രധാന ആവശ്യം. മഴക്കാലം കഴിയുന്നതോടെ മലനാട്ടിലെ ജലസ്രോതസ്സുകൾ വറ്റിവരളുന്നു. അതോടെ വേനൽക്കാലത്ത് കുടിവെള്ളത്തിനും ജലസേചനസൗകര്യങ്ങൾക്കുമായി ജനങ്ങൾ ബുദ്ധിമുട്ടുന്നു.

വർദ്ധിച്ചുവരുന്ന മലിനീകരണം മൂലം ജലാശയങ്ങളിലെ ജലം ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയാണ് ഇടനാട്ടിലുള്ളത്. പ്രധാന ജലസ്രോതസ്സുകൾ വറ്റിവരളുന്നതും ഇവിടത്തെ കാഴ്ചയാണ്. വലിയ നദികളെ ബന്ധിപ്പിക്കുന്ന കൈത്തോടുകളും ചെറുതോടുകളും പൂർണ്ണമായും മൂടപ്പെട്ടതു മൂലം നീരൊഴുക്ക് തടസ്സപ്പെട്ടിരിക്കുന്നു. മൂടപ്പെട്ടുപോയ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിച്ച് ജലക്ഷാമം പരിഹരിച്ച് കൃഷിയെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇടനാട്ടിലെ പ്രധാന ആവശ്യം.

താഴ്ന്ന പ്രദേശങ്ങളിൽ കുടിവെള്ളം ലഭിക്കുന്നതിന് പുറമെ നദികളിലെയും കനാലുകളിലേയും വെള്ളം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പറ്റുന്ന തരത്തിൽ ശുദ്ധമായിരിക്കണം. പക്ഷെ നിർഭാഗ്യവശാൽ ഈ മേഖലയിലെ കനാലുകളിലെയും തോടുകളിലെയും ജലം കൈകൊണ്ടുപോലും തൊടാൻ പറ്റാത്ത വിധം മലിനമാണ്. ഈ സ്ഥിതി മാറി കുളിക്കാനും തുണിയലക്കാനും മറ്റാവശ്യങ്ങൾക്കും ഉതകുന്ന തരത്തിൽ കനാലിലെയും തോടുകളിലെയും ജലം ഉപയുക്തമാക്കണം എന്നതാണ് ജനകീയ ആവശ്യം.

വാട്ടർ ബഡ്ജറ്റ്

വകുപ്പുകളുടെ ഏകോപനവും പൊതുനിലപാടും ഇല്ലാതെ ഒറ്റപ്പെട്ട ഓരോ വിഷയത്തിൽ മാത്രം ഊന്നിയുള്ള വികസനപ്രവർത്തനങ്ങൾ ആണ് വകുപ്പുകൾ മുൻകാലങ്ങളിൽ ഏറ്റെടുത്തിരുന്നത്. അടിസ്ഥാന വികസനപ്രക്രിയയിൽനിന്ന് മാറിയുള്ള പ്രവർത്തനങ്ങൾ നാൾക്കുനാൾ പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നു. ഇത്തരം പ്രശ്നങ്ങളിൽ ഏറ്റവും പ്രധാനമായ ഒന്നാണ് ജലദൗർലഭ്യം. ആവശ്യത്തിലധികം മഴയും, തോടുകളും, പുഴകളും ഉള്ളതുകൊണ്ട് കൃത്യമായ ജലസംരക്ഷണപ്രവർത്തനങ്ങൾ മുൻകാലങ്ങളിൽ വളരെ കുറവായിരുന്നു. ഏതൊരു വികസനപ്രവർത്തനങ്ങൾക്കും ജലം ഒരു അടിസ്ഥാനഘടകമാണ്. കുടിവെള്ളം, കൃഷി, മൃഗസംരക്ഷണം, വൈദ്യുതി ഉത്പാദനം, വ്യവസായം പരിസ്ഥിതിസംരക്ഷണം എല്ലാത്തിനും നാൾക്കുനാൾ ഉണ്ടാകുന്ന വളർച്ചക്കനുസരിച്ച് ജലത്തിൻറെ ആവശ്യം കൂടിവരുന്നു. എന്നാൽ ആവശ്യങ്ങൾക്കനുസരിച്ചുള്ള ജലം നമുക്ക് നിലവിൽ ലഭ്യമല്ല. ജലസംഭരണവും സംരക്ഷണവും ഇല്ലാത്തതാണ് ഇതിനുള്ള പ്രധാന കാരണം.

വളർച്ചക്ക് അനുസരിച്ചുള്ള ആവശ്യകത തിട്ടപ്പെടുത്താത്തതും ലഭ്യതയിലുണ്ടാകുന്ന കുറവിനെ കുറിച്ച് അറിവില്ലാതിരുന്നതുമൂലം, ജലസംരക്ഷണ-സംഭരണപ്രവർത്തനങ്ങളിൽ നാം ശ്രദ്ധ കൊടുക്കാതിരുന്നതിനാലും നമ്മുടെ ആവശ്യകത തിട്ടപ്പെടുത്തി നിലവിലും ഭാവിയിലേയ്ക്കുമുള്ള ജലസംഭരണ സംരക്ഷണപ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള ഒരു പ്രവർത്തനമാണ് വാട്ടർ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജില്ലാതലത്തിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തി ജില്ലാ വാട്ടർ ബഡ്ജറ്റും സംസ്ഥാന വാട്ടർ ബഡ്ജറ്റും തയ്യാറാക്കിയിട്ടുണ്ട്. ജില്ലാതലത്തിൽ തയ്യാറാക്കിയ കണക്കുകളിൽ നിന്നും ബ്ലോക്കുതല കണക്കുകൾ തയ്യാറാക്കി ഓരോ ബ്ലോക്കിൻറെയും നിലവിലെയും ഭാവിയിലെയും ആവശ്യങ്ങൾ പരിഹരിക്കുന്നതിനായുള്ള ജലസംരക്ഷണ-സംഭരണപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതുണ്ട്.

1.. ജലലഭ്യത

കേന്ദ്ര ഭൂഗർഭ മന്ത്രാലയത്തിൻറെ കണക്കുപ്രകാരം കോട്ടയം ജില്ലയിൽ ഭൂഗർഭജലത്തിന്റെ അളവ് 0.49182 BCM ആണ്. 1.4085 BCM വെള്ളം മാത്രമേ വിവിധ ജലസംഭരണികളിൽ സംഭരിക്കുവാൻ സാധിക്കുന്നുള്ളൂ. ആകെ ജില്ലയിൽ ലഭ്യമാകുന്ന വെള്ളത്തിൻറെ അളവ് 1.90032 BCM മാത്രമാണ്.

2. **ജല വിനിയോഗം**

ജില്ലയിലെ ജലത്തിന്റെ ആവശ്യകത പ്രധാനമായും ആറ് ഘടകങ്ങൾക്കാണ്.

1. കുടിവെള്ളം
2. കൃഷി
3. വ്യവസായം
4. മൃഗസംരക്ഷണം
5. വൈദ്യുതി ഉത്പാദനം
6. പരിസ്ഥിതിസംരക്ഷണം

1. കുടിവെള്ളം

ജില്ലയിലെ ജനസംഖ്യ 2015-ലെ കണക്കുപ്രകാരം 20.19 ലക്ഷമാണ്. ഇതിൽ നഗരപ്രദേശങ്ങ ളിലെ ജനസംഖ്യ 2.44 ലക്ഷവും ഗ്രാമപ്രദേശങ്ങളിലെ ജനസംഖ്യ 17.75 ലക്ഷവുമാണ്. 2030 ആകുമ്പോഴേക്കും ഇത് യഥാക്രമം 2.65 ലക്ഷവും,18.47 ലക്ഷവും ആകും. ഇപ്പോഴത്തെ ഗാർഹിക ഉപയോഗം 0.01402 BCM ആണ്. 2030 ആകുമ്പോഴേക്കും ഇത് 0.0144 BCM ആകും.

ഗാർഹിക ഉപയോഗത്തിന് ആവശ്യമായ ജലം (ബി.സി.എം)

ബ്ലോക്കിന്റെ പേര്	ജനസംഖ്യ (ലക്ഷത്തിൽ))		ജല ഉപയോഗം (ബി.സി.എം)		വാണിജ്യ ഉപയോഗം (ബി.സി.എം)		ആകെ ഉപയോഗം (ബി.സി.എം)	
	2015	2030	2015	2030	2015	2030	2015	2030
പാമ്പാടി	179005	186237	0.00088	0.00091	0.00026	0.00030	0.00114	0.00121
ഉഴവൂർ	143894	149707	0.00071	0.00073	0.00021	0.00040	0.00092	0.00113
കോട്ടയം	306946	319346	0.00165	0.00156	0.00058	0.00092	0.00223	0.00248
മാടപ്പള്ളി	224241	233299	0.00123	0.00114	0.00044	0.00068	0.00167	0.00182
കടുത്തുരുത്തി	134939	140391	0.00066	0.00068	0.00020	0.00038	0.00086	0.00106
ഏറ്റുമാനൂർ	235612	245130	0.00128	0.00120	0.00046	0.00071	0.00174	0.00191
ഈരാറ്റുപേട്ട	134243	151594	0.00075	0.00074	0.00028	0.00046	0.00103	0.0012
വൈക്കം	148326	154594	0.00079	0.00075	0.00027	0.00044	0.00106	0.00119
പാലാ	137227	142770	0.00073	0.00069	0.00025	0.00041	0.00098	0.0011
വാഴൂർ	165304	171982	0.00081	0.00084	0.00024	0.00046	0.00105	0.0013
കാഞ്ഞിരപ്പള്ളി	209382	217840	0.00103	0.00106	0.00031	0.00058	0.00134	0.00164
	2019119	2112890	0.00949	0.0103	0.0035	0.00574	0.01402	0.0144

2.. കൃഷി

ഭൂപ്രകൃതിയുടെ സവിശേഷതകൾക്കനുസരിച്ചുള്ള കൃഷിയും കൃഷിരീതികളുമാണ് ജില്ലയിൽ സ്വീകരിച്ചിട്ടുള്ളത്. സമുദ്രനിരപ്പിൽനിന്നും 75 മുതൽ 600 മീ.വരെയുള്ള മലനാട് പ്രദേശങ്ങളിൽ റബർ കാപ്പി/ ഏലം/ കുരുമുളക്/കൊക്കോ/ഗ്രാമ്പു തുടങ്ങിയവയാണ് പ്രധാന വിളകൾ. സമുദ്രനിരപ്പിൽ നിന്നും 7.5 മുതൽ 75 മീ. വരെയുള്ള ഇടനാട് പ്രദേശങ്ങളിൽ റബർ ആണ് മുഖ്യകൃഷി. ഇതോടെപ്പം തെങ്ങ്, കുരുമുളക്, വാഴ, മരച്ചീനി, കൈതച്ചക്ക, ജാതി, പച്ചക്കറി മുതലായവയും താഴ്ന്ന പ്രദേശങ്ങളിൽ കൃഷി ചെയ്യുന്നു. നെല്ല്, നാളികേരം ഇവ സമൃദ്ധിയായി കൃഷിചെയ്യുന്നു.

വിവിധ ഇനം കൃഷിയ്ക്ക് ആവശ്യമായ ജലം (ബി.സി.എം)

ക്രമ. നം.	ബ്ലോക്കിൻറെ പേര്	നിലവിൽ ആവശ്യമായ വെള്ളം (ബി.സി.എം)	2030-ൽ ആവശ്യമായ വെള്ളം (ബി.സി.എം)
1	പാമ്പാടി	0.17466	0.195132
2	ഉഴവൂർ	0.192873	0.211802
3	കോട്ടയം	0.051021	0.065418
4	മാടപ്പള്ളി	0.079329	0.095476
5	കടുത്തുരുത്തി	0.113866	0.13212
6	ഏറ്റുമാനൂർ	0.26625	0.28826
7	ഈരാറ്റുപേട്ട	0.134045	0.168183
8	വൈക്കം	0.036334	0.04456
9	പാലാ	0.266251	0.28826
10	വാഴൂർ	0.128872	0.142028
11	കാഞ്ഞിരപ്പള്ളി	0.357651	0.396818
ആകെ		1.80205	2.028043

ഓരോ ബ്ലോക്കിലെ വിവിധയിനം കൃഷിക്ക് ലഭ്യമാകുന്ന മഴയ്ക്ക് പുറമെ ആവശ്യമായ ജലം പ്രത്യേകം പ്രത്യേകം കണക്കാക്കിയിട്ടാണ് ബ്ലോക്കിലെ ആവശ്യകത ടേബിളിൽ ഉൾപ്പെടുത്തിയത്.

ജില്ലയിലെ മൊത്തം കൃഷി ചെയ്യുന്ന സ്ഥലത്തിൻറെ അളവ് 191307 ഹെക്ടർ ആണ്. ഇത്രയും കൃഷിക്ക് ആവശ്യമായ ജലത്തിന്റെ അളവ് 2.027 BCM ആണ്. ഇപ്പോൾ ഉപയോഗപ്രദമായ ജലത്തിൻറെ അളവ് 1.80205 BCM ആണ്. അതായത് 0.2256 BCM വെള്ളം കൂടുതലായി നമുക്ക് ആവശ്യമാണ്.

3. മൃഗസംരക്ഷണം

ജില്ലയിലെ കാർഷികമേഖലയുടെ 50%വും കന്നുകാലിവളർത്ത , പക്ഷിവളർത്തൽ എന്നിവയാണ്. ഈ മേഖല അനുദിനം വളർന്നുകൊണ്ടിരിക്കുന്നു.

വളർത്തുമൃഗങ്ങൾക്ക് ആവശ്യമായ ജലം (ബി.സി.എം)

ക്രമ. നം.	ബ്ലോക്കിൻറെ പേര്	വളർത്തു മൃഗങ്ങളുടെ നിലവിലെ ആകെ എണ്ണം	നിലവിൽ ആവശ്യമായ വെള്ളം (ബി.സി.എം)	2030ൽ ആവശ്യമായ വെള്ളം (ബി.സി.എം)	നിലവിൽ ലഭ്യമായത് (ബി.സി.എം)	അധികമായി കണ്ടെത്തേണ്ടത്
1	പാമ്പാടി	152229	0.001091	0.00132	0.001091	0.000229
2	ഉഴവൂർ	118446	0.001448	0.0017523	0.001448	0.000304
3	കോട്ടയം	116120	0.000845	0.001023	0.000845	0.000178

4	മാടപ്പള്ളി	114651	0.000645	0.000781	0.000645	0.000136
5	കടുത്തുരുത്തി	103477	0.000773	0.0009361	0.000773	0.000163
6	ഏറ്റുമാനൂർ	125006	0.00068	0.0008228	0.00068	0.000143
7	ഈരാറ്റുപേട്ട	82662	0.000691	0.000836	0.000691	0.000145
8	വൈക്കം	178454	0.000476	0.0005764	0.000476	0.0001
9	പാലാ	103540	0.000837	0.0010131	0.000837	0.000176
10	വാഴൂർ	100577	0.000904	0.0010945	0.000904	0.000191
11	കാഞ്ഞിരപ്പള്ളി	250923	0.001058	0.0012793	0.001058	0.000221
ആകെ		1446085	0.009448	0.0114345	0.009448	0.001987

നിലവിൽ 0.009448 BCM ജലം ഈ മേഖലയ്ക്ക് ആവശ്യമാണ്.

- 2030 ആകുമ്പോഴേക്കും 0.0114345 BCM ജലം ആവശ്യമാണ്.

4. **വ്യവസായം**

- ജില്ലയിൽ ജലാധിഷ്ഠിതമായ 3855 വ്യാവസായിക യൂണിറ്റുകളുണ്ട്.
- നിലവിൽ 0.255 BCM ജലം ഉപയോഗപ്പെടുത്തുന്നു.
- 2030-ൽ ഏകദേശം 0.294 BCM ആവശ്യമാണ്.
- അധികമായി 0.0039 BCM ആവശ്യമാണ്.

വ്യാവസായിക ഉപയോഗത്തിന് ആവശ്യമായ ജലം (ബി.സി.എം)

ക്രമ. നം.		വ്യാവസായിക യൂണിറ്റുകളുടെ എണ്ണം	ആവശ്യമായ വെള്ളം(ബി.സി.എം)		ഇപ്പോഴത്തെ ജല ലഭ്യത (ബി.സി.എം)	അധികമായി കണ്ടെത്തേണ്ടത് (ബി.സി.എം)
			2015	2030		
1	പാമ്പാടി	3855	0.255	0.294	0.255	0.039
2	ഉഴവൂർ					
3	കോട്ടയം					
4	മാടപ്പള്ളി					
5	കടുത്തുരുത്തി					
6	ഏറ്റുമാനൂർ					
7	ഈരാറ്റുപേട്ട					
8	വൈക്കം					
9	പാലാ					
10	വാഴൂർ					
11	കാഞ്ഞിരപ്പള്ളി					
ആകെ		3855	0.255	0.294	0.255	0.039

5. വൈദ്യുതി ഉത്പാദനം

ജില്ലയിൽ ജലവൈദ്യുത പദ്ധതികൾ ഒന്നും തന്നെ ഇല്ലാത്തതിനാൽ വൈദ്യുതി ഉത്പാദനത്തിനായി ജലത്തിൻറെ ആവശ്യകത ഇല്ല.

6. പരിസ്ഥിതി സംരക്ഷണം

വനപ്രദേശങ്ങൾ ജില്ലയിൽ കുറവായതിനാൽ വനപ്രദേശത്തിനും, വന്യജീവിസംരക്ഷണത്തിനുമായി ജലസംഭരണത്തിൻറെ ആവശ്യം വളരെ കുറവാണ്. എന്നിരുന്നാലും വേനൽക്കാലത്ത് മറ്റു പ്രദേശങ്ങളിലെ

ജലസന്തുലിതാവസ്ഥ പരിപാലിക്കുന്നതിനായി ഒരു മിനിമം അളവ് വെള്ളം ആവശ്യമാണ്. ഇതിനായിട്ടുള്ള പഠനങ്ങൾ നടന്നുവരികയാണ്. അതുകൊണ്ടുതന്നെ കൃത്യമായ അളവ് പരിസ്ഥിതിസംരക്ഷണത്തിനായി കണക്കാക്കപ്പെട്ടിട്ടില്ല. അതു കണ്ടുപിടിച്ചുകഴിഞ്ഞാൽ ആ അളവ് ജലം കൂടി സംഭരിക്കപ്പെടേണ്ടതുണ്ട്. എന്നിരുന്നാലും കുറഞ്ഞത് ആകെ ആവശ്യത്തിന്റെ 40% എങ്കിലും ജലം ഈ ഇനത്തിൽ സംഭരിക്കേണ്ടതുണ്ട്. അതായത് 0.8322 ആഇങ.

F. ആവശ്യകത

മേൽപറഞ്ഞ ആദ്യത്തെ ആറു വിഭാഗങ്ങൾക്കും കൂടി 2.912719 ജലമാണ് ആവശ്യം. 2030 ആകുമ്പോഴേക്കും ജില്ലയിൽ 3.28703 BCM ജലം വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

ജില്ലയിൽ വിവിധ സ്രോതസ്സുകളിൽനിന്നും ഇപ്പോൾ ഉപയോഗപ്പെടുത്താവുന്ന ജലത്തിന്റെ അളവ് 1.985 BCM മാത്രമാണ്. അതായത് അധികജലം നമ്മൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

ജില്ലയിൽ ലഭിക്കുന്ന മഴയുടെ അളവ് ശരാശരി 2950 മി.മീ. ആണ്. എന്നാൽ കഴിഞ്ഞ വർഷ ത്തെ ഓരോ മാസത്തെയും മഴയുടെ ലഭ്യതയിൽ ഗണ്യമായ കുറവ് അനുഭവപ്പെടുന്നു. ലഭിക്കുന്ന മഴയുടെ കരുതലോടെയുള്ള ഉപയോഗവും സംഭരണവും ഈ പ്രതിസന്ധി പരിഹരിക്കാൻ അത്യാവശ്യമാണ്.

ബ്ലോക്	ഗാർഹികം ((BCM)		കൃഷി (BCM)		മൃഗസംരക്ഷണം (BCM)		വ്യാവസായികം (BCM)		വൈദ്യുതി (BCM)	പരിസ്ഥിതി സംരക്ഷണം (BCM)		ആകെ (BCM)	
	2015	2030	2015	2030	2015	2030	2015	2030		2015	2030	2015	2030
പാമ്പാടി	0.00114	0.00121	0.17466	0.195132	0.001091	0.00132	0.255	0.294	0.00	0.8322	0.93916	2.912719	3.28703
ഉഴവൂർ	0.00092	0.00113	0.192873	0.211802	0.001448	0.0017523							
കോട്ടയം	0.00223	0.00248	0.051021	0.065418	0.000845	0.001023							
മാടപ്പള്ളി	0.00167	0.00182	0.079329	0.095476	0.000645	0.000781							
കടുത്തുരുത്തി	0.00086	0.00106	0.113866	0.13212	0.000773	0.0009361							
ഏറ്റുമാനൂർ	0.00174	0.00191	0.26625	0.28826	0.00068	0.0008228							
ഈരാറ്റുപേട്ട	0.00103	0.0012	0.134045	0.168183	0.000691	0.000836							
വൈക്കം	0.00106	0.00119	0.036334	0.04456	0.000476	0.0005764							
പാലാ	0.00098	0.0011	0.266251	0.28826	0.000837	0.0010131							
വാഴൂർ	0.00105	0.0013	0.128872	0.142028	0.000904	0.0010945							
കാഞ്ഞിരപ്പള്ളി	0.00134	0.00164	0.357651	0.396818	0.001058	0.0012793							
ആകെ	0.01402	0.0144	1.80205	2.028043	0.009448	0.0114345	0.255	0.294	0.00	0.8322	0.93916	2.912719	3.28703

G. വികസന വിടവുകൾ

വിവിധ വകുപ്പുകളും ഏജൻസികളും വർഷങ്ങളായി വികസനപ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, ജലവിഭവം, കേരള വാട്ടർ അതോറിറ്റി, പൊതുമരാമത്ത്, കൃഷി മുതലായ വകുപ്പുകളാണ് ജലവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നത്. എന്നാൽ ഈ വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മയും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമ്പോൾ മറ്റു വകുപ്പുകളുടെ വിദഗ്ധോപദേശം തേടാത്തതും പദ്ധതികൾ നടപ്പിലാക്കികഴിയുമ്പോൾ ഉദ്ദേശിക്കുന്ന ഫലം ലഭിക്കാത്തതിനു കാരണമാകുന്നു.

ഉദാഹരണമായി പടിഞ്ഞാറൻമേഖലയിലെയും കൂടാതെ കിഴക്കൻമേഖലയിലേയും മഴക്കാലത്തുണ്ടാകുന്ന മുഴുവൻ വെള്ളവും പണ്ട് നമ്മുടെ തോടുകളിലൂടെ തടസ്സം കൂടാതെ ഒഴുകി കായലിലേ ക്ക് എത്തിച്ചേർന്നിരുന്നു. എന്നാൽ തോടുകളിൽ അശാസ്ത്രീയമായി നിർമ്മിക്കപ്പെട്ടിട്ടുള്ള പാലങ്ങളും കലുങ്കുകളും റോഡുഗതാഗതവും സഞ്ചാരസൗകര്യവും വർദ്ധിപ്പിക്കുന്നതിനു വേണ്ടിയിട്ടുള്ളതാണെ ങ്കിലും തോടുകളിലേക്ക് ഇറക്കി നിർമ്മിക്കുന്ന ഇത്തരം നിർമ്മാണങ്ങൾ വെള്ളത്തിൻറെ സുഗമമായ ഒഴുക്കിനെ തടഞ്ഞ് വെള്ളപ്പൊക്കത്തിനു കാരണമാകുന്നു. ഇത് കൃഷി, കുടിവെള്ളം, ആരോഗ്യം, ശു ചിത്വം, പരിസ്ഥിതിസംതുലനം എന്നിവയെയെല്ലാം വലിയ തോതിൽ ദോഷകരമായി ബാധിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ അടിസ്ഥാനവികസനത്തിൻറെ പ്രധാന ഘടകങ്ങളിലൊന്നായ ശുദ്ധജലം നമുക്ക് അപ്രാപ്യമായ സ്ഥിതിവിശേഷവും നിലവിൽ ഉണ്ട്.

വർഷങ്ങൾക്ക് മുൻപ് മഴ കൂടുതൽ ലഭിച്ചിരുന്ന സമയത്തും നമുക്ക് ഉണ്ടായിരുന്ന ഡ്രെയിനേജ് സിസ്റ്റം മതിയാകുമായിരുന്നു മുഴുവൻ ജലത്തേയും കായലിലേക്ക് എത്തിക്കുവാൻ. എന്നാൽ മഴ കുറഞ്ഞ ഈ സാഹചര്യത്തിൽ നമ്മളാൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള നിർമ്മിതികൾ നിലവിലെ ഡ്രെയിനേ ജ് സംവിധാനത്തെ താറുമാറാക്കുകയും തദ്വാരാ ചെറിയ മഴയിൽപോലും വെള്ളപ്പൊക്കവും മറ്റു അനുബന്ധ നാശനഷ്ടങ്ങളും ഉണ്ടാകുന്ന സ്ഥിതിവിശേഷമാണുള്ളത്. ഇത് ജില്ലയിലെ മാത്രം പ്രശ്നമല്ല. സംസ്ഥാനമൊട്ടാകെ ഈ പ്രശ്നം സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

എന്നാൽ വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികൾ മറ്റുവകുപ്പുകളുടെ വിദഗ്ധ ഉപദേശങ്ങൾക്കും ചർച്ചകൾക്കും ശേഷം നടപ്പിലാക്കിയിരുന്നുവെങ്കിൽ ഈ വലിയ വിപത്ത് jnnഒഴിവാക്കാമായിരുന്നു. ജില്ലാതലത്തിൽ തന്നെ ബന്ധപ്പെട്ട വകുപ്പ് മേധാവികളുടെ ഒരു ഉപസമിതി ഇതിനായി രൂപീകരിക്കേണ്ടതും പദ്ധതികളുടെ ഏകോപനം ഉറപ്പുവരുത്തേണ്ടതും അത്യാവശ്യമാണ്.

H. വികസനപ്രശ്നങ്ങൾ

1.മലനാട്

പ്രശ്നങ്ങൾ

- മഴക്കാലം കഴിയുന്നതോടെ ജലക്ഷാമം രൂക്ഷമാകുന്നു.
- ചെങ്കുത്തായ മലമ്പ്രദേശമായതിനാൽ വെള്ളം അതിവേഗം ഒഴുകിപ്പോകുന്നതു മൂലം മണ്ണൊലിപ്പിൻറെ തോത് വർദ്ധിക്കുകയും ചെയ്യുന്നു.
- ഏകവിള കൃഷിയുടെ വ്യാപനം.
- ജലം ഭൂമിയിലേക്ക് താഴ്ന്നിറങ്ങുന്നതിന് സഹായകരമായുള്ള കൃഷിരീതികളുടെ അഭാവം.
- കീടനാശിനികളുടെ ഉപയോഗം മൂലമുള്ള ജലമലിനീകരണം.
- കുന്നുകൾ ഇടിച്ചുനിരത്തിയുള്ള മണ്ണെടുപ്പ് മൂലം ചെറിയ നീർച്ചാലുകൾ നശിപ്പിക്കപ്പെടുന്നു. നീർച്ചാലുകളുടെ നാശം മൂലം നിലവിലുള്ള തോടുകളിലെ ജലപ്രവാഹം കുറയുന്നു.
- വർദ്ധിച്ച കരിങ്കൽഖനനം മൂലം മണ്ണൊലിപ്പ്, നീരൊഴുക്ക് തടസ്സപ്പെടൽ എന്നിവയും മറ്റു പാരിസ്ഥിതികപ്രശ്നങ്ങളും.

- ജലസ്രോതസ്സുകളുടെ അനധികൃതമായ കയ്യേറ്റം, അശാസ്ത്രീയമായ നിർമ്മാണപ്രവർത്തന ങ്ങൾ, ജലനിർഗ്ഗമനം തടയുന്ന തരത്തിലുള്ള മറ്റു നിർമ്മാണപ്രവർത്തനങ്ങൾ.
- മണ്ണ് ഇളക്കാതെയുള്ള കൃഷിരീതി മഴവെള്ളം ആഴ്ന്നിറങ്ങുന്നതിനെ തടയുന്നു.

2. ഇടനാട്

ഇടനാടിന്റെ വികസനപ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

- വേനൽക്കാലമാകുന്നതോടെ മീനച്ചിലാർ, മണിമലയാർ എന്നീ പ്രധാന നദികളും അവയുടെ കൈവഴികളും വറ്റുന്നതുമൂലം രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു.
- മീനച്ചിലാറിൻറെ പ്രകൃതിദത്തമായ ചെരിവുമൂലം വെള്ളം വേഗത്തിൽ ഒഴുകിപ്പോകുന്നു. തൻ മൂലം വെള്ളം സംഭരിച്ചുനിർത്താൻ ബുദ്ധിമുട്ടാണ്.
- ജലസ്രോതസ്സുകളുടെ മലിനീകരണമാണ് മറ്റൊരു പ്രധാന പ്രശ്നം.
- ജലസ്രോതസ്സുകളുടെ അനധികൃതമായ കയ്യേറ്റം, അനധികൃതനിർമ്മാണങ്ങൾ ഇവ നീരൊഴിക്കിനെ തടസ്സപ്പെടുത്തുന്നു.
- വ്യാപകമായ വയൽനികത്തൽ മൂലം മഴവെള്ളം മണ്ണിലേക്ക് ആഗിരണം ചെയ്യപ്പെടാതെ ഒഴുകി നഷ്ടപ്പെടുന്നു. തൻമൂലം കിണറുകളും കുളങ്ങളും വറ്റിവരളുന്നു.
- തണ്ണീർത്തടങ്ങൾ വ്യാപകമായി നികത്തിയതു മൂലവും രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു.
- ചെറുതോടുകൾ പൂർണ്ണമായി കൈയ്യേറി മൂടപ്പെട്ട അവസ്ഥയിൽ ജലസംഭരണികൾ പൂർണ്ണമായും ഇല്ലാതാകുന്നു.

താഴ്ന്നപ്രദേശം

1.. ജലലഭ്യതയിലെ കുറവ്

ഓരോ നദിയും ഉത്ഭവം മുതൽ പതനം വരെ നിമ്നോന്നതമായ ഭൂമിയിൽ പ്രകൃതിയാൽ വിന്യസിക്കപ്പെട്ടിട്ടുള്ളതാണ്. നദി കടന്നുവരുന്ന പ്രദേശങ്ങളുടെ പരിസ്ഥിതിസവിശേഷതകളും ജീവജാലങ്ങളുടെ ജീവിതക്രമവും ജനവാസസൗകര്യങ്ങളും കൃഷിരീതികളുമൊക്കെ നദിയുടെ വിവിധ കാലാവസ്ഥയിലെ നീരൊഴുക്ക് തോതിനെകൂടി ആശ്രയിച്ചാണ് രൂപപ്പെട്ടിട്ടുള്ളത്. നദിയുടെ ഉത്ഭവസ്ഥാനങ്ങളിലെ ഉറവകൾ, വനങ്ങൾ, അടിക്കാടുകൾ എന്നിവയുടെ നാശം മലയിടിച്ചുള്ള മണ്ണെടുക്കൽ, പാറഖനനം തുടങ്ങിയ മനുഷ്യൻറെ ഇടപെടൽമൂലവും, ആവശ്യത്തിന് മഴ ലഭിക്കാത്തതു മൂലവും നദികളിലേയ്ക്ക് ഒഴുകിയെത്തേണ്ട ജലത്തിൻറെ അളവ് വർഷംതോറും കുറഞ്ഞുവരുകയാണ്.

2. അശാസ്ത്രീയമായ നിർമ്മാണപ്രവർത്തനങ്ങൾ

കോട്ടയം ജില്ലയുടെ പടിഞ്ഞാറൻപ്രദേശങ്ങളിൽ വൈക്കം മുതൽ ചങ്ങനാശ്ശേരി വരെയുള്ള അപ്പർ കുട്ടനാടും വേമ്പനാട്ടുകായലും ഈ മേഖലയിൽ ഉൾപ്പെടുന്നു. 8000 ഹെക്ടറോളം വ്യാപിച്ചുകിടക്കുന്ന നെൽപ്പാടങ്ങളിൽ മൂന്നിലൊന്ന് പാടശേഖരങ്ങളിൽ മാത്രമാണ് ഒരുപ്പുകൃഷി പോലും നന്നായി നടന്നുവരുന്നത്. നാൾക്കുനാൾ തരിശുനിലങ്ങളുടെ അളവ് കൂടിവരുന്നതായി കാണുന്നു. ഈ സ്ഥിതി വിശേഷത്തിന് കാരണമായി കണക്കാക്കാവുന്നത് നിലവിലുള്ള ഡ്രെയിനേജ് സിസ്റ്റം (തോടുകളുടെ യും ചെറു അരുവികളുടെയും ശൃംഖല) അശാസ്ത്രീയമായ പാലങ്ങളുടെയും, ചെറിയ കലുങ്കുകളുടെയും നിർമ്മാണത്തോടെ തടസ്സപ്പെട്ടതാണ്. തോടുകളുടെ നിലവിലുണ്ടായിരുന്ന വീതി കുറച്ചും, ഫൗണ്ടേഷൻ തോടിൻറെ താഴ്ന്ന നിരപ്പിന് മുകളിൽ നിർമ്മിച്ചും ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന നിർമ്മി തികൾ യാതൊരു വിധ നിയന്ത്രണവുമില്ലാതെ പണിതുയർത്തിയതിൻറെ ദൂഷ്യഫലങ്ങൾ ഇപ്പോൾ പടിഞ്ഞാറൻമേഖല അനുഭവിച്ചുകൊണ്ടിരിക്കുന്നു. പടിഞ്ഞാറൻമേഖലയിലെ പ്രധാന ഡ്രെയിനേജ് സിസ്റ്റ മായ കെ.വി കനാലിൻറെ കായലിനോടടുത്ത് വലിയാനപ്പുഴയിൽ നിർമ്മിച്ചിട്ടുള്ള പാലം ഇതിന് ഉദാഹരണമാണ്. 60 മീ. കൂടുതൽ വീതിയുള്ള ഈ പുഴയിൽ 15 മീ. മാത്രം ഉൾവീതിയുള്ള ഒരു പാലം നിർമ്മിച്ച് വലിയ തടസ്സമാണ്

സൃഷ്ടിച്ചിട്ടുള്ളത്. കാലവർഷക്കാലത്ത് അപ്പർ കുട്ടനാടൻ പ്രദേശങ്ങളിൽ പെട്ടന്നുണ്ടാകുന്ന വെള്ളപ്പൊക്കത്തിന് ഈ നിർമ്മാണം കാരണമാകുന്നു.

മറ്റൊരു ഉദാഹരണമാണ് ആയാംകുടി പള്ളിത്താനത്ത് എഴുമാന്തുരത്തുമായി ബന്ധിപ്പിക്കുന്ന കല്ലുങ്കാണ്. ഏകദേശം 30 മീ. വീതിയുള്ള കരിയാറ്റിൽ 3 മീ. ഉൾവീതിയിലാണ് ഈ പാലം തീർത്തിട്ടുള്ളത്. ഇത്തരത്തിൽ ചെറുതും വലുതുമായ നിരവധി നിർമ്മാണങ്ങൾ കാർഷികമേഖലയിൽ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന നാശം എങ്ങും ചർച്ച ചെയ്യപ്പെടുന്നില്ല.

വർദ്ധിച്ച തോതിലുള്ള മണൽവാരൽ

നിർമ്മാണമേഖലയിൽ പുഴമണലിനു പകരം പാറമണൽ എന്ന രീതി അവലംബിക്കുമ്പോഴും നമ്മുടെ പ്രധാന പുഴകളിൽനിന്നുള്ള മണലൂറ്റ് നിർബാധം തുടരുകയാണ്. ഇത്തരത്തിൽ പുഴകളുടെ അടിത്തട്ട് വളരെയധികം താഴ്ന്നുപോവുകയും, ക്രമേണ ജലനിരപ്പും താഴ്ന്നുപോകുന്ന അവസ്ഥയും സംജാതമായിരിക്കുന്നു. കൈത്തോടുകളിലേക്ക് പുഴയിൽനിന്നുള്ള ജലത്തിൻറെ പ്രവാഹം തുലം കുറഞ്ഞിരിക്കുന്നു. ഇത്തരത്തിൽ ജലനിരപ്പ് താഴുന്നത് പരിസ്ഥിതി സംതുലിതാവസ്ഥ താറുമാറാകുന്നതിനും കാരണമാകുന്നു.

പഴയകാലത്ത് വൈക്കം മേഖലയിലെ പാടശേഖരങ്ങളിലേക്ക് ശുദ്ധജലം എത്തിക്കുന്നതിനു വേണ്ടിയാണ് തലയോലപ്പറമ്പിൽ കരിക്കനാൽ നിർമ്മിച്ചിട്ടുള്ളത്. അതു വഴി മൂവാറ്റുപുഴയിലെ വെള്ളം കരിയാറിലേക്ക് തിരിച്ചുവിടാൻ കഴിയുമായിരുന്നു. മണൽവാരൽ മൂലം മൂവാറ്റുപുഴയാറിൻറെ അടിത്തട്ട് ഏകദേശം 5 മീറ്ററോളം താഴ്ന്നുപോയിട്ടുണ്ട്. തൻമൂലം ജലനിരപ്പ് താഴുന്നതിനാൽ കരിക്കനാലിലേക്ക് വെള്ളം കയറാത്ത സാഹചര്യമാണുള്ളത്.

ഓരുവെള്ള ഭീഷണി

വേമ്പനാട്ടുകായലിനോട് ചേർന്നുകിടക്കുന്ന പടിഞ്ഞാറൻമേഖലയിൽ ഉപ്പുവെള്ളം കയറുന്നത്, കൃഷിയേയും ശുദ്ധജലവിതരണത്തേയും സാരമായി ബാധിക്കുന്നു. ഓരുവെള്ളം കയറുന്നത് തടയുന്നതിനു വേണ്ടി രണ്ടു റഗുലേറ്ററുകൾക്ക് പുറമെ വടയാറിലും കെ.വി കനാലിലും താഴത്തങ്ങാടിയിലും താത്കാലിക ബണ്ടും ജലസേചനവകുപ്പ് മുഖേന ഇടുന്നുണ്ട്. ഇതിനു പുറമെ വൈക്കം മേഖലയിൽ മാത്രം 49 ചെറു ഓരുമുട്ടുകൾ പഞ്ചായത്തുകൾ മുഖേന ഇടാറുണ്ട്. എന്നാൽ വർഷകാലമാകുമ്പോൾ ഈ ഓരുമുട്ടുകൾ കൃത്യസമയത്ത് നിർമ്മിക്കുകയും പിന്നീട് നീക്കം ചെയ്യേണ്ടതും അത്യന്താപേഷിതമാണ്. ഇത് കൃത്യമായി പാലിക്കപ്പെടാറില്ല. അതുകൊണ്ടുതന്നെ തോടുകളിലൂടെയുള്ള ഒഴുക്ക് ഇല്ലാതാകുകയും വെള്ളം കെട്ടിക്കിടന്നു മലിനമാകുന്ന സാഹചര്യവും ഉണ്ട്. പുഴകളിലെ ജലനിരപ്പ് താഴുന്നതിനാൽ ഓരുവെള്ളം ഉള്ളിലേക്ക് പ്രവേശിക്കുന്ന സ്ഥിതിവിശേഷവും നിലവിലുണ്ട്.

മാലിന്യനിക്ഷേപം

നദികളുടെയും തോടുകളുടെയും മലിനീകരണമാണ് വർത്തമാനകാലത്ത് നാം നേരിടുന്ന ഏറ്റവും വലിയ പാരിസ്ഥിതികപ്രശ്നം. മുൻകാലങ്ങളിൽ തോടുകളിലെ വെള്ളം പ്രാഥമിക ആവശ്യങ്ങൾക്ക് ഉപയോഗിച്ചിരുന്നുവെങ്കിൽ ഇന്നത് മലിനമായതിനായതിനാൽ ഉപയോഗശൂന്യമായിരിക്കുന്നു. അതുകൊണ്ട് പൈപ്പുകളിലൂടെ വരുന്ന ശുദ്ധജലം ഒരു കുടുംബത്തിൻറെ മുഴുവൻ ആവശ്യങ്ങൾക്കും വേണ്ടിവരുന്നു. അതുകൊണ്ടുതന്നെ എല്ലാ അടിസ്ഥാന ആവശ്യങ്ങൾക്കും വേണ്ടത്ര ജലം ലഭ്യമല്ലാ ത്ത അവസ്ഥയാണുള്ളത്. വേമ്പനാട്ടുകായലിൽ ഹൗസ് ബോട്ടുകളിൽ നിന്നും വിസർജ്ജിക്കുന്ന മാലിന്യങ്ങളും മറ്റ് ഡീസൽ, ഓയിൽ എന്നിവയും നമ്മുടെ ജലാശയങ്ങളെ നാൾക്കുനാൾ മലിനമാക്കിക്കൊണ്ടിരിക്കുകയാണ്.

സമ്പദവ്യവസ്ഥയുടെ തകർച്ച

പ്രകൃതിഭംഗിയാൽ അനുഗ്രഹീതമായ നമ്മുടെ പടിഞ്ഞാറൻമേഖലയിൽ കൃഷിക്കു പുറമെ മറ്റൊരു മേഖലയിലും കാര്യമായി വളർച്ച ഉണ്ടായിട്ടില്ല. വിനോദസഞ്ചാരസാധ്യതകൾ വളർന്നതിനാ ൽ കുമരകം ഈ അവസ്ഥയ്ക്ക് ഒരപവാദമാണ് എന്നു പറയാം വൈക്കം, ചങ്ങനാശ്ശേരി, അതിരമ്പുഴ, താഴത്തങ്ങാടി പോലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിൽ ടൂറിസം സാധ്യതകൾ ഏറെ ഉണ്ടായിട്ടും തോടുകളിലെ അശാസ്ത്രീയമായ

നിർമ്മാണപ്രവർത്തനങ്ങൾ ജലയാനങ്ങളുടെ പ്രവേശനം അസാധ്യമാക്കിയിരിക്കുകയാണ്. ദീർഘവീക്ഷണമില്ലാതെ നിർമ്മിച്ച പാലങ്ങളും കലുങ്കുകളും ഉൾനാടൻ വിനോദസഞ്ചാരസാധ്യതകളെയാണ് ഇല്ലാതാക്കിയത്. അതുകൊണ്ടുതന്നെ കൃഷിയെ മാത്രം ആശ്രയിച്ചു ജീവിക്കുന്നവർക്ക് കൃഷിയില്ലാത്ത കാലങ്ങളിൽ മറ്റു വരുമാനമാർഗ്ഗം ഇല്ലാത്ത സാഹചര്യമാണുള്ളത്. ഇത്തരം അശാസ്ത്രീയമായ നിർമ്മിതികൾ മുഴുവനും പൊളിച്ചുകളഞ്ഞ് ശാസ്ത്രീയമായി പുനർനിർമ്മിച്ചാൽ കാർഷികമേഖലയിലും, ടൂറിസം മേഖലയിലും ശുദ്ധജലസംഭരണമേഖലയിലും ഉണ്ടാക്കാവുന്ന നേട്ടം വളരെ വലുതാണ്.

പരിഹാരമാർഗ്ഗങ്ങൾ

മേൽ പ്രതിപാദിച്ച പ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗ്ഗങ്ങൾ ഭൂപ്രകൃതിയനുസരിച്ച് ഓരോ പ്രദേശത്തും വ്യത്യസ്തമാണ്. ഉപരിതല ഒഴുക്കിൻറെ വേഗത കുറച്ച് അത് മണ്ണിലേക്കിറങ്ങുന്നതിനുള്ള മണ്ണ് ജലസംരക്ഷണ പ്രവർത്തികളാണ് മലനാട്ടിലും ഇടനാട്ടിലും പ്രധാനമായും നടപ്പിലാക്കേണ്ടത്.

മണ്ണുസംരക്ഷണപ്രവർത്തനങ്ങൾ

ഉപരിതല ഒഴുക്കിനെ തടഞ്ഞുനിർത്തി ജലം മണ്ണിലേക്ക് ഇറങ്ങാൻ സഹായിക്കുന്ന കോണ്ടൂർ വരമ്പുകൾ, നീർക്കുഴികൾ, ബ്രഷ് വുഡ് തടയണ, കല്ലടുക്ക് തടയണ, ഗേബിയോൺ തടയണ, കിനി ഞ്ഞിറങ്ങൽ കുളങ്ങൾ, ജലസംഭരണികൾ എന്നിവയുടെ നിർമ്മാണം, തെങ്ങ്, വാഴ തുടങ്ങിയ വിളകളുടെ തടമെടുക്കൽ, വേനൽക്കാലത്തിനു മുമ്പ് മേൽമണ്ണ് ഇളക്കിയിടുന്ന രീതി, പുതയിടൽ, എന്നീ പ്രവർത്തനങ്ങൾ മഴവെള്ളം സംഭരിക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും പ്രയോജനകരമാണ്.

I. ജലസംരക്ഷണ മാർഗ്ഗങ്ങൾ

ഉയർന്നപ്രദേശങ്ങളിലെ ഭൂഗർഭജലത്തിന് സ്വാധീനം വർദ്ധിപ്പിക്കുന്നതിന് കൃത്രിമമാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്. എങ്കിലും പ്രകൃതിസംരക്ഷണത്തിൻറെ മാർഗ്ഗങ്ങൾക്കാണ് മുൻതൂക്കം കൊടുക്കേണ്ടത്. ഉറവകൾ കണ്ടെത്തി സംരക്ഷിക്കുക, വനവത്ക്കരണം ഊർജ്ജിതമാക്കുക, പാറഖനനം നിരോധിക്കുക എന്നിവയാണ് പരിഹാരമാർഗ്ഗം. ഇത്തരം പ്രവർത്തനങ്ങൾ ജനകീയസഹകരണത്തോ ടെ നടപ്പിലാക്കണം. ജലത്തിൻറെ നിലവിലുള്ള ഉപഭോഗത്തിന് ആവശ്യത്തിനുള്ള ലഭ്യത കുറഞ്ഞുവരുന്നതിന് പരിഹാരമാർഗ്ഗം എന്ന നിലയിലാണ് നിലവിൽ തടയണകളെ ആശ്രയിച്ചുവരുന്നത്. നദികളുടെ സ്വാഭാവികമായ പ്രവാഹത്തെ തടയുമെന്നതിനാൽ അത് പ്രകൃതിനിയമങ്ങൾക്ക് വിരുദ്ധമാണ് എന്ന കാഴ്ച്ചപ്പാട് ജനങ്ങളുടെ ഭാഗത്തുനിന്ന് ഉയരുന്നു.

മഴക്കാലത്ത് വെള്ളം സംരക്ഷിക്കുന്നതിനു വേണ്ടി വിവിധ പദ്ധതികൾ ഉണ്ടെങ്കിലും അവയൊ ന്നുംതന്നെ ഭൂഗർഭജലവിതാനം ഉയർത്തുന്നതിന് ഉപകരിക്കുന്നില്ല. താത്ക്കാലികമായി ഭൂമിയെ നന യ്ക്കാം എന്നതിൽ കവിഞ്ഞ് മറ്റു നേട്ടങ്ങൾ ലഭിക്കുന്നില്ല. തടയണകൾ ഒരു പരിധി വരെ പരിഹാര മാണ്. കൂടുതൽ ജലം സംഭരിക്കാൻ ഉതകുന്ന തടയണകൾ ഭൂഗർഭജലവിതാനം ഉയർത്തുന്നതിനൊപ്പം ഭൂതലത്തിൽ സംഭരിക്കുന്ന വെള്ളം വേനൽക്കാലത്തുപോലും പരിസരങ്ങളിലെ കിണറുകളിൽ നിലനിർത്താൻ സഹായിക്കുന്നു. ഇത്തരത്തിലുള്ള തടയണകളാൽ വേനൽക്കാലത്ത് പൂർണ്ണമായും ജലക്ഷാമം പരിഹരിച്ചുകൊണ്ടിരിക്കുന്ന പഞ്ചായത്തുകൾ ജില്ലയിൽ ഉണ്ട്. കുത്തനെയുള്ള പ്രദേശങ്ങളിൽ അടുപ്പിച്ചടുപ്പിച്ചുള്ള തടയണകൾ പണിത് ഭൂഗർഭജലവിതാനം ഉയർത്താവുന്നതാണ്.

ജലവിതരണത്തിലെ കാര്യക്ഷമത

നിലവിൽ ജലവിതരണം ചെയ്യുന്നതിനുള്ള കാര്യക്ഷമത വർദ്ധിപ്പിക്കുക വഴി ജലം പാഴാകുന്നതു തടയാനും ലഭ്യമായ ജലം കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാനും സാധിക്കും.

- കനാലുകളുടെ ലൈനിംഗിൽ അറ്റകുറ്റപ്പണികൾ നടത്തി ചോർച്ച പരിഹരിച്ച് കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്.

- കനാൽ ഷട്ടറുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നിർവ്വഹിച്ച് ചോർച്ച ഒഴിവാക്കി ജലം പാഴാക്കാതിരിക്കുവാൻ സാധിക്കും.
- കനാലിലൂടെയുള്ള ജലസേചനത്തിൽ കൃഷിക്ക് ആവശ്യമായ വെള്ളത്തിൻറെ അളവ് കൃത്യമായി കണക്കാക്കുകയും വിതരണം ചെയ്യപ്പെടുകയും വേണം.
- വെള്ളത്തിന്റെ ലഭ്യത അനുസരിച്ച് അനുയോജ്യമായ വിളകൾ കൃഷിയിറക്കുന്ന സമയം ക്രമീകരിക്കുക.
- ഡ്രിപ്പ് ഇറിഗേഷൻ പ്രോത്സാഹിപ്പിക്കുക.
- നിലവിലുള്ള ജലസേചനപദ്ധതികളുടെ പോരായ്മകൾ പരിഹരിച്ച് കാര്യക്ഷമത കൂട്ടുക.
- നിലവിലുള്ള ജലസ്രോതസ്സുകളുടെ കൈയ്യേറ്റം തടഞ്ഞ് മൂടപ്പെട്ടുപോയ തോടുകളെ പുനരുജ്ജീവിപ്പിച്ച് സംരക്ഷണം ഉറപ്പുവരുത്തുക.
- പാറമടകൾ ജലസംഭരണികളാക്കി മാറ്റുക.

തണ്ണീർത്തടങ്ങളുടെ സംരക്ഷണം

ഭൂമിയുടെ ശ്വാസകോശങ്ങളാണ് തണ്ണീർത്തടങ്ങൾ. അധികജലം സംഭരിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള പ്രകൃതിയുടെ സംഭരണികളാണ് ഇവ. പ്രകൃതിയുടെ സന്തുലനാവസ്ഥ നിലനിർത്തുന്നതിന് ഇവയുടെ സംരക്ഷണം അത്യാവശ്യമാണ്. തണ്ണീർത്തടങ്ങളിൽ ജലം സംഭരിക്കപ്പെടുമ്പോൾ ചുറ്റുമുള്ള പ്രദേശങ്ങളിലെ ഭൂഗർഭജലവിതാനം ഉയരുകയും കിണറുകൾ, കുളങ്ങൾ, മുതലായ ജലസ്രോതസ്സുകളിൽ വെള്ളം ലഭ്യമാകുകയും ചെയ്യുന്നു. തണ്ണീർത്തടങ്ങളുടെ വ്യാപകമായ നികത്തൽ നമ്മുടെ ഭൂപ്രകൃതിയേയും ജലസ്രോതസ്സുകളെയും അത്യാസന്നനിലയിലാക്കിയിരിക്കുന്നു. ശക്തമായ നിയമനിർമ്മാണവും നടപടികളും തണ്ണീർത്തടങ്ങൾ സംരക്ഷിക്കുന്നതിൽ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

താഴ്ന്നപ്രദേശങ്ങൾ

ജില്ലയുടെ ജല ബഡ്ജറ്റ് പരിശോധിക്കുമ്പോൾ ഉയർന്ന പ്രദേശങ്ങളിൽ സംഭരിക്കപ്പെടുന്ന ജലം മാത്രം മതിയാകില്ല നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ. വേണ്ടിവരുന്ന ജലസമ്പത്തിൻറെ വലിയൊരു പങ്ക് സംഭരിക്കുവാൻ സാധിക്കുന്നത് പടിഞ്ഞാറൻ പ്രദേശങ്ങളിലെ തോടുകളിലും ,അരുവികളിലും കുളങ്ങളിലുമാണ്. എന്നാൽ തോടുകളെല്ലാം നിലവിൽ ഒഴുക്കില്ലാതെ മാലിന്യം നിറഞ്ഞ് വൃത്തിഹീനവുമാണ്. വളരെയേറെ ശുദ്ധജലത്തിൻറെ ആവശ്യകത ജില്ലയ്ക്കുണ്ടെന്നിരിക്കെ ഈ തോ ടുകളും കുളങ്ങളുമടക്കമുള്ള ജലാശയങ്ങളെ ഉപയോഗപ്രദമാക്കിയെടുക്കേണ്ടതുണ്ട്. ഈ ആവശ്യം പൂർണ്ണമായി സാധ്യമായെങ്കിൽ മാത്രമേ കൃഷി, ടൂറിസം, കുടിവെള്ളം എന്നീ മേഖലയിലെ വികസനവും തദ്വാര സമ്പദവ്യവസ്ഥയിലും ഗുണകരമായ മാറ്റങ്ങളും സൃഷ്ടിക്കുവാൻ സാധിക്കുകയുള്ളു. പരിസ്ഥിതി നിലനിർത്തുന്നതിനും വരുംതലമുറയുടെ അരോഗ്യകരമായ നിലനിൽപ്പിനും ഇത് അത്യന്താപേക്ഷിതമാണ്.

അശാസ്ത്രീയമായ നിർമ്മാണപ്രവർത്തനങ്ങൾ

അശാസ്ത്രീയമായ പാലങ്ങളുടെയും, കലുങ്കുകളുടെയും നിർമ്മാണം, കൃത്യമായി പറഞ്ഞാൽ തോടിൻറെ അടിത്തട്ടിനു മുകളിൽ ഉയർന്നു നിൽക്കുന്ന ഫൗണ്ടേഷൻ, തോടിൻറെ വീതി കുറച്ചുകൊണ്ടുള്ള പാലങ്ങളുടെ അപ്രോച്ച് റോഡ് നിർമ്മാണം എന്നിവ നീരൊഴുക്കിനെ ഇല്ലാതാക്കിയതിനാൽ തോടുകളിലെ വെള്ളം മലിനപ്പെട്ട് പ്രാഥമിക ആവശ്യങ്ങൾക്കുപോലും ഉപയോഗിക്കാനാവാത്ത സാഹചര്യം ഉണ്ടായിരിക്കുകയാണ്. ഇത്തരത്തിലുള്ള എല്ലാ നിർമ്മാണപ്രവർത്തനങ്ങളും അടിയന്തിരമായി കണ്ടെത്തി നീക്കം ചെയ്ത് പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഒഴുക്കുണ്ടാകുമ്പോൾ തോടുകളിലെ ജലം നമ്മുടെ ദൈനംദിന ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന സ്ഥിതിവിശേഷം സംജാതമാകുന്നു. ഇത് ജല ബഡ്ജറ്റിലെ വലിയൊരു ഡിമാൻറിൻറെ വിടവ് നിക ത്താൻ സാധ്യമാകുന്നു.

മണൽവാരൽ

പാരിസ്ഥിതികസംന്തുലിതാവസ്ഥ പാലിക്കുന്നതിൽ ഒരു പുഴ വലിയ പങ്ക് വഹിക്കുന്നുണ്ട്. ദിനംപ്രതി മണൽവാരലിലൂടെ പുഴയുടെ ആഴം കൂടുകയും, വശങ്ങൾ ഇടിഞ്ഞ് വീതി കൂടുന്നതിനും സ്വാഭാവികമായും ജലനിരപ്പ് താഴുന്നതിനും ഇടയാകുന്നുണ്ട്. പുഴകളിൽനിന്നുള്ള മണൽവാരൽ കർശനമായി നിരോധിച്ച് പുഴകളെ സംരക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

ഓരുവെള്ള ഭീഷണി

വേനൽക്കാലത്ത് നദികളിലൂടെ കായലിൽ എത്തിച്ചേരുന്ന ജലത്തിൻറെ അളവ് കുറയുന്നതതോടെ കടലിൽനിന്ന് ഉപ്പുവെള്ളം കായലിൽ കലർന്ന് ഒഴുക്ക് നിലച്ച നദികളിലൂടെ മുകളിലേയ്ക്ക് ഒഴുകിത്തുടങ്ങുന്നു. വേലിയേറ്റസമയത്ത് ഈ പ്രക്രിയ ശക്തമാകുന്നു. ഓരുവെള്ളം കൃഷിയേയും നദികളിൽനിന്നും വിതരണം ചെയ്യപ്പെടുന്ന കുടിവെള്ളത്തെയും ബാധിക്കുന്നു. കുട്ടനാട്ടിലെ കാർ ഷികരംഗത്ത് ഓരുവെള്ളഭീഷണിയെ മറികടക്കുന്നതിന് രണ്ടു ബണ്ടുകൾ സ്ഥിരമായി സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. മൂവാറ്റുപുഴയാറിൻറെ പതനസ്ഥാനത്ത് തോട്ടുകളിൽ ചെറുബണ്ടുകളുമുണ്ട്. ഇവയെ വളരെ ശാസ്ത്രീയവും കാര്യക്ഷമവുമായി പ്രവർത്തിപ്പിക്കുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്. മീനച്ചിലാറ്റിൽ ഓരുവെള്ളം കലരുന്നതിനാൽ കുടിവെള്ളമെടുക്കുന്ന ജലശുദ്ധീകരണകേന്ദ്രങ്ങൾക്ക് താഴെയായി താല്ക്കാലിക ഓരുമുട്ട് സ്ഥാപിക്കുന്ന രീതിയാണ് നിലവിലുള്ളത്. അവ വേണ്ടിവരുന്ന സമയത്ത് നിർമ്മിക്കുകയും ഉപയോഗശേഷം കൃത്യമായി പൊളിച്ചുമാറ്റുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഓരുവെള്ളം തടഞ്ഞ് കൃഷിക്ക് അനുയോജ്യമായ സാഹചര്യമൊരുക്കുക എന്ന ലക്ഷ്യത്തോടെയാണ് തണ്ണീർമുക്കം ബണ്ട് സ്ഥാപിച്ചതെങ്കിലും കൃത്യമായി ഉപയോഗിക്കാതെ വർഷത്തിൽ ഭൂരിഭാഗം സമയത്തും അടഞ്ഞുകിടക്കുന്നത് പാരിസ്ഥിതിക അസന്തുലിതാവസ്ഥ ഉണ്ടാകുന്നതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് തണ്ണീർമുക്കം ബണ്ട് തുറന്നിടാവുന്നതാണ് . അതിൽ നിന്നും ഓരുവെള്ളം മൂലമുള്ള പ്രശ്നങ്ങളെയും ,കയറാതിരിക്കുന്നതുകൊണ്ടുള്ള പ്രശ്നങ്ങളെയും മനസ്സിലാക്കാവുന്നതാണ്. ഇക്കാര്യത്തിൽ വിദഗ്ധോപദേശവും പൊതു അഭിപ്രായവും തേടി നടപ്പിലാക്കാവുന്നതാണ്.

പോള നീക്കം ചെയ്യൽ

അപ്പർ കുട്ടനാട് മേഖലയിലെ ജലസസ്യമായ പോള നീരൊഴുക്കിനെയും ജലഗതാഗതത്തെയും തടസ്സപ്പെടുത്തുന്ന പോള നീക്കം ചെയ്യേണ്ടതാണ്. ഇതൊരിക്കൽ നീക്കം ചെയ്താൽ മാത്രം പോരാ കനാലിന്റെ അടിത്തട്ടിലുള്ള പോളയുടെ വിത്തുകൾ സൂര്യപ്രകാശം അടിത്തട്ടിലെത്തുമ്പോൾ മുളച്ച് ജലപ്രതലത്തിൽ എത്തും. ഇതിനെ യഥാസമയം നീക്കം ചെയ്തുകൊണ്ടിരുന്നാൽ ഒരു പരിധി വരെ പോളശല്യം ഒഴിവാക്കാം. പോള പൂവിടാനും വിത്ത് ഉല്പാദിപ്പിക്കാനും സാഹചര്യം ഉണ്ടാകരുത്. ഒരു ചെടി ആയിരം വിത്തിൽ കൂടുതൽ ഉല്പാദിപ്പിക്കും. ഇതൊരു യജ്ഞമായി കാണണം. മുളയ്ക്കുന്ന പോള നിശ്ശേഷം നീക്കാനുള്ള സംവിധാനമൊരുക്കണം.

ചെളി നീക്കം ചെയ്യൽ

കനാലിന്റെ അടിത്തട്ടിലുള്ള മാർദ്ദവമേറിയ ചെളി നീക്കം ചെയ്ത് പുറംബണ്ടുകൾ ബലപ്പെടുത്താവുന്നതാണ്. ഇതിലൂടെ അടിത്തട്ട് തെളിയുകയും പോളവിത്തും മറ്റു മാലിന്യങ്ങളും ഒഴിവാകുകയും ചെയ്യും. ആഴം കൂടുന്നതോടെ നീരൊഴുക്കിൻറെ തോത് വർദ്ധിക്കുകയും ചെയ്യും.

J. വികസനസാധ്യതകൾ

നമ്മുടെ ജില്ലയുടെ വികസനസാധ്യതകൾ ഭൂപ്രകൃതി അനുസരിച്ച് മലനാട്, ഇടനാട്, തീരപ്രദേശം എന്നീ മേഖലകളെ പ്രത്യേകമായെടുത്ത് വിഭാവനം ചെയ്യാവുന്നതാണ്.

അടിസ്ഥാനഘടകമായ ജലത്തിൻറെ ലഭ്യത പ്രധാന പ്രശ്നം ആണെന്നിരിക്കെ ജില്ലയിൽ ആകെ നിലവിൽ 2.9127 ബി.സി.എം യും 2030 ആവുമ്പോഴേക്കും വിവിധ ആവശ്യങ്ങൾക്കായി 3.287 ബി.സി.എം യും ജലം

ആവശ്യമാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ലഭ്യമാകുന്ന ജലത്തിൻറെ അളവ് 1.985 ബി.സി.എം. ആണെന്നിരിക്കെ ജലസംഭരണത്തിന്റെ ആവശ്യകത എത്രത്തോളം വലുതാണെന്ന് ബോധ്യമാകും. ഈ നേട്ടം കൈവരിക്കുമ്പോൾ മാത്രമാണ് വികസനപ്രവർത്തനങ്ങൾ തടസ്സം കൂടാ തെ മുന്നോട്ട് കൊണ്ടുപോകുവാൻ സാധിക്കുന്നത്. ഓരോ മേഖലയിലും സാധ്യമാക്കാവുന്ന വികസനപ്രവർത്തനങ്ങൾ ഓരോന്നായി ചുവടെ ചേർക്കുന്നു.

1. ഉയർന്ന പ്രദേശങ്ങളിൽ ജലസംഭരണത്തിനായി തടയണകൾ സ്ഥാപിച്ച് ഭൂഗർഭജലം ഉയർത്താവുന്നതാണ്.
2. മലനിരകളിലെ വറ്റാത്ത ഉറവകൾ കണ്ടെത്തി അവ സംരക്ഷിച്ച് വലിയ സംഭരണികളാക്കി മാറ്റേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. കാലാകാലമായി മൂടപ്പെട്ടുപോയ തോടുകൾ റവന്യൂ സർവ്വേ വകുപ്പുകളുടെ സഹയത്തോടെ അതിരുകൾ നിർണ്ണയിച്ച് പുനരുജ്ജീവിപ്പിക്കേണ്ടതാണ്. ഇവയെല്ലാം തന്നെ ഭാവിയിലെ ജലസംഭരണികളാണ്. ജലനിർഗ്ഗമനം സാധ്യമാകുമ്പോൾ ഭൂഗർഭജലനിരപ്പ് ഉയരുന്നതിനുള്ള സാധ്യതകൾ ഏറുകയാണ്. ഇടനാട്ടിലാണ് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഏറെയും നടത്തേണ്ടത്.
4. ജില്ലയിൽ ഉപയോഗശൂന്യമായ 154 പാറമടകളുണ്ട്. ഇവ ജലം സംഭരിക്കുന്നതിന് പയോഗപ്പെടുത്താവുന്നതാണ്. ഈ ജലം പരിശോധനകൾക്ക് വിധേയമാക്കിയതിനുശേഷം മറ്റു പ്രാഥമിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.

മേൽപറഞ്ഞ പ്രവർത്തനങ്ങൾ സാധ്യമാകുമ്പോൾ താഴെ പറയുന്ന മേഖലകളിൽ വ്യക്തമായ വികസനപ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കാനും അടിസ്ഥാനഘടകങ്ങളുടെ അപര്യാപ്തത ഇല്ലാതാക്കാനും സാധിക്കും.

1. **കൃഷി** - പ്രധാന ഘടകമായ ജലം ആവശ്യാനുസരണം ലഭ്യമാകുന്ന സാഹചര്യം ഉടലെടുത്താൽ കൃഷി വ്യാപിപ്പിക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കും. ഒരുപ്പ നടക്കുന്ന കൃഷിയിടങ്ങളിൽ ഇരുപ്പ സാധ്യമാകുന്നത് വലിയൊരു നേട്ടമായി തന്നെ കണക്കാക്കാം.

2. **കുടിവെള്ളം** - കിഴക്കൻമേഖലകളിൽ ജലസംഭരണം സാധ്യമാകുന്നതിനോടൊപ്പം പടിഞ്ഞാറൻമേഖലകളിലെ തോടുകളിലെ വെള്ളം പ്രാഥമിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ സാധിച്ചാൽ കുടിവെള്ളക്ഷാമം പൂർണ്ണമായും പരിഹരിക്കുവാൻ സാധിക്കുന്നതാണ്.

3. **ഉൾനാടൻ ജലഗതാഗതം - ടൂറിസം**

നിലവിലെ തോടുകളിലെ അശാസ്ത്രീയമായ നിർമ്മിതികൾ ഒഴിവാക്കി ഉൾനാടൻ ജലഗതാഗതത്തിന് രേഖപ്പെടുത്തിയിട്ടുള്ള തോടുകളുടെ ആഴം കൂട്ടിയാൽ അപ്പർ കുട്ടനാടൻ മേഖലകളിലെ വിനോദസഞ്ചാരസാധ്യത വർദ്ധിക്കും. ഇത്തരത്തിൽ ടൂറിസം മേഖലയിലുള്ള വികസനം ഒന്നു മാത്രം മതി വൈക്കം, കോട്ടയം, ചങ്ങനാശ്ശേരി മേഖലകളിലേയ്ക്ക് വിനോദസഞ്ചാരികളെ ആകർഷിച്ച് ആ മേഖലയിലെ വികസനത്തിന് വഴിയൊരുക്കാം.

4. **ശുചിത്വം, ആരോഗ്യം**

ശുദ്ധജലലഭ്യത വർദ്ധിപ്പിക്കുന്നതിനോടൊപ്പം ആരോഗ്യപരമായ നേട്ടങ്ങൾ കിഴക്കൻമേഖലയിൽ കൈവരിക്കാവുന്നതാണ്. അതുപോലെ തന്നെ പടിഞ്ഞാറൻമേഖലയിൽ വെള്ളക്കെട്ട് ഒഴിവാകുമ്പോൾ പകർച്ചവ്യാധികളും ഇല്ലാതാകും. പടിഞ്ഞാറൻമേഖലയിൽ തോടുകളിലെ വെള്ളം പ്രാഥമിക ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ പൈപ്പിലൂടെ ലഭ്യമാകുന്ന ശുദ്ധജലം കുടിവെള്ളത്തിന് പര്യാപ്തമാവുകയും ചെയ്യും

K. പുതിയ പ്രശ്ന പരിഹാരരീതികൾ/ആശയങ്ങൾ

ഭൂപ്രകൃതിയനുസരിച്ച് പ്രശ്ന പരിഹാരമാർഗ്ഗങ്ങളും ആശയങ്ങളും വ്യത്യസ്തമാണ്. ഒറ്റപ്പെട്ട പ്രശ്നങ്ങൾ എന്ന നിലയ്ക്കല്ല വികസനത്തിന് വിഘാതമായി നിൽക്കുന്ന ഓരോ പ്രശ്നങ്ങളേയും അഭിമുഖീകരിച്ചിട്ടുള്ളത്. പഞ്ചായത്തുകൾ ചൂണ്ടിക്കാണിക്കുന്ന ഒറ്റപ്പെട്ട വ്യത്യസ്തങ്ങളായ പ്രശ്നങ്ങൾക്ക് കാരണമായ പൊതുവായ പ്രശ്നങ്ങൾ കണ്ടെത്തേണ്ടതുണ്ട്. അത്തരത്തിലുള്ള പ്രശ്ന പരിഹാരരീതികൾ/ആശയങ്ങളാണ് ഇവിടെ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

മലനാട്

ഉറവകളുടെ കണ്ടെത്തലും സംരക്ഷണവും

കിഴക്കൻമേഖലയിലെ ഉയർന്ന പ്രദേശങ്ങളിൽ ധാരാളം ഉറവകൾ കാണപ്പെടുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറവകൾ കണ്ടെത്തി ഓരോന്നിനെയും വിപുലപ്പെടുത്തി വേനൽക്കാല ജലസംഭരണം സാധ്യമാകുന്ന പദ്ധതികൾ ആവിഷ്കരിക്കേണ്ടതും അത്യന്താപേക്ഷിതമാണ്. ഉറവകളുടെ മലിനീകരണവും നശിപ്പിക്കലും ഒഴിവാക്കി നിലനിർത്തേണ്ടതാണ്. ഉറവകൾ കണ്ടെത്തി സംരക്ഷിക്കുന്നതിന് പദ്ധതികളും പരിശീലനവും ആവശ്യമാണ്.

ഉദാഹരണമായി ജില്ലയുടെ കിഴക്കൻമേഖലയിലെ മേലുകാവ് പഞ്ചായത്തിൽ ഏറ്റവും ഉയർന്ന പ്രദേശമായ ഇലവീഴാപൂഞ്ചിറയിൽ പണ്ട് ഒരു ചെറിയ ചിറ ഉണ്ടായിരുന്നു. പിന്നീട് അത് മൂടപ്പെട്ടു പോയി. പരിശോധനയിൽ അവിടെ വേനൽക്കാലത്തു പോലും വെള്ളത്തിൻറെ ഉറവകൾ ഉണ്ടെന്ന് കണ്ടെത്തുകയും പിന്നീട് അവിടെ ജലസേചനവകുപ്പിൻറെ നേതൃത്വത്തിൽ വിപുലമായ കുളവും ഒരു ചെക്ക്ഡാമും നിർമ്മാണം പൂർത്തീകരിക്കുകയുണ്ടായി. ഏകദേശം 330 ലക്ഷം ലിറ്റർ വെള്ളം ഈ ഉയർന്ന പ്രദേശത്തെ ചെക്ക്ഡാമിലും കുളത്തിലുമായി വേനൽക്കാലത്ത് സംഭരിക്കുവാൻ സാധിച്ചു.

ഇടനാട്

മൂടപ്പെട്ടു പോയ തോടുകളെ പുനരുജ്ജീവിപ്പിക്കുക

പൂർണ്ണമായും മൂടപ്പെട്ടു പോയ മീനച്ചിലാർ - മീനന്തറയാർ - കൊട്ടൂരാർ പുനർസംയോജനം ആദ്യഘട്ടം പൂർത്തീകരിച്ചുകഴിഞ്ഞു. അയർക്കുന്നം പഞ്ചായത്തിലെ - ആറുമാനൂരിൽ മീനച്ചിലാറ്റിൽ നിന്നും ആരംഭിക്കുന്ന മുണ്ടിത്തോട്, ചൊറിച്ചിത്തോട് എന്നിവ 3.5 കി.മീ. ദൂരം വെട്ടിത്തെളിച്ച് മേൽപ്പറഞ്ഞ നദികളിലെ വെള്ളം ഈ 3.5 കി.മീ. ദൂരത്തിലൂടെ ഒഴുക്കി 1100 ഏക്കർ തരിശുനിലം കൃഷിയോഗ്യമാക്കി എടുത്തിരിക്കുകയാണ്. 3.5 കി.മീ ദൂരത്തിൽ കഞ്ഞിക്കുഴിത്തോടും നവീകരണത്തിലേയ്ക്ക് എത്തുന്നു. ഇത്തരത്തിൽ കാലാകാലമായി കൈയ്യേറ്റത്തിലൂടെയും അല്ലാതെയും മൂടപ്പെട്ടു പോയ തോടുകൾ പുനരുജ്ജീവിപ്പിച്ച് നീരൊഴുക്ക് പുന:സ്ഥാപിക്കുന്ന രീതിയിലുള്ള പദ്ധതികൾ കണ്ടെത്തി നടപ്പിലാക്കേണ്ടതാണ്.

മാലിന്യനിക്ഷേപം

മാലിന്യങ്ങളുടെ ഉറവിടത്തിൽതന്നെ അത് സംസ്കരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കേണ്ടത് അത്യന്താപേക്ഷിതമായിരിക്കുന്നു. വീടുകളിൽ നിന്നുള്ള വിസർജ്ജ്യവസ്തുക്കൾ തോടുകളിലേക്ക് തള്ളുന്നതും നിയന്ത്രിക്കേണ്ടതാണ്. അതോടൊപ്പം വിനോദസഞ്ചാരത്തിൻറെ ഭാഗമായി പ്രവർത്തിക്കുന്ന ഹൗസ് ബോട്ടുകളിൽ നിന്നും വിസർജ്ജിക്കപ്പെടുന്ന മാലിന്യവും അടിയന്തിരമായി നിയന്ത്രിക്കേണ്ടതുണ്ട്. തോടുകളിലെ ജലം മലിനമാകുന്നതിനോടൊപ്പം മാരക രോഗങ്ങളും ഉണ്ടാകുന്നുണ്ട്. മാലിന്യനിർമ്മാർജ്ജനത്തിനായി കുട്ടികൾക്കും മുതിർന്നവർക്കും ബോധവത്ക്കരണ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്. ഹരിതസാക്ഷരതാപരിപാടി മീനച്ചിലാർ - മീനന്തറയാർ - കൊട്ടൂരാർ പുനർസംയോജനപദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നത് ഭാവിയിൽ ഈ പ്രശ്നത്തിന് പരിഹാരമാകും.

കീടനാശിനികളുടെ നിയന്ത്രണം

കൃഷിയിടങ്ങളിൽ കീടനാശിനിപ്രയോഗവും ഒരു പരിധിവരെ നിയന്ത്രണവിധേയമാക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള നടപടികൾ പൂർത്തീകരിച്ചെങ്കിൽ മാത്രമേ വൻതോതിലുള്ള വിഷവസ്തുക്കളുടെ നിക്ഷേപം തോടുകളിലും കൃഷിയിടങ്ങളിലും ഇല്ലാതാക്കുവാൻ സാധിക്കുകയുള്ളൂ. ജൈവകൃഷി/പ്രകൃതികൃഷി കൂടുതൽ പ്രോത്സാഹിപ്പിച്ച് കീടനാശിനിപ്രയോഗം ഒഴിവാക്കാം.

മത്സ്യബന്ധനം

അശാസ്ത്രീയമായ മത്സ്യബന്ധനം മത്സ്യസമ്പത്തിൽ കുറവുണ്ടാക്കിയിട്ടുണ്ട്. നദികളിൽ വിഷവസ്തുക്കൾ കലർത്തി മീൻ പിടിക്കുന്ന രീതി കൊണ്ട് കായലും നശിച്ചുകൊണ്ടിരിക്കുന്നു. പരിഹാരമായി ശാസ്ത്രീയമായ മത്സ്യബന്ധനരീതികൾ പ്രോത്സാഹിപ്പിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്.

വേമ്പനാട്ടുകായൽ സംരക്ഷണം

കോട്ടയം - ആലപ്പുഴ ജില്ലകളെ വേർതിരിച്ച് അറബിക്കടലിൽ കൊച്ചി അഴിമുഖത്തു നിന്ന് തുടങ്ങി കുട്ടനാട് വരെ നീണ്ടുകിടക്കുന്ന ജലാശയമാണ് വേമ്പനാട്ടുകായൽ. കോട്ടയം - ആലപ്പുഴ ജില്ലകളിലായി 1512 ചതുരശ്ര കി.മീ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന കേരളത്തിലെ ഏറ്റവും വലിപ്പമുള്ള കായലാണ് വേമ്പനാട്ടുകായൽ. പുരാതനകാലം മുതൽ തന്നെ കൃഷി ഉപയോഗത്തിനും , ജലഗതാഗതത്തിനും, മത്സ്യസമ്പത്തിനും വളരെ കേൾവികേട്ട ഈ കായൽ, നിലവിൽ വിനോദസഞ്ചാര മേഖലക്കും വളരെ ഗുണകരമായി നിലനിലക്കുന്നതിനാൽ നാടിൻറെ സമ്പദവ്യവസ്ഥയുടെ നിലനിൽപ്പിലും ഒരു പ്രധാന പങ്ക് വഹിച്ചുവരുന്നു.എന്നാൽ നിലവിൽ ഈ കായൽ ഖരമാലിന്യങ്ങളും ജൈവ-രാസമാലിന്യങ്ങളും നിറഞ്ഞ് ഗുരുതരമായ പരിസ്ഥിതിനാശത്തിലേയ്ക്ക് അടുക്കുകയാണ് . മത്സ്യങ്ങൾ അടക്കമുള്ള ജീവജാലങ്ങളുടെ നിലനിൽപ്പിന് ഭീഷണിയായിരിക്കുന്നു. ജലത്തിൽ ഓക്സിജൻറെ അളവു കുറഞ്ഞിരിക്കുന്നു. തീരപ്രദേശത്തെ ജനങ്ങൾ പകർച്ചവ്യാധി ഭീഷണി നേരിടുകയാണ്. കായലിൻറെ 'പുനരുജ്ജീവനം' സാധ്യമാക്കേണ്ട ഈ വിഷയത്തെ അതിഗുരുതരമായികണ്ട് പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) കായലിലുള്ള പോളകൾ ശാസ്ത്രീയമായി നീക്കം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനും നടപടികൾ സ്വീകരിക്കുക

2) ഹൗസ്ബോട്ട് പോലുള്ള ആഡംബരനൗകകളിൽ സോളാർ സംവിധാനം നടപ്പിലാക്കുക. അതിലൂടെ ഇന്ധനാവശിഷ്ടങ്ങൾ കായലിൽ കലരുന്നത് ഇല്ലാതാക്കാം.

3) പ്ലാസ്റ്റിക് പോലുള്ള ഖരമാലിന്യങ്ങൾ കായലിൽ നിറഞ്ഞിരിക്കുന്നത് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കൂടാതെ ഹൗസ്ബോട്ടുകളിൽ നിന്നും തീരപ്രദേശങ്ങളിലുള്ള വീടുകളിൽ നിന്നും റിസോർട്ടുകളിൽ നിന്നുമുള്ള വിവിധ തരത്തിലുള്ള മാലിന്യങ്ങൾ കായലിൽ എത്തുന്നത് വളരെ കർശനമായ നിയമം മൂലം തടയുകയും അത്തരം മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുവേണ്ടി തീരപ്രദേശങ്ങളിൽ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്.

4) ജൈവ/പ്രകൃതി കൃഷികൾ പ്രോത്സാഹിപ്പിക്കുന്നത് രാസവളം , കീടനാശിനികൾ എന്നിവ കായലിൽ എത്തുന്നതിനെ ഒരളവുവരെ തടയുന്നതിനു സഹായകരമാണ്.

5) കായലിൽനിന്നും പുറത്തേയ്ക്കും അകത്തേയ്ക്കും ഉള്ള ഒഴുക്ക് സുഗമമാക്കുന്നതിന് വേണ്ട നടപടികൾ സമയാസമയങ്ങളിൽ സ്വീകരിക്കുകയും തണ്ണീർമുക്കം, കരിയാർ, തോട്ടപ്പള്ളി സ്പിൽവേ മുതലായ ബണ്ടുകളുടെ പ്രവർത്തനം കുറ്റമറ്റതാക്കുകയും ചെയ്യേണ്ടതാണ്.

6) കായൽ കമ്മീഷൻ റിപ്പോർട്ട് (2008, പ്ലാനിംഗ് കമ്മീഷൻ, ഇന്ത്യ ഗവൺമെൻറ്) പ്രകാരം വേമ്പനാട് കായലിന് പരിസ്ഥിതികമായി സംഭവിച്ചുകൊണ്ടിരിക്കുന്ന നാശത്തിൽ നിന്നും കരകയറ്റണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കൃഷി, ടൂറിസം, മത്സ്യബന്ധനം ,വാട്ടർട്രാൻസ്പോർട്ട് എന്നീ വിവിധമേഖലകളുടെ ഉന്നമനത്തിനായി കായൽ മലിനമാകാതെ സംരക്ഷിക്കേണ്ടതും മലിനപ്പെട്ടത് വീണ്ടെടുക്കേണ്ടതും അത്യാവശ്യമാണെന്ന് റിപ്പോർട്ട് സൂചന നൽകുന്നു. ഇതുപോലെ വേണ്ട പ്രവർത്തനങ്ങൾക്ക് വേൾഡ് ബാങ്ക് പോലെയുള്ള ഏജൻസികളുടെ സഹായം തേടണമെന്നും റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്.

പാടശേഖരങ്ങളിലെ അടിസ്ഥാനസൗകര്യവികസനം

നിലവിൽ പാടശേഖരസമിതികൾ അവരവരുടെ പാടശേഖരങ്ങളിലെ പ്രശ്നങ്ങൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും വകുപ്പുകളും നടപ്പിലാക്കുന്ന പദ്ധതികൾ വഴി പരിഹരിക്കുന്നുണ്ട്. എന്നാൽ

ജലവിതരണത്തിലെ പൊതുവായ പല പ്രശ്നങ്ങളും പരിഹരിച്ചാൽ പാടശേഖരങ്ങളിലെ പ്രശ്നങ്ങൾക്ക് പരിഹാരമാകും. ഉദാഹരണമായി തോടുകളിലെ തടസ്സം മാറ്റി നീരൊഴുക്ക് സുഗമമാക്കിയാൽ ജലവിതാനം താഴുകയും, പുറംബണ്ട് ഉയർത്തൽ എന്ന പാടശേഖരക്കാരുടെ ആവശ്യം ഇല്ലാതാക്കാനും സാധിക്കും. കൂടാതെ മറ്റു അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പെട്ടെന്ന് പണം കണ്ടെത്താനും സാധിക്കും. അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൻറെ ഭാഗമായി നടത്തപ്പെടുന്ന നിർമ്മാണപ്രവർത്തനങ്ങൾ ചിലവ് കുറഞ്ഞതും എന്നാൽ ഈട് നിൽക്കുന്നതും ആയിരിക്കുന്നത് ഉചിതമായിരിക്കും.

കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം

പാടശേഖരങ്ങളിലെ പുറംബണ്ട് ഉയർത്തുകയും ബലപ്പെടുത്തുകയും ചെയ്യുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് കരിങ്കല്ല് ആണ് ഉപയോഗിച്ചുവരുന്നത്. ഇതുപോലെയുള്ള കരിങ്കൽ നിർമ്മിതികൾ അത്യാവശ്യസ്ഥലങ്ങളിലേയ്ക്ക് പരിമിതപ്പെടുത്തേണ്ടതാണ്.

പുരാതനകാലങ്ങളിൽ പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തിയിരുന്നത്, തോടുകളിലെ തന്നെ ചെളിക്കട്ട ഉപയോഗിച്ചായിരുന്നു. ആയതുകൊണ്ടുതന്നെ തോട്ടിൽ കൃത്യമായ ആഴം സൃഷ്ടിക്കപ്പെട്ടിരുന്നു. കാലവർഷക്കെടുതിയിൽ ഇതേ പുറംബണ്ടിലെ തേയ്മാനങ്ങൾ വീണ്ടും ചെളിക്കട്ട ഉപയോഗിച്ച് ബലപ്പെടുത്തിയിരുന്നു. തോടിനെ സംരക്ഷിക്കുന്നതിനും, കൃഷിയെ സംരക്ഷിക്കുന്നതിനും പുരാതനരീതിയിലുള്ള ചിലവു കുറഞ്ഞ പുറംബണ്ട് നിർമ്മാണം അനിവാര്യമായിരിക്കുന്നു. ഈ പുറംബണ്ടിലെ വർഷാവർഷമുണ്ടാകുന്ന തേയ്മാനം ഒഴിവാക്കുന്നതിനു വേണ്ടി കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബണ്ട് ആവരണം ചെയ്ത് അതിൽ അനുയോജ്യമായ ചെടികൾ വച്ചു പിടിപ്പിച്ച് ബണ്ട് ബലപ്പെടുത്തുകയും ചെയ്യാവുന്നതാണ്. മറ്റു ജില്ലകളിൽ വിജയകരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഈ രീതി നമ്മുടെ പാടശേഖരങ്ങളിലും നടപ്പിലാക്കി നിർമ്മാണച്ചിലവ് കുറയ്ക്കേണ്ടതാണ്.

കുളങ്ങളുടെ സംരക്ഷണം

നിലവിലുള്ള എല്ലാ കുളങ്ങളും വൃത്തിയാക്കി വശങ്ങൾ കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തി കൂടുതൽ ജലം സംഭരിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. കുളങ്ങൾ വൃത്തിയാക്കുന്നതിനും വശങ്ങൾ ബലപ്പെടുത്തുന്നതിനുമായി എം.ജി.എൻ.ആർ.ഇ.എസ്-നെ ഉൾപ്പെടുത്തി പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

കാവുകളുടെ സംരക്ഷണം

ഭൂമിയിൽ മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവജാലങ്ങളും ഓരോ കാലവും പരസ്പരം സഹകരിച്ച് വളരുന്ന ഒരു ജൈവ ആവാസവ്യവസ്ഥയാണുള്ളത്. ഇതിൻറെ ഒരു ചെറിയ പ്രതിരൂപമാണ് നമ്മുടെ കാവുകൾ. മണ്ണിനെയും പുല്ലിനെയും ചെറു ജീവജാലങ്ങളെയും വൃക്ഷങ്ങളെയും പരസ്പര പൂരകങ്ങളായി സംരക്ഷിക്കപ്പെടുന്ന ഇടമായിരുന്നു നമ്മുടെ കാവുകൾ. എന്നാൽ ഇന്ന് കാവുകൾ നശിപ്പിക്കപ്പെടുകയും പരമ്പരാഗതമായി മാത്രം ക്ഷേത്രങ്ങളുടെ പരിസരം മാത്രമായി ചുരുങ്ങുകയും ചെയ്തു കൊണ്ടിരിക്കുന്നു. ഇവയാണെങ്കിൽ കല്ലുകളും ഓടുകളും പാകി ഒരു ചെടി പോലും ഇല്ലാത്ത അവസ്ഥയിലുമാണ് പലയിടങ്ങളിലും കാണുന്നത്. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തി കാവുകളിൽ മരങ്ങളും ചെടികളും വള്ളിപ്പടർപ്പുകളും നട്ടുവളർത്തി ജൈവ ആവാസവ്യവസ്ഥ നിലനിൽക്കുന്ന രീതിയിൽ സംരക്ഷിക്കുകയും കാവുകൾ സംരക്ഷിക്കുന്ന മറ്റു പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്താൽ നല്ലൊരളവിൽ മണ്ണിനെയും മണ്ണിൽ വീഴുന്ന ജലത്തെയും സംരക്ഷിക്കുവാൻ സാധിക്കും.

L. ഏകോപന സാധ്യതകൾ

ഒരു പ്രദേശത്തിൻറെ വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികളിൽ വിവിധ ഘട്ടങ്ങളിൽ വിവിധ വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തി പദ്ധതി പൂർത്തീകരണം നടപ്പിലാക്കേണ്ടതാണ്. പദ്ധതികളിലെ പ്രധാന ഘടകങ്ങൾ സംസ്ഥാന സർക്കാർ എം.ജി.എൻ.ആർ.ഇ.ജി.എസ് മുഖേനയും നടപ്പിലാക്കി വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കാവുന്നതാണ്. ഇത്തരത്തിൽ പദ്ധതിക്ക് വേണ്ടതായ ചെലവ് വിവിധ വകുപ്പുകളാൽ സംയോജിക്കപ്പെടുമ്പോൾ പദ്ധതി പൂർത്തീകരണം എളുപ്പമാകുന്നു.

കേന്ദ്ര -സംസ്ഥാന തലങ്ങളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കേണ്ടൻത് മുഖ്യമായും കേന്ദ്ര, സംസ്ഥാന തലത്തിലും മറ്റു ധന സഹായമാർഗ്ഗങ്ങൾ വഴിയുമാണ്.

1. കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് അംഗീകാരം കിട്ടിയിട്ടുള്ള പ്രവൃത്തികൾ പൂർണ്ണമായി നടപ്പിലാക്കുക.
2 മീനച്ചിലാറ്റിൽ ജലസംഭരണത്തിനായി അനുമതി കിട്ടിയ മിനിഡാമുകൾ KIFB വഴിയും അല്ലാതെയുമുള്ളവ സമയബന്ധിതമായി നടപ്പിലാക്കുക.
3 എം.വി.ഐ.പി. കനാലിൻറെ മുടങ്ങിക്കിടക്കുന്ന ഭാഗങ്ങൾ കൂടി ഉടനെതന്നെ പൂർത്തിയാക്കുക.
4 സംസ്ഥാന സർക്കാർ വഴിയും നബാർഡ് സഹായത്തോടുകൂടിയും ആവശ്യമുള്ള സ്ഥലങ്ങളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുക.
5. കായൽ കമ്മീഷൻ റിപ്പോർട്ട് പ്രകാരം വേമ്പനാട് കായൽ സംരക്ഷണത്തിനായി വേൾഡ് ബാങ്ക് തുടങ്ങിയ ഏജൻസികൾ വഴി ഫണ്ട് ലഭ്യമാക്കി കായലിനെ സംരക്ഷിക്കുക.
6. R-URBAN മുതലായ പദ്ധതികൾ വഴി കൂടുതൽ സ്ഥലങ്ങളിൽ കൃഷി- മണ്ണ് – ജലസംരക്ഷണ പ്രവർത്തനങ്ങൾ വ്യാപകമാക്കുക.

M. ഹ്രസ്യ-ദീർഘകാല പദ്ധതികൾ

ഹ്രസ്യകാല പദ്ധതികൾ

1. മഴക്കാലം കഴിയുന്നതോടെ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന മലനാട്ടിൽ അധിക ജലസംഭരണത്തിനുള്ള നടപടികൾ സ്വീകരിക്കുക.
2. തോടും ആറും മാലിന്യ വിമുക്തമാക്കുക.
3. പാറമടകളിലെ ജലസംഭരണം പ്രയോജനപ്പെടുത്തുക.
4. ജലസ്രോതസ്സുകളിൽ മാലിന്യം തള്ളുന്നവർക്കെതിരെ കർശനനടപടികൾ സ്വീകരിക്കുക.
5. നദികളിൽ നിന്നും വെള്ളം എടുക്കുന്നതിന് അനുമതി വ്യവസായിക ആവശ്യത്തിന് നൽകുമ്പോൾ കൃത്യമായി വില ഈടാക്കുകയും ആയത് ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്യാവുന്നതാണ്.
6. ഓരു മുട്ടുകൾ സമയബന്ധിതമായി സ്ഥാപിക്കുകയും യഥാസമയം നീക്കം ചെയ്യുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.
7. തോടുകളിലേയും പുഴകളിലേയും പോളയും, പായലും,ചെളിയും നീക്കം ചെയ്ത് സ്ഥിരമായി മാലിന്യ മുക്തമാക്കി സംരക്ഷിക്കുക.
8. മലനാടുകളിലെ ഉറവകൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുക.
9. കുളങ്ങൾ സംരക്ഷിക്കുക.
10. കാവുകൾ, കാടുകൾ ഇവയുടെ സംരക്ഷണം ഉറപ്പ് വരുത്തുക.

ദീർഘകാല പദ്ധതികൾ

1. മൂടപ്പെട്ടു പോയ ചെറുതോടുകൾ സർവ്വേ ചെയ്ത് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
2. ജലത്തിൻറെ സുഗമമായ ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന അശാസ്ത്രീയമായ നിർമ്മിതികൾ പൊളിച്ച് പുനർനിർമ്മിക്കുക.
3. ഹരിത സാക്ഷരത - സ്കൂളുകളിലെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക.
4. വേമ്പനാട്ടു കായൽ പൂർണ്ണമായും മാലിന്യമുക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
5. ഉയർന്ന പ്രദേശങ്ങളിലും, ഇടനാട്ടിലും കൂടുതൽ ജലസംഭരണത്തിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക.
6. താഴ്ന്ന പ്രദേശങ്ങളിൽ ജലഗതാഗതമാർഗ്ഗങ്ങൾ സുഗമമായി സൂക്ഷിക്കുകയും, ജലകായിക മേളകൾ, ടൂറിസം സാദ്ധ്യതകൾ എന്നിവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുക.
7. താഴ്ന്ന പ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തുക.
8. ആറുകളുടെയും തോടുകളുടെയും ഉറവകളുടെയും അതിരുകൾ ജണ്ടയിട്ട് തിരിക്കുകയും അവയുടെ പേരുകൾ ബോർഡുകളിൽ രേഖപ്പെടുത്തുകയും ചെയ്യുക.
9. കൃഷിയെ പരമാവധി പ്രോത്സാഹിപ്പിക്കുക. ഇത് ജലസംരക്ഷണത്തെ വളരെയധികം സഹായിക്കുന്നതാണ്.

4.1.3 മൃഗസംരക്ഷണം

ആമുഖം

കോട്ടയം ജില്ലയിലെ ജനസംഖ്യ 1974551 ആണ്. ഇതിൽ പശു വളർത്തലിൽ ഏർപ്പെട്ടരിക്കുന്നത് 39344 കുടുംബങ്ങളും എരുമ വളർത്തു 3773 കുടുംബങ്ങൾ, മറ്റ് മൃഗങ്ങളെ വളർത്തുന്ന കുടുംബങ്ങൾ ആട്-37210, പന്നി-2194, മുട്ടക്കോഴി-146250 എന്നീ ക്രമത്തിലുമാണ്. സ്വകാര്യമേഖലയിൽ ഏതാണ്ട് 200 ആടുഫാമുകളും 400 ഇറച്ചിക്കോഴിയൂണിറ്റുകളും 40 മുട്ടക്കോഴി ഫാമുകളും പ്രവർത്തിക്കുന്നു. ഒരു ആധുനിക അറവുശാലയും അംഗീകാരമുള്ള 3 അറവുശാലകളും അംഗീകാരമില്ലാത്ത 128 അറവുശാലകളും ജില്ലയിലുണ്ട്. സർക്കാർ മേഖലയിൽ വെറ്ററിനറി ആശുപത്രി-87 , വെറ്ററിനറി സബ്സെൻറർ -82, രാത്രികാലമൃഗ ചികിത്സ യൂണിറ്റ്- 7, എ.ബി.സി.സെൻറർ- 5, ക്ളിനിക്കൽ ലാബറട്ടറികൾ-5, പിഗ് ബ്രീഡിംഗ് യൂണിറ്റ്-1, കോഴി ഫാം-1, മൃഗസംരക്ഷണ പരിശീലനകേന്ദ്രം-1, ജില്ലാ വെറ്ററിനറി കേന്ദ്രം-1, എന്നീ സ്ഥാപനങ്ങൾ ജില്ലയിലുണ്ട്. ജില്ലയിൽ നായ്ക്കളുടെ എണ്ണം 50701 ആണ്. ഇതിൽ 27000 തെരുവുനായ്ക്കൾ ഉണ്ട് എന്നുകണക്കാക്കപ്പെടുന്നു. 4450 തെരുവുനായ്ക്കളെ വന്ധീകരിച്ചിട്ടുണ്ട്. ജില്ലയിൽ 12 ക്ഷീര വികസന യൂണിറ്റുകൾ ഉണ്ട്. രജിസ്റ്റർ ചെയ്യപ്പെട്ട ക്ഷീര സംഘങ്ങൾ -280 (ആപ്കോസ് സംഘങ്ങൾ -252, പരമ്പരാഗത സംഘങ്ങൾ- 28) ആണ്. ഇതിൽ പ്രവർത്തിക്കുന്നവ, 240 എണ്ണം ആണ്. 10314 കർഷകർ ഈ സംഘങ്ങളിലായി പാൽ അളക്കുന്നു. 25 ലക്ഷം ലിറ്റർ പാൽ പ്രതിമാസം സംഭരിക്കുന്നു. ജില്ലയിലെ ക്ഷീര സംഘങ്ങൾ വഴി പ്രതിവർഷം 307 ലക്ഷം ലിറ്റർ പാൽ സംഭരിച്ച് വിപണനം നടത്തിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ 600 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽ കൃഷി ചെയ്യുന്നു.

ജില്ലാ വികസന പരിപ്രേക്ഷ്യം

കന്നുകാലികളുടെ /പക്ഷികളുടെ എണ്ണവും ഉല്പാദനവും

ക്രമനം	ഇനം	എണ്ണം	നിലവിലെ ഉത്പാദനം (വാർഷികം)
1	പശു		
a.	നാടൻ	894	1488 ടൺ (പാൽ)
b.	സങ്കരയിനം	80786	242444 ടൺ (പാൽ)
2	പോത്ത്/കാളക്കുട്ടി	3515	
3	എരുമ	6141	4918 ടൺ (മാംസം)
4	ആട്	94297	10854 ടൺ (മാംസം)
5	പന്നി	7491	1625 മെട്രിക് ടൺ(മാംസം)
6	മുട്ടക്കോഴി	524469	

അവലംബം ലൈവ് സ്റ്റോക്ക് സെൻസസ് 2012.

<u>വികസനമേഖലകൾ - അവസ്ഥയും പരിപ്രേക്ഷ്യം</u>

പ്രശ്നങ്ങൾ

1 . കർഷകർക്ക് ഉല്പാദനച്ചിലവിനാനുപാതികമായി പാൽ വില ലഭിക്കുന്നില്ല.

2 . പുൽകൃഷി വ്യാപിപ്പിക്കുന്നതിനു തരിശുഭൂമിയുടെ ലഭ്യതക്കുറവ്.

3 . കാലിത്തിറ്റയുടെ വിലവർദ്ധനവ് .

4 . ഉയർന്ന മൃഗ ചികിത്സ ചിലവ്.

5 . യന്ത്ര വത്ക്കരണത്തിലെ അപര്യാപ്തത.

6 . ഉല്പാനക്ഷമത പരമാവധി പ്രയോജനപ്പെടുത്തുന്നില്ല.

7 . വറ്റുകാല/ ഗർഭകാലച്ചിലവിലെ ബാധ്യത.

8 . ബാങ്കു ലോണിന്റെ ഉയർന്ന പലിശനിരക്ക് (കാർഷിക വായ്പയായി പരിഗണിക്കുന്നില്ല) .

9 . പാലുവില നിർണ്ണയാധികാരം കോടതി വിധിയുടെ അടിസ്ഥാനത്തിൽ മിൽമയ്ക്കു ലഭിച്ചെങ്കിലും വിലവർദ്ധനവിന്റെ ഗുണം പൂർണ്ണമായും കർഷകർക്കു ലഭിക്കുന്നില്ല.

10 . യഥാർത്ഥ കർഷകരിൽ പലരും ബി.പി.എൽ. ലിസ്റ്റിനു പുറത്തായതിനാൽ പദ്ധതി ആനുകൂല്യം ലഭിക്കുന്നില്ല.

11 . മതിയായ ഗുണനിലവാരമില്ലാത്ത കാലിത്തീറ്റ.

12 . സങ്കരയിനം മുട്ടക്കോഴികളുടെ ലഭ്യതക്കുറവ്.

13 . മുട്ടക്കോഴി വളർത്തൽ സംഘടിതമല്ല.

14 . മുട്ട വിപണനം നടത്തിയതിലെ അപര്യാപ്തത.

15. മൂരിക്കുട്ടികളും/ പോത്തിൻ കുട്ടികളും ശാസ്ത്രീയമായി സംരക്ഷിക്കപ്പെടുന്നില്ല.

16 . ആധുനിക അറവുശാലകൾ നിലവിലില്ല.

17 . വൻകിട ഇറച്ചിക്കോഴിഫാമുകളുടെ അപര്യാപ്തത.

18 . നല്ലയിനം ആട്ടിൻ കുട്ടികൾ, കന്നുകുട്ടികൾ എന്നിവയുടെ ലഭ്യതക്കുറവ്.

19 . ആധുനിക രോഗ നിർണ്ണയത്തിന്റെയും പൂർണ്ണ ചികിത്സാ സൗകര്യങ്ങളുടേയും അപര്യാപ്തത.

20 . ഫാമുകളിലെ ആധുനിക സൗകര്യക്കുറവ്.

21 . വിപണന കേന്ദ്രങ്ങളുടെ അപര്യാപ്തത.

22 . ലൈസൻസിംഗ് നടപടികൾ.

23 . തെരുവു നായ ശല്യം.

വികസന പരിപ്രേക്ഷ്യം

പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനവർദ്ധനവ്.

നിർദേശങ്ങൾ

1. പരിശീലന കേന്ദ്രങ്ങൾ, ബാങ്കുകൾ എന്നിവയുമായി സംരഭകരെ ബന്ധപ്പെടുത്തുന്നതിന് സഹായം.
2. ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം.
3. പ്രത്യേക മൃഗസംരക്ഷണസോണുകൾ, ആധുനിക ഫാമുകൾ.
4. മൃഗാശുപത്രികൾക്ക് ആവശ്യമായ മരുന്ന് നൽകൽ.
5. യന്ത്രവൽക്കരണം ത്വരിതപ്പെടുത്തൽ.
6. മുട്ടകോഴിക്കുഞ്ഞുങ്ങളുടെ വർദ്ധിച്ച ഉൽപ്പാദനം.
7. മൃഗസംരക്ഷണസ്ഥാപനങ്ങളുടെ നവീകരണം.
8. വിപണനകേന്ദ്രങ്ങൾ സജ്ജീകരിക്കുക.
9. കന്നുകുട്ടികളുടെയും, പോത്തിൻ കുട്ടികളുടെയും ശാസ്ത്രീയസംരക്ഷണത്തിനാവശ്യമായ ധനസഹായം.
10. ആധുനിക അറവുശാല സ്ഥാപിക്കൽ.
11. ആട്ടിൻകുട്ടികൾ, കന്നുകുട്ടികൾ എന്നിവയുടെ പ്രജനനകേന്ദ്രങ്ങൾ, ഹാച്ചറികൾ എന്നിവ സ്ഥാപിക്കൽ.
12. ജില്ലയിൽ മാർജിൻഫ്രീ മെഡിക്കൽ സ്റ്റോർ സ്ഥാപിക്കൽ.

ജില്ലാ പദ്ധതി നിർദേശങ്ങൾ

1 മൃഗസംരക്ഷണ സ്ഥാപനങ്ങളുടെ നവീകരണം, അടിസ്ഥാനസൗകര്യവികസനം.

2 ജില്ലയിലെ ക്ഷീരസംഘങ്ങൾക്ക് ധനസഹായം.

3 ആധുനിക അറവുശാല സ്ഥാപിക്കുന്ന ഗ്രാമ/ ബ്ളോക്ക് പഞ്ചായത്തുകൾക്ക് ധനസഹായം.

4 പാൽ ഉല്പന്ന വിപണന കൺസോർഷ്യം.

5 പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിലെ സാങ്കേതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, നവീകരിക്കുക, മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ വിപണനകേന്ദ്രം സ്ഥാപിക്കുക.

6 തീറ്റപുൽ കൃഷി വികസനത്തിനും ക്ഷീര സംഘങ്ങൾക്കും ധനസഹായം.

7 വ്യാവസായിക അടിസ്ഥാനത്തിലുള്ള പാലിന്റെയും പാൽ ഉൽപ്പന്നങ്ങളുടേയും വിപണന ശൃംഖല.

8 മാംസത്തിന്റെയും, മുട്ടയുടേയും, വ്യവസായിക വിപണന ശൃംഖല

9 വ്യാവസായിക അടിസ്ഥാനത്തിലുള്ള കാലിത്തീറ്റ നിർമ്മാണം, മിക്സിംഗ് യൂണിറ്റുകൾ, കോഴിത്തീറ്റ ഫാക്ടറി.

10 നാടൻ പശുക്കളുടെ കേന്ദ്രീകൃത സംരക്ഷണ കേന്ദ്രങ്ങൾ.

11 കറവയന്ത്ര വിതരണം, ഗ്രൂപ്പടിസ്ഥാനത്തിൽ തൊഴിലുറപ്പ് പദ്ധതിപ്രകാരം കറവപരിശീലനം, മൊബൈൽ കറവയന്ത്ര വിതരണം.

12 തരിശുഭൂമിയിൽ വ്യാവസായിക അടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി വ്യാപനവും വിതരണവും.

13 ക്ഷീരകർഷകർക്കു മഴക്കാല സംരക്ഷണത്തിനുള്ള പദ്ധതികൾ.

14 ക്ഷീര കർഷകർക്കു വരൾച്ച സമയത്തു കാലിതീറ്റ ഇൻസെൻറീവ്.

15 മിൽക്കു ഇൻസെൻറീവ് - സംയുക്ത പ്രോജക്ട്.

16 ഗ്രൂപ്പടിസ്ഥാനത്തിൽ ചാണകവരളി വിപണനം .

17 ഗോബർഗ്യാസ് വ്യാപനം.

ലക്ഷ്യങ്ങൾ

1. പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപാദന വർദ്ധനവ്.
2. ജന്തു ജന്യരോഗ നിയന്ത്രണം.
3. മൃഗചികിത്സയും രോഗപ്രതിരോധ പ്രവർത്തനങ്ങളും.
4. തൊഴിൽ സാധ്യതകൾ.
5. വരുമാന വർദ്ധനവ്.

<u>വികസന പരിപ്രേക്ഷ്യം-ദീർഘകാലം-2030 ൽ കൈവരിക്കാവുന്നവ</u>

ക്രമ നമ്പർ	പരിപ്രേക്ഷ്യം (വികസന സ്വപ്നങ്ങൾ)	സൂചിക	നിലവിലുള്ള ഉൽപാദനം	കൈവരിക്കേണ്ട ദീർഘകാല ലക്ഷ്യം
1.	പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദന വർദ്ധനവ്	ഇന്റഗ്രേറ്റഡ് സാംപിൾ സർവ്വേ 2014-15	പാൽ-258361 ടൺ മുട്ട- 2262 ലക്ഷം മാംസം-31771 മെട്രിക് ടൺ	4 ലക്ഷം ടൺ 50 കോടി 100000 മെട്രിക് ടൺ

വികസന പരിപ്രേക്ഷ്യം – ദീർഘകാലം കൈവരിക്കാവുന്നവ

ക്രമ നം	പരിപ്രക്ഷ്യം (വികസന സ്വപ്നങ്ങൾ)	സൂചിക	നിലവിലുള്ള ഉത്പാദനം	കൈവരിക്കേണ്ട ദീർഘകാല ലക്ഷ്യം				
				2017-18	2018-19	2019-20	2020-21	2021-22
1	പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദന വർദ്ധനവ്	ഇന്റഗ്രേറ്റഡ് സാംപിൾ സർവ്വേ 2014-15	പാൽ- 258361 ടൺ	273689 ടൺ	289017	304345	319673 ടൺ	335004 ടൺ
			മുട്ട 2262 ലക്ഷം	2800 ലക്ഷം	3200 ലക്ഷം	3600 ലക്ഷം	4000 ലക്ഷം	4200 ലക്ഷം
			മാംസം- 31771 മെട്രിക് ടൺ	32000 മെട്രിക് ടൺ	33000 മെട്രിക് ടൺ	34000 മെട്രിക് ടൺ	35000 മെട്രിക് ടൺ	36000 മെട്രിക് ടൺ

കീഴ് ത്തട്ട് നിർദ്ദേശങ്ങൾ

1. ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങൾ

1. പരിശീലന കേന്ദ്രങ്ങൾ,ബാങ്കുകൾ എന്നിവയുമായി സംരംഭകരെ ബന്ധപ്പെടുത്തുന്നതിന് സഹായം.
2. ഉല്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണം.
3. പ്രത്യേക മൃഗസംരക്ഷണ സോണുകൾ, ആധുനിക ഫാമുകൾ.
4. മൃഗാശുപത്രികൾക്ക് ആവശ്യമായ മരുന്ന് നൽകൽ.
5. യന്ത്രവത്കരണം ത്വരിതപ്പെടുത്തുക.
6. മുട്ടക്കോഴിക്കുഞ്ഞുങ്ങളുടെ വർദ്ധിച്ച ഉല്പാദനം.
7. മൃഗസംരക്ഷണ സ്ഥാപനങ്ങളുടെ നവീകരണം.
8. വിപണനകേന്ദ്രങ്ങൾ സജ്ജീകരിക്കുക.
9. കന്നുകുട്ടികളുടേയും പോത്തിൻകുട്ടികളുടേയും ശാസ്ത്രീയ സംരക്ഷണത്തിനാവശ്യമായ ധനസഹായം.
10. ആധുനിക അറവുശാല സ്ഥാപിക്കൽ.
11. ആട്ടിൻകുട്ടികൾ, കന്നുകുട്ടികൾ എന്നിവയുടെ പ്രജനന കേന്ദ്രങ്ങൾ, ഹാച്ചറികൾ എന്നിവ സ്ഥാപിക്കൽ.
12. ഗ്രാമ പഞ്ചായത്തുകൾ പദ്ധതിയിൽ ഉൾപ്പെടുത്തി കാടപക്ഷികളെ വളർത്തുവാൻ സഹായം നൽകുക.

കീഴ് ത്തട്ട് പഞ്ചായത്ത് തലത്തിൽ

13 തീറ്റപ്പുൽ കൃഷി വ്യാപനം.

14 കന്നുകാലികൾക്ക് വറ്റുകാല /ഗർഭകാല സംരക്ഷണത്തിന് പദ്ധതി.

15 കാലിത്തീറ്റയ്ക്കും ധാതുലവണങ്ങൾക്കും സബ്സിഡി.

16 ഗ്രാമപഞ്ചായത്ത്/നഗരസഭ തലത്തിൽ നായ്ക്കളുടെ വന്ധ്യംകരണത്തിന് പരിപാടി.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. കന്നുകുട്ടി പരിപാലന പദ്ധതികൾ ജില്ലയിൽ ജനിക്കുന്ന മുഴുവൻ പശുക്കുട്ടികളേയും ഉൾപ്പെടുത്തുക.
2. കാലിത്തീറ്റയുടെ ഗുണമേൻമ ഉറപ്പു വരുത്തുക.
3. ഫാമുകൾ ആരംഭിക്കുന്നതിന് ഏകജാലക സംവിധാനം.
4. മൃഗസംരക്ഷണപ്രവർത്തനങ്ങളെ കാർഷികവൃത്തിയായി പരിഗണിച്ച് ബാങ്ക് വായ്പ.
5. എ.പി.എൽ, ബി. പി.എൽ ഭേദമന്യേ സബ്സിഡി.
6. ഇരുപത്തിനാലുമണിക്കൂറും മൃഗചികിത്സാ സൗകര്യം.
7. ലൈസൻസിംഗ് നടപടികൾ ലഘൂകരിക്കുക.
8. അഞ്ച് പശുക്കളിൽ കൂടുതൽ വളർത്തുന്നതിനുള്ള നിയന്ത്രണങ്ങൾ പത്തു പശുക്കളിൽ കൂടുതൽ എന്നാക്കുക.

പന്നി വളർത്തൽ

പന്നി വളർത്തലിൽ താത്പര്യവും, സ്ഥലസൗകര്യവുമുള്ള കർഷകർക്ക് അഞ്ചു പെൺ പന്നിയും, ഒരു ആൺ പന്നിയുമടങ്ങുന്ന യൂണിറ്റുകൾ സജ്ജമാക്കാം. ഇതിന് ധനസഹായം നൽകി പ്രോത്സാഹിപ്പിക്കാം.

സമ്മിശ്ര പ്രവർത്തനങ്ങൾ

പ്രവാസികൾക്കും മറ്റു നിക്ഷേപകർക്കുമായി മൃഗസംരക്ഷണ മേഖലയിലെ സമ്മിശ്ര പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാം. ഹാച്ചറി (ഇറച്ചിക്കോഴി), പന്നി വളർത്തൽ, ആടുവളർത്തൽ എന്നിവ സംയുക്തമായി വ്യവസായ അടിസ്ഥാനത്തിൽ രൂപീകരിക്കുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കാവുന്നതാണ്. ഇറച്ചി

ഉൽപ്പാദനത്തിൽ ഗണ്യമായ വർദ്ധനവ് നേടാൻ കഴിയും. തോട്ടം മേഖലയിൽ നിന്നും ഒഴിവായിട്ടുള്ള ജില്ലയിലെ ഭൂപ്രദേശങ്ങളെ ഉപയോഗപ്പെടുത്തി നടത്താം. ഫെസിലിറ്റേറ്ററായും സാമ്പത്തിക സഹായം നൽകുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കാം.

ഫാം ടൂറിസം

മൃഗസംരക്ഷണ മേഖലയിലെ കർഷകരുടെ മാതൃകാ ഫാമുകൾ തെരഞ്ഞെടുത്ത് ആയതിന് ആവശ്യമായ ശാസ്ത്ര-സാങ്കേതിക പിന്തുണ നൽകി ഹോം സ്റ്റേ സൗകര്യം ഏർപ്പെടുത്തി ടൂറിസം ശൃംഖലയുമായി ബന്ധപ്പെടുത്തി കർഷകരുടെ വരുമാന വർദ്ധനവും, മേഖലയിലെ ഉദ്പാദന വർദ്ധനവും സാധ്യമാക്കാം. ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങളുമായി ഇതിനെ കൂട്ടിച്ചേർക്കാവുന്നതാണ്.

വിപണനം

ഈ മേഖലയിലെ ഉല്പന്നങ്ങളുടെ വിപണന സൗകര്യം സാധ്യമാക്കുന്നതിനുള്ള ഔട്ട് ലെറ്റുകൾ സ്ഥാപിക്കാം. കുടുംബശ്രീ, സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവയുമായി ചേർന്ന് രൂപീകരിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാൻ കഴിയും.

പക്ഷിപ്പനി

ജില്ലയിൽ കുമരകത്ത് പക്ഷി സങ്കേതവും, ദേശാടന പക്ഷികളുടെ സാന്നിദ്ധ്യവുമുള്ളതാണ്. പക്ഷിപ്പനിക്ക് സാധ്യതയുള്ള ജില്ല എന്ന നിലയിൽ പ്രാധാന്യമർഹിക്കുന്നു.

1. പക്ഷിപ്പനി സംബന്ധിച്ച് ജില്ലയിലെ അപ്പർ കുട്ടനാടൻ മേഖലയിൽ തീവ്ര ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
2. വനം വകുപ്പുമായി ചേർന്ന് പരിശോധനാ സംവിധാനങ്ങൾ ഊർജ്ജിതപ്പെടുത്തുക.
3. ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാതല മോണിറ്ററിംഗ് സമിതി രൂപീകരിച്ച് മുൻകരുതൽ പ്രവർത്തനങ്ങൾ, ജാഗ്രതാ നിർദ്ദേശങ്ങൾ എന്നിവ ആവിഷ്കരിച്ചു നടപ്പിലാക്കുക.

പദ്ധതി വിശദീകരണം

മറവൻതുരുത്ത് മാതൃകാഗ്രാമം

മൃഗസംരക്ഷണവകുപ്പിന്റെ 2017 - 2018 വർഷത്തെ മാതൃകാ പഞ്ചായത്ത് വികസനപദ്ധതിപ്രകാരം കേരളത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 14 ഗ്രാമപഞ്ചായത്തുകളിൽ ഒന്നാണ് മറവൻതുരുത്ത്. ഇതിലേയ്ക്ക് പദ്ധതി വിഹിതമായി അനുവദിക്കുന്നത് അഞ്ച് (5) ലക്ഷം രൂപയാണ്. എന്നാൽ ഈ മേഖലയിലെ വിവിധ പദ്ധതികളെയും ഏജൻസികളെയും ഏകോപിപ്പിച്ചുകൊണ്ട് മാതൃകാ പഞ്ചായത്ത് വികസനം സാധ്യമാക്കുമ്പോൾ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ മൃഗസംരക്ഷണമേഖലയിൽ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പദ്ധതിപ്പണവും ഗുണഭോക്തൃവിഹിതവുമടക്കം നിക്ഷേപിക്കപ്പെടുന്നത് 2,04,61,500/- രൂപയാണ്. (രണ്ട് കോടി നാലു ലക്ഷത്തി, അറുപത്തിയോരായിരത്തിഅഞ്ഞൂറ് രൂപയാണ്).

ധനസ്രോതസ്സ്

മൃഗസംരക്ഷണവകുപ്പ്	15,60,500/- രൂപാ
ക്ഷീരവികസനവകുപ്പ്	10,00,000/- രൂപാ
മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത്	8,02,500/- രൂപാ
കെ.എൽ.ഡി.ബോർഡ്	75,000/- രൂപാ
മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി	1,21,72500/- രൂപാ
കുടുംബശ്രീ	1,05,000/- രൂപാ
ആകെ പദ്ധതി വിഹിതം	1,57,15500 രൂപാ
ഗുണഭോക്തൃവിഹിതം	47,46,000/- രൂപാ
ആകെ അടങ്കൽ	20,46,1500/- രൂപാ

- പാൽ, മുട്ട എന്നിവയുടെ ഉൽപ്പാദനത്തിൽ വർദ്ധനവും കർഷകർക്ക് വരുമാനവും ഈ രംഗത്ത് സ്വയം പര്യാപ്തതയും ലക്ഷ്യമിടുന്നു. മൃഗസംരക്ഷണവകുപ്പ് മുഖേന 1000 സ്കൂൾകുട്ടികൾക്ക് 5 കോഴിക്കുഞ്ഞുങ്ങളെ വീതം നൽകുന്നതിനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തി ചുരുങ്ങിയത് 500 കോഴിക്കൂട് എങ്കിലും പണിത് നൽകുന്നതിനും പദ്ധതിയിടുന്നു. കൂട് പണിയുന്നതിനായി 23 കുടുംബശ്രീ വനിതകൾക്ക് മേസ്ത്രിരി പരിശീലനം നൽകി തൊഴിൽ ബാങ്ക് രൂപീകരിച്ചിട്ടുണ്ട്. ഈ വിദഗ്ധരുടെ നേതൃത്വത്തിൽ കോഴിക്കൂടുകൾ നിർമ്മിച്ചുനൽകും. ശുചിയായ പാലുല്പാദനം ലക്ഷ്യമിട്ട് ഡയറി യൂണിറ്റുകൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 50 കാലിത്തൊഴുത്തുകളും നിർമ്മിച്ചുനൽകാൻ പദ്ധതിയിട്ടിരിക്കുന്നു. ഒരു കോഴിക്കൂടിന് 17495/- രൂപയും ഒരു കന്നുകാലിതൊഴുത്തിന് 64000/- രൂപയുമാണ് ചിലവ്. ഇത് പൂർണ്ണമായും തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമായിരിക്കും.
- ക്ഷീരവികസനവകുപ്പ് 31 കറവപശുക്കളെ വിതരണം ചെയ്യുന്നു.
- കന്നുകാലിവികസന ബോർഡ് കുടുംബശ്രീ ഗ്രൂപ്പുകൾക്ക് തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് സാങ്കേതിക സഹായവും ധനസഹായവും നൽകുന്നു. അഞ്ച് ഏക്കർ സ്ഥലത്ത് കുടുംബശ്രീ ഗ്രൂപ്പുകൾ പുൽകൃഷി തുടങ്ങുന്നു. ഇതിന്റെ തൊഴിൽദിനങ്ങൾ തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമാണ്. വ്യാവസായിക അടിസ്ഥാനത്തിൽ പുൽകൃഷി വ്യാപിപ്പിക്കുകയാണ് ലക്ഷ്യം.
- മൃഗസംരക്ഷണവകുപ്പ് മുഖേന താറാവു വളർത്തൽ യൂണിറ്റുകൾ, മാലിന്യസംസ്കരണയൂണിറ്റ്, കറവയന്ത്രം നൽകൽ എന്നീ പരിപാടികളും കൂടി കൂട്ടിചേർത്തിട്ടുണ്ട്. കന്നുകുട്ടി പരിപാലന പദ്ധതിയിൽ 100 കിടാക്കൾക്ക് 18 മാസംവരെ സബ്സിഡി നിരക്കിൽ ആവശ്യമായ കാലിത്തീറ്റ നൽകി ആരോഗ്യവും ഉൽപ്പാദനവും ഉല്പാദനക്ഷമതയുള്ളതുമായ പശുക്കളെ രൂപപ്പെടുത്തുന്നതിനും പദ്ധതിയിട്ടിരിക്കുന്നു.
- ഗ്രാമപഞ്ചായത്ത് 45 ആട് വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പദ്ധതിയിട്ടിട്ടുണ്ട്.
- ഗ്രാമപഞ്ചായത്ത്തലത്തിൽ പദ്ധതിപ്പണവും, മനുഷ്യവിഭവശേഷിയും, സാങ്കേതികത്വവും സമഗ്രമായി കേന്ദ്രീകരിച്ചുകൊണ്ട് ഉൽപ്പാദനവരുമാനവർദ്ധനവും, സ്വയം പര്യാപ്തതയും സാധ്യമാക്കുന്നതിനായുള്ള ഈ യജ്ഞത്തിൽ ധനകാര്യസ്ഥാപനങ്ങളുടെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും, പൊതുജനങ്ങളുടെയും സഹകരണവും പിന്തുണയും അഭ്യർത്ഥിക്കുന്നു.

കേന്ദ്ര – സംസ്ഥാനാവിഷ്കൃതപദ്ധതികൾ

1. വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിൽസാ സേവനപദ്ധതിപ്രകാരം രാത്രികാലങ്ങളിലെ സേവനത്തിനു മാത്രമായി വാഴൂർ, ഓലം, ഏറ്റുമാനൂർ, മാടപ്പള്ളി, കാഞ്ഞിരപ്പള്ളി, പള്ളം, കടുത്തുരുത്തി എന്നീ ഏഴ് ബ്ളോക്കുകളിൽ കരാർ അടിസ്ഥാനത്തിൽ വെറ്ററിനറി ഡോക്ടറന്മാരെ നിയമിച്ചു. പ്രസ്തുത ബ്ളോക്കുകളിൽ വൈകുന്നേരം 06.00 മണി മുതൽ രാവിലെ 06.00 മണിവരെ മൃഗചികിൽസാസേവനം ലഭ്യമാകുന്നതാണ്.
2. എസ്.ആർ.ഇ.പി. മോഡൽ പഞ്ചായത്ത് പദ്ധതിപ്രകാരം മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന് 5,10,000/- രൂപ അനുവദിച്ചു.
3. ഗോട്ട്സാറ്റലൈറ്റ് യൂണിറ്റുകൾ 70 എണ്ണം നടപ്പിലാക്കുന്നതിനായി 17.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.
4. ബ്ളോക്കുതലത്തിൽ പരിശീലനപരിപാടികൾ സംഘടിപ്പിക്കുന്നതിനായി 1,26,000/- രൂപ അനുവദിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കി വരുന്നു.
5. താലൂക്ക്തലത്തിൽ സംരംഭകത്വ പരിശീലനപരിപാടികൾ സംഘടിപ്പിക്കുന്നതിനായി 1,00,000/-രൂപ അനുവദിക്കുകയും, പ്രസ്തുത പരിശീലനപരിപാടികൾ നടപ്പിലാക്കുകയും ചെയ്തു.
6. വന്ധ്യതാനിവാരണ പ്രവർത്തനങ്ങൾക്കായി 2,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കി വരുന്നു.

7. ജില്ലയിൽ താറാവ് നേഴ്സറികളുടെ സ്ഥാപിക്കലും, താറാവ് വളർത്തൽ പ്രചരണത്തിനുമായി 500 യൂണിറ്റുകൾ നടപ്പിലാക്കുന്നതിനായി 6,06,000/- രൂപ അനുവദിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കി വരുന്നു.

8. സ്കൂളുകൾ വഴി വീട്ടുമുറ്റത്തെ കോഴിവളർത്തൽ പദ്ധതി - ജില്ലയിലെ 65 സ്കൂളുകളിൽ 55 വീതം വിദ്യാർത്ഥികൾക്ക് 46 - 60 ദിവസം പ്രായമായ 5 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 23,70,190/- രൂപ അനുവദിച്ചു.

9. പട്ടികജാതി വികസനവകുപ്പുമായി ചേർന്ന് നടപ്പിലാക്കിവരുന്ന കോഴിവളർത്തൽ പദ്ധതിയ്ക്ക് 4,12,000/- രൂപ അനുവദിച്ചിട്ടുണ്ട്.

10. ജില്ലയിൽ 3 സ്കൂളുകളിൽ ജന്തുക്ഷേമക്ളബ്ബുകൾ രൂപികരിക്കുന്നതിനായി 1,64,000/ രൂപ അനുവദിച്ചിട്ടുണ്ട്.

11. സർക്കാർ ഫാമുകളുടെ ശാക്തീകരണം - ചെറുകിട ക്ഷീരോല്പാദക യൂണിറ്റുകളുടെ യന്ത്രവൽക്കരണപദ്ധതി മുഖേന 15 കറവയന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് ഒരു ഗുണഭോക്താവിന് 25,000/- രൂപ വീതം ധനസഹായം നൽകുന്നതിനായി 3,75,000/- രൂപ അനുവദിക്കുകയും 13 ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം ചെയ്യുകയും ചെയ്തു.

12. മൃഗസംരക്ഷണവകുപ്പ് ഫാമുകളുടെ ശാക്തീകരണം പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടയം ജില്ലയിൽ 15 പിഗ് ഫാറ്റനിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഒരു ഗുണഭോക്താവിന് 50,000/- രൂപ വീതം ധനസഹായം നൽകുന്നതിനായി 7,50,000/- രൂപ അനുവദിച്ചിട്ടുണ്ട്.

13. മൃഗസംരക്ഷണവകുപ്പ് ഫാമുകളുടെ ശാക്തീകരണം പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടയം ജില്ലയിൽ കൺവേർഷൻ ഓഫ് ലൈവ്സ്റ്റോക്ക് ബയോവേയ്സ്റ്റ് മാനുവർ എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു ഗുണഭോക്താവിന് 12,500/-രൂപ വീതം 25 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനായി 3,12,500/- രൂപ അനുവദിച്ചിട്ടുണ്ട്.

14. പട്ടികജാതി വികസനം - പ്രത്യേക ഘടകപദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്രസഹായപദ്ധതിയിൽ ഉൾപ്പെടുത്തി 50 യൂണിറ്റ് ആട് വളർത്തൽ പദ്ധതിയ്ക്കായി 6,06,000/- രൂപ അനുവദിച്ചിട്ടുണ്ട്.

പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ

1. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിലുള്ള സുതാര്യത ഉറപ്പുവരുത്തണം.
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പദ്ധതികളുടെ മോണിറ്ററിംഗ്.
3. ആവശ്യമായ സാങ്കേതിക സഹായം ഉറപ്പുവരുത്തണം .
4. മുൻ-പിൻ ബന്ധങ്ങൾ ഉറപ്പാക്കണം .
5. ഗുണനിലവാരമുള്ള ഇൻപുട്ട്സ് ലഭ്യമാക്കുന്നതിന് ശ്രദ്ധിക്കണം.

പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി, കറവപശു/എരുമ, പെണ്ണാട്, ഗർഭിണികിടാരി, കാളക്കുട്ടി, പോത്തിൻകിടാവ് മുതലായ ഉരുക്കളുടെ വിതരണം, കറവയന്ത്രം വിതരണം, കോഴി, കാട, താറാവ് മുതലായ വളർത്തുപക്ഷികളുടെ വിതരണം, മിനിഡയറി യൂണിറ്റ് ആധുനികവൽക്കരണം, ബ്രോയിലർ യൂണിറ്റ്, മട്ടുപ്പാവിലെ മുട്ടക്കോഴിവളർത്തൽ, പന്നിവളർത്തൽ എന്നീ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഓരോ പഞ്ചായത്തിലും നടപ്പിലാക്കിവരുന്നു.

4.1.4 ക്ഷീര മേഖല

ആമുഖം

ഇന്റർനാഷണൽ ഡെയറി ഫെഡറേഷന്റെ 2014-ലെ കണക്കുകൾ പ്രകാരം ലോകത്തിലെ ആകെ പാലുല്പാദനം 802 ദശലക്ഷം ടണ്ണാണ്. ആകെ പാലുല്പാദനത്തിൽ ഏഷ്യ 28 ശതമാനവും, യൂറോപ്യൻ യൂണിയൻ 24 ശതമാനവും, വടക്കേ അമേരിക്ക 18 ശതമാനവും, തെക്കേ അമേരിക്ക 11 ശതമാനവും, മറ്റ് യൂറോപ്യൻ രാജ്യങ്ങൾ 9 ശതമാനവും, ആഫ്രിക്കയും, ഓഷ്യാനയും 5 ശതമാനം വീതവും പാലുല്പാദിപ്പിക്കുന്നു. 2025-ഓടെ ആഗോള പാലുല്പാദനം 1000 ദശലക്ഷം ടണ്ണിലെത്തുമെന്നാണ് ഫെഡറേഷൻ പ്രതീക്ഷിക്കുന്നത്.

ലോകത്തിലെ ക്ഷീരോല്പാദനത്തിൽ പ്രതിവർഷം 146.3 ദശലക്ഷം ടൺ ഉല്പാദനത്തോടെ (18.2%) ഇന്ത്യ ഒന്നാം സ്ഥാനത്താണ്. അന്താരാഷ്ട്ര തലത്തിൽ നിന്നും വിപരീതമായി ഇന്ത്യയുടെ ആകെയുള്ള പാലുല്പാദനത്തിന്റെ 51 ശതമാനവും ഉല്പാദിപ്പിക്കുന്നത് എരുമകളാണ്. ആഭ്യന്തര പാലുല്പാദനത്തിന്റെ 17.2 ശതമാനം ഉല്പാദിപ്പിക്കുന്ന ഉത്തർപ്രദേശാണ് സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനത്തുള്ളത്. ലോകത്തിൽ ഏറ്റവും കൂടുതൽ കന്നുകാലി സമ്പത്തുള്ള ഇന്ത്യയിൽ 2012 സെൻസസ് പ്രകാരം 299 ദശലക്ഷം കന്നുകാലികളാണുള്ളത്. ഇവയിൽ 108.7 ദശലക്ഷം എരുമകളും 39.7 ദശലക്ഷം സങ്കര വർഗ്ഗ പശുക്കളുമാണ്. കൃഷിയും അനുബന്ധമേഖലകളിൽ നിന്നും ഇന്ത്യയുടെ GDP-യിലേക്കുള്ള സംഭാവനയിൽ 27 ശതമാനം ഡെയറി മേഖലയിൽ നിന്നാണ്. അതുകൊണ്ട് തന്നെ ഭാരതത്തിലെ ഏറ്റവും വലിയ കാർഷികോത്പന്നം പാല് തന്നെയാണ്. ഇത് അരി, ഗോതമ്പ്, ചോളം, പയറ് എന്നിവയേക്കാൾ കൂടുതലാണ്. 700 ലക്ഷത്തിലധികം ഗ്രാമീണ കുടുംബങ്ങൾ പശുവിനെ വളർത്തി പാലുല്പാദിപ്പിക്കുന്നു. കഴിഞ്ഞ ഒരു ദശകമായി ഭാരതത്തിലുണ്ടായ തുടർച്ചയായ 4 ശതമാനം വളർച്ച പ്രതിശീർഷ പാലുല്പാദനം 310 ഗ്രാമിലെത്തിച്ചു. ഇതിലൂടെ ആഗോള പ്രതിശീർഷ ലഭ്യത നിലവാരമായ 294 ഗ്രാമിനെ പിന്തള്ളി മുന്നേറാൻ ഇന്ത്യക്കായി.

ദേശീയ പാലുല്പാദനത്തിന്റെ 1.9 ശതമാനം ഉല്പാദിപ്പിച്ച് കേരളം പാലുല്പാദനത്തിൽ പതിനാലാം സ്ഥാനത്താണ്. കേരളത്തിൽ 1.25 ലക്ഷം സങ്കരയിനം പശുക്കളും, 7705 നാടൻ ഇനവും, 10227 എരുമകളുമാണ് 2012 സെൻസസ് പ്രകാരമുള്ളത്. ദേശീയ നിലവാരത്തെ അപേക്ഷിച്ച് എരുമകളുടെ എണ്ണം കേരളത്തിൽ തുലോം കുറവാണ്. പാലിന്റെ പ്രതിശീർഷ ലഭ്യത 203 ഗ്രാമാണ്. 3683 ക്ഷീര സഹകരണ സംഘങ്ങൾ പാലുല്പാദന രംഗത്തും, മിൽമ വിപണന രംഗത്തും പ്രധാന പങ്കുവ ഹിക്കുന്നു.

വെച്ചൂർ പശുവിന്റെ നാടായ വെച്ചൂർ സ്ഥിതി ചെയ്യുന്നത് കോട്ടയം ജില്ലയിലെ പടിഞ്ഞാറൻ മേഖലയിലെ വൈക്കം ബ്ലോക്കിലാണ്. വെച്ചൂർ പശുക്കൾ അന്യംനിന്നു പോകാതിരിക്കുന്നതിന് വേണ്ടി ജില്ലയിലെ നാടൻ പശു സംരക്ഷണ സമിതി പ്രവർത്തിച്ചുവരുന്നു. മണർകാട്ടുള്ള ചെറിയാൻ ആശ്രമത്തിൽ നാടൻ പശു റിസർച്ച് & പ്രൊമോഷൻ സെന്റർ പ്രവർത്തിച്ചുവരുന്നു.

ക്ഷീര സഹകരണ സംഘങ്ങളിലെ പാൽ സംഭരണവും, ഗുണനിലവാരം പരിശോധിച്ചുള്ള വില നിർണ്ണയവും സുതാര്യമാക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ മുഴുവൻ ക്ഷീര സംഘങ്ങളിലും കമ്പ്യൂട്ടർവത്ക്കരണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇതുവഴി സുരക്ഷിതമായ പാൽ സംഭരണവും, വിതരണവും ഉറപ്പാക്കാൻ സാധിച്ചു.

റബ്ബറിന്റെ നാടായ കോട്ടയം ജില്ലയിൽ റബ്ബറിന്റെ വിലയിടിവ് മൂലം നട്ടം തിരിയുന്ന കർഷകർക്ക് ക്ഷീരോല്പാദക മേഖല വലിയൊരാശ്വാസമായി. ഫണ്ട് വിനിയോഗത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് വർദ്ധിച്ച തോതിലുള്ള പദ്ധതി വിഹിതം ക്ഷീര വികസന രംഗത്തിന്റെ വളർച്ചക്ക് ആക്കം കൂട്ടി.

കൃഷി മേഖലയും, അനുബന്ധ മേഖലകളും ഇന്ന് പരിവർത്തിത ഘട്ടത്തിലാണ്. കൃഷിയെ ജീവനോപാധി മാർഗ്ഗമായി കരുതിയിരുന്ന പരമ്പരാഗത കർഷകരിൽ നിന്നും മാറി ചിന്തിക്കുന്ന യുവതലമുറ ഡെയറി ഫാമിംഗ് സാമ്പത്തിക ലാഭം നൽകുന്ന ഒരു സ്വയം തൊഴിലായി തെരഞ്ഞെടുത്തിരിക്കുന്നു. ക്ഷീരോല്പാദക, മൃഗ പരിപാലന രംഗങ്ങളിൽ വിജയകരമായി മുന്നേറുന്ന യുവാക്കൾ കോട്ടയം ജില്ലയിൽ ഭക്ഷ്യോത്പാദന മേഖലക്ക് വളരെയധികം പ്രതീക്ഷ നൽകുന്നു. കൃഷിക്കാരായ യുവാക്കൾക്ക് സമൂഹത്തിൽ മറ്റെതൊരു തൊഴിലിനും ലഭിക്കുന്ന മാന്യത ഈ തൊഴിലിനും ലഭിക്കുന്നുണ്ട്. ഇതിലൂടെ ജില്ലയിലെ ക്ഷീര മേഖലയിൽ ഒരു വിപ്ലവകരമായ മുന്നേറ്റത്തിന് ആരംഭം കുറിക്കാനും സാധിച്ചിരിക്കുന്നു.

ലക്ഷ്യങ്ങൾ

കോട്ടയം ജില്ല പാലുല്പാദനത്തിൽ സ്വയം പര്യാപ്തതയിലെത്തുക എന്ന ലക്ഷ്യത്തോടുകൂടി ജില്ലയിലെ 12 ക്ഷീര വികസന യൂണിറ്റുകളിലൂടെ ക്ഷീര വികസന പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടത്തി വരുന്നു.

1. കോട്ടയം ജില്ലയെ പാലുല്പാദനത്തിൽ സ്വയം പര്യാപ്തതയിലെത്തിക്കുക.
2. ജില്ലയിലെ ക്ഷീര സംഘങ്ങളെ ആധുനികവൽക്കരിച്ച് ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകളിലൂടെ പാൽ സംഭരണം നടത്തി സുതാര്യത ഉറപ്പാക്കുക.
3. ശുചിത്വ രീതിയിലുള്ള പാലുല്പാദനത്തിലൂടെ ആരോഗ്യത്തിന് സുരക്ഷിതമായ പാൽ ഉപഭോക്താക്കളിലെത്തിക്കുക.
4. തീറ്റപ്പുൽകൃഷി വ്യാപനം നടത്തി ഉല്പാദനച്ചെലവ് കുറച്ച് പാലുല്പാദനം ലാഭകരമാക്കുക.
5. കർഷകർക്ക് സർക്കാരിന്റെ ധനസഹായങ്ങളും, സാങ്കേതിക സഹായങ്ങളും, കർഷക പരിശീലനവും നൽകുക.
6. റീജിയണൽ ഡെയറി ലാബിന്റെ പ്രവർത്തനം ആരംഭിച്ച് പാലിന്റേയും, കാലിത്തീറ്റയുടേയും ഗുണനിലവാര പരിശോധന കാര്യക്ഷമമാക്കുക.
7. പാലുല്പന്നങ്ങളുടെ വ്യാവസായിക വിപണന സാധ്യതകൾ ഉപയോഗപ്പെടുത്തുക.
8. ജൈവകൃഷിക്ക് പ്രാധാന്യം വർദ്ധിച്ച സാഹചര്യത്തിൽ ചാണകം ഉണക്കി പാക്കറ്റാക്കി വിപണനം നടത്തി കർഷകന് അധിക വരുമാനം ലഭ്യമാക്കുക.
9. ജില്ലയിലെ നല്ലയിനത്തിൽപ്പെട്ട കിടാക്കളെ കിടാരി വളർത്തൽ യൂണിറ്റുകളിൽ സംരക്ഷിച്ച് നല്ലയിനം കുറവപ്പശുക്കളാക്കി കർഷകർക്ക് ലഭ്യമാക്കുക.
10. ജില്ലയിലെ എല്ലാ ക്ഷീര കർഷകർക്കും ശാസ്ത്രീയമായ രീതിയിലുള്ള തൊഴുത്തും, മറ്റ് ആധുനിക സൗകര്യങ്ങളും ലഭ്യമാക്കുക.
11. ക്ഷീര മേഖലയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് തൊഴിലവസരങ്ങളും, വരുമാന വർദ്ധനവും ഉറപ്പാക്കുക.

അവസ്ഥാ വിശകലനം

കാലി സമ്പത്ത്

വെച്ചൂർ പശുവിന് പ്രസിദ്ധിയാർജ്ജിച്ച കോട്ടയം ജില്ലയിൽ നിലവിൽ സങ്കരയിനം പശുക്കളാണ് കൂടുതലെങ്കിലും ചെറുവള്ളി ഡ്വാർഫ്, വെച്ചൂർ, കാസർഗോഡ് ഡ്വാർഫ് തുടങ്ങിയ ഇനങ്ങളേയും ജില്ലയിൽ കർഷകർ വളർത്തുന്നു. **കണക്കുകൾ അനുബന്ധം 4.1.4(1) ൽ ചേർത്തിരിക്കുന്നു.**

കോട്ടയം ജില്ലയിലെ ക്ഷീരമേഖലയുടെ ശക്തി 12831 ക്ഷീര കർഷകരും, 280 ക്ഷീരോല്പാദക സഹകരണ സംഘങ്ങളും ഉൾപ്പെട്ടതാണ്. ഇവരെ ക്രോഡീകരിച്ചുകൊണ്ട് സർക്കാരിന്റെ ലക്ഷ്യം നടപ്പാക്കുന്നതിനായി ജില്ലാ തലത്തിൽ ഡെപ്യൂട്ടി ഡയറക്ടറാഫീസും, 12 ക്ഷീര വികസന യൂണിറ്റ് ഓഫീസുകളും, ക്വാളിറ്റി കൺട്രോൾ യൂണിറ്റ് ഓഫീസും, ഒരു ക്ഷീര പരിശീലന കേന്ദ്രവും പ്രവർത്തിക്കുന്നു. ക്ഷീര പരിശീലന കേന്ദ്രം, കോട്ടയം ജില്ലയിലെ ഈരയിൽകടവിൽ പ്രവർത്തിച്ചുവരുന്നു. കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലായി ഇതിന്റെ പ്രവർത്തനപരിധി വ്യാപിച്ചു കിടക്കുന്നു. ജില്ലകളിൽ നിന്നുള്ള ക്ഷീര കർഷകർക്ക് തീറ്റപ്പുൽ കൃഷി വികസനം,

ശുദ്ധമായ പാലുല്പാദനം, ക്ഷീര കർഷക പരിശീലനം, ക്ഷീരോല്പന്ന നിർമ്മാണ പരിശീലനം തുടങ്ങിയ വിവിധങ്ങളായ വിഷയങ്ങളിൽ പരിശീലനം നൽകുക എന്നതാണ് ഈ സ്ഥാപനത്തിന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം. കൂടാതെ ക്ഷീര സംഘം ജീവനക്കാർ, ഭരണസമിതിയംഗങ്ങൾ തുടങ്ങിയവർക്ക് അവരവരുടെ മേഖലകളിലെ വിഷയങ്ങൾ ഉൾപ്പെടുത്തി പരിശീലനം നൽകി വരുന്നു.

കേരളാ മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ നിയന്ത്രണത്തിൽ പ്രവർത്തനം നടത്തുന്ന എറണാകുളം റീജിയണൽ യൂണിയന്റെ കീഴിലുള്ള കോട്ടയം ഡെയറിയിൽ 48,100/- ലിറ്റർ പാൽ സംഭരിച്ച് സൂക്ഷിച്ച് സംസ്കരിച്ച് 1500 മിൽമ ഡീലർമാർ മുഖേന ജില്ലയിൽ പാൽ വിപണനം നടത്തുന്നു.

കറവപ്പശുക്കളിൽ നിന്നും പ്രതിദിനം 3.95 ലക്ഷം ലിറ്റർ പാലുല്പാദിപ്പിക്കപ്പെടുന്നതിൽ 93,000 ലിറ്റർ പാൽ മാത്രം കർഷകർ ക്ഷീര സംഘങ്ങളിൽ നൽകുന്നു. ബാക്കി പാൽ കർഷകർ നേരിട്ട് പ്രാദേശികമായി വില്പന നടത്തുന്നു. ഇതിലൂടെ പതിനായിരക്കണക്കിന് കർഷക കുടുംബങ്ങളുടെ ജീവിതത്തിന് ലക്ഷക്കണക്കിന് തുക പ്രതിദിനം ചെലവഴിക്കാൻ പ്രത്യക്ഷത്തിൽ സാധിച്ചു. പരോക്ഷമായി ഇതിലൂടെ നിരവധി കറവക്കാർ, പുല്ല് ചെത്ത് തൊഴിലാളികൾ, വൈക്കോൽ വില്പനക്കാർ, കാലിത്തീറ്റ വില്പനക്കാർ, അനുബന്ധ തീറ്റ വില്പനക്കാർ, വെറ്റിനറി മരുന്ന് വില്പനക്കാർ, ഇറച്ചി വില്പനക്കാർ, പാൽ കച്ചവടക്കാർ തുടങ്ങിയ വിവിധ തട്ടിലുള്ളവർക്ക് ജീവനോപാധിയായിട്ടുണ്ട്. ചാണകവും, ഗോമൂത്രവും മണ്ണിന്റെ ജൈവാംശം നിലനിർത്തുന്നതിന് ഉപകരിച്ചു. കൂടാതെ ഊർജ്ജോത്പാദന മേഖലയിൽ ഗോബർ ഗ്യാസിനാൽ വീടുകളിലെ പാചകകാവശ്യങ്ങൾ നിറവേറപ്പെട്ടു.

പാലുല്പാദനം

കോട്ടയം ജില്ലയിലെ പ്രവർത്തിക്കുന്ന ക്ഷീര സംഘങ്ങളിലൂടെ പ്രതിദിനം 93,000 ലിറ്റർ പാൽ സംഭരിക്കുന്നത് കൂടാതെ മറ്റ് ഏജൻസികളിലൂടെയും കർഷകരിൽ നിന്നും പാൽ ശേഖരിക്കുന്നു. 20 ലക്ഷത്തോളം ജനസംഖ്യയുള്ള കോട്ടയം ജില്ലയിൽ ഒരാൾക്ക് പ്രതിദിനം 250 മില്ലി ലിറ്റർ പാൽ എന്ന നിരക്കിൽ ഒരു ദിവസം 4.95 ലക്ഷം ലിറ്റർ പാൽ ആവശ്യമുള്ളതിൽ 3.95 ലക്ഷം ലിറ്റർ മാത്രമേ ജില്ലയിൽ ഉല്പാദിപ്പിക്കുന്നുള്ളൂ. പാലുല്പാദനത്തിലെ ആവശ്യകതയും ലഭ്യതയും തമ്മിലുള്ള വിടവ് നികത്തുന്നതിന് ഒരു ലക്ഷം ലിറ്റർ പാൽ പ്രതിദിനം അധികം ഉല്പാദിപ്പിക്കേണ്ടിയിരിക്കുന്നു. ഉല്പാദന വർദ്ധനവിന് ആനുപാതികമായി സംഘങ്ങളിലെ പാൽ സംഭരണം പ്രതിദിനം 20,000 ലിറ്റർ വർദ്ധിക്കേണ്ടതുണ്ട്.

ക്ഷീര സംഘങ്ങളും, പാൽ സംഭരണവും

കോട്ടയം ജില്ലയിലെ 280 ക്ഷീര സംഘങ്ങളിൽ 240 എണ്ണം പ്രവർത്തിക്കുന്നു. 280 സംഘങ്ങളിൽ 252 എണ്ണം ആനന്ദ് മാതൃക ക്ഷീരോല്പാദക സംഘങ്ങളും 28 എണ്ണം പരമ്പരാഗത ക്ഷീര സംഘവുമാണ്. പ്രതിദിനം 12,831 ക്ഷീര കർഷകരിൽ നിന്നും സംഘങ്ങളിലൂടെ 93,000 ലിറ്റർ പാൽ ശേഖരിച്ച് വടവാതൂരിലുള്ള മിൽമയുടെ ഡെയറി പ്ലാന്റിലേക്ക് പാൽ കയറ്റി അയയ്ക്കുക വഴി കർഷകർക്ക് പാൽ വിലയായി പ്രതിദിനം 36 ലക്ഷം രൂപ ലഭിക്കുന്നു.

ക്ഷീര സംഘങ്ങളുടെ പാർശ്വദർശനം 2016-2017

പ്രാഥമിക ക്ഷീര സംഘങ്ങളിലെ പ്രതിദിന ശരാശരി പാലുല്പാദനം	ആപ്കോസ്	നോൺ ആപ്കോസ്	ആകെ
100 ലിറ്ററിൽ കുറവ്	31	7	38
101 - 150	30	1	31
151 - 200	32	1	33
201 - 400	76	4	80
401 - 700	35	3	38
701 — 1,000	6	2	8
1,001 — 1,500	8	1	9
1,501 — 3,000	2	1	3

ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് വിവിധ സഹായങ്ങളും ലഭ്യമാക്കുന്നത് കൂടാതെ അവരെ കേരളാ ക്ഷീര കർഷക ക്ഷേമനിധിയിൽ അംഗമാക്കി വിവിധ ക്ഷേമനിധി ധനസഹായങ്ങൾ ലഭ്യമാക്കുന്നു. ജില്ലയിലെ 16501 ക്ഷീര കർഷകർ ക്ഷേമനിധിയിൽ അംഗമാകുകയും അതിൽ 3586 പേർ പ്രതിമാസ പെൻഷൻ വാങ്ങുകയും ചെയ്യുന്നു. ജില്ലയിലെ മുഴുവൻ ക്ഷീര സംഘങ്ങളെയും ആധുനികവൽക്കരിച്ച് ഓട്ടോമാറ്റിക് മിൽക് കളക്ഷൻ യൂണിറ്റിലൂടെ പാൽ സംഭരണം നടത്തി സുതാര്യവും ഉപഭോക്താക്കൾക്ക് സുരക്ഷിതമായ പാൽ ലഭ്യമാക്കുകയും ചെയ്യണം. ജില്ലയിലെ ക്ഷീര സംഘങ്ങളുടെ പ്രതിദിന ശരാശരി പാൽ സംഭരണം സംബന്ധിച്ച വിവരം താഴെ ചേർത്തിരിക്കുന്നു.

ക്ഷീര സംഘങ്ങളിലെ പാൽ സംഭരണം

വർഷം	പ്രതിദിന പാൽ സംഭരണം
2010-2011	50172
2011-2012	58559
2012-2013	65886
2013-2014	68930
2014-2015	81944
2015-2016	84290
2016-2017	82000
2017-2018	(2017 ആഗസ്റ്റ്) 93000

2010-2011 വർഷത്തെ അപേക്ഷിച്ച് 2017-2018-ൽ 85% പാൽ സംഭരണത്തിലുള്ള വർദ്ധനവ് ക്ഷീര മേഖയുടെ ത്വരിതഗതിയിലുള്ള വികസനത്തെ സൂചിപ്പിക്കുന്നു. പ്രതിദിന പാൽ സംഭരണം 2010-2011-ലെ 50172 ലിറ്ററിൽ നിന്നും 2017-2018-ൽ ഒരുലക്ഷം ലിറ്ററായി വർദ്ധിക്കും.

ക്ഷീര കർഷക ക്ഷേമനിധി

കേരള സംസ്ഥാനത്തിൽ കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന ക്ഷീര കർഷകർക്ക് ആശ്വാസം പകരുന്നതിനും, അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും, അവർക്ക് പെൻഷനും, മറ്റ് ധനസഹായങ്ങളും നൽകുന്നതിനും വേണ്ടി ബഹു:സർക്കാരിന്റെ 24/08/2005 തീയതികളിലെ ഓർഡിനൻസ് (16250/ലെഗ്.യൂണി.3/2005/നിയമം) പ്രകാരം കേരളാ ക്ഷീര കർഷക ക്ഷേമനിധി നിലവിൽ വന്നു.

ക്ഷീര മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന ക്ഷീര കർഷകർക്ക് സാമൂഹിക, സാമ്പത്തിക ഉന്നമനം ഉറപ്പാക്കുക, പാലുല്പാദന രംഗത്ത് സ്വയംപര്യാപ്തത നേടുക, സഹകരണ മേഖല ശക്തിപ്പെടുത്തുക, കൂടുതൽ യുവജനങ്ങളെ ഈ മേഖലയിലേക്ക് ആകർഷിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് ഭാരതത്തിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി കേരളത്തിൽ ക്ഷീര കർഷക ക്ഷേമനിധി ബോർഡ് ആരംഭിച്ചത്.

ക്ഷീര കർഷക വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥരെയും, ക്ഷീര ജാലകം പ്രൊമോട്ടറെയും ഉപയോഗിച്ചാണ് പ്രവർത്തിച്ചുവരുന്നത്. ജില്ല, ബ്ലോക്ക്, ക്ഷീര സംഘം തലങ്ങളിൽ ക്ഷീര വികസന വകുപ്പിന്റെ ഓഫീസുകൾ വഴിയാണ് ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ക്ഷേമനിധിയുടെ ആസ്ഥാന മന്ദിരം തിരുവനന്തപുരത്താണ് സ്ഥിതിചെയ്യുന്നത്.

കേരളത്തിലെ ഏതെങ്കിലും പ്രാഥമിക ക്ഷീര സംഘം വഴി ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 500 ലിറ്റർ പാൽ വിപണനം ചെയ്തിട്ടുള്ള ഏതൊരു ക്ഷീര കർഷകനും 18 വയസ്സ് പൂർത്തീകരിച്ചാൽ ക്ഷേമനിധിയിൽ അംഗത്വം എടുക്കാവുന്നതാണ്. ക്ഷേമിനിധിയിൽ നിന്നും അനുവദിച്ചു വരുന്ന ആനുകൂല്യങ്ങൾക്ക് ക്ഷേമനിധി അംഗത്വം നിർബന്ധമാണ്. ക്ഷീര കർഷക ക്ഷേമനിധിയുടെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി എല്ലാ അപേക്ഷകളും ഓൺലൈൻ സംവിധാനം മുഖേനയാണ് സ്വീകരിച്ചുവരുന്നത്. ക്ഷീര കർഷകരിൽ നിന്നും പ്രാഥമിക ക്ഷീര സംഘങ്ങളിൽ നിന്നും മിൽമയിൽ നിന്നും അംശാദായ രൂപേണ സ്വീകരിക്കുന്ന തുക ഉപയോഗിച്ചാണ് ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകി വരുന്നത്. കൂടാതെ ക്ഷീര സുരക്ഷ പദ്ധതിക്കും പെൻഷന്റെ ഒരു വിഹിതം നൽകുന്നതിനും സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നുണ്ട്.

കേരള സംസ്ഥാനത്തിൽ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ക്ഷീര കർഷകർക്ക് നിലവിൽ താഴെപ്പറയുന്ന ആനുകൂല്യങ്ങളാണ് നൽകിവരുന്നത്.

1. ക്ഷീര കർഷക പെൻഷൻ
2. അവശതാ പെൻഷൻ
3. കുടുംബ പെൻഷൻ
4. വിവാഹ ധനസഹായം
5. വിദ്യാഭ്യാസ ധനസഹായം
6. ക്ഷീര സുരക്ഷ പദ്ധതി
7. സംസ്ഥാന തലത്തിൽ മികച്ച ക്ഷീര കർഷകനുള്ള അവാർഡ്
8. ജില്ലാ തലത്തിൽ മികച്ച കർഷകനുള്ള അവാർഡ്
9. മരണാനന്തര ധനസഹായം

കേരള സംസ്ഥാനത്തിൽ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ ക്ഷീര കർഷകരെയും ക്ഷേമനിധിയുടെ പരിരക്ഷക്കുള്ളിൽ കൊണ്ടുവരുക, അർഹരായ എല്ലാ ക്ഷീര കർഷകർക്കും പെൻഷൻ ഉൾപ്പെടെയുള്ള ധനസഹായങ്ങൾ സമയബന്ധിതമായി അനുവദിക്കുക, സുസ്ഥിരമായ ഒരു തൊഴിൽ മേഖലയെന്ന് ഉറപ്പാക്കി കൂടുതൽ യുവജനങ്ങളെ ഈ മേഖലയിലേക്ക് ആകർഷിച്ച് കേരളത്തെ പാലുല്പാദനത്തിൽ സ്വയം പര്യാപ്തമാക്കുകയെന്ന കാഴ്ചപ്പാടിലാണ് ക്ഷേമനിധി ബോർഡ് പ്രവർത്തിച്ചുവരുന്നത്.

ജില്ലയിലെ ഡെയറി ഫാമുകളും, ക്ഷീര കർഷകരും

പാലിന്റെ ഉല്പാദനത്തിനായി ഭൂരിപക്ഷം കർഷകരും സങ്കരയിനത്തിൽപ്പെട്ട ഉരുക്കളെ വളർത്തുന്നു. ഒന്നോ, രണ്ടോ പശുക്കളെ വളർത്തുന്നതിന് പകരം 5-10 പശുക്കളെ ഉൾപ്പെടുത്തിയുള്ള വലിയ ഡെയറി ഫാമുകൾ ആരംഭിക്കുന്നതിന് കർഷകർ താല്പര്യം പ്രകടിപ്പിക്കുന്നു. ജില്ലയിൽ 5-10 പശുക്കളുള്ള 250 ഓളം ഡെയറി ഫാമുകൾ നിലവിലുണ്ട്. കാലിത്തീറ്റയുടെ വില അടിക്കടി വർദ്ധിക്കുന്നത് മൂലം ലാഭകരമായ ക്ഷീരോല്പാദനത്തിന് ആവശ്യമായ തീറ്റപ്പുല്ല് ലഭിക്കുന്നില്ലായെന്നതാണ് ക്ഷീര കർഷകർ നേരിടുന്ന പ്രധാന വെല്ലുവിളി. ജില്ലയിൽ 5.4 ലക്ഷം ടൺ തീറ്റപ്പുല്ല് പ്രതിവർഷം ആവശ്യമുണ്ടെങ്കിലും 2.18 ലക്ഷം ടൺ (40%) മാത്രമേ ജില്ലയിൽ ഉല്പാദിപ്പിക്കുന്നുള്ളൂ.

തീറ്റപ്പുല്ലിന്റെ ആവശ്യകതയും, ലഭ്യതയും തമ്മിലുള്ള വിടവ് നികത്തുന്നതിന് 1000 ഹെക്ടർ സ്ഥലത്ത് അധികമായി തീറ്റപ്പുൽകൃഷി ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാകണം.

കാലിവളർത്തൽ ലാഭകരമാക്കാൻ തീറ്റപ്പുല്ലിന്റെ ലഭ്യത അത്യന്താപേക്ഷിതമാണ്. തീറ്റച്ചെലവ് എത്ര കുറക്കുവാൻ കഴിയുന്നുവോ ലാഭത്തിൽ അത്രയും വർദ്ധനവുണ്ടാകും. ആകെയുള്ള കൃഷി സ്ഥലത്തിന്റെ ഒരു ശതമാനം സ്ഥലത്ത് മാത്രമേ തീറ്റപ്പുൽ കൃഷി ചെയ്യുന്നുള്ളൂ. തോട്ടവിളകൾ, നാണ്യവിളകൾ എന്നിവക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിനും, തീറ്റപ്പുല്ലിന്റെ ഗുണമേന്മയെക്കുറിച്ചുള്ള അജ്ഞതയും, തീറ്റപ്പുൽകൃഷി കുറയാനുള്ള കാരണങ്ങളാണ്. കാലികളുടെ ശരീരത്തിന് ആവശ്യമായ ശുഷ്ക പദാർത്ഥം ലഭിക്കുന്നതിന് പുറമെ പശുവിന്റെ വയറ് നിറക്കുന്നതിനും വേണ്ട രീതിയിൽ ദഹനം നടക്കുന്നതിനും ഗുണനിലവാരമുള്ള പാൽ ലഭ്യമാക്കുന്നതിനും തീറ്റപ്പുൽ സഹായിക്കുന്നു. കാലികൾക്ക് ആവശ്യമുള്ള ധാതുക്കൾ, വിറ്റാമിനുകൾ എന്നിവയുടെ നല്ല ഉറവിടമെന്ന നിലയിലും തീറ്റപ്പുല്ലിന് പ്രാധാന്യമുണ്ട്. കൃഷി ഭൂമിക്കുള്ള ലഭ്യതക്കുറവും, റബ്ബർ പോലുള്ള കാർഷിക വിള ഉല്പാദനത്തിന് തുണ്ടുഭൂമികൾ പോലും ലഭിക്കാനുള്ള ബുദ്ധിമുട്ടും തീറ്റപ്പുല്ലിന്റെ വ്യാപനത്തെ തടസ്സപ്പെടുത്തുന്നു.

ജില്ലയിലെ പടിഞ്ഞാറൻ മേഖലകളിലെ വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന കർഷകർ കുളമ്പുരോഗം, അകിടുവീക്കം മുതലായ രോഗങ്ങൾ പടരുക വഴി വളരെയേറെ കഷ്ടതയനുഭവിക്കുന്നു. ശാസ്ത്രീയമായ രീതിയിൽ നിർമ്മിച്ച കാലിത്തൊഴുത്തിന്റെ അഭാവവും, ആധുനിക രീതിയിലുള്ള പശു പരിപാലനമുറകളുടേയും പരിജ്ഞാനക്കുറവ് എന്നിവയാണ് ഇതിന്റെ പ്രധാന കാരണം. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി കർഷകരുടെ നിലവിലുള്ള കാലിത്തൊഴുത്ത് പുനരുദ്ധാരണം നടത്തിയും, പുതിയ തൊഴുത്ത് നിർമ്മിച്ച് നൽകുക വഴിയും കാലി രോഗങ്ങൾ മൂലമുള്ള ചികിത്സാച്ചെലവും, സാമ്പത്തിക നഷ്ടവും ഒഴിവാക്കാനാകും.

ഡെയറി യൂണിറ്റുകളിലെ ചാണകവും, മൂത്രവും വളരെ നല്ല വളമാണെങ്കിലും വേണ്ടവിധത്തിൽ കൈകാര്യം ചെയ്തില്ലെങ്കിൽ പലവിധ രോഗങ്ങൾക്ക് കാരണമാകും. കൊതുക്, ഈച്ച മുതലായ ക്ഷുദ്ര ജീവികൾ മൂത്രത്തിലും, ചാണകത്തിലും പെരുകി പലവിധ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാകുന്നു. ഡെയറി യൂണിറ്റുകളിലെ ചാണകം, മൂത്രം എന്നിവ ശരിയായ രീതിയിൽ നിർമ്മാർജനം ചെയ്യാത്തത് മൂലം പലവിധ പാരിസ്ഥിതിക പ്രശ്ങ്ങളും, പരാതികളും പല പ്രദേശങ്ങളിലും ഉടലെടുക്കുന്നുണ്ട്. ജൈവ കൃഷിക്ക് ജില്ലയിൽ വമ്പിച്ച സാധ്യതയുള്ളതിനാൽ ചാണകം ശേഖരിച്ച് ഉണക്കി പാക്കറ്റാക്കി വിപണനം നടത്തി കർഷകർക്ക് അധികവരുമാനം ലഭ്യമാക്കുവാൻ സാധിക്കും. കൂടുതൽ പശുക്കളുള്ള കർഷകർക്ക് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് പാചക വാതകം ഉല്പാദിപ്പിക്കുന്നതിനും ഗാർഹിക ആവശ്യത്തിനുള്ള ഊർജോത്പാദനവും സാധിക്കാവുന്നതാണ്.

ഉയർന്ന ഉല്പാദന ശേഷിയും, രോഗപ്രതിരോധ ശേഷിയുമുള്ള നല്ലയിനം പശുക്കളെ കർഷകർക്ക് യഥേഷ്ടം ലഭ്യമാകുന്നില്ല. പ്രത്യേക പദ്ധതിയിലുൾപ്പെടുത്തി നല്ല കന്നുകുട്ടികളെ വളർത്തി കിടാരികളാക്കി വിൽക്കുന്ന കിടാരി വളർത്തൽ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടായാൽ ജില്ലയിലെ നല്ല കറവപ്പശുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കാനാവും.

വിപണി മൂല്യത്തിലും സൂക്ഷിപ്പ് കാലത്തിലും ഉപഭോക്തൃ സ്വീകാര്യതയിലും പാൽ നേരിട്ട് വിപണനം ചെയ്യുന്നതിലും ഏറെ മുന്നിലാണ് പാലുല്പന്ന വിപണി. ജില്ലയിലെ പാലിന്റെ ഉല്പാദനം വർദ്ധിച്ചതിനാൽ മിച്ചമുള്ള പാൽ ഉപയോഗിച്ച് ചോക്ക്ലേറ്റ്, പേഡ, ഐസ്ക്രീം, സിപ്അപ്പ്, ഗുലാബ്ജാമുൻ തുടങ്ങിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തി കർഷകന് അധിക വരുമാനം ലഭ്യമാക്കാനാകും. ഉത്പാദകന്റെ സാമ്പത്തിക ഭദ്രത, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, വിപണിയിലെ ആവശ്യകത എന്നീ ഘടകങ്ങൾക്ക് അനുസൃതമായി ഗാർഹിക യൂണിറ്റായോ, ചെറുകിട സംരഭമായോ, വൻകിട ഡെയറി പ്ലാന്റായോ പാലുല്പന്ന നിർമ്മാണ സംരംഭം ആരംഭിക്കാവുന്നതാണ്.

കാലികളുടെ കുറഞ്ഞ ഉല്പാദന ക്ഷമത, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവ്, തൊഴിലാളി ക്ഷാമം, അശാസ്ത്രീയമായ പരിപാലനമുറകൾ, വർദ്ധിച്ച് അദ്ധ്വാനശേഷി, ഗുണനിലവാരമുള്ള ബീജത്തിന്റെ ലഭ്യതക്കുറവ്, വന്ധ്യത, സ്ഥലപരിമിതി എന്നിവയൊക്കെ പാലുല്പാദനത്തിന് തടസ്സമായി നിൽക്കുന്നു. കാർഷിക വിളകളുടെ വേയ്സ്റ്റിന്റെയും അസംസ്കൃത വസ്തുക്കളുടെയും ദൗർലഭ്യം മൂലമുള്ള അധിക തീറ്റച്ചെലവ്, സങ്കരയിനങ്ങളുടെ

പ്രതിരോധ ശേഷി കുറവായത് മൂലം ഉണ്ടാകുന്ന ഉയർന്ന ചികിത്സാച്ചെലവ് എന്നിവയും ഇന്നത്തെ ക്ഷീര കർഷകർ നേരിടുന്ന പ്രശ്നങ്ങളാണ്.

ക്ഷീര വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

ജില്ലയിൽ ക്ഷീര വികസന വകുപ്പ് തീറ്റപ്പുൽകൃഷി വികസനം, മിൽക്ക് ഷെഡ് വികസന പദ്ധതി, ക്യാറ്റിൽ ഫീഡിംഗ് സബ്സിഡി, ക്ഷീര സംഘങ്ങളുടെ ആധുനികവൽക്കരണം, മിനറൽ മിക്സ്ചർ വിതരണം, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ എന്നീ ഇനങ്ങളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. **(അനുബന്ധം 4.1.4(2))**

ജനകീയാസൂത്രണ പദ്ധതികൾ

ജില്ലാ പഞ്ചായത്ത് ക്ഷീര വർദ്ധിനി പദ്ധതി 2016 – 2017

2016-2017 സാമ്പത്തിക വർഷം കോട്ടയം ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിനത്തിൽ 3.4 കോടി രൂപാ ചെലവഴിച്ച് 170 ക്ഷീര സംഘങ്ങളിലൂടെ ആദ്യ ഗഡുവായി 850 കറവപ്പശുക്കളെ വാങ്ങി നൽകി. ക്ഷീര സംഘങ്ങൾക്ക് നൽകിയ റിവോൾവിംഗ് ഫണ്ടായ തുക 40,000/-രൂപാ വീതം പാൽ വിലയിൽ നിന്നും സംഘങ്ങളുടെ അക്കൗണ്ടിൽ ലഭിക്കുന്ന മുറയ്ക്ക് മറ്റ് മുഴുവൻ കർഷകർക്കും അഞ്ച് വർഷം തുടർന്ന് നൽകുന്നു. ടി പദ്ധതിയിലൂടെ ജില്ലയിലെ പാലുല്പാദനം പ്രതിമാസം 4.5 ലക്ഷം ലിറ്റർ വർദ്ധനവുണ്ടായി. കോട്ടയം ജില്ലയിൽ പ്രതിദിനം ആവശ്യമുള്ള 4.95 ലക്ഷം ലിറ്റർ പാലിൽ 3.95 ലക്ഷം ലിറ്റർ മാത്രമേ ഉല്പാദിപ്പിക്കുന്നുള്ളൂ. പാലുല്പാദനത്തിലെ ആവശ്യകതയും ലഭ്യതയും തമ്മിലുള്ള ഒരു ലക്ഷം ലിറ്ററിലുള്ള വിടവ് കുറച്ചുകൊണ്ടുവരുന്നതിന് ക്ഷീര വർദ്ധിനി പദ്ധതി സഹായിച്ചു.

കോട്ടയം ജില്ലയിൽ വിവിധ ഗ്രാമ, ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളുടെ തുക താഴെ ചേർത്തിരിക്കുന്നു.

ക്ഷീര വികസന വകുപ്പ് കോട്ടയം ജില്ലയിൽ ചെലവഴിച്ച തുക

ക്രമ നമ്പർ	പദ്ധതി	2016-2017 (കോടി)	2017-2018 (കോടി)
1	ജനകീയാസൂത്രണ പദ്ധതി	8.2	6.77
2	വാർഷിക പദ്ധതി	4.39	4.88
	ആകെ	12.59	11.65

പ്രശ്നങ്ങൾ വെല്ലുവിളികൾ, പരിഹാരനിർദ്ദേശങ്ങൾ

ക്രമ നം	പ്രശ്നങ്ങൾ വെല്ലുവിളികൾ		പരിഹാര നിർദ്ദേശങ്ങൾ
1	ഉല്പാദക്ഷമതയുള്ള പശുക്കളുടെ ലഭ്യതക്കുറവ്	1	ജില്ലയിൽ ഉണ്ടാവുന്ന നല്ലയിനം കന്നുകുട്ടികളെ തെരഞ്ഞെടുത്ത് ശാസ്ത്രീയമായ രീതിയിൽ വളർത്തി മികച്ച കിടാരികളാക്കുന്നതിന് കന്നുകുട്ടികളെ ദത്തെടുക്കൽ പദ്ധതിയും പ്രവർത്തനവും.
		2	മികച്ച കറപ്പശുക്കളെ ജില്ലയിൽ ലഭ്യമാക്കുന്നതിന്, കിടാരി വളർത്തൽ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള സംവിധാനം.
		3	ഉല്പാദനക്ഷമതയുള്ളതും, രോഗപ്രതിരോധ ശേഷിയുള്ളതുമായ ഇനങ്ങളുടെ ബീജം ലഭ്യമാക്കുക
2	തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ്	1	ഇടവിളയായും, കൃഷി ചെയ്യാത്ത തരിശ് ഭൂമിയിലും തീറ്റപ്പുൽകൃഷി ചെയ്യുക
		2	സ്വയം സഹായ സംഘങ്ങളെ ഉൾപ്പെടുത്തി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ലിങ്ക് ചെയ്ത് വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി ചെയ്യുക
		3	വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്ന തീറ്റപ്പുൽ ക്ഷീര സംഘങ്ങളിലൂടെ വിപണനം നടത്തുക

3	കുളമ്പുരോഗം, അകിടുവീക്കം പോലുള്ള പകർച്ച വ്യാധികൾ മൂലം സാമ്പത്തിക നഷ്ടമുണ്ടാകുന്നു	1	ചികിത്സാ സൗകര്യവും, ഇൻഷുറൻസും വ്യാപിപ്പിക്കുക. സമഗ്ര ഇൻഷുറൻസ് പദ്ധതി നടപ്പാക്കുക
4	തൊഴിലാളികളുടെ ക്ഷാമം	1	ആധുനിക രീതിയിലുള്ള തൊഴുത്തും, യന്ത്രവത്ക്കരണവും നടപ്പിലാക്കുന്നതിന് കർഷകർക്ക് ആവശ്യാധിഷ്ഠിത ധനസഹായം നൽകുക
5	വർദ്ധിച്ച തീറ്റച്ചെലവ് മൂലം മേഖല ലാഭകരമല്ല	1	വർഷം മുഴുവൻ പാലിന് ഇൻസെന്റീവ് നൽകുക.
		2	മൂല്യവർദ്ധിത പാലുല്പന്ന നിർമ്മാണം പ്രോത്സാഹിപ്പിക്കുക
		3	പരമ്പര്യേതര തീറ്റവിളകൾക്കും, കാർഷിക അവശിഷ്ടങ്ങളുടെ വിനിയോഗവും, ലഭ്യതയും ഉറപ്പാക്കുക
		4	കാലിത്തീറ്റ സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക
6	ശാസ്ത്രീയമായ തൊഴുത്തിന്റെ അഭാവം മൂലമുണ്ടാകുന്ന കാലി രോഗങ്ങൾ വഴി കർഷകന് സാമ്പത്തിക നഷ്ടം	1	തൊഴുത്തിന്റെ പുനരുദ്ധാരണം, ശാസ്ത്രീയമായ തൊഴുത്ത് നിർമ്മാണം, കർഷകർക്ക് ആവശ്യമായ ബോധവൽക്കരണം നൽകുക, കുമ്മായം, തൊഴുത്ത് വൃത്തിയാക്കുന്നതിനുള്ള ലോഷൻ എന്നിവ ലഭ്യമാക്കുക
7	ചാണകം, മൂത്രം എന്നിവ യഥാവിധി നിർമ്മാർജ്ജനം ചെയ്യാത്തത് മൂലം പാരിസ്ഥിതിക പ്രവർത്തനങ്ങൾ	1	ചാണകം ഉണക്കി പാക്കറ്റാക്കി ലഭ്യമാക്കി വിപണനം നടത്തുക
		2	ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം
		3	മണ്ണിര കമ്പോസ്റ്റ് നിർമ്മാണം
8	കാലികളുടെ അശാസ്ത്രീയമായ പരിചരണമുറകൾ	1	കർഷകർക്ക് ക്ഷീര പരിശീലന കേന്ദ്രം വഴി പരിശീലനം ലഭ്യമാക്കുക
9	ഭക്ഷ്യസുരക്ഷാ നിയമ പ്രകാരമുള്ള ശുദ്ധമായ പാലിന്റെ ഉല്പാദനവും, സംഭരണവും, വിപണനവും നടത്തുന്നതിന് ക്ഷീര സംഘങ്ങളെ പര്യാപ്തമാക്കുക	1	ക്ഷീര സംഘങ്ങളുടെ ആധുനിക വൽക്കരണം നടപ്പിലാക്കുക
10	ക്ഷീര സംഘങ്ങളിലും, ഫാമുകളിലും ശുദ്ധജല ലഭ്യതക്കുറവ്	1	ക്ഷീര സംഘങ്ങളിലും, ഫാമുകളിലും മഴവെള്ള സംഭരണി നടപ്പിലാക്കുക
11	ഫാം ലൈസൻസിന്റെ നടപടിക്രമം -കർഷകർക്ക് ലഭിക്കാനുണ്ടാകുന്ന ബുദ്ധിമുട്ടും, കാലതാമസവും	1	ലൈസൻസിന്റെ നടപടിക്രമം ലഘൂകരിക്കുക
12	ഡെയറി ഫാമിലെയും, ക്ഷീര സംഘങ്ങളിലെയും ഉയർന്ന വൈദ്യുത നിരക്ക്	1	കാർഷിക മേഖലക്ക് അനുവദിക്കുന്ന താരിഫിൽ ഉൾപ്പെടുത്തുക
13	ക്ഷീര മേഖലയിലെ ലോണിനുള്ള ഉയർന്ന പലിശ നിരക്കും, വായ്പ ലഭിക്കാനുള്ള ബുദ്ധിമുട്ടും	1	പലിശ നിരക്ക് കുറക്കുക
14	ജനകീയാസൂത്രണ പദ്ധതികളിൽ വരുമാന പരിധി	1	വരുമാന പരിധി ഒഴിവാക്കുക
15	ജനകീയാസൂത്രണ പദ്ധതിയിൽ വാർഷിക കുടുംബ സബ്സിഡി പരിധി 30,000/-രൂപയാക്കി നിജപ്പെടുത്തിയിരിക്കുന്നു	1	വാർഷിക കുടുംബ സബ്സിഡി ഒഴിവാക്കി ഉല്പാദനത്തിന് അനുസൃതമായ ധനസഹായം നൽകുക
16	കർഷകർക്ക് ബാങ്ക് അക്കൗണ്ട് തുടങ്ങാനുള്ള ബുദ്ധിമുട്ട്	1	കർഷകർക്ക് സീറോ ബാലൻസ് അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതി നൽകുക

സാധ്യതകൾ

1. ത്രിതല പഞ്ചായത്ത് പദ്ധതിയിലുൾപ്പെടുത്തി മികച്ച കറപ്പശുക്കളെ ലഭ്യമാക്കുന്നതിന് കിടാരി വളർത്തൽ യൂണിറ്റിന്റെ ആരംഭവും, പ്രവർത്തനവും.
2. ജില്ലയിലെ തരിശ്ഭൂമിയും, മറ്റ് കൃഷിയിടങ്ങളും കണ്ടെത്തി സ്വാശ്രയ ഗ്രൂപ്പുകളെ ഉപയോഗിച്ച് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി ചെയ്ത് തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുക.
3. ഉല്പാദിപ്പിക്കുന്ന തീറ്റപ്പുല്ല് ക്ഷീര സംഘം വഴി വിപണനം നടത്തി വർഷം മുഴുവൻ കർഷകർക്ക് പുല്ല് ലഭ്യമാക്കുക.
4. നവീന രീതിയിലുള്ള തൊഴുത്ത് നിർമ്മിക്കുന്നതിനും, യന്ത്രവൽക്കരണത്തിനും പ്രാധാന്യം നൽകി കാലിവളർത്തൽ ലാഭകരമാക്കുക.
5. നിലവിലുള്ള തൊഴുത്തിന്റെ പുനരുദ്ധാരണം വഴി കുളമ്പുരോഗം അകിടുവീക്കം മുതലായ കാലിരോഗങ്ങൾ പടരുന്നത് ഒഴിവാക്കി ചികിത്സാച്ചെലവ് കുറക്കുക.
6. ക്ഷീര സംഘങ്ങളെ ആധുനികവൽക്കരിച്ച് സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക.
7. പാലിന്റെ ഉല്പാദനത്തിൽ സ്വയംപര്യാപ്തതയോടടുത്ത് എത്തിയതിനാൽ പാലിൽ നിന്നും മറ്റ് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കി വിപണനം നടത്തുന്നതിനുള്ള ചെറുകിട യൂണിറ്റുകൾ ആരംഭിക്കുക.
8. ചാണകം ഉണക്കി പാക്കറ്റാക്കി വിപണനം നടത്തുന്നതിനുള്ള യൂണിറ്റുകൾ ആരംഭിച്ച് ചാണകം വിപണനം നടത്തി കർഷകർക്ക് അധിക വരുമാനം ലഭ്യമാക്കുക.
9. ശാസ്ത്രീയമായ പശുപരിപാലനമുറകളെക്കുറിച്ച് ഡെയറി ഫാമുകളിലെ യന്ത്രവൽക്കരങ്ങളെക്കുറിച്ചും കർഷകർക്ക് പരിശീലനം നൽകുക.

ലഘു ഗുരുത്വ ചാർട്ട്

പ്രധാന പ്രശ്നങ്ങൾ	അതീവ ഗുരുതരം	ഗുരു തരം	ലഘു തരം	പ്രശ്ന ങ്ങളില്ല
ഉല്പാദനം		√		
ശുദ്ധമായ പാലിന്റെ ഉല്പാദനവും, സംഭരണവും			√	
തൊഴിലാളികളുടെ ക്ഷാമം				√
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ താല്പര്യക്കുറവ്			√	
ഗ്രാമപഞ്ചായത്ത് സഭകളിലെ ജനകീയ ഇടപെടൽ				√
നഗരസഭാ വാർഡുകളിലെ ജനകീയ ഇടപെടൽ		√		
തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ്		√		
അകിട് വീക്കം, കുളമ്പുരോഗം മുഖേനയുള്ള സാമ്പത്തിക നഷ്ടം		√		
വർദ്ധിച്ച തീറ്റച്ചെലവ്	√			
ചാണകം, മൂത്രം എന്നിവ യഥാവിധി നിർമ്മാർജ്ജനം ചെയ്യാത്തത്	√			
ക്ഷീര മേഖലയിലെ വായ്പയുടെ ഉയർന്ന പലിശ		√		
ശാസ്ത്രീയമായ തൊഴുത്തിന്റെ അഭാവം		√		
ശുദ്ധജല ലഭ്യതക്കുറവ്			√	

ഏറ്റെടുക്കാവുന്ന കർമ്മപരിപാടികൾ

ക്രമ നമ്പർ	ഏറ്റെടുക്കേണ്ട മുഖ്യപ്രവർത്തനങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ				ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടത്
		സർക്കാർ വകുപ്പുകൾ	ഗ്രാമ പഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്	ജില്ലാ പഞ്ചായത്ത്	
1	പാലിന് ഇൻസെന്റീവ് നൽകുക	√	√	√	√	
2	കാലിത്തൊഴുത്ത് നിർമ്മാണം/പുനരുദ്ധാരണം					√
3	കിടാരി വളർത്തൽ		√	√		
4	കറവപ്പശു വിതരണം		√	√		
5	സ്വാശ്രയ ഗ്രൂപ്പ് വഴി തീറ്റപ്പുൽകൃഷി			√		√
6	ക്ഷീര സംഘങ്ങളുടെ ശാക്തീകരണം	√			√	
7	മിൽക്കിംഗ് മെഷീൻ	√	√		√	
8	അവശ്യാധിഷ്ഠിത ധനസഹായം	√	√			
9	ഡെയറി യൂണിറ്റുകൾ (പത്ത്, അഞ്ച്, രണ്ട് പശു യൂണിറ്റുകൾ)	√				
10	ഡെയറി ഫാം യന്ത്രവത്ക്കരണം	√	√			
11	പാലുല്പന്ന യൂണിറ്റ് സ്ഥാപിക്കൽ			√	√	
12	ചാണകം ഉണക്കി പാക്കറ്റാക്കി വില്പന			√		
13	ബയോഗ്യാസ് പ്ലാന്റ്	√	√			
14	കന്നുകുട്ടികളെ ദത്തെടുക്കൽ പരിപാടി	√	√			
15	ധാതുലവണ മിശ്രിത വിതരണ പരിപാടി	√	√		√	
16	സമഗ്ര ഇൻഷുറൻസ് പദ്ധതി	√				
17	അസോള കൃഷി	√				

ഹ്രസ്വകാല പരിപ്രേക്ഷ്യം

ജില്ലയിലെ പ്രതിദിന പാലുല്പാദനത്തിൽ ആവശ്യകതയും, ലഭ്യതയും തമ്മിലുള്ള വിടവ് ഒരു ലക്ഷം ലിറ്റർ ആണ്. ഈ വിടവ് 2023-ഓടെ നികത്തി കോട്ടയം ജില്ലയെ സ്വയംപര്യാപ്തതയിൽ എത്തിക്കുകയെന്നതാണ് ഈ മേഖലയിലെ ലക്ഷ്യം.

വർഷം	2018-2019	2019-2020	2020-2021	2021-2022	2022-2023	ആകെ
പ്രതീക്ഷിക്കുന്ന പ്രതിദിന പാലുല്പാദന വർദ്ധനവ്	20,000	20,000	20,000	20,000	20,000	1,00,000

ലക്ഷ്യം കൈവരിക്കുന്നതിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്.

പദ്ധതി വർഷം	2018-2019	2019-2020	2020-2021	2021-2022	2022-2023
തീറ്റപ്പുൽകൃഷി (ഹെക്ടർ)	150	150	150	150	150
തൊഴുത്ത്	150	150	150	150	150
ഇൻസെന്റീവ്	ലിറ്ററിന് 5 രൂപ നിരക്കിൽ	ലിറ്ററിന് 5 രൂപ നിരക്കിൽ	ലിറ്ററിന് 5 രൂപ നിരക്കിൽ	ലിറ്ററിന് 5 രൂപ നിരക്കിൽ	ലിറ്ററിന് 5 രൂപ നിരക്കിൽ
കറവപ്പശു വിതരണം	500	500	500	500	500
കിടാരി വളർത്തൽ യൂണിറ്റ്	60	60	60	60	60
തൊഴുത്ത് പുനരുദ്ധാരണം	600	600	600	600	600

ദീർഘകാല പരിപ്രേക്ഷ്യം

1. 2023-ൽ പാലിന്റെ ഉല്പാദനത്തിൽ സ്വയംപര്യാപ്തതയിലെത്തിയ ശേഷം മൂല്യവർദ്ധിത പാലുല്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നതിനായി ഗാർഹിക, ചെറുകിട യൂണിറ്റുകളും, പാലുല്പന്ന ഫാക്ടറികളും ആരംഭിക്കാവുന്നതാണ്.
2. ജൈവ പാലിന് ആവശ്യകതയേറിയതിനാലും ഉയർന്ന വില ലഭിക്കുന്നതിനാലും, കൂടുതൽ കർഷകരെ ജൈവ പാൽ ഉല്പാദിപ്പിക്കാനുള്ള സാങ്കേതിക പരിജ്ഞാനം നൽകി ജൈവ പാലുല്പാദനം വർദ്ധിപ്പിക്കാം
3. മൂല്യവർദ്ധിത പാലുല്പന്നങ്ങളുടെ വിപണന സാധ്യത മുതലെടുത്ത് അമ്പതോ, അതിലധികമോ ഉരുക്കളുള്ള എല്ലാ ആധുനിക സൗകര്യമുള്ള ഡെയറി ഫാമുകൾ ആരംഭിച്ച് കൂടുതൽ യുവകർഷകരെ ഈ മേഖലയിലേക്ക് ആകർഷിക്കാവുന്നതാണ്.
4. ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രജനന നയത്തിൽ കാലികമായ മാറ്റം വരുത്തുക
5. നിലവിലുള്ള കറവപ്പശുക്കളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാനായി കർഷകർക്ക് ആധുനിക ശാസ്ത്രീയ പരിശീലനമുറകൾ പരിശീലിപ്പിക്കുക.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ക്ഷീര സംഘം ജീവനക്കാരെ പരിശീലിപ്പിച്ച് ഇൻസെമനേറ്റർമാരാക്കുക.
2. ഗ്രാമപഞ്ചായത്ത് പദ്ധതികളും, മറ്റ് വിജ്ഞാനവ്യാപന പ്രവർത്തനങ്ങളും നടത്തുന്നതിന് പഞ്ചായത്ത് തലത്തിൽ ഡെയറി ഫാം ഇൻസ്ട്രക്ടർമാരെ നിയമിക്കുക.

3. ജില്ലയിൽ കാലിത്തീറ്റയും, വെള്ളവും, പാലും, പാലുല്പന്നങ്ങളും പരിശോധിക്കുന്നതിന് റീജിയണൽ ഡെയറി ലബോറട്ടറി പ്രവർത്തനസജ്ജമാക്കുക.
4. കൃഷി, മൃഗ സംരക്ഷണം, ക്ഷീര വികസനം എന്നീ മേഖലകളെ സഹായിക്കുന്ന രീതിയിൽ ക്ഷീര സംഘങ്ങളുടെ വൈവിധ്യവത്ക്കരണം
5. കർഷകരേയും, ഉരുക്കളേയും ഉൾപ്പെടുത്തി സമഗ്ര ഇൻഷുറൻസ് പദ്ധതി
6. ബയോഗ്യാസ് ഉപയോഗിച്ച് കർഷക ഭവനങ്ങളിൽ ഊർജ്ജോത്പാദനം നടത്തുന്നതിനുള്ള പദ്ധതി.
7. നിലവിൽ പശു വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക്, കന്നുകുട്ടി പരിശീലനം, തീറ്റസബ്സിഡി എന്നിവയ്ക്ക് തുക കൂട്ടി നൽകുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ക്ഷീര സംഘങ്ങൾ കുടുംബശ്രീ വനിതകൾ മുഖേനയോ, സ്വാശ്രയ സംഘങ്ങൾ വഴിയോ, ചാണകം ഉണക്കിപ്പൊടിച്ച് ചാക്കിലാക്കി വിൽക്കുക. ചാണകം ഉണക്കിയത് വ്യക്തികളിൽ നിന്ന് വാങ്ങി കവറുകളിൽ വിൽക്കുക.
2. തരിശ് ഭൂമിയിൽ തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് പദ്ധതി.
3. മഴവെള്ള സംഭരണി ക്ഷീര സംഘങ്ങൾക്ക് നൽകുവാൻ പദ്ധതി.
4. പോത്തുകുട്ടി വളർത്താൻ ധനസഹായം നൽകുക.
5. പ്രാദേശിക കുറവുകൾ കണ്ടെത്തി അത് നികത്തുവാൻ ഉതകുന്ന മിനറൽ മിക്സ്ചർ വാർഡ് തലത്തിൽ വിതരണം ചെയ്യുക.
6. കന്നുകുട്ടി അഡോപ്ഷൻ സ്കീം (0 - 6 മാസത്തേക്ക്)
7. അഞ്ച് വർഷം കൊണ്ട് എല്ലാ പശുക്കൾക്കും തൊഴുത്ത്, മോശം തൊഴുത്തുകൾ പുനരുദ്ധരിക്കുക.
8. എല്ലാ പശുക്കൾക്കും പച്ചപ്പുല്ല്. പശു ഇല്ലാത്തവർക്കും പച്ചപ്പുൽകൃഷി
9. സ്വയം തൊഴിലായി തീറ്റപ്പുൽ കൃഷി ചെയ്ത് സ്ഥിരമായി സംഘത്തിന് നൽകാനുള്ള പദ്ധതി
10. ക്ഷീര സംഘം പൈലറ്റ് പ്രോജക്ട് എന്ന രീതിയിൽ പത്ത് കിടാവിനെ വാങ്ങി വളർത്തി എടുത്ത് ഉരുക്കളായി വിൽക്കുക.
11. പ്രാദേശികമായി വളർത്താൻ യോജിച്ച സ്ഥലങ്ങളിൽ എരുമ വളർത്തൽ പ്രോത്സാഹിപ്പിക്കുക.
12. ഗുണമേന്മയുള്ള പാൽ ഉപഭോക്താക്കളിലെത്തിക്കുന്നതിന് പദ്ധതി.
13. കറവപ്പശുക്കളെ വാങ്ങുന്നതിന് ഗുണഭോക്തൃ വിഹിതം വായ്പയായി ലഭ്യമാക്കുക.
14. മണ്ണ്, ജലം എന്നിവ സംരക്ഷിക്കുന്നതിന് ഉതകുന്ന സംയോജിത പദ്ധതികൾ ക്ഷീര മേഖലയിൽ നടപ്പാക്കുക.

ഉപസംഹാരം

ക്ഷീര വികസന വകുപ്പിന്റെ പദ്ധതികളും, ജനകീയാസൂത്രണ പദ്ധതികളും നടപ്പിലാക്കിയതുകൊണ്ട് ക്ഷീര സംഘങ്ങളിലെ പാൽ സംഭരണം 2010-2011-ൽ നിന്നും കഴിഞ്ഞ് അഞ്ച് വർഷം കൊണ്ട് 85 ശതമാനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. പതിമൂന്നാം പദ്ധതി നടപ്പിലാക്കുക വഴി അടുത്ത അഞ്ച് വർഷം കൊണ്ട് 2023-ൽ കോട്ടയം ജില്ല പാലിന്റെ ഉല്പാദനത്തിൽ സ്വയംപര്യാപ്തതയിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു.

2023-ന് ശേഷം അധികമായി ഉല്പാദിപ്പിക്കുന്ന പാൽ ഉപയോഗിച്ച് ഗാർഹിക, ചെറുകിട, വൻകിട പാലുല്പന്ന നിർമ്മാണ യൂണിറ്റുകൾ വഴി മൂല്യവർദ്ധിത പാലുല്പന്നങ്ങൾ നിർമ്മിച്ച് ക്ഷീര മേഖല ആദായകരവും അധിക വരുമാനദായകവുമാകുന്നതാണ്. സ്വയംതൊഴിൽ സംരംഭത്തിലൂടെ ജില്ലയിലുടനീളം ഹൈടെക് ഡെയറി ഫാമുകൾ ആരംഭിച്ച് ക്ഷീര മേഖലയിൽ വിപ്ലവകരമായ മാറ്റം സാധ്യമാകും. പതിമൂന്നാം പദ്ധതി കാഴ്ചപ്പാടിൽ വിഭാവനം ചെയ്യുന്ന രീതിയിൽ പ്രവർത്തനം നടത്തി പതിമൂന്നാം പദ്ധതി പൂർത്തീകരിക്കുമ്പോൾ ക്ഷീര വികസന വകുപ്പ്, മൃഗ സംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവയിലൂടെയുള്ള യോജിച്ചുള്ള പ്രവർത്തനത്തിലൂടെ 2030-ലേക്കുള്ള കോട്ടയം ജില്ലയുടെ ക്ഷീര വികസന ലക്ഷ്യം നേടുന്നതിന് സാധിക്കും.

കോട്ടയം ജില്ലയിൽ നിലവിൽ ഒരു ലക്ഷം ലിറ്റർ പാലിന്റെ പ്രതിദിന കുറവാണ് അനുഭവപ്പെടുന്നത്. മേൽപ്പറഞ്ഞ നടപടികളെടുത്ത് നടപ്പാക്കിയാൽ ഈ കുറവ് പരിഹരിക്കുന്നതിന് പുറമെ വർദ്ധിച്ചുവരുന്ന ജീവിത സാഹചര്യങ്ങൾക്ക് അനുസരിച്ച് വളരാൻ പോകുന്ന അധിക ആവശ്യവും മറികടക്കാൻ സാധിക്കും.

ജില്ലയിലെ ക്ഷീര സംഘങ്ങളുടെ വിശദ വിവരങ്ങൾ . അനുബന്ധം 4.1.4(3) ൽ ചേർത്തിരിക്കുന്നു.

4.1.5 മത്സ്യ വികസനം

ആമുഖം

പ്രകൃതി രമണീയമായ കായലും തടകങ്ങളും നെൽപ്പാടങ്ങളും കൊണ്ട് സമൃദ്ധമായ ഭൂപ്രദേശമാണ് കോട്ടയം ജില്ല വേമ്പനാട് കായലും കായലിലേക്ക് ഒഴുകിയെത്തുന്ന മീനച്ചിലാർ മണിമലയാർ മൂവാറ്റുപുഴയാർ എന്നീ നദികളും അവയുടെ കൈവഴികളും തോടുകളും ആറുകളുമെല്ലാം വിവിധയിനം മത്സ്യസമ്പത്തുകൊണ്ട് സമൃദ്ധമായിരുന്നു.

കൊഞ്ച്, ചെമ്മീൻ, കരിമീൻ, കാളാഞ്ചി, പൂമീൻ, പരൽ, കല്ലടമുട്ടി, കുറവ, കണമ്പ്, മഞ്ഞക്കൂരി, കാരി, മുഷി, വരാൽ, പള്ളത്തി, കല്ലട, ആരാൻ, ചേറുമീൻ, മുരശ് തുടങ്ങി പല ഇനം നാടൻ മത്സ്യങ്ങൾ ധാരാളമായി വേമ്പനാട്ടുകായലിൽ സുലഭമായിരുന്നു.

എന്നാൽ തണ്ണീർമുക്കം ബണ്ടും നെൽപ്പാടങ്ങളിൽ കടുംകൃഷിയും വന്നതോടെ മത്സ്യങ്ങളുടെ ലഭ്യത കുറഞ്ഞു. പലയിനം മീനുകളും അപ്രത്യക്ഷമായി ബണ്ട് അടച്ചിടുന്ന സമയങ്ങളിൽ ജലനിരപ്പ് ഗണ്യമായി കുറയുകയും തോടുകളിലെയും കുളങ്ങളുടെയും വെള്ളം വറ്റിവരളുകയും ജലാശയങ്ങളിൽ പോള തിങ്ങിനിറയുകയും ചെയ്തു. ഇത് മത്സ്യങ്ങളുടെ സ്വാഭാവിക പ്രജനന സ്ഥലവും ആവാസ കേന്ദ്രങ്ങളും ഇല്ലാതാക്കി ജില്ലയിലെ കണ്ടൽ കാടുകളുടെ ശോഷണവും ഇതിന് ആക്കം കൂട്ടിയിട്ടുണ്ട്. കറുത്ത കക്കയുടെ സ്ഥിതിയും ഇതുതന്നെയാണ്.

കടൽപ്രദേശം ഇല്ലെങ്കിലും കായലും നദികളും കൊണ്ട് സമ്പന്നമായ കോട്ടയത്ത് ഉൾനാടൻ മത്സ്യകൃഷി വലിയതോതിൽ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. അനേകം കുടുംബങ്ങൾ ഈ മേഖലയിൽ ഉപജീവനം കണ്ടെത്തി വരുന്നു. ഉൾനാടൻ മത്സ്യമേഖലയുടെ വളർച്ചയെ ലക്ഷ്യമാക്കി ആവിഷ്കരിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് *മത്സ്യകർഷക വികസന ഏജൻസി* മത്സ്യകർഷക വികസന ഏജൻസി മുഖേനയാണ് ജില്ലയിൽ ഉൾനാടൻ മത്സ്യകൃഷി പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഏജൻസിയുടെ ചെയർമാനായി ജില്ലാ പഞ്ചായത്ത് പ്രസിഡൻറും എക്സിക്യൂട്ടീവ് ഡയറക്ടറായി ബഹു.ജില്ലാ കളക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ജില്ലാ ഫിഷറീസ് ഓഫീസറും പ്രവർത്തിച്ച് വരുന്നു.

കോട്ടയം ജില്ലയിൽ രണ്ടു മത്സ്യഗ്രാമങ്ങളിലായി മൂന്നു മത്സ്യഭവനുകൾ നിലവിൽ പ്രവർത്തിച്ചു വരുന്നു. വിവിധ മത്സ്യഭവനുകളിലായി ക്ഷേമനിധി അംഗത്വമുള്ള മത്സ്യത്തൊഴിലാളികളും ഇതേവരെ അംഗത്വം എടുക്കാത്ത മത്സ്യതൊഴിലാളികളും ഉണ്ട്. ഇതോടാപ്പം മത്സ്യകച്ചവടം മുതലായ അനുബന്ധ മേഖലകളിൽ പ്രവർത്തിക്കുന്ന അനുബന്ധ മത്സ്യത്തൊഴിലാളികളുമുണ്ട്. മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ മത്സ്യത്തൊഴിലാളികളുടെയും സാമൂഹികവും സാമ്പത്തികവുമായ ഉന്നതി ലക്ഷ്യമിട്ടുകൊണ്ട് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. സൗജന്യമായി മത്സ്യ ബന്ധന ഉപകരണങ്ങൾ നൽകുക, എന്ന പദ്ധതി പരിഗണിക്കാവുന്നതാണ്. അതോടൊപ്പം അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകികൊണ്ടുള്ള ഒരു വികസന കാഴ്ചപ്പാടാണ് ലക്ഷ്യമിടേണ്ടത്.

കോട്ടയം ജില്ലയിൽ ഗ്രാമപഞ്ചായത്തുകൾ മുനിസിപ്പാലിറ്റികൾ എന്നിവ ഉൾപ്പെടെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉൾനാടൻ മത്സ്യകൃഷിയുടെ പ്രവർത്തനങ്ങൾ നടത്തിവരുന്നു. 2016 -17 വർഷം മത്സ്യസമൃദ്ധി പദ്ധതിയുടെ ഭാഗമായി 670 ഹെക്ടർ പ്രദേശത്ത് കുളങ്ങളിലും ടാങ്കുകളിലുമായി ശുദ്ധജല മത്സ്യകൃഷി നടപ്പിലാക്കി. 620 ഹെക്ടർ പ്രദേശത്ത് പാടശേഖര മത്സ്യകൃഷി (ഒരു നെല്ലും ഒരു മീനും) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ജില്ലയിൽ കരിമീൻകൃഷിയും ഓരുജല ചെമ്മീൻകൃഷിയും നടപ്പിലാക്കിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ കുളങ്ങളിലെയും ടാങ്കുകളിലെയും മത്സ്യകൃഷി, പാടശേഖര മത്സ്യകൃഷി, റിസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം എന്നീ കൃഷി രീതികൾ ചെയ്തുവരുന്നു.

ജില്ലയിലെ മത്സ്യകർഷകർക്ക് ശുദ്ധജല കാർപ്പ് മത്സ്യകൃഷിയെക്കുറിച്ചുള്ള പരിശീലന പരിപാടികൾ, സൗജന്യ മത്സ്യവിത്ത് വിതരണം, കർഷകരുടെ ഫാമുകൾ സന്ദർശിച്ച് വേണ്ട നിർദ്ദശങ്ങൾ നൽകുകയും, സെമിനാർ, ചർച്ചാ ക്ലാസ്സുകൾ എന്നിവയും ഏജൻസി മുഖേന നടത്തിവരുന്നു. കോട്ടയം ജില്ലയിലെ മലയോര മേഖലകളിലും പടിഞ്ഞാറൻ മേഖലകളും ഉൾപ്പെടെ പ്രദേശങ്ങളിൽ കൂടുതൽ കർഷകരും യുവജനങ്ങളും മത്സ്യകൃഷിയിലേക്ക് തിരിയുന്നതായി മനസ്സിലാക്കുന്നു. പഞ്ചായത്ത് കുളങ്ങൾ/ -പൊതുകുളങ്ങൾ, കുടുംബശ്രീ

പോലുള്ള ഗ്രൂപ്പുകൾക്ക് പാട്ടത്തിന് നൽകികൊണ്ട് ഫിഷറീസ് വകുപ്പുമായി ചേർന്ന് മത്സ്യകൃഷിക്ക് ഉപയുക്ത മാക്കാവുന്നതാണ്.

പഞ്ചായത്ത് തലത്തിൽ പടുതാക്കുളം നിർമ്മിക്കുന്നതിന് സബ്സിഡി തുക നൽകുകയാണെങ്കിൽ മത്സ്യകൃഷി മലയോര മേഖലയിലേക്ക് കൂടുതൽ വ്യാപിപ്പിക്കാവുന്നതാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കുളം നിർമ്മിച്ച് നൽകുന്നത് മത്സ്യകൃഷിക്ക് പ്രോത്സാഹനം ആണ്. പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണത്തിൽ മത്സ്യത്തൊഴിലാളി/ മത്സ്യകർഷക ക്ലബ്ബുകളിലെ അംഗങ്ങൾക്ക് ആവരണവല, മത്സ്യത്തീറ്റ സബ്സിഡി, അലങ്കാര മത്സ്യം വളർത്തൽ എന്നിവ നടപ്പിലാക്കുന്നത് വലിയ പ്രോത്സാഹനം നൽകിവരുന്നു. 2011 ലെ പാൻഫിഷ് ഡേറ്റ പ്രകാരം ആകെ വ്യക്തികളുടെ കുളങ്ങൾ-2151 എണ്ണം ആണ് (1577.25 ഏക്കർ) 50 ഹെക്ടർ പ്രദേശം ഓരുജല ചെമ്മീൻകൃഷി നടത്തിവരുന്നു. കോട്ടയം ജില്ലയിൽ, പള്ളത്ത് ഒരു ഗവൺമെൻറ് മോഡൽ ഫിഷ്ഫാം പ്രവർത്തിച്ചു വരുന്നു.

മത്സ്യകൃഷിയിലൂടെ മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം കായലും നദികളും ഉൾപ്പെടെയുള്ള പൊതുജലാശയങ്ങളുടെ സംരക്ഷണത്തിനും സ്വഭാവിക മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തിനും പരിപോഷണത്തിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടത് മത്സ്യമേഖലയുടെ വികസനത്തിന് അനിവാര്യമായ ഘടകമാണ്.

മത്സ്യമേഖലയുടെ സമഗ്രവികസനത്തിനായി മത്സ്യത്തൊഴിലാളികളുടെ നിലവിലുള്ള സാമൂഹ്യ സാമ്പത്തിക സാംസ്കാരിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനും മത്സ്യ ഉല്പാദന വർദ്ധനവിനും പൊതുജലാശയങ്ങളുടെ സംരക്ഷണത്തിനും പ്രാമുഖ്യം നൽകികൊണ്ടുള്ള വികസന കാഴ്ചപ്പാട് രൂപീകരിക്കുന്നതിനുമായി ജില്ലയിലെ മത്സ്യമേഖലയെ സംബന്ധിച്ചുള്ള വിവരങ്ങൾ ഇതോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്നു.

അടിസ്ഥാന വിവരങ്ങൾ
ഉൾനാടൻ മത്സ്യബന്ധന മേഖല

മത്സ്യത്തൊഴിലാളി കുടുംബങ്ങളെയും കർമോന്മുഖ മത്സ്യത്തൊഴിലാളികളെയും സംബന്ധിച്ചുള്ള വിവരങ്ങൾ

1	ക്ഷേമനിധി അംഗത്വമുള്ള ആകെ മത്സ്യത്തൊഴിലാളികളുടെ എണ്ണം	- 5139
2	അനുബന്ധ മത്സ്യത്തൊഴിലാളികളുടെ എണ്ണം	- 677
3	മത്സ്യത്തൊഴിലാളി ആയിട്ടും ക്ഷേമനിധി അംഗത്വം എടുക്കാത്തവരുടെ എണ്ണം	- 1649
4	മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ദാരിദ്ര സൂചികയുടെ അടിസ്ഥാനത്തിൽ	
a)	ഭവനമില്ലാത്തവർ	- 950
b)	പകുതി വീട് പൂർത്തീകരിച്ചവർ	- 115
c)	വീട് തീരത്തു നിന്ന് 50 മീറ്റർ ഉള്ളിൽ ഉള്ളവർ	- 1000
d)	ശാരീരിക അവശത നേരിടുന്ന അംഗങ്ങൾ	- 215
e)	കക്കൂസ് ഇല്ലാത്ത കുടുംബം(ടാങ്ക് ഇല്ലാത്തത്)	- 1015
f)	കുടിവെള്ള ഇല്ലാത്ത കുടുംബങ്ങൾ	- 2500
g)	പോഷകാഹാര കുറവുള്ളവർ (കുടുംബങ്ങൾ)	- 615
h)	മദ്യം, മയക്കുമരുന്ന് എന്നിവയ്ക്ക് അടിമകളായവർ	- 250
i)	വിധവ ആയിട്ടുള്ളവർ	- 295
5	മുതൽ 18 വയസ്സു വരെയുള്ള മത്സ്യത്തൊഴിലാളി കുടുംബ അംഗങ്ങളുടെ വിദ്യാഭ്യാസ നിലവാരം	
1)	വിദ്യാർത്ഥികളായിരിക്കുമ്പോൾ കൊഴിഞ്ഞു പോയവർ	- 200
2)	തൊഴിൽ രഹിതർ	- 6600
3)	ബിരുദം നേടിയവർ	- 350

4)	ബിരുദാനന്തര ബിരുദം നേടിയവർ	- 175
5)	പ്രൊഫഷണൽ ബിരുദം നേടിയവർ	- 75
6)	ഇവരിൽ തൊഴിൽ രഹിതർ	- 300

മത്സ്യമേഖല പശ്ചാത്തല സൗകര്യങ്ങൾ

വിപണനകേന്ദ്രങ്ങൾ - മുറിഞ്ഞപുഴ ലാൻറിംഗ് സെൻറർ, നാനാടം മാർക്കറ്റ്, കോവിലകത്തുകടവ് മാർക്കറ്റ്, തലയാഴം ലാൻറിംഗ് സെൻറ്ർ, ഉല്ലല മാർക്കറ്റ്, ചെമ്പ് മാർക്കറ്റ്, കുമരകം ഫിഷ്മാർക്കറ്റ്, ഏറ്റുമാനൂർ ഫിഷ് മാർക്കറ്റ്, കോടിമത ഫിഷ് മാർക്കറ്റ്, ചങ്ങനാശ്ശേരി ഫിഷ് മാർക്കറ്റ്, നീണ്ടൂർ മാർക്കറ്റ്.

ഐസ് പ്ലാൻറുകൾ

നേരെ കടവ് - കുമരകം (Private ownership)

കോവിലകത്തുംകടവ് (Govt.)

മത്സ്യകർഷക ക്ലബ്ബുകൾ - ഓരോ പഞ്ചായത്തിലും ഒന്നു വീതം

സർക്കാർ/ സർക്കാർ ഇതര സ്ഥാപനങ്ങൾ

സർക്കാർ സ്കൂളുകൾ	- 69
പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ	- 11
വായനശാലകൾ	- 17
സാംസ്കാരിക കേന്ദ്രങ്ങൾ	- ഇല്ല

മത്സ്യബന്ധന യാനങ്ങൾ സംബന്ധിച്ച വിവരങ്ങൾ

രജിസ്റ്റർ ചെയ്തവ - 1620

പരിസ്ഥിതി ശുചിത്വകാര്യങ്ങൾ, മാലിന്യസംസ്കരണം

ബയോകമ്പോസ്റ്റ്	-	ഇല്ല
പ്ലാസ്റ്റിക് മാലിന്യ നിക്ഷേപം	-	ജലാശയങ്ങളിൽ നിക്ഷേപിക്കുന്നു
റീസൈക്ലിംഗ് യൂണിറ്റ്	-	ഇല്ല
കത്തിച്ച് നശിപ്പിക്കൽ	-	ഉണ്ട്

മത്സ്യമാർക്കറ്റിന്റെ അവസ്ഥ

ഉടമസ്ഥത	-	കോവിലകത്തും കടവ് മാർക്കറ്റ്, ഏറ്റുമാനൂർ മാർക്കറ്റ്, ചങ്ങനാശ്ശേരി മാർക്കറ്റ്, കോടിമത മാർക്കറ്റ്, മുറിഞ്ഞപുഴ ലാൻറിംഗ് സെൻറർ (ചെമ്പ് പഞ്ചായത്ത്)
നാനാടം മാർക്കറ്റ്	-	ഉദയനാപുരം പഞ്ചായത്ത്
വിൽപ്പനയ്ക്കുള്ള സജ്ജീകരണം	-	ഐസ് ബോക്സുകൾ കുറവാണ്
ആരോഗ്യശുചീകരണ നിലവാരം	-	കുറവ്
വനിത സൗഹൃദ മാർക്കറ്റുകൾ	-	ഇല്ല
വില്പനസമയം	-	രാവിലെ 5 മുതൽ 10 വരെ ഉച്ചയ്ക്ക് 11,30 മുതൽ 3 വരെ

മത്സ്യത്തിലധിഷ്ഠിതമായ മൂല്യവർദ്ധന ഉല്പന്നങ്ങളുടെ വിൽപ്പന സാധ്യത

വനിതകൾക്കുള്ള തൊഴിൽ സാധ്യത - അച്ചാർ യൂണിറ്റുകൾക്കുള്ള സാധ്യതയുണ്ട്.
ഉണക്ക മത്സ്യം, മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മത്സ്യമേഖലയുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത പ്രധാന പദ്ധതികൾ

1) മത്സ്യത്തൊഴിലാളികൾക്കുള്ള പഠനോപകരണം

2) മത്സ്യത്തൊഴിലാളികൾക്കുള്ള വല നൽകൽ

3) അലങ്കാര മത്സ്യകൃഷി

4) മത്സ്യകർഷകർക്ക് മത്സ്യതീറ്റ

പ്രശ്നങ്ങൾ

ഗുണഭോക്താക്കൾക്ക് വിഹിതം അടക്കുന്നതിനുള്ള പണത്തിന്റെ ലഭ്യതക്കുറവ്

കുമരകം മത്സ്യഗ്രാമത്തിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളേയും കർമ്മോന്മുഖ മത്സ്യത്തൊഴിലാളികളെയും സംബന്ധിച്ചുള്ള വിവരം

ക്ഷേമനിധി അംഗത്വമുള്ളവരുടെ എണ്ണം (ഏകദേശം)

കുമരകം ഗ്രാമപഞ്ചായത്ത്	-	489
ആർപ്പുക്കര ഗ്രാമപഞ്ചായത്ത്	-	80
നീണ്ടൂർ ഗ്രാമപഞ്ചായത്ത്	-	139
വെച്ചൂർ ഗ്രാമപഞ്ചായത്ത്	-	170
വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്	-	60
തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്	-	223
പായിപ്പാട് ഗ്രാമപഞ്ചായത്ത്	-	48
അയ്മനം ഗ്രാമപഞ്ചായത്ത്	-	200
ആകെ	-	1409

==========

ക്ഷേമനിധി അംഗത്വം എടുക്കാത്തവരുടെ എണ്ണം (ഏകദേശം)

കുമരകം ഗ്രാമപഞ്ചായത്ത്	-	78
നീണ്ടൂർ ഗ്രാമപഞ്ചായത്ത്	-	261
ആർപ്പുക്കര ഗ്രാമപഞ്ചായത്ത്	-	95
വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്	-	10
തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്	-	200
പായിപ്പാട് ഗ്രാമപഞ്ചായത്ത്	-	20
അയ്മനം ഗ്രാമപഞ്ചായത്ത്	-	35
ആകെ	-	699

==========

അനുബന്ധ മത്സ്യത്തൊഴിലാളികൾ (ഏകദേശം)

കുമരകം ഗ്രാമപഞ്ചായത്ത്	-	65
ആർപ്പുക്കര ഗ്രാമപഞ്ചായത്ത്	-	2
നീണ്ടൂർ ഗ്രാമപഞ്ചായത്ത്	-	44
വെച്ചൂർ ഗ്രാമപഞ്ചായത്ത്	-	70
വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്	-	10
തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്	-	50
അയ്മനം ഗ്രാമപഞ്ചായത്ത്	-	32
ആകെ	-	273

==========

മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ദാരിദ്ര്യ സൂചികയുടെ അടിസ്ഥാനത്തിൽ മത്സ്യഗ്രാമം തിരിച്ച് വിവരം (ഏകദേശം)

കുമരകം മത്സ്യഗ്രാമത്തിന്റെ പരിധിയിൽ ഭവന രഹിതർ	-	200
ഭൂരഹിതർ	-	50
ഭാഗീകമായി വീട് പൂർത്തീകരിച്ചവർ	-	35
ശാരീരിക അവശത നേരിടുന്ന അംഗങ്ങൾ	-	65
കക്കൂസ് ഇല്ലാത്ത കുടുംബം	-	15
വൈദ്യുതി ഇല്ലാത്ത കുടുംബങ്ങൾ	-	2
കുടിവെള്ളം ഇല്ലാത്ത കുടുംബങ്ങൾ	-	500

മാനസിക ശാരീരിക അവശത നേരിടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾ സംബന്ധിച്ച വിവരങ്ങൾ (ഏകദേശം)

മത്സ്യഗ്രാമത്തിൽ ഏകദേശം	-	20
പോഷകാഹാര കുറവുള്ളവർ	-	15
മദ്യം, മയക്കു മരുന്ന് എന്നിവയ്ക്ക് അടിമയായവർ	-	50
വിധവയായിട്ടുള്ളവർ	-	95

5 **മുതൽ** 18 **വയസ്സു വരെയുള്ള മത്സ്യത്തൊഴിലാളികളുടെ കുടുംബാംഗങ്ങളുടെ വിദ്യാഭ്യാസ നിലവാരം (ഏകദേശം)**

തൊഴിൽ രഹിതർ	-	600
ബിരുദം നേടിയവർ	-	100
ബിരുദാനന്തര ബിരുദം നേടിയവർ	-	25
പ്രഫഷണൽ ബിരുദം നേടിയവർ	-	25

മത്സ്യമേഖല പശ്ചാത്തല സൗകര്യങ്ങൾ

വിപണനകേന്ദ്രം - കുമരകം ഫിഷ് മാർക്കറ്റ്, ഏറ്റുമാനൂർ ഫിഷ് മാർക്കറ്റ്, കോടിമത, ചങ്ങനാശ്ശേരി, നീണ്ടൂർ ഫിഷ് മാർക്കറ്റ്, കൈപ്പുഴ പള്ളിത്താഴെ ഫിഷ്മാർക്കറ്റ്

ഹാർബറുകൾ	- കരയ്ക്കടുപ്പിക്കൽ കേന്ദ്രം- ഇല്ല
ഐസ് പ്ലാൻറുകൾ	- കുമരകം
മത്സ്യക്ലബ്ബുകൾ	- ഉണ്ട്
ഗതാഗത സൗകര്യങ്ങൾ	- തകർന്നു കിടക്കുന്ന റോഡുകൾ
സ്ത്രീ വിശ്രമകേന്ദ്രം	- ഇല്ല

സർക്കാർ/സർക്കാരിതര സ്ഥാപനങ്ങൾ - വിദ്യാലയം

കുമരകം	-	15
ആർപ്പുക്കര	-	7
നീണ്ടൂർ	-	10
വാഴപ്പള്ളി	-	3
തിരുവാർപ്പ്	-	11
പായിപ്പാട്	-	3
അയ്മനം	-	15

പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ

കുമരകം	-	P.H.C- 1 Sub Center
ആർപ്പുക്കര	-	P.H.C- 1 M.C.H - 1
നീണ്ടൂർ	-	P.H.C- 1 Sub Center 5
വാഴപ്പള്ളി	-	P.H.C- 1 Sub Center - 3
തിരുവാർപ്പ്	-	P.H.C- 1
പായിപ്പാട്	-	P.H.C- 1
അയ്മനം	-	P.H.C- 1
വെച്ചൂർ	-	P.H.C- 1

വായനശാലകൾ

കുമരകം	-	3
ആർപ്പുക്കര	-	2
നീണ്ടൂർ	-	3
വാഴപ്പള്ളി	-	1
തിരുവാർപ്പ്	-	1
പായിപ്പാട്	-	1
അയ്മനം	-	1
വെച്ചൂർ	-	1

മത്സ്യബന്ധന യാനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

260 മത്സ്യബന്ധന യാനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പരിസ്ഥിതി, ശുചിത്വകാര്യങ്ങൾ, മാലിന്യ സംസ്കരണം

ബയോകംമ്പോസ്റ്റ്	-	ഇല്ല
കത്തിച്ച് നശിപ്പിക്കൽ	-	ഉണ്ട്.

മത്സ്യമാർക്കറ്റുകളുടെ അവസ്ഥ മാർക്കറ്റുകളുടെ ഉടമസ്ഥത

ചങ്ങനാശ്ശേരി, ഏറ്റുമാനൂർ KSCADC, കോടിമത, KSCADC കുമരകം (PRIVATE MARKET) നീണ്ടൂർ, കൈപ്പുഴ (പഞ്ചായത്ത് മാർക്കറ്റ്)

ആരോഗ്യശുചിത്വ നിലവാരം	-	കുറവാണ്
വില്പനസമയം	-	രാവിലെ 5 മുതൽ 9 വരെ വൈകുന്നേരം 3 മുതൽ 8 വരെ

നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും വിലയിരുത്തൽ

ക്ഷേമനിധി രജിസ്റ്റർ ചെയ്തവരുടെ എണ്ണം	- 1239
വള്ളം രജിസ്റ്റർ ചെയ്തത്	- 260

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മത്സ്യമേഖലയുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത പ്രധാന പദ്ധതികൾ

മത്സ്യത്തൊഴിലാളികൾക്ക് പഠനോപകരണം
മത്സ്യത്തൊഴിലാളികൾക്ക് വല നൽകൽ

വൈക്കം മത്സ്യഗ്രാമത്തിൽ ക്ഷേമനിധി ഉള്ളവരുടെ എണ്ണം (ഏകദേശം)

വൈക്കം - 3730

വൈക്കം മത്സ്യഗ്രാമത്തിൽ മത്സ്യത്തൊഴിലാളിയായിട്ടും ക്ഷേമനിധി എടുക്കാത്തവരുടെ എണ്ണം (ഏകദേശം)

വൈക്കം - 950 (ചെമ്പ് പഞ്ചായത്ത് - 500, മറവൻതുരുത്ത് പഞ്ചായത്ത് - 200, ഉദയനാപുരം- 250 ഉൾപ്പെടെ)

അനുബന്ധ മത്സ്യത്തൊഴിലാളികൾ

പുരുഷന്മാർ	-	50
സ്ത്രീകൾ	-	354

മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ദാരിദ്രസൂചികയുടെ അടിസ്ഥാനത്തിൽ മത്സ്യഗ്രാമം തിരിച്ച് വിവരം (ഏകദേശം)

വീടില്ലാത്തവർ കോട്ടയം ജില്ലയിൽ	-	750
പകുതി വീട് പൂർത്തീകരിച്ചവർ	-	80
വീട് തീരത്തിൽ നിന്ന് 50 മീറ്റർ ഉള്ളവർ	-	1000
ശാരീരിക അവശത നേരിടുന്ന അംഗങ്ങൾ	-	150
കക്കൂസ് ഇല്ലാത്ത കുടുംബം (ടാങ്ക് ഇല്ലാത്തത്)	-	1000
വൈദ്യുതി ഇല്ലാത്ത കുടുംബം	-	100
കുടിവെള്ള ലഭ്യത ഇല്ലാത്ത കുടുംബങ്ങൾ (HOUSE CONNECTION)	-	2000

4 മാനസിക ശാരീരിക അവശത നേരിടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾ സംബന്ധിച്ച വിവരങ്ങൾ മത്സ്യഗ്രാമം തിരിച്ച് ഏകദേശം 50 പേർ

പോഷകാഹാരകുറവുള്ളവർ	-	600
മദ്യം, മയക്കുമരുന്ന് എന്നിവയ്ക്ക് അടിമയായവർ	-	200
വിധവ ആയിട്ടുള്ളവർ	-	200

5 മുതൽ 18 വയസ്സുവരെയുള്ള മത്സ്യത്തൊഴിലാളി കുടുംബാംഗങ്ങളുടെ വിദ്യാഭ്യാസ നിലവാരം ഏകദേശം

വിദ്യാർത്ഥികളായിരിക്കുമ്പോൾ കൊഴിഞ്ഞുപോയവർ	-	200
തൊഴിൽ രഹിതർ	-	6000
സാക്ഷരതാപ്രവർത്തനം വഴി വിദ്യാഭ്യാസം നേടിയവർ	-	
ബിരുദം നേടിയവർ	-	250
ബിരുദാനന്തരബിരുദം നേടിയവർ	-	150
പ്രൊഫഷണൽ ബിരുദം നേടിയവർ	-	50
ഇവരിൽ തൊഴിൽ രഹിതർ	-	300

മത്സ്യമേഖല പശ്ചാത്തല സൗകര്യങ്ങൾ, മത്സ്യസംസ്കരണം

വിപണനകേന്ദ്രം- മുറിഞ്ഞപുഴ, കോവിലകത്തും കടവ് മാർക്കറ്റ്, തലയാഴം ലാൻറിംഗ് സെൻറർ, ഉല്ലല മാർക്കറ്റ്, ചെമ്പ് മാർക്കറ്റ്

ഹാർബറുകൾ - കരയ്ക്കടുപ്പിയ്ക്കൽ കേന്ദ്രങ്ങൾ - ഇല്ല

ഐസ് പ്ലാൻറുകൾ

നേരെകടവ് (PRIVATE OWNERSHIP)

കോവിലകത്തും കടവ്

നെറ്റ് മെൻറിംഗ് യാഡുകൾ	- ഇല്ല
മത്സ്യബന്ധന സാമഗ്രി വിപണ കേന്ദ്രങ്ങൾ	- ഇല്ല
മത്സ്യകർഷക ക്ലബ്ബുകൾ	- ഒരോ പഞ്ചായത്തിനും ഒന്നു വീതം ഉണ്ട്.

ലേല കേന്ദ്രങ്ങൾ - മാർക്കറ്റിലും ലാന്റിംഗ് സെന്ററിലും ആണ് ലേലം നടക്കുന്നത്.

മത്സ്യ ഉണക്ക് കേന്ദ്രങ്ങൾ - ഇല്ല

ഗതാഗതാ സൗകര്യം - ഒട്ടമിക്ക പഞ്ചായത്തിലും താറുമാറായി കിടക്കുന്നു.

സ്ത്രീ വിശ്രമ കേന്ദ്രം - ഇല്ല

സർക്കാർ/ സർക്കാരിതര സ്ഥാപനങ്ങൾ

ബ്രഹ്മമംഗലം യു. പി. സ്കൂൾ
മറവൻതുരുത്ത് ഗവൺമെൻറ് സ്കൂൾ
മടിയത്തറ ഗവൺമെൻറ് സ്കൂൾ
ടി. വി. പുരം ഗവൺമെൻറ് സ്കൂൾ
ഗവൺമെൻറ് ബോയ്സ് സ്കൂൾ

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ

P.H.C മറവൻതുരുത്ത്, P.H.C ചെമ്പ്, P.H.C റ്റി. വി. പുരം

സാംസ്കാരിക കേന്ദ്രങ്ങൾ - ഇല്ല

വായനാശാലകൾ - റ്റി. വി. പുരം, വൈക്കം, ചെമ്പ്, മറവൻതുരുത്ത്

മത്സ്യബന്ധനയാനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

1360 മത്സ്യബന്ധനയാനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പരിസ്ഥിതി, ശുചിത്വ കാര്യങ്ങൾ, മാലിന്യ സംസ്കരണം ബയോ കമ്പോസ്റ്റ് - ഇല്ല

പ്ലാസ്റ്റിക് മാലിന്യ നിക്ഷേപം - കായലിലേയ്ക്കും, ജലാശയങ്ങളിലേയ്ക്കും നിക്ഷേപിക്കുന്നു,

റീസൈക്ലിംഗ് യൂണിറ്റ് - ഇല്ല

കത്തിച്ച് നശിപ്പിക്കൽ - ഉണ്ട്

മത്സ്യമാർക്കറ്റുകളുടെ അവസ്ഥ ഉടമസ്ഥത -

കോവിലകത്തുംമാർക്കറ്റ് - KSCADC

മുറിഞ്ഞപുഴ ലാൻറിംഗ് സെൻറർ - ചെമ്പ് പഞ്ചായത്ത്

നാനാടം മാർക്കറ്റ് - ഉദയനാപുരം പഞ്ചായത്ത്

വിൽപ്പനയ്ക്കുള്ള സജ്ജീകരണം - ഐസ് ബോക്സുകൾ കുറവാണ്

ആരോഗ്യ ശുചിത്വനിലവാരം - കുറവാണ്

വനിതാ സൗഹൃദ മാർക്കറ്റുകൾ - ഇല്ല

വില്പന സമയം - രാവിലെ 5 മുതൽ 10 വരെ
ഉച്ചയ്ക്ക് 11.30 മുതൽ 3 വരെ

മത്സ്യത്തൊഴിലധിഷ്ഠിതമായ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിൽപ്പന സാധ്യത

ഇതിനായുള്ള കേന്ദ്രങ്ങൾ - കുടുംബശ്രീ, മത്സ്യഫെഡ്

വനിതകൾക്കുള്ള തൊഴിൽ സാധ്യത- അച്ചാർ യൂണിറ്റുകൾ തുടങ്ങിയവയ്ക്കുള്ള സാധ്യത ഉണ്ട്

വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി 11,12 പഞ്ചവത്സര പദ്ധതി കാലത്ത് നടത്തിയ പദ്ധതികൾ

മത്സ്യത്തൊഴിലാളി കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകി
മത്സ്യത്തൊഴിലാളികൾക്ക് വല നൽകി
അലങ്കാര മത്സ്യകൃഷി
മത്സ്യത്തൊഴിലാളി കർഷകർക്ക് മത്സ്യതീറ്റ

നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും വിലയിരുത്തൽ

രജിസ്റ്റർ ചെയ്തവരുടെ എണ്ണം - 1360

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മത്സ്യമേഖലയുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത പ്രധാന പദ്ധതികൾ

മത്സ്യത്തൊഴിലാളി കുട്ടികൾക്ക് പഠനോപകരണം (വിജയിച്ച)
മത്സ്യത്തൊഴിലാളികൾക്ക് വല നൽകി
അലങ്കാര മത്സ്യകൃഷി
മത്സ്യത്തൊഴിലാളി കർഷകർക്ക് മത്സ്യതീറ്റ

പ്രശ്നങ്ങൾ

ഗുണഭോക്താക്കൾക്ക് വിഹിതം അടയ്ക്കുന്നതിനുള്ള പണത്തിന്റെ ലഭ്യത കുറവ്

മത്സ്യത്തൊഴിലാളി മേഖലകളിൽ ഉള്ള അടിസ്ഥാനസൗകര്യ വിശകലനം - ലഘുഗുരുത്വ ചാർട്ട് മത്സ്യഗ്രാമം

	മത്സ്യ ഗ്രാമം	
ഇനം	വൈക്കം	കുമരകം
മത്സ്യഭവൻ ഓഫീസുകൾ	ചെമ്പ്, വൈക്കം	കുമരകം
മത്സ്യഭവൻ ഓഫീസർ	ചെമ്പ് (അധിക ചുമതല)	അധിക ചുമതല
ഭവനമില്ലാത്തവർ	600 എണ്ണം	150 എണ്ണം

സാനിട്ടേഷൻ

	മത്സ്യഗ്രാമം	
ഇനം	വൈക്കം	കുമരകം
കക്കൂസിന് ടാങ്ക് ഇല്ലാത്തവർ	1000	15
ഫിഷ് ഫാർമേഴ്സ് ക്ലബ്ബ്	8	7
(കുടിവെള്ളം ഇല്ലാത്തവർ) പൈപ്പ് കണക്ഷൻ ഇല്ലാത്തവർ	2000	500
വൈദ്യുതി (വൈദ്യുതി ഇല്ലാത്ത വീടുകൾ)	100	2

ഗ്രേഡിംഗ്

1. അതീവ ഗുരുതരം 2. ഗുരുതരം 3. സാധാരണം 4. പ്രശ്നമില്ലാത്തവ

ക്രമ നമ്പർ	ഇനം	ഗ്രേഡിംഗ്									
		എണ്ണം	കുമരകം				എണ്ണം	വൈക്കം			
1		-	1	2	3	4		1	2	3	4
	ഫിഷ് ഫാമിംഗ് സെന്റർ						3				
2	പ്രാഥമിക ആരോഗ്യ കേന്ദ്രം	8					8			6	2
3	ഫിഷ് മാർക്കറ്റ്	5			3	2	3			2	1
4	ഐസ് പ്ലാൻറ്	1			1		2			1	1

സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവുമൺ (സാഫ്)

മത്സ്യത്തൊഴിലാളി വനിതകളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നതി ലക്ഷ്യമിട്ടുകൊണ്ട് അവർക്ക് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്ക് ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഏജൻസിയായ സാഫ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. പരമാവധി 2 ലക്ഷം രൂപാ ചിലവു വരുന്ന ചെറുകിട സംരംഭങ്ങൾക്ക് 80% തുക സാഫ് സബ്സീഡിയായി നൽകുന്നു. 15% ബാങ്ക് ലോണും 5% ഗുണഭോക്തൃ വിഹിതവുമായ സംരംഭങ്ങൾ തുടങ്ങുന്നതിനും പ്രവർത്തിക്കുന്നതിനും മറ്റുമുള്ള സാങ്കേതിക സഹായവും സാഫിന്റെ നേതൃത്വത്തിൽ നടത്തി വരുന്നു. നിലവിൽ 50 യൂണിറ്റുകളാണ് ഇത്തരത്തിൽ പ്രവർത്തിച്ചു വരുന്നത്.

മത്സ്യത്തൊഴിലാളി വനിതകൾക്കുള്ള തൊഴിൽ സംരംഭങ്ങൾ

തീരമൈത്രി - വേമ്പനാട് പദ്ധതിയിലൂടെയാണ് സാഫ് ഈ സാമ്പത്തിക സഹായം നൽകുന്നത്. വേമ്പനാട് കായലിന് തീരത്ത് സ്ഥിതി ചെയ്യുന്ന അയ്മനം, കുമരകം, വൈക്കം, മുനിസിപ്പാലിറ്റി. റ്റി. വി. പുരം, തലയാഴം, വെച്ചൂർ, ചെമ്പ്, മറവൻ തുരുത്ത്, ഉദയനാപുരം എന്നീ ഒൻപത് ലോക്കൽ ബോഡികളിലെ അംഗങ്ങളാണ് ഗുണഭോക്താക്കൾ. നിലവിൽ 46 യൂണിറ്റുകൾ ഇത്തരത്തിൽ സ്ഥാപിതമായിട്ടുണ്ട്.

മത്സ്യകൃഷിയെ സംബന്ധിച്ചുള്ള വിവരങ്ങൾ

1. കുളങ്ങളുടെ എണ്ണം MNREUP Scheme attached
2. മത്സ്യസമൃദ്ധി പദ്ധതി II-ൽ ഉൾപ്പെടുന്ന കർഷകരുടെ ലിസ്റ്റ് - ശുദ്ധ ജല മത്സ്യകൃഷി – 20 (800 ha) (P.F.B) 2011. ഓരുജല മത്സ്യകൃഷി (50ha) – 99 armers
3. പൊതുജലാശയം - പഞ്ചായത്ത് കുളങ്ങളുടെ വിസ്തൃതി – 56.02 acre (P.F. B. 2011)
4 സ്വകാര്യകുളങ്ങൾ - 2151 (Pan Fishbook) (1577.25 acre)
   കുടിവെള്ള പദ്ധതി 75 Nos (47.30 acre)
   ആരാധനാലയങ്ങളുടെ കുളങ്ങൾ 211 Nos (38.08 acre)
   അലങ്കാര മത്സ്യകൃഷി വിപണന യൂണിറ്റുകൾ 65 units
   കർഷകരുടെ എണ്ണം - ശുദ്ധജലം - 5380
   - ഓരുജലം - 99

മത്സ്യകൃഷി രീതികൾ

1 കുളങ്ങളിലെ മത്സ്യകൃഷി
2 RAS
3 പാടശ്ശേഖരങ്ങളിലെ ഒരു നെല്ലും ഒരു മീനും കൃഷി
4 പടുത/ സിമന്റ് കുളങ്ങളിലെ കൃഷി

ഉല്പ്പാദന ക്ഷമത Cacp 3000 kg (3T)/ha 1 cent 10-12

<u>മത്സ്യകർഷക ക്ലബ്ബുകളുടെ പങ്കും സാധ്യതകളും</u>

നിലവിലെ ക്ലബ്ബിന്റെ പ്രവർത്തനം

കേരളത്തിൽ കോട്ടയം ജില്ലയിലെ എല്ലാ തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളിലും മത്സ്യകർഷകരുടെ കൂട്ടായ്മയ്ക്കായി ക്ലബ്ബുകൾ പ്രവർത്തിക്കുന്നു. വൈക്കം, രാമപുരം, കങ്ങഴ, എന്നീ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് ക്ലബ്ബിന് കെട്ടിടം പണിയുന്നതിന് 4 ലക്ഷം രൂപാ വീതവും അടിസ്ഥാന സൗകര്യ വികസനത്തിനായി 1 ലക്ഷം രൂപാ വീതവും ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ചു. മത്സ്യകർഷക ദിനം മറ്റു കാർഷിക ഇതര പ്രാധാന്യമുള്ള ദിനങ്ങളിൽ കർഷകരുടെ കൂട്ടായ്മ സംഘടിപ്പിക്കുകയും സെമിനാറുകൾ ബോധവത്ക്കരണ ക്ലാസ്സുകൾ എന്നിവ

നടത്തി വരുകയും ചെയ്യുന്നു. അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കർഷകർക്ക് അംഗത്വം നൽകി വർഷാവർഷം പുതുക്കി വരുകയും ചെയ്യുന്നു. ക്ലബ്ബിന് അനുവദിച്ച വല, പമ്പ് സെറ്റ് എന്നിവ നിശ്ചിത വാടക കർഷകരിൽ നിന്നും ഈടാക്കി വാടകയ്ക്ക് നൽകുകയും ഇങ്ങനെ ലഭിക്കുന്ന വരുമാനം ക്ലബ്ബിന്റെ പ്രസിഡൻറ് , അക്വാ കൾച്ചർ കോ- ഓർഡിനേറ്റർ എന്നിവരുടെ ജോയിൻറ് അക്കൗണ്ടിൽ നിക്ഷേപിച്ച് ക്ലബ്ബ് പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ച് വരുന്നു.

പോരായ്മ

ക്ലബ്ബുകളിലെ മത്സ്യകർഷകർക്ക് മീറ്റിംഗുകൾ, ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നതിനും, സ്വന്തമായി കെട്ടിടം ഇല്ലാത്തത് അസൗകര്യം ഉണ്ടാക്കുന്നു. മത്സ്യകർഷക അംഗങ്ങൾക്ക് പൊതു ഉപയോഗത്തിനുള്ള സാമഗ്രികൾ ക്ലബ്ബുതലത്തിൽ ഉണ്ടെങ്കിൽ അതിൽ വാടക ഈടാക്കിയാൽ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാകുന്നു.

സാധ്യതകൾ

പഞ്ചായത്തു തലത്തിൽ ക്ലബ്ബുകൾ ഉണ്ടെങ്കിൽ പുതിയ മത്സ്യകൃഷി രീതികളെപ്പറ്റി ചർച്ച ചെയ്യുന്നതിനും മറ്റും സാധിക്കുന്നു.

സെമിനാറുകൾ/ക്ലാസ്സുകൾ സംഘടിപ്പിച്ച് കൂടുതൽ ആളുകളിലേയ്ക്ക് മത്സ്യകൃഷിയുടെ സാധ്യത എത്തിക്കുന്നതിന് സാധിക്കുന്നു.

ഉല്പ്പാദിച്ച മത്സ്യങ്ങളുടെ ഒരു വിപണി കണ്ടെത്തുന്നതിന് സാധിക്കുന്നു.

അലങ്കാര മത്സ്യകൃഷിയുടെ സാധ്യതകൾ

Units – 65 units (PFB 2011)

കോട്ടയം ജില്ലയിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ തൊഴിൽ രഹിതരായ വനിതകൾക്ക് സ്വയംപര്യാപ്തത നേടാൻ ഉതകുന്ന ഒരു തൊഴിലാണ് അലങ്കാര മത്സ്യകൃഷി. ഇതു മൂലം വനിതകൾക്ക് സ്വയംപര്യാപ്തത കൈവരിക്കുന്നതിനും സാമ്പത്തികമായും സാമൂഹികപരമായും മുൻനിരയിലേയ്ക്ക് വരുന്നതിനും വഴിയൊരുക്കുന്നു. സാധാരണയുള്ള അലങ്കാരമത്സ്യങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കാതെ കൂടുതൽ വ്യത്യസ്തതയുള്ളതും വിപണനസാധ്യതയുള്ളതുമായ ഇനങ്ങൾ കണ്ടെത്തി മത്സ്യകൃഷി നടത്തുകയാണെ ങ്കിൽ വളരെ ലാഭകരമായ ഒരു മേഖല തന്നെയാണ് അലങ്കാര മത്സ്യം വളർത്തൽ. അക്വേറിയം നിർമ്മാണം, ഗ്ലാസ്സ് ടാങ്ക് നിർമ്മാണം എന്നിവയിൽ പരിശീലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ വനിതകൾക്ക് നൽകിയാൽ വളരെ ഉപകാരപ്രദമാണ്.

നിലവിൽ അലങ്കാര മത്സ്യകൃഷി മേഖലയിൽ നാമമാത്ര കർഷകർ മാത്രമാണ് ഉള്ളത്. തൊഴിൽ രഹിതരായ കൂടുതൽ ആളുകളെ പഞ്ചായത്തു തലത്തിൽ കാവിൽ പോലുള്ള ഏജൻസികൾ മുഖേന ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തി ഇതിലേയ്ക്ക് കൊണ്ടുവരുകയാണെങ്കിൽ ഇതിന്റെ സാധ്യത ഏറുകയാണ്.

ശുദ്ധജല ലഭ്യതയുള്ളതും സ്ഥലലഭ്യതയുള്ളതും ആയ പ്രദേശങ്ങൾക്ക് മുൻഗണന നൽകാവുന്നതാണ്.

നിലവിൽ കാവിൽ പോലുള്ള ഏജൻസികൾ മുഖേന പരിശീലന ക്ലാസ്സുകൾ, ധനസഹായം എന്നിവ ലഭിച്ച യൂണിറ്റുകൾ മന്ദീഭവിച്ച അവസ്ഥയാണുള്ളത് ഈ യൂണിറ്റുകൾക്ക് തുടർസഹായവും വിപണിയും കണ്ടെത്തി നൽകുകയാണെങ്കിൽ മാത്രമെ ഈ യൂണിറ്റുകൾക്ക് തുടർന്ന് പ്രവർത്തിക്കുന്നതിന് സാധിക്കുകയുള്ളൂ.

ഗവൺമെൻറ് മോഡൽ ഫിഷ് ഫാം പള്ളം

മത്സ്യവകുപ്പിന്റെ കീഴിൽ 1996 ൽ ആണ് ഗവൺമെൻറ് മോഡൽ ഫിഷ് ഫാം സ്ഥാപിതമായത്. കോട്ടയം ജില്ലയിൽ കോട്ടയം മുനിസിപ്പാലിറ്റിയിൽ പള്ളം എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഫാമിന്റെ ആകെയുള്ള വിസ്തീർണ്ണം

11.2 ഹെക്ടർ ആണ്. കോട്ടയം മത്സ്യ കർഷക വികസന ഏജൻസിയുടെ മേൽനോട്ടത്തിലാണ് ഫാം നിലവിൽ പ്രവർത്തിക്കുന്നത്. മത്സ്യവിത്തുൽപ്പാദനം, സമ്മിശ്ര മത്സ്യകൃഷി, മത്സ്യകൃഷി, മത്സ്യവിത്തുല്പ്പാദന വിജ്ഞാന വ്യാപനം എന്നിവയാണ് ഫാമിന്റെ പ്രധാന പ്രവർത്തന മേഖലകൾ. ഇവിടെ നിന്നും നാടൻ മത്സ്യ ഇനങ്ങളായ കരിമീൻ, വരാൽ, അനബാസ് എന്നിവയും വിവിധയിനം ശുദ്ധജല കാർപ്പ് മത്സ്യകുഞ്ഞുങ്ങളെയും തിലാപ്പിയ കുഞ്ഞുങ്ങളെയും വിതരണം ചെയ്തു വരുന്നു. കോട്ടയം ജില്ലയിലേയും മറ്റ് തെക്കൻ ജില്ലകളിലേയും മത്സ്യകർഷകരും മത്സ്യകർഷക വികസന ഏജൻസികളുമാണ് ഫാമിന്റെ പ്രധാന ഉപഭോക്താക്കൾ, ഫാമിനോടനുബന്ധിച്ച് ഒരു അലങ്കാര മത്സ്യവിത്തുല്പ്പാദന യൂണിറ്റും പ്രവർത്തിക്കുന്നു. ഇവിടെ നിന്നും വിവിധ ഇനം അലങ്കാര മത്സ്യങ്ങളും ആവശ്യക്കാർക്ക് വിതരണം ചെയ്യുന്നു.

തദ്ദേശീയ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് പള്ളം ഗവ. മോഡൽ ഫിഷ് ഫാമിൽ ഡെവലപ്മെൻറ് ഓഫ് മോഡൽ ഫിഷ് ഫാം, അക്വാപാർക്ക് എന്നീ പദ്ധതികൾ നടപ്പാക്കി വരുന്നു. പള്ളം ഫിഷ് ഫാമിന്റെ വികസന പ്രവർത്തനങ്ങൾക്കായി 203 ലക്ഷം രൂപയും അക്വാപാർക്ക് നടപ്പിലാക്കുന്നതിനായി 68 ലക്ഷം രൂപയും അനുവദിച്ചു. ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

ഉൾനാടൻ മത്സ്യസമ്പത്തിന്റെ വിവരങ്ങൾ

1. പ്രധാനപ്പെട്ട നാടൻ മത്സ്യ ഇനങ്ങൾ
   കാരി, വരാൽ, മഞ്ഞക്കൂരി, കല്ലട, ആറ്റുകൊഞ്ച്, പരൽമത്സ്യങ്ങൾ, കരിമീൻ
2. ഇപ്പോഴത്തെ അവസ്ഥ / ഉൽപ്പാദനം കുറയുന്നതിനുള്ള പ്രധാന കാരണങ്ങൾ
   - ജലാശയങ്ങളിലെ മലീനീകരണം
   - മണൽ വാരൽ
   - ടൂറിസത്തിന്റെ കടന്ന് വരവ്
   - പ്രജനന സമയത്തുള്ള മത്സ്യബന്ധനം
   - വൈദ്യുതി ഉപയോഗിച്ചുള്ള മത്സ്യബന്ധനം, വിഷം കലക്കൽ
   - സ്വഭാവിക ആവാസവ്യവസ്ഥ നശിപ്പിക്കൽ
   - പ്ലാസ്റ്റിക് മാലിന്യങ്ങളുടെ അടിഞ്ഞുകൂടൽ

പരിഹാര നിർദ്ദേശങ്ങൾ

- മത്സ്യസങ്കേതം സ്ഥാപിക്കൽ
- മാലിന്യ നിർമ്മാർജ്ജനം
- പ്ലാസ്റ്റിക് മാലിന്യം സംസ്കരിക്കുന്നതിനുള്ള യൂണിറ്റുകൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ രൂപീകരിക്കുക.
- പൊതു ജലാശയങ്ങളിലെ മത്സ്യവിത്തു നിക്ഷേപം

ജലാശയങ്ങളുടെ നിലവിലെ അവസ്ഥ

ഉപയോഗം - പൊതുകുളങ്ങൾ

പൊതുജലാശയങ്ങളിൽ മലിനീകരണം, പോള നിറയൽ എന്നിവയാണ് നേരിടുന്ന പ്രധാന പ്രശ്നങ്ങൾ, ഫാക്ടറികൾ, വ്യവസായ സ്ഥാപനങ്ങളിൽ നിന്നും പുറം തള്ളപ്പെടുന്ന അവശിഷ്ടങ്ങൾ എന്നിവ മൂലം പൊതുജലാശയങ്ങൾ മലിനമാവുന്നു.

മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ പൊതുജലാശയങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിന്റെയും മത്സ്യസമ്പത്ത് വർദ്ധിപ്പിച്ച് വരേണ്ടതിന്റെയും ആവശ്യകതയെപ്പറ്റി ബോധവത്ക്കരണ ക്ലാസ്സുകൾ എന്നിവ പഞ്ചായത്തിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുക, മാലിന്യസംസ്കരണ പ്ലാൻറുകൾ സ്ഥാപിക്കുക, പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുക,

പൊതുപരിപാടികളിൽ പ്ലാസ്റ്റിക് സാധനങ്ങളുടെ ഉപയോഗം ഒഴിവാക്കുക, എന്നീ മാർഗ്ഗങ്ങളിലൂടെ ഈ പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്.

പദ്ധതി നിർവ്വഹണ മാർഗ്ഗ നിർദ്ദേശങ്ങളുടെയും ഉപ മാനദണ്ഡങ്ങളുടെയും അവലോകനം

നിർദ്ദേശങ്ങൾ - നിബന്ധനകൾ- മത്സ്യമേഖല

1 മത്സ്യവിഭവത്തിന്റെ സുസ്ഥിരതയും പരിപോഷണവും പരമ്പരാഗതമത്സ്യത്തൊഴിലാളി ജനവിഭാഗത്തിന്റെ ഉപജീവനവും സ്ഥായിയായ നിലനിൽപ്പും ഉറപ്പു വരുത്തുകയാവണം മത്സ്യമേഖല വികസനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുഖ്യ ഊന്നൽ, മാർഗ്ഗരേഖയിലെ മുൻഗണനാ വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് അർഹമായ വിഹിതം ഈ മേഖലയിൽ വകയിരുത്തണം

2 തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തണം. തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മപദ്ധതികളിൽ ഈ മേഖലയിലെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്താൻ വർക്കിംഗ് ഗ്രൂപ്പുകൾ നടപടി സ്വീകരിക്കണം.

3 മത്സ്യഗ്രാമങ്ങൾ ഉൾക്കൊള്ളുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആശ്രയ മാതൃകയിൽ പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനത്തിനായി പദ്ധതി രൂപീകരിക്കേണ്ടതാണ്.

4 മത്സ്യഗ്രാമങ്ങൾ ഉൾപ്പെടുന്ന വാർഡുകളിലും 25 രജിസ്റ്റേഡ് മത്സ്യത്തൊഴിലാളികളെങ്കിലും ഉള്ള വാർഡുകളിലും പദ്ധതി ആസൂത്രണ സഭ/വാർഡ് സഭകൾക്ക് മുമ്പായി മത്സ്യസഭകൾ നിർബന്ധമായും ചേർന്നിരിക്കണം. മത്സ്യസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ ഗ്രാമസഭയും/ വാർഡ് സഭയും ഭരണ സമിതിയും ചർച്ച ചെയ്യേണ്ടതും അർഹമായ പരിഗണന നൽകേണ്ടതുമാണ്.

തൊഴിലധിഷ്ഠിത മത്സ്യകൃഷി

കോട്ടയം ജില്ലയിലെ 77 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പഞ്ചായത്ത് പദ്ധതികളും ഫിഷറീസ് വകുപ്പ് പദ്ധതികളും നടപ്പിലാക്കുന്നതിന് നിലിവിൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, അസി. ഡയറക്ടർ എന്നിവരെ കൂടാതെ മൂന്ന് ഫീൽഡ്തല സാങ്കേതിക ഉദ്യോഗസ്ഥർ മാത്രമാണുള്ളത്. നിലവിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള ഉദ്യോഗസ്ഥർ അപര്യാപ്തമാണ്. കൃഷിവകുപ്പ് , മൃഗസംരക്ഷണ വകുപ്പ് തുടങ്ങിയ വകുപ്പുകളിൽ പദ്ധതി നിർവ്വഹണത്തിന് പഞ്ചായത്ത് തലത്തിൽ ഒരോ സാങ്കേതിക ഉദ്യോഗസ്ഥരെ വീതം നിയോഗിച്ചിട്ടുണ്ട്. അതേ മാതൃകയിൽ സാങ്കേതിക പരിജ്ഞാനമുള്ള ഫിഷറീസ് ഉദ്യോഗസ്ഥരെ പഞ്ചായത്ത് തലത്തിൽ നിയമിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

ഗിൽനെറ്റും ഡിങ്കിയും, മത്സ്യബന്ധനത്തിനുള്ള വല എന്നീ പദ്ധതികൾ 5 വർഷത്തിലൊരിക്കൽ മാത്രം ഒരു ഗുണഭോക്താവിന് അനുവദിക്കാൻ പാടുള്ളു. മത്സ്യകൃഷി പദ്ധതികൾ വ്യക്തിഗതമായി നൽകുന്നതിന് മുൻഗണന നൽകുക, അനുബന്ധ മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുന്നതിന് സഹായമായ ഉപാധികൾ ഉറപ്പാക്കുക.

സംസ്ഥാന പദ്ധതി, കേന്ദ്രപദ്ധതി, വിവിധ ബോർഡുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള ധനസ്രോതസ്സുകൾ എന്നിവ ഒരോ പഞ്ചായത്തു തലത്തിലും ഗുണഭോക്താക്കളുടെ സവിശേഷതകൾ പ്രകാരം അർഹരായവർക്ക് വിന്യസിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു സംവിധാനം നിലവിൽ ഉണ്ടാകേണ്ടതുണ്ട്. നിലവിൽ ഇത്തരം പദ്ധതികൾ അവ നടപ്പിലാക്കുന്ന സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചാണ് നിർവ്വഹണം നടത്തുന്നത്.

മത്സ്യമേഖലയിലെ പ്രശ്നങ്ങൾ

1. മത്സ്യബന്ധന ഉപാധികൾക്കുണ്ടാകുന്ന വർദ്ധിച്ച വില, യാനങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള തൊഴിലാളികളുടെ ദൗർലഭ്യം, ഇന്ധന ങ്ങളുടെ വിലക്കയറ്റം, മത്സ്യത്തിന്റെ വിലയിടിവ്,

മത്സ്യതൊഴിലാളികളുടെ ആരോഗ്യപ്രശ്നങ്ങൾ, മത്സ്യതൊഴിലാളികളുടെ സുരക്ഷ, ദാരിദ്ര്യം, ഉൾനാടൻ മത്സ്യബന്ധനം നടത്തുന്നവർക്ക് മത്സ്യം കേടുകൂടാതെ സംഭരിക്കുന്നതിനുള്ള ശീതീകരണ സംവിധനങ്ങളുടെ അപര്യാപ്തത.

2. തണ്ണീർമുക്കം ബണ്ട് അശാസ്ത്രീയമായി അടച്ചിടുന്നതുമൂലം നീരൊഴുക്ക് തടസ്സപ്പെടുന്നു. ഉപ്പുവെള്ളം കയറിയിറങ്ങാത്തതുമൂലം മത്സ്യങ്ങളുടെ സ്വാഭാവിക പ്രജനനം തടസ്സപ്പെടുന്നു ആഫ്രിക്കൻ പായൽ പോലെയുള്ള പോളകൾ വ്യാപകമാകുന്നു.
3. വ്യാപകമായ കായൽ കയ്യേറ്റം മത്സ്യമേഖലയിൽ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നു. ജലാശയത്തിൻറ വിസ്തൃതി കുറയുന്നു. മത്സ്യപ്രജനനത്തിനും മറ്റുമുള്ള സ്വാഭാവിക ആവാസ വ്യവസ്ഥകൾ നശിക്കപ്പെടുന്നു.
4. നെൽകൃഷിക്കും മറ്റുമുള്ള അമിത രാസകീടനാശിനികളുടെ ഉപയോഗം മാലിന്യനിക്ഷേപം, പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ആധിക്യം ഇവയൊക്കെ ജലാശയങ്ങളെ മലിനമാക്കുന്നു. മത്സ്യസമ്പത്തിനും മത്സ്യപ്രജനനത്തിനും ഇവ ഭീഷണിയാണ്.
5. കുമരകം തീരത്തും മറ്റുമുണ്ടായിരുന്ന സമൃദ്ധമായിരുന്ന കണ്ടൽകാടുകൾ ഇന്ന് തീർത്തും കുറഞ്ഞു വരികയാണ്. അതുപോലെ തന്നെ തോടുകളുടെ തീരങ്ങളിലും മറ്റുമുണ്ടായിരുന്ന മത്സ്യക്കുഞ്ഞുങ്ങൾക്ക് സംരക്ഷണമായി നിന്നിരുന്ന കാടുകൾ ഇപ്പോൾ ഇല്ലാതായിരിക്കുന്നു.
6. അനിയന്ത്രിതവും നിയമവിധേയമല്ലാത്തതുമായ മത്സ്യബന്ധന മാർഗ്ഗങ്ങൾ, നഞ്ച് കലക്കി മീൻപിടിക്കുന്നത് ഉൾപ്പെടെ സ്വീകരിക്കുന്നത് മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്നു.

ഹ്രസ്വകാല പരിപ്രേക്ഷ്യം

1. മത്സ്യത്തൊഴിലാളികൾ, അനുബന്ധത്തൊഴിലാളികൾ ഇവരുടെ ഭൗതിക ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിലേക്കായി അവരുടെ ഭവനങ്ങളുടെ നിലവിലെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ പദ്ധതികൾ പഞ്ചായത്തു തലത്തിൽ ആസൂത്രണം ചെയ്യുക. ആവശ്യമായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ 5 വർഷത്തിലൊരിക്കൽ നൽകുക.
2. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനായി നിയമവിധേയമായ മത്സ്യബന്ധന രീതികൾ സ്വീകരിക്കേണ്ട ആവശ്യകതയെപ്പറ്റി ബോധവൽക്കരണം നടത്തുക. ബോധവൽക്കരണ ക്ലാസ്സുകൾ പഞ്ചായത്തുതലത്തിൽ സംഘടിപ്പിക്കുക. നിയമവിരുദ്ധമായ മത്സ്യബന്ധന മാർഗ്ഗങ്ങൾ സ്വീകരിക്കുന്നവരെ തടയുന്നതിനായി പെട്രോളിംഗ് ശക്തമാക്കുകയും ആയവരുടെ മത്സ്യബന്ധന ഉപകരണങ്ങൾ പിടിച്ചെടുത്ത് ലൈസൻസ് റദ്ദാക്കുകയും ചെയ്യേണ്ടതാണ്. വിനാശകരമായ മത്സ്യബന്ധന മാർഗ്ഗങ്ങൾ തടയുന്നതിനായി ശക്തമായ നിയമങ്ങൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.
3. പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി തദ്ദേശീയ മത്സ്യങ്ങളുടെ വളർച്ചയ്ക്കും അതിജീവനത്തിനും വിഘാതം സൃഷ്ടിക്കാത്ത ഇനം മത്സ്യക്കുഞ്ഞുങ്ങളെ ജലാശയങ്ങളിൽ നിക്ഷേപിക്കുക.
4. മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് പഞ്ചായത്തുകൾതോറും നടപ്പിലാക്കുക. നൂതനകൃഷി രീതികൾ ആയ ജലാശയങ്ങളിലെ കൂടുകൃഷി, ഗിഫ്റ്റ് കൃഷി ഇവ നടപ്പിലാക്കുന്നതിനായി പദ്ധതികൾ വകുപ്പുതലത്തിലും പഞ്ചായത്തുതലത്തിലും നടപ്പിലാക്കുക.
5. ഓരുജല സാധ്യതയുള്ള പ്രദേശങ്ങളിൽ ചെമ്മീൻകൃഷി പ്രോത്സാഹിപ്പിക്കുന്ന തിനുള്ള പദ്ധതികൾ
6. ജില്ലയിലെ പാടശേഖരങ്ങൾ, കൃഷി വകുപ്പുമായി സഹകരിച്ച് കണ്ടെത്തി, തരിശായിട്ടുള്ളവയിലും ഒരു കൃഷി മാത്രമുള്ളവയിലും അധിക വരുമാനമായി മത്സ്യകൃഷി നടപ്പിലാക്കുക. എല്ലാ പാടശേഖരങ്ങളിലും മത്സ്യ ക്കുഞ്ഞുങ്ങളെ ലഭ്യമാകുന്ന മുറയ്ക്ക് സംഭരിക്കുന്നതിനായി നഴ്സറികളുങ്ങൾ തയ്യാറാക്കിവയ്ക്കേണ്ടതാണ്. സബസിഡി ആനുകൂല്യങ്ങൾ കർഷകരുടെ സ്ഥലവിസ്തൃതിക്ക് ആനുപാതികമായി നേരിട്ട് കർഷകർക്ക് എത്തിക്കേണ്ടതാണ്.
7. മലയോര മേഖലയിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പടുതാക്കുളം നിർമ്മിക്കുന്നതിന് പദ്ധതികൾ പഞ്ചായത്ത്തലത്തിൽ ആസൂത്രണം ചെയ്യുക.
8. ഇതോടൊപ്പം തന്നെ വേമ്പനാട്ടുകായൽ, മറ്റു നദികൾ തുടങ്ങിയവയിലെ മലിനീകരണം തടയുന്നതിനും നീരൊഴുക്ക് തടസ്സപ്പെടുത്താതിരിക്കുന്നതിനും മറ്റും ശ്രദ്ധചെലുത്തേണ്ടതാണ്.

ദീർഘകാല പരിപ്രേക്ഷ്യം

1. കോട്ടയം ജില്ലയിലെ മത്സ്യസമ്പത്തിന്റെ പ്രധാന ഉറവിടമായ വേമ്പനാട് കായലിന്റെ ദീർഘവീക്ഷണത്തോടെയുള്ള പരിപാലനം വളരെ അടിയന്തിര പ്രാധാന്യമുള്ള വിഷയമാണ്. തണ്ണീർമുക്കം ബണ്ടിന്റെ അശാസ്ത്രീയമായ നിർമ്മാണം ഓരുജലത്തിന്റെ കയറ്റിയിറക്കം തടസ്സപ്പെടുത്തുകയും പല മത്സ്യഇനങ്ങളുടെ സ്വാഭാവിക പ്രയാണത്തെയും പ്രജനനത്തെയും തടസ്സപ്പെടുത്തുകയും ചെയ്യുന്നു. ആയതിലേക്ക് സാങ്കേതിക പരിജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ 'ഫിഷ് വെയ്സ്' നിർമ്മിക്കുന്നതിനും ബണ്ട് തുറന്നിടുന്ന കാലാവധി ദീർഘിപ്പിക്കുന്നതിനും നടപടി ഉണ്ടാവേണ്ടതാണ്.
2. കരിമീൻ സ്വാഭാവിക പ്രജനനം പ്രോത്സാഹിപ്പിക്കുന്നതിനും ആയതിന്റെ കുഞ്ഞുങ്ങളുടെ അമിത ചൂഷണം ഒഴിവാക്കുന്നതിനും മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കാവുന്നതും ആയതിന്റെ തുടർ പരിപാലനം അതതു തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കേണ്ടതുമാണ്.
3. ജില്ലയിൽ സ്വകാര്യകുളങ്ങളിലെ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം പൊതുകുളങ്ങളിലും ടാങ്കുകളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് അവയുടെ പരിപാലനവും വിളവെടുപ്പും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളെ ഏൽപ്പിച്ച് ഉൾനാടൻ മത്സ്യഉല്പാദനം വർദ്ധിപ്പിക്കുവാൻ ശ്രമിക്കേണ്ടതാണ്.
4. പൊതുജലാശയങ്ങളിലെ മത്സ്യബന്ധനം വഴിയും മത്സ്യകൃഷിയിലൂടെയും ലഭിക്കുന്ന മത്സ്യം ഗുണനിലവാരത്തോടെ വിപണിയിലെത്തിക്കുന്നതിനുമുള്ള മാർക്കറ്റിംഗ് ശൃംഖല, ആധുനിക സംവിധാനങ്ങളോടെയുള്ള മത്സ്യമാർക്കറ്റ് എന്നിവ സജ്ജമാക്കേണ്ടതാണ്.
5. നദികളുടെ സംരക്ഷണം മത്സ്യസമ്പത്തിന്റെ പരിപോഷണത്തിന് ആവശ്യമാണ്. നീരൊഴുക്ക് സുഗമമാക്കുന്നതിനും മാലിന്യനിർമ്മാജ്ജനത്തിനും വളരെ പ്രാധാന്യം നൽകേണ്ടതാണ്.

കോട്ടയം ജില്ലയിലെ മത്സ്യമേഖലയുടെ സമഗ്രമായ വികസനത്തിന് ഉതകുന്ന ഭാവി പദ്ധതി നിർദ്ദേശങ്ങൾ

1) **മേൽത്തട്ട് നിർദ്ദേശങ്ങൾ**

1. മത്സ്യത്തൊഴിലാളികൾക്ക് വള്ളം, വല, തുടങ്ങിയ മത്സ്യബന്ധന ഉപാധികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകേണ്ടതാണ്. അനധികൃതവും നിയമവിധേയമല്ലാത്തതുമായ മത്സ്യബന്ധന മാർഗ്ഗങ്ങൾ ഒഴിവാക്കുന്നതിനായി മത്സ്യത്തൊഴിലാളികളെ ബോധവൽക്കരിക്കുക. മത്സ്യ ത്തൊഴിലാളി കുടുംബങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ആരോഗ്യപരിരക്ഷയ്ക്ക് ഊന്നൽ നൽകുക. ശുചിത്വം, മാലിന്യനിർമ്മാർജ്ജനം എന്നീ വിഷയങ്ങളിൽ ബോധവാന്മാരാക്കുക, സമ്പാദ്യശീലം വളർത്തുക, തുടങ്ങിയ കാര്യങ്ങൾ ശ്രദ്ധ ചെലത്തേണ്ടതാണ്. ലഹരി മരുന്നുകൾ, മദ്യം തുടങ്ങിയ സാമൂഹിക വിപത്തുകളിൽ നിന്നും മത്സ്യത്തൊഴിലാളികളേയും അവരുടെ കുട്ടികളേയും രക്ഷിക്കുന്നതിനായി എല്ലാ തലത്തിലുമുള്ള ബോധവത്ക്കരണം ശക്തമാക്കുക.
2. ജില്ലയിലേയ്ക്കാവശ്യമായ മത്സ്യകുഞ്ഞുങ്ങളെ സുഗമമായി ലഭിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാവേണ്ടതാണ്. തദ്ദേശിയ മത്സ്യങ്ങളായ കാരി, വരാൽ, കല്ലേമുട്ടി, മഞ്ഞക്കൂരി തുടങ്ങിയ മത്സ്യങ്ങളുടെ പ്രജനനം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ ഹാച്ചറികളിലും മറ്റ് സ്വകാര്യ വ്യക്തികൾക്കും വേണ്ട സംവിധാനങ്ങൾ ഒരുക്കേണ്ടതാണ്. മത്സ്യകൃഷി സംവിധാനങ്ങൾ ശാസ്ത്രീയമായി മുന്നോട്ടു കൊണ്ടു പോകുന്നതിന് ജലപരിശോധന, മത്സ്യരോഗനിർണ്ണയം, പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക എന്നീ ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിനായി മികവുറ്റ ലാബ് സൗകര്യം ഒരുക്കേണ്ടതാണ്.
3. ജില്ലയിലെ തരിശു കിടക്കുന്ന പ്രദേശങ്ങൾ, ഒരു കൃഷി മാത്രം ചെയ്യുന്ന പാടശേഖരങ്ങൾ ഇവയെ പരമാവധി ഉപയോഗിച്ച് ഒരു നെല്ലും ഒരു മീനും പദ്ധതി, കൃഷി വകുപ്പിന്റെ കൂടി സഹകരണത്തിൽ നടപ്പിലാക്കി നെല്ലുല്പാദനത്തിനു പുറമേ അധിക വരുമാനവുമായി മത്സ്യ ഉത്പ്പാദനവും ലക്ഷ്യമിട്ട് പാടശേഖരങ്ങൾക്ക് പുതിയ ഉണർവ്വ് നൽകേണ്ടതാണ്. മത്സ്യകർഷകർക്കുവേണ്ടി സൊസൈറ്റികൾ രൂപീകരിക്കുന്നതിലേയ്ക്ക് പൊതു ജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപം തുടർന്ന് നടത്തേണ്ടതാണ്.
4. സാധ്യമായ നദികളിലും കായലുകളിലും മത്സ്യത്തൊഴിലാളികൾ, മറ്റ് സ്വകാര്യവ്യക്തികൾ എന്നിവർക്ക് കൂടു കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകേണ്ടതാണ്.

5. അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മാർക്കറ്റിംഗ് സൗകര്യം ഒരുക്കേണ്ടതും കൃഷി യൂണിറ്റുകളിൽ നിന്ന് മത്സ്യം ശേഖരിച്ച് വിപണം നടത്തുന്നതിന് കൂടുതൽ ശ്രമം നടത്തേണ്ടതുമാണ്.
6. മത്സ്യകൃഷി മേഖലയിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന മത്സ്യങ്ങൾക്ക് കൂടുതൽ മൂല്യം ലഭിക്കുന്ന രീതിയിൽ വിപണ ശൃംഖലകൾക്ക് രൂപം നൽകേണ്ടതും മറ്റ് മൂല്യവർദ്ധന ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും മത്സ്യസംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ശ്രമിക്കേണ്ടതുമാണ്.
7. മത്സ്യബന്ധനത്തൊഴിലാളികൾ കൂടുതൽ അധിവസിക്കുന്ന മേഖലയിൽ നിന്നും തൊഴിലാളികൾക്ക് ന്യായമായ വില നൽകി മത്സ്യങ്ങൾ ശേഖരിക്കുകയും ഈ മത്സ്യങ്ങൾ മത്സ്യലഭ്യത കുറവുള്ള സ്ഥലങ്ങളിൽ വിപണനത്തിന് ലഭ്യമാക്കുകയും ചെയ്യുക. ഇതിനായി പഞ്ചായത്ത് തലത്തിൽ ഒരു വിപണന ഗ്രൂപ്പ് രൂപീകരിക്കുക.
8. ഇൻലാൻറ് ലോ എൻഫോഴ്സ്മെൻറ് ചെയ്യുന്നതിനായി പട്രോളിംഗ് ബോട്ട്, പോലീസ് സഹായം, അനധികൃത ചീന വലകൾ നീക്കം ചെയ്യുന്നതിനായി ആവശ്യമായ ഫണ്ട് എന്നിവ ലഭ്യമാക്കേണ്ടതുണ്ട്.
9. ചെമ്പ്, കുമരകം മത്സ്യഭവനുകൾ സ്വതന്ത്ര ചുമതലയുള്ള മത്സ്യഭവൻ ഓഫീസർമാരുടെ കീഴിൽ പ്രവർത്തനം നടത്തുവാനുള്ള അവസരം ഒരുക്കുക. വർഷാവർഷം നടപ്പിലാക്കി വരുന്ന മത്സ്യകൃഷി പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് കൃഷി വകുപ്പിലേതുപോലെ പഞ്ചായത്ത് തലത്തിൽ മത്സ്യ വകുപ്പ് ഓഫീസർമാരെ നിയമിക്കേണ്ടത് ആവശ്യമാണ്.
10. ജില്ലാ ഓഫീസിൽ ഫിഷറീസ് അസിസ്റ്റൻറ് ഡയറക്ടർ, സ്റ്റാഫ് സ്ട്രെങ്ത്താണുള്ളത്. ഇപ്പോൾ നിലവിലുള്ള പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് ജീവനക്കാർ അപര്യാപ്തമാണ്. ആയതിനാൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിനു വേണ്ടതായ സ്റ്റാഫ് സ്ട്രെങ്ത് നൽകേണ്ടതാണ്.
11. പരിസ്ഥിതി സംരക്ഷണത്തിനും മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനുമായി വനം വകുപ്പുമായി ചേർന്ന് കായൽ തീരങ്ങളിൽ കണ്ടൽ വനങ്ങൾ വച്ചു പിടിപ്പിക്കുക.
12. ഫുഡ്സേഫ്റ്റിയുമായി ബന്ധപ്പെട്ട് നിലവിൽ ഫുഡ്സേഫ്റ്റി ഡിപ്പാർട്ട്മെൻറുമായി സഹകരിച്ച് പരിശോധനകൾ നടത്തി വരുന്നു. ഈ സംവിധാനം കൂടുതൽ ശക്തമാക്കുക. ഇതിനായി ജില്ലയിൽ ഒരു സെൽ രൂപീകരിക്കുക.
13. ചെക്ക് ഡാം നിർമ്മാണം, മത്സ്യങ്ങളുടെ പ്രജനന മൈഗ്രേഷനെ തടയുന്നു. ഇത് മൂലം മത്സ്യവർദ്ധനവ് തടസ്സപ്പെടുന്നു. ശാസ്ത്രീയമായ 'ഫിഷ് വെയ്സ്' ഉൾപ്പെടുത്തി മാത്രം ഇവ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്.
14. നദി - കനാൽ, നീരൊഴുക്ക് പ്രോത്സാഹിപ്പിക്കുക, ജലസ്രോതസ്സുകളെ ശക്തിപ്പെടുത്തുക, ആഫ്രിക്കൻ പായൽ നിർമ്മാർജ്ജനം എന്നിവയും മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് ആവശ്യമാണ്.
15. തീരപ്രദേശങ്ങളിൽ കക്കാ വിത്ത് ലഭിക്കുന്ന പ്രദേശങ്ങളിൽ നിന്ന് ശേഖരിച്ച് വളരുന്നതിന് യോഗ്യമായ മറ്റ് സ്ഥലങ്ങളിൽ നിക്ഷേപിച്ച് ഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിനും കക്കാ സംസ്കരണത്തിനായി നൂതന സംവിധാനങ്ങൾ രൂപീകരിക്കുന്നതിനും ശ്രമങ്ങൾ ഉണ്ടാവേണ്ടതാണ്. തണ്ണീർമുക്കം ബണ്ട് അടച്ചതുമൂലം മത്സ്യസമ്പത്തിനുണ്ടായ ഗണ്യമായ കുറവ് ബണ്ടിനോടനുബന്ധിച്ചുള്ള ഫിഷ് വെയ്സ് കാര്യക്ഷമമായി പ്രവർത്തിപ്പിക്കാത്തതുമൂലം സംഭവിക്കുന്നതാണ്. ശാസ്ത്രീയ രീതിയിൽ ഫിഷ് വെയ്സ് നിർമ്മിച്ചാൽ ഇതു പരിഹരിക്കാവുന്നതാണ്. കരിമീൻ സംരക്ഷിക്കുന്നതിനായി മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കേണ്ടതും ജലാശയങ്ങളിൽ മാലിന്യനിർമ്മാർജ്ജനം നടത്തുക വഴി മത്സ്യകുഞ്ഞുങ്ങളുടെ പ്രജനനത്തിനാവശ്യമായ സ്വാഭാവിക ചുറ്റുപാട് ലഭ്യമാക്കുകയും ചെയ്യാവുന്നതാണ്. മത്സ്യഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിനായി തരിശുനിലങ്ങൾ മത്സ്യക്കൃഷിക്ക് പ്രയോജനപ്പെടുത്തുകയും കാരി, വരാൽ തുടങ്ങിയ മത്സ്യങ്ങളുടെ പ്രജനനം പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. മത്സ്യബന്ധനം, മത്സ്യകൃഷി, മത്സ്യസംസ്കരണം തുടങ്ങിയ മത്സ്യമേഖലയുടെ സമഗ്രവികസനത്തിനുതകുന്ന പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

2) **കീഴ്ത്തട്ട് നിർദ്ദേശങ്ങൾ**

1. എല്ലാ മത്സ്യഗ്രാമങ്ങളിലും പരിശീലനം ലഭിച്ച കമ്മ്യൂണിറ്റി മോട്ടീവേറ്റർമാരെ നിയമിച്ച് മത്സ്യത്തൊളിലാളികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിന് ശ്രമിക്കാവുന്നതാണ്.

മത്സ്യത്തൊഴിലാളികൾക്ക് കൂട്ടുകൃഷിയിൽ പരിശീലനം, മത്സ്യകച്ചവടം നടത്തുന്ന സ്ത്രീകൾക്കായി സംഘങ്ങൾ രൂപീകരിക്കുക. മത്സ്യവിപണനത്തിനും മത്സ്യസംസ്കരണത്തിനും ഊന്നൽ നൽകി മാർക്കറ്റിംഗ് മേഖല സജ്ജീവമാക്കുക എന്നിവയും നിർദ്ദേശത്തിലുണ്ട്. മത്സ്യകൃഷിയ്ക്ക് സാധ്യതയുള്ള കുളങ്ങൾ, ടാങ്കുകൾ, പാറക്കുളങ്ങൾ, പടുതാകുളങ്ങൾ, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റംപോലുള്ള നൂതന മാർഗ്ഗങ്ങൾ ഇവയെല്ലാം ശാസ്ത്രീയമായ രീതിയിൽ മത്സ്യകൃഷിക്കായി ഉപയോഗിക്കുകയും അവയിൽ നിന്നുള്ള ഉല്പാദനം വ്യക്തമായി രേഖപ്പെടുത്തുന്നതിനും ആയതനുസരിച്ച് സബ്സിഡി മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

2. നിലവിലെ ഫിഷ് ലാൻറിംഗ് സെന്ററുകൾ ഐസിംഗ് സൗകര്യം, കെട്ടിട സൗകര്യം, ട്രാൻസ്പോർട്ടേഷൻ എന്നീ സൗകര്യങ്ങൾ ഒരുക്കി മെച്ചപ്പെടുത്തുക.

3. സാഫിന് നിലവിൽ 50 മത്സ്യത്തൊഴിലാളി വനിതകളുടെ തൊഴിൽ സംരംഭങ്ങൾ ഉണ്ട്. മുമ്പോട്ടുള്ള തുടർ പ്രവർത്തനങ്ങൾക്ക് ഇത്തരം യൂണിറ്റുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് അധിക ധനസഹായം നൽകാവുന്നതാണ്.

4. നിലവിൽ മത്സ്യഗ്രാമങ്ങളിൽ മത്സ്യബന്ധന വകുപ്പിന്റെ ക്ഷേമപദ്ധതികൾ നടപ്പിലാക്കി വരുന്നു. മത്സ്യഗ്രാമങ്ങളിലെ തൊഴിൽ രഹിതരായ മത്സ്യത്തൊഴിലാളി വനിതകൾക്ക് കൂടുതൽ തൊഴിൽ സംരംഭങ്ങൾ നൽകുക, തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് സുസ്ഥിര മത്സ്യബന്ധനത്തിന് മത്സ്യബന്ധന ഉപകരണങ്ങൾ നൽകുക (വള്ളം, വല)

5. ഫാം ടൂറിസം പ്രമോട്ട് ചെയ്യുന്നതിനായി ജില്ലയിലെ മികച്ച മത്സ്യകർഷകരിൽ നിന്നും സ്ഥലലഭ്യതയുള്ളവർക്ക് അക്വാടൂറിസം പദ്ധതികൾ പഞ്ചായത്ത് മുഖേന നൽകാവുന്നതാണ്.

6. നിലവിൽ ലോട്ട് സംവിധാനം വഴിയാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. ഇതുമൂലം എല്ലാ പദ്ധതികൾക്കും പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നില്ല. നിലവിലെ വീടിന്റെ അവസ്ഥ അനുസരിച്ച് മുൻഗണനാടിസ്ഥാനത്തിൽ സഹായം നൽകേണ്ടതാണ്.

7. കാലാവസ്ഥ വ്യതിയാനം മത്സ്യങ്ങളുടെ പ്രജനനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പരിസര മലീനീകരണം, പ്ലാസ്റ്റിക് മാലിന്യം എന്നിവയിൽ നിന്നും കായൽ, തോട്, കുളങ്ങൾ എന്നിവയെ സംരക്ഷിക്കുന്നതിനായി പഞ്ചായത്ത് മുഖേന പദ്ധതികൾ നടപ്പിലാക്കുക.

8. അശാസ്ത്രീയമായ മത്സ്യബന്ധനം തടയുന്നതിനായി പഞ്ചായത്ത് തലത്തിൽ മത്സ്യവകുപ്പ് ഉദ്യോഗസ്ഥന്മാരുൾപ്പെടുന്ന കർമ്മസേന രൂപീകരിക്കുക, പോലീസ് സഹായം ഉറപ്പുവരുത്തുക

9. കൂട് മത്സ്യകൃഷി നടപ്പിലാക്കുക, മല്ലികക്ക നിക്ഷേപം പദ്ധതികൾ എന്നിവ പഞ്ചായത്ത് പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കുക.

10. ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ അടച്ച് നടപ്പിലാക്കേണ്ടുന്ന പദ്ധതികൾ നൂറു ശതമാനം സബ്സീഡിയോടുകൂടി നടപ്പിലാക്കുക, ഇതിനായി സബ്സീഡി മാർഗ്ഗ രേഖയിൽ ആവശ്യമായ ഭേദഗതികൾ വരുത്തുക.

ഉപസംഹാരം

1. മത്സ്യമേഖലയുടെ സമഗ്ര വികസനവും മത്സ്യത്തൊഴിലാളികളുടെ സർവ്വോൻമുഖമായ പുരോഗതി ലക്ഷ്യമിട്ടുകൊണ്ടുള്ള നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതും അതോടൊപ്പം തന്നെ കോട്ടയം ജില്ലയിലെ മത്സ്യസമ്പത്തിന്റെ പ്രധാന ഉറവിടമായ വേമ്പനാട്ടുകായലും അതിലെ മത്സ്യസമ്പത്തും ശാസ്ത്രീയമായ രീതിയിൽ സംരക്ഷിക്കുന്നതിനും ദീർഘ വീക്ഷണത്തോടുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഏറെ പ്രാധാന്യമുള്ള വസ്തുതയാണ്.

2. കൂടാതെ തണ്ണീർമുക്കം ബണ്ടിനോടനുബന്ധിച്ചുള്ള 'ഫിഷ് വെയ്സ്' കാര്യക്ഷമമായും ശാസ്ത്രീയ രീതിയിൽ നിർമ്മിച്ചാൽ അതുവഴി മത്സ്യസമ്പത്ത് ഗണ്യമായി വർദ്ധിപ്പിക്കുവാൻ ഇടയായിത്തീരുമെന്നും

പ്രതീക്ഷിക്കുന്നു. കരിമീൻ സംരക്ഷിക്കുന്നതിനായി മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കേണ്ടതും പ്രജനനത്തിനാവശ്യമായ സ്വാഭാവിക ചുറ്റുപാട് ലഭ്യമാക്കുകയും ചെയ്യാവുന്നതാണ്.

3. മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള പാടശേഖരങ്ങൾ, തരിശുനിലങ്ങൾ മത്സ്യകൃഷിക്ക് പ്രയോജനപ്പെടുത്തുകയും കാരി, വരാൽ തുടങ്ങിയ മത്സ്യങ്ങളുടെ പ്രജനനം പ്രോൽസാഹിപ്പിക്കുകയും ചെയ്യാവുന്നതാണ്.

4. മത്സ്യബന്ധനം, മത്സ്യകൃഷി, മത്സ്യസംസ്കരണം തുടങ്ങിയ മത്സ്യമേഖലയുടെ വികസനത്തിനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതുവഴി വർദ്ധിച്ചുവരുന്ന നിരവധി സാഹചര്യങ്ങൾക്ക് അനുസരിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ഇടയായി തീരുകയും ചെയ്യും.

അക്വാകൾച്ചർ വിവരശേഖരണം

തിരഞ്ഞെടുക്കപ്പെട്ട കുളങ്ങളിൽ നിന്നുള്ള ഉത്പ്പാദനം (കിലോ)

അക്വാകൾച്ച വിവരശേഖരണം 2015-16

ക്രമ നം.	ജില്ല	ഏരിയ	കട്ല	രോഹു	മൃഗാൽ	കോമൺ കാർപ്പ്	ഗ്രാസ്സ് കാർപ്പ്	ആകെ	തിരഞ്ഞെടുത്ത കുളം	ആകെ കുളങ്ങളുടെ ഏരിയ	ഒരു സെൻറിൽ കിട്ടിയ ഉൽപ്പാദനം
1	കോട്ടയം	0-20	469	328		140		937	66	660	1.42
2		20-50	26561	21192	3249	4511	2369	57882	186	6510	8.89
3		50-100	25996	24382	399	3580	6820	61177	60	4500	13.59
4		> 100	73784	58855	376	13491		146506	60	45000	3.26

മത്സ്യകൃഷി ചെയ്യുന്ന കുളങ്ങളുടെ വിസ്തീർണ്ണവും എണ്ണവും

ജില്ല	മത്സ്യകൃഷി ചെയ്യുന്ന ആകെ കുളങ്ങളുടെ എണ്ണം				മത്സ്യകൃഷി ചെയ്യുന്ന ആകെ കുളങ്ങളുടെ വിസ്തീർണ്ണവും				മത്സ്യകൃഷി ചെയ്ത ആകെ ഏരിയ (സെൻറ്)	മത്സ്യകൃഷി ചെയ്ത ആകെ ഏരിയ (ഹെക്ടർ)
	<20 സെന്റ്	20--50	50-100	>100 സെന്റ്	<20 സെന്റ്	20--50	50- 100	>100 സെന്റ്		
കോട്ടയം	3294	883	284	263	32940	3905	21300	197250	282395	1143.30

M.N.R.E.G.P. സ്കീമിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്തിയതും മത്സ്യകൃഷിയ്ക്ക് സാധ്യതയുള്ളതുമായ കുളങ്ങളുടെ വിവരണം

ക്രമ നമ്പർ	ബ്ലോക്ക്	ഗ്രാമപഞ്ചായത്ത്	കുളത്തിന്റെ പേര്	വിസ്തൃതി
1	വൈക്കം	റ്റി. വി. പുരം	വെളുത്തേടത്ത് w 14	5 സെൻറ്
2	വൈക്കം	റ്റി. വി. പുരം	ഇല്ലക്കാട്ട് w12	5 സെൻറ്
3	വൈക്കം	റ്റി. വി. പുരം	പാരിയ്ക്കപ്പള്ളി w9	5 സെൻറ്
4	വൈക്കം	റ്റി. വി. പുരം	കീച്ചേരിത്തറയിൽ w10	5 സെൻറ്
5	വൈക്കം	റ്റി. വി. പുരം	ഭഗവതിപ്പറമ്പിൽ w5	5 സെൻറ്
6	വൈക്കം	റ്റി. വി. പുരം	ലാവനിവാസ് w6	5 സെൻറ്
7	വൈക്കം	റ്റി. വി. പുരം	ആറ്റുപുറത്ത് w4	5 സെൻറ്

8	വൈക്കം	റ്റി. വി. പുരം	കോലേഴത്ത് w4	5 സെൻറ്
9	വൈക്കം	റ്റി. വി. പുരം	അലങ്കാര w7	5 സെൻറ്
10	വൈക്കം	റ്റി. വി. പുരം	തറയിൽ w11	5 സെൻറ്
11	വൈക്കം	റ്റി. വി. പുരം	തുരുത്തേത്ത് w5	5 സെൻറ്
12	വൈക്കം	റ്റി. വി. പുരം	മരോട്ടിക്കൽ w6	5 സെൻറ്
13	വൈക്കം	റ്റി. വി. പുരം	പൊന്നുവാലി ഇല്ലം w11	5 സെൻറ്
14	വൈക്കം	റ്റി. വി. പുരം	നടുവത്തേഴത്ത് w9	5 സെൻറ്
15	വൈക്കം	റ്റി. വി. പുരം	കളപുരയ്ക്കൽ w 6	5 സെൻറ്
16	വൈക്കം	റ്റി. വി. പുരം	നടിച്ചിറ 1	5 സെൻറ്
17	വൈക്കം	റ്റി. വി. പുരം	തൊണ്ടുകടവിൽ w1	5 സെൻറ്
18	വൈക്കം	റ്റി. വി. പുരം	ഇരണ്ടിക്കാട്ട് w12	5 സെൻറ്
19	വൈക്കം	റ്റി. വി. പുരം	ഭഗവതിപ്പറമ്പിൽ w5	5 സെൻറ്
20	വൈക്കം	റ്റി. വി. പുരം	മനത്തിൽ	5 സെൻറ്
21	വൈക്കം	റ്റി. വി. പുരം	വല്ലപുരയ്ക്കൽw3	5 സെൻറ്
22	വൈക്കം	റ്റി. വി. പുരം	വാറ്റപ്പറമ്പിൽ w11	5 സെൻറ്
23	വൈക്കം	റ്റി. വി. പുരം	പേരയിൽ w2	5 സെൻറ്
24	വൈക്കം	റ്റി. വി. പുരം	താഴേത്ത് w9	5 സെൻറ്
25	വൈക്കം	റ്റി. വി. പുരം	പഞ്ചാറയിൽw6	5 സെൻറ്
26	വൈക്കം	റ്റി. വി. പുരം	അഞ്ചുമുറിയില്w13	5 സെൻറ്
27	വൈക്കം	റ്റി. വി. പുരം	മഠത്തിൽ w4	5 സെൻറ്
28	വൈക്കം	റ്റി. വി. പുരം	കല്ലത്തിൽ w12	5 സെൻറ്
29	വൈക്കം	റ്റി. വി. പുരം	പൂച്ചമംഗലത്ത് w2	5 സെൻറ്
30	വൈക്കം	റ്റി. വി. പുരം	വടകരംഞ്ചേരി w 14	5 സെൻറ്
31	വൈക്കം	റ്റി. വി. പുരം	നെല്ലിപ്പള്ളിൽ w14	5 സെൻറ്
32	വൈക്കം	റ്റി. വി. പുരം	കൈതവളപ്പിൽ w14	5 സെൻറ്
33	വൈക്കം	റ്റി. വി. പുരം	മുത്തേടത്ത് w9	5 സെൻറ്
34	വൈക്കം	റ്റി. വി. പുരം	കരിമ്പുഴിക്കാട്ട് w7	5 സെൻറ്
35	വൈക്കം	റ്റി. വി. പുരം	വെട്ടിക്കാപ്പള്ളി w1	5 സെൻറ്
36	വൈക്കം	റ്റി. വി. പുരം	തീയക്കാട് w8	5 സെൻറ്
37	വൈക്കം	റ്റി. വി. പുരം	പാറചാത്തംപ്പള്ളി w7	5 സെൻറ്
38	വൈക്കം	റ്റി. വി. പുരം		5 സെൻറ്
39	വൈക്കം	റ്റി. വി. പുരം	കായിപ്പറത്തു w13	5 സെൻറ്
40	വൈക്കം	റ്റി. വി. പുരം	കാരുപ്പറമ്പിൽ w5	5 സെൻറ്
41	വൈക്കം	റ്റി. വി. പുരം	തെക്കിനേഴത്ത് w11	5 സെൻറ്
42	വൈക്കം	റ്റി. വി. പുരം	മുല്ലപ്പള്ളിൽ ണ5	5 സെൻറ്
43	വൈക്കം	റ്റി. വി. പുരം	ആറ്റുവക്കത്ത് w8	5 സെൻറ്
44	വൈക്കം	റ്റി. വി. പുരം	നവലിൽ w4	5 സെൻറ്
45	വൈക്കം	റ്റി. വി. പുരം	ശ്രീകൃഷ്ണ w11	5 സെൻറ്
46	വൈക്കം	റ്റി. വി. പുരം	അയ്യാരപ്പള്ളി w11	5 സെൻറ്
47	വൈക്കം	റ്റി. വി. പുരം	വട്ടപ്പറമ്പ് w11	5 സെൻറ്
48	വൈക്കം	റ്റി. വി. പുരം	ആശാരിപ്പറമ്പ് w11	5 സെൻറ്
49	വൈക്കം	റ്റി. വി. പുരം	മറ്റപ്പള്ളി w11	5 സെൻറ്
50	വൈക്കം	റ്റി. വി. പുരം	പുത്തൻത്തറയിൽ w11	5 സെൻറ്
51	കടുത്തുരുത്തി	കല്ലറ	മത്സ്യകൃഷി നിർമ്മാണം-രംഗപ്രസാദ്	0.5 ഹെക്ടർ
52	കടുത്തുരുത്തി	കല്ലറ	മത്സ്യകൃഷിനിർമ്മാണം-ശ്രീനിവാസൻ	2 ഹെക്ടർ
53	കടുത്തുരുത്തി	കല്ലറ	മത്സ്യകൃഷി നിർമ്മാണം-വ്യാസൻ	1 ഹെക്ടർ

54	കടുത്തുരുത്തി	കല്ലറ	മത്സ്യകൃഷി നിർമ്മാണം-ചാക്കോ,	1 ഹെക്ടർ
55	കടുത്തുരുത്തി	കല്ലറ	മത്സ്യകൃഷി നിർമ്മാണം- ഉഷ, ബാബു, മണിയമ്മ മോഹനൻ	0.5 ഹെക്ടർ
56	കടുത്തുരുത്തി	കല്ലറ	മത്സ്യകൃഷി നിർമ്മാണം-മനോഹരൻ	1ഹെക്ടർ
57	കടുത്തുരുത്തി	കല്ലറ	മത്സ്യകൃഷി നിർമ്മാണം-വനജ പവിത്രൻ	2 ഹെക്ടർ
58	കടുത്തുരുത്തി	കല്ലറ	മത്സ്യകൃഷി നിർമ്മാണം-തങ്കച്ചൻ	1 ഹെക്ടർ
59	ഓലം	കടനാട്	കരിമീൻകൃഷി	30x20 MTR
60	ഉഴവൂർ	രാമപുരം	കൊക്കിരിങ്ങിക്കാവ്	0.65 ഹെക്ടർ
61	ഉഴവൂർ	രാമപുരം	മൈലാട്ടുംകുന്ന്	0.61 ഹെക്ടർ
62	ഏറ്റുമാനൂർ	അയ്മനം	വിജോദ്	515 sq ft
63	ഏറ്റുമാനൂർ	അയ്മനം	സുരേഷ്	520 sq ft
64	ഏറ്റുമാനൂർ	അയ്മനം	ലൈജു	516 sq ft
65	ഏറ്റുമാനൂർ	അയ്മനം	ബെലറാം	511 sq ft
66	ഏറ്റുമാനൂർ	നീണ്ടൂർ	വലിയകുളം	200 mr. sqr
67	ഏറ്റുമാനൂർ	നീണ്ടൂർ	തെക്കുംഭാഗം	2400 mr.sqr
68	മാടപ്പള്ളി	പായിപ്പാട്	ചായക്കാരംകുളം	0.6 ഹെക്ടർ

ശുദ്ധജല കുളങ്ങളുടെ ബ്ലോക്ക് തിരിച്ചുള്ള വിവരങ്ങൾ

ക്രമ നമ്പർ	ബ്ലോക്ക്/ പഞ്ചായത്ത്	1 - 4 സെന്റ്	5 - 9 സെന്റ്	10 - 19 സെന്റ്	20 - 49 സെന്റ്	50 - 99 സെന്റ്	100 - 249 സെന്റ്	250 സെന്റ് മുകളിൽ	ആകെ കർഷകർ
1	വൈക്കം	123	121	156	125	138	73	30	766
2	കടുത്തുരുത്തി	51	54	51	40	85	40	12	333
3	ഉഴവൂർ	304	193	138	71	53	21	2	781
4	ഏറ്റുമാനൂർ	13	39	18	24	24	16	24	158
5	ഓലം	182	167	128	42	16	12		547
6	പള്ളം	64	114	56	61	40	34	10	379
7	പാമ്പാടി	28	165	119	28	37	20		297
8	ഈരാറ്റുപേട്ട	62	364	203	43	31	16	1	720
9	മാടപ്പള്ളി		18	42	18	8	26	18	130
10	വാഴൂർ		129	64	73	8	8	2	284
11	കാഞ്ഞിരപ്പള്ളി		292	91	31	13	1		436
12	വൈക്കം	21		61	27	2	1		112
13	പാലാ	16	27	12	8	13	1		76
14	ചങ്ങനാശേരി	13	7	3	2	5			30
15	ഈരാറ്റുപേട്ട	15	21	19	23	10	2	3	93
16	കോട്ടയം	9	23	31	25	20	13	16	137
	ആകെ								5380

അദ്ധ്യായം 5

കേന്ദ്ര സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനവും അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും

ദാരിദ്ര ലഘൂകരണം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ആമുഖം

സാമൂഹ്യമായി അംഗീകരിക്കപ്പെട്ട പൊതു ജീവിത നിലവാരം ആർജിക്കാൻ കഴിയാത്തവിധം അവസരങ്ങളും ശേഷികളും ആസ്തികളും ലഭ്യമല്ലാത്ത അവസ്ഥയാണ് ദാരിദ്ര്യം. നിരവധിയും സങ്കീർണ്ണവുമായ സാമൂഹ്യ സാമ്പത്തിക കാരണങ്ങളാലാണ് ദാരിദ്രം സൃഷ്ടിക്കപ്പെടുന്നതും നില നിന്നു വരുന്നതും; എന്തേ വിധത്തിലും ദാരിദ്ര്യം ഏറ്റവും വലിയ മനുഷ്യാവകാശ ലംഘനമാണ്. ഇത് ജീവിതകഴിവുകൾ വികസിപ്പിക്കുന്നതിനെ നിഷേധിക്കുകയും വിലമതിക്കപ്പെടുന്ന ജീവിതം തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തെ നിഷേധിക്കുകയും ചെയ്യുന്നു. ഈ കാഴ്ചപ്പാടിൽ ദാരിദ്ര്യം സ്ഥിതി ചെയ്യുന്നത് യഥാർത്ഥത്തിൽ ജീവിക്കുന്ന ദരിദ്രാവസ്ഥയിൽ മാത്രമല്ല, സാമൂഹിക വിലക്കുകളും വ്യക്തിപരമായ സാഹചര്യങ്ങളും മൂലം ആഗ്രഹിക്കുന്ന ജീവിത മാതൃകകൾ തെരഞ്ഞെടുക്കാനും യഥാർത്ഥ അവസരം ഇല്ലാതിരിക്കുന്നതിലും കൂടിയാണ്. ദാരിദ്ര്യം ജീവിതത്തെ പരുക്കനും ദുസ്സഹവും വേദന നിറഞ്ഞതും അനിശ്ചിതത്വവും അപകടം നിറഞ്ഞതും കാലമെത്താതെ അവസാനിപ്പിക്കുവാൻ ഇടയാക്കുന്നതുമാകുന്നു. ഒപ്പം മനുഷ്യാസ്തിത്വത്തെയും സമൂഹത്തെയും പ്രപഞ്ചത്തെയും മനസിലാക്കുന്ന അറിവുകളും വിവരങ്ങളും നേടുന്നതിൽ നിന്ന് തടയുന്നു. മനുഷ്യന്റെ അന്തസ്സ്, ആത്മവിശ്വാസം, സ്വയം ബഹുമാനം എന്നിവയെല്ലാം കവർന്നെടുക്കുന്നു. ദാരിദ്ര്യം ജീവിതത്തെ ജീവിത യോഗ്യമല്ലാതാക്കി തീർക്കുന്നു.

സമ്പദ് ഘടനയുടെ വിവിധ ഘടകങ്ങളുടെ ആകെ മൂലധ്യത്തിലുണ്ടാകുന്ന വളർച്ചയെ മാത്രം വികസനമായി കാണാൻ കഴിയില്ല. സമ്പത്ത് ഘടനയുടെ വളർച്ച സമൂഹത്തിലെ ദരിദ്രരുടെയും, പാർശ്വവൽകൃത വിഭാഗങ്ങളുടെയും ജീവിത പുരോഗതി ഉറപ്പാക്കുന്നു. എന്നതിന്റെ അടിസ്ഥാനത്തിൽ വികസനത്തെ വിലയിരുത്തുന്ന സമീപനം സ്വീകരിക്കേതുണ്ട്.

ഈ സമീപനം ഓരോ പൗരന്റയും ഭരണഘടനാപരമായ ജീവിക്കാനുള്ള അവകാശം ഉറപ്പാക്കാനും സാർവ്വ ലൗകികമായി അംഗീകരിപ്പെട്ടിരിക്കുന്ന നീതി ഉറപ്പാക്കാനും സഹായിക്കുമെന്നതാണ് ഇതിന്റെ യുക്തി. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി തുടക്കം മുതൽ ഈ സമീപനത്തിൽ ഊന്നിയ വികസന നയമാണ് കേരളം സ്വീകരിച്ചത്. ദേശീയ വരുമാനത്തിലും പ്രതിശീർഷ വരുമാനത്തിലും താരതമ്യേന താഴ്ന്ന വളർച്ചാ നിരക്കുണ്ടയിരുന്നപ്പോഴും തുടർന്നും മനുഷ്യ വികസന സൂചികകൾ മെച്ചപ്പെടുത്താനും ഇന്ത്യയിലെ ഒന്നാം സ്ഥാനം നിലനിർത്താനും കേരളത്തിന് കഴിഞ്ഞത് ഇതുകൊണ്ടാണ്.

ദാരിദ്ര - നിഷേധത്തിന്റതലങ്ങൾ

1. അതിജീവിതത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും നിഷേധങ്ങൾ.
2. ജീവിച്ചു തീർക്കാൻ കഴിയുന്ന വർഷങ്ങളുടെ ദൈർഘ്യത്തിന്റെ (പ്രതീക്ഷിത ആയുസ്സ്) നിഷേധം (deprivation).

1. അറിവ് നിഷേധം - വിദ്യാഭ്യാസം (deprivation of education).

   നിരക്ഷരതയുടെ രൂപത്തിൽ പ്രകടമാകുന്നു. ഇതിന്റെ തോത് വിദ്യാഭ്യാസ നിഷേധത്തിന്റെ വ്യാപ്തി സൂചിപ്പിക്കുന്നു.

2. സാമ്പത്തിക നിഷേധങ്ങൾ

   സ്വകാര്യം പൊതു സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയുന്ന സാമ്പത്തിക ശേഷി (പ്രതിശീർശ വരുമാനം) യുടെ നിഷേധം (Income Poverty) ഇത് രാജ്യങ്ങൾ തമ്മിലും സംസ്ഥാനങ്ങൾ തമ്മിലും ജില്ലകൾ തമ്മിലും ജില്ലകൾക്കുള്ളിലെ പ്രദേശങ്ങൾ തമ്മിലും വ്യത്യാസപ്പെടാം. ഇത് സർക്കാരുകളുടെ രാഷ്ട്രീയം, പ്രകടന സമ്മർദ്ദങ്ങൾ എന്നിവയ്ക്ക് വിധേയമായി മാറാവുന്നതും അതുകൊണ്ടുതന്നെ ദാരിദ്ര്യത്തിന്റെ അളവുകോലായി സ്വീകരിക്കാനും കഴിയുന്നതുമല്ല. പകരം കൂടുതൽ പ്രായോഗികമായ ഘടകങ്ങൾ.

1. വിശപ്പ് (ഭക്ഷണ ലഭ്യത)
2. പോഷക കുറവ് (Under Nutrition)

ഒന്നാമത്തേത് വ്യക്തിപരമായ ധന ലഭ്യതയിൽ അധിഷ്ഠിതമെങ്കിൽ രണ്ടാമത്തേത് മറ്റ് ഘടകങ്ങളാൽ ബാധിക്കപ്പെടാവുന്നതാണ്.

3. കാലാവസ്ഥ, തൊഴിൽ
4. ആവാസ നിഷേധം

ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങളിലൊന്നായ പാർപ്പിടത്തിന്റെ അഭാവം ദാരിദ്രത്തിന്റെ പ്രകടമായ ഒരു ഘടകമാണ്. ഭവനം അടിസ്ഥാന ജീവിതാവശ്യമാണെങ്കിലും ഭവന രാഹിത്യം എല്ലാവരിലും ദാരിദ്ര്യത്തിന്റെ രൂക്ഷതയുടെ അളവുകോലായി കാണാൻ കഴിയില്ല. അതിനാൽ പാർപ്പിട രാഹിത്യവും ദാരിദ്ര്യ നിർമ്മാർജ്ജനവും പരസ്പര ബന്ധിതമെങ്കിലരായി കാണാനും പരിഹാരം തേടാനും ശ്രമിക്കേണ്ടതുണ്ട്. പഞ്ചവൽസര പദ്ധതികളിലൂടെയും സർക്കാരുകൾ കൈകൊണ്ട നയപരിപാടികളിലൂടെയും ദാരിദ്ര്യത്തിന്റെ തോത് കുറച്ചുകൊണ്ട് വരുവാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ ജന വിഭാഗങ്ങൾക്കിടയിൽ ദാരിദ്ര്യം നിലനിൽക്കുന്നു എന്നത് ഒരു വസ്തുതയുമാണ്.

1. ചരിത്ര പരാമർശം

ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 71 വർഷങ്ങളാകുന്നു. ഈ 71 വർഷങ്ങൾക്കുള്ളിൽ എത്രയോ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ നാം നടപ്പിലാക്കി, പല പദ്ധതികളും വീണ്ടും വീണ്ടും തേച്ചു മിനുക്കി നടപ്പിലാക്കിയെങ്കിലും ലക്ഷ്യത്തിൽ നിന്നും ഏറെ വ്യതിചലിച്ചുകൊണ്ടിരിക്കുന്നു

പ്രസിദ്ധ സാമ്പത്തിക ശാസ്ത്രജ്ഞനായ ജീൻഡ്രീസ് ഈ സാഹചര്യത്തിലാണ് തൊഴിലുറപ്പ് പദ്ധതി എന്ന ആശയം അവതരിപ്പിക്കുന്നതും കേന്ദ്ര ഗവ: ഗൗരവപൂർവ്വം ഇത് സംബന്ധിച്ച് ചിന്തിക്കുന്നതും നടപ്പാക്കാനുദ്ദേശിക്കുന്നതും. അവിദഗ്ധ തൊഴിൽ ചെയ്യാൻ തയ്യാറുള്ള കുടുംബങ്ങൾക്ക് 150 ദിവസം തൊഴിൽ നൽകി ജീവനോപാധി വർദ്ധിപ്പിക്കുന്നതിനോടൊപ്പം സുസ്ഥിര വികസനത്തിന് ഉതകുന്ന ആസ്തികൾ സൃഷ്ടിക്കുക എന്നതാണ് തൊഴിലുറപ്പ് പദ്ധതിയുടെ പരമപ്രധാനമായ ലക്ഷ്യം. സ്ത്രീക്കും, പുരുഷനും തുല്യജോലി, തുല്യവേതനം, സ്ത്രീകൾക്കും പട്ടികജാതി- പട്ടികവർഗ്ഗം മുഖ്യധാരയിൽ നിന്നും ഒറ്റപ്പെട്ടു നിൽക്കുന്നവർ, ബി.പി.എൽ കുടുംബങ്ങൾ എന്നിവർക്ക് മുൻഗണന നൽകിക്കൊണ്ട് പദ്ധതി നടപ്പാക്കുന്നു എന്നതാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മറ്റൊരു സവിശേഷത.

നീർത്തട പദ്ധതി, മഴവെള്ള സംഭരണം, ജലസ്രോതസ്സുകളുടെ വൃത്തിയാക്കൽ, ജലസേചന സൗകര്യമൊരുക്കൽ, തരിശുഭൂമി കൃഷിക്കുപയുക്തമാക്കുക, മണ്ണൊലിപ്പ് തടയുക, കിണർനിർമ്മാണം, കുളം നിർമ്മാണം, ആവാസ വ്യവസ്ഥയുടെയും ജൈവവൈവിധ്യത്തിന്റെ സംരക്ഷണമൊക്കെ ഈ പദ്ധതിയിലൂടെ നടപ്പാക്കാമെന്നും അതുവഴി ഓരോ പ്രദേശത്തിന്റെയും വികസനത്തിന് കളമൊരുക്കാമെന്നും, സർക്കാർ കണക്കുകൂട്ടി. ആത്മാർത്ഥതയോടെയും കാര്യക്ഷമമായും ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ഇന്ത്യയുടെ സുസ്ഥിര വികസനത്തിന് അടിത്തറയിടാൻ സാധിക്കുമെന്നും ആഗോളതലത്തിൽ തന്നെ ഈ പദ്ധതി പരിസ്ഥിതി സുരക്ഷിത പദ്ധതിയാണെന്നും പ്രശസ്ത കാർഷിക ശാസ്ത്രജ്ഞൻ ഡോ.എം.എസ് സ്വാമിനാഥൻ അഭിപ്രായപ്പെട്ടത് ഇവിടെ സ്മരണീയമാണ്.

ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളിലാണ് കുടി കൊള്ളുന്നതെന്ന് മഹാത്മാഗാന്ധി പറഞ്ഞിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി യഥാർത്ഥത്തിൽ ഭാരതാംബയുടെ ആത്മാവിനെ തൊട്ടുണർത്തുന്ന ഒരു സംഗീതം പോലെ ഗ്രാമഗ്രാമാന്തരങ്ങളിൽ അലയടിക്കുന്നു.

ദാരിദ്രത്തിന് കാരണമാകുന്ന വിവിധ പ്രശ്നങ്ങൾ

1. ഭവന നിർമ്മാണത്തിനുള്ള ഭൂമി, ഭവനം, എന്നിവ ഇല്ലാതിരിക്കുക.

2. പോഷകാഹാരങ്ങൾ (അന്നജം, പ്രോട്ടീൻ, ഫാറ്റ് എന്നിവ) വേളയിൽ ലഭിക്കാതിരിക്കുക.
3. വരുമാനദായകമായ ആസ്തികൾ ഇല്ലാതിരിക്കുക.
4. സ്ഥിരതയുള്ള വരുമാനദായകമായ തൊഴിൽ ഇല്ലാതിരിക്കുക
5. തൊഴിൽ നൈപുണ്യക്കുറവ്
6. എസ്.സി, എസ്.റ്റി, ഭിന്ന.ശേഷിക്കാർ, വിധവകൾ, ഭിന്നലിംഗക്കാർ തുടങ്ങിയ വിഭാഗങ്ങളിലെ ദാരിദ്രം
7. ദരിദ്രരിലെ നിരക്ഷത
8. ഉന്നത വിദ്യാഭ്യാസം ആർജിക്കുന്നതിനുള്ള സാമ്പത്തിക ഞെരുക്കം
9. വയോജനങ്ങൾ, അഗതികൾ, എന്നിവർക്കിടയിലെ ദാരിദര്യം
10. പ്രത്യേക തൊഴിൽ സമൂഹങ്ങളിലുള്ള ദാരിദര്യത്തിന്റെ ഉയർന്നതോത്, മത്സ്യ തൊഴിലാളികൾ , മൺപാത്രമുണ്ടാക്കുന്നവർ, കൈത്തൊഴിൽക്കാർ.
11. പരമ്പരാഗത തൊഴിൽ മേഖലയിലെ മാന്ദ്യവും വരുമാനക്കുറവും.
12. ആരോഗ്യ മേഖലയിലെ ഉയർന്ന ചിലവും സർക്കാർ ആരോഗ്യ സംവിധാനങ്ങളുടെ അപര്യാപ്തതയും മൂലമുള്ള ദരിദ്രവൽക്കരണം.
13. സവിശേഷ ശ്രദ്ധ വേണ്ട ശിശുക്കൾ, കൌമാരക്കാർ, സ്ത്രീകൾ എന്നിവർ നേരിടുന്ന സാമൂഹ്യ സാമ്പത്തിക പ്രശ്നങ്ങൾ.
14. ദരിദര്യരുടെ ഭൂഗിശാസ്ത്രപരവും വാസ പരമായ പാർശ്വവൽക്കരണവും, അടിസ്ഥാന സൗകര്യങ്ങളുടെ (റോഡ് കുടിവെള്ളം തുടങ്ങിയവ)കുറവും തന്മൂലം ദുരന്തത്തിനു പെട്ടെന്ന് വിധേയരാകാവുന്ന അവസ്ഥയും
15. സ്ത്രീകളുടെ താഴ്ന്ന തൊഴിൽ പങ്കാളിത്ത നിരക്ക്
16. സ്ത്രീകളുടെ ദാരിദര്യത്തിന് ആക്കം കൂട്ടുന്ന സവിശേഷമായ തൊഴിൽ ബന്ധിത ആരോഗ്യ പ്രശ്നങ്ങൾ.
17. പരിസ്ഥിതി, കാലാവസ്ഥ വികസനം എന്നിവയുമായി ബന്ധപ്പെട്ടുള്ള ദരിദ്രരുടെ പ്രശ്നങ്ങൾ

ദാരിദര്യ നിർമ്മാർജ്ജനത്തിന് നിർദ്ദേശിക്കുന്ന പരിപാടികൾ

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGA)

1. ആകസ്മിക കായിക പ്രധാന തൊഴിൽ മുഖ്യ വരുമാനമായവർക്ക് പ്രതി വർഷം 100 തൊഴിൽ ദിനങ്ങൾ നിർബന്ധമായും ലഭ്യമാക്കാൻ പദ്ധതി വേണം.
2. പരിസ്ഥിതി പുന: സ്ഥാപനത്തിനു മണ്ണ്, ജല സംരക്ഷണത്തിനുള്ള പ്രവർത്തനങ്ങൾ
3. വരുമാനദായമായ സ്വകാര്യ-പൊതു ആസ്തികളുടെ നിർമ്മാണം.
4. പ്രത്യേക വിഭാഗങ്ങളായ SC/ST വിഭാഗങ്ങൾക്കുള്ള സവിശേഷ പദ്ധതികൾ.
5. അടിസ്ഥാന സൗകര്യ വികസനങ്ങൾ
6. ശുചിത്വം മാലിന്യ പരിപാലന പ്രവർത്തനങ്ങൾ
7. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും കായിക ക്ഷേമത്തിനുമുള്ള പ്രവർത്തനങ്ങൾ
8. ഹരിത വൽക്കരണ പ്രവർത്തനങ്ങൾ

2. നിലവിലുള്ള അവസ്ഥയുടെ വിവിധ വീക്ഷണം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കോട്ടയം ജില്ലയിൽ ആരംഭിച്ചിട്ട് 01-04-2017-ൽ 9 വർഷം പൂർത്തീകരിച്ചിരിക്കുകയാണ്. ഭാരതത്തിലെ നിസ്വവർഗ്ഗമായ ജനതയുടെ അടിച്ചമർത്തപ്പെട്ട ആത്മരോഷത്തിൽ നിന്നുയിർക്കൊണ്ട വിപ്ലവാത്മകമായ പുതിയ തൊഴിൽ സംസ്കാരം - തൊഴിൽ ആവശ്യപ്പെടുന്നവർക്കെല്ലാം തൊഴിൽ നൽകുന്ന പദ്ധതി.

തുടക്കത്തിൽ റോഡ്സൈഡ് വൃത്തിയാക്കൽ, സ്വകാര്യഭൂമിയിലെ പുല്ല് ചെത്തൽ, ജലനിർഗ്ഗമന ചാലുകൾ വൃത്തിയാക്കൽ തുടങ്ങിയ ലഘുവായ പ്രവൃത്തികളാണ് ഏറ്റെടുത്തിരുന്നത്. എന്നാൽ 2014 ഏപ്രിൽ മാസത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ ഖണ്ഡിക ഒന്നും രണ്ടും ഷെഡ്യൂൾ ഭേദഗതി ചെയ്തതോടുകൂടി സാമൂഹികമായി സ്ത്രീകളുടെ സാമ്പത്തിക ഉന്നമനത്തിന് ഉയിരേകി ഗുണപ്രദമായ മായുള്ള സുസ്ഥിരമായ ആസ്തികളുടെ സൃഷ്ടികൾ ആവിർഭവിച്ചു. ഇ.എഫ്.എം.എസ് സംവിധാനം നിലവിൽ വന്നതോടെ തൊഴിലാളികൾക്ക് സ്വന്തമായി ബാങ്ക് അക്കൗണ്ടുകൾ ഉണ്ടായി. കൂലി അക്കൗണ്ടിലേക്ക് വന്ന് തുടങ്ങിയതും അവരുടെ ജീവിതത്തിൽ മാറ്റത്തിന്റെവേലിയേറ്റം സൃഷ്ടിച്ചു.

2016-17 വിപ്ലവകരമായ മാറ്റങ്ങൾക്ക് നമ്മൾ സാക്ഷ്യം വഹിച്ചു. അതിൽ ഏറ്റവും മുമ്പിൽ 'സെക്യൂർ സോഫ്റ്റ് വെയർ' നടപ്പിലാക്കിയതാണ്. ഇതുമൂലം പ്രവൃത്തികൾക്ക് ക്രമമായി ഡാറ്റാ നിലവിൽ വന്നു. പൊതുവായ പ്രവൃത്തികൾക്ക് അംഗീകാരവും അനുമതിയും എളുപ്പത്തിലായി.

2016 ഫെബ്രുവരി മാസം മുതൽ ആസ്തികളുടെ തുടക്കം മുതൽ ഘട്ടങ്ങൾ ഫോട്ടോ എടുത്ത് പൊതുജനങ്ങൾക്ക് വിലയിരുത്താവുന്ന രീതിയിൽ സുതാര്യമാക്കിയ ജിയോടാഗിംഗ് നിലവിൽ വന്നു. ഇതിലൂടെ ഭൂമിശാസ്ത്രപരമായ വിവരങ്ങൾ കാണുവാനും മനസ്സിലാക്കുവാനും സാധിക്കുന്നു. ഇത്തരം സാങ്കേതിക വിദ്യ നടപ്പിലാക്കിയതിൽ കോട്ടയം ജില്ല " വേവ് 2"ൽ ഉൾപ്പെടുന്നു. അനുവദിച്ച ടാർജറ്റിനേക്കാൾ കൂടുതൽ ആസ്തികൾ അതായത് 12,102 എണ്ണം ജിയോടാഗ് ചെയ്ത് 106.53% വിജയം കൈവരിച്ചതിന് ഈ ജില്ലയെ മിഷൻ ഡയറക്ടർ ശ്രീ. ബാലകിരൺ ഐ.എ.എസ് പ്രത്യേകം അഭിനന്ദിക്കുകയും പ്രശംസാപത്രം നൽകുകയും ചെയ്തിരിക്കുന്നു.

ആധാർ അടിസ്ഥാനമാക്കി വേതനം നടപ്പിലാക്കിയതുവഴി 91,396 എണ്ണം തൊഴിലാളികളിൽ 91.11% ആയ 83,271 എണ്ണം തൊഴിലാളികളെ ഉൾപ്പെടുത്തിയതുവഴി സംസ്ഥാനത്തെ രണ്ടാമത്തെ ഉയർന്ന ശതമാനം നേട്ടം നമ്മുടെ ജില്ല കൈവരിച്ചു. മീനടം, തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തുകൾ 98% മുകളിൽ നേട്ടം കൈവരിച്ചതുവഴി സംസ്ഥാനത്തെ ഒന്നാമത്തെ സ്ഥാനം പങ്കിട്ടു.

2016-17 വർഷം കോട്ടയം ജില്ലയുടെ ലേബർ ബഡ്ജറ്റായി 21,27,471 ആയിരുന്നു. എന്നാൽ വ്യക്തിഗത ദിനങ്ങൾ 23,04,694 സൃഷ്ടിച്ചതുവഴി 108.33% വിജയം കൈവരിച്ചിരിക്കുകയാണ്. 59,179 കുടുംബങ്ങൾക്ക് തൊഴിൽ നൽകുകയും അതിൽ 1833 കുടുംബങ്ങൾ 100 ദിവസം തൊഴിൽ നേടുകയും ചെയ്തു.

3. നടപ്പാക്കി വരുന്ന പ്രധാന പ്രവർത്തനങ്ങളുടെ സൂചന

ജലദൗർലഭ്യത വലിയൊരു ദുരന്തമായി മാറിക്കൊണ്ടിരിക്കുന്ന ഈ വേളയിൽ ഹരിത കേരളം പദ്ധതിയുമായി കിണറുകൾ റീ ചാർജ്ജ് ചെയ്യുന്നതിനു കൈകോർത്ത് ജലസുഭിക്ഷ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനായി നിയമസഭാ മണ്ഡലങ്ങൾ അടിസ്ഥാനമാക്കി 9 പഞ്ചായത്തുകൾ തെരഞ്ഞെടുത്തിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തിൽ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തികളിൽ 10 കോടി രൂപയുടെ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനുള്ള ഭൗതികലക്ഷ്യം ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്. അതിൽ 93814665 ലക്ഷം രൂപയുടെ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് ജില്ലയിലെ 56 ഗ്രാമപഞ്ചായത്തുകൾ എഗ്രിമെൻറ് വെച്ച് പ്രോജക്ട് നടപ്പിലാക്കി വരുന്നു. കൂടാതെ ഹരിതകേരളം പദ്ധതിയുടെ ഭാഗമായി 2018 ജൂൺ 5 ന് ലോകപരിസ്ഥിതി ദിനത്തിനോടനുബന്ധിച്ച് നടുന്നതിനായി ഒരു വർഷം പ്രായമായ രണ്ട് കോടി വൃക്ഷത്തൈകൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം നഴ്സറികൾ സ്ഥാപിച്ച് വികസിപ്പിച്ചെടുക്കുവാൻ നിർദ്ദേശിച്ചതിന്റെഭാഗമായി ജില്ലയിലെ 71 ഗ്രാമപഞ്ചായത്തുകളിലും നഴ്സറികൾ സ്ഥാപിച്ച് ഒരു ഗ്രാമപഞ്ചായത്തിൽ കുറഞ്ഞത് 200000 വൃക്ഷത്തൈകൾ എന്ന നിരക്കിൽ ആകെ 14 ലക്ഷം വൃക്ഷത്തൈകൾ ഉല്പാദിപ്പിക്കുന്നതിനുള്ള ഭൗതികലക്ഷ്യവും ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്. ടി ഭൗതികലക്ഷ്യം കൈവരിക്കുന്നതിന് ജില്ലയിലെ 71 ഗ്രാമപഞ്ചായത്തുകളിലും നഴ്സറികൾ ആരംഭിച്ച് ഫലവൃക്ഷ തൈകൾ നട്ടുപിടിപ്പിച്ചുവരുന്നു. ഹരിതകേരളം മിഷന്റെഭാഗമായി മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ പുനർസംയോജന പദ്ധതിയിൽ

മീനച്ചിലാറിന്റെ ഉത്ഭവം മുതൽ വേമ്പനാട്ടുകായൽ വരെയുള്ള തോടുകൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നവീകരിക്കുന്ന പ്രവൃത്തികൾ ജില്ലയിലെ 31 ഗ്രാമപഞ്ചായത്തുകളിലായി നടന്നു വരുന്നു.

2017-18 സാമ്പത്തിക വർഷത്തിൽ 150 ദിവസത്തെ അവിദഗ്ദ തൊഴിൽ പ്രധാനം ചെയ്യുന്നതോടൊപ്പം പ്രകൃതി വിഭവ പരിപാലനവും സ്ഥായിയായ പൊതു ആസ്തി സൃഷ്ടിക്കലും പദ്ധതി ലക്ഷ്യമിടുന്നു. കൂടാതെ മറ്റു വകുപ്പുകളുമായി ചേർന്നു ഒട്ടനവധി സംയോജിത പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനായി ലക്ഷ്യമിടുന്നു. ഈ സാമ്പത്തിക വർഷം പരമാവധി തൊഴിലാളികൾക്ക് 150 ദിവസം തൊഴിൽ നൽകുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടപ്പിലാക്കി വരുന്നു.

ഈ വർഷം തരിശ്ശുഭൂമിയിൽ കൃഷിയിറക്കൽ, ആട്ടിൻകൂട് നിർമ്മാണം, കോഴിക്കൂട് നിർമ്മാണം, മഴവെള്ള സംഭരണി നിർമ്മാണം, റബ്ബർബോർഡുമായി സഹകരിച്ച് കയ്യാലകെട്ടൽ, പട്ടികജാതി/വർഗ്ഗ പിന്നോക്ക വിഭാഗ കുടുംബങ്ങൾക്ക് സ്റ്റോൺ ബണ്ട് നിർമ്മാണം, മഴക്കുഴി നിർമ്മാണം എന്നീ പ്രവൃത്തികളും നഡേപ്പ് വെർമി കമ്പോസ്റ്റ് പിറ്റ് നിർമ്മാണം, കിണർ, അംഗൻവാടി നിർമ്മാണം എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

4. പറയാനുള്ള പ്രധാന വിഷയങ്ങളുടെ സംഗ്രഹം

പള്ളം	3	2	5	11522890	38	6	44	25061372	18	13	31	14394783
പാമ്പാടി	19	4	23	13010754	42	15	57	30445398	22	17	39	18314543
മാടപ്പള്ളി	7	3	10	11146746	24	1	25	22373664	18	13	31	15099590
ളാലം	15	1	16	6634122	30	1	31	14263209	13	3	16	5608669
വാഴൂർ	19	10	29	18346052	26	15	41	20361442	12	11	23	12705327
വൈക്കം	14	1	15	11354569	27	0	27	19888179	18	10	28	13881689
	175	59	234	171192178	358	76	434	2.73E+08	218	139	357	164452924

നഗരസഭ

നഗരസഭ	ഉല്പാദനം				സേവനം				പശ്ചാത്തലം			
	പുതിയത്	സ്പിൽഓവര്	ആകെ	വകയിരുത്തിയതുക	പുതിയത്	സ്പിൽഓവര്	ആകെ	വകയിരുത്തിയതുക	പുതിയത്	സ്പിൽഓവര്	ആകെ	വകയിരുത്തിയതുക
ഈരാറ്റുപേട്ട	12	12	24	4553940	33	15	48	20852302	99	36	135	40050064
ഏറ്റുമാനൂർ	9	0	9	4878402	43	10	53	25715529	27	9	36	50923869
കോട്ടയം	26	18	44	46474327	72	37	109	201929807	201	109	310	172356496
ചങ്ങനാശ്ശേരി	22	11	33	8641166	57	44	101	82952313	105	138	243	118340841
പാല	10	2	12	4178819	37	7	44	37549521	34	8	42	28503164
വൈക്കം	13	3	16	4919005	51	29	80	50529061	76	35	111	48479407
	92	46	138	73645659	293	142	435	419528533	542	335	877	458653841

ജില്ലാ പഞ്ചായത്ത്

ഉല്പാദനം				സേവനം				പശ്ചാത്തലം			
പുതിയത്	സ്പിൽഓവര്	ആകെ	വകയിരുത്തിയതുക	പുതിയത്	സ്പിൽഓവര്	ആകെ	വകയിരുത്തിയതുക	പുതിയത്	സ്പിൽഓവര്	ആകെ	വകയിരുത്തിയതുക
91	24	115	119012151	67	83	150	128338567	259	77	336	335444477

ആസൂത്രണ ഘട്ടം — വിലയിരുത്തുമ്പോൾ

കേരളത്തെ വളർച്ചയുടെ ഉയർന്ന തലത്തിലേക്ക് എത്തിക്കുന്നതിനോടൊപ്പം പരിസ്ഥിതി സുരക്ഷയുടെയും ഉത്തമമാതൃകയാക്കി കേരളത്തെ ഇന്നത്തെ നേട്ടങ്ങൾക്കെല്ലാം അടിസ്ഥാനമായ വികേന്ദ്രീകൃത ആസൂത്രണം മുന്നോട്ടു കൊണ്ടുപോവുക എന്നതാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിട്ടിരുന്നത്.

ജില്ലയിൽ 2017-18 വാർഷിക പദ്ധതി ആസൂത്രണ പ്രക്രിയയുടെ എടുത്തു പറയാവുന്ന പ്രത്യേകതകൾ താഴെ പറയുന്നവയാണ്.

1. ആസൂത്രണ സമിതികളുടെ രൂപീകരണം
2. ക്രിയാത്മകമായ ഗ്രാമസഭകൾ
3. സമയബന്ധിതമായ നടപടിക്രമങ്ങളുടെ തീർപ്പാക്കൽ
4. വർക്കിംഗ് ഗ്രൂപ്പുകളുടെ സജീവത
5. യാഥാർത്ഥ്യബോധത്തോടെയുള്ള പ്രൊജക്ടുകൾ
6. പദ്ധതിരൂപീകരണ ഘട്ടങ്ങളിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ഉണർവ്വും കൂട്ടായ്മയും
7. വികസന ക്ഷേമ മേഖലക്ക് പ്രതീക്ഷാനിർഭരമായ പദ്ധതികൾ
8. ഓരോ വിഷയമേഖലകളിലെയും പ്രശ്നങ്ങളെയും പ്രതിവിധികളെയും ഫലപ്രദമായി അപഗ്രഥനം നടത്തി തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട്.
9. പദ്ധതി പ്രവർത്തനങ്ങൾക്ക് ആദ്യഘട്ടത്തിൽ തന്നെ അനുവദിച്ച ഫണ്ട് - സ്പിൽ ഓവർ പ്രൊജക്ടുകളുടെ പൂർത്തീകരണത്തിന് സഹായകമാക്കി
10. വിവിധ ഡിപ്പാർട്ടുമെൻറുകളുടെ ഉദ്യോഗസ്ഥരുടെ ഇടപെടൽ സ്റ്റാറ്റസ് റിപ്പോർട്ടിലെ ദത്തങ്ങളുടെ ശേഖരണത്തിന് സഹായകമായി
11. പദ്ധതി നിർവ്വഹണത്തിന് കലണ്ടർ തയ്യാറാക്കികൊണ്ടുള്ള ആസൂത്രണം നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സമയബന്ധിത പദ്ധതി രൂപീകരണത്തിൻ പുത്തൻ ദിശാബോധം നൽകുന്നതിന് സഹായകമായിട്ടുണ്ട്.

ഗ്രാമസഭ - പങ്കാളിത്തം - സംഘാടനം - വിലയിരുത്തൽ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പ്രാദേശിക പദ്ധതി ആസൂത്രണത്തിന്റെ ജീവനാഡി ജനപങ്കാളിത്തമാണ്. ആസൂത്രണത്തിൽ നിർണ്ണായകമായ പങ്ക് വഹിക്കുവാൻ ജനങ്ങൾക്ക് എത്രമാത്രം അവസരമുണ്ടാകുന്നുവോ അത്രമാത്രം പദ്ധതി രൂപീകരണം നല്ലതാകുന്നു. വികസന കാഴ്ചപ്പാടുകളും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറാക്കി ഗ്രാമസഭകളിലേക്ക് പോകുന്നതിന് മുമ്പ് അവ വർക്കിംഗ് ഗ്രൂപ്പുകളിലും , അയൽ സഭകളിലും ഇതര വേദികളിലും ചർച്ച ചെയ്യുന്നുണ്ടെങ്കിലും ജനപങ്കാളിത്തം വർദ്ധിച്ച തോതിൽ ഉണ്ടകുന്നില്ലയെന്നത് ഒരു വസ്തുതയാണ്. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന അവസ്ഥാ രേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത്. എന്നാൽ മുകൾത്തട്ടിൽ വരുമ്പോൾ ആയതിന് ചില മാറ്റം വരുന്ന പ്രവണത ചില സ്ഥാപനങ്ങളിലെങ്കിലും കണ്ടുവരുന്നു. ആയത് ഒഴിവാക്കേണ്ടതാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യവാർഷിക പദ്ധതി തയ്യാറാക്കേണ്ടതിന് ഗ്രാമസഭയുടെ സജീവമായ പങ്കാളിത്തം ആവശ്യമായിരുന്നു. ജനങ്ങൾക്കു വേണ്ടി ജനങ്ങളാൽ തയ്യാറാക്കുന്ന ജനതയുടെ വികസന പ്രതീക്ഷകൾ നിറവേറ്റുന്നതിന് കൂട്ടായ ഇടപെടൽ അത്യാവശ്യമായിരുന്നു. നവ കേരള പിറവിക്കായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന വികസന ദൗത്യങ്ങളായ ഹരിതകേരളം, ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംസ്കരണ യജ്ഞം തുടങ്ങിയവ കോർത്തിണക്കി പ്രാദേശിക - സാമൂഹിക - സാമ്പത്തിക - സാംസ്കാരിക വിദ്യാഭ്യാസ വികസനം സാധ്യമാക്കാൻ ലക്ഷ്യമിട്ട പഞ്ചവത്സര പദ്ധതിയിൽ പൊതുജനത്തിന്റെ പ്രത്യാശ ഗ്രാമസഭായോഗങ്ങളിലെ പങ്കാളിത്തത്തിൽ സ്പഷ്ടമായിരുന്നു. ജില്ലയിലെ മിക്ക പഞ്ചായത്തുകളിലും ഗ്രാമസഭായോഗങ്ങളിൽ നിറഞ്ഞ സാന്നിധ്യമാണുണ്ടായിരുന്നത്. വരും കാലഘട്ടത്തിൽ നമ്മുടെ നാടിന്റെ ദിശാസൂചകമാക്കുന്ന ദീർഘകാലവികസനനയവും അടിയന്തിര ശ്രദ്ധകേന്ദ്രീകരിക്കേണ്ട ഹ്രസ്വകാല

വികസനപദ്ധതികളുടെ നിർദ്ദേശങ്ങളും ഗ്രാമസഭയിൽ രൂപം കൊണ്ടു. ജി.ഒ (എം.എസ്) നം 72/2017 തീയതി 29-03-2017 മാർഗ്ഗ നിർദ്ദേശപ്രകാരം ഗ്രാമസഭ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകിയിരുന്നു. ആസൂത്രണത്തിൽ നിർണ്ണായകമായ പങ്കുവഹിക്കുന്നതിന് ജനങ്ങൾക്ക് പരമാവധി അവസരമുണ്ടാക്കേണ്ടതിന്റെ ആവശ്യകത ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രാദേശിക പദ്ധതികളെ ജനകീയമാക്കുന്നതിനും പ്രാദേശിക സാധ്യതകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനും ഗ്രാമസഭ വിപുലമായി നടത്തിയതിലൂടെ സാധിച്ചിട്ടുണ്ട്. മാർഗ്ഗനിർദ്ദേശങ്ങളിൽ ഗ്രാമസഭകൾ യോഗം ചേർന്ന് ആസൂത്രണ പ്രവർത്തനങ്ങളും ഗുണഭോക്തൃ തെരെഞ്ഞെടുപ്പും നടത്തണം എന്നത് നിർബന്ധ വ്യവസ്ഥയായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമസഭ യോഗം ചേരുന്നതിന് മുമ്പായി വ്യാപകമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. മാധ്യമങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തൊഴിൽവേദികളിലും കുടുംബശ്രീ ശൃഖലവഴിയും പ്രചരണം സജീവമാക്കിയിരുന്നു.

ഗ്രാമപഞ്ചായത്തിന്റെ മുഖ്യ വികസന ക്ഷേമ പ്രശ്നങ്ങൾ പ്രതിഫലിപ്പിക്കുന്ന രീതിയിൽ ഗ്രാമസഭ യോഗത്തിന്റെ കാര്യപരിപാടി രൂപപ്പെടുത്തുന്നതിന് മിക്ക ഗ്രാമപഞ്ചായത്തുകളും ശ്രമിച്ചു. വികസനപ്രശ്നങ്ങൾ തരംതിരിച്ച് കൃത്യമായി മുൻഗണന നിശ്ചയിച്ചുകൊണ്ടാണ് മിക്ക ഗ്രാമപഞ്ചായത്തുകളും ഗ്രാമസഭ വിളിച്ചു ചേർത്തിട്ടുള്ളത്. മാർഗ്ഗനിർദ്ദേശപ്രകാരം ഗ്രാമസഭ യോഗത്തിൽ ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കേണ്ടതായ വികസന പ്രശ്നങ്ങളുടെ മുൻഗണനക്രമം സംബന്ധിച്ച് അഭിപ്രായസർവ്വേ പരീക്ഷണാടിസ്ഥാനത്തിൽ നടത്തുന്നതിനുള്ള സാധ്യത ഗ്രാമപഞ്ചായത്തുകളും വിനിയോഗിച്ചിട്ടില്ല.

ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് വിപുലമായ ജനപങ്കാളിത്തം ഉറപ്പു വരുത്തുവാൻ ഇൻറർനെറ്റ്, വിവര സാങ്കേതിക വിദ്യ, നവമാധ്യമങ്ങൾ തുടങ്ങിയവയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രമിക്കുന്നില്ലായെന്നതും യുവജനങ്ങൾ, വനിതകൾ, കുട്ടികൾ, ഭിന്നലിംഗം എന്നീ വിഭാഗങ്ങൾക്കും സ്റ്റോക്ക് ഹോൾഡർമാർ, ബാങ്ക് സഹകരണ സംഘം പ്രതിനിധികൾ എന്നിവരേയും ഉൾപ്പെടുത്തി കൂടിയാലോചനാ യോഗങ്ങൾ അർത്ഥവത്തായി നടപ്പാകുന്നില്ല എന്നതും ജനപങ്കാളിത്തം കുറയുന്നതിന് ചിലയിടങ്ങളിലെങ്കിലും കാരണമാകുന്നു.

ഗ്രാമപഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ടുകൊണ്ട് വികസന പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തണമെന്ന് ഗ്രാമസഭകളിൽ ചർച്ചചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ഗ്രാമസഭകൾ ആ രൂപത്തിൽ വേണ്ടത്ര സജ്ജമാക്കപ്പെടുന്നില്ലയെന്നതും പരിശോധിക്കേണ്ടതുണ്ട് .

ഗ്രാമ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ പ്രക്രിയയുടെ അടിസ്ഥാന ഘടകം വാർഡുസഭ/ഗ്രാമസഭകളാണ്. ആയത് ശക്തിപ്പെടേണ്ടത് അനിവാര്യമാണ്. നിലവിൽ ഗ്രാമസഭകൾ പലയിടങ്ങളിലും ശുഷ്കമാണ്. ആയതിന് മാറ്റം വരുത്തുന്ന രീതിയിലുള്ള നടപടികൾ ഉണ്ടാകണം. ഗ്രാമസഭകളിൽ പദ്ധതി രൂപീകരണത്തിൽ ഉയർന്നു വരുന്ന ആശയങ്ങൾ മുൻഗണനാ ക്രമത്തിൽ തന്നെ വിഷയഗ്രൂപ്പുകളിലെ അംഗങ്ങളുടെ ഒപ്പോടു കൂടി രേഖപ്പെടുത്തലുകൾ ഉണ്ടാകുകയും ആയത് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യണം. വികസന സെമിനാറിലെ നിർദ്ദേശങ്ങളുടെ കാര്യത്തിലും മേൽ പ്രക്രിയ അവലംബിക്കാവുന്നതാണ്. ഗ്രാമസഭയിലും, വികസന സെമിനാറിലും ഉയർന്നു വന്ന നിർദ്ദേശങ്ങൾ തന്നെയാണ് മുൻഗണനാ ക്രമത്തിൽ പ്രോജക്ടുകളാകുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതാണ്. ആയതിന് പെർഫോമൻസ് ആഡിറ്റ് ടീമിനെ വിനിയോഗിക്കാവുന്നതാണ്. ഗ്രാമസഭയിൽ അവതരിപ്പിച്ച തങ്ങളുടെ നിർദ്ദേശങ്ങൾക്ക് പരിഗണന ലഭിക്കുന്നതായി ഗ്രാമസഭാംഗങ്ങൾക്ക് ബോധ്യപ്പെട്ടാൽ മാത്രമേ ഗ്രാമസഭയുടെ പങ്കാളിത്തം വർദ്ധിക്കുകയും ശക്തിപ്പെടുകയും ചെയ്യുകയുള്ളു.

പ്രത്യേക ഗ്രാമസഭകൾ

യുവജനങ്ങൾ, വനിതകൾ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിക്കാർ എന്നിവർക്കായി പ്രത്യേക ഗ്രാമസഭ വിളിച്ചു ചേർക്കുന്നതിന് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ പ്രത്യേകം താത്പര്യം കാണിച്ചു.

വികസനസെമിനാർ

വർക്കിംഗ് ഗ്രൂപ്പുകളുടെ പദ്ധതി നിർദ്ദേശങ്ങൾ യോഗം ചേർന്ന് ഗ്രാമസഭ/ ഊരുകൂട്ട നിർദ്ദേശങ്ങളാൽ ക്രോഡീകരിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതിക്ക് സമർപ്പിച്ച് ആയത് ഭരണസമിതി പരിഗണിച്ച ശേഷം എല്ലാ വിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ച് വികസന സെമിനാർ ജില്ലയിലെ എല്ലാ തദ്ദേശസ്ഥാപനങ്ങളും നടത്തിയിട്ടുണ്ട്. കരട് വികസനരേഖയും, 2017-18 കരട് പദ്ധതിരേഖയും വികസന സെമിനാറിൽ അച്ചടിച്ച് വിതരണം ചെയ്തു. ബ്ലോക്ക് പഞ്ചായത്തുകളും മുൻസിപ്പാലിറ്റികളും ജില്ലാ പഞ്ചായത്തും മാർഗ്ഗ നിർദ്ദേശ പ്രകാരം വികസന സെമിനാർ സംഘടിപ്പിച്ചു. വികസനരേഖയും പദ്ധതിരേഖയും മാർഗ്ഗനിർദ്ദേശം അനുശാസിക്കും വിധത്തിൽ തയ്യാറാക്കുന്നതിൽ ഗ്രാമപഞ്ചായത്തുകൾ ശ്രദ്ധിച്ചിട്ടുണ്ട്.

ഭരണസമിതി എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ സ്റ്റാൻറിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പുകളെ ഉൾപ്പെടുത്തി പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. ഓരോ പ്രോജക്ടിന്റെയും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാധുത, വിജയ സാധ്യത എന്നിവ വർക്കിംഗ് ഗ്രൂപ്പുകളിൽ ചർച്ച ചെയ്ത് ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല എന്ന് വിലയിരുത്തുന്നു. വാർഷിക പദ്ധതി രേഖ മാർഗ്ഗനിർദ്ദേശ പ്രകാരം തയ്യാറാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ ശ്രദ്ധിച്ചിട്ടുണ്ട്. എങ്കിലും 2012-17 12-ാം പഞ്ചവത്സര പദ്ധതിയെ ഫലപ്രദമായി വിലയിരുത്തി ആയതിലുണ്ടായ വീഴ്ചകൾ പരിഹരിക്കാൻ പൂർണ്ണമായും കഴിഞ്ഞിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് മുൻവർഷങ്ങളെ അപേക്ഷിച്ച് കുറ്റമറ്റ രീതിയിൽ തയ്യാറാക്കുന്നതിന് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് കഴിഞ്ഞിട്ടുണ്ട്.

വെറ്റിംഗ്

- തദ്ദേശ സ്ഥാപനങ്ങളിലെ വിവിധ വിഷയമേഖലകളിൽ (കൃഷി, മൃഗസംരക്ഷണം, സാമൂഹ്യക്ഷേമം, പട്ടികജാതി/പട്ടിക വർഗ്ഗ) വർക്കിംഗ് ഗ്രൂപ്പുകൾ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളെയും വ്യക്തമായ അപഗ്രഥനം നടത്തി കാലാനുസൃതവും ആവശ്യാനുസൃതവുമായി തയ്യാറാക്കിയ പ്രോജക്ടുകൾക്ക് ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസർമാരിൽ നിന്നും സമയബന്ധിതമായി അംഗീകാരം ലഭിക്കാത്തത് ഇത്തരുണത്തിലുള്ള ആശയ വിനിമയ അപാകതങ്ങളും പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട വിഷയമേഖലകളിലെ വെറ്റിംഗ് ഓഫീസർക്കുതന്നെ പ്രൊജക്ടുകൾ വെറ്റിംഗിനു അയക്കുന്നതിന് ഉദ്യോഗസ്ഥ തലത്തിൽ ശ്രദ്ധിക്കാത്തതും വിനയായിട്ടുണ്ടെന്ന് വിലയിരുത്തുന്നു.

നവകേരള മിഷൻ - 2017

ദീർഘകാല പരിപ്രേക്ഷ്യത്തിൽ ഊന്നിയുള്ള നവകേരളമിഷൻ ആർദ്രം - ലൈഫ് - ഹരിതം - സമ്പൂർണ്ണ വിദ്യാഭ്യാസ സംരക്ഷണ യജ്ഞം തദ്ദേശ സ്ഥപനങ്ങൾ തയ്യാറാക്കിയ പ്രോജക്ടുകളിൽ യഥാവിധി സംയോജിപ്പിക്കാനകും വിധം മാർഗ്ഗരേഖയിൽ പരാമർശങ്ങളില്ലാത്തത് സംയോജന സാധ്യതകളെ ഒരു പരിധി വരെ ബാധിച്ചിട്ടുണ്ട്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- ദാരിദ്ര ലഘൂകരണത്തിനായി ഫലപ്രദമായി നടപ്പിലാക്കി വരുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി വാർഷിക പദ്ധതി 2017-18 സംയോജിപ്പിച്ച് നടപ്പിലാക്കണമെന്ന് നിർദ്ദേശമുണ്ടെങ്കിലും ആയത് ഫലപ്രദമായി നടപ്പിലാക്കുന്ന രീതി സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യക്തത ഉണ്ടാകേണ്ടതുണ്ട്. ആസ്തികളുടെ സൃഷ്ടിക്ക് പര്യാപ്തമാകും വിധം തൊഴിലുറപ്പ് പദ്ധതിയെ വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കുന്നതിന് അനുവർത്തിക്കേണ്ട നിർവ്വഹണ സമീപനം ഏതെന്നതിൽ സംശയത്തിനിടവരാത്തവിധമുള്ള നിർദ്ദേശങ്ങൾ വരേണ്ടിയിരിക്കുന്നു.
- വാർഷിക പദ്ധതി രൂപീകരണവും നിർവ്വഹണവും വിശാലമായ വിഷയവും ആയത് നടപടിക്രമങ്ങളനുസരിച്ച് ഫലപ്രദമായി നിർവ്വഹണം നടത്തുന്നതിനും ചുമതലകൾക്കും

ഉത്തരവാദിത്തങ്ങൾക്കും ആനുപാതികമായി സ്റ്റാഫ് പാറ്റേൺ പുതുക്കേണ്ടത് അത്യാവശ്യമാണ്. വികേന്ദ്രീകൃതാസൂത്രണത്തിന്റെഅനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ഇത് സഹായകമാകും. ഉദാഹരണത്തിന് കുറഞ്ഞത് ഒരു അസ്സി.എഞ്ചിനീയർ എങ്കിലും ആവശ്യമായിരിക്കുന്നു.

- സാമ്പത്തികവർഷത്തിനു മുൻപേ ബഡ്ജറ്റ് വിഹിതം പ്രഖ്യാപിക്കുന്ന സാഹചര്യത്തിൽ പദ്ധതികളുടെ അംഗീകാരം സാമ്പത്തിക വർഷാരംഭത്തിനുമുമ്പ് തന്നെ നൽകുന്നതിന് നടപടിയുണ്ടാവണം.
- നിർബന്ധ വകയിരുത്തലുകൾക്ക് ശേഷം അനിവാര്യമായ പദ്ധതികൾക്ക് ആവശ്യമായ തുക അപര്യാപ്തമാണ്. ആയതിനാൽ മേഖലകൾക്കും വിഭാഗങ്ങൾക്കും ആവശ്യമായ തുക മാത്രം നിർബന്ധവകയിരുത്തലാക്കി നിശ്ചയിക്കുക.
- വാർഡ് കേന്ദ്രം എന്ന ആശയം പൂർണ്ണമായി സാക്ഷാത്കരിക്കുന്നതിന് അനുമതി നൽകുക.
- വിവിധ സോഫ്റ്റ് വെയറുകളുടെ ഫലപ്രദമായ ഏകീകരണം സാധ്യമാക്കേണ്ടതുണ്ട്
- വാർഡ്തലം എന്നുള്ളതിനുപരി തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ ഒരു യൂണിറ്റായി കണ്ടു കൊണ്ടുള്ള വികസനം ലക്ഷ്യമിട്ടുള പദ്ധതികൾ തയ്യാറാക്കുക
- ഗ്രാമസഭ ജനപങ്കാളിത്തം ഉയർത്തുന്നതിനായി കൂടുതൽ പരസ്യ പ്രചരണം ഇലക്ട്രോണിക്സ് മാധ്യമങ്ങൾ കൂടിയുൾപ്പെടുത്തി നടത്തുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വയംപര്യപ്തതയിലേക്ക് എത്തുന്നതരത്തിലും തനത് വരുമാനം വർദ്ധിപ്പിക്കുന്നതരത്തിലുമുള്ള ക്രിയാത്മകമായ പദ്ധതികൾ നടപ്പിൽവരുത്തുക.
- ഉത്പാദന മേഖല സജീവമാകേണ്ടതുണ്ട്. മേഖലയിലെ ഉപമേഖലയായ കൃഷിക്ക് കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്. ആയതിനാൽ കൃഷി വകുപ്പിന്റെസഹകരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ലഭ്യമാകേണ്ടതുണ്ട്.
- പശ്ചാത്തലമേഖലക്കാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ ഊന്നൽ നൽകിയിരിക്കുന്നു. എന്നാൽ ടി മേഖലയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ സംരക്ഷിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കേണ്ടതും. മറ്റു മേഖലക്ക് കൂടുതൽ തുക വകയിരുത്തേണ്ടതുമാണ്

  ആരോഗ്യ മേഖലക്കും സാമൂഹ്യ ക്ഷേമത്തിനും കൂടുതൽ തുക വകയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുക.

അദ്ധ്യായം 7

പരിപ്രേക്ഷ്യത്തിന്റെയും നിർദ്ദേശങ്ങളുടേയും സംഗ്രഹവും ഉപസംഹാരവും

പ്രോജക്ട് ആശയങ്ങൾ

നീർത്തടാധിഷ്ഠിത വികസനം

ഹ്രസ്വകാല പരിപ്രേക്ഷ്യം

1. മണ്ണിന്റെ ഹെൽത്ത് കാർഡ്
2. കാർഷിക തൊഴിൽ മേഖല ആകർഷകമാക്കണം. ഗ്രീന് ആർമി വ്യാപിപ്പിക്കണം. കൃഷിയിടങ്ങളിൽ സ്ത്രീ തൊഴിലാളികൾക്ക് പ്രാഥമിക സൗകര്യങ്ങളും, ചെയിഞ്ചു റൂമുകളും, അടക്കമുള്ള വിശ്രമ കേന്ദ്രം നിർമ്മിക്കുക.
3. ഗ്രീൻ ആർമിക്ക് കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിനും മെയിന്റയിൻ ചെയ്യുന്നതിന് സാമ്പത്തിക സഹായം ചെയ്യുക.
4. ബ്ലോക്ക് അടിസ്ഥാനത്തിൽ കാർഷിക വിപണന കേന്ദ്രങ്ങൾ നിർമ്മിക്കുകയും ഓരോ ഉൽപ്പന്നങ്ങൾക്കും തറവില നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക.
5. ഓരോ പ്രദേശത്തെയും കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട കോഴ്സുകൾ ആ പ്രദേശത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആരംഭിക്കുക.
6. കർഷകർക്കാവശ്യമുള്ള ഗുണ നിലവാരമുള്ള നടീൽ വസ്തുക്കൾ മിതമായ നിരക്കിൽ ലഭ്യമാക്കാനുള്ള സംവിധാനങ്ങൾ കോഴഫാം കേന്ദ്രീകരിച്ച് ഉണ്ടാക്കണം. ഇതിന്റെ അനുബന്ധ പ്രവർത്തനങ്ങൾ പ്രാദേശിക ഭരണ സംവിധാനത്തിന്റെ സഹായത്തോടെ തൊഴിലുറപ്പ്, കുടുംബശ്രീ സംവിധാനങ്ങളെ കൂടി ഉപയോഗിച്ച് നടപ്പാക്കുക.
7. കൃത്യമായി പിൻതുടരുന്ന എന്നുറപ്പുള്ള ഒരു കാർഷിക കലണ്ടർ തയ്യാറാക്കുക.
8. കൃഷിയിടങ്ങളെ ടൂറിസവുമായി ബന്ധിപ്പിച്ച് ഫാം ടൂറിസം നടപ്പാക്കുക.
9. ടേക്ക് എവേ സംവിധാനമുള്ള മാതൃകാ കൃഷിത്തോട്ടങ്ങൾ പ്രോത്സാഹിപ്പിക്കുക (വരുന്ന ടൂറിസ്റ്റുകളുടെ താൽപ്പര്യമനുസരിച്ചുള്ള പച്ചക്കറിയും പഴവും അവർ സ്വയം തെരഞ്ഞെടുത്തു വാങ്ങുന്നതിനുള്ള സംവിധാനം)
10. വി.എഫ്.പി.സി.കെ. യിൽ എത്തുന്ന ഉൽപ്പന്നങ്ങളുടെ വില നിശ്ചയിക്കപ്പെടുന്നതും സംഭരിക്കപ്പെടുന്നതും മാർക്കറ്റ് നിയന്ത്രിക്കുന്ന സ്വകാര്യ ഏജൻസികളാണ്. വില നിർണ്ണയവും സംഭരണവും സപ്ലൈകോ പോലുള്ള സർക്കാർ സംരംഭങ്ങളിലൂടെ കേന്ദ്രീകൃതമായി നടക്കണം.

ദീർഘകാല പരിപ്രേക്ഷ്യം

1. റബ്ബർ ടാപ്പിംഗ് ഏരിയാ വിസ്തൃതി 8.5 ലക്ഷം ഹെക്ടർ എന്ന ലക്ഷ്യത്തിലേക്ക് എത്തുന്നതിനായി കോട്ടയംജില്ലയിലെ ഏരിയാ ഇരട്ടിയായി വർദ്ധിപ്പിക്കുക.
2. റബ്ബർ തോട്ടങ്ങൾ എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ പ്രധാന തൊഴിൽ മേഖലയായി ചിട്ടപ്പെടുത്തുക.
3. ഭൂമിയുടെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുക.
4. മെച്ചപ്പെട്ട തൈകൾ കർഷകർക്ക് ലഭ്യമാകുന്നു എന്നുറപ്പുവരുത്തുക.
5. സംഭരണം മുതൽ റബ്ബറുത്പ്പന്നങ്ങളുടെ പ്രോഡക്ഷൻ വരെ ബന്ധിപ്പിക്കുന്ന ആനന്ദ് മോഡൽ സൊസൈറ്റി രൂപപ്പെടുത്തുക.
6. റബ്ബർ തോട്ടങ്ങളിൽ അനുയോജ്യമായ ഇടവിളകൾ പ്രോത്സാഹിപ്പിക്കുക.
7. 2013- 14 ൽ 113830 ഹെക്ടർ കൃഷിയും ഉത്പാദനം 174280 ടണ്ണുമാണ്.
   2015-16 ൽ 114400 ഹെക്ടർ കൃഷിയും ഉത്പാദനം 88700 ടണ്ണുമാണ്.
   കാർഷിക ഏരിയാ കൂടിയിട്ടും റബ്ബർ ഉത്പാദനം പകുതി ആയി കുറഞ്ഞത് നമ്മുടെ സമ്പദ് ഘടനയെ ഏറെ ബാധിക്കും.

മണ്ണ് ജലസംരക്ഷണം.

ഹ്രസ്വകാലം

1. മഴക്കാലത്ത് അധിക ജലസംഭരണത്തിന് മഴക്കുഴികളും കിണർ റീച്ചാർജ്ജിംഗും സാധ്യമാക്കുക.
2. ജലസ്രോതസ്സ് മലിനമാകുന്നത് കർശനമായി തടയുക.
3. ഹരിതകേരള മിഷനുമായി ബന്ധപ്പെട്ട് നദികളുടെയും തോടുകളുടെയും പുനരുജ്ജീവനവും തദ്വാര സമഗ്ര കൃഷി വികസനവും സാധ്യമാക്കുക.

ദീർഘകാല പരിപ്രേക്ഷ്യം

1. മൂടപ്പെട്ടുപോയ തോടുകൾ സർവ്വെ ചെയ്ത് വീണ്ടെടുക്കുക.
2. ജല നിർഗ്ഗമന മാർഗ്ഗങ്ങൾ തടസ്സപ്പെടുത്തുന്ന നിർമ്മിതികൾ പൊളിച്ചു നീക്കി നിർമ്മിക്കുന്ന നടപടി സ്വീകരിക്കുക.
3. ജല ഗതാഗതം സുഗമമാക്കുക.

മൃഗസംരക്ഷണം

ഹ്രസ്വകാലം

1. മാംസം, മുട്ട, പാൽ ഇവയുടെ ഉത്പാദനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും വെച്ചൂർ പശു പോലുള്ള തനതു ജനുസുകളുടെയും അത്യുൽപ്പാദന ശേഷി ഉള്ളവയുടെയും വർദ്ധനവ് ലക്ഷ്യമിടുന്നു.
2. ശാസ്ത്രീയമായ അറവ് ശാലകൾ സ്ഥാപിച്ചുകൊണ്ട് ഗുണമേന്മയുള്ള മാംസം ലഭ്യമാക്കുകക.

ദീർഘകാലം

1. മുട്ടയുടെ ഉത്പാദനം ഇരട്ടിയാക്കുന്നതിലൂടെ നിലവിലുള്ള കുറവ് പരിഹരിക്കപ്പെടുന്നതിന് ലക്ഷ്യമിടുന്നു.
2. മാംസത്തിന്റെ ലഭ്യത ആവശ്യത്തിന്റെ പകുതിയെ ആകുന്നുള്ളു.ആയതിനാൽ സ്വയം പര്യാപ്ത അവസ്ഥയിലേക്ക് എത്തിക്കാൻ ശ്രദ്ധിക്കുക.

ക്ഷീരം

ഹ്രസ്വകാലം

1. പ്രതിദിനം 50,000 ലിറ്ററിൽ നിന്ന് ഒരു ലക്ഷം ലിറ്ററിലേക്ക് ഉത്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതി സാദ്ധ്യമാക്കുക.
2. തീറ്റപ്പുൽ കൃഷി ഉത്പാദനം വർദ്ധിപ്പിക്കുകയും ക്ഷീരസംഘങ്ങൾ വഴി വിപണനം നടത്തുകയും ചെയ്യുക.

ദീർഘകാലം

1. മൂല്യവർദ്ധിത പാലുൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുകയും അതുവഴി കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുക.
2. മുഴുവൻ ക്ഷീര സംഘങ്ങളെയും ആധുനിക വൽക്കരിക്കുന്നതിനും മിൽക്കിംഗ് മെഷീനുകൾ വ്യാപകമാക്കുന്നതിനും ശ്രമിക്കുക.

മത്സ്യം

ഹ്രസ്വകാലം

1. മത്സ്യതൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപടി സ്വീകരിക്കുക.
2. പൊതുജലാശയങ്ങളിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് തദ്ദേശീയ മത്സ്യങ്ങളെ ബാധിക്കാത്ത തരത്തിൽ മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുക.
3. നാടൻ മത്സ്യ ഇനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുക.
4. ഓരുജല ചെമ്മീൻ കൃഷിയുടെ ഉത്പാദനം വർദ്ധിപ്പിക്കുക.

5. കായൽ മലിനീകരണം നീയന്ത്രിച്ച് കരിമീൻ പോലുള്ള മത്സ്യങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥ സൃഷ്ടിക്കുക.
6. ഉത്പാദനം വർദ്ധിപ്പിക്കുക.

ദീർഘകാലം

1. മുഴുവൻ മത്സ്യ തൊഴിലാളികളുടെയും സമഗ്ര വികസനം ലക്ഷ്യമാക്കി പരിപാടി തയ്യാറാക്കുക.
2. പൊതുജലാശയങ്ങളിൽ മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുക വഴി ഉൾനാടൻ മത്സ്യഉത്പാദനം ഇരട്ടിയാകും.

വനം പരിസ്ഥിതി

ഹ്രസ്വകാലം

1. സാമൂഹ്യവനവൽക്കരണ പരിപാടിയുടെ ഭാഗമായി ഫലവൃക്ഷ തൈകൾ വ്യാപകമായി വിതരണം ചെയ്യുക വഴി സസ്യ വൃക്ഷ ഫല സമ്പദ് വർദ്ധിപ്പിക്കും. നാടൻ ഫലവൃക്ഷ തൈകൾക്ക് പ്രാധാന്യം കൊടുത്ത് കൊണ്ട് ഈ പരിപാടി നടപ്പാക്കാം.
2. വനമേഖലയിൽ പങ്കാളിത്ത വനസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കും.
3. വേമ്പനാട് കായൽ സംരക്ഷണ പ്രവർത്തനങ്ങളിലൂടെ പരിസ്ഥിതിയുടെ സുസ്ഥിരത ഉറപ്പാക്കും. പരിസ്ഥിതി ലോല പ്രദേശങ്ങളുടെ സംരക്ഷണം ഉറപ്പാക്കും.

വ്യവസായം വാണിജ്യം തൊഴിൽ സംരക്ഷണം, സഹകരണം.

ദീർഘകാലം

1. തൊഴിൽ രഹിതരെ സംരഭകരാക്കി മാറ്റുന്നതിന് സംരംഭകത്വ വികസന പരിപാടി നടപ്പാക്കും. വീടുകൾ കേന്ദ്രീകരിച്ചുള്ള നാനോ സംരംഭങ്ങൾ ആരംഭിക്കും. കൂടുതൽ മിനി വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പരിപാടികൾ ആരംഭിക്കും.

ഹ്രസ്വകാലം

1. ചെറുകിട സംരംഭങ്ങളുടെ ലൈസൻസ് നടപടി ക്രമങ്ങളുടെ നടപടി ലഭ്യമാക്കും. പരമ്പരാഗത ഉൽപ്പന്നങ്ങൾക്ക് ബ്ലോക്കുതലത്തിൽ വിപണി സജ്ജമാക്കും. പ്രാദേശിക തലത്തിലുള്ള സംരംഭക ക്ലബ്ബുകൾ രൂപീകരിച്ച് പരിശീലനം നൽകും. കുടുംബശ്രീ സംരംഭങ്ങളെ വ്യവസായ വകുപ്പുമായി ബന്ധിപ്പിച്ച് വികസിപ്പിക്കും. വിവര സാങ്കേതിക മേഖലയിൽ സഹകരണ അടിസ്ഥാനത്തിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കും.

ആരോഗ്യം

1. ആർദ്രം മിഷനുമായി ചേർന്ന് 170 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തും. മുഴുവൻ സമയ ആരോഗ്യ പരിചരണം കാട്ടുന്ന കേന്ദ്രങ്ങളാക്കി പ്രാഥമിക ആരോഗ് കേന്ദ്രങ്ങളെയും വികസിപ്പിക്കും.
2. പകർച്ച വ്യാധി തടയുന്നതിനുള്ള ആരോഗ്യ ജാഗ്രതാ സമിതികളുടെ ഊർജ്ജ സ്വലമാകും. ഇതര സംസ്ഥാനക്കാരുടെ ആരോഗ്യ പരിശോധന ക്യാമ്പുകൾ സംഘടിപ്പിച്ച് ആരോഗ്യ കാർഡുകൾ നൽകും. ആരോഗ്യ സൂചകങ്ങളിൽ കോട്ടയം ജില്ല മുന്നിൽ നിൽക്കുമ്പോഴും സ്ത്രീ പുരുഷ അനുപാതത്തിലെ അന്തരം പഠനവിധേയമാക്കി പരിഹാരനടപടി സ്വീകരിക്കുകയും ചെയ്യും.

ദീർഘകാലം

1. എല്ലാ ചീകിത്സാ ധാരകളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന് ഉതകുന്ന തരത്തിൽ നിലവിലുള്ള ജില്ലാ ആശുപത്രി സമുച്ചയത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കും. വിനോദ സഞ്ചാരകേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തി ആയുർവേദ രംഗത്ത് സർക്കാർ സേവനം ലഭ്യമാക്കും. ഹോമിയോയിൽ സ്പെഷ്യലിറ്റി ക്ലിനിക്കുകളുടെ സേവനം ലഭ്യമാക്കും. മെഡിക്കൽ കോളേജ് വികസനത്തിന്റെ മാസ്റ്റർ പ്ലാൻ അനുസരിച്ച് പ്രവർത്തനങ്ങൾ നടത്തും.

കുടിവെള്ളം

സ്വാഭാവിക കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പുവരുത്തും. നിലവിലെ ശുദ്ധജല പദ്ധതികളുടെ പൈപ്പുലൈനുകൾ നീട്ടുന്നതിനും പഴയവ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കും. മിനി വാട്ടർ സപ്ലൈ സ്കീമുകൾ നടപ്പാക്കും. ജലസ്രോതസ്സുകളെ മലിനപ്പെടുത്തുന്നത് തടയും.

ശുചിത്വം

മുഴുവൻ പ്രാദേശിക സ്വയം ഭരണ സ്ഥാപനങ്ങളിലും ഉറവിടക മാലിന്യ സംസംകരണസംവിധിധാനം വ്യാപിപ്പിക്കും. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ പൊതുമാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തും. ഹരിത പ്രോട്ടോക്കോൾ പൂർണ്ണമായും നടപ്പാക്കും. ജല സുരക്ഷ ഉറപ്പാക്കുന്നതിലേക്ക് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കും. നിലവിലുള്ള 17-18 വാർഷിക പദ്ധതിയിലെ പ്ലാസ്റ്റിക് ഷെഡ്ഡിംഗ് യൂണിറ്റുകളും പ്രവർത്തിപ്പിക്കും.

പാർപ്പിടം

ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി ഭവന രഹിതരായ 25000 കുടുംബങ്ങൾക്ക് സുരക്ഷിത ഭവനം സാധ്യമാക്കും. തൊഴിലുറപ്പ് പദ്ധതിയുടെ പ്രയോജനം ഇതിലേക്ക് ലഭ്യമാക്കും. ബഹുജനങ്ങളുടെ പങ്കാളിത്തത്തോടെയ പതിമൂന്നാം പഞ്ചാവത്സര പദ്ധതി ക്കാലത്ത്തന്നെ സമ്പൂർണ്ണ ഭവന പദ്ധതി കോട്ടയം ജില്ലയിൽ വിജയിപ്പിക്കും. ചിലവു കുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യ പ്രയോജനപ്പെടുന്നതിന് എൻജിനീയറിംഗ് പ്രോജക്ടുകളുടെ സേവനം ലഭ്യമാക്കും.

വനിതകൾ, കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ

ജില്ലയെ ശിശു സൗഹൃദ ജില്ലയാക്കി മാറ്റുന്നതു സംബന്ധിച്ച് പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടും. 23% വരുന്ന കുട്ടികളുടെ അതിജീവനം വികസനം സംരക്ഷണം പങ്കാളിത്തം എന്നീ മേഖലകളിലെ അവകാശങ്ങൾ ഉറപ്പാക്കും. അനാഥാലയങ്ങൾക്കുവേണ്ട പശ്ചാത്തല സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഭിന്നശേഷിക്കാരുടെയും ഭിന്നലിംഗക്കാരുടെയും ക്ഷേമത്തിനായി പദ്ധതികൾ ആവിഷ്കരിക്കും. വൃദ്ധസദനങ്ങൾ, പകൽവീടുകൾ എന്നിവയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും മുഴുവൻ വൃദ്ധ ജനങ്ങളുടെയും സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. ആരോഗ്യസുരക്ഷ പദ്ധതികൾ (വയോമിത്രം) വ്യാപകമാക്കി, പാലിയേറ്റീവ് കെയർ, വിപുലമാക്കുകയും ചെയ്യും.

വിദ്യാഭ്യാസം

പ്രോജക്ട് ആശയങ്ങൾ

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1) അക്കാദമിക് നിലവാരം ഉയർത്തുന്നതിനുള്ള സമഗ്രപരിപാടി തയ്യാറാക്കുക. 2018-19 വർഷത്തിൽ 2018 സെപ്തംബറിനുള്ളിൽ 5 മുതൽ - 12 വരെ കുട്ടികൾ 4- ാം ക്ലാസ്സ് നിലവാരത്തിൽ എല്ലാ ശേഷികളും നേടിയെത്തി എന്നുറപ്പാക്കുക. 2019 ജനുവരി മാസത്തിനുള്ളിൽ 7 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾ 7-ാം ക്ലാസ്സ് നിലവാരത്തിൽ എല്ലാ ശേഷികളും നേടി എന്നുറപ്പ വരുത്തുക.
2) സാമൂഹിക വിദ്യാഭ്യാസ പരിപാടി ഓരോ സ്കൂളിന്റെയും ഫീസർ ഏരിയകളിൽ സംഘടിപ്പിക്കുക. എല്ലാ അമ്മമാരും മിനിമം 12-ാം തരം നിലവാരത്തിൽ എത്തി എന്നുറപ്പാക്കണം. ഇതിനാവശ്യമായ സൗകര്യങ്ങളും ബോധവല്ക്കരണവും നടത്തേണ്ടതുണ്ട്.
3) എല്ലാ വിദ്യാലയങ്ങളിലും ഭാഷാ പഠനത്തിനായി ലാംഗ്വേജ് ലാബ് സംവിധാനമൊരുക്കണം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. എല്ലാ പൊതുമേഖലാ സ്കൂളുകളും ശാസ്ത്രീയമായി ആസൂത്രണം ചെയ്ത് ഉള്ള സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി ആവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കുക.

2. എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ആക്കുക.
3. കലാകായിക വികസനത്തിനായി സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കാനാവശ്യമായ സംവിധാനം. ചില പ്രത്യേക ഇനങ്ങളിൽ പ്രത്യേക കോച്ചിംഗ് സംവിധാനം ഒരുക്കണം.
4. ജലകായിക മേളയ്ക്ക് സാദ്ധ്യതയുള്ള ഇടങ്ങളിൽ അതിനാവശ്യമായ സൗകര്യമൊരുക്കണം.
5. അഭിരുചിക്കനുസരിച്ച തൊഴിൽ പരിശീലനങ്ങൾ 8-ാം തരം മുതൽ 12-ാം തരം വരെ ഉണ്ടാകണം.
6. ഉന്നത വിദ്യാഭ്യാസ രംഗത്ത് പഠനത്തോടൊപ്പം വരുമാന മാർഗ്ഗമുള്ള തൊഴിൽ സംവിധാനങ്ങളും ഉണ്ടാവണം.
7. ഐ.ടി.ഐ, പോളി ടെക്നിക്, ഉന്നത വിദ്യാഭ്യാസം എന്നീ മേഖലകളിൽ പ്രാദേശിക ആവശ്യമനുസരിച്ചുള്ള കോഴ്സുകൾ ആരംഭിക്കണം.
8. സാക്ഷരതാ രംഗം തൊഴിൽ പരിശീലനം കൂടി ഉൾപ്പെടുത്തി പുനർനിർണ്ണയിക്കുക.

സംസ്കാരം — കല

- കോട്ടയം ജില്ലയുടെ മുൻകാല കലാസാംസ്കാര രംഗത്തെ നേട്ടങ്ങളും, രൂപങ്ങളും അടുത്ത തലമുറയ്ക്കുകൂടി അനുഭവപ്പെടത്തക്ക പരിപാടികളുണ്ടാകണം.
- സാംസ്കാരിക പൈതൃകങ്ങൾ പരിപോഷിപ്പിക്കപ്പെടണം
- നാട്ടറിവുകൾ ശേഖരിക്കുകയും സംരക്ഷിക്കുകയും വേണം.
- കലാ രൂപങ്ങൾ അടുത്ത തലമുറകൾക്കുകൂടി ഉപകാരപ്രദമാകത്തക്ക രീതിയിൽ സംരക്ഷിക്കപ്പെടുന്നതിന് കലാ അക്കാഡമികൾ രൂപീകരിക്കണം.
- കലാസാംസ്കാരിക സംഘടനകൾക്ക് ഗ്രാന്റ് കൊടുക്കത്തക്കരീതിയിൽ ടൂറിസവുമായി ചേർന്നു പരിപാടിയുണ്ടാക്കണം.
- എല്ലാ പഞ്ചായത്തിലും ചരിത്ര മ്യൂസിയങ്ങൾ ഒരുക്കണം.
- സ്കൂൾ പാഠ്യപദ്ധതിയിൽ ഈ രംഗത്തിനു കൃത്യമായ പ്രാതിനിധ്യം നൽകുകയും അതു പഠിപ്പിക്കുന്നതിനു സംവിധാനമൊരുക്കുകയും വേണം.
- ഓരോ പഞ്ചായത്തും പൈതൃക വസ്തുക്കളുടെയും, രൂപങ്ങളുടെയും വിശദാംശങ്ങൾ ശേഖരിച്ച് ഒരു ഡയറക്ടറി തയ്യാറാക്കണം.
- ഇന്നലകളെ പരിചയപ്പെടുന്നതിനോടൊപ്പം ഇന്നുകളെ രേഖപ്പെടുത്തി മ്യൂസിയത്തിലും, സോഫ്റ്റ് വെയറിലും കേടു കൂടാതെ സംരക്ഷിക്കണം.
- കേരളോത്സവം ഒരു വികാരമായി ഗ്രാമതലം മുതൽ സംസ്ഥാനതലം വരെ നടപ്പാകണം. ആരോഗ്യകരമായ ഒരു മത്സരം ഈ രംഗത്തു നല്ലതാണ്. സാംസ്കാരിക പൈതൃകങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തി അവരുടെ പങ്കാളിത്തത്തോടെ സംരക്ഷണ പ്രക്രിയ നടത്തുക.

കായികം, യുവജനക്ഷേമം

1) ജില്ലാ ആസ്ഥാനം അന്താരാഷ്ട്ര നിലവാരമുള്ള സ്റ്റേഡിയവും നീന്തൽകുളവും നിർമ്മിക്കുക.
2) നിലവിലുള്ള സ്റ്റേഡിയങ്ങൾ ആധുനികവത്ക്കരിക്കുകയും എല്ലാ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളിലും കളിസ്ഥല മൈതാനങ്ങൾ തയ്യാറാക്കുകയും ചെയ്യണം. (വിവിധയിനം കായിക ഇനങ്ങൾക്ക് പറ്റിയവ വേണം)
3) നാടൻപന്തുകളി തുടങ്ങിയ പ്രാദേശിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുക.
4) എല്ലാ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിലും യൂത്ത് ക്ലബ്ബുകളുടെ ഏകോപനസമിതികൾ രൂപീകരിക്കുകയും ഗ്രാമ ബ്ലോക്ക് ജില്ലാ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യണം.

5) പ്രാദേശിക തലത്തിൽ പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കണം.

6) മുഴുവൻ വിദ്യാർത്ഥികൾക്കും നീന്തൽ പരിശീലനം നൽകുന്നതിന് സംവിധാനമൊരുക്കണം.

യുവജനക്ഷേമം

1) യുവജനങ്ങളുടെ നേതൃത്വത്തിൽ ലേബർ ബാങ്ക്, കർഷക ക്ലബ്ബുകൾ, സംരഭകത്വ യൂണിറ്റുകൾ, യുവ കർമ്മ സേനകൾ ഇവ സജീവമാക്കുക.

2) യുവസാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും പ്രാദേശിക മാധ്യമ പ്രവർത്തനത്തിലും കൂടുതൽ പരിശീലനങ്ങൾ നല്കുക.

3) സോഷ്യൽമീഡിയയുടെ ഉപയോഗത്തിൽ മാർഗ്ഗരേഖ നിർദ്ദേശിക്കേണ്ടതാണ്.

ഊർജ്ജം

പ്രോജക്ട് ആശയങ്ങൾ

I. ഹ്രസ്വകാല പരിപ്രേക്ഷ്യം

1. ജലവൈദ്യുത പദ്ധതികളുടെ ഗുണങ്ങൾ, വൈദ്യുതി ദുരുപയോഗം, വൈദ്യുതി മോഷണം, വൈദ്യുതി ലീക്കേജ്, വൈദ്യുതി ലൈനുകളുടെ സമീപം വൃക്ഷത്തൈ നടീൽ ഒഴിവാക്കൽ, വൈദ്യുതി ലൈനുകളുടെ സമീപമുള്ള ഇരുമ്പുപൈപ്പ് ചാലക വസ്തുക്കളുടെ ഉപയോഗത്തിലെ അപകടം തുടങ്ങിയവയ്ക്കുള്ള ബോധവല്ക്കരണ പദ്ധതികൾ നടപ്പിലാക്കുക.
2. കാറ്റാടി വൈദ്യുതോല്പാദന യന്ത്രങ്ങൾ കുട്ടനാട് പാടശേഖരങ്ങളിൽ സ്ഥാപിക്കുക.
3. Biogas based power plant കൾ പ്രധാന കേന്ദ്രങ്ങളിൽ നടപ്പിലാക്കുക ടി വേല കുടുംബശ്രീ/കരാർ തൊഴിലാളികളെ ഏല്പിക്കുക.
4. കുന്നിൻമേഖലകളിലെ മഴവെള്ളം ഉപയോഗിച്ചുള്ള ചെറിയ ജലവൈദ്യുത നിലയങ്ങൾ സ്ഥാപിക്കുക.
5. ഊർജ്ജക്ഷമത കൂടിയ എൽ.ഇ.ഡി. ബൾബ്, ട്യൂബ്, ഇലക്ട്രിക്കൽ ഉപകരണങ്ങൾ തുടങ്ങിയവ അനർട്ട് വഴി സബ്സിഡിയോടെ വിതരണം ചെയ്യുക.
6. തെരുവു വിളക്കുകൾ ഊർജ്ജ സംരക്ഷണ ഓഡിറ്റിംഗുകൾ നടത്തി ആസ്തി രജിസ്റ്ററുകൾ, പരിപാലന ചെലവുകൾ തുടങ്ങിയവയുടെ പരിശോധന, മോണിറ്ററിംഗ് കൃത്യമായി നടത്തുക.
7. കേന്ദ്രീകൃത സൗരോർജ്ജചാനലുകളും ലൈറ്റുകളും സ്ഥാപിക്കുക.
8. പാരമ്പര്യേതര ഊർജ്ജ സംവിധാനങ്ങളുടെ ഉപയോഗം വ്യാപകമാക്കുക.
9. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥലസൗകര്യമുള്ള എല്ലാ വീടുകളിലും സ്ഥാപിക്കാൻ പഞ്ചായത്ത് /മുനിസിപ്പൽതലത്തിൽ പദ്ധതികൾ നടപ്പിലാക്കുക.
10. ചൂടാറപ്പെട്ടി, പുകയില്ലാ അടുപ്പ്, വിറകടുപ്പ്, കച്ചിപ്പെട്ടി തുടങ്ങിയവയുടെ ഉപയോഗം സന്നദ്ധസംഘടന, റെസിഡൻസ് അസോസിയേഷൻ വഴി നടപ്പിലാക്കുവാൻ തദ്ദേശഭരണസ്ഥാപനം പദ്ധതി ആവിഷ്കരിക്കുക.
11. കുട്ടനാട് പുഞ്ചപാടങ്ങളും യാത്രയ്ക്ക് ഉപയോഗിക്കാത്ത കനാലുകളിൽ (വാൽചാൽ) സോളാർ ചാനലുകൾ അനെർട്ടിന്റെ സഹായത്തോടെ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുക.
12. ഊർജ്ജസംരക്ഷണ വിദഗ്ധ സമിതി ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുകയും പരിശീലനവും പ്രചരണവും നടത്തുക.

II. ദീർഘകാല പരിപ്രേക്ഷ്യം

1. വിനോദ സഞ്ചാര ബോട്ടുകളിൽ സൗരോർജ്ജ ചാനലുകൾ പ്രവർത്തിച്ച് അന്തരീക്ഷ ജല മലിനീകരണം ഒഴിവാക്കാവുന്നതാണ്.
2. എല്ലാ സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സോളാർ പാനലുകൾ സ്ഥാപിച്ച് ചെലവ് പരിശോധിക്കുക.

3. കൃഷി ആവശ്യത്തിന് ഉപയോഗിക്കുന്ന പഴയ പമ്പുകൾ, പെട്ടി, പറ, മോട്ടോർ മുതലായവ മാറ്റി ഉല്പാദന ക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുക.
4. റെയിൽവേ ലൈനുകളിൽ സോളാർ പാനൽ ഉപയോഗിക്കുക.
5. ഉയർന്ന വോൾട്ടേജ് ലൈനുകളും സബ്സ്റ്റേഷനുകളും സ്ഥാപിച്ച് കൃത്യമായ ഗുണനിലവാരത്തിലുള്ള വൈദ്യുതി എല്ലാവർക്കും എല്ലായിപ്പോഴും ലഭ്യമാക്കി രാജ്യാന്തര നിലവാരത്തിലേക്ക് ജില്ലയെ ഉയർത്തുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. കവചിത കനികളുപയോഗിച്ച് വിതരണ ശൃംഖല പുനഃക്രമീകരിക്കുക.
2. പാരമ്പര്യേതര ഊർജ്ജ സംരക്ഷണ പരിപാടികൾ നടപ്പിലാക്കുക, ഉപയോഗം വ്യാപകമാക്കുക. ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
3. ബയോഗ്യാസ് പ്ലാൻറുകൾ സ്ഥലസൗകര്യമുള്ള എല്ലാ വീടുകളിലും നടപ്പിലാക്കുക.
4. എൽ.ഇ.ഡി. ബൾബുകളും ട്യൂബുകളും എല്ലാ വിഭാഗം ജനങ്ങൾക്കും സബ്സിഡി നിരക്കിൽ ആവശ്യാനുസരണം വിതരണം ചെയ്യുക.
5. തെരുവു വിളക്കുകൾ സോളാർ പാനൽ സംവിധാനത്തിലാക്കുകയും നിയന്ത്രണം തദ്ദേശഭരണസ്ഥാപനത്തിനു നൽകുകയും ചെയ്യുക.
6. സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ പ്രദേശങ്ങളിൽ സൗരോർജ്ജം – സോളാർ പാനൽ സ്ഥാപിക്കുക.
7. ചൂടാറപ്പെട്ടി, പുകയില്ലാ അടുപ്പുകൾ, വിറകടുപ്പ്, കച്ചിപ്പെട്ടി തുടങ്ങിയവ തദ്ദേശഭരണസ്ഥാപനതലത്തിൽ വ്യാപകമാക്കുക, പ്രചരണ ബോധവത്ക്കരണം നടത്തുക.
8. കേന്ദ്രപദ്ധതികളായ ദീൻദയാൽ ഉപാദ്യായ ഗ്രാമീണ ജ്യോതി യോജന (DDUGJY), ജില്ല ഒട്ടാകെയും ഇന്റഗ്രേറ്റഡ് പവർ ഡെവലപ്പ്മെന്റ് സ്കീം (IPDS) ചങ്ങനാശ്ശേരി, ഏറ്റുമാനൂർ, വൈക്കം, ഈരാറ്റുപേട്ട നഗര സഭാ സർക്കിളിൽ നടപ്പിലാക്കുക.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. കാറ്റാടി വൈദ്യുതോല്പാദന യന്ത്രങ്ങൾ സ്ഥാപിക്കുക.
2. മിനി /മൈക്രോ ഹൈഡൽ പ്രോജക്ടുകൾ സാധ്യതാ പ്രദേശത്ത് നടപ്പിലാക്കുക.
3. ജലവൈദ്യുത നിലയങ്ങൾ സ്ഥാപിക്കുക.
4. സോളാർ സംവിധാനത്തിൽ സർക്കാർ വാഹനങ്ങൾ, വിനോദ സഞ്ചാര ബോട്ടുകൾ പ്രവർത്തിക്കുന്ന പദ്ധതികൾ നടപ്പിലാക്കുക.
5. റെയിൽവെ ലൈനുകളിൽ സോളാർ പാനൽ ഉപയോഗിക്കുക.
6. ഇലക്ട്രിക് ലൈനുകൾ കാര്യക്ഷമതയുള്ളതാക്കുക, പഴകിയ ട്രാൻസ് ഫോർമ്മറുകൾ മാറ്റി സ്ഥാപിക്കുക.
7. പ്രധാന പട്ടണങ്ങളിലെ ഇലക്ട്രിക് ലൈനുകൾ അണ്ടർ ഗ്രൗണ്ട് കേബിളിലാക്കുക.

ഗതാഗതം

- നിരത്തുകളുടെ പരിപാലനം കാലോചിതമാക്കുക. ഇന്നു റോഡുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനും തുക ചെലവഴിക്കുന്ന രീതിശാസ്ത്രം പുനഃപരിശോധിച്ച് മെച്ചപ്പെട്ട ഗുണനിലവാരവും ദീർഘകാലം നിലനില്ക്കുന്നതും എന്ന ലക്ഷ്യത്തിൽ ചിട്ടപ്പെടുത്തുക.

- കൃത്യമായതും, എല്ലാ വിഭാഗം റോഡുകളും, ഉൾക്കൊള്ളിച്ചതുമായ കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുക. പുതുതായി നിർമ്മിക്കേണ്ട റോഡുകൾ കൃത്യമായി അടയാളപ്പെടുത്തി കഡസ്ട്രൽ മാപ്പിൽ ലഭ്യമാകത്തക്കവിധം പ്രോഗ്രാം ചെയ്തു തയ്യാറാക്കുക.
- നിലവിലുള്ളതും പുതുതായി ഉണ്ടാകുന്നതുമായ എല്ലാ റോഡുകൾക്കും കൃത്യമായി അതിരു നിർണ്ണയിച്ച് സർവ്വെ കല്ലുകൾ സ്ഥാപിക്കുക. നിലവിലെ റോഡുകൾ കൈയ്യേറിയത് ഒരു ദാക്ഷിണ്യവുമില്ലാതെ തിരികെ പിടിക്കുക. പുതു കൈയ്യേറ്റങ്ങൾ ഉണ്ടാകാതെ സംരക്ഷിക്കുക കർശന നിയമങ്ങൾ നടപ്പിൽ വരുത്തുക.
- കാൽനടക്കാരെ പരിഗണിക്കുന്ന റോഡുകളായി എല്ലാ റോഡുകളും മാറണം. ഫൂട്ട്പാത്തുകൾ കാൽനടക്കാർക്കു ലഭ്യമാകുന്നു എന്നുറപ്പുവരുത്തുന്ന, കൃത്യമായ സംവിധാനങ്ങൾ ഉണ്ടാകണം.
- പ്രധാനപ്പെട്ട ആതുരപത്രികളെ കണക്കിലെടുത്ത് അവിടേക്ക് വളരെ പെട്ടെന്നു എത്തുവാൻ കഴിയുന്ന രീതിയിൽ ആംബുലൻസ് വേകളുടെ രൂപ കല്പനയുണ്ടാവണം. ഘട്ടം ഘട്ടമായി അതു യഥാർത്ഥ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കോർത്തിണക്കണം.
- ഗതാഗത കുരുക്കഴിക്കുന്നതിനു പര്യാപ്തമായ രീതിയിൽ എല്ലാ ടൌണുകളിലും ആവശ്യമായ ബൈപ്പാസുകൾ നിർമ്മിക്കുക. കൃത്യമായ റോഡു സംസ്കാരം വളർത്തുന്നതിനു ആവശ്യമായ ബോധവല്ക്കരണം, വാഹനം ഓടിക്കുന്നവർക്കും, പൊതുജനത്തിനും നൽകുക. ജംഗ്ഷനു മുകളിൽ ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിലുള്ള ക്രോസിംഗ് സംവിധാനമൊരുക്കുക. അനധികൃത പാർക്കിംഗിനും ശക്തമായ പിഴ ചുമത്തുന്നതിനോടൊപ്പം കൃത്യമായ പാർക്കിംഗ് ഏരിയകൾ തീരുമാനിച്ച് ഒരുക്കുക.
- ടൗണുകളുടെ ഉള്ളിലേയ്ക്ക്, പാർക്കിംഗ് എത്താത്ത രീതിയിൽ ടൗൺ അതിർത്തികളിൽ പാർക്കിംഗ് ഏരിയകൾ സ്ഥാപിച്ച് അവിടെ നിന്നും ടൗണിന്റെ എല്ലാ ഭാഗത്തും എക്കത്തക്ക രീതിയിൽ സർക്കുലർ സർവ്വീസുകൾ ആരംഭിക്കുക. മിനി ബസ്സ് സൗകര്യമൊരുക്കുന്നതു അഭികാമ്യമായിരിക്കും.
- കഴിയുന്നിടത്തോളം എല്ലാവിധ യാത്രാ സൗകര്യങ്ങളും ഒരുമിച്ച് ഒരിടത്തു ലഭ്യമാകത്തക്ക വിധത്തിലുള്ള ഗതാഗത സമുച്ചയം എല്ലാ ടൗണുകളിലും ഒരുക്കുക.
- 'ബസ് വേകൾ' കർശനമാക്കി റോഡു ബ്ലോക്ക് ഒഴിവാക്കുക. നിയമങ്ങൾ പാലിക്കാനുള്ളതാണ് ലംഘിക്കാനുള്ളതല്ല എന്ന തോന്നലിലേക്ക് പൊതുജനത്തെ വളർത്തിയെടുക്കുക.
- റോഡിനായി സ്ഥലം ഏറ്റെടുക്കുമ്പോൾ കുടിയൊഴിപ്പിക്കുന്നവരെ പുനഃരധിവസിപ്പിക്കുന്നതിന് കാലോചിത സംവിധാനമുണ്ടാക്കണം. റോഡിനായി സ്ഥലം ഏറ്റെടുക്കാൻ ബുദ്ധിമുട്ടു വരുന്ന സ്ഥലങ്ങളിൽ പല നിലകളിൽ ഫ്ലൈ ഓവറുകൾ നിർമ്മിച്ച് പ്രശ്നം പരിഹരിക്കുക.
- റോഡു ഗതാഗതത്തോടൊപ്പം തന്നെ ജലഗതാഗതത്തേയും പരിഗണിക്കപ്പെടണം. ഫോസിൽ ഇന്ധനങ്ങളുടെ ലഭ്യത കുറയുന്ന കാലഘട്ടത്തിൽ ഏറ്റവും ചെലവു കുറഞ്ഞ ഗതാഗത സംവിധാനമെന്ന നിലയിൽ ജലഗതാഗതം പ്രത്യേക പരിഗണന അർഹിക്കുന്നു. എല്ലാ ജലമാർഗ്ഗങ്ങളും ആഴം കൂട്ടി സംരക്ഷിക്കപ്പെടണം. ജലമാർഗ്ഗങ്ങൾ കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ച് വീതി സംരക്ഷിച്ച് മലിനമാകാതെ സംരക്ഷിക്കപ്പെടണം.
- ജലയാനങ്ങളെ കഴിയുന്നിടത്തോളം സോളാർ സംവിധാനത്തിലേക്കു മാറ്റി പരിസ്ഥിതി സൗഹൃദമാക്കണം. ജലഗതാഗതം ആകർഷകമാക്കി ടൂറിസവുമായി ബന്ധിപ്പിക്കണം.

പ്രോജക്ട് ആശയങ്ങൾ

1) നിലവിലെ റോഡുകളെ ഉപഭോഗത്തിന്റെ ആവശ്യകതയും താങ്ങേണ്ടി വരുന്ന ഭാരത്തിന്റെ അളവും കണക്കാക്കി വിഭാഗങ്ങളാക്കി തിരിച്ച് ഓരോന്നിന്റെയും പരിപാലന നിലവാരം കണക്കാക്കി ആ നിലവാരത്തിൽ പരിപാലിക്കപ്പെടുന്നു എന്നുറപ്പുവരുത്തുക.

2) റോഡുകൾക്ക് ഇരുവശവും KWA, BSNL, KSEB എന്നിവർക്ക് റോഡിനു തടസ്സം വരാത്ത രീതിയിൽ ഉപയോഗിക്കുന്നതിനു പ്രത്യേക സൗകര്യമൊരുക്കുക. ടാറിംഗ് പൊളിക്കാതെ ക്രോസ് ചെയ്യുന്നതിനു മുൻകൂട്ടി സംവിധാനമൊരുക്കുക.

3) റോഡ് നിയമങ്ങൾ പാലിക്കുന്നു എന്നുറപ്പുവരുത്താൻ സംവിധാനമൊരുക്കുക.

4) റോഡ് സാദ്ധ്യതാ പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ മാത്രം റോഡ് നിർമ്മിക്കുകയും ചെയ്യുക. ഇങ്ങനെ നിർമ്മിക്കുന്ന റോഡുകൾ, കൃഷിയിടങ്ങൾ നശിപ്പിക്കാത്തവയും പരിസ്ഥിതി സൗഹൃദമായിരിക്കുകയും ചെയ്യുന്ന രീതിയിൽ രൂപ കല്പന ചെയ്യുക.

5) അത്യാവശ്യ സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ആംബുലൻസ് വേകൾ നിർമ്മിക്കുക.

6) ഗതാഗത തിരക്കുള്ള ടൗണുകളിൽ റിംഗ് റോഡുകളും, ബൈപ്പാസുകളും നിർമ്മിക്കുക.

7) സ്ഥലമേറ്റെടുക്കാൻ ബുദ്ധിമുട്ടുള്ള വീതി കുറഞ്ഞ റോഡുകളിൽ ബഹുനില റോഡുകൾ നിർമ്മിക്കുക.

8) ടൌണുകളിൽ നിർബന്ധമായും പാർക്കിംഗ് ഏരിയകൾ ക്രമീകരിക്കുക. ബഹുനില പാർക്കിംഗ് സംവിധാനങ്ങൾ അഭികാമ്യം.

9) കോട്ടയം ടൗണിൽ റെയിൽ, റോഡ്, ജലഗതാഗത സംവിധാനങ്ങൾ ഒത്തു ചേരുന്ന കോടിമതയിൽ മൊബിലിറ്റി ഹബ്ബ് നിർമ്മിക്കുക. ഇത് വിശ്രമ, വിനോദ, പാർക്കിംഗ് സൗകര്യങ്ങളോടെയുള്ള സമുച്ചയമായി നിർമ്മിക്കുക.

10) പ്രധാന സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് സ്പീഡ് ബോട്ട് സംവിധാനമൊരുക്കുക. ടൂറിസ്റ്റുകൾക്കായി പ്രത്യേക സർവ്വീസുകൾ നടത്തുക. ചരക്കു നീക്കത്തിനായി ബാർജ് സംവിധാനമൊരുക്കുക.

11) കോട്ടയം പോർട്ടിന്റെ പ്രവർത്തനം വിപുലപ്പെടുത്തുക. പോർട്ടിലേക്കുള്ള റോഡ് ഉന്നത നിലവാരത്തിൽ പണിയുക.

12) തോടുകളും കനാലുകളും ആഴം കൂട്ടി വീതി സംരക്ഷിച്ച് ജലഗതാഗത സജ്ജമാക്കുക.

കീഴ്ക്കീഴ് നിർദ്ദേശങ്ങൾ

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, പൊതുമരാമത്തു വകുപ്പും പോലീസും ചേർന്നിരുന്ന് ബസ്സ്സ്റ്റോപ്പുകൾ കൃത്യമായി നിർണ്ണയിക്കുകയും, ആവശ്യമായ ബസ് വേകൾ നിർമ്മിച്ച് വെയ്റ്റിംഗ് ഷെഡുകൾ നിർമ്മിക്കുകയും ചെയ്യുക.

- ഗതാഗത സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുന്നതിനു ആവശ്യമായ ബോധവത്ക്കരണം സംഘടിപ്പിക്കുക.

- ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ റോഡ് കണക്ടിവിറ്റി മാപ്പ് നിർമ്മിക്കുക. പുതുതായി നിർമ്മിക്കേണ്ട റോഡുകൾ കൃത്യമായ നിർണ്ണയിച്ച് ഘട്ടം ഘട്ടമായി പണി പൂർത്തിയാക്കുക.

- പഞ്ചായത്തിനെ സമഗ്രമായി കണ്ടുകൊണ്ടുമാത്രം പദ്ധതികൾ ഏറ്റെടുക്കുന്ന രീതിശാസ്ത്രം ഉണ്ടാവണം. അതു നിർബന്ധമാക്കണം.

- എല്ലാ നിർമ്മാണങ്ങളും പരിസ്ഥിതി സൗഹൃദമാണെന്നുറപ്പുവരുത്തണം.

- കെട്ടിടങ്ങൾക്ക് അനുമതി കൊടുക്കുമ്പോൾ അവിടെയെത്താവുന്ന വാഹനങ്ങളുടെ കണക്കും, ഈ വാഹനങ്ങൾക്ക് എത്തിച്ചേരാനുള്ള സൗകര്യങ്ങളും, അവിടെ എത്തുന്ന ഏറ്റവും കൂടിയ എണ്ണം വാഹനങ്ങൾക്ക് പാർക്കു ചെയ്യാൻ കഴിയുന്ന തരത്തിൽ പാർക്കിംഗ് ഏരിയ ഉണ്ടെന്നു ഉറപ്പുവരുത്തുകയും വേണം.

- റോഡുകൾ നിർമ്മിക്കുമ്പോൾ അതിന്റെ ഗുണനിലവാരം ഉറപ്പാക്കുന്ന നിർമ്മാണ പ്രവർത്തനത്തിന്റെ രൂപ കല്പന ചെയ്യണം.

- ഓരോ പഞ്ചായത്തും സാദ്ധ്യമായിടത്തോളം ജലഗതാഗത സൗകര്യങ്ങൾ വിപുലപ്പെടുത്തി വരാൻ പോകുന്ന നാളുകളിലെ വെല്ലുവിളികൾ ഏറ്റെടുക്കാൻ സജ്ജമാക്കേണ്ടതുണ്ട്. നിലവിലെ തോടുകളിൽ, ആറുകളിൽ നടത്തിയിട്ടുള്ള ചെറുതും വലുതുമായ എല്ലാ നിർമ്മാണങ്ങളും സമഗ്രമായ ആസൂത്രണത്തിനു വിധേയമാക്കണം. അനിവാര്യമായ മാറ്റങ്ങൾ വരുത്തി ജലഗതാഗത സജ്ജമാക്കണം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- സമഗ്ര റോഡ് മാപ്പിംഗിനായി പ്രോഗ്രാമും പ്രോജക്ടും തയ്യാറാക്കി ഗ്രാമപഞ്ചായത്തുകൾ വരെ അതിൽ ഉൾപ്പെടുത്തുക.
- റോഡ് നിർമ്മാണത്തിൽ വിവിധ ഏജൻസികളുടെ സംയോജന സംവിധാനങ്ങൾ ശക്തിപ്പെടുത്തുക. നിയമപരിധിയിലാക്കുക.
- ഓരോ നിർമ്മാണ നിലവാരത്തിന്റേയും മിനിമം ഗാരണ്ടി തീരുമാനിച്ച് എഗ്രിമെന്റ് വ്യവസ്ഥയിൽ ഉൾപ്പെടുത്തുക.
- കോട്ടയം മൊബിലിറ്റി ഹബ്ബ് യാഥാർത്ഥ്യമാക്കാൻ പ്രത്യേക പാക്കേജ് രൂപ കല്പന ചെയ്യുക.
- സോളാർ വാഹനങ്ങൾക്കായി സാമ്പത്തിക സംവിധാനമൊരുക്കുക.
- ത്രിതല പഞ്ചായത്തുകൾ സമർപ്പിക്കുന്ന കനാൽ നവീകരണ സംവിധാനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് പ്രാദേശിക സർക്കാർ സംരംഭമായി നടത്തുന്നതിന് സാമ്പത്തിക സംവിധാനവും സാങ്കേതിക സംവിധാനവുമൊരുക്കി കൃത്യമായ സർവ്വേ നടത്തി ദീർഘകാല ആവശ്യകത കണക്കാക്കി നിർമ്മിക്കേണ്ട റോഡുകളുടെ അലൈൻമെന്റുകൾ പരസ്യപ്പെടുത്തി നിർദ്ദേശങ്ങൾ സ്വീകരിച്ച് പട്ടിക തയ്യയാറാക്കുക. പട്ടികയിൽനിന്നുമാത്രം നിർമ്മാണാനുമതി നല്കുക.
- കോട്ടയം പോർട്ടിന്റെ പ്രവർത്തനം വിപുലീകരിക്കുകയും കോട്ടയം കൊച്ചി റഗുലർ ബാർജ് സൗകര്യം യാഥാർത്ഥ്യമാക്കുക.

വിനോദ സഞ്ചാരം

- പരിസ്ഥിതി സൗഹൃദ ടൂറിസം പരിപാടിക്കു പ്രാധാന്യം കൊടുക്കണം. വിവിധ വകുപ്പുകളുടെ പ്രവർത്തനവും ടൂറിസവുമായി സംയോജിപ്പിക്കുക.
- ഉദാ- ഫിഷറീസ്, സംസ്കാരം, കല, പുരാവസ്തുവകുപ്പ്, റവന്യൂ ടൂറിസം
- ടൂറിസവുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ ജലാശയങ്ങൾ മാലിന്യ രഹിതമായി സംരക്ഷിക്കപ്പെടണം. ഉത്തരവാദിത്വ ടൂറിസവും, തൊഴിൽ മേഖലയുമായി സംയോജിപ്പിക്കണം. നാടൻ കലകൾ പരിപോഷിപ്പിച്ച് ടൂറിസ്റ്റുകൾക്ക് അനുഭവവേദ്യമാക്കണം. ഓരോ ഗ്രാമത്തെയും ഓരോ പ്രത്യേക കാര്യങ്ങളിൽ ഊന്നൽകൊടുത്ത് ടൂറിസവുമായി ബന്ധിപ്പിക്കണം. (ഉദാ- ക്രാഫ്റ്റ് വില്ലേജ്)
- റോഡുകളുടെ ടൂറിസം സർക്യൂട്ട് ഉണ്ടാവണം. സാധ്യമായ സ്ഥലങ്ങളിലെല്ലാം സൈക്കിൾ ടൂറിസം പ്രോത്സാഹിപ്പിക്കണം.

പ്രോജക്ട് ആശയങ്ങൾ

1) ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ വിപുലമായ സമുച്ചയമായി കൺവൻഷൻ സെന്ററുകൾ സ്ഥാപിക്കുക.
2) ഓരോ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിലേയും നാടൻ ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിച്ച് നല്കുന്നതിനു സംരംഭങ്ങൾ ആരംഭിക്കുക. കോട്ടയം ജില്ലയുടെ ബ്രാന്റ് ഉത്പ്പന്നങ്ങളെ വ്യാപകമായി പ്രചരിപ്പിക്കുക.
3) ഒരു പ്രദേശത്ത് ഒന്നിലധികം ദിവസം ഹോൾട്ട് ചെയ്ത് കാണുന്നതിനായി സൗകര്യങ്ങൾ ഒരുക്കുക. ഒന്നിലധികം ഗ്രാമങ്ങളെ ഒരു യൂണിറ്റായി വികസിപ്പിക്കുക.
4) ടൂറിസം ഗതാഗത സർക്യൂട്ട് ആരംഭിക്കുക.

5) ഉൾനാടൻ ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി തോടുകളും, കനാലുകളും ആഴവും വീതിയും കൂട്ടി സംരക്ഷിക്കുക.
6) ടൂറിസ്റ്റുകളോടുള്ള പെരുമാറ്റം മെച്ചപ്പെടുത്തുന്നതിന് തദ്ദേശവാസികൾക്ക് ബോധവത്ക്കരണം നടത്തുക.
7) ടൂറിസം കേന്ദ്രങ്ങളിൽനിന്നും ആശുപത്രികളിലേക്ക് 'ആംബുലൻസ് വേ' നിർമ്മിക്കുക.
8) കലാ അക്കാഡമികൾ സ്ഥാപിച്ച് നമ്മുടെ പൈതൃക കലകളെ പരിപോഷിപ്പിച്ച് ടൂറിസം രംഗത്തെ വരുമാന മാർഗ്ഗമായി അതിനെ മാറ്റിയെടുക്കുക.
9) സാദ്ധ്യമായ സ്ഥലങ്ങളിലെല്ലാം ചെറുതും വലുതുമായ വിശ്രമ സങ്കേതങ്ങളും വാക്ക് വേകളും നിർമ്മിക്കുക.
10) ഫാം ടൂറിസം വികസന പദ്ധതികൾ ഉണ്ടാക്കുക. കൃഷിയിടങ്ങൾക്ക് നാശം സംഭവിക്കാതെ കൃഷിയിടങ്ങൾക്കു ചുറ്റുമായി 'റോപ് വേ' സംവിധാനം ഒരുക്കുക.
11) വാട്ടർ സ്പോർട്സ് കോംപ്ലക്സുകൾ സ്ഥാപിക്കുക.
12) ബോട്ട് റെയ്സ് ക്ലബ്ബുകൾക്ക് കളിവള്ളം ലഭ്യമാക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1) ഫാം ടൂറിസം വികസിപ്പിക്കുക.
2) കലാ അക്കാഡമികൾ സ്ഥാപിക്കുക.
3) സ്വദേശി/വിദേശി ടൂറിസ്റ്റുകൾക്കായി വിശ്രമ സങ്കേതങ്ങളും വാക്ക് വേകളും നിർമ്മിക്കുക.
4) നാടൻ ഉൽപ്പന്നങ്ങളുടെ ഉത്പാദന വിപണന സൗകര്യങ്ങളൊരുക്കുക. കോട്ടയം ബ്രാന്റ് ഉല്പന്നങ്ങൾ മാർക്കറ്റ് ചെയ്യുക.
5) തോടുകളും കനാലുകളും ആഴവും വീതിയും കൂട്ടി ജലഗതാഗത സജ്ജമാക്കുക.
6) 'ക്രാഫ്റ്റ് വില്ലേജ്' സംവിധാനത്തിൽ ഉൾപ്പെടുത്താവുന്ന പ്രോജക്ടുകൾ രൂപ കല്പന ചെയ്ത് സമർപ്പിക്കുകയും നടപ്പാക്കുകയും ചെയ്യുക.
7) ഉത്തമ ടൂറിസം സംസ്കാരത്തിനായി ബോധവത്കരണം നടത്തുക.
8) ഓരോ പ്രദേശത്തേയും പുരാവസ്തുക്കൾ ഉള്ള വീടുകളുടെ പട്ടിക തയ്യാറാക്കുക.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1) വിപുലമായ സംവിധാനങ്ങളോടെ കൺവൻഷൻ സെന്റർ സ്ഥാപിക്കുക.
2) ബോട്ട് ക്ലബ്ബുകൾക്ക് കളിവള്ളം നിർമ്മിക്കാൻ ധനസഹായം ചെയ്യുക.
3) ടൂറിസ്റ്റ് കേന്ദ്രങ്ങളിൽനിന്നും ആംബുലൻസ് വേകൾ നിർമ്മിക്കുക.
4) തോടുകൾ ആഴം കൂട്ടി സംരക്ഷിക്കുന്നതിനു ഗ്രാമപഞ്ചായത്തുകൾക്കു സൗകര്യം ചെയ്യുക.
5) ഉത്തരവാദിത്ത ടൂറിസവുമായി ബന്ധിപ്പിച്ച് തൊഴിൽ പരിശീലനങ്ങൾ വ്യാപകമായി നടത്തുക.
6) 'ക്രാഫ്റ്റ് വില്ലേജ്' ന് ആവശ്യമായ സാമ്പത്തിക സാങ്കേതിക സഹായമൊരുക്കുക.
7) വാട്ടർ സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുക.

സംയോജിത പ്രോജക്ടുകൾ

ടൂറിസം

ഇന്റർനാഷണൽ കൺവൻഷൻ സെന്റർ

- ഓഡിറ്റോറിയങ്ങൾ
- താമസത്തിനുള്ള റൂമുകൾ, ഹോസ്റ്റലുകൾ
- സാംസ്കാരിക കേന്ദ്രം
- കലാപഠന കേന്ദ്രം
- പാർക്ക്
- ചിൽഡ്രൻ റിക്രിയേഷൻ സെന്റർ
- മാർക്കറ്റ് ഹബ്ബ്
- മ്യൂസിയം/ആർക്കൈവ്സ്
- റോ ബോട്ടിംഗ് ഫെസിലിറ്റി

ബന്ധിപ്പിക്കാവുന്ന വകുപ്പുകൾ

1. ടൂറിസം
2. പുരാവസ്തുവകുപ്പ്
3. സംസ്കാരം/കല
4. ഫിഷറീസ്, മാർക്കറ്റ് ഫെഡ്

കൃഷി

1) **മീനച്ചിലാർ, കൊട്ടൂർ ആർ, മീനന്തറയാർ സംയോജന പരിപാടി**
2) **കൃഷിയിടങ്ങളിൽ വനിതാ തൊഴിലാളികളുടെ വിശ്രമ കേന്ദ്രം**

ബന്ധിപ്പിക്കാവുന്ന വകുപ്പുകൾ

1. കൃഷി
2. സാമൂഹിക ക്ഷേമം
3. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്
4. ഇറിഗേഷൻ
5. ത്രിതല പഞ്ചായത്തുകൾ

വിദ്യാഭ്യാസം

- സാമൂഹിക വിദ്യാഭ്യാസം
- സ്കൂളുകളുടെ ഫീഡർ ഏരിയ വിദ്യാഭ്യാസം
- പൊതുജന വിദ്യാഭ്യാസം

ബന്ധിപ്പിക്കാവുന്ന വകുപ്പുകൾ

1. വിദ്യാഭ്യാസം
2. സാക്ഷരതാ മിഷൻ
3. സാമൂഹിക ക്ഷേമ വകുപ്പ്
4. ത്രിതല പഞ്ചായത്തുകൾ
5. വിദ്യാഭ്യാസ സംരക്ഷണയജ്ഞം

ആരോഗ്യം

സ്റ്റുഡന്റ് ഡോക്ടർ

ബന്ധിപ്പിക്കാവുന്ന വകുപ്പുകൾ

1. ആരോഗ്യം
2. ആർദ്രം മിഷൻ
3. വിദ്യാഭ്യാസം
4. ത്രിതല പഞ്ചായത്തുകൾ

എല്ലാ മേഖലകളിലും മൂല്യ വർദ്ധിത ഉല്പന്നങ്ങൾ - തൊഴിൽ മേഖലകൾ

1. വ്യവസായം
2. കൃഷി
3. സാമൂഹ്യക്ഷേമം
4. കുടുംബശ്രീ
5. തൊഴിലുറപ്പ്
6. ഹരിത കേരളം
7. ഫിഷറീസ്
8. ഡയറി

പച്ചക്കറി/ഔഷധ സസ്യകൃഷി

ബന്ധിപ്പിക്കാവുന്ന വകുപ്പുകൾ

1. ഡയറി ഡവലപ്പ്മെന്റ്
2. കൃഷി
3. ഹരിത കേരളം
4. വനം
5. അഗ്രികൾച്ചർ യൂണിവേഴ്സിറ്റി
6. ആപ്കോസ്, മിൽമ
7. കുടുംബശ്രീ
8. MGNREGS
9. ത്രിതല പഞ്ചായത്തുകൾ

ഉല്പന്നങ്ങളുടെ മാർക്കറ്റിംഗ്

1. പരമ്പരാഗത മാർക്കറ്റിംഗ്
2. നിശ്ചിത ആപ്പിലൂടെ ഓൺലൈൻ മാർക്കറ്റിംഗ്

ബന്ധിപ്പിക്കാവുന്ന വകുപ്പുകൾ

1. കൃഷി
2. സിവിൽ സപ്ലൈസ്
3. ഐ.കെ.എം
4. ത്രിതല പഞ്ചായത്തുകൾ

വനം

റവന്യൂ പുറമ്പോക്കുകളിൽ ഔഷധ വൃക്ഷ വൽക്കരണം

ബന്ധിപ്പിക്കാവുന്ന വകുപ്പുകൾ

വനം

1. കൃഷി
2. തൃതല പഞ്ചായത്തുകൾ
3. റവന്യൂ
4. MGNREGS
5. കുടുംബശ്രീ

ഗതാഗതം

മൊബിലിറ്റി ഹബ്ബ്

ഉൾപ്പെടേണ്ടവ

ബസ് സ്റ്റാന്റ് (KSRTC, പ്രൈവറ്റ്)

1. റെയിൽവേസ്റ്റേഷൻ
2. ബോട്ട് ടെർമിനൽ
3. പാർക്കിംഗ് ഏരിയ
4. അമ്നിറ്റി സെന്റർ
5. ഹെലിപ്പാട്
6. ചിൽഡ്രൻസ് പാർക്ക്
7. പൊതുജനങ്ങൾക്കുള്ള വിശ്രമ കേന്ദ്രം
8. ഷോപ്പിംഗ് സെന്റർ
9. ഓഫീസ് സമുച്ചയം
10. ലോ ബഡ്ജറ്റ് ഹോസ്റ്റൽ, മുറികൾ

ബന്ധിപ്പിക്കാവുന്ന വകുപ്പുകൾ

1) PWD
2) KSRTC
3) റെയിൽവേ
4) റവന്യൂ
5) സാമൂഹ്യക്ഷേമവകുപ്പ്
6) വ്യവസായം
7) ടൗൺ പ്ലാനിംഗ്
8) ചൈൽഡ് വെൽഫയർ
9) വാട്ടർ ട്രാൻസ്പോർട്ട്
10) കുടുംബശ്രീ
11) തൊഴിലുറപ്പ് പദ്ധതി
12) വനിതാ വികസനം

പ്രത്യേക സംയോജിത പദ്ധതി

മീനച്ചിലാർ-മീനന്തറയാർ- കൊട്ടൂരാർ പുനർ സംയോജന പദ്ധതി

കോട്ടയം ജില്ലയുടെ വിസ്തൃതിയുടെ ഏതാണ്ട് 70 ശതമാനവും മീനച്ചിലാർ നദീതടത്തിലാണ് ഉൾപ്പെടുന്നത്. ജില്ലയുടെ കിഴക്കൽ പ്രദേശങ്ങളായ പുളളിക്കാനം, ഇല്ലിക്കൽകല്ല്, കുരിശുമല, വാഗമൺ മുതലായ പ്രദേശങ്ങളിൽ നിന്ന് ഉത്ഭവിച്ച് ഈരാറ്റുപേട്ട, പാലാ, കിടങ്ങൂർ, ഏറ്റുമാനൂർ, കോട്ടയം മുതലായ സ്ഥലങ്ങളിലൂടെ പ്രവഹിച്ച് പടിഞ്ഞാറൻ പ്രദേശത്തെ പഞ്ചായത്തുകളിലൂടെ പല കൈവഴികളിലായി വേമ്പനാട്ട് കായലിലാണ് മീനച്ചിലാർ പതിക്കുന്നത്. മീനച്ചിലാറിന്റെ കോട്ടയം പട്ടണത്തോടടുത്തുവരുന്ന പ്രധാനപ്പെട്ട രണ്ടു കൈവഴികളാണ് മീനന്തറയാറും കൊട്ടൂരാറും . ഇവ രണ്ടും മീനച്ചിലാറിന്റെ തെക്കുഭാഗത്തായാണ് സ്ഥിതിചെയ്യുന്നത്. ഇതിൽ മീനന്തറയാർ ആറുമാനൂർ ഭാഗത്ത് നിന്നും മീനച്ചിലാറിൽ നിന്നും തന്നെ ഉത്ഭവിച്ച് അയർക്കുന്നം, മണർകാട്, വിജയപുരം, കോട്ടയം മുനിസിപ്പാലിറ്റി എന്നീ പ്രദേശങ്ങളുടെ വിവിധ ഭാഗങ്ങളിലൂടെ പ്രവഹിച്ച് നാഗമ്പടം ഭാഗത്ത് മീനച്ചിലാറ്റിൽ വീണ്ടും ചേരുന്നു. കൊട്ടൂരാർ, കറുകച്ചാൽ, തൃക്കൊടിത്താനം, പാമ്പാടി മുതലായ പ്രദേശങ്ങളിലൂടെ ഉത്ഭവിച്ച് പടിഞ്ഞാറ് ഭാഗത്തേക്ക് ഒഴുകി വേമ്പനാട്ട്കായലിന്റെഭാഗമായ പഴുക്കാനിലകായൽ പ്രദേശത്ത് പതിക്കുന്നു. കുരോപ്പട, പാമ്പാടി, പുതുപ്പളളി , മണർകാട് മുതാലയ പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങളിൽ നിന്നും ഉത്ഭവിക്കുന്ന ചെറു തോടുകൾ മീനന്തറയാറ്റിലും, കൊട്ടൂരാറ്റിലും ചേരുന്നുണ്ട്.

ഈ മൂന്ന് ആറുകളും പുരാതനകാലം മുതൽക്കേ പ്രകൃതിദത്തമായതും, മനുഷ്യ നിർമ്മിതമായതുമായ വിവിധ തോടുകളിൽ പരസ്പരം ബന്ധിതമായിരുന്നു. റോഡ് ഗതാഗതം അപ്രധാനമായിരുന്ന കാലത്ത് ഈ തോടുകൾ ജല ഗതാഗതമാർഗ്ഗമായും, കൃഷിക്കുവേണ്ട സമൃദ്ധമായ ജലസ്രോതസ്സുകളായും ഉപയോഗപ്പെട്ടിരുന്നു. പലതോടുകളും ഈ പ്രദേശത്തിന്റെ ചരിത്രമായും പാരമ്പര്യവുമായും ബന്ധപ്പെട്ടിരിക്കുന്നു.

കാലക്രമത്തിൽ റോഡ് ഗതാഗതം പ്രാധാന്യം നേടുകയും, നെൽകൃഷി ലാഭകരമല്ലാതാവുകയും ചെയ്ത കാലത്ത് ഈ തോടുകൾ പലതും നീരൊഴുക്ക് നിലയ്ക്കുന്ന തരത്തിൽ റോഡുകൾ, ബണ്ടുകൾ, പാലങ്ങൾ എന്നിവ വരികയും നീരൊഴുക്കും കൃഷിയും ഏതാണ്ട് നിലയ്ക്കുകയും ചെയ്തു. ഇത് രൂക്ഷമായ പരിസ്ഥിതി പ്രശ്നങ്ങളും മാലിന്യപ്രശ്നങ്ങളും ഈ പ്രദേശത്ത് സൃഷ്ടിക്കുന്നതിന് ഇടയായി. ഒഴുക്കില്ലാത്ത പ്രദേശങ്ങളിൽ പ്ലാസ്റ്റിക്ക് അടക്കമുളള മാലിന്യങ്ങൾ നിക്ഷേപിക്കപ്പെടുകയും ജലമലിനീകരണം രൂക്ഷമാവുകയും ചെയ്തു. വൃത്തിയുളള കുടിവെളളം ലഭിക്കാതാവുക, കൊതുകുകളും പകർച്ചവ്യാധികളും പെരുകുക, നെൽകൃഷി നിലച്ചുപോവുക, പാടങ്ങളിലും ജല സ്രോതസ്സുകളിലും കളകൾ പെരുകുക മുതലയായവ ജന ജീവതം ദുസ്സഹമാക്കി.

കോട്ടയം ജില്ലയുടെ ഇടനാടുകളും താഴ്ന്നപ്രദേശങ്ങളും ഉൾപ്പെടുന്ന ഏദേശം 25 ഓളം പഞ്ചായത്തുകളും കോട്ടയം മുനിസിപ്പാലിറ്റിയുമാണ് ഈ പ്രദേശത്ത് വരുന്നത്. എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും, അപ്പർകുട്ടനാടൻ പ്രദേശങ്ങളിൽപ്പെട്ട നെൽപാടങ്ങൾ ഉളളതും ഭൂരിഭാഗം പ്രദേശങ്ങളും നെൽകൃഷി നിലച്ചുപോവുകയും ചെയ്തിട്ടുളളതാണ്.

ഈ ശോചനീയാവസ്ഥക്ക് പരിഹാരം കാണുന്നതിനായി ഗ്രീൻ പ്രറ്റേൺണിറ്റി എന്ന ഒരു പരിസ്ഥിതി സംഘടന മീനന്തറയാറിന്റെ ഒരു ഭാഗം, പ്രവർത്തകരുടെ ജീവൻ പണയംവച്ച് ശുചിയാക്കുന്നതിനുളള പ്രവർത്തനത്തിനിറങ്ങിയത്. ഇവരുടെ പ്രവർത്തനത്തിന്റെ ചുവടുപിടിച്ച് ഇരുപതോളം പരിസ്ഥിതി സംഘടനകൾ, റസിഡൻറ് അസോസിയേഷനുകൾ, യുവജന സംഘടനകൾ, ചാരിറ്റബിൾ സൊസൈറ്റികൾ ഒപ്പം ചേരുകയും, പൊതുപ്രവർത്തകനായ അഡ്വ. അനിൽകുമാറിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾക്ക് ഒരു ഐക്യരൂപം വരുത്തുകയും ചെയ്തു. നിലവിൽ ഈ സംഘടനകളും പൊതുജനങ്ങളും ചേർന്ന് ഏകദേശം 45 കിലോമീറ്ററോളം തോട് വൃത്തിയാക്കുകയും 560 ഓളം ഏക്കർ നെൽവയലുകളിൽ കൃഷിയിറക്കുകയും ചെയ്തിട്ടുണ്ട്. പ്രവർത്തനങ്ങൾ പരമാവധി ജനങ്ങളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും ഉൾപ്പെടുത്തിയുളള പ്രചരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. ജല സുരക്ഷയും മാലിന്യനിർമ്മാർജ്ജനവും കൂടി ലക്ഷ്യമാക്കി ഉൾനാടൻ ജലഗതാഗതവും, ടൂറിസവും പ്രോത്സാഹിപ്പിക്കുന്നതിനളള വിവിധ നടപടികളും സ്വീകരിക്കുന്നുണ്ട്.

ഹരിതകേരള മിഷന്റെഇടപെടലിലൂടെ സർക്കാരിൻറെവിവിധ വകുപ്പുകൾ ഈ പ്രവർത്തനത്തിൽ ഇടപെട്ടിട്ടുണ്ട്. കൃഷി വകുപ്പ് തരിശു നിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനുവേണ്ട നിലമൊരുക്കൽ, വരമ്പുകളും

ബണ്ടുകളും നന്നാക്കുക, ജലസേചനത്തിനുവേണ്ട പമ്പുകൾ സ്ഥാപിക്കുക മുതലായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ജലവിഭവ വകുപ്പ് ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള 60 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഗ്രാമവികസന വകുപ്പ് ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി തോടുകൾ നവീകരിക്കുകയും കയർ ഭൂവസ്ത്രോപയോഗിച്ച് അരികുകളും തീരങ്ങളും ബലപ്പെടുത്തുകയും ചെയ്യുന്നു. മണ്ണ് പര്യവേഷണ സംരക്ഷണവകുപ്പ്, പഞ്ചായത്ത് വകുപ്പ്, ശുചിത്വമിഷൻ, വിനോദസഞ്ചാരവകുപ്പ് മുതലായ വകുപ്പുകളും ഇതുമായി സഹകരിക്കുന്നു.

ജനകീയമായി തുടങ്ങിവച്ച് ഹരിതകേരളം മിഷൻ മുഖേന വിവിധ വകുപ്പുകൾ ഏറ്റെടുത്ത ഈ പ്രവർത്തനങ്ങൾ തുടരുന്നതിനും നിലനിർത്തുന്നതിനും താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട്.

ഹ്രസ്വകാല പ്രവർത്തനങ്ങൾ

1. മീനന്തറയാർ നീരൊഴുക്ക് വീണ്ടെടുക്കൽ - മീനന്തറയാർ മീനച്ചിലാറ്റിൽ നിന്നും ഉത്ഭവിക്കുന്നു. ആറുമാനൂർ ഭാഗത്ത് മീനച്ചിലാറിന്റെഅടിത്തട്ട് താഴ്ന്നുപോയിട്ടുണ്ട്. അതിനാൽ നീരൊഴുക്ക് പുനസ്ഥാപിക്കുന്നതിന് ഒരു ലിഫ്റ്റ് ഇറിഗേഷൻ സിസ്റ്റം ആവശ്യമാണ്. കൂടാതെ മീനന്തറയാറിൻറെയും അനുബന്ധതോടുകളുടെയും കൈയേറ്റങ്ങൾ ഒഴിപ്പിച്ച്, വീതിക്കൂട്ടി, അടിഞ്ഞുകൂടിയ മാലിന്യങ്ങൾ നീക്കി നീരൊഴുക്ക് പുനസ്ഥാപിക്കേണ്ടതുണ്ട്. ജലവിഭവം റവന്യൂ, ശുചിത്വമിഷൻ, ആരോഗ്യവകുപ്പ് മുതലായ വകുപ്പുകളുടെ സംയോജിത പ്രവർത്തനം ആവശ്യമാണ്.

2. നവീകരിച്ച തോടുകളുടെ സംരക്ഷണം - ജനകീയമായി വീണ്ടെടുത്ത തോടുകളുടെ എല്ലാംതന്നെ തീരസംരക്ഷണം, നീരൊഴുക്ക് നിലനിർത്തൽ മുതലായ പ്രവർത്തനങ്ങൾ ജലവിഭവവകുപ്പ്, ദേശീയ തൊഴിലുറപ്പ് പദ്ധതി, മണ്ണ് സംരക്ഷണം എന്നീ വകുപ്പുകൾ.

3. തരിശ്ശിലങ്ങളെ കൃഷിയോഗ്യമാക്കി കൃഷിയിറക്കൽ - നെൽകൃഷി തിരികെയെത്തിക്കുന്നത് ഭക്ഷ്യ സുരക്ഷയ്ക്ക് മാത്രമല്ല, ജലസുരക്ഷ, മാലിന്യനിർമ്മാർജ്ജനം, പരിസ്ഥിതി സംരക്ഷണം, എന്നിവയ്ക്കുകൂടി ആവശ്യമാണ്. കൃഷി, ജലവിഭവം, എം.ജി.എൻ.ആർ.ഇ.ജി.എ, കാർഷിക എഞ്ചിനിയറിംഗ്, മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ് മുതലായവയുടെ സഹകരണം ആവശ്യമാണ്.

4. മാലിന്യ നിർമ്മാർജ്ജനം - ബോധവൽക്കരണം, ശീലവത്ക്കരണം, സംസ്കരണം മുതലായവ അത്യന്താപേഷിതമാണ്. ശുചിത്വമിഷൻറെനേതൃത്വത്തിൽ, എൽ.എസ്.ജി.ഡി, മുനിസിപ്പാലിറ്റി, വിദ്യാഭ്യാസ വകുപ്പ്, എൻ.എസ്.എസ്, കുടുംബശ്രീ, റസിഡൻറ് അസോസിയേഷൻ, ആരോഗ്യവകുപ്പ് മുതലയാവ ആവശ്യമാണ്.

5. ജലഗതാഗതം, വിനോദസഞ്ചാരം - ജലസ്രോതസ്സുകളുടെ തുടർച്ചയായ ഉപയോഗം അവയെ നിലനിർത്താൻ സഹായകമാണ്. അതിനാൽ ജലഗതാഗതവും ഗ്രാമീണ വിനോദസഞ്ചാരവും പ്രോത്സാഹിപ്പിക്കേണ്ടതാണ്. (ഉത്തരവാദിത്വ ടൂറിസം, വിനോദസംഞ്ചാര വകുപ്പ്) വിവിധ പഞ്ചായത്തുകളിലായി ഇപ്പോൾതന്നെ ടൂറിസം സ്പോട്ടുകൾ കണ്ടെത്തുകയും, തിരുവാർപ്പിലെ മലരിക്കൽ പ്രദേശത്ത് ബോട്ടിംഗ്, ഫുഡ്ഫെസ്റ്റ്, കലാരൂപങ്ങളുടെ അവതരണം മുതയായവയോടെ കാര്യക്ഷമമായി ടൂറിസം ഫെസ്റ്റ് സംഘടിപ്പിക്കുകയും ചെയ്തു. അയർക്കുന്നം പൊയ്ക, അയ്മനം, അതിരമ്പുഴ, പഴുക്കാനിലക്കായൽ, പടിയറക്കടവ്, നട്ടാശ്ശേരി, മുതലായ ധാരാളം പ്രദേശങ്ങളിൽ സാദ്ധ്യത ഉണ്ട്.

6. ഫിഷറീസ് - ജല സ്രോതസ്സുകളിൽ മീൻ വളർത്തൽ നടത്താവുന്നതാണ്. ഭക്ഷ്യസുരക്ഷയ്ക്കുപുറമെ ജലസ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിനും ജലമലിനീകരണം നിരീക്ഷിക്കുന്നതിനും ഇത് സഹായകമാണ്.

ദീർഘകാല പ്രവർത്തനങ്ങൾ

1. മീനച്ചിലാർ, മീനന്തറയാർ പ്രദേശത്ത് ജലം പ്രധാനമായും എത്തുന്നത് മീനച്ചിലാറിന്റെഉത്ഭവപ്രദേശമായ മീനച്ചിൽ താലൂക്കിന്റെവിവിധ പ്രദേശങ്ങളിലാണ്. ഈ പ്രദേശങ്ങളിലെ നെൽകൃഷി ഏതാണ്ട് നിലച്ചമട്ടിലായതിനാൽ മഴക്കാലത്തിനു ശേഷം മീനച്ചിലാറ്റിൽ ജലം ഇല്ലാത്ത അവസ്ഥയുണ്ട്. ഈ പ്രദേശങ്ങളിൽ നിലങ്ങൾ വീണ്ടെടുക്കുന്നത് നീരൊഴുക്ക് നിലനിർത്താൻ അത്യന്താപേക്ഷിതമാണ്.

2. നീരൊഴുക്ക് നിരീക്ഷിക്കുന്നതിനുള്ള സ്റ്റേഷനുകൾ - ഓരോ വർഷവും മീനച്ചിലാറ്റിൽ നീരൊഴുക്ക് കുറഞ്ഞുവരുന്നുണ്ട്. ഇത് നിരിക്ഷിക്കുന്നതിന് ഡിസാസ്റ്റർ മാനേജ്മെൻറ് പദ്ധതിയിൽപ്പെടുത്തി, ഗവേഷണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്റ്റേഷനുകൾ സ്ഥാപിക്കുകയും നീരൊഴുക്ക് കുറയുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തി പരിഹാരം കാണുകയും ചെയ്യണം.

3. തോടുകളിലും പുഴകളിലും നീരൊഴുക്കിന് തടസ്സമായി വീതിയും ഉയരവും കുറച്ചും അടിത്തട്ട് ഉയർത്തിയും സ്ഥാപിച്ച പാലങ്ങൾ പൊളിച്ചുപണിയേണ്ടതുണ്ട്. (പൊതുമരാമത്ത്, ഇറിഗേഷൻ വകുപ്പ്)

4. കായംകുളം മുതൽ എറണാകുളം വരെ, വിവിധ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പ്രാചീനകാലത്ത് ജലഗതാഗത പാതകൾ നിലനിന്നിരുന്നു. കരമാർഗ്ഗമുള്ള ഗതാഗത സൗകര്യങ്ങളുടെ വികസനം വഴിമുട്ടിനിൽക്കുന്ന ഈ കാലത്ത് ജലഗതാഗതപാതകളുടെ ഉപയോഗത്തിന് പ്രസക്തികൂടുന്നുണ്ട്. മലിനീകരണം കുറവാണെന്നതും, ജലപാതകളുളെ ഉപയോഗം കരഗതാഗതത്തിന്റെസാധ്യതകുറയ്ക്കും എന്നതും പ്രസക്തമാണ്.

5. മീനച്ചിലാർ, മീനന്തറയാർ, കൊട്ടാരാർ എന്നീ നദികളിലേക്ക് നീരൊഴുക്കുകൾ നല്കുന്ന നീരുറവകൾ കണ്ടെത്തി അവയെ സംരക്ഷിക്കുകയും, ശാസ്ത്രീയമായ പഠനങ്ങളുടെ സഹായത്തോടെ ഈ പ്രദേശങ്ങളിൽ തലക്കുളങ്ങൾ നിർമ്മിച്ച് ഉറവകളിൽ കൂടുതൽ കാലത്തേയ്ക്ക് നീരൊഴുക്ക് ഉറപ്പാക്കാവുന്നതാണ്.

6. നെൽകൃഷി പ്രധാനമായും രാസകൃഷിരീതികളാണ് നിലവിൽ അവലംബിക്കുന്നത്. രാസവളങ്ങളുടെയും കീടനാശിനികളുടെയും അനിയന്ത്രിതമായ ഉപയോഗത്തിന് ഇത് വഴിവയ്ക്കുന്നുണ്ട്. അതിനാൽ മണ്ണ്പരിശോധനയിലൂന്നിയ ശ്രേഷ്ഠ കാർഷിക സമ്പ്രദായങ്ങളിലേയ്ക്കും, ജൈവകൃഷിയിലേയ്ക്കും തിരിയേണ്ടതുണ്ട്.

****

അനുബന്ധം 1.1

തദ്ദേശസ്വയംഭരണ സംവിധാനം

താലൂക്ക്	ബ്ലോക്ക്	പഞ്ചായത്ത്		മുനിസിപ്പാലിറ്റി		വില്ലേജ്
		പേര്	വാർഡുകളുടെ എണ്ണം	പേര്	വാർഡുകളുടെ എണ്ണം	
ചങ്ങനാശ്ശേരി				ചങ്ങനാശ്ശേരി	37	വാഴപ്പള്ളി ഈസ്റ്റ്
						ചങ്ങനാശ്ശേരി
	മാടപ്പള്ളി	വാഴപ്പള്ളി	21			വാഴപ്പള്ളി വെസ്റ്റ്
						ചെത്തിപ്പുഴ
		മാടപ്പള്ളി	20			മാടപ്പള്ളി
		പായിപ്പാട്	16			പായിപ്പാട്
						ചങ്ങനാശ്ശേരി
						തൃക്കൊടിത്താനം
		തൃക്കൊടിത്താനം	20			പായിപ്പാട്
						തൃക്കൊടിത്താനം
		വാകത്താനം	20			വാകത്താനം
						തോട്ടക്കാട്
	വാഴൂർ	കറുകച്ചാൽ	16			കറുകച്ചാൽ
						നെടുംങ്കുന്നം
		കങ്ങഴ	15			കങ്ങഴ
						വാഴൂർ
		നെടുംങ്കുന്നം	15			നെടുംങ്കുന്നം
						കറുകച്ചാൽ
		വാഴൂർ	16			വാഴൂർ
						കങ്ങഴ
		വെളളാവൂർ	13			വെളളാവൂർ
		ചിറക്കടവ്	20			ചെറുവളളി
						ചിറക്കടവ്
	പളളം	കുറിച്ചി	20			കുറിച്ചി
കോട്ടയം				ഏറ്റുമാനൂർ	35	ഏറ്റുമാനൂർ
						പേരൂർ
	ഏറ്റുമാനൂർ	ആർപ്പുക്കര	16			ആർപ്പുക്കര
						കൈപ്പുഴ
		അതിരമ്പുഴ	22			അതിരമ്പുഴ
		അയ്മനം	20			അയ്മനം
		കുമരകം	16			കുമരകം
		നീണ്ടൂർ	15			ഓണംതുരുത്ത്
						കൈപ്പുഴ
		തിരുവാർപ്പ്	18			തിരുവാർപ്പ്
						ചെങ്ങളം സൗത്ത്

	പളളം	അയർക്കുന്നം	20			അയർക്കുന്നം
						മണർകാട്
		പനച്ചിക്കാട്	23			പനച്ചിക്കാട്
		പുതുപ്പളളി	18			പുതുപ്പളളി
		വിജയപുരം	19			വിജയപുരം
	പാമ്പാടി	അകലക്കുന്നം	15			അകലക്കുന്നം
						ചെങ്ങളം ഈസ്റ്റ്
		കൂരോപ്പട	17			കൂരോപ്പട
						പാമ്പാടി
		മണർകാട്	17			മണർകാട്
		മീനടം	13			മീനടം
						പാമ്പാടി
		പാമ്പാടി	20			പാമ്പാടി
						മീനടം
		പളളിക്കത്തോട്	13			ആനിക്കാട്
						ചെങ്ങളം ഈസ്റ്റ്
				കോട്ടയം	52	കോട്ടയം
						മുട്ടമ്പലം
						നാട്ടകം
						പെരുമ്പായിക്കാട്
						വേളൂർ
മീനച്ചിൽ				ഈരാറ്റുപേട്ട	28	ഈരാറ്റുപേട്ട
	ഈരാറ്റുപേട്ട	തിടനാട്	15			കോണ്ടൂർ
		മേലുകാവ്	13			മേലുകാവ്
						ഭരണങ്ങാനം
		തലപ്പലം	13			തലപ്പലം
						ഈരാറ്റുപേട്ട
		മൂന്നിലവ്	13			മൂന്നിലവ്
		തലനാട്	13			തലനാട്
		പൂഞ്ഞാർ	13			പൂഞ്ഞാർ
						പൂഞ്ഞാർ നടുഭാഗം
		തീക്കോയി	13			തീക്കോയി
						പൂഞ്ഞാർ നടുഭാഗം
		പൂഞ്ഞാർ തെക്കേക്കര	14			പൂഞ്ഞാർ തെക്കേക്കര
						പൂഞ്ഞാർ നടുഭാഗം
	ളാലം	ഭരണങ്ങാനം	13			ഭരണങ്ങാനം
		കടനാട്	14			കടനാട്
						വെളളിലാപ്പളളി
						രാമപുരം
		കരൂർ	15			വളളിച്ചിറ

						ളാലം
